# ബൈബിൾ
## ഒരു പ്രാരംഭപഠനം



ഡോ. ജോസഫ് കോട്ടയ്ക്കൽ

www.malankaralibrary.com

# ബൈബിൾ:
# ഒരു പ്രാരംഭപഠനം

www.malankaralibrary.com

## ഡോ. ജോസഫ് കോട്ടയ്ക്കലിന്റെ ഗ്രന്ഥങ്ങൾ

ബൈബിൾ പ്രശ്നങ്ങൾ - 1975, 1978, 1986, 1990, 1991

An Introduction to Bible - 1986, 1987, 1991, 1995

ബൈബിൾ ചിന്തകൾ - 1976, 1986, 1988

The Salvific Folly of God - 1984, 1994 (Doctoral thesis)

ബൈബിളിലെ പ്രാർത്ഥനാനുഭവം - 1985, 1988

ബൈബിൾ നാടുകൾ - 1993, 1994

പുറപ്പാടിന് ഒരു വ്യാഖ്യാനം - 1993

ബൈബിൾ തീർത്ഥാടനം - 1989

പഞ്ചഗ്രന്ഥത്തിന് ഒരു വ്യാഖ്യാനം - 1994

പൗലോസ് ശ്ലീഹായുടെ ആധ്യാത്മികാനുഭവങ്ങൾ - 1996

The background of Jewish history and worship - 1997

ബൈബിൾ: ഒരു പ്രാരംഭപഠനം - 1995, 1997

*Available at:*

The Bookstall
St. Thomas Ap. Seminary
Vadavathoor P.O.,
Kottayam - 686 010.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ബൈബിൾ:
# ഒരു പ്രാരംഭപഠനം

ഡോ. ജോസഫ് കോട്ടയ്ക്കൽ

സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി
വടവാതൂർ, കോട്ടയം – 686 010

www.malankaralibrary.com

*Malayalam*

**BIBLE: ORU PRARAMBHA PATANAM**

*Author:* Rev. Dr. Joseph Kottackal

*Copyright:* to the author

*First published:* 1995
*Second edition:* 1997

*Price:* Rs. 50/-

*Nihil Obstat:* Dr. Abraham Pezhumkattil

*Imprimatur:* Major Archbishop Antony Cardinal Padiyara

*Typeset at:* Micrographics, Kottayam

*Printed at:* Premier Offset Printers, Kottayam

*ബൈബിൾ പ്രേഷിത പ്രവർത്തനങ്ങൾക്കുവേണ്ടി രൂപീകൃതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി (കെ.സി.ബി.എസ്) അംഗങ്ങൾക്കു ഗ്രന്ഥകർത്താവായ ബഹു. ഡോ. ജോസഫ് കോട്ടയ്ക്കലച്ചൻ ഏറ്റവും ചുരുങ്ങിയ വിലയ്ക്കു ലഭ്യമാക്കുന്ന പുസ്തകമാണിത്. ബ. ജോസഫ് കോട്ടയ്ക്കലച്ചന് പ്രത്യേകം നന്ദിയർപ്പിക്കുന്നു.*

*കേരള കാത്തലിക് ബൈബിൾ സൊസൈറ്റി*
*സെപ്റ്റംബർ, 1997*

www.malankaralibrary.com

# ഉള്ളടക്കം


മൂലഗ്രന്ഥത്തിനുള്ള അവതാരിക : ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ
ആസ്വാദനം : മോൺസിഞ്ഞോർ മാത്യു, മങ്കുഴിക്കരി
ആശംസ : മദർ ജനറൽ, സി. ക്ലാരിസ്, എസ്.എച്ച്.
ആമുഖം : ഗ്രന്ഥകർത്താവ്

അദ്ധ്യായം - 1 : **രക്ഷയുടെ ചരിത്രം** ................................ 15-29
- സൃഷ്ടിമുതൽ അബ്രാഹംവരെ
- അബ്രാഹം മുതൽ മോശവരെ
- മോശമുതൽ ദാവീദുവരെ
- ദാവീദു മുതൽ ക്രിസ്തുവരെ
- ക്രിസ്തു മുതൽ സഭാസ്ഥാപനംവരെ
- സഭാസ്ഥാപനംമുതൽ സ്വർഗ്ഗീയ ജറുസലെംവരെ

അദ്ധ്യായം - 2 : **ബൈബിൾ വ്യാഖ്യാനത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ** ...................... 30-37
- വാച്യാർത്ഥം
- സമ്പൂർണ്ണാർത്ഥം
- പ്രതിരൂപാർത്ഥം
- അന്യാപദേശാർത്ഥം
- ധ്വനി

അദ്ധ്യായം - 3 : **ബൈബിൾ: വിശ്വാസികളുടെ പ്രാർത്ഥനാഗ്രന്ഥം** .................................. 38-44
- ധ്യാനാത്മക പാരായണം
- സാഹചര്യത്തിന് അനസൃതമായ പാരായണം
- പ്രാർത്ഥനാപൂർണ്ണമായ പാരായണം
- പ്രാർത്ഥനയോടൊപ്പം പഠനവും

അദ്ധ്യായം - 4 : **ബൈബിൾ: പൊതുവിവരങ്ങൾ** ............. 45-55
- സാഹിത്യരൂപങ്ങൾ
- ബൈബിളിന്റെ ആധികാരികത്വം
- രൂപീകരണവും വിഭജനവും

അദ്ധ്യായം - 5 : **മൂലകൃതികളും വിവർത്തനങ്ങളും** ......... 56-65
- ഖുമ്റാൻ രേഖകൾ
- മൂലഭാഷകൾ
- സപ്തതി
- ദിയാത്തെസ്സറോൺ
- ഹെക്സാപ്ല


www.malankaralibrary.com

– പ്ശീത്ത
– വുൾഗാത്ത
അധ്യായം – 6 : **ദൈവനിവേശനവും വ്യാഖ്യാനവും ....... 66–71**
– സാക്ഷ്യങ്ങൾ
– മാനുഷിക ഗ്രന്ഥകർത്താക്കൾ
– വ്യാഖ്യാനോപാധികളും സന്ദേശവും
– വിശുദ്ധ ഗ്രന്ഥത്തിന്റെ അപ്രമാദിത്വം
അധ്യായം – 7 : **കാനോനിക ഗ്രന്ഥങ്ങളും അപ്രാമാണിക ഗ്രന്ഥങ്ങളും .................... 72–81**
– ചരിത്രപശ്ചാത്തലം
– പഴയനിയമ ഗ്രന്ഥങ്ങളുടെ കാനോൻ
– പുതിയനിയമ ഗ്രന്ഥങ്ങളുടെ കാനോൻ
– അപ്രാമാണിക ഗ്രന്ഥങ്ങൾ
അധ്യായം – 8 : **പഞ്ചഗ്രന്ഥം ............................................ 82–108**
– ഉൽപത്തി
– പ്രധാന സംഭവങ്ങൾ
– യാക്കോബിന്റെ കഥ
– യൗസേപ്പിന്റെ കഥ
– പുറപ്പാട്: പ്രധാന സംഭവങ്ങൾ
– ലേവ്യർ
– സംഖ്യ
– നിയമാവർത്തനം
– തൽമൂദ്
അധ്യായം – 9 : **പഴയനിയമത്തിലെ ചരിത്ര ഗ്രന്ഥങ്ങൾ ............................................ 109–124**
– ജോഷ്വ
– ന്യായാധിപന്മാർ
– സാമുവൽ
– രാജാക്കന്മാർ
– ദിനവൃത്താന്തങ്ങൾ
– എസ്രാ – നെഹെമിയ
– റൂത്ത്
– തോബിത്ത്
– യൂദിത്ത്
– എസ്തേർ
– മക്കബായർ
അധ്യായം – 10 : **പ്രവാചകന്മാർ ................................ 125–136**
– പ്രവാചകന്മാരുടെ ഉത്ഭവം

www.malankaralibrary.com

– കാനോനിക പ്രവാചകന്മാർ
– പ്രവാചക ധാർമ്മികത
– 18 പ്രവാചക ഗ്രന്ഥങ്ങൾ

അധ്യായം – 11 : **ജ്ഞാനഗ്രന്ഥങ്ങൾ** ............................ 137–148
– ജ്ഞാനസാഹിത്യത്തിന്റെ പ്രത്യേകതകൾ
– ജോബിന്റെ പുസ്തകം
– സുഭാഷിതങ്ങൾ
– സഭാപ്രസംഗകൻ
– പ്രഭാഷകൻ
– ജ്ഞാനത്തിന്റെ ഗ്രന്ഥം
– ഉത്തമഗീതം
– സങ്കീർത്തനങ്ങൾ

അധ്യായം – 12 : **പുതിയനിയമം** ............................ 149–181
A – സുവിശേഷങ്ങൾ
– പൊതുസ്രോതസ്സ് സിദ്ധാന്തം
– സമാന്തര സുവിശേഷങ്ങൾ
– മുഖ്യപ്രമേയങ്ങൾ
– ബാല്യകാല വിവരണങ്ങൾ
– യേശുവിന്റെ വംശാവലി
– യോഹന്നാന്റെ സുവിശേഷം
– ലക്ഷ്യവും പ്രത്യേകതകളും
– മുഖ്യപ്രമേയങ്ങൾ
B – അപ്പസ്തോല പ്രവർത്തനങ്ങൾ
– ഗ്രന്ഥകർത്താവും ലക്ഷ്യവും
– പത്രോസിന്റെ പ്രവർത്തനങ്ങൾ
– പൗലോസിന്റെ പ്രവർത്തനങ്ങൾ

അധ്യായം – 13 : **ലേഖനങ്ങൾ** ............................ 182–217
A – പൗലോസിന്റെ ലേഖനങ്ങൾ
– ലേഖനങ്ങളുടെ സ്വഭാവവും വിഭജനവും
– ഹെബ്രായർക്കുള്ള ലേഖനം
B – സാർവ്വത്രിക ലേഖനങ്ങൾ
– വെളിപാടു പുസ്തകം

**മാതൃകാ ചോദ്യങ്ങൾ** ............................ 218–224
A. ഉപന്യാസങ്ങൾ
B. ബൈബിൾ ക്വിസ്

www.malankaralibrary.com

# മൂലഗ്രന്ഥത്തിനുള്ള അവതാരിക

രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷമുള്ള കാലഘട്ടം ബൈബിൾ പഠനത്തെ സംബന്ധിച്ച് അഭൂതപൂർവ്വമായ താല്പര്യവും ആവേശപൂർണ്ണമായ അഭിലാഷവും ജനിപ്പിച്ചു. അതോടൊപ്പം കരിസ്മാറ്റിക് പ്രസ്ഥാനം ബൈബിളിനോട് അഗാധമായ മമതയും ഊട്ടിവളർത്തി. തത്ഫലമായി ഇന്ന് കൂടുതൽ കൂടുതൽ വ്യക്തികൾ ബൈബിളിന്റെ കോപ്പികൾ സ്വന്തമാക്കുകയും അതിന്റെ സന്ദേശം പ്രാർത്ഥനാപൂർവ്വം അനുദ്ധ്യാനം ചെയ്തുവരികയും ചെയ്യുന്നു. ഏറ്റവും മഹത്തായിട്ടുള്ള കാര്യം, സന്യാസിനീ സന്യാസ ജീവിതത്തിനും വൈദിക ജീവിതത്തിനും ഒരുങ്ങുന്നവർക്ക് ബൈബിൾ പഠനത്തിലുള്ള ശുഷ്ക്കാന്തി പൂർവ്വോപരി വർദ്ധിച്ചിട്ടുണ്ടെന്നുള്ളതാണ്.

എങ്കിലും, ബൈബിൾ പാരായണത്തിൽ നിന്ന് കൂടുതലായ ഫലം കൈവരണമെങ്കിൽ, ബൈബിളിനെക്കുറിച്ച് പൊതുവിലും, ബൈബിളിലെ ഓരോ പുസ്തകത്തെക്കുറിച്ച് പ്രത്യേകമായും, കുറെക്കാര്യങ്ങളെങ്കിലും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. ഫാ. ജോസഫ് കോട്ടയ്ക്കലിന്റെ "ബൈബിൾ ഒരു പ്രാരംഭപഠനം" എന്ന ഗ്രന്ഥം, പ്രാരംഭകർക്ക് ഇക്കാര്യത്തിൽ ഒരു വഴികാട്ടിയാണ്. ബൈബിളിന്റെ ചരിത്രപരമായ ഉത്ഭവം, കൈയെഴുത്തു പ്രതികളുടെയും ഭാഷാന്തരങ്ങളുടെയും ചരിത്രം, ദൈവനിവേശനം, വ്യാഖ്യാനം, കാനോനികത തുടങ്ങി ബൈബിൾ പഠനത്തിൽ പ്രസക്തവും അടിസ്ഥാനപരവുമായ കാര്യങ്ങളെല്ലാംതന്നെ, സാരഗർഭിതമായും, എന്നാൽ സ്പഷ്ടമായും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. മാത്രമല്ല, ബൈബിളിലെ ഓരോ പുസ്തകത്തിന്റെയും സംക്ഷിപ്ത വിവരണവും വ്യാഖ്യാനവും ഇതിൽ ഉൾപ്പെടുത്താനും ശ്രമിച്ചിട്ടുണ്ട്.

രണ്ടു ദശകത്തിലേറെക്കാലം ഒരു മേജർ സെമിനാരിയിൽ ബൈബിൾ പ്രൊഫസറായിരിക്കുന്ന ഇതിന്റെ ഗ്രന്ഥകാരൻ ഈ വിഷയം ആധികാരികമായി കൈകാര്യം ചെയ്യാൻ സർവ്വഥാ യോഗ്യനാണെന്നുള്ളതിൽ സംശയമില്ല. വിദ്യാർത്ഥികളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും അദ്ദേഹത്തിനു സുപരിചിതമാണ്. അദ്ദേഹത്തിന്റെ രചനാശൈലി പ്രസന്നവും പ്രതിപാദനം സ്പഷ്ടവുമത്രേ!

മൈനർ സെമിനാരി വിദ്യാർത്ഥികളെയും സന്യാസിനീ സന്യാസാർത്ഥികളെയും പ്രധാനമായി ലക്ഷ്യംവച്ചുകൊണ്ടാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടിട്ടുള്ളത്. അവർക്ക് ഇത് തീർച്ചയായും വളരെ ഉപയോഗപ്രദമായിരിക്കും. ഗ്രന്ഥകാരനെ ഞാൻ അഭിനന്ദിക്കുന്നതോടൊപ്പം, ഈ ഗ്രന്ഥം ബൈബിൾ പഠിതാക്കൾക്കു ശിപാർശ ചെയ്യുകയും ചെയ്യുന്നു.

കോതമംഗലം
15-6-1986.

ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ
K.C.B.C. ബിബ്ലിക്കൽ കമ്മീഷൻ ചെയർമാൻ

www.malankaralibrary.com

# ആസ്വാദനം

ഞാൻ ഒരു ബൈബിൾ വിദഗ്ദ്ധനല്ല. സുമാർ എഴുപതുകൊല്ലം മുമ്പ് ഞാൻ സെമിനാരിയിൽ പഠിച്ചപ്പോൾ ഇന്നത്തെപ്പോലെ വി. ഗ്രന്ഥത്തെപ്പറ്റി വിപുലവും അഗാധവുമായ പഠനമൊന്നും അന്നില്ലായിരുന്നു. ആകയാൽ ബ. കോട്ടയ്ക്കലച്ചന്റെ ഈ ബൈബിളിനെപ്പറ്റിയുള്ള പ്രാരംഭപഠനം വായിച്ചപ്പോൾ, ഇങ്ങനെയൊരു പുസ്തകം അന്നുണ്ടായിരുന്നെങ്കിൽ എന്ന് ചിന്തിച്ചുപോയി!

രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം ബൈബിൾ പഠനത്തിനു വലിയ പ്രാധാന്യമുണ്ടായിട്ടുണ്ട്. സെമിനാരിയിൽ മാത്രമല്ല, സന്യാസ ഭവനങ്ങളിലും മതപഠന ക്ലാസ്സുകളിലുമെല്ലാം അതീവ താല്പര്യത്തോടെ വിശുദ്ധ ഗ്രന്ഥത്തെപ്പറ്റി പഠനം നടത്തിവരുന്നു. കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ അത്ഭുതകരമായ പ്രചാരണത്തോടുകൂടി അത്മായരും പ്രതിദിനം ബൈബിൾ വായിക്കാനും പ്രാർത്ഥനാവിഷയമാക്കാനും ഉത്സാഹിക്കുന്നുണ്ട്. അതോടൊപ്പം മാതൃഭാഷയിൽ സമ്പൂർണ്ണ ബൈബിൾ സുലഭമായി ലഭിക്കാനുള്ള ഭാഗ്യവും നമ്മുടെ കാലത്ത് ഉണ്ടായിട്ടുണ്ടല്ലോ. ഇന്ന് ബൈബിളില്ലാത്ത ഒരു കുടുംബംപോലും നമ്മുടെ നാട്ടിൽ ഇല്ലെന്നു പറയാം.

ഈ അനുകൂല സാഹചര്യങ്ങളെല്ലാം ഏറ്റം ഫലപ്രദമാക്കുവാൻ ബൈബിളിനെപ്പറ്റി വ്യവസ്ഥിതമായ അറിവുണ്ടാകേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ വി. പൗലോസിന്റെ ലേഖനങ്ങളെപ്പറ്റി വി. പത്രോസ് ശ്ലീഹാ പ്രസ്താവിച്ചിരിക്കുന്നതുപോലെ ചിലരെങ്കിലും തിരുവചനത്തെ നാശത്തിനുള്ള ഉപകരണമാക്കിയെന്നു വരാം (2 പത്രോ. 3:15–16). മാത്രമല്ല, വഴിതെറ്റാതെ വചനധാരയിൽ ചരിക്കുന്നവരും വേണ്ടത്ര ഫലം പ്രാപിച്ചെന്നുവരില്ല. ഈ സാഹചര്യങ്ങളിൽ ബൈബിളിനെപ്പറ്റി പൊതുവായി പ്രതിപാദിക്കുന്ന ഇത്തരം വിജ്ഞാനപ്രദമായ ഗ്രന്ഥങ്ങളുടെ ആവശ്യകത അതിമാത്രം വർദ്ധിച്ചിരിക്കുന്നു.

രണ്ടുപതീറ്റാണ്ടിലധികം കാലമായി വടവാതൂർ സെമിനാരിയിലും മറ്റു മതപഠനകേന്ദ്രങ്ങളിലും ബൈബിൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ബ. കോട്ടയ്ക്കലച്ചൻ, അദ്ദേഹത്തിന്റെ അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ, ബൈബിൾ പഠിതാക്കൾക്ക് ഏറ്റം ആവശ്യകമായ കാര്യങ്ങൾ, തികച്ചും പ്രായോഗികമായവിധം ഈ കൃതിയിൽ ചർച്ചചെയ്തിരിക്കുന്നു. 1300 കൊല്ലത്തിലേറെ നീണ്ടു നില്ക്കുന്ന ഒരു സുദീർഘ കാലഘട്ടത്തിനിടയ്ക്ക് പലതരത്തിൽപ്പെട്ടവർ, വിവിധ സാഹിത്യരൂപങ്ങളിൽ, പലേസ്ഥലത്തും സാഹചര്യങ്ങളിലും എഴുതിയ 73 പുസ്തകങ്ങളുടെ ഒരു സമാഹാരമായ ബൈബിളിന്റെ പഠനത്തിലേക്കു കൈപിടിച്ചു നടത്തുവാൻ കഴിവുറ്റ വിദഗ്ദ്ധരുടെ സഹായം ആർക്കും ആവശ്യമാണല്ലോ. ബ. കോട്ടയ്ക്കലച്ചന്റെ "ബൈബിൾ

www.malankaralibrary.com

ഒരു പ്രാരംഭപഠനം" എന്ന ഏറ്റവും വിശിഷ്ടഗ്രന്ഥം ഈ വലിയ ആവശ്യം സാധിക്കുവാൻ തികച്ചും സഹായകമാണ്.

ബൈബിളിനെപ്പറ്റി പൊതുവെയും, അതിലെ ഓരോ പുസ്തകത്തെയും പ്പറ്റി പ്രത്യേകമായും, അദ്ദേഹം ആവശ്യമായ പ്രാഥമിക വിജ്ഞാനം വിദഗ്ദ്ധമായി പ്രദാനം ചെയ്യുന്നുണ്ട്. പ്രതിപാദനം ഏറ്റവും ലളിതവും സുഗ്രഹവുമാകയാൽ, എല്ലാവർക്കും വായിച്ചു പഠിക്കുവാൻ എളുപ്പം സാധിക്കുന്നതാണ്.

ഇദ്ദേഹം ഇംഗ്ലീഷിൽ രചിച്ച "An Introduction to Bible" എന്ന മൂലഗ്രന്ഥത്തിന്റെ പരിഭാഷയാണിത്. അതിന് ഇതിനകം പലേ പതിപ്പുകൾ ഉണ്ടായിട്ടുണ്ട്. കേരളത്തിലും ഭാരതത്തിൽത്തന്നെയും അതൊരു പാഠപുസ്തകമായി സ്വീകരിച്ചിട്ടുള്ളതാണ്. ഈ ഭാഷാവിവർത്തനം മലയാളികൾക്ക് വലിയ ഒരനുഗ്രഹമായിട്ടുണ്ട്. ഗ്രന്ഥകാരനെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

വടവാതൂർ
21-9-1995

മോൺസിഞ്ഞോർ മാത്യു മങ്കുഴിക്കരി
സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി

www.malankaralibrary.com

# ആശംസ

പുസ്തകങ്ങളുടെ പുസ്തകം എന്നു വിശേഷിപ്പിക്കപ്പെടുന്ന ബൈബിളിലെ 73 പുസ്തകങ്ങൾക്കു സംക്ഷിപ്തമായ ഒരാമുഖമാണ് റവ. ഡോ. ജോസഫ് കോട്ടയ്ക്കലിന്റെ "ബൈബിൾ ഒരു പ്രാരംഭപഠനം" എന്ന കൊച്ചുഗ്രന്ഥം. അദ്ദേഹത്തിന്റെ തന്നെ പ്രസിദ്ധമായ "An Introduction to Bible" എന്ന ഗ്രന്ഥത്തിന്റെ ഈ വിവർത്തനം ബൈബിൾ പഠിതാക്കളുടെ താല്പര്യപ്രകാരം ഇപ്പോൾ പ്രകാശിതമാവുകയാണ്.

ബൈബിൾ സാഹിത്യത്തിന്റെ ഉറവിടങ്ങൾ, അവയ്ക്ക് അന്നത്തെ ജനങ്ങളിലുണ്ടായിരുന്ന സ്വാധീനം, ബൈബിളിന്റെ ചരിത്രപരമായ ഉത്ഭവം, ഓരോ പുസ്തകത്തിന്റെയും രൂപീകരണവും പശ്ചാത്തലവും, രചയിതാക്കളുടെ പ്രത്യേകതകൾ, സ്ഥലകാല സാഹചര്യങ്ങൾ എന്നിവയുടെയെല്ലാം ആധികാരിക വിവരണവും, അവയിലൂടെ ബൈബിൾ നല്കുന്ന സന്ദേശവും ഈ ഗ്രന്ഥത്തിൽ സ്പഷ്ടമാക്കിയിട്ടുണ്ട്. ബൈബിളിലും ദൈവശാസ്ത്രവിഷയങ്ങളിലും കാൽ ശതാബ്ദത്തിലേറെ അദ്ധ്യാപന പരിചയമുള്ള ബ. കോട്ടയ്ക്കലച്ചന്റെ ഗവേഷണചാതുരിയും പഠനാനുഭവ വിചിന്തനങ്ങളും ഈ പുസ്തകത്തിന്റെ വിഷയാവതരണത്തിലും ഘടനയിലുമെല്ലാം തനിമ പകർന്നിരിക്കുന്നു.

വിശുദ്ധ ഗ്രന്ഥത്തിലെ പുസ്തകങ്ങളുടെ സന്ദേശമൂല്യം അടുത്തറിയുവാനാഗ്രഹിക്കുന്ന ഏതൊരാൾക്കും, പ്രത്യേകിച്ച്, അവയുടെ വിശദാംശങ്ങൾ തേടുന്ന സെമിനാരി വിദ്യാർത്ഥികൾക്കും സന്യാസാർത്ഥിനികൾക്കും അദ്ധ്യാപകർക്കും ഈ ഗ്രന്ഥം ഏറെ ആകർഷകവും പ്രയോജനപ്രദവും ആയിരിക്കും എന്നതിൽ സംശയമില്ല.

ബൈബിൾ വിജ്ഞാനീയത്തിലെ ഒരു അമൂല്യനിധിയായി ഈ ഗ്രന്ഥം വിരാജിക്കട്ടെ! ഗ്രന്ഥകർത്താവിന് അഭിനന്ദനങ്ങൾ അർപ്പിക്കുകയും ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

കോട്ടയം
15-8-1995.

സി. ക്ലാരിസ്, എസ്. എച്ച്.
മദർ ജനറൽ S.H. Generalate.

www.malankaralibrary.com

# ആമുഖം

കേരളത്തിലെ മൈനർ സെമിനാരി വിദ്യാർത്ഥികൾക്ക് മേജർ സെമിനാരികളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് ഉപയുക്തമാകത്തക്കവിധം ഒരു ടെക്സ്റ്റ്ബുക്ക് ലഭ്യമാക്കണം എന്ന ലക്ഷ്യത്തോടെ എഴുതപ്പെട്ടതാണ് ഇംഗ്ലീഷിലുള്ള 'An Introduction to Bible' എന്ന ഇതിന്റെ മൂലഗ്രന്ഥം. 1986-ലാണ് ആദ്യമായി അത് പ്രസിദ്ധീകരിച്ചത്. ചുരുങ്ങിയ ഈ കാലയളവിനുള്ളിൽ അതിന്റെ 4 പതിപ്പുകൾ പുറത്തിറങ്ങിയെന്നുള്ളതുതന്നെ ആ ഗ്രന്ഥത്തിനു ലഭിച്ച സ്വീകരണവും പ്രചാരവും വ്യക്തമാക്കുന്നുണ്ടല്ലോ. കേരളത്തിലെ എല്ലാ മൈനർ സെമിനാരികൾക്കു പുറമെ, ഇതിനോടകം ഇന്ത്യയിലെ 40--ൽ പരം സെമിനാരികളിലും നൊവീഷ്യേറ്റുകളിലും ഇതൊരു പാഠപുസ്തകമായി ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ ഗ്രന്ഥം ഉപയോഗിച്ചവരുടെയെല്ലാം ഏകകണ്ഠമായ അഭിപ്രായം, ഇത് ബൈബിളിനെക്കുറിച്ചുള്ള പൊതുവിജ്ഞാനം ആർജ്ജിക്കുവാൻ ഏറ്റവും പര്യാപ്തമായ ഒരു കൊച്ചു പുസ്തകമാണെന്നാണ്. അതിനുദാഹരണമാണ് കേരളകാത്തലിക് ബൈബിൾ സൊസൈറ്റി ഈ ഗ്രന്ഥം അംഗീകരിച്ച് അതിന്റെ അംഗങ്ങൾക്ക് ബൈബിളിനോടൊപ്പം നല്കുവാൻ തീരുമാനിച്ചത്.

വളരെപ്പേരുടെ, പ്രത്യേകിച്ച്, കേരളത്തിലെ സിസ്റ്റേഴ്സിന്റെ, ശിപാർശയും അഭ്യർത്ഥനയും മാനിച്ചാണ് 4-ാം പതിപ്പിന്റെ ഒരു സ്വതന്ത്ര വിവർത്തനമായ ഈ മലയാള പരിഭാഷ പ്രസിദ്ധീകരിക്കുന്നത്. സിസ്റ്റേഴ്സിനും സെമിനാരിക്കാർക്കും മാത്രമല്ല, മതാദ്ധ്യാപകർക്കും കരിസ്മാറ്റിക് സമൂഹങ്ങൾക്കും ബൈബിളിനെക്കുറിച്ച് അറിയുവാൻ ആഗ്രഹിക്കുന്ന അക്രൈസ്തവർക്കും, ഈ ഗ്രന്ഥം വ്യക്തമായ പ്രാഥമിക പരിജ്ഞാനം പ്രദാനം ചെയ്യുമെന്നുള്ളതിൽ സംശയമില്ല.

ആദ്യത്തെ 3 അദ്ധ്യായങ്ങൾ ബൈബിളിന്റെ പൊതുസ്വഭാവം വിവരിക്കുന്നവയാണ്. രക്ഷയുടെ ചരിത്രം, ബൈബിൾ വ്യാഖ്യാന രീതികൾ, പ്രാർത്ഥനാപരമായ ബൈബിൾ പാരായണം എന്നിവയെക്കുറിച്ച് സംക്ഷിപ്തമായി അവയിൽ പ്രതിപാദിക്കുന്നു. തുടർന്നുള്ള 4 അദ്ധ്യായങ്ങളിൽ ബൈബിളിനെപ്പറ്റിയുള്ള പൊതുവിജ്ഞാനമാണ്. ബൈബിളിൽ 73 പുസ്തകങ്ങൾ ഉണ്ടായതിന്റെ ചരിത്രം, അവയുടെ മൂലഭാഷകളും വിവർത്തനങ്ങളും, ദൈവനിവേശനവും സന്ദേശം കണ്ടെത്താനുള്ള മാർഗ്ഗങ്ങളും, കാനോനിക ഗ്രന്ഥങ്ങളും അപ്രാമാണിക ഗ്രന്ഥങ്ങളും എന്നിവയെക്കുറിച്ചെല്ലാം മേൽപ്പറഞ്ഞ നാലദ്ധ്യായങ്ങളിൽ വിവരിക്കുന്നു.

എട്ടുമുതൽ പതിനൊന്നു വരെയുള്ള 4 അദ്ധ്യായങ്ങളിൽ പഴയ നിയമത്തിലെ, പഞ്ചഗ്രന്ഥം, ചരിത്രപ്പുസ്തകങ്ങൾ, പ്രവാചകന്മാർ, ജ്ഞാനഗ്രന്ഥ

www.malankaralibrary.com

ങ്ങൾ എന്നിവയെപ്പറ്റിയാണ് പ്രതിപാദിച്ചിരിക്കുന്നത്. അവസാനത്തെ 2 അദ്ധ്യായങ്ങൾ പുതിയ നിയമത്തിലെ സുവിശേഷങ്ങളെയും ലേഖനങ്ങളെയും മറ്റും സംബന്ധിച്ചവയാണ്. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രയോജനത്തിനായി ഏതാനും മാതൃകാചോദ്യങ്ങൾകൂടി അവസാനം ചേർത്തിട്ടുണ്ട്.

ഇതിലെ പ്രതിപാദനരീതി വളരെ ലളിതവും എന്നാൽ ഹ്രസ്വവും സ്പഷ്ടവുമത്രേ. വിവാദാത്മക വീക്ഷണങ്ങൾ കഴിവതും ഒഴിവാക്കിയിട്ടുണ്ട്. അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളിൽ, ഏറ്റവും യുക്തിയുക്തമെന്ന് തോന്നിയതും പ്രമുഖ ബൈബിൾ പണ്ഡിതന്മാർ അംഗീകരിച്ചിട്ടുള്ളതുമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. പഠിതാക്കൾക്ക് ബൈബിൾ സാഹിത്യത്തെക്കുറിച്ച് അടിസ്ഥാനപരമായ വിവരങ്ങൾ നല്കുകയും അതുവഴി അറിവിന്റെയും വിശുദ്ധിയുടെയും അമൂല്യനിക്ഷേപങ്ങൾ കണ്ടെത്തുന്നതിന് പ്രേരിപ്പിക്കുകയുമാണ് ഈ ഗ്രന്ഥത്തിന്റെ മുഖ്യലക്ഷ്യം.

ബൈബിൾഗ്രന്ഥകാരന്റെ ഉദ്ദേശ്യവും അദ്ദേഹം നല്കാനാഗ്രഹിക്കുന്ന സന്ദേശവും ഗ്രഹിക്കുന്നതിന്, പ്രസ്തുത ഗ്രന്ഥത്തെ സംബന്ധിച്ച പശ്ചാത്തല വിജ്ഞാനം പരിമിതമായ തോതിലെങ്കിലും ഉണ്ടായിരിക്കേണ്ടത് അനുപേക്ഷണീയമാണെന്ന് എല്ലാവരും സമ്മതിക്കും. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട്, ബൈബിളിലെ ഓരോ പുസ്തകത്തിന്റെയും രൂപവത്ക്കരണം, ഗ്രന്ഥകാരനെപ്പറ്റിയുള്ള വിവരങ്ങൾ, രചനാകാലം, രചിച്ചസ്ഥലം തുടങ്ങിയവ ചുരുക്കമായി വിവരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഓരോ പുസ്തകത്തിന്റെയും ഉള്ളടക്കം വിശദമായ വ്യാഖ്യാനത്തിനോ, നിരൂപണത്തിനോ വിധേയമാക്കാതെ, സംഗ്രഹിച്ചാണ് നല്കിയിരിക്കുന്നത്. അത്തരം ഗഹനമായ പ്രതിപാദനം ഇതുപോലൊരു പ്രാരംഭപഠനത്തിൽ പ്രതീക്ഷിക്കാവുന്നതല്ലല്ലോ.

ഇതിന്റെ വിവർത്തനം സന്തോഷപൂർവ്വം ഏറ്റെടുത്തു നടത്തിയത് കർമ്മകുശലനായ ബ. ഫാ. റാഫേൽ ആക്കമറ്റമാണ്. അദ്ദേഹം എന്റെ ഒരു പൂർവ്വകാല ശിഷ്യനാണെന്നുകൂടി പറയുവാൻ എനിക്കഭിമാനമുണ്ട്. തൃശൂർ അതിരൂപതയിലെ അരമനയിൽ നോട്ടറിയായും കുർക്കഞ്ചേരി പള്ളിയിൽ അസിസ്തേന്തിയായും ധാരാളം ജോലികൾ ചെയ്തുവരുന്നതിനിടയ്ക്കാണ് ഈ ഉത്തരവാദിത്വം അദ്ദേഹം ഏറ്റെടുത്തത്. ചുരുങ്ങിയ കാലയളവിൽത്തന്നെ ഫാ. റാഫി ഈ ദൗത്യം സ്തുത്യർഹമാംവിധം പൂർത്തിയാക്കിത്തന്നതിൽ എന്റെ സന്തോഷവും എനിക്ക് അദ്ദേഹത്തോടുള്ള ഹൃദയം നിറഞ്ഞ നന്ദിയും രേഖപ്പെടുത്തിക്കൊള്ളട്ടെ!

ഈ വിവർത്തനത്തിന്റെ പ്രഥമ കൈയെഴുത്തുപ്രതി പദാനുപദം പരിശോധിച്ച് ആവശ്യമായ തിരുത്തലുകളും ഭേദഗതികളും വരുത്തിയത് സുപ്രസിദ്ധ വാഗ്മിയും ധ്യാനഗുരുവും, വാടവാതൂർ സെമിനാരിയിലെ ആദ്ധ്യാത്മിക പിതാവുമായ മോൺസിഞ്ഞോർ മാത്യു മങ്കുഴിക്കരിയാണ്. അദ്ദേഹത്തിന്റെ

www.malankaralibrary.com

അതിസൂക്ഷ്മമമായ പഠനത്തിനും പൈതൃകമായ നിർദ്ദേശങ്ങൾക്കും ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു.

ഇതിന്റെ വിവർത്തനത്തിന് മുൻകുട്ടി താല്പര്യം കാണിക്കുകയും അതിനായി ഏറ്റവുമാദ്യം പരിശ്രമം നടത്തുകയും ചെയ്തത് പ്രൊഫസർ കെ.വി. ജോസഫ് സാറാണ്. അദ്ദേഹത്തിന്റെ പരിശ്രമം ഈ കൃതിയുടെ സാക്ഷാത്ക്കാരത്തിന് സഹായകമായി ഭവിച്ചുവെന്നു മാത്രമല്ല, ഞങ്ങൾക്കത് പ്രചോദനവും പ്രോത്സാഹനവും കൂടി പ്രദാനം ചെയ്തു. ഈയവസരത്തിൽ അദ്ദേഹത്തെയും നന്ദിപൂർവ്വം ഞാൻ സ്മരിക്കുന്നു.

കൈയെഴുത്തുപ്രതി അവസാനം അക്ഷരശഃ പരിശോധിച്ച് മൂലകൃതിയുടെ ഏറ്റവും അവസാനത്തെ പതിപ്പുമായി ഒത്തുനോക്കുകയും ആവശ്യമെന്നു തോന്നിയ ഭേദഗതികളും അഴിച്ചു പണികളും കാലോചിതമായ പരിഷ്ക്കാരങ്ങളും വരുത്തുകയും ചെയ്തത് മൂലഗ്രന്ഥത്തിന്റെ കർത്താവായ ഞാൻ തന്നെയാണ്. തന്നിമിത്തം മൂലത്തേക്കാൾ മാറ്റും മനോഹാരിതയും ഈ ഗ്രന്ഥത്തിനു കൈവന്നിട്ടുണ്ടെന്നു പറയാൻ എനിക്ക് അതിയായ സന്തോഷമുണ്ട്.

മൂലഗ്രന്ഥത്തിനും വിവർത്തനത്തിനുമായി അവതാരികയും ആശംസകളും എഴുതിത്തന്ന എല്ലാവരെയും ഈയവസരത്തിൽ നന്ദിയോടെ അനുസ്മരിക്കട്ടെ. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ചെയർമാനായ അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും മോൺസിഞ്ഞോർ മാത്യു മങ്കുഴിക്കരിയച്ചനും, എസ്.എച്ച്. സന്യാസിനീ സമൂഹത്തിന്റെ മദർ ജനറൽ, ബ.സി. ക്ലാരിസിനും എന്റെ പ്രത്യേകമായ സ്നേഹവും നന്ദിയും അറിയിക്കുന്നു.

അതോടൊപ്പംതന്നെ എന്നെ പലവിധത്തിൽ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ള എല്ലാവരോടും, പ്രത്യേകിച്ച് എന്റെ വന്ദ്യ പിതാവ് കർദ്ദിനാൾ മാർ ആന്റണി പടിയറ തിരുമേനിയോടും സഹായ മെത്രാൻ മാർ ജേക്കബ് മനത്തോടത്തു പിതാവിനോടും ഈ സെമിനാരിയിലെ എല്ലാ പ്രൊഫസർമാരോടും, വിശിഷ്യാ എന്റെ ശിഷ്യനുംകൂടിയായ പ്രൊഫ. അബ്രാഹം പേഴുംകാട്ടിലിനോടും ഇവിടുത്തെ വിദ്യാർത്ഥികളോടും എനിക്കുള്ള അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട്, വചനാനുഭവത്തിൽ വളരാൻ ഈ ഗ്രന്ഥം ഏവർക്കും സഹായകമാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ജോസഫ് കോട്ടയ്ക്കൽ

പൗരസ്ത്യ വിദ്യാപീഠം
കോട്ടയം.
18-10-1995.

www.malankaralibrary.com

## അധ്യായം – 1

# രക്ഷയുടെ ചരിത്രം

ദൈവജനത്തിന്റെ ചരിത്രം രക്ഷയുടെ ചരിത്രം എന്നാണല്ലോ പൊതുവെ അറിയപ്പെടുക. ക്രിസ്തുവിൽ കേന്ദ്രീകൃതമാണ് ഈ രക്ഷാചരിത്രം. കാരണം ക്രിസ്തുവാണ് മനുഷ്യവംശത്തിന്റെ ഏകരക്ഷകനും 'ദൈവത്തിനും മനുഷ്യനുമിടയിലെ ഏക മധ്യസ്ഥനും' (1 തിമോ. 2:5). ബൈബിൾ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന ഈ രക്ഷയുടെ ചരിത്രത്തെ 6 പ്രധാന ഘട്ടങ്ങളായി തിരിക്കാം:

1. സൃഷ്ടിമുതൽ അബ്രഹാംവരെ
2. അബ്രഹാംമുതൽ മോശവരെ
3. മോശമുതൽ ദാവീദുവരെ
4. ദാവീദുമുതൽ ക്രിസ്തുവരെ
5. ക്രിസ്തുമുതൽ സഭാസ്ഥാപനംവരെ
6. സഭാസ്ഥാപനംമുതൽ സ്വർഗ്ഗീയ ജറുസലെംവരെ.

## 1. സൃഷ്ടിമുതൽ അബ്രാഹംവരെ

(ഉല്പ. 1–11: ചരിത്രാതീത ചരിത്രം)

തന്റെ ജനത്തിന്റെ പിതാവായി ദൈവം അബ്രാഹത്തെ വിളിച്ചു (ഉല്പ. 12). ഈ വിളിയോടെയാണ് രക്ഷയുടെ ചരിത്രം സ്പഷ്ടമായി ആരംഭിക്കുന്നത്. എന്നാൽ, ഉല്പത്തി പുസ്തകത്തിന്റെ രചയിതാവ് അല്പം കൂടി പിറകോട്ടു പോകുന്നുണ്ട്. ദൈവജനത്തിന്റെ ചരിത്രം അബ്രാഹത്തിന്റെ തിരഞ്ഞെടുപ്പോടെ പെട്ടെന്ന് ആരംഭിക്കുകയല്ല അദ്ദേഹം ചെയ്യുന്നത്. എന്തിന് ദൈവം അബ്രാഹത്തെ വിളിച്ചു എന്നതിന് ഉത്തരം കണ്ടെത്തണം. അതിനുള്ള ഉത്തരം രക്ഷാചരിത്രത്തിന് ഒരു ആമുഖമെന്നോണം രേഖപ്പെടുത്താൻ അദ്ദേഹം തീരുമാനിച്ചു. ഈ ആമുഖം ചരിത്രത്തിന്റെ പിൻപടവുകളിലൂടെ ചരിത്രാതീത ചരിത്രത്തിലേക്കുള്ള ഒരു യാത്രയായിരുന്നു. അബ്രാഹത്തിന്റെ

www.malankaralibrary.com

കാലത്തെ മനുഷ്യവംശത്തിന്റെ സ്ഥിതി എന്ത്? ആ സ്ഥിതി എങ്ങനെ സംജാതമായി? കാരണം തേടിയുള്ള ഈ അന്വേഷണം ചെന്നെത്തിയത് മനുഷ്യന്റെയും ലോകത്തിന്റെയും സൃഷ്ടിയിലും എല്ലാത്തിന്റെയും ആരംഭമായ ദൈവത്തിലുമാണ്. അങ്ങനെ അബ്രാഹത്തിന്റെ വിളിക്കുമുമ്പുള്ള ചരിത്രാതീത ചരിത്രത്തെ ദൈവജനത്തിന്റെ ചരിത്രത്തിന് ആമുഖമായി, ഉല്പത്തിയുടെ ആദ്യത്തെ 11 അദ്ധ്യായങ്ങളിലായി ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിരിക്കുന്നു.

## ചരിത്രാതീതചരിത്രത്തിന്റെ സ്രോതസ്സ്

മേല്പറഞ്ഞ ചരിത്രാതീത ചരിത്രത്തിലെ സംഭവങ്ങൾക്ക് യാതൊരു രേഖയുടെയും പിൻബലമില്ല. കാരണം, യാതൊരു രേഖയും അന്ന് ലഭ്യമായിരുന്നില്ല. മെസോപൊട്ടാമിയായിലെയും കാനാനിലെയും ജനങ്ങൾക്കിടയിൽ നിലനിന്നിരുന്ന പാരമ്പര്യങ്ങളിലും പ്രചരിച്ചിരുന്ന കഥകളിലും നിന്നാണ് ഗ്രന്ഥകാരൻ ഇപ്രകാരം ഒരു ചരിത്രം കടഞ്ഞെടുത്തത്. അതുകൊണ്ട് ഈ 11 അധ്യായങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങളുടെ ചരിത്ര സാധുത വ്യക്തമാക്കാൻ ഗ്രന്ഥകാരൻ തത്രപ്പെടുന്നുമില്ല. കാരണം അക്കാര്യങ്ങൾ വസ്തുനിഷ്ഠമായി പ്രതിപാദിച്ചു കൊണ്ടുള്ള ഒരു ചരിത്രമെഴുതുകയെന്നതല്ല ഗ്രന്ഥകാരന്റെ ലക്ഷ്യം. തീർത്തും മതപരമായ ലക്ഷ്യമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. ആ ലക്ഷ്യത്തിനുവേണ്ടി തനിക്കു പൈതൃകമായി കിട്ടിയ വിശ്വാസത്തിന്റെ വെളിച്ചത്തിൽ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിനനുസരിച്ച് അദ്ദേഹം ചരിത്രത്തെ വ്യാഖ്യാനിച്ചു. അതായത് ഒരു ഭൗതിക ചരിത്രമെഴുതുകയല്ല, വിശ്വാസത്തിന്റെ വെളിച്ചത്തിൽ ചരിത്രത്തെ വ്യാഖ്യാനിക്കുകയാണ് വിശുദ്ധ ഗ്രന്ഥകാരൻ ചെയ്തിട്ടുള്ളത്.

## പുറപ്പാട്അനുഭവം

ഇസ്രായേലിന്റെ ദൈവം യാഹ്വെയായിരുന്നു. യാഹ്വെയുടെ സ്നേഹവും ശക്തിയും ഇസ്രായേല്യർ ആഴത്തിൽ അനുഭവിച്ചത് പുറപ്പാട് സംഭവത്തിലൂടെയാണ്. ഈജിപ്തിൽ നിന്നുള്ള വിമോചനം, സീനായിലെ ഉടമ്പടി, മരുഭൂമിയിലൂടെയുള്ള യാത്ര, വാഗ്ദത്ത ഭൂമി കൈവശമാക്കൽ എന്നീ സംഭവങ്ങൾ യാഹ്വെയുടെ സ്നേഹപൂർണ്ണമായ പരിപാലനയിലും ശക്തിയിലുമുള്ള ഇസ്രായേലിന്റെ വിശ്വാസത്തെ ഉറപ്പിച്ചു. യാഹ്വെ എല്ലാറ്റിനുമുപരിയായിട്ടുള്ള ഏക ദൈവമാണെന്നും തന്റെ വചനങ്ങളനുസരിച്ച് അക്ഷരാർത്ഥത്തിൽ തന്നെ അവിടുന്ന് തങ്ങളെ സ്നേഹിക്കുന്നുണ്ടെന്നും അവർക്ക് ബോധ്യപ്പെട്ടു.

പുറപ്പാടിനു മുമ്പുള്ള ചരിത്രത്തെ ഗ്രന്ഥകാരൻ സംഗ്രഹിക്കുന്നത് നിയമ. 26:5-6; 6:21-25 (പുറ. 12:26-27; ജോഷ. 24:2-13, 1സാമു 12:8 ff, സങ്കീ. 73, 135, 136) എന്നിവിടങ്ങളിൽ കാണാം. അബ്രഹാം, ഇസഹാക്ക്, യാക്കോബ്,

www.malankaralibrary.com

ജോസഫ് എന്നിവരിലൂടെ മുന്നേറുന്ന ചരിത്രത്തിലേക്ക് ഗ്രന്ഥകാരൻ ഒന്നെത്തി നോക്കുന്നു. എന്നാൽ പുറപ്പാടനുഭവത്തിലൂടെ രൂഢമൂലമായ യാഹ്വെയിലുള്ള ദൃഢവിശ്വാസമാണ് പൂർവ്വ ചരിത്രത്തെ വികസ്വരമാക്കുന്നത്.

ഉല്പത്തിയുടെ ആദ്യ 11 അദ്ധ്യായങ്ങൾ രൂപപ്പെട്ടപ്പോഴേക്കും ഇസ്രായേലിന് വലിയ ദൈവശാസ്ത്ര പക്വത കൈവന്നിരുന്നു. ഈ ദൈവശാസ്ത്ര പരിജ്ഞാന പക്വതയിലേക്ക് അവരെ നയിച്ചതാകട്ടെ പ്രവാചകന്മാരായിരുന്നു. അങ്ങനെ ഇസ്രായേലിന്റെ ചരിത്രത്തിലെ ആശ്ചര്യകരമായ സംഭവ വികാസങ്ങളിൽ അന്തർലീനമായിരുന്ന ദൈവകരത്തിന്റെ ശക്തമായ ഇടപെടലുകളെ ചികഞ്ഞെടുത്ത് അബ്രാഹത്തിനു മുമ്പുള്ള ചരിത്രവും മെനഞ്ഞെടുക്കാൻ അവർ പ്രാപിച്ചിരുന്ന ദൈവശാസ്ത്ര പരിജ്ഞാനം അവരെ സഹായിച്ചു.

മനുഷ്യ ചരിത്രത്തിന്റെ പ്രാരംഭ സ്ഥിതി തന്റെ കാലത്തെ സ്ഥിതിയിൽ നിന്നും തീർത്തും വ്യത്യസ്തമായിരുന്നെന്ന് ചരിത്രാതീത ഗ്രന്ഥകാരന് നല്ല ബോധ്യമുണ്ടായിരുന്നു. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. പിന്നീട് തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച്, അവയെയെല്ലാം അവന് ഭരമേല്പിച്ചു. ദൈവം സൃഷ്ടിച്ചവയെല്ലാം വളരെ നല്ലതായിരുന്നു (ഉല്പ. 1:31). എന്നാൽ മനുഷ്യൻ ദൈവേഷ്ടം ലംഘിച്ചു. അതുവഴി പാപം ലോകത്തിലേക്ക് പ്രവേശിച്ചു. പാപം മനുഷ്യജീവിതത്തെ ദുസ്സഹമാക്കി. എങ്കിലും കരുണാമയനായ ദൈവം മനുഷ്യകുലത്തെ നാശത്തിൽ നിന്നും രക്ഷിക്കാൻ തിരുമനസ്സായി.

### ഒന്നാം ഘട്ടത്തിന്റെ സന്ദേശം

അബ്രാഹത്തിന്റെ വിളിവരെയുള്ള ചരിത്രം മുഴുവനും മനുഷ്യപാപത്തിന്റെയും അതിന്റെ അനന്തര ഫലങ്ങളുടെയും അവയുടെ ആവർത്തനങ്ങളുടെയും കഥയാണ്. അതോടൊപ്പം പാപിയായ മനുഷ്യന്റെ രക്ഷയിൽ തല്പരനായ ദൈവത്തെയും കാണാം. ശിക്ഷ വിധിച്ചും മാപ്പു നല്കിയും രക്ഷ വാഗ്ദാനം ചെയ്തും മനുഷ്യചരിത്രത്തിൽ ദൈവം തുടർച്ചയായി ഇടപെടുന്നു (ഉല്പ. 3:15, 21, 4:15, 8:21). ദൈവത്തിന്റെ ഈ രക്ഷാപദ്ധതി അവ്യക്തമായിട്ടെങ്കിലും സൃഷ്ടി കർമ്മത്തിൽത്തന്നെ ഉൾചേർന്നിട്ടുണ്ട്. അബ്രാഹത്തിന്റെ തിരഞ്ഞെടുപ്പിൽ അത് പ്രസ്പഷ്ടമാകുന്നു (ഉല്പ. 17:5–8).

ചരിത്രാതീത ചരിത്രത്തിലെ ഓരോ സംഭവത്തിലും 3 കാര്യങ്ങൾ കാണാം. 1. പാപം. 2. ശിക്ഷ. 3. കരുണ. എന്നാൽ ബാബേൽ ഗോപുരത്തിന്റെ വിവരണത്തിൽ ഒരു വ്യത്യാസം കാണുന്നുണ്ട്. ഈ സംഭവം ശിക്ഷയോടെ അവസാനിപ്പിച്ചിരിക്കുന്നു. മൂന്നാമത്തെ ഘടകമായ കരുണ അബ്രാഹത്തിന്റെ വിളിയിലാണ് ഉൾചേർത്തിരിക്കുന്നത്. അബ്രാഹത്തിന്റെ വിളിയോടെ രക്ഷയുടെ ചരിത്രത്തിലെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. ദൈവജനത്തിന്റെ ചരിത്രം അബ്രാഹത്തിന്റെ വിളിയോടെയാണ് യഥാർത്ഥത്തിൽ ആരം

www.malankaralibrary.com

ഭിക്കുന്നതെന്ന് മുമ്പു പറഞ്ഞല്ലോ. മനുഷ്യരോടുള്ള കരുണയിൽ ഈ ഘട്ടം തുടങ്ങുമ്പോൾ ദൈവജനത്തിന്റെ ചരിത്രം ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തിൽ അടിസ്ഥാനമിട്ടതാണെന്ന് വ്യക്തമാകുന്നു.

## 2. അബ്രാഹം മുതൽ മോശവരെ

ദൈവം അബ്രാഹത്തെ പ്രത്യേകം തിരഞ്ഞെടുത്തതു നമ്മിൽ ഒരു ചോദ്യമുയർത്തിയേക്കാം. എന്തുകൊണ്ട് ദൈവം ഒരു ജനത്തോടു മാത്രം ഈ മമത കാണിക്കുന്നു? എന്തുകൊണ്ട് അവരോടു മാത്രം അവിടുന്ന് സവിശേഷമായ ചങ്ങാത്തം പുലർത്തുന്നു? രക്ഷ എല്ലാവർക്കുമുള്ളതല്ലേ? എങ്കിൽപ്പിന്നെ ഇസ്രായേലിന്റെ രക്ഷയിൽ മാത്രം ദൈവം എന്തിനു കൂടുതൽ താല്പര്യം കാട്ടുന്നു?

ഇതിനുള്ള ഉത്തരം രക്ഷാചരിത്രത്തിന്റെ ആരംഭത്തിൽത്തന്നെ ദൈവം നല്കുന്നുണ്ട്. അവിടുന്നു അബ്രാഹത്തോടു പറഞ്ഞു: "നിന്നിൽ ഭൂമിയിലെ എല്ലാ ജനതയും അനുഗ്രഹിക്കപ്പെടും" (ഉല്പ. 12:3). ഇതിൽ നിന്നും ദൈവം ഇസ്രായേലിനെ തിരഞ്ഞെടുത്തത് ലോകം മുഴുവനും വേണ്ടിയായിരുന്നുവെന്നു വ്യക്തമല്ലേ? ഈ തിരഞ്ഞെടുപ്പു വഴി ഇസ്രായേലിനു വലിയൊരു സ്ഥാനം ലഭിച്ചു. ആ സ്ഥാനം അവരുടെ യോഗ്യതയ്ക്ക് ലഭിച്ച അംഗീകാരമോ സമ്മാനമോ ആയിരുന്നില്ല.

ഏതെങ്കിലും മാനുഷിക മേന്മയുടെ അടിസ്ഥാനത്തിലുമല്ല ദൈവം ഇസ്രായേലിനെ തിരഞ്ഞെടുത്തത് (നിയ. 7:6-8). തന്റെ ലക്ഷ്യം നിറവേറ്റാൻ ദൈവത്തിന് മറ്റാരേയും തിരഞ്ഞെടുക്കാമായിരുന്നു. നേരെമറിച്ച് ഇസ്രായേലിനു ലഭിച്ച സ്ഥാനം മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യാനുള്ള ഒരു വിളിയായിരുന്നു. യഥാർത്ഥത്തിൽ വലിയൊരു ഉത്തരവാദിത്വമാണ് ദൈവം ഇസ്രായേലിനെ ഏല്പിച്ചത്. ഉന്നതമായൊരു ദൗത്യമെന്നു തന്നെ പറയാം. ലോകത്തെ രക്ഷിക്കാൻ ഇസ്രായേലിനെ അവിടുന്ന് അങ്ങനെ ഒരു ഉപകരണമാക്കുകയായിരുന്നു. എന്നാൽ തങ്ങളെ തിരഞ്ഞെടുത്ത ദൈവത്തിന്റെ മനസ്സിലിരിപ്പ് പൂർണ്ണമായും മനസ്സിലാക്കാൻ അബ്രാഹത്തിനോ മറ്റു പൂർവ്വ പിതാക്കന്മാർക്കോ, തിരഞ്ഞെടുക്കപ്പെട്ട ജനത്തിനോ കഴിഞ്ഞില്ല. ക്രിസ്തുവിന്റെ വരവിനു ശേഷമാണ് ദൈവത്തിന്റെ ലക്ഷ്യം എന്തായിരുന്നുവെന്ന് സ്പഷ്ടമായി വെളിവാക്കപ്പെട്ടത്.

അബ്രാഹം, ഇസഹാക്ക്, യാക്കോബ്, ജോസഫ്, മോശ, ദാവീദ്, ഏലിയാ എന്നിവർ രക്ഷാചരിത്രത്തിലെ പ്രധാന വ്യക്തികളായിരുന്നല്ലോ. അവർ വരാനിരുന്നവന്റെ പ്രതിരൂപങ്ങൾ മാത്രമായിരുന്നു. അവർ വിശ്വാസത്തിനനുസൃതമായി ജീവിച്ചവരാണ്. മിശിഹായുടെ ആഗമനം കാത്തിരുന്നവരാണ്. (cfr. യോഹ. 8:56; 2:4 = 17:1; 4:25). 'ദാവീദിൻ സുത'ന്റെ ജനനത്തെക്കുറിച്ച്

www.malankaralibrary.com

നാഥാൻ പ്രവചിച്ചിരുന്നു (2 സാമു. 7:12-16). ദൈവരാജ്യം സ്ഥാപിച്ച് ദാവീദിന്റെ സിംഹാസനത്തിൽ എന്നേയ്ക്കും വാഴേണ്ടിയിരുന്ന ആ പുത്രനെക്കുറിച്ചുള്ള പ്രതീക്ഷയിലാണ് ഇസ്രായേലിന്റെ പിൽക്കാലചരിത്രം ചുറ്റിക്കറങ്ങിയത്.

ബാബിലോണിലെ പ്രവാസത്തിൽ ഇസ്രായേൽ അനുഭവിച്ച യാതനകൾക്ക് അർത്ഥം നൽകാൻ ഈ പ്രവചനത്തിനു കഴിഞ്ഞിട്ടുണ്ട്. പ്രവാചകന്മാരാണ് അതിനു സഹായിച്ചത്. വിശ്വാസത്തിൽ ഉറച്ചുനിന്ന് യാതനകളെ അതിജീവിച്ച ഒരു ചെറിയ ഗണം മാത്രമാണ് പ്രവാസത്തിനു ശേഷം തിരിച്ചുവന്നത്. ചരിത്രഗതിയിൽ ദൈവത്തിന്റെ രക്ഷാ പ്രവർത്തനധാര ഒരു ജനതയിൽ നിന്നും ഒരു വ്യക്തിയിലേക്ക് കേന്ദ്രീകരിക്കുന്നതും പിന്നീട് മറ്റൊരു ജനതയിലേക്ക് വികസിക്കുന്നതും നമുക്കിവിടെ കാണാം. ദൈവം ഒരു ജനതയെ (ഇസ്രായേലിനെ) തിരഞ്ഞെടുക്കുന്നു. അതിൽ ചെറിയ ഒരു ഗണം മാത്രം അവശേഷിക്കുന്നു. അവസാനം ഒരാൾ മാത്രം - ക്രിസ്തു. ക്രിസ്തുവിൽ നിന്നും വീണ്ടുമതു പെരുകുന്നു, അപ്പസ്തോലന്മാർ, സമൂഹം എന്നിങ്ങിനെ. അതോടെ പുതിയൊരു ജനത ഉയിർകൊള്ളുന്നു - തിരുസഭ.

## പഴയനിയമകാലത്തെ സാമൂഹിക സാംസ്ക്കാരിക രാഷ്ട്രീയ സ്ഥിതികൾ

ബൈബിളിൽ പരാമർശിക്കപ്പെടുന്ന ചരിത്ര വസ്തുതകളെപ്പറ്റി നിരവധി ഗവേഷണങ്ങൾ ആധുനിക കാലത്ത് നടത്തിയിട്ടുണ്ട്, പ്രത്യേകിച്ചും ഭൂഗർഭ ഗവേഷണങ്ങളും പുരാവസ്തു ഗവേഷണങ്ങളും. പൂർവ്വ പിതാക്കന്മാരെക്കുറിച്ചുള്ള ബൈബിളിലെ വിവരണങ്ങൾ ഏറെക്കുറെ കൃത്യമായ ചരിത്ര വസ്തുതകളാണെന്ന് ഈ ഗവേഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട് എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഇതിനെല്ലാം പുറമെ പഴയ നിയമത്തിൽ കാണുന്ന സാമൂഹിക സാംസ്ക്കാരിക രാഷ്ട്രീയ സ്ഥിതികളെ നിരവധി ബൈബിളിതര സ്രോതസ്സുകളും (രേഖകളും) ശരിവെയ്ക്കുന്നുണ്ട്. അവയിൽ ചിലത് ചൂണ്ടിക്കാണിക്കാം:

### ബൈബിളിതര സ്രോതസ്സുകൾ (രേഖകൾ)

- പുരാവസ്തു ശാസ്ത്രത്തിന്റെയും മറ്റ് ആധുനിക ഗവേഷണങ്ങളുടെയും കണ്ടെത്തലുകൾ.
- ബി.സി. 19-ാം നൂറ്റാണ്ടിലെ കപ്പദോക്കിയൻ രേഖകൾ
- ബി.സി. 20-ാം നൂറ്റാണ്ടു മുതൽ 8-ാം നൂറ്റാണ്ടുവരെ ഈജിപ്തിൽ നിലവിലിരുന്ന ശാപമോക്ഷ രേഖകൾ.
- ബി.സി. 19-ാം നൂറ്റാണ്ടു മുതൽ 16-ാം നൂറ്റാണ്ടു വരെയുള്ള ബാബിലോണിയൻ സാമ്രാജ്യരേഖകൾ.

www.malankaralibrary.com

- ബി.സി. 18-ാം നൂറ്റാണ്ടിലെ മാറിരേഖകൾ.
- ബി.സി.17-ാം നൂറ്റാണ്ടു മുതൽ 15-ാം നൂറ്റാണ്ടു വരെയുള്ള അലാലാക് ഫലകങ്ങൾ
- ബി.സി. 15-ാം നൂറ്റാണ്ടിലെ നൂസി ലിഖിതങ്ങൾ
- ബി.സി. 15 മുതൽ 13 വരെയുള്ള നൂറ്റാണ്ടുകളിലെ റാഷ് ഷംറാ ഫലകങ്ങൾ
- ബി.സി. 14, 13 നൂറ്റാണ്ടുകളിലെ ടെൽ-എൽ-അമർണ ഫലകങ്ങൾ.

പഴയ നിയമ വിവരണങ്ങളുടെ സാധുത തെളിയിക്കാനുതകുന്നവയാണ് മേൽ പ്രസ്താവിച്ച ബൈബിളിതര രേഖകൾ എന്നു പറഞ്ഞുവല്ലോ. ഇവ പശ്ചിമേഷ്യയിൽ നിന്നും ഈജിപ്തിൽ നിന്നും ലഭിച്ചിട്ടുള്ളവയാണ്. അബ്രാഹത്തെക്കുറിച്ചോ ബൈബിളിലെ മറ്റേതെങ്കിലും വ്യക്തിയെ കുറിച്ചോ ഈ രേഖകളൊന്നിലും വ്യക്തമായി പ്രതിപാദിക്കുന്നില്ല. ഒരു പക്ഷേ, അന്ന് ദേശീയ രേഖകളിൽ പരാമർശിക്കപ്പെടാൻ മാത്രം പ്രാധാന്യം കല്പിക്കപ്പെട്ടവരായിരുന്നിരിക്കില്ല അവർ. എന്നാൽ ഇതോടൊപ്പം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമുണ്ട്. ബൈബിൾ വിവരണങ്ങൾക്കെതിരായി യാതൊരു രേഖയും ഇന്നേവരെ കണ്ടുകിട്ടിയിട്ടില്ല. അതേസമയം ബൈബിളിൽ കാണുന്ന സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സ്ഥിതി ബൈബിളിതര രേഖകളിൽ കാണുന്ന സ്ഥിതി തന്നെയാണുതാനും. ഇതെല്ലാം ബൈബിൾ വിവരണങ്ങളെ കൂടുതൽ ശരി വയ്ക്കുകയല്ലേ ചെയ്യുന്നത്?

ഇന്നത്തെ കുവൈറ്റിനടുത്തുള്ള ഒരു പ്രദേശത്ത് ബി.സി. 19-ാം നൂറ്റാണ്ടിനോടടുത്താണ് അബ്രാഹം ജീവിച്ചിരുന്നതെന്ന് ആധുനിക ഗവേഷണങ്ങൾ വഴി ബൈബിൾ പണ്ഡിതർ ഏറെക്കുറെ നിർണ്ണയിച്ചിട്ടുണ്ട്. അതുപോലെ തന്നെ പൂർവ്വപിതാക്കന്മാരായി ബന്ധമുള്ള ചില സാമൂഹികാചാരങ്ങളെപ്പറ്റി മാറി, നൂസി എന്നീ രേഖകളിൽ നിന്നും അറിയാനായിട്ടുണ്ട്. (ഉല്പ. 15:1-4, 16:1-2, 21:11-12, 31:19, 34-35, 50). മെക്പെല്ലാ ഗുഹ അബ്രാഹം ഹിത്യരിൽ നിന്നും വാങ്ങിയ സംഭവം മനസ്സിലാക്കാൻ ഹിത്യരുടെ നിയമവും സഹായകമാകും.

മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽക്കാർ ഈജിപ്തിൽ നിന്നും പുറപ്പെട്ടതും ജോഷ്വയുടെ നേതൃത്വത്തിൽ വാഗ്ദത്ത ഭുമി കൈവശമാക്കിയതും ഏകദേശം ബി.സി. 13-ാം നൂറ്റാണ്ടിലായിരുന്നു. യൗസേപ്പും ഇസ്രായേൽ കുടുംബവും ഈജിപ്തിൽ വന്നത് ഹിക്സോസ് വംശത്തിന്റെ (1720-1550 ബി.സി.) ഭരണകാലത്താണ്. നാട്ടുകാരനായ ഫറവോ വംശം ഹിക്സോസ് രാജവംശത്തെ ഉന്മൂലനം ചെയ്ത് അമോസെസിന്റെ നേതൃത്വത്തിൽ രാജവാഴ്ചയുടെ 18-ാം പരമ്പര (dynasty) സ്ഥാപിച്ചു (പുറ. 1:8). യഹൂദർക്കെതിരെയുള്ള പീഡനം അരങ്ങേറിയത് ഫറവോ വംശത്തിലെ റാംസേസ് 2-ാ

www.malankaralibrary.com

മന്റെ കാലത്തായിരുന്നു. ഇദ്ദേഹം പിത്തോം (തെൽ-എൽ-റത്താബേ), റാംസെസ് (താനിസ്) എന്നീ സ്ഥലങ്ങളിൽ സൗധങ്ങളും കോട്ടകൊത്തളങ്ങളും പണി കഴിപ്പിച്ചു. (പുറ 1:11)

**വാഗ്ദത്ത ദേശമായ് കാനാൻ**

കാനാന്യർ, ഹിത്യർ, ഹോര്യർ എന്നിവരാണ് ബി.സി.13-ാം നൂറ്റാണ്ടിൽ കാനാൻ ദേശത്തു പാർത്തിരുന്നത്. രാജാക്കന്മാർ ഭരിച്ചിരുന്ന നഗര രാഷ്ട്ര സംവിധാനമാണ് (city states) അവരുടെയിടയിൽ നിലവിലിരുന്നത്. നൂറ്റാണ്ടുകളോളം കാനാൻ ദേശം ഈജിപ്തിന്റെ അധീനതയിലായിരുന്നതുകൊണ്ട് കാനാനിലെ രാജാക്കന്മാർ ഈജിപ്തിലെ ഫറവോയ്ക്കു കപ്പം കൊടുത്തുകൊണ്ടിരുന്നു.

കാനാന്യരിൽ ഈജിപ്ഷ്യൻ സംസ്കാരം വളരെയേറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. എങ്കിലും മതപരമായി കാനാനിൽ ഈജിപ്ഷ്യൻ സ്വാധീനമില്ലായിരുന്നു. ഉഗാരിറ്റിക് രേഖകളിൽ നിന്നും നമുക്കിതു മനസ്സിലാക്കാം. മതപരമായി കാനാനിലെ ജനങ്ങൾ നിരവധി ദേവന്മാരെ ആരാധിച്ചിരുന്നു. ഏൽ (El) ആയിരുന്നു ഈ ദേവഗണത്തിന്റെ തലവൻ. ബാലും (Baal) അഷാറയും (Asharah), അസ്റ്റാർട്ടെയു (Astarte) യുമായിരുന്നു ഏറെ പ്രിയപ്പെട്ട ദേവന്മാർ. ഫലപുഷ്ടിയെ മുൻനിറുത്തി ചെയ്തിരുന്ന ആരാധന, വേശ്യാവൃത്തിയും, നരബലിയും ഒക്കെ ഉൾപ്പെട്ടതായിരുന്നു. ജോഷ്വയുടെ നേതൃത്വത്തിൽ ഇസ്രായേല്യർ കാനാൻ ദേശം കീഴടക്കിയെങ്കിലും നിരവധി കാനാന്യർ അങ്ങിങ്ങായി വസിച്ചിരുന്നു. കാലാന്തരത്തിൽ അവരുടെ ആരാധനാനുഷ്ഠാനങ്ങളും സംസ്കാരവും ഇസ്രായേല്യരുടെ ജീവിതത്തിലും കടന്നുകൂടി.

## 3. മോശമുതൽ ദാവീദുവരെ

ജോഷ്വയുടെ മരണശേഷം (ബി.സി. 1225) ഇസ്രയേൽ ജനതയുടെ ഐക്യം ഗണ്യമായി നഷ്ടപ്പെട്ടു. തുടർന്ന് 200 വർഷത്തേക്ക് കേന്ദ്രീകൃതമായൊരു ഭരണം ഉണ്ടായിരുന്നില്ല. (cf. ന്യായാ. 17:6). ഈ സാഹചര്യം മുതലാക്കിക്കൊണ്ട് അവരുടെ അയൽ രാജാക്കന്മാർ (കാനാന്യർ, ഫിലിസ്ത്യർ, അമ്മോന്യർ, അമലേക്യർ, മിദിയാൻകാർ) ഇസ്രായേല്യരെ പലപ്പോഴും ആക്രമിക്കാനും ചിതറിക്കാനും ശ്രമിച്ചു. ഈ സാഹചര്യത്തിൽ അക്രമികളിൽ നിന്നും തങ്ങളുടെ ജനത്തെ രക്ഷിക്കാൻ ഗോത്രത്തലവന്മാർ മുന്നോട്ടു വന്നു. അവർ ന്യായാധിപന്മാർ എന്നാണ് അറിയപ്പെട്ടത്. ഇസ്രായേലിൽ 13 ന്യായാധിപന്മാരുണ്ടായിട്ടുണ്ട്. അവരിൽ ദെബോറയും ഗിദയോനും ജെഫ്തെയും സാംസനും സമുവേലുമാണ് പ്രധാനികൾ. ക്രമേണ, മറ്റു ജനതകളെപ്പോലെ തങ്ങൾക്കും ഒരു രാജാവുണ്ടെങ്കിൽ ഏറെ നല്ലതാണെന്ന് ഇസ്രായേല്യർക്കു

www.malankaralibrary.com

തോന്നിത്തുടങ്ങി. അതിൻ പ്രകാരം തങ്ങൾക്ക് ഒരു രാജാവിനെ നിയമിച്ചു തരണമെന്ന് അന്നത്തെ ന്യായാധിപനും പ്രവാചകനുമായിരുന്ന സാമുവേലിനോട് അവർ ആവശ്യപ്പെട്ടു. എന്നാൽ സാമുവേൽ അതു നിരസിച്ചു. ജനങ്ങളുടെ നിർബന്ധമനുസരിച്ച് സാവൂളിനെ രാജാവായി നിയമിക്കാൻ ദൈവം സാമുവേലിനോട് ആവശ്യപ്പെട്ടു. അതനുസരിച്ച് സാവൂളിനെ ഇസ്രായേലിന്റെ പ്രഥമ രാജാവായി സാമുവേൽ അഭിഷേപിച്ചു (ca. 1025 B.C). പിന്നീട് സാവൂൾ തന്നോട് അവിശ്വസ്തത കാണിച്ചതിനാൽ ദൈവം സാവൂളിനെ തിരസ്കരിച്ചു. (1 സമു. 13:8–14, 15:8–28). അനന്തരം ദൈവത്തിന്റെ അരുളപ്പാടനുസരിച്ച് ഇടയചെറുക്കനായിരുന്ന ദാവീദിനെ ഇസ്രായേലിന്റെ രാജാവായി സാമുവേൽ രഹസ്യത്തിൽ അഭിഷേപിക്കുകയും ചെയ്തു (1 സാമു. 16:1–13).

## 4. ദാവീദുമുതൽ ക്രിസ്തുവരെ

ബി.സി. 998–നോടടുത്ത് 30–ാം വയസ്സിൽ ദാവീദ് ഇസ്രായേലിന്റെ മുഴുവൻ രാജാവായി. ജറുസലെമിൽ തനിക്കായി ഒരു കൊട്ടാരം പണിതീർത്ത് തലസ്ഥാനം ഹെബ്രോനിൽ നിന്നും ജറുസലെമിലേക്ക് അദ്ദേഹം മാറ്റി. അപ്പോൾ ദാവീദിന് വലിയൊരു ആഗ്രഹം ജനിച്ചു: ഇസ്രായേലിന്റെ ദൈവമായ യാഹ്വെയുടെ വാഗ്ദാന പേടകത്തെ ഒരു കൂടാരത്തിലാണ് സൂക്ഷിച്ചിരുന്നത്. അവിടുത്തേ ദാസനായ താൻ കൊട്ടാരത്തിൽ വസിക്കുമ്പോൾ യാഹ്വെയുടെ പേടകത്തെ കൂടാരത്തിൽ സൂക്ഷിക്കുകയോ? അത് ഒട്ടും ശരിയല്ല എന്നു ദാവീദിനു തോന്നി. അതിനാൽ യാഹ്വെയ്ക്ക് അതിവിശിഷ്ടമായ ഒരാലയം നിർമ്മിക്കാൻ ദാവീദ് തീരുമാനിച്ചു. (2 സാമു. 7:1–16). ദാവീദിന്റെ തീരുമാനം യാഹ്വെയെ അതീവ സന്തുഷ്ടനാക്കി. അവിടുന്ന് ദാവീദിന് തക്ക പ്രതിസമ്മാനവും നല്കി. ദാവീദിന്റെ ഭവനത്തെ അവിടുന്ന് അനശ്വരമാക്കി. (2 സാമു. 7:12–13; cf. അപ്പ. പ്ര. 2:30, 2കൊരി. 6:18, ഹെബ്രാ. 1:8). ഇസ്രായേലിനെ സുശക്തമായ ഒരു രാഷ്ട്രമായി പടുത്തുയർത്താൻ ദാവീദിനു കഴിഞ്ഞിരുന്നു. എങ്കിലും ഇടയ്ക്കിടെയുള്ള യുദ്ധങ്ങളും ദാവീദ് ഏർപ്പെടുത്തിയ നിർബന്ധിത തൊഴിലുകളും വലിയ അഘാതമാണ് ജനങ്ങളിൽ ഏല്പിച്ചത്. അതുമൂലം അവർ കുറെയേറെ അസംതൃപ്തരായി. നാല്പതു വർഷക്കാലം ദാവീദ് ഇസ്രായേലിനെ ഭരിച്ചു. (1 രാജാ. 2:11).

ദാവീദിനു ശേഷം സോളമൻ രാജാവായി. അദ്ദേഹവും 40 വർഷക്കാലം ഭരിച്ചു (1 രാജാ. 11:42). ദാവീദിന്റെ ആഗ്രഹമായിരുന്ന ജറുസലെം ദേവാലയം മനോഹരമായി പണി കഴിപ്പിച്ചത് സോളമനാണ്. നിരവധി രാജ്യങ്ങളുമായി സോളമനു സഖ്യമുണ്ടായിരുന്നു. വിവാഹ ബന്ധങ്ങളിൽ ഏർപ്പെട്ടുകൊണ്ടാണ് ഈ സഖ്യം അദ്ദേഹം ബലപ്പെടുത്തിയത്. അതുവഴി സോളമന് ധാരാളം വിദേശ ഭാര്യമാരുണ്ടായി (1 രാജാ. 11:1–3). സോളമന്റെ ഭരണ

www.malankaralibrary.com

ത്തിൻ കീഴിലും ജനങ്ങൾ അതൃപ്തരായിരുന്നു. കാരണം, ജനങ്ങളുടെ മേൽ ഭാരിച്ച നികുതികൾ അദ്ദേഹം കെട്ടിവെച്ചു. കഠിന വേലകൾ അടിച്ചേല്പിക്കുന്നതിൽ ദാവീദിനെ കടത്തി വെട്ടുകയും ചെയ്തു. മതപരമായ പ്രകോപനവും വലുതായിരുന്നു. സോളമന്റെ വിജാതീയ ഭാര്യമാരുടെ പ്രോത്സാഹനത്തോടെ വിഗ്രഹാരാധന ഇസ്രായേലിൽ വ്യാപകമായി. ഇത് യഹൂദമത ജീവിതത്തെ താറുമാറാക്കിയെന്ന് പറയണ്ടല്ലോ. ഇക്കാലഘട്ടത്തിലാണ് പ്രവാചകന്മാരധികവും രംഗപ്രവേശനം ചെയ്തത്.

സോളമനു ശേഷം രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. ഇസ്രായേലും, യൂദായും. ദക്ഷിണ പലസ്തീനയുടെ പേരാണ് യൂദയാ. യൂദാ ഗോത്രവും ബഞ്ചമിൻ ഗോത്രവും ചേർന്നാണ് ആ രാജ്യത്തിന് രൂപം കൊടുത്തത്. ജറുസലെമായിരുന്നു യൂദയായുടെ തലസ്ഥാനം. ആദ്യത്തെ രാജാവ് റെഹൊബൊവാം (931–913 ബി.സി). മറ്റു പത്തു ഗോത്രങ്ങൾ ചേർന്നുള്ള ഉത്തര പലസ്തീന ഇസ്രായേൽ എന്നറിയപ്പെട്ടു. ആദ്യത്തെ രാജാവ് ജെറൊബൊവാം (931–910, ബി.സി.). ഷെക്കെം ആയിരുന്നു ഇസ്രായേലിന്റെ തലസ്ഥാനം. 200 വർഷങ്ങൾക്കു ശേഷം ഹോസിയായുടെ ഭരണകാലത്ത് (732–724 ബി.സി.) അസ്സീറിയൻ രാജാവായ ഷൽമനാസ്സർ (727–722 ബി.സി.) സമരിയ വളഞ്ഞു. അദ്ദേഹത്തിന്റെ പിൻഗാമി സാർഗൺ (Sargon II, 722–705 ബി.സി.) ഇസ്രായേലിനെ കീഴടക്കി, ജനങ്ങളെയെല്ലാം ബന്ധിച്ച് അസ്സീറിയായിലേക്കു കൊണ്ടുപോയി (2 രാജാ. 17:5–6). ഇങ്ങനെ അസ്സീറിയൻ പ്രവാസം ഉണ്ടായി (721 ബി.സി.).

പിന്നീട് സെദെക്കിയായുടെ ഭരണകാലത്ത് (BC 598–587) ബാബിലോണിയൻ രാജാവായിരുന്ന നബുക്കദ്നെസ്സർ യൂദയാ കീഴടക്കി; ജെറുസെലം ദേവാലയം നശിപ്പിച്ച് ഹെബ്രായരെ തടവുകാരാക്കി ബാബിലോണിലേക്ക് കൊണ്ടുപോയി. അമ്പതു വർഷത്തോളം അവർക്ക്, ബാബിലോണിൽ പ്രവാസികളായി കഴിയേണ്ടി വന്നു (587–538 B.C.). പേർഷ്യൻ രാജാവായിരുന്ന സൈറസാണ് (B.C. 550–530) ഇസ്രായേലിന്റെ ബാബിലോണിയൻ വിപ്രവാസം അവസാനിപ്പിച്ചത്. അദ്ദേഹം B.c. 539–ൽ ബാബിലോൺ പിടിച്ചടക്കിയപ്പോൾ, സ്വദേശത്തേക്ക് തിരിച്ചു പോകാൻ ഹെബ്രായരെ അനുവദിക്കാൻ തീരുമാനിച്ചു. അതിനായി B.C. 538–ൽ ഒരു ഔദ്യോഗിക വിളംബരം പുറപ്പെടുവിക്കുകയും ചെയ്തു.

തുടർന്നും അവർക്ക് നിരവധി വിദേശാക്രമണങ്ങളെ നേരിടേണ്ടി വന്നിട്ടുണ്ട്. ക്രിസ്തുവിനു മുമ്പ് പേർഷ്യക്കാരും ഗ്രീക്കുകാരും റോമാക്കാരും യൂദയാ ആക്രമിച്ചിരുന്നു. വിപ്രവാസത്തിനു മുമ്പുള്ള 438 വർഷത്തേക്ക് ഹെബ്രായർക്ക് രാജഭരണമായിരുന്നു നിലവിലിരുന്നത്. ഇക്കാലയളവിൽ ഇസ്രായേലിലും യൂദായിലും കൂടി 36 രാജാക്കന്മാർ ഭരണം നടത്തി. എന്നാൽ പ്രവാസശേഷം ഇസ്രായേലിൽ രാജാക്കന്മാരില്ലായിരുന്നു. ഡെലഗേറ്റുകളും

www.malankaralibrary.com

ഗവർണർമാരും പ്രധാന പുരോഹിതരുമാണ് ഭരണം നടത്തിയത്. ഹേറോദേസു വരെ (37–4 B.C) ഇത് തുടർന്നു. B.C. 39–ൽ റോമൻ സെനറ്റിൽ നിന്നും "രാജാവ്" എന്ന സ്ഥാനപ്പേര് ഹേറോദേസിനു ലഭിച്ചു.

## പുതിയ നിയമകാലം

പുതിയ നിയമ കാലഘട്ടത്തിന്റെ സിംഹഭാഗവും പലസ്തീന റോമൻ ആധിപത്യത്തിൻ കീഴിലായിരുന്നു. ടാസിറ്റസ്, പ്ലീനി, ഫ്ളാവിയുസ് ജോസഫ് എന്നീ പുരാതന ഗ്രന്ഥകാരന്മാരിൽ നിന്നും ഇക്കാലത്തെക്കുറിച്ച് ധാരാളം അറിവ് നമുക്ക് ലഭിക്കുന്നുണ്ട്. 'നിയമാനുഷ്ഠാനം', 'ആരാധനക്രമം' എന്നിവയെക്കുറിച്ചുള്ള അഭിപ്രായ വ്യത്യാസങ്ങൾ യഹൂദർക്കിടയിൽ ഗ്രൂപ്പിസം വളർത്തി. ഫരിസേയർ, സദുക്കായർ, തീവ്രവാദികൾ, എസ്സീനികൾ എന്നിവരുടേതായിരുന്നു പ്രധാന ഗ്രൂപ്പുകൾ.

നിയമാനുഷ്ഠാനത്തിൽ അങ്ങേയറ്റം കാർക്കശ്യം പുലർത്തിയിരുന്ന ഒരു പണ്ഡിത വരേണ്യ വിഭാഗമായിരുന്നു ഫരിസേയർ. ഇവരിലാരും പുരോഹിതരായിരുന്നില്ല. മിഷ്നയിലും (പരമ്പരാഗതമായി വിശ്വസിച്ചു പോന്ന അലിഖിത നിയമങ്ങൾ), തൽമൂദിലുമുള്ള (ലിഖിത ഭാവം സിദ്ധിച്ച 619 പ്രത്യേക നിയമങ്ങൾ) അറിവ് യഥാർത്ഥ ഭക്തിയുടെയും വിശുദ്ധിയുടെയും തെളിവായി അവർ കണക്കാക്കി. സാബത്ത്, ദശാംശം, ക്ഷാളനങ്ങൾ എന്നിവയുടെ കണിശമായ അനുഷ്ഠാനം വഴി മറ്റുള്ളവരുടെയിടയിൽ ഫരിസേയർക്ക് സമുന്നത സ്ഥാനം കൈവന്നു. ശരീരത്തിന്റെ ഉത്ഥാനം, മാലാഖമാരുടെ അസ്തിത്വം, മിശിഹായുടെ ആഗമനം, അന്ത്യവിധി എന്നിവയിൽ അവർ വിശ്വസിച്ചിരുന്നു. 140 B.C. യോടടുത്താണ് ഫരിസേയർ ഒരു സംഘടിത സമൂഹമായി മാറുന്നത്. ക്രിസ്തുവിന്റെ കാലത്ത് ആറായിരത്തിൽ താഴെ അംഗങ്ങളാണ് ഫരിസേയ സമൂഹത്തിലുണ്ടായിരുന്നത്.

പുരാതന പുരോഹിത പ്രധാനിയായിരുന്ന സാദോക്കിന്റെ (1 രാജാ. 1:26) പിൻഗാമികളെന്ന് അവകാശപ്പെട്ടിരുന്നവരാണ് സദുക്കായർ. സദുക്കായർ എന്ന പേരു തന്നെ സാദോക്ക് എന്ന നാമത്തിന്റെ രൂപഭേദമാണല്ലോ. സദുക്കായർ പ്രധാനമായും ദൈവാലയത്തിലെ പുരോഹിതരും, ശുശ്രൂഷക്കാരുമായിരുന്നു. ഫരിസേയരുടെ വീക്ഷണങ്ങളെ പ്രത്യേകിച്ച് മിഷ്നയെ ആസ്പദമാക്കിയുള്ള അനുഷ്ഠാനങ്ങളെ, നഖശിഖാന്തം സദുക്കായർ എതിർത്തു. നിയമ വ്യാഖ്യാനം വൈദികരുടെ അവകാശമാണെന്നും അവൈദികരായ ഫരിസേയർ അതു ചെയ്യുന്നത് തെറ്റാണെന്നും സദുക്കായർ കരുതി. സദുക്കായ വീക്ഷണമനുസരിച്ച് മനുഷ്യ ചെയ്തികളുടെ ഉത്തരവാദിത്വം മനുഷ്യനിൽ തന്നെയാണ്; ദൈവ പരിപാലനയെന്നോ വിധിയെന്നോ പറഞ്ഞു കൂടാ. മരണാനന്തരം "രക്ഷ", "ശിക്ഷ" എന്നൊന്നും ഇല്ല. ഉത്ഥാനമേ ഇല്ല. മാലാഖമാരുടെ അസ്തിത്വവും അവർ നിഷേധിച്ചു.

www.malankaralibrary.com

മൗലിക വാദികളും ദേശസ്നേഹികളുമായ മതഭ്രാന്തരായിരുന്നു തീവ്ര വാദികൾ. വിദേശീയരോട്, പ്രത്യേകിച്ച് റോമാക്കാരോടു വിരോധം വച്ചു പുലർത്തിയിരുന്ന ഇവർ ആയുധം ധരിച്ചാണ് സാധാരണ നടന്നിരുന്നത്. വിശാലമായ ഒരർത്ഥത്തിൽ, മതപരമായ നിയമാനുഷ്ഠാനങ്ങളിൽ അതിരറ്റ ആവേശം കാണിച്ചിരുന്ന തീക്ഷ്ണമതികളായിരുന്നു ഇവർ. (ലൂക്കാ 6:15, അപ്പ. പ്ര. 1:13 = ശിമയോൻ = മത്താ. 10:4, മർക്കോ. 3:18 = കാനാൻകാരൻ, ഹീബ്രു ഭാഷയിൽ).

എസ്സിനികളെക്കുറിച്ച് പുതിയ നിയമത്തിൽ യാതൊരു പരാമർശനവുമില്ല. അവരെ ഒരു ഭക്ത സമൂഹമായാണ് കരുതി വന്നത്. കാരണം സമൂഹത്തിൽ നിന്നും വിടവാങ്ങി അവർ ഏകാന്തതയിൽ വസിക്കുകയായിരുന്നു.

# 5. ക്രിസ്തുമുതൽ സഭാ സ്ഥാപനംവരെ

ക്രിസ്തുവിന്റെ ജനനത്തെ ആസ്പദമാക്കി ചരിത്രത്തെ ക്രിസ്തുവിനു മുമ്പ് (BC) എന്നും ക്രിസ്തുവിന് പിമ്പ് (AD) എന്നും തിരിച്ചിട്ടുണ്ടല്ലോ. റോമിലെ ഒരു ആശ്രമാധിപനായിരുന്ന ഡയനീഷ്യസ് എക്സിഗുവസ് AD 525-ൽ നടപ്പിലാക്കിയതാണ് ഈ വിഭജനം. അതുവരെ ക്രിസ്തുമത മർദ്ദകനായിരുന്ന ഡയോക്ലീഷൻ ചക്രവർത്തിയുടെ (284-305 AD) ഭരണത്തെ അടിസ്ഥാനപ്പെടുത്തിയാണ് കാലഗണന നടത്തിയിരുന്നത്. പുതിയ കാലഗണനയിൽ ചില അപാകതകൾ കടന്നു കൂടിയിട്ടുണ്ട്. അതായത് ഡയനീഷ്യസ് എക്സിഗൂവസിന്റെ ചരിത്ര വിഭജനം കൃത്യമല്ല. കൃത്യമായിരുന്നെങ്കിൽ യേശുവിന്റെ ജനനവർഷം AD 1-ൽ ആരംഭിക്കണം. എന്നാൽ ക്രിസ്തു ജനിച്ച് 4 വർഷം കഴിഞ്ഞാണ് AD ആരംഭിച്ചിരിക്കുന്നതെന്നു ന്യായമുണ്ട്. തന്നിമിത്തം ഡയനീഷ്യസ് എക്സിഗൂവസിന്റെ വിഭജനമനുസരിച്ചുള്ള AD 1-ലല്ല, മറിച്ച് BC 4-ലാണ് ക്രിസ്തു ജനിച്ചത് എന്ന് ചരിത്ര പണ്ഡിതർ ഇന്ന് അവകാശപ്പെടുന്നു.

അഗസ്റ്റസ് റോമിലെ ചക്രവർത്തിയും ഹേറോദേസ് യൂദയായിൽ രാജാവും ആയിരിക്കുമ്പോഴാണ് ക്രിസ്തു ജനിച്ചത് എന്ന് ലൂക്കാ രേഖപ്പെടുത്തുന്നുണ്ടല്ലോ (Lk. 1:5; 2:1; cf. മത്താ. 2:1). BC. 4-ലെ പെസഹായ്ക്കു മുമ്പാണ് ഹേറോദേസ് മരിച്ചത് എന്നതിന് ചരത്ര രേഖകളുടെ പിൻബലമുണ്ട്. അങ്ങനെയെങ്കിൽ ഹേറോദേസിന്റെ മരണത്തിന് മുമ്പായിരിക്കണം ക്രിസ്തുവിന്റെ ജനനം. അതായത്, ഇന്ന് AD 1 എന്ന് കാണക്കാക്കുന്നതിലും 4 വർഷം മുമ്പായിരുന്നിരിക്കണം ക്രിസ്തുവിന്റെ ജനനം.

ഇതേ സംബന്ധിച്ച് മറ്റൊരു വസ്തുത കൂടിയുണ്ട്. റോമാചക്രവർത്തിയായ അഗസ്റ്റസ് സീസർ 43 വർഷം ഭരിച്ചു. ലൂക്ക 3:1, 23 അനുസരിച്ച് യേശു പരസ്യജീവിതം ആരംഭിച്ചത് അഗസ്റ്റസ് സീസറിന്റെ പിൻഗാമിയായി

www.malankaralibrary.com

രുന്ന തിബേരിയൂസ് സീസറിന്റെ 15–ാം ഭരണവർഷമാണ്. 30–ാം വയസ്സിലാണല്ലോ അവിടുന്ന് പരസ്യജീവിതം ആരംഭിക്കുക. തിബേരിയൂസിന്റെ 15–ാം ഭരണ വർഷമാണ് യേശുവിന്റെ മുപ്പതാം വയസ്സ് എങ്കിൽ അവിടുത്തെ ജനനം അഗസ്റ്റസ് സീസറിന്റെ ഭരണത്തിന്റെ 28–ാം വർഷത്തിലായിരുന്നിരിക്കണം. ഇത് ബി.സി. 4 ആണ്. അതുകൊണ്ട് ഇപ്പോഴത്തെ ക്രിസ്തുവർഷം ക്രിസ്തുവിന്റെ ജനനത്തിനു ശേഷം 4 വർഷം കൂടി കഴിഞ്ഞാണ് ആരംഭിക്കുന്നത്. യഥാർത്ഥ Anno Domini–യ്ക്ക് 4 വർഷം പുറകിലാണ് നമ്മൾ!

## പലസ്തീനയുടെ രാഷ്ട്രീയ സ്ഥിതി

ക്രിസ്തുവിന്റെ ജനനശേഷം അധികം താമസിയാതെ ഹേറോദേസ് ഒന്നാമൻ മരിച്ചു. (മത്താ. 2:19). അതെത്തുടർന്ന് പലസ്തീനാ രാജ്യം ഹേറോദേസിന്റെ 3 മക്കൾക്കായി വിഭജിക്കപ്പെട്ടു. അർക്കലാവൂസും ഹേറോദേസ് അന്തിപ്പാസും ഫിലിപ്പുമായിരുന്നു ഇവർ. യൂദയായും സമരിയായും ഇദുമേയായും ഉൾപ്പെടെ പകുതി രാജ്യം അർക്കലവൂസിനു ലഭിച്ചു. എന്നാൽ തന്നിഷ്ടക്കാരനായിരുന്ന അർക്കലാവൂസിൽ നിരവധി ഭരണ വൈകല്യങ്ങളും കൂടിയായപ്പോൾ എല്ലാവരും അദ്ദേഹത്തെ വെറുത്തു. തന്മൂലം അർക്കലാവൂസിന്റെ ഭരണം 9 വർഷമായപ്പോഴേക്കും അദ്ദേഹത്തെ അഗസ്റ്റസ് ചക്രവർത്തി വിയന്നയിലേക്കു നാടുകടത്തിക്കൊണ്ട് ആ രാജ്യം റോമൻ പ്രവിശ്യയോടു ചേർത്തു.

പലസ്തീനയുടെ ഇതര ഭാഗങ്ങൾ ഹേറോദേസ് അന്തിപ്പാസിനും ഫിലിപ്പിനും തുല്യമായി ഭാഗിച്ചിരുന്നു. ഗലീലിയും പെറേയയും അന്തിപ്പാസിനുകിട്ടി. അങ്ങനെ അദ്ദേഹം നാലിലൊന്ന് ദേശത്തിന്റെ അധികാരി (Tetrarch-) യായി. ഹേറോദേസ് ഒന്നാമന്റെ മരണശേഷം ഈജിപ്തിൽ നിന്നും തിരിച്ചു പോന്ന തിരുകുടുംബം അന്തിപ്പാസിന്റെ ദേശത്താണ് വാസമുറപ്പിച്ചത്. (മത്താ. 2:22). ക്രിസ്തുവിന്റെ കാലം മുഴുവൻ ഹേറോദേസ് അന്തിപ്പാസ് ഭരണത്തിലുണ്ടായിരുന്നു (B.C. 4–39 A.D-.). തിബേരിയുസ് ആയിരുന്നു അന്തിപ്പാസിന്റെ തലസ്ഥാനം. ഗലീലിക്കടലിന്റെ പടിഞ്ഞാറെ തീരത്തുള്ള ഈ നഗരത്തെ അദ്ദേഹം പ്രൗഢ ഗംഭീരമാക്കി. ആഡംബരപ്രിയവും കോപവും കൗശലവും ഹേറോദേസിന്റെ സ്വഭാവ വിശേഷങ്ങളായിരുന്നു. (ലൂക്കാ. 13:32). റോമിന്റെ പ്രീതിയും അംഗീകരവും സമ്പാദിക്കുന്നതിൽ അദ്ദേഹം പ്രത്യേക വിരുതു കാട്ടി.

നബാത്തെയായിലെ അരേത്താസ് രാജാവിന്റെ മകളെയാണ് ഹേറോദേസ് അന്തിപ്പാസ് വിവാഹം ചെയ്തത്. പിന്നീട്, അവളെ നിഷ്കാസനം ചെയ്ത്, സഹോദരന്റെ (ഫിലിപ്പ്) ഭാര്യയായിരുന്ന ഹേറോദിയായോടൊത്തു ജീവിച്ചു. (മർക്കോ. 6:17, മത്താ. 14:3, cfr ലൂക്കാ. 3:19). ഈ അവിഹിത ബന്ധത്തെ പരസ്യമായി ശാസിച്ചതു നിമിത്തമാണ് സ്നാപക യോഹന്നാൻ വധിക്കപ്പെട്ടത്. (മാർക്കോ. 6:17–29, മത്താ. 14:3–12). 42 വർഷത്തോളം ഹേറോദേസ്

www.malankaralibrary.com

ഗലീലിയിൽ ഭരണം നടത്തി. AD 37–ൽ അരേത്താസ് രാജാവ് അദ്ദേഹത്തെ യുദ്ധത്തിൽ തോല്പിച്ച് പ്രതികാരം ചെയ്തു. എന്നാൽ റോമാക്കാർ അദ്ദേഹത്തെ മോചിപ്പിക്കുകയും A.D. 39–ൽ ലിയോൺസിലേക്ക് നാടുകടത്തുകയും ചെയ്യുകയാണുണ്ടായത്. അങ്ങനെ അന്തിപ്പാസിന്റെ രാജ്യവും റോമിന്റെ ഒരു പ്രവിശ്യയായി മാറി. ഈ പ്രവിശ്യയിൽ ആദ്യം ഒരു റോമൻ പ്രൊക്കുറേറ്ററെ നിയമിച്ചുവെങ്കിലും A.D. 40–ൽ ഇതിന്റെ രാജാവായി ഹേറോദേസ് വംശത്തിലെ അഗ്രിപ്പായെ നിയമിച്ചു.

പലസ്തീനായിൽ ശേഷിച്ചിരുന്ന ഭാഗത്തിന്റെ ഭരണാധികാരി ഫിലിപ്പ് ആയിരുന്നു. ട്രക്കോണിത്തൂസ്, ഹൂറിയ, ഗലീലിയുടെ വടക്കു പടിഞ്ഞാറൻ പ്രദേശങ്ങൾ എന്നിവ അദ്ദേഹത്തിന്റെ അധികാരത്തിൽപ്പെട്ടു (ലൂക്കാ. 3:2). അദ്ദേഹം ഹേറോദിയയുടെ മകൾ സലോമിയെ വിവാഹം ചെയ്തു. അതുകൊണ്ട് അന്തിപ്പാസ് വശീകരിച്ച ഹേറോദിയ ഈ ഫിലിപ്പിന്റെ ഭാര്യയായിരിക്കാൻ ഇടയില്ല എന്ന് കരുതപ്പെടുന്നുണ്ട്. (ഹേറോദേസ് ഒന്നാമന് 9 ഭാര്യമാരുണ്ടായിരുന്നു. ഇവരിൽ മറിയാമ്നെ എന്ന ഭാര്യയിൽ നിന്ന് ജനിച്ച ഹേറോദേസ് രണ്ടാമൻ, അഥവാ, ഹേറോദേസ് ഫിലിപ്പ് ആണ് ഹേറോദിയായുടെ ഭർത്താവായത്. അന്തിപ്പാസ് ഇദ്ദേഹത്തിന്റെ ഭാര്യയുമായിട്ടാണ് അവിഹിത ബന്ധം പുലർത്തിയത്. അതുകൊണ്ട് മർക്കോസ് 6:17, മത്താ. 14:3 ഇങ്ങനെ തിരുത്തി മനസ്സിലാക്കാവുന്നതാണ്.)

ഫിലിപ്പ് സമർത്ഥനായൊരു ഭരണാധികാരിയായിരുന്നു. അദ്ദേഹം ബത്സെയ്ദാ പുനർ നിർമ്മിച്ച് അതിനെ തന്റെ ആസ്ഥാനമാക്കി. പനെയ പുനർനിർമ്മിച്ച് അതിന് കേസറിയ ഫിലിപ്പി എന്നു പേരുകൊടുത്തു (cfr. മർക്കോ. 8:27, മത്താ. 16:13). BC 4 മുതൽ AD 34 വരെ ഭരണം നടത്തിയ ഫിലിപ്പിന് അനന്തരാവകാശി ഇല്ലായിരുന്നതിനാൽ ഫിലിപ്പിന്റെ രാജ്യത്തെ ചക്രവർത്തി റോമൻ പ്രവിശ്യയായിരുന്ന സിറിയയോടു ചേർത്ത് ഒരു പുതിയ പ്രവിശ്യയാക്കി. ക്വിറീനിയൂസിനെ ഈ പുതിയ പ്രവിശ്യയുടെ ഗവർണ്ണറായി നിയമിക്കുകയും ചെയ്തു (ലൂക്കാ. 2:2).

അങ്ങനെ, മഹാനായ ഹേറോദേസിന്റെ രാജ്യം മുഴുവൻ റോമാ സാമ്രാജ്യത്തിന്റെ ഭാഗമായിത്തീർന്നു. റോമിന്റെ ഗവർണ്ണർമാരോ, പ്രീഫെക്ടുമാരോ പ്രൊക്കുറേറ്റർമാരോ ആണ് തുടർന്ന് പലസ്തീനായിൽ ഭരണം നടത്തിയത്. ഇവരുടെ താല്പര്യം മുഴുവൻ സാമ്പത്തിക, സൈനിക കാര്യങ്ങളിലായിരുന്നു. അതിനാൽ നികുതി പിരിക്കുന്നതിലും ക്രമസമാധാനം പാലിക്കുന്നതിലുമാണ് അവർ ദത്തശ്രദ്ധരായത്.

പുതിയ സിറിയൻ പ്രവിശ്യ രൂപീകരിച്ചപ്പോൾ ജനസംഖ്യ തിട്ടപ്പെടുത്താൻ ക്വിറീനിയൂസ് കല്പനയിറക്കി. (cfr. ലൂക്കാ. 2:2). ഇതിനെതിരെ യഹൂദർ പ്രക്ഷോഭണങ്ങൾ നടത്തുകയുണ്ടായി.

www.malankaralibrary.com

## ക്രിസ്തുവിന്റെ പരസ്യജീവിതവും മരണവും

യൂദയായിൽ പന്തിയോസ് പീലാത്തോസ് ഗവർണ്ണറായിരിക്കുമ്പോൾ ഹേറോദേസ് അന്തിപ്പാസിന്റെ ഭരണകാലത്ത് സ്നാപകയോഹന്നാൻ മരുഭൂമിയിൽ പ്രത്യക്ഷപ്പെട്ടു. പശ്ചാത്താപത്തെക്കുറിച്ചും പാപമോചനത്തിനുള്ള മാമ്മോദീസയെക്കുറിച്ചും ശക്തിയുള്ള ഭാഷയിൽ സ്നാപകൻ പ്രസംഗിച്ചു. താമസിയാതെ അദ്ദേഹം കാരാഗൃഹത്തിലായി (ലൂക്ക. 3:3). യോഹന്നാൻ ബന്ധനസ്ഥനാകുന്നതിനു മുമ്പു തന്നെ യേശു പരസ്യജീവിതം ആരംഭിച്ചിരുന്നു. നന്മപ്രവൃത്തികളും ആധികാരിക പ്രബോധനങ്ങളും വഴി യേശു അതിവേഗം ജനങ്ങളുടെ ആരാധ്യ പുരുഷനായി മാറി. യേശുവിന് ജനങ്ങൾക്കിടയിലുണ്ടാ ഈ വലിയ സ്വാധീനത്തിൽ ഹേറോദേസ് അന്തിപ്പാസ് ഭയചകിതനായി. തന്റെ അധികാര സീമയിൽപ്പെട്ട ഗലീലിയിൽ നിന്നും യേശുവിനെ പുറത്താക്കാൻ അദ്ദേഹം തീരുമാനിച്ചു (ലൂക്ക. 13:31-32, cfr. മാർക്കോ. 1:14f).

പഴയ നിയമത്തിൽ നാം കാണുന്നതുപോലെ ഏക ദൈവ വിശ്വാസത്തിൽ വേരൂന്നിയതായിരുന്നല്ലോ യഹൂദമതം. ഈ പശ്ചാത്തലത്തിൽ വളർന്ന യേശു ഒരു പരിവർത്തകന്റെ റോളിലായിരുന്നു. ഇവിടെ യേശുവിന്റെ നിലപാട് വളരെ പ്രധാനപ്പെട്ടതാണ്. നല്ലവയെല്ലാം അവിടുന്ന് നിലനിറുത്തി, നിരർത്ഥകമായവയെ നിരസിച്ചു, നിർജ്ജീവമായവയെ ചൈതന്യവത്താക്കി, നിയമത്തെയും പ്രവാചകന്മാരെയും പൂർത്തീകരിച്ചു (മത്താ. 5:17). നിരവധി പുതിയ തത്വങ്ങൾ പകർന്നു കൊടുത്തു. ഈ നവീന സുവിശേഷം രക്ഷയുടെ പുതിയൊരു വഴി തുറന്നു കാണിച്ചു. ക്രമേണ തന്റെ പ്രവർത്തനം യേശു ജറുസലെമിലേക്കു മാറ്റി.

യേശുവിന്റെ വ്യക്തിപ്രഭാവവും പ്രബോധനങ്ങളും ജനങ്ങളിൽ വലിയ സ്വാധീനമുളവാക്കിയെന്നു കണ്ടല്ലോ. മത, രാഷ്ട്രീയാധികാരങ്ങളിലും, ഫരിസേയ, സദുക്കായ വിഭാഗങ്ങളിലും ഇത് ഏറെ ഭയപ്പാടു ജനിപ്പിച്ചു. അവരിൽ യേശുവിനോട് അങ്കുരിച്ച അസൂയ, ക്രമേണ ശത്രുതയായി വളർന്നു. യേശുവിൽ അവർ ദൈവദൂഷണം ആരോപിച്ചു (മാർക്കോ. 14:64). താൻ രാജാവാണെന്ന് യേശു അവകാശപ്പെട്ടെന്ന് പറഞ്ഞ് അവിടുന്നിൽ രാജ്യദ്രോഹ കുറ്റവും ചുമത്തി (മത്താ. 27:11, 29:42, യോഹ. 18:33-38, 19:19-22). ഇതിനെ തുടർന്ന് യേശുവിനെ അവർ വധിച്ചു. തിബേരിയൂസ് സീസറിന്റെ വാഴ്ചക്കാലത്ത് യൂദയാ ഗവർണ്ണറായിരുന്ന പന്തിയോസ് പീലാത്തോസ് ക്രിസ്തുവിനെ മരണശിക്ഷയ്ക്കു വിധിച്ചുവെന്നു (മാർക്കോ. 15:15) പ്രസിദ്ധ റോമൻ ചരിത്രകാരനായിരുന്ന ടാസിറ്റസ് (AD 55-120) "അന്നാലസ്" (Annales) എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മരണത്തിനു പോലും ക്രിസ്തുവിനെ തോല്പിക്കാനായില്ല. മൂന്നാം ദിവസം അവിടുന്ന് മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു. തുടർന്ന് 40 ദിവസം തന്റെ ശിഷ്യന്മാരോടൊത്ത് ഭൂമിയിൽ ചെലവഴിച്ച ശേഷം ശിഷ്യന്മാരെ

www.malankaralibrary.com

ബഥാനിയാക്കു സമീപം, ഒലിവു മലയിൽ വിളിച്ചുകൂട്ടി. അവിടെവച്ച് തന്റെ സുവിശേഷ ദൗത്യം ശിഷ്യന്മാരെ ഏല്പിച്ചിട്ട് യേശു സ്വർഗ്ഗാരോഹണം ചെയ്തു (ലൂക്കാ. 24:50). പത്തു ദിവസം കഴിഞ്ഞ് പന്തക്കുസ്താ ദിവസം അവിടുന്ന് സ്വർഗ്ഗത്തിൽ നിന്നു ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു. അതായിരുന്നു സഭയുടെ സ്ഥാപനവും സമുദ്ഘാടനവും. പരിശുദ്ധാത്മാവിന്റെ ആവാസം വഴി, വിവിധ ജനപദങ്ങളിലേക്ക് സുവിശേഷകരായി പോകാൻ ശിഷ്യന്മാർ പ്രാപ്തരായി. യേശു ദൈവപുത്രനാണെന്നും അവിടുന്നു കുരിശിൽ മരിച്ച് ഉത്ഥാനം ചെയ്തെന്നും രക്ഷയ്ക്കുള്ള ഏകമാർഗ്ഗം യേശുക്രിസ്തുവാണെന്നും, അതുകൊണ്ട് യേശുക്രിസ്തുവിലും അവിടുത്തെ സുവിശേഷത്തിലും വിശ്വസിക്കുവിൻ എന്നും ശിഷ്യന്മാർ ജനതകളോട് പ്രസംഗിക്കുവാൻ തുടങ്ങി. രണ്ടായിരത്തോളം വർഷങ്ങൾക്കു മുമ്പ് യേശു ആരംഭമിട്ട ഈ രക്ഷാകര പ്രവർത്തനം സഭയിലൂടെ ഇന്നും അവിടുന്നു തുടരുന്നു. വിശ്വാസികളായ നാമെല്ലാവരും അതിൽ ഭാഗഭാക്കുകളാണ്. ഈ വസ്തുതയാണ് നമ്മുടെ തന്നെ ചരിത്രത്തിനും ജീവിതത്തിനും അർത്ഥം നല്കുന്നത്.

## 6. സഭാസ്ഥാപനംമുതൽ സ്വർഗ്ഗീയ ജറുസലെംവരെ

ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനം വരെയാണ് സഭയുടെ കാലഘട്ടം. അപ്പോൾ "പുതിയ ആകാശവും പുതിയ ഭൂമിയും" ഉണ്ടാകും, 'സ്വർഗ്ഗീയ ജറുസലെം" സംജാതമാകുകയും ചെയ്യും. ഈ വസ്തുത വെളിപാടിന്റെ പുസ്തകത്തിൽ നാം കണ്ടെത്തുന്നു. മതമർദ്ദന കാലഘട്ടത്തിലെ സഭയുടെ അവസ്ഥയ്ക്കു നല്കപ്പെട്ട പ്രവചനാത്മകമായ വ്യാഖ്യാനമാണല്ലോ വെളിപാടിന്റെ പുസ്തകം. ആധുനിക ലോകത്തിൽ സഭ നേരിടുന്ന പീഡനങ്ങളുടെയും പ്രതിസന്ധികളുടെയും പ്രതീകാത്മക ചിത്രീകരണമായും വെളിപാടിന്റെ പുസ്തകത്തെ പരിഗണിക്കാം. സ്വർഗ്ഗീയ ജറുസലെമിലേക്ക് സഭയെ അടുപ്പിക്കുകയാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം.

www.malankaralibrary.com

## അധ്യായം - 2

# ബൈബിൾ വ്യാഖ്യാനത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ

ശാസ്ത്രീയമായി ബൈബിളിനെ വ്യാഖ്യാനിക്കുന്ന രീതിയെ (ബൈബിൾ വ്യാഖ്യാനശാസ്ത്രത്തെ) പരമ്പരാഗതമായി "ഹെർമന്യൂട്ടിക്സ്" (hermeneutics) എന്നാണ് വിളിക്കുന്നത്. ഇതിന് ആധാരമായിട്ടുള്ള ഹെർമെനെയാ (hermeneia) എന്ന ഗ്രീക്കു വാക്ക് "ഹെർമെസ്" എന്ന പേരിൽ നിന്നാണ് ഉരുത്തിരിയുന്നത്. ജൂപ്പിറ്ററിന്റെ വ്യാഖ്യാതാവും ഗ്രീക്ക് ദേവന്മാരുടെ സന്ദേശവാഹകനുമായിരുന്നു ഹെർമെസ്.

ബൈബിൾ വ്യാഖ്യാതാവിന്റെ മുഖ്യദൗത്യം ഓരോ ബൈബിൾ ഭാഗത്തിനും ബൈബിൾ ഗ്രന്ഥകാരൻ എന്തർത്ഥമാണ് ഉദ്ദേശിച്ചിരുന്നത് എന്ന് കണ്ടെത്തുകയാണ്. ഇതത്ര എളുപ്പമല്ല. കാരണം ബൈബിൾ ഗ്രന്ഥകാരന്റെ കാലഘട്ടം, അന്നത്തെ വിനിമയശൈലി, സെമെറ്റിക് ചിന്താരീതി, പ്രതിപാദനരീതി എന്നിവയെല്ലാം ഇന്നത്തേതിൽനിന്നും വളരെയേറെ വ്യത്യസ്തമായിരുന്നു. ഇതിനും പുറമെ ബൈബിൾ രചനയിൽ ദൈവവും മനുഷ്യനും പങ്കുചേർന്നിട്ടുണ്ടെന്നുള്ള സത്യം ബൈബിൾ വ്യാഖ്യാനശ്രമങ്ങളെ ഏറെ സങ്കീർണ്ണമാക്കുന്നു. അതിനാൽ ബൈബിളിലെ പദപ്രയോഗങ്ങൾക്ക് ഇതര കാര്യങ്ങളിലെ പദയോഗങ്ങളിൽനിന്നും വ്യത്യസ്തമായുള്ള അർത്ഥം വ്യക്തമായി കണ്ടെത്തിയാൽ മാത്രമേ ഗ്രന്ഥകാരന്റെ ഉദ്ദേശ്യം കൃത്യമായി നിർണ്ണയിക്കാനും ഇന്നത്തെ ജീവിതവുമായി ബന്ധപ്പെടുന്ന വിശ്വാസ സത്യങ്ങൾ കണ്ടെത്താനും കഴിയുകയുള്ളൂ.

### വ്യാഖ്യാനത്തിനു പൊതുവായിവേണ്ട കാര്യങ്ങൾ

ബൈബിൾ വ്യാഖ്യാനിക്കാൻ പൊതുവെ ആവശ്യമായ കാര്യങ്ങൾ താഴെ പറയുന്നവയാണ്: 1. വി. ഗ്രന്ഥം ദൈവവചനമാണെന്നുള്ള വിശ്വാസം. 2. സാമാന്യബുദ്ധി; അതായത്, പൊതുവിൽ സ്വീകാര്യമായവയും അസ്വീകാ

www.malankaralibrary.com

ര്യമായവയും തമ്മിൽ വേർതിരിച്ചറിയുവാനുള്ള കഴിവ്. 3. ബൈബിളിന്റെ മൂലഭാഷകളെപ്പറ്റിയും ചരിത്ര–സാംസ്കാരിക–ഭൂമിശാസ്ത്ര പശ്ചാത്തലത്തെപ്പറ്റിയുമുള്ള പരിജ്ഞാനം. 4. ദൈവവചനത്തോടുള്ള വിധേയത്വവും തുറവിയും. 5. ജീവിതവിശുദ്ധിയും ഉദ്ദേശ്യശുദ്ധിയും

**വാച്യാർത്ഥം (Literal Sense)**

ബൈബിൾ എഴുതപ്പെട്ടത് ഹീബ്രുവിലും ഗ്രീക്കിലുമാണല്ലോ. അതുകൊണ്ട് ബൈബിൾ ഗ്രന്ഥകാരൻ ഉപയോഗിച്ചിട്ടുള്ള മൂലപദങ്ങളുടെ വാച്യാർത്ഥം കണ്ടെത്തുകയാണ് വ്യാഖ്യാതാവ് ആദ്യമേ ചെയ്യേണ്ടത്. കാരണം താൻ ഉപയോഗിച്ച പദങ്ങളുടെ വാച്യാർത്ഥമായിരിക്കണമല്ലോ ഏതൊരു ഗ്രന്ഥകാരനും സാധാരണ ഉദ്ദേശിക്കുക. വാച്യാർത്ഥം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പദങ്ങളുടെ പ്രഥമ അർത്ഥമാണ്, അടിസ്ഥാനപരമായ അർത്ഥമാണ്. വാക്കുകൾ സംവഹിക്കുന്നതും അതേസമയം ഗ്രന്ഥകാരൻ പ്രഥമതഃ ഉദ്ദേശിച്ചിട്ടുള്ളതുമായ അർത്ഥം എന്ന് വാച്യാർത്ഥത്തെ നിർവചിക്കാം. പദങ്ങളുടെ വാച്യാർത്ഥവും ഗ്രന്ഥകാരൻ കല്പിക്കുന്ന അർത്ഥവും സാധാരണഗതിയിൽ ഒന്നുതന്നെയായിരിക്കും. എന്നാൽ എല്ലായിടത്തും അങ്ങനെ തന്നെ വേണമെന്നില്ല. അതിനാൽ വാച്യാർത്ഥം മാത്രമേ എപ്പോഴും കാണക്കിലെടുക്കാവൂ എന്ന് ശഠിക്കാൻ പറ്റില്ല. കാരണം ആലങ്കാരികവും കാവ്യാത്മകവുമായ ശൈലി ഗ്രന്ഥകാരന്മാർ മിക്കപ്പോഴും സ്വീകരിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. സ്നാപകയോഹന്നാൻ യേശുവിനെക്കുറിച്ച്, "ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നു പറയുന്നു. (യോഹ 1:29). നാമിതിനെ വാച്യാർത്ഥത്തിൽ മാത്രമെടുത്ത് യേശുവിനെ ഒരു കുഞ്ഞാടായി പരിഗണിച്ചാൽ യേശുവിന്റെ സ്ഥിതി എന്താകും? അവിടുന്ന് ഒരു മൃഗം മാത്രമായിരിക്കില്ലേ? അതുകൊണ്ട് ഇവിടെ വാച്യാർത്ഥമല്ല ഗ്രന്ഥകാരൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാണല്ലോ. "ഞാൻ യഥാർത്ഥ മുന്തിരിവള്ളിയാണ്; എന്റെ പിതാവ് തോട്ടകാരനും" (യോഹ 15:1); "ഞാൻ ജീവന്റെ അപ്പമാകുന്നു" (യോഹ 6:48), "നീ പത്രോസ് ആകുന്നു (പത്രോസ് = പാറ) ഈ പാറമേൽ എന്റെ പള്ളി ഞാൻ പണിയും" (മത്താ. 16:18) എന്നിങ്ങനെയുള്ള തിരുവചനങ്ങൾ ശ്രദ്ധിക്കൂ. ഇവിടെയെല്ലാം വാച്യാർത്ഥമാണ് ഗ്രന്ഥകാരൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് പറയാനാകുമോ? അല്ലെന്ന് സുവ്യക്തം.

സാധാരണഗതിയിൽ ഒരു വാക്യത്തിന് വ്യത്യസ്തങ്ങളായ ഒന്നിലധികം അർത്ഥങ്ങളുണ്ടാകയില്ല. പരസ്പര വിരുദ്ധമായ അർത്ഥങ്ങൾ തന്റെ വാക്കുകൾക്കുണ്ടാകണമെന്ന് ഒരു ഗ്രന്ഥകാരനും ആഗ്രഹിക്കയില്ലല്ലോ. അതിനാൽ "ദിവിനോ അഫ്ളാന്തേ സ്പിരിത്തൂ" (Divino afflante Spiritu – 1943) എന്ന ചാക്രിക ലേഖനത്തിലൂടെ, ഗ്രന്ഥകാരന്റെ മനോഗതം വ്യക്തമാകും വിധം ബൈബിൾ പദങ്ങളുടെ അർത്ഥം വിവേചിച്ചു നിർവചിക്കാൻ എല്ലാ

www.malankaralibrary.com

ബൈബിൾ വ്യാഖ്യാതാക്കളെയും 12-ാം പിയൂസ്പാപ്പ ഉദ്ബോധിപ്പിക്കുകയുണ്ടായി. (EB 550 cfr. vat II, Rev-.12-).

ബൈബിൾ ഗ്രന്ഥകാരൻ വിവക്ഷിക്കുന്ന യഥാർത്ഥ വാച്യാർത്ഥം കണ്ടെത്താൻ മറ്റുപല വിജ്ഞാനശാഖകളെക്കൂടി ആശ്രയിക്കേണ്ടിവരും. ബൈബിളിന്റെ രൂപീകരണ ഘട്ടത്തിലെ ഭൂമിശാസ്ത്രം, പുരാവസ്തു വിജ്ഞാനീയം, പാഠ നിരൂപണം. പശ്ചിമേഷ്യൻ ചരിത്രം, മൂലഭാഷകൾ, സാഹിത്യരൂപങ്ങൾ, സാംസ്കാരിക പശ്ചാത്തലം, അപ്പസ്തോല പിതാക്കന്മാരുടെ പ്രബോധനങ്ങൾ എന്നിവയെല്ലാം സത്യം കണ്ടെത്താൻ ആവശ്യമാണ്. ഇവയുടെ സഹായത്തോടെ ഒട്ടുമിക്ക ബൈബിൾ ഭാഗങ്ങളുടെയും ശരിയായ അർത്ഥം നിർണ്ണയിക്കാൻ സാധിക്കും.

## സമ്പൂർണ്ണാർത്ഥം (Plenary Sense)

കേവലമൊരു മാനുഷിക ഗ്രന്ഥമല്ല ബൈബിൾ. ദൈവവചനം മനുഷ്യഭാഷയിൽ എഴുതപ്പെട്ടതാണ് വി. ഗ്രന്ഥം. അതുകൊണ്ട് ബൈബിൾ വിവരണങ്ങൾക്ക് അവയുടെ വാച്യാർത്ഥത്തിനും ഗ്രന്ഥകാരന്റെ ഉദ്ദേശ്യത്തിനും ഉപരിയായ മറ്റൊരർത്ഥം ഉണ്ടായിരിക്കാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല. ഇതിനെയാണ് സമ്പൂർണ്ണാർത്ഥം എന്നു വിളിക്കുന്നത് (Plenery Sense, Fuller Sense, Sensus Plenior). മാനുഷിക കാഴ്ചപ്പാടുകൾക്കുപരി ദൈവം കല്പിച്ചിട്ടുള്ള ആഴമേറിയ അർത്ഥമാണ് ഇത്. ഒരുപക്ഷേ മനുഷ്യഗ്രന്ഥകാരന് അത് കാണാൻ കഴിഞ്ഞിട്ടുണ്ടാകില്ല. പ്രത്യേക വെളിപാടുകളിലൂടെയാണ് ഈ അർത്ഥം സുവ്യക്തമാകുന്നത്. ബൈബിളിന്റെ വരുംകാലാനുവാചകരെക്കുറിച്ച് ദൈവത്തിന് മുൻകൂട്ടിയറിയാം എന്നുള്ള നിഗമനമാണ് ഈ സമ്പൂർണ്ണാർത്ഥത്തിനു സാധ്യത നല്കുന്നത്. എന്നിരുന്നാലും നിരവധി ആധുനിക പണ്ഡിതന്മാർ ഈ നിഗമനത്തെ ചോദ്യം ചെയ്തിട്ടുണ്ട്. അനുചിതമായ അനുമാനങ്ങൾക്ക് അതു വഴിതുറക്കില്ലേ എന്നാണ് അവർ ചോദിക്കുന്നത്.

ഏതെങ്കിലുമൊരു ബൈബിൾ ഭാഗത്തിന്റെ സമ്പൂർണ്ണാർത്ഥമായി ആരെങ്കിലും ചൂണ്ടിക്കാണിക്കുന്നത് ശരിയായ സമ്പൂർണ്ണാർത്ഥം ആയിരിക്കുമോ? അതു നിർണ്ണയിക്കാൻ ചില മാനദണ്ഡങ്ങൾവേണം. ഒന്നാമതായി, അത്തരമൊരു സമ്പൂർണ്ണാർത്ഥത്തിന് അടിസ്ഥാനമായി മറ്റേതെങ്കിലും ബൈബിൾ ഗ്രന്ഥകർത്താവിന്റെ വ്യാഖ്യാനം ഉണ്ടായിരിക്കണം. അല്ലെങ്കിൽ അതെക്കുറിച്ച് അപ്പസ്തോല പിതാക്കന്മാർ ഏകാഭിപ്രായക്കാരായിരുന്നിരിക്കണം. അതുമല്ലെങ്കിൽ തിരുസഭയുടെ ഏതെങ്കിലും ഒരു ഔദ്യോഗിക പ്രബോധനത്തെ ആസ്പദമാക്കിയുള്ളതായിരിക്കണം. ഒരു ഉദാഹരണം പറയാം. ഏശ 7:14 യേശുവിന്റെ കന്യാ ജനനത്തെക്കുറിച്ചാണെന്ന് വ്യാഖ്യാനിക്കുന്നത് സമ്പൂർണ്ണാർത്ഥത്തിലാണ്. മത്തായി. 1:23-ൽ സുവിശേഷകൻ അപ്രകാരം വ്യാഖ്യാനിച്ചിരിക്കുന്നു. അതുപോലെതന്നെ ഉല്പ. 3:15 സുവിശേഷത്തിന്റെ പ്രഥമ

www.malankaralibrary.com

പ്രവചനമായി കരുതി യേശുവിനെയും മറിയത്തെയുംകുറിച്ച് വ്യാഖ്യാനിച്ചു വരുന്നു. മറിയത്തിന്റെ അമലോത്ഭവത്തെക്കുറിച്ചും സ്വർഗ്ഗാരോഹണത്തെക്കുറിച്ചുമുള്ള തിരുസ്സഭയുടെ പ്രബോധനങ്ങളും ഈ സമ്പൂർണാർത്ഥത്തെ അംഗീകരിച്ചുകൊണ്ടുള്ളവയാണ്. രണ്ടാമത്തെ മാനദണ്ഡം വാച്യാർത്ഥത്തിന് അനുഗുണമായിരിക്കണം സമ്പൂർണാർത്ഥം എന്നതാണ്. അതായത് മാനുഷിക ഗ്രന്ഥകാരൻ പറയാനുദ്ദേശിച്ചതിന്റെ ഒരു വികസിത രൂപമായിരിക്കണം അത്. ഈ മാനദണ്ഡം ഏശ. 7:14 ന്റെ കാര്യത്തിൽ മത്തായി 1:23–ൽ വളരെ വ്യക്തമാണ്. ഒരുപക്ഷേ, ഏശയ്യാ ഒരു നിശ്ചിത യുവതി (ഹ–അൽമ) രാജകുടുംബത്തിൽ ഒരു നിശ്ചിത ശിശുവിനു ജന്മം നല്കുന്ന കാര്യം മാത്രമായിരിക്കാം വിചാരിച്ചതെങ്കിലും സപ്തതി വിവർത്തകൻ (LXX) അതിന് അനുഗുണമായ സമ്പൂർണ്ണ അർത്ഥവികാസം കല്പിച്ചിട്ടുള്ളതായി നമുക്കു കാണാം.

സപ്തതിയിൽ യുവതി എന്നതിന് ഒരു നിശ്ചിത കന്യക (ഹെ–പർത്തേനോസ്) എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. മത്തായി 1:23–ൽ ആ ഭാഗത്തിന് കൂടുതൽ സമ്പൂർണമായ അർത്ഥം കൈവന്നിരിക്കുന്നു. അതായത് മത്താ. 1:23–ലെ സമ്പൂർണ്ണാർത്ഥം ഏശ 7:14 ന്റെ വാച്യാർത്ഥത്തിന് അനുഗുണമാണ്. അതുപോലെതന്നെ പ്രവചന രൂപത്തിലുള്ള സങ്കീർത്തനം 2–ഉം 110–ഉം, ഈ മാനദണ്ഡം ഉപയോഗിച്ച് ക്രിസ്തുവിനെയാണ് അർത്ഥമാക്കുന്നതെന്നു പറയാം. അവിടെ അഭിഷിക്തനായ രാജാവിനെ ജനങ്ങളുടെ കർത്താവായും ദൈവപുത്രനായും വിഭാവനം ചെയ്തുകാണുന്നു.

## പ്രതിരൂപാർത്ഥം (Typical Sense)

ഈ അർത്ഥം ബൈബിളിലെ വാക്കുകൾക്കല്ല കല്പിക്കപ്പെട്ടിരിക്കുന്നത്. ചില വസ്തുക്കളെയും വ്യക്തികളെയും സംഭവങ്ങളെയും ഭാവികാര്യങ്ങളുടെ സൂചനകളായി കരുതുന്നതിനെയാണ് പ്രതിരൂപാർത്ഥം എന്നു പറയുന്നത്. പ്രതിരൂപം എന്ന പ്രയോഗം റോമ. 5:14–ലും 1 കോറി 10:4–ലും കാണുന്നുണ്ട്. റോമ 5:14–ൽ ആദത്തെ ക്രിസ്തുവിന്റെ പ്രതിരൂപമായി അവതരിപ്പിച്ചിരിക്കുന്നു. പുറപ്പാടവസരത്തിൽ മരുഭൂമിയിൽ വച്ച് ഇസ്രായേലിനു സംഭവിച്ച കാര്യങ്ങൾ ക്രിസ്ത്യാനികൾക്കുള്ള അടയാളമായിരുന്നുവെന്ന് 1 കോറി. 10:4–ൽ അപ്പസ്തോലൻ പറയുന്നു. 1 കോറി. 10:4–ൽ "ആ ശില ക്രിസ്തു തന്നെയായിരുന്നു" എന്നു പറഞ്ഞിരിക്കുന്നു. (cf Ex 17:5–6). Typos എന്ന ഗ്രീക്കുപദം പുതിയ നിയമത്തിൽ 16 പ്രാവശ്യം പ്രയോഗിച്ചു കാണുന്നുണ്ട്. പ്രതിരുപം, സുചന, മാതൃക എന്നിങ്ങനെയെല്ലാമാണ് അതു വിവർത്തനം ചെയ്തിരിക്കുന്നത്.

പ്രതിരൂപങ്ങൾ രണ്ടു തരത്തിലാകാം – 1. സാമ്യമുള്ളവ 2. വിരുദ്ധമായവ. ആദത്തെ ക്രിസ്തുവിന്റെയും, ഹവ്വയെ മറിയത്തിന്റെയും, മന്നയെ ദിവ്യ

www.malankaralibrary.com

കാരുണ്യത്തിന്റെയും (യോഹ. 6:4, 9, 6) വൈരുദ്ധ്യാത്മക പ്രതിരൂപങ്ങളായാണ് അവതരിപ്പിച്ചിരിക്കുന്നത്. പഴയ നിയമത്തിലെ നിരവധി വ്യക്തികളെയും വസ്തുക്കളെയും ക്രിസ്തുവിന്റെ പ്രതിരൂപങ്ങളായി വ്യാഖ്യാനിച്ചിട്ടുണ്ട്. മോശ, ദാവീദ്, മെൽക്കിസെദെക്ക്, ജറെമിയ, പെസഹാ കുഞ്ഞാട്, പിത്തളസർപ്പം, പാറ മുതലായവയെല്ലാം ക്രിസ്തുവിന്റെ പ്രതിരൂപങ്ങളായി കണക്കാക്കപ്പെടുന്നു.

പ്രതിരൂപാത്മക വ്യാഖ്യാനം പലപ്പോഴും ഭാവനാ സൃഷ്ടികളാകാനിടയുണ്ട്. അതിനാൽ ആധുനിക ബൈബിൾ പണ്ഡിതന്മാർ പ്രതിരൂപാത്മക വ്യാഖ്യാനത്തിന് വലിയ പ്രാധാന്യം നല്കുന്നില്ല. പ്രതിരൂപാത്മക വ്യാഖ്യാനം വികലമാകാനിടയുള്ളതുകൊണ്ട് ശരിയായ അർത്ഥം വേർതിരിച്ചെടുക്കാൻ ചില മാനദണ്ഡങ്ങൾ ആവശ്യമാണ്.

പ്രതിരൂപാർത്ഥമുണ്ടെന്നു നിർണയിക്കാനുള്ള ഏറ്റം പ്രധാന മാനദണ്ഡം ഇതാണ്: പ്രതിരൂപത്തിന് അതിന്റെ രൂപത്തോടുള്ള ബന്ധം ദൈവാവിഷ്കരണ ചരിത്രത്തിൽ നിന്നുതന്നെ സുവിദിതമായിരിക്കണം. ഉദാഹരണത്തിന്, ക്രിസ്തുവിനു മോശയും ദാവീദുമായുള്ള ബന്ധവും പുതിയ ഉടമ്പടിക്ക് പഴയ ഉടമ്പടിയുമായുള്ള ബന്ധവും പുതിയ നിയമത്തിലെയും രക്ഷാചരിത്രത്തിലെയും നിരവധി കാര്യങ്ങളുടെ അടിസ്ഥാന വസ്തുതയാണ്. പ്രതിരൂപാത്മക വ്യാഖ്യാനത്തെ ഒറ്റപ്പെട്ട വസ്തുക്കളോടും വ്യക്തികളോടും ബന്ധപ്പെടുത്തി കാണുമ്പോഴാണ് നാം കൂടുതൽ സൂക്ഷിക്കേണ്ടത്. ഉദാഹരണത്തിന്, സഭയുടെയൊ പ. കന്യാമറിയത്തിന്റെയൊ പ്രതിരൂപമായി പഴയ നിയമത്തിലെ റാഹാബിനെ (ജോഷ്വ 2:1 – 14; cfr mt 1:5; Hebr 11:31; Jam 2:25) ചിത്രീകരിക്കുമ്പോൾ സംശയിക്കേണ്ടിവരും. അതുപോലെ, മെൽക്കിസെദെക്കിനെ ക്രിസ്തുവിന്റെ യഥാർത്ഥ പ്രതിരൂപമായി പറയുമ്പോഴും (ഉല്പ. 14:18; ps 110:4; Heb 5:6, 10; 6:20; 7:1) പ്രത്യേകം സൂക്ഷിക്കണം. പ്രതിരൂപാത്മക വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു തത്വം പഠിപ്പിക്കാവുന്നതല്ല. സുവ്യക്തമായി മറ്റെവിടെയെങ്കിലും പഠിപ്പിച്ചിട്ടുള്ള തത്വങ്ങളെ കൂടുതൽ വിശദീകരിക്കാൻ മാത്രമേ ഈ വ്യാഖ്യാനം ഉപയോഗപ്പെടുത്താവൂ.

## അന്യാപദേശാർത്ഥം (Allegorical Sense)

അന്യാപദേശാർത്ഥത്തിൽ വ്യാഖ്യാനിക്കുമ്പോൾ വി. ഗ്രന്ഥഭാഗങ്ങളുടെ വാച്യാർത്ഥത്തെ കാര്യമായെടുക്കാറില്ല. മറിച്ച് ഓരോ വാക്കിലും ഒളിഞ്ഞുകിടക്കുന്ന പുതിയൊരർത്ഥത്തെ കണ്ടെത്തുകയാണ് ചെയ്യുന്നത്. ഉദാഹരണമായി നല്ല സമറിയാക്കാരന്റെ ഉപമയ്ക്ക് വി. ആഗസ്തിനോസ് നല്കുന്ന അന്യാപദേശാർത്ഥത്തിലുള്ള വ്യാഖ്യാനം നോക്കുക: “ഒരു മനുഷ്യൻ ജറുസലെമിൽ നിന്നും ജറിക്കോയിലേക്കു പോവുകയായിരുന്നു.” എന്നതിലെ “ഒരു മനുഷ്യനെ” ആദമായും “ജറുസെലെമിനെ” ആദം പുറംതള്ളപ്പെടുന്ന

www.malankaralibrary.com

തിനുമുമ്പ് പാർത്തിരുന്ന പറുദീസായായും "ജറിക്കോയെ" മർത്യതയുടെ പ്രതീകമായുമാണ് ആഗസ്തിനോസ് വ്യാഖ്യാനിക്കുന്നത്!

അന്യാപദേശാർത്ഥം ഏറെക്കുറെ പ്രതിരൂപാർത്ഥത്തിനു സമാനമാണ്. 'നിഗൂഢാർത്ഥം', 'ആന്തരീകാർത്ഥം' തുടങ്ങിയ പേരുകളും അന്യാപദേശാർത്ഥത്തിനു നല്കപെട്ടിട്ടുണ്ട്. അന്യാപദേശാർത്ഥ വ്യാഖ്യാനത്തോടുള്ള ചില പണ്ഡിതന്മാരുടെ നിലപാട് പ്രതിരൂപാർത്ഥത്തോടെന്നപോലെതന്നെയാണ്. അവർ തത്വത്തിൽ ഇതിനെ സ്വീകരിക്കുകയും പുതിയ നിയമത്തിലും സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലും കാണുന്ന ചില പ്രധാന അന്യാപദേശാർത്ഥ വ്യാഖ്യാനങ്ങൾ അംഗീകരിക്കുകയും ചെയ്യുന്നു. എന്നാൽ അന്യാപദേശാർത്ഥ വ്യാഖ്യാനങ്ങളെ പുനർജ്ജീവിപ്പിക്കുന്നതിൽ അവർ ഒട്ടും ഉത്സുകരല്ല. പുതിയ നിമത്തിൽ അന്യാപദേശങ്ങൾ (allegorein) എന്ന പദം ഒരിടത്തു മാത്രമേ പ്രയോഗിച്ചിട്ടുള്ളു, ഗലാ. 4:21-24-ൽ. പഴയ നിയമ സംഭവങ്ങളെ വ്യാഖ്യാനിക്കാൻ പൗലോസ് അപ്പസ്തോലൻ പലപ്പോഴും അന്യാപദേശാർത്ഥ വ്യാഖ്യാനരീതി ഉപയോഗപ്പെടുത്തുന്നുണ്ട് (1 കോറി. 5:6-8,9:8-10, 10-11). ഗലാ. 4:21-31ൽ സാറായെ ദൈവം അബ്രാഹത്തോടു ചെയ്ത ഉടമ്പടിയോടും ഹാഗാറിനെ സീനായ് മലയിൽവച്ച് ദൈവം മോശയോടു ചെയ്ത ഉടമ്പടിയോടും പൗലോസ് താരതമ്യപ്പെടുത്തിയിരിക്കുന്നു.

യേശുവിന്റെ ഉപമകൾക്കും അന്യാപദേശാർത്ഥം ഉള്ളതായി കാണാം. വിതക്കാരന്റെ ഉപമയ്ക്ക് അത്തരത്തിലുള്ള ഒരു വ്യാഖ്യാനം സുവിശേഷത്തിൽ യേശുതന്നെ നല്കുന്നുണ്ടല്ലോ (മർക്കോ 4:13-20; cfr. mt 13:36-43). പുതിയ നിയമാനന്തര കാലഘട്ടത്തിൽ സഭാപിതാക്കന്മാരിൽ പലരും അന്യാപദേശാർത്ഥ വ്യാഖ്യാനത്തിന് ഏറെ പ്രാധാന്യം നല്കിയിരുന്നു. വി. ജസ്റ്റിനും ക്ലെമന്റും ഒരിജെനുമെല്ലാം ഇക്കാര്യത്തിൽ മുൻപന്തിയിലാണ്. അലക്സാന്ഡ്രിയൻ ദൈവശാസ്ത്ര കലാലയത്തിൽനിന്നുള്ള ക്രൈസ്തവ ഗ്രന്ഥകാരന്മാർ ഈ വ്യാഖ്യാന രീതിയോട് പ്രത്യേക താല്പര്യം കാണിച്ചിട്ടുള്ളതായികാണാം.

**ധ്വനി**

ഭാഷാ പ്രയോഗത്തിന്റെ ഒരു പ്രത്യേക ശൈലിയിലൂടെ ഉരുത്തിരിയുന്നതാണ് ധ്വനി. ഉപയോഗിക്കപ്പെടുന്ന പദത്തിന്റെ പ്രഥമമോ ദ്വിതീയമോ ആയ അർത്ഥമായിരിക്കില്ല അത്. എന്നാൽ ആ അർത്ഥത്തിലൂടെ തുറക്കപ്പെടുന്നതും അനുവാചകനിൽ അവർണ്ണനീയമായ ഒരു അനുഭവമുളവാക്കുന്നതുമായ അഗാധമായ മറ്റൊരർത്ഥമാണ് ധ്വനിയിലൂടെ ലഭിക്കുന്നത്. ഇന്ത്യയിലെ കാവ്യശാസ്ത്രത്തിലൂടെയാണ് ധ്വനിയുടെ അരങ്ങേറ്റം.

ധ്വന്യർത്ഥം നിശ്ചയിക്കാൻ സഹായകമായ രണ്ടു മാനദണ്ഡങ്ങളുണ്ട്:

1. വാക്കുകളുടെ യാതൊരർത്ഥത്തെയും ധ്വനി നിഷേധിക്കുവാൻ ഇടവരരുത്;

www.malankaralibrary.com

2. ലഭ്യമായ അർത്ഥങ്ങളിൽനിന്നും പുതിയൊരർത്ഥം കണ്ടെത്താൻ വ്യാഖ്യാതാവിന്റെ മനസ്സിൽ ശക്തമായൊരു ഉൾപ്രേരണയുണ്ടാകണം.

ഒരു ഉദാഹരണമെടുക്കാം: മലയിലെ പ്രസംഗത്തിലെ ദൈവ പരിപാലനയെക്കുറിച്ച് പറയുന്ന ഭാഗത്ത് (മത്താ. 6:25–33) കൺമുമ്പിലുള്ള കാര്യങ്ങളാണ് യേശു അവതരിപ്പിക്കുക: പരിപാലിക്കുക, ഭക്ഷണം കൊടുക്കുക, വസ്ത്രം ധരിപ്പിക്കുക, എല്ലാ ആവശ്യങ്ങളും അറിയുക എന്നിങ്ങനെയുള്ള കാര്യങ്ങൾ. ഈ വിവരണം നമ്മിൽ ജനിപ്പിക്കുന്ന വികാരം ഒരു കുഞ്ഞിന് തന്റെ പിതാവിനോടുള്ള മനോഭാവവും ആശ്രയബോധവുമാണ്. ദൈവത്തെ 'ആബാ പിതാവേ' എന്നു വിളിക്കാൻ അതു നമ്മെ പ്രേരിപ്പിക്കുന്നു. മറ്റൊരു ഉദാഹരണം: മർക്കോ 4:35–41–ൽ യേശു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു. ആ സംഭവം വായിക്കുമ്പോൾ യേശു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു എന്നതിനപ്പുറത്ത്, സംഭ്രാന്തിയും വെല്ലുവിളികളും അപകടങ്ങളും നിറഞ്ഞ ജീവിത സാഗരത്തിൽ ആത്യന്തികമായ സ്ഥിരതയും ശാന്തിയും കൈവരിക്കാൻ സർവോപരി ദൈവത്തിലാശ്രയിക്കണമെന്ന ബോധ്യം നമ്മിൽ ഉളവാകുന്നു. യോഹന്നാൻ 4:4–26–ൽ യേശുവും സമറിയാക്കാരിയും തമ്മിലുള്ള സംഭാഷണം വായിക്കുമ്പോൾ അത് അവർ തമ്മിലുള്ള കേവലമൊരു സംഭാഷണമായി തോന്നുകയില്ല. അതിനപ്പുറത്ത് ദൈവിക പ്രകാശത്തിലേക്ക് നമ്മെ അഭിമുഖമാക്കി നിറുത്തി വേദനാജനകമായ ആത്മപരിശോധനയിലൂടെ സ്വയം കണ്ടെത്താനും ഹൃദയവിശുദ്ധീകരണം പ്രാപിക്കാനും ഉള്ള ആവശ്യകത ആ സംഭാഷണം നമ്മിൽ ധ്വനിപ്പിക്കുന്നു. മാത്രമല്ല നമ്മൾ മനസ്സു തിരിഞ്ഞാൽ നമ്മുടെ ദാഹം എന്നന്നേക്കുമായി ശമിപ്പിക്കുന്ന ദൈവിക ജീവന്റെ ജീവജലധാര ദൈവം നമ്മിലേക്ക് പ്രവഹിപ്പിക്കും എന്നു നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. ഭാവനാ സമ്പന്നരായ പ്രസംഗകരും ആധ്യാത്മിക ഗ്രന്ഥകർത്താക്കളുമൊക്കെ ബൈബിൾ ഭാഗങ്ങളെ പലപ്പോഴും വാച്യാർത്ഥങ്ങൾക്കപ്പുറം വ്യാഖ്യാനിച്ചു കണ്ടിട്ടുണ്ട്. എന്നാൽ ഗ്രന്ഥകാരൻ ഉദ്ദേശിച്ചിട്ടുള്ളതാവണമെന്നില്ല അത്തരം വ്യാഖ്യാനങ്ങളിലൂടെ അവർ കണ്ടെത്തുന്ന കാര്യങ്ങൾ. അതിനാൽ വിശുദ്ധ ഗ്രന്ഥത്തിന്റെ വ്യാഖ്യാനവിധികളനുസരിച്ച് ഗ്രന്ഥകാരന്റെ ഉദ്ദേശ്യമെന്തായിരുന്നുവെന്ന് കണ്ടെത്താൻ വ്യാഖ്യാതാവ് പ്രഥമതഃ ശ്രദ്ധിക്കണം. കൂടാതെ വിശുദ്ധ ഗ്രന്ഥഭാഗങ്ങളുടെ വാച്യാർത്ഥത്തിന് കൂടുതൽ ഊന്നൽ നല്കുകയും വേണം. എന്തെന്നാൽ ഗ്രന്ഥകാരന്റെ ഉദ്ദേശ്യം സുതാരം വ്യക്തമാകുന്നത് അദ്ദേഹത്തിന്റെതന്നെ വാക്കുകളിലൂടെയാണല്ലോ. എന്നാൽ ചിലപ്പോൾ ശരിയായ അർത്ഥം കണ്ടുപിടിക്കുക ബുദ്ധിമുട്ടായിരിക്കും. കാരണം തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ടതാണല്ലോ വിശുദ്ധ ഗ്രന്ഥം. പകർത്തിയെഴുതിയവർക്കുവന്ന ചില പിഴവുകൾ വ്യാഖ്യാന പ്രക്രിയയെ ക്ലേശകരമാക്കാവുന്നതാണ്. അല്ലെങ്കിൽ ഗ്രന്ഥകാരൻ ഉപയോഗിച്ചിട്ടുള്ള ചില ദുർഗ്രഹ പദങ്ങളൊ അപൂർവ ശൈലികളൊ അവ്യക്ത പ്രയോഗങ്ങളൊ ഈ

www.malankaralibrary.com

ബുദ്ധിമുട്ട് വർദ്ധിപ്പിക്കാം. ഗ്രന്ഥരചനയുടെ പശ്ചാത്തലത്തെക്കുറിച്ച് വേണ്ടത്ര അറിവു ലഭിക്കാതിരിക്കുന്നതും സങ്കീർണ്ണത കൂട്ടും. ഇത്തരം സന്ദർഭങ്ങളിലും മറ്റു സംശയങ്ങളിലും ആധികാരിക വ്യാഖ്യാനം നല്കാനുള്ള അവകാശം സഭയുടെ പ്രബോധനാധികാരത്തിൽ നിക്ഷിപ്തമാണ്.

www.malankaralibrary.com

## അധ്യായം - 3

# ബൈബിൾ, വിശ്വാസികളുടെ പ്രാർത്ഥനാഗ്രന്ഥം

വിശ്വാസികളുടെ പ്രാർത്ഥനാപുസ്തകമാണ് ബൈബിൾ. ബൈബിൾ പാരായണത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ സുനഹദോസ് പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: "ദൈവവും മനുഷ്യനും തമ്മിലുള്ള സംഭാഷണം സുസാധ്യമായിത്തീരാൻ വിശുദ്ധഗ്രന്ഥ പാരായണത്തോടൊപ്പം പ്രാർത്ഥനയും അനിവാര്യമാണെന്ന് എല്ലാവരും അറിഞ്ഞിരിക്കട്ടെ. കാരണം പ്രാർത്ഥിക്കുമ്പോൾ നമ്മൾ ദൈവത്തോടും, വി. ഗ്രന്ഥം വായിക്കുമ്പോൾ ദൈവം നമ്മോടും സംസാരിക്കുന്നു" (ദൈവാവിഷ്കരണം 25). അതുകൊണ്ട് മറ്റേതൊരു പുസ്തകംപോലെയല്ല ബൈബിൾ വായിക്കുകയോ പഠിക്കുകയോ ചെയ്യേണ്ടത്. കാരണം വി. ഗ്രന്ഥം കേവലം ചരിത്രത്തിന്റെയോ ശാസ്ത്രത്തിന്റെയോ സാഹിത്യത്തിന്റെയോ പാഠപുസ്തകമല്ല. നമ്മുടെ ഭാഷയിൽ ദൈവം നമ്മോടു സംസാരിക്കുന്നതാണ് വി. ഗ്രന്ഥം. ദൈവസ്വരത്തിനു കാതോർത്തുകൊണ്ട് നമ്മുടെ ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് പ്രാർത്ഥനാപൂർവം വായിച്ചു ധ്യാനിക്കാനുള്ളതാണ് ബൈബിൾ. ശ്രദ്ധാപൂർവം ശ്രവിക്കുക, പ്രാർത്ഥിക്കുക, ജീവിതത്തെക്കുറിച്ചു ചിന്തിക്കുക, ഇതൊക്കെ ബൈബിൾ വായനയോടു ചേർന്നു പോകണം. അങ്ങനെ വിശുദ്ധഗ്രന്ഥ പാരായണം ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു ആന്തരിക സംഭാഷണമായി മാറണം. അപ്പോൾ ബൈബിൾ പാരായണം യഥാർത്ഥത്തിൽ പ്രാർത്ഥനയായിത്തീരും.

പ്രാണമിത്രങ്ങൾപോലെ, ദൈവവും മനുഷ്യനും തമ്മിൽ സംഭാഷിക്കുന്നതാണല്ലോ യഥാർത്ഥ പ്രാർത്ഥന. തന്റെ അഗാധമായ സ്നേഹം വെളിപ്പെടുത്തി പ്രാർത്ഥനാവേളയിൽ ദൈവം വിശ്വാസിയോട് സംസാരിക്കുന്നു. ദൈവവചനാവേളയിൽ വിശ്വാസിയുടെ ഹൃദയത്തെ ത്രസിപ്പിച്ച് സ്നേഹവും കൃതജ്ഞതയും സ്തുതിയും ഹൃദയത്തിൽ ഉണർത്തുന്നു. അതോടൊപ്പംതന്നെ ദൈവസ്നേഹത്തോട് അവിശ്വസ്തത പുലർത്തിയതിന്റെയും പാപാന്ധകാ

www.malankaralibrary.com

രത്തിൽ ജീവിച്ചതിന്റെയും പേരിൽ അഗാധമായ മനസ്താപവും ദുഃഖവും ജനിപ്പിക്കുന്നു. ദൈവത്തോടുള്ള സ്നേഹത്തിന്റെ തീവ്രത ഓരോരുത്തരിലും വ്യത്യാസപ്പെട്ടിരിക്കുന്നത് അനുസരിച്ച് പ്രാർത്ഥനാരീതിയിലും വ്യത്യാസം കാണാം.

## ധ്യാനാത്മക പാരായണം

ദൈവത്തെ അറിയാനും അനുഭവിക്കാനും വേണ്ടിയാണ് ബൈബിൾ വായിക്കേണ്ടത്. അതുകൊണ്ട് ഒരുപ്രാർത്ഥനയോടുകൂടിവേണം ബൈബിൾ വായന ആരംഭിക്കുവാൻ. അങ്ങനെ ദൈവസ്വരം ശ്രവിക്കുന്നതിന് നമ്മെ ത്തന്നെ ശ്രദ്ധാപൂർവ്വം സജ്ജമാക്കേണ്ടിയിരിക്കുന്നു. ഉദാഹരണത്തിന്, ആരെ ങ്കിലും അകലെനിന്നും ഫോണിലൂടെ നമ്മോടു സംസാരിക്കുന്നു എന്നിരി ക്കട്ടെ. അദ്ദേഹം പറയുന്ന ഓരോവാക്കും കൃത്യമായി മനസ്സിലാക്കാൻ എത്ര മാത്രം താല്പര്യത്തോടും ഏകാഗ്രതയോടുമാണ് നാം ചെവിയോർക്കുക. അതുപോലെ, ദൈവവചനം ശ്രവിക്കുവാൻ നമ്മുടെ അന്തരംഗം പരിപൂർണ്ണ നിശബ്ദമായിരിക്കണം. ദൈവസാന്നിധ്യ സ്മരണയിലൂടെ നമ്മുടെ മനസ്സ് സജീവമാകണം. മഗ്ദലനമറിയം ഉത്ഥിതനായ കർത്താവിനെ തിരിച്ചറിഞ്ഞതു നോക്കുക: 'മറിയം' എന്ന് അവിടുന്നു വിളിച്ച മാത്രയിൽ അവൾക്ക് അവി ടുത്തെ തിരിച്ചറിയാൻ കഴിഞ്ഞു (യോഹ. 20:16, ലൂക്ക 24:32, യോഹ 1:1). ഏകാഗ്രതയോടെ സർവ്വശ്രദ്ധയും യേശുവിന്റെ വിളിയിൽ അവൾ കേന്ദ്രീക രിച്ചു. അതുകൊണ്ടാണ് അവൾക്ക് യേശുവിനെ തിരിച്ചറിയാനും അവിടുന്ന് ദൈവംതന്നെയാണെന്ന് ബോധ്യപ്പെടാനും കഴിഞ്ഞത്. ദൈവം സ്വർഗ്ഗത്തിൽ നിന്നും നമുക്കയച്ചുതന്ന ഒരു സ്വകാര്യകത്ത് വായിക്കുന്ന പോലെയാണ് നമ്മൾ ബൈബിൾ വായിക്കേണ്ടതെന്നാണ് വി. അഗുസ്തീനോസ് പറഞ്ഞി രിക്കുന്നത്.

ദൈവവചനം വായിക്കാനൊരുങ്ങുമ്പോൾ അതു ഫലവത്താകണമെങ്കിൽ നമ്മിൽ ചില അടിസ്ഥാന മനോഭാവങ്ങളുമുണ്ടായിരിക്കണം:

ഒന്ന്, വിശ്വാസത്തോടെ വേണം അത് ചെയ്യുവാൻ. രണ്ട്, വിനീത ഹൃദ യവും പ്രാർത്ഥനാരുപിയും വായനായിലുടനീളം പുലർത്തണം. മൂന്ന്, ബൈ ബിളിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നു എന്ന ബോധ്യം വേണം. നാല്, ദൈവത്തിന്റെ വാഗ്ദാനങ്ങൾ സ്വീകരിക്കാനും കല്പനകൾ പാലിക്കാനുമുള്ള സന്നദ്ധതയും സമർപ്പണ ചൈതന്യവും സദാ നമ്മെ ഭരിക്കണം.

## അവനവന്റെ സാഹചര്യത്തിന് അനുസൃതമായ പാരായണം

നമ്മെക്കൂടി മുന്നിൽ കണ്ടുകൊണ്ടാണ് സഹസ്രാബ്ദങ്ങൾക്കുമുമ്പ് ദൈവം വിശുദ്ധ ലിഖിതങ്ങൾക്ക് രൂപം നല്കിയത്. നാം അവ വായിക്കു മ്പോൾ ദൈവം ഇപ്പോഴും അവയിലൂടെ നമ്മോടു സംസാരിക്കുന്നുവെന്ന് ഓർക്കണം. നസ്രത്തിലെ സിനഗോഗിൽ പ്രവേശിച്ച് ക്രിസ്തുനാഥൻ ഏശ

www.malankaralibrary.com

യ്യായുടെ പ്രവചനം വായിച്ചശേഷം പറഞ്ഞത്: "ഇന്ന് ഈ തിരുലിഖിതം നിങ്ങൾ കേൾക്കെത്തന്നെ നിറവേറിയിരിക്കുന്നു" (ലൂക്ക 4:21) എന്നാണല്ലോ. യേശുവിന്റെ വചനങ്ങൾ നാം സുവിശേഷത്തിൽ വായിക്കുമ്പോൾ, അവിടുന്നു നേരിൽവന്ന് നമ്മോടു പറയുന്നതുപോലെ നമുക്കു തോന്നണം. അതുപോലെതന്നെ, പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ നാം വായിക്കുമ്പോൾ അദ്ദേഹം നമുക്ക് നേരിട്ടെഴുതിയ കത്തുകൾപോലെ വേണം കരുതുവാൻ.

പഴയനിയമ സംഭവങ്ങളെ കോറിന്തോസുകാരുടെ മുന്നിൽ നിരത്തിവച്ചുകൊണ്ട് പൗലോസ് ശ്ലീഹാ പറയുകയാണ്: "അവരെപ്പോലെ നാം തിന്മ ആഗ്രഹിക്കാതിരിക്കാൻ നമുക്കൊരു പാഠമായിട്ടാണ് ഇവ സംഭവിച്ചത്" (1-കോറി 10:6, 9:9–11; റോമ 4:23–25; 15:14). ഇതിൽനിന്നും വിശുദ്ധഗ്രന്ഥം ഏതെങ്കിലുമൊരു കാലഘട്ടത്തിലെ ജനത്തിനു മാത്രമുള്ള സാന്ദേശമല്ല, പ്രത്യുത എല്ലാക്കാലത്തുമുള്ള ജനങ്ങൾക്കും അതു ബാധകമാണ് എന്ന് വ്യക്തമാണല്ലോ. "നിങ്ങൾക്ക് ദൈവത്തെയും മാമ്മോനെയും സേവിക്കാൻ സാധ്യമല്ല" (മത്താ 6:24) എന്നു കർത്താവു പറയുമ്പോൾ രക്ഷകൻ നമുക്ക് നേരിട്ടു നല്കുന്ന ഒരു താക്കീതായി നാമതിനെ കരുതണം. നമ്മുടെ ജീവിതത്തിൽ ദൈവത്തിനു പ്രഥമസ്ഥാനം നല്കുന്നില്ലെങ്കിൽ, ദൈവത്തെ നമ്മൾ സർവോപരി സ്നേഹിക്കുന്നില്ലെങ്കിൽ, നമ്മൾ അവിടുത്തേ ശിഷ്യരല്ല എന്നാണ് ആ താക്കീതിന്റെ സാരം. എന്നാൽ നമ്മുടെ കഴിവുകൾകൊണ്ട് മാത്രം ദൈവവചനം അനായാസം ഗ്രഹിക്കാമെന്ന് വിചാരിക്കരുത്. ദൈവാത്മാവിന്റെ പ്രചോദനത്തെ വിനയാന്വിതം നാം അംഗീകരിച്ചേതീരൂ. വചനം വിശ്വസിക്കുക, വായിക്കുക, ശ്രവിക്കുക, ധ്യാനിക്കുക, പ്രാർത്ഥിക്കുക മുതലായവയാണ് നമ്മുടെ കർത്തവ്യം. നമ്മുടെ മനസ്സിനു ഗ്രഹണശക്തി നല്കാനും ഹൃദയത്തെ ഉണർത്താനും പരിശുദ്ധാത്മാവിന്റെ സഹായം അനിവാര്യമാണ് (റോമ 8:26–27, യോഹ 14:28–28). അതുകൊണ്ട് ബൈബിൾ പാരായണത്തിനുമുമ്പ് പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയും അത്യന്താപേക്ഷിതമാണ്.

## പ്രാർത്ഥനാപൂർണമായ പഠനം

പൂർണ്ണ ആദരവോടെയും പ്രാർത്ഥനാ നിർഭരമായും നിർവഹിക്കേണ്ട ഒന്നാണ് ബൈബിൾ പഠനം. ഈ പഠനപ്രക്രിയയിൽ പ്രധാനം ബൈബിളിനെക്കുറിച്ച് കുറെയേറെ കാര്യങ്ങൾ മനസ്സിലാക്കുക എന്ന ഒരു ബൗദ്ധിക വ്യാപാരമല്ല. മറിച്ച് തിരുവചനത്തിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തെ കണ്ടുമുട്ടുകയാണു ബൈബിൾ പഠനത്തിലൂടെ സാധിക്കേണ്ടത്.

ബൈബിൾ പഠനത്തിന് ആദ്യമേതന്നെ ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. ബൈബിളിന്റെ ഉള്ളടക്കം ഏറെക്കുറെ വ്യക്തമായി മനസ്സിൽ പതിയണം.

www.malankaralibrary.com

ആവർത്തിച്ചാവർത്തിച്ച് വായിക്കുന്നതിലൂടെ മാത്രമേ ഇത് സാധിക്കുകയുള്ളൂ. അതിനുപുറമെ ബൈബിൾ എങ്ങനെ രൂപപ്പെട്ടുവെന്നും ആരാണ് ബൈബിൾ ഗ്രന്ഥങ്ങൾ രചിച്ചതെന്നും ആർക്കുവേണ്ടിയായിരുന്നു രചന നടത്തിയതെന്നും ഏതു കാലഘട്ടത്തിലാണ് രചിക്കപ്പെട്ടതെന്നുമൊക്കെയുള്ള പശ്ചാത്തല വിജ്ഞാനം ഏറെക്കുറെ വ്യക്തമായി മുൻകൂട്ടി മനസ്സിലാക്കിയിരുന്നാൽ മാത്രമേ ബൈബിൾ വിവരണങ്ങളുടെ യഥാർത്ഥ സന്ദേശം കണ്ടെത്താനാകൂ. ഇതിനായി ബൈബിളിന്റെ ഏതെങ്കിലും നല്ലൊരു പ്രാരംഭപഠന ഗ്രന്ഥം ഉപയോഗിക്കേണ്ടതാവശ്യമാണ്. ബൈബിൾ ഭാഗങ്ങൾ കൃത്യമായി വ്യാഖ്യാനിക്കാനാഗ്രഹിക്കുന്നവർ ബൈബിൾ വ്യാഖ്യാനത്തിന്റെ അടിസ്ഥാന തത്വങ്ങൾ അറിഞ്ഞിരിക്കണം. ഹീബ്രു, ഗ്രീക്ക് ഭാഷകളിൽ സാമാന്യമായ പ്രായോഗിക പരിജ്ഞാനം അവർക്കുണ്ടായിരിക്കണം. കാരണം നിഘണ്ടുക്കൾ ഉപയോഗിക്കാനും ബൈബിളിലെ പദങ്ങളുടെ മൗലിക അർത്ഥം കണ്ടെത്താനും മൂലഭാഷാജ്ഞാനം അനിവാര്യമാണല്ലോ. ഒരേപദംതന്നെ വിവിധ സാഹചര്യങ്ങളിൽ വിവിധാർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ടാകും. അക്കാര്യം പരിശോധിക്കുവാൻ ബൈബിൾപദങ്ങളുടെ സൂചീപത്രം (concordance) ആവശ്യമാണ്. അതിന്റെ സഹായത്തോടെ പ്രസക്ത പദം എവിടെയെല്ലാം ഏതെല്ലാം അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നുവെന്ന് പഠിക്കുക. അവസാനമായി തന്റെ അറിവ് പരിശോധിച്ചറിയുവാനും പൂർണ്ണമാക്കുവാനും ഒരു ആധികാരിക വ്യാഖ്യാന പുസ്തകത്തിന്റെ (commentary) സഹായവും തേടണം.

ഏതെങ്കിലുമൊരു ബൈബിൾ ഭാഗത്തിന്റെ പ്രധാന സന്ദേശം മനസ്സിലായി എന്നിരിക്കട്ടെ. ആ സന്ദേശത്തെ സ്വന്തജീവിതത്തോടു ബന്ധപ്പെടുത്തി അവലോകനം ചെയ്യുവാൻ ശ്രമിക്കണം.

പ്രസ്തുത വിശുദ്ധഗ്രന്ഥഭാഗം ഇന്ന് എന്നോട് എന്താവശ്യപ്പെടുന്നുവെന്ന് സ്വയം ചോദിക്കുക. ഈ ഘട്ടത്തിൽ ബൈബിൾ പഠനം പ്രാർത്ഥനയായി മാറും. അത് ആധ്യാത്മിക ജീവിത പ്രമാണമായി ഭവിക്കും. ഇതുവഴി വാച്യാർത്ഥത്തിനപ്പുറമുള്ള സമ്പൂർണ്ണാർത്ഥത്തിലേക്കും ധ്വനിയർത്ഥത്തിലേക്കും കടക്കാൻ നമുക്കു കഴിയും. ഇപ്രകാരം ബൈബിൾ പഠനം പ്രാർത്ഥനയായും ദൈവത്തെപ്പറ്റിയുള്ള ഒരന്വേഷണമായും പരിണമിക്കും.

## ഒരു ഉദാഹരണം ശ്രദ്ധിക്കുക

നായിം പട്ടണത്തിലെ വിധവയുടെ മകനെ ഈശോ പുനർജ്ജീവിപ്പിക്കുന്നു (ലൂക്കാ 7:11–17).

പ്രാർത്ഥനാപൂർണ്ണമായ ബൈബിൾ പഠനത്തിന് ഒരു ഉദാഹരണമായി നമുക്ക് ഈ അത്ഭുതമെടുക്കാം. ലൂക്കാ സുവിശേഷകൻ മാത്രമേ ഈ അത്ഭുതം രേഖപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ഒരു സമാന സംഭവം പഴയ നിയമത്തിൽ കാണുന്നുണ്ട്. 1 രാജാ 17:17–24-ലാണ് അത് രേഖപ്പെടുത്തിയി

www.malankaralibrary.com

ട്ടുള്ളത്. അവിടെ ഒരു വിധവയുടെ പുത്രനെ ഏലീയാ പ്രവാചകൻ പുനർജ്ജീവിപ്പിക്കുന്നു. ഈ രണ്ടു സംഭവങ്ങളുടെയും വിവരണങ്ങളിൽ സാമ്യമുണ്ട്. രണ്ടിലും വിധവയുടെ ഏകമകനാണ് മരിച്ചതും പുനർജ്ജീവിപ്പിക്കപ്പെട്ടതും. പുനർജ്ജീവിപ്പിച്ചശേഷം "അവൻ അവനെ അവന്റെ അമ്മയ്ക്ക് ഏല്പിച്ചുകൊടുത്തു" (1 രാജാ 17:23=ലൂക്കാ 7:15) എന്നാണ് രണ്ടു വിവരണങ്ങളിലും കാണുന്നത്. ജനങ്ങളുടെ വിശ്വാസ പ്രകടനത്തോടെയാണ് ഇരു സംഭവങ്ങളും ഉപസംഹരിച്ചിട്ടുള്ളത്. ഇവയിൽനിന്നെല്ലാം യേശുവിനെ ഏലിയായായി അവതരിപ്പിക്കാൻ ലൂക്കാ ഉദ്ദേശിക്കുന്നതായി നമുക്കു ന്യായമായും അനുമാനിക്കാവുന്നതാണ് (1 രാജാ 17:17–24, 2 രാജാ 4:17–22, 32–37, 2:11 മുതൽ; ലൂക്കാ 9:18–36; 1:17, 9:8–19, മത്താ 11:14, 16:14, 17:3; യോഹ 1:23).

ഇനി യേശുവിന്റെ അത്ഭുതത്തിന്റെ സ്വഭാവത്തെക്കുറിച്ച് പഠിക്കാം. ഇതുപോലെ മരിച്ചവരെ ജീവിപ്പിക്കുന്ന മൂന്നു സംഭവങ്ങളാണ് സുവിശേഷങ്ങളിലുള്ളത് – ജായ്റൂസിന്റെ മകൾക്ക് (കുട്ടി = മർക്കോ 5:22–43), വിധവയുടെ മകൻ (യുവാവ് = ലൂക്കാ 11:17), മർത്തായുടെയും മറിയത്തിന്റെയും സഹോദരനായ ലാസർ (പ്രായപൂർത്തി കഴിഞ്ഞവൻ = യോഹ 11:38–46) എന്നിവരെ ജീവിപ്പിക്കുന്നത്. ലാസറിനെ ഉയിർപ്പിക്കുന്ന അവസരത്തിൽ യേശു പ്രഖ്യാപിച്ചു: "ഞാനാകുന്നു പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ. 1:25). ലാസറിനെ ഉയിർപ്പിച്ചപ്പോൾ യേശു അരുൾചെയ്ത ഈ വചനങ്ങൾ എല്ലാവരുടെയും കണ്ണു തുറപ്പിക്കേണ്ടതാണ്. യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ച് ധ്യാനിക്കാനും അവിടുത്തെ ദൈവത്വത്തിലും വചനങ്ങളിലും വിശ്വസിക്കാനും നമുക്കു സാധിക്കണം. യേശുവിന്റെ പ്രവൃത്തികൾ, അവിടുന്ന് അരുൾചെയ്തവ സത്യമാണെന്ന് വ്യക്തമാക്കി. അതായത്, യേശുവും പിതാവും ഒന്നാണെന്ന (യോഹ 10:37, 14:10–12) സത്യം വെളിപ്പെടുത്തുകയായിരുന്നു അവയുടെ ലക്ഷ്യം. താനാണ് ലോകത്തിന്റെ പ്രകാശമെന്ന് വ്യക്തമാക്കാൻ യേശു ഏതാനും അന്ധർക്ക് കാഴ്ച നല്കി. താനാണ് പുനരുത്ഥാനവും ജീവനും എന്ന വാക്കുകളെ യേശുനാഥൻ ലാസറിനെ ഉയർപ്പിച്ചതുവഴി സ്ഥിരീകരിച്ചു (യോഹ. 14: 6,11:25).

യേശു നിർണ്ണായമായി ഇടപെട്ട കാലത്തെയും വ്യത്യസ്ത വ്യക്തികളെയും കണക്കിലെടുക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു. എല്ലാ കാലത്തും എല്ലാ തരത്തിൽപ്പെട്ട മനുഷ്യർക്കും ജീവദാതാവാണ് അവിടുന്ന്, കുട്ടികളും യുവജനങ്ങളും പ്രായമായവരും പുരുഷന്മാരും സ്ത്രീകളും എന്നിങ്ങനെ എല്ലാവരും യേശുവിന്റെ കരുണാർദ്ര സ്നേഹത്തിന്റെയും ജീവദായകശക്തിയുടെയും സംരക്ഷണത്തിലാണ്. ജായ്റൂസിന്റെ മകൾ മരിച്ചയുടനെ തന്നെ യേശു അവളെ ഉയിർപ്പിക്കാനെത്തി. വിധവയുടെ മകന്റെ കാര്യത്തിൽ

www.malankaralibrary.com

മൃതസംസ്കാര യാത്രയുടെ അവസരത്തിലാണ് യേശു വന്നത്. ലാസറിനെ ഉയിർപ്പിച്ചതാകട്ടെ മൃതസംസ്കാരം കഴിഞ്ഞ് നാലാം ദിവസവും (യോഹ. 11:17). അതേ, യേശു തീർച്ചയായും നമ്മുടെ സഹായത്തിന് എത്തും. നമുക്ക് ജീവൻ നല്കാൻ. ചിലപ്പോൾ താമസിച്ചാകാം. എന്നാലും അവിടുന്ന് നമ്മെ കടാക്ഷിക്കാതിരിക്കില്ല, പരിത്യജിക്കയില്ല എന്നത് തീർച്ചയാണ്. അതിന് നമ്മുടെ ഭാഗത്തുനിന്ന് അത്യാവശ്യമായ ഒന്നുണ്ട്-അചഞ്ചലമായ വിശ്വാസം.

അത്ഭുതങ്ങൾ കണ്ടപ്പോൾ ജനങ്ങൾ പറഞ്ഞു. "ഒരു വലിയ പ്രവാചകൻ ഇതാ നമ്മുടെ മധ്യത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ദൈവം നമ്മെ സന്ദർശിച്ചിരിക്കുന്നു" (ലൂക്കാ 7:1 രാജാ 17:24). ഇതിൽനിന്നും യേശുവിന്റെ അത്ഭുതങ്ങൾ ജനങ്ങളിൽ വിശ്വാസമുളവാക്കി എന്ന് വ്യക്തമാകുന്നു. നേരെമറിച്ചും പറയാം. അതായത് വിശ്വാസം അത്ഭുതങ്ങൾക്കു കാരണമായി. അത്ഭുതം പ്രവർത്തിക്കുന്നതിനോട് അനുബന്ധിച്ച് യേശു പലപ്പോഴും പറഞ്ഞു: "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (ലൂക്കാ 17:19, 18:42). പലപ്പോഴും അവർക്കു വിശ്വാസമുണ്ടോ എന്ന് ചോദിച്ചറിഞ്ഞ ശേഷമാണ് യേശു അത്ഭുതം പ്രവർത്തിച്ചിട്ടുള്ളത് (ലൂക്കാ 7:50, യോഹ 11:26,40). ജനങ്ങൾക്ക് വിശ്വാസമില്ലാതിരുന്നതുകൊണ്ട് യേശുവിന് സ്വദേശമായ നസ്രത്തിൽ കൂടുതൽ അത്ഭുതങ്ങൾ പ്രവർത്തിക്കാനായില്ലെന്ന് സുവിശേഷകർ രേഖപ്പെടുത്തിയിരിക്കുന്നതു പ്രത്യേകം ശ്രദ്ധിക്കുക (മത്താ. 13:58; മർക്കോ 6:5-6).

യേശുവിന്റെ അത്ഭുതങ്ങൾ വലിയൊരു ആദ്ധ്യാത്മിക സന്ദേശം നമുക്കു നല്കുന്നുണ്ട്. പാപംവഴി നമ്മിൽ ആത്മീയമരണം സംഭവിക്കുന്നു. യേശുവിൽ വിശ്വസിക്കുന്ന ഏതൊരു പാപിക്കും അവിടുന്ന് ജീവൻ പ്രദാനം ചെയ്യുന്നു. അവിടുന്ന് പറഞ്ഞു: "ആത്മാവാണ് ജീവൻ പ്രദാനം ചെയ്യുന്നത്. ജഡം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോട് പറയുന്ന വാക്കുകൾ ആത്മാവും ജീവനുമാകുന്നു" (യോഹ 6:63). "അവൻ അവനെ അവന്റെ അമ്മയ്ക്ക് ഏല്പിച്ചുകൊടുത്തു" (ലൂക്ക 7:15). ഈ പ്രസ്താവന മറ്റൊരു ഭാഗത്തേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു - കാൽവരിയിലേക്ക്. കുരുശിൽക്കിടന്നുകൊണ്ട് അവിടുന്ന് യോഹന്നാനോടു പറഞ്ഞു. "ഇതാ നിന്റെ അമ്മ" (യോഹ 19:27). അതേ, പരിശുദ്ധ കന്യകാ മറിയത്തെ നമ്മുടെ അമ്മയായി സ്വീകരിക്കാനും, ആ അമ്മയോട് കൂടുതൽ അടുക്കാനും യേശുനാഥൻ കുരിശിൽ കിടന്നുകൊണ്ട് നമ്മെ ആഹ്വാനം ചെയ്യുകയാണ്. അത്ഭുതങ്ങൾ കണ്ടവർ വിളിച്ചു പറഞ്ഞു: "ദൈവം തന്റെ ജനങ്ങളെ സന്ദർശിച്ചിരിക്കുന്നു" (ലൂക്കാ 7:16) എന്ന്. പരിശുദ്ധ കുർബ്ബാനയെക്കുറിച്ച് ഓർക്കുമ്പോൾ ഈ വാക്കുകൾ ഇന്നും എത്രയോ ശരിയാണ്! ജീവദായകമായ, അനുദിനഭോജ്യമായ ദിവ്യകാരുണ്യത്തിൽ ഇദ്ദേഹം സദാ സന്നിഹിതനല്ലേ? എല്ലാവർക്കും, പ്രത്യേകിച്ച് പാപത്തിൽ മരിച്ചവർക്ക് ദൈവിക ജീവൻ വീണ്ടും നല്കുന്നതിനാണ് അവിടുന്ന് ഈ മഹാദാനം നല്കിയിരിക്കുന്നത്. യേശു അരുൾ ചെയ്തു:

www.malankaralibrary.com

"സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം ഭക്ഷിക്കുന്നവൻ നിത്യം ജീവിക്കും" (യോഹ 6:51;6-35-,48, 54, 58).

അവസാനമായി, മനുഷ്യന്റെ വേദനകളിലും ദുരിതങ്ങളിലും മനസ്സലിയുന്ന യേശുവിനെ ഈ സംഭവത്തിലൂടെ വരച്ചു കാണിക്കാൻ ലൂക്കാ സുവിശേഷകനു കഴിഞ്ഞിട്ടുണ്ട്. അന്നത്തെ സമൂഹത്തിൽ സ്ത്രീകളും കുട്ടികളും വൃദ്ധരുമൊക്കെ അവഗണിക്കപ്പെട്ടവരായിരുന്നെങ്കിലും യേശു യാതൊരു വിവേചനവും കാണിക്കാതെ എല്ലാവരേയും തുല്യമനുഷ്യരായി പരിഗണിക്കുന്നുവെന്ന് (ലൂക്കാ 7:36–50) സുവിശേഷകൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതായിരിക്കണം ഒരുപക്ഷേ, ഈ അത്ഭുതത്തിന്റെ ധ്വന്യാർത്ഥം. ഇപ്രകാരം പഠനവും ധ്യാനവും ഏകോപിപ്പിച്ചുകൊണ്ട് വി. ഗ്രന്ഥപാരായണം നടത്തിയാൽ തീർച്ചയായും അത് പ്രാർത്ഥനാ പൂർവ്വകമായ ഒരു പഠനമായിമാറും.

www.malankaralibrary.com

## അധ്യായം - 4

# ബൈബിൾ: പൊതുവിവരങ്ങൾ

ബൈബിൾ ഒരൊറ്റ പുസ്തകമല്ല; പല പുസ്തകങ്ങൾ ചേർന്നുള്ള ഒരു ബൃഹദ്ഗ്രന്ഥമാണ്. തിരുസ്സഭ കാനോനികത്വം നല്കി അംഗീകരിച്ചിട്ടുള്ള പുസ്തകങ്ങളെയാണ് ബൈബിളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിലെ കൃതികൾക്ക് ഒരു അനന്യതയുണ്ട്. അവ വിശ്വാസത്തെ സംബന്ധിക്കുന്നവയാണ്. അതുകൊണ്ട് ബൈബിളിനെ വിശുദ്ധ ലിഖിതങ്ങൾ എന്നു വിളിക്കുന്നു. വിശ്വാസ സത്യങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥമായതുകൊണ്ട് ക്രൈസ്തവ ജീവിതത്തിൽ ബൈബിളിനുള്ള സ്ഥാനം എത്ര വലുതാണെന്ന് പറയേണ്ടതില്ലല്ലോ. രണ്ടാം വത്തിക്കാൻ സൂനഹദോസ് വളരെ സ്പഷ്ടമായി ഇക്കാര്യം ആവർത്തിച്ച് പഠിപ്പിക്കുന്നുണ്ട്.

ദൈവാവിഷ്കരണത്തെ സംബന്ധിച്ച് ഡിക്രിയിലെ 25-ാം ഖണ്ഡികയിൽ സൂനഹദോസിന്റെ പ്രബോധനം ശ്രദ്ധിക്കുക: "എല്ലാ ക്രൈസ്തവ വിശ്വാസികളോടും പ്രത്യേകമായും ശക്തിയുക്തമായും ഈ പരിശുദ്ധ സൂനഹദോസ് ആഹ്വാനം ചെയ്യുന്നു...... വിശുദ്ധ ലിഖിതങ്ങൾ കൂടെക്കൂടെ വായിച്ച് യേശുക്രിസ്തുവിനെ പറ്റിയുള്ള വിശിഷ്ട ജ്ഞാനം (ഫിലി 3:8) എല്ലാവരും സ്വായത്തമാക്കുവിൻ. എന്തുകൊണ്ടെന്നാൽ വി. ലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞത തന്നെയാണ്. അതുകൊണ്ട് വി. ഗ്രന്ഥത്തെ എല്ലാവരും നല്ല മനസ്സോടെ സമീപിക്കട്ടെ. ദൈവവചനം നിറഞ്ഞു നില്ക്കുന്ന ആരാധന ക്രമത്തിലൂടെയോ ഭക്തിനിർഭരമായ പാരായണത്തിലൂടെയോ ഇത് സാധിക്കാവുന്നതാണ്......വിശുദ്ധഗ്രന്ഥ പാരായണത്തോടൊപ്പം പ്രാർത്ഥനയും അനിവാര്യമാണെന്ന് എല്ലാവരും അറിഞ്ഞിരിക്കട്ടെ. കാരണം, പ്രാർത്ഥിക്കുമ്പോൾ നമ്മൾ ദൈവത്തോടും വി. ഗ്രന്ഥം വായിക്കുമ്പോൾ ദൈവം നമ്മോടും സംസാരിക്കുന്നു."

### ബൈബിളിന്റെ സ്വഭാവം

വിശ്വാസത്തെക്കുറിച്ചാണ് ബൈബിൾ പഠിപ്പിക്കുന്നതെന്നു കണ്ടല്ലോ. അതുകൊണ്ടു ദൈവത്തിൽ വിശ്വാസിക്കുന്നവർക്കു മാത്രമേ വി. ഗ്രന്ഥം പ്ര

www.malankaralibrary.com

സക്തമായി അനുഭവപ്പെടുകയുള്ളൂ. അർത്ഥവത്തായി തോന്നുകയുള്ളൂ. എന്തെന്നാൽ ശാസ്ത്ര പരിവേഷണങ്ങൾക്കു വേണ്ടിയോ ചരിത്രാന്വേഷണത്തിനുവേണ്ടിയോ വിരചിതമായ ഗ്രന്ഥമല്ല ബൈബിൾ. ബൈബിളിലെ ഗ്രന്ഥകാരന്മാരിൽ ഒരുവൻപോലും അറിയപ്പെടുന്ന ചരിത്രകാരനോ ശാസ്ത്രകാരനോ ആയിരുന്നില്ല. ശാസ്ത്രമോ ചരിത്രമോ പഠിപ്പിക്കുക എന്നതുമായിരുന്നില്ല അവരുടെ രചനയുടെ ലക്ഷ്യം. അവരിൽ ഓരോരുത്തനും ദൈവത്തിൽ ദൃഢമായി വിശ്വസിച്ചിരുന്നവർ ആയിരുന്നു. തങ്ങളുടെ ആഴമേറിയ ദൈവാനുഭവത്തിൽനിന്ന് ഉരുത്തിരിഞ്ഞ കാര്യങ്ങളാണ് അവർ രേഖപ്പെടുത്തിയിട്ടുള്ളവയെല്ലാം. അവ വായിക്കുന്നവർക്ക് ദൈവത്തെ അനുഭവിച്ചറിയുവാനും അങ്ങനെ നിത്യരക്ഷ പ്രാപിക്കാനും കഴിയണം. ഇതാണ് അവരുടെ രചനയുടെ ലക്ഷ്യം. ഈ ലക്ഷ്യം മുൻനിറുത്തി വിശ്വാസത്തിന്റെ വെളിച്ചത്തിൽ അവർ ചരിത്രത്തെ അപഗ്രഥിച്ചു വ്യാഖ്യാനിച്ചു. അപ്പോൾ മനുഷ്യന്റെ സമഗ്ര നന്മയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ ഏകപക്ഷീയമായ രക്ഷാപ്രവർത്തനവും അതിനു നിദാനമായ അവിടുത്തെ അതിരറ്റ സ്നേഹവും അവർ കണ്ടെത്തി. ബൈബിൾ പുസ്തകങ്ങളിൽ അടങ്ങിയിരിക്കുന്ന രക്ഷയുടെ സന്ദേശത്തിനും ഇക്കാര്യത്തിൽ ബൈബിൾ ഗ്രന്ഥകാരന്മാരുടെ ഉദ്ദേശ്യശുദ്ധിക്കും സഭയുടെ അപ്രമാദിത്യാധികാരം നമുക്ക് ഉറപ്പു തരുന്നുണ്ട്.

ഗ്രന്ഥകാരന്റെ ഉദ്ദേശ്യം മനസ്സിലാക്കിക്കൊണ്ടായിരിക്കണം നമ്മൾ വിശുദ്ധഗ്രന്ഥം വായിക്കേണ്ടത്. അതനുസരിച്ചു തന്നെയായിരിക്കണം വിശുദ്ധ ഗ്രന്ഥം വ്യാഖ്യാനിക്കേണ്ടതും. ബൈബിൾപഠനം ആരംഭിക്കുന്നതിനു മുമ്പേ തന്നെ വിശ്വാസം ഉണ്ടായിരുന്നാൽ മാത്രമേ ഇതു സാധിക്കൂ. അതുകൊണ്ടാണ് വിശുദ്ധഗ്രന്ഥ പാരായണവും പ്രാർത്ഥനയും ഒന്നുചേർന്നു പോകണമെന്ന് സഭ തന്റെ തനയരെ ഉദ്ബോധിപ്പിക്കുന്നത്.

## "ബൈബിൾ" – വാച്യാർത്ഥം (Literal meaning)

ആധുനിക ഭാഷകളിൽ ഒട്ടുമിക്കവയിലും ഇപ്പോൾ "ബൈബിൾ" എന്ന പദം പ്രചാരത്തിലായിട്ടുണ്ട്. ബൈബിൾ എന്ന പദത്തിന്റെ അർത്ഥം പുസ്തകം എന്നാണ്. 'ബിബ്ലിയ' എന്ന ഗ്രീക്കു പദത്തിന്റെ തത്ഭവമാണ് "ബൈബിൾ" എന്നത്. ഗ്രീക്കിലെ "ബിബ്ലിയ" എന്നാൽ ബിബ്ലിയോൺ എന്ന പദത്തിന്റെ ബഹുവചന രൂപമാണ്. ബിബ്ലോസ് എന്നാൽ പുസ്തകം എന്നർത്ഥം. ബിബ്ലിയോൺ എന്നാൽ കൊച്ചുപുസ്തകം. ബിബ്ലിയ എന്നാകുമ്പോൾ കൊച്ചുകൊച്ചു പുസ്തകങ്ങൾ (volumes) എന്ന് അർത്ഥം കിട്ടും. ഗ്രീക്കിൽനിന്നും ലത്തീനിലേക്കാണ് ഈ പദം ആദ്യം കടന്നുചെന്നത്. പിന്നീട് ഫ്രഞ്ചിലൂടെയും ഇംഗ്ലീഷിലൂടെയും മറ്റെല്ലാ ഭാഷകളിലേക്കും വ്യാപിച്ചു. A.D. 400 ആയപ്പോഴേക്കും 'ബിബ്ലിയ' എന്ന പദം ക്രിസ്ത്യാനികളുടെ വിശുദ്ധ ലിഖിതങ്ങളെ മാത്രം സൂചിപ്പിക്കുന്ന സംജ്ഞയായിത്തീർന്നു.

www.malankaralibrary.com

## സാഹിത്യരൂപങ്ങൾ (Literary Forms)

ബൈബിളിനു പ്രധാനമായി രണ്ടു ഭാഗങ്ങളുണ്ട്. ഇതിലെ ആദ്യത്തെ ഭാഗം ഹെബ്രായരുടെ (യഹൂദരുടെ) വിശുദ്ധഗ്രന്ഥമാണ്. ഇതിനെ പഴയനിയമം എന്നു വിളിക്കുന്നു. കൂടുതൽ പുസ്തകങ്ങൾ പഴയ നിയമത്തിലാണ്. ഇവതന്നെയാണ് ആദ്യം വിരചിതമായ പുസ്തകങ്ങളും. തന്റെ ജനമായി ഇസ്രായേലിനെ ദൈവം തിരഞ്ഞെടുത്തതും പാപത്തിൽ നിപതിച്ചു മനുഷ്യവംശത്തെ രക്ഷിക്കുന്നതിനുവേണ്ടി അവിടുന്ന് ഇസ്രായേലുമായി ഒരു ഉടമ്പടി ചെയ്തതുമാണ് പഴയനിയമത്തിന്റെ സാരാംശം. യഹൂദ മതത്തിനെന്നപോലെ ക്രിസ്തുമതത്തിനും അടിസ്ഥാന പ്രാധാന്യമുള്ളതാണ് പഴയനിയമം. പഴയനിയമം ഇല്ലായിരുന്നെങ്കിൽ പുതിയ നിയമം എഴുതപ്പെടുക അസാധ്യമായിരുന്നു. പഴയനിയമം കൂടാതെ ക്രിസ്തുമതത്തിന് ഇന്നത്തെ സ്ഥിതി കൈവരിക്കാനും സാധിക്കുമായിരുന്നില്ല.

പഴയ നിയമത്തിലൂടെ കണ്ണോടിക്കുമ്പോൾ വിവിധതരം സാഹിത്യരൂപങ്ങളാണ് നാം കണ്ടെത്തുക. നിയമങ്ങളെയും പ്രബോധനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവരണമാണ് പഞ്ചഗ്രന്ഥിയിൽ. പ്രവാചകന്മാർ, ഗോത്രപിതാക്കന്മാർ, രാജാക്കന്മാർ എന്നിവരുടെ ജീവിതകഥകൾ ചരിത്ര ഗ്രന്ഥങ്ങളിൽ കാണാം. സുഭാഷിതങ്ങളിലേക്കു കടന്നാൽ സൂക്തങ്ങളുടെയും പഴഞ്ചൊല്ലുകളുടെയും ഒരു സമാഹാരമാണ്. താത്വിക രചനകൾ (സഭാ പ്രസംഗകൻ), ആത്മീയ കീർത്തനങ്ങൾ (സങ്കീർത്തനങ്ങൾ) പ്രേമകാവ്യങ്ങൾ (ഉത്തമഗീതം), വിലാപകാവ്യം (വിലാപങ്ങളുടെ പുസ്തകം) എന്നീ സാഹിത്യരൂപങ്ങളും ബൈബിളിലുണ്ട്. ദൈവശാസ്ത്ര സംബന്ധിയായ ഒരു നാടകീയാവിഷ്കരണമാണ് ജോബിന്റെ പുസ്തകം. പ്രവാചക ഗ്രന്ഥങ്ങളിലും ധാരാളം കാവ്യരൂപങ്ങൾ കാണുന്നുണ്ട്. ബൈബിളിന്റെ രണ്ടാം ഭാഗത്തെ പുതിയനിയമം എന്നു വിളിക്കുന്നു. യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളും പ്രവൃത്തികളുമാണ് പുതിയ നിയമത്തിൽ പ്രധാനമായും പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. കൂടാതെ സഭയുടെ വ്യാപനവും വളർച്ചയുംകൂടി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

പുതിയ നിയമത്തിലുമുണ്ട് വിവിധ സാഹിത്യരൂപങ്ങൾ. സുവിശേഷങ്ങളെ ചരിത്രങ്ങളായി കരുതാം. എന്നാൽ സാധാരണയർത്ഥത്തിലുള്ള ചരിത്രമല്ല അവയിലുള്ളത്. യേശുവിന്റെ വചനങ്ങളും പ്രവൃത്തികളും ഓർമ്മയിൽനിന്നും സംഭരിച്ച് പുനരാഖ്യാനം ചെയ്ത് ക്രമീകരിച്ചിട്ടുള്ളതാണ് സുവിശേഷങ്ങൾ. വായനക്കാരെ യേശുവിലുള്ള വിശ്വാസത്തിലേക്കു നയിക്കുന്നതിനുവേണ്ടിയാണ് അവ വിരചിതമായിട്ടുള്ളത്. അപ്പസ്തോല പ്രവർത്തനങ്ങൾ മറ്റൊരു ചരിത്രപുസ്തകമാണ്. ഇത് വാസ്തവത്തിൽ ലൂക്കായുടെ സുവിശേഷത്തിന്റെ തുടർച്ചയാണ്. വെളിപാടു പുസ്തകം ഭവിഷ്യൽ സൂചക സാഹിത്യ (apocalyptic) രൂപമാണ്. ഭൂമി, സ്വർഗ്ഗം, നരകം എന്നിവയെപ്പറ്റിയുള്ള ചില ദർശനങ്ങൾ നാടകീയമായി വെളിപാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

www.malankaralibrary.com

വിവിധ ഘട്ടങ്ങളിലൂടെ മുന്നേറുന്ന മാനവ ചരിത്രത്തിന്റെ അന്തരാർത്ഥത്തിലേക്കു ഒരു ഉൾകാഴ്ച നല്കുന്നതാണ് വെളിപാടു പുസ്തകത്തിലെ പ്രതിപാദ്യം. പുതിയ നിയമത്തിൽ ബാക്കിയുള്ള പുസ്തകങ്ങൾ ലേഖനങ്ങളാണ്. പൗലോസിന്റെയും മറ്റു അപ്പസ്തോലന്മാരുടെയും കത്തുകളാണ് അവയിലുള്ളത്.

## ബൈബിളിന്റെ ആധികാരികത്വം

ബൈബിൾ മുഴുവനും ആധികാരികമാണ്. അതിലെ ഓരോ വാക്കിനും ആധികാരികത്വമുണ്ട്. ബൈബിളിന്റെ ദൈവികമായ ആധികാരികത്വത്തിന് ഉറപ്പു നല്കിക്കൊണ്ട്, പരിശുദ്ധാത്മാവിന്റെ നിവേശത്താലാണ് ബൈബിളിലെ പുസ്തകങ്ങളെല്ലാം എഴുതപ്പെട്ടതെന്ന് തിരുസ്സഭ പഠിപ്പിക്കുന്നു.

വിശുദ്ധ ലിഖിതങ്ങളുടെ കർത്താക്കളെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പ്രബോധിപ്പിക്കുന്നു:

"പുതിയ നിയമത്തിലെയും പഴയ നിയമത്തിലെയും ഗ്രന്ഥങ്ങൾ മുഴുവനായും ഭാഗികമായും പരിശുദ്ധവും കാനോനികവുമാണ്. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലാണ് അവ രചിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് ദൈവംതന്നെയാണ് അവയുടെ കർത്താവ്. ബൈബിൾ മുഴുവന്റെയും ഔദ്യോഗിക രക്ഷകർത്താവ് സഭയാണ്. വിശുദ്ധഗ്രന്ഥ രചനയ്ക്കായി ദൈവം അവരിലും അവരിലുടെയും പ്രവർത്തിച്ചു. ബൈബിൾ രചനയ്ക്കായി തങ്ങളുടെ കഴിവുകളും സിദ്ധികളും അവർ വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ദൈവീക പ്രചോദനത്തോട് അവർ പൂർണ്ണ വിശ്വസ്തരായിരുന്നുകൊണ്ട് ദൈവം ആവശ്യപ്പെട്ടവ മുഴുവനും, അതുമാത്രവുമേ അവർ രേഖപ്പെടുത്തിയിട്ടുള്ളൂ. അതുകൊണ്ട് നമ്മുടെ രക്ഷയ്ക്ക് ആവശ്യമായ എല്ലാ കാര്യങ്ങളും വിശുദ്ധ ലിഖിതങ്ങൾ സുദൃഢമായും വിശ്വസ്തമായും പ്രമാദരഹിതമായും പഠിപ്പിക്കുന്നെന്ന് വിശ്വാസികളേവരും അംഗീകരിക്കേണ്ടതാണ്" (ദൈവാവിഷ്കരണം 25;2 തിമോ. 3:16).

ബൈബിളിന്റെ ആധികാരികത അടങ്ങിയിരിക്കുന്നത് മാനുഷിക ഗ്രന്ഥകാരന്മാരിലല്ല, പ്രത്യുത ബൈബിളിൽതന്നെയാണ്. അതായത്, ബൈബിളിലെ ഓരോ വാക്കും ദൈവവചനമാണ് എന്ന സത്യത്തിൽ. ഇതു ബൈബിളിൽനിന്നുതന്നെ മനസിലാക്കാവുന്നതാണ്. ഉദാഹരണത്തിന്, പഴയനിയമ ഗ്രന്ഥകാരന്മാരെ പേരുപറഞ്ഞ് പുതിയ നിയമത്തിൽ ധാരാളം ഉദ്ധരിച്ചിട്ടുണ്ടല്ലോ. ഇങ്ങനെ ഉദ്ധരിച്ചിട്ടുള്ള ചില ഉദ്ധരണികൾ വാസ്തവത്തിൽ പേരുപറഞ്ഞിട്ടുള്ള ഗ്രന്ഥകാരന്റേതല്ല. ഒരുദാഹരണം: മത്താ. 27:9-ൽ ഉദ്ധരിച്ചിരിക്കുന്നു: "അവർ ആ മുപ്പതു വെള്ളിനാണയങ്ങൾ എടുത്തു.... എന്ന ജറെമിയായുടെ പ്രവചനം അങ്ങനെ നിറവേറി." ജറെമിയാ പ്രവാചകന്റേതെന്നു പറഞ്ഞ് മത്തായി സുവിശേഷകൻ ഇവിടെ ഉദ്ധരിക്കുന്നത് വാസ്തവത്തിൽ ജറെമിയായുടെ വാക്കുകളല്ല. സഖറിയാ പ്രവാചകന്റെ വാക്കുകളാണ്

www.malankaralibrary.com

(സഖ. 11:12–13). പ്രവാചക വചനമാണെന്നതാണ് സുവിശേഷകൻ പ്രധാനമായും കണക്കിലെടുക്കുന്നത്. അല്ലാതെ ഏതു പ്രവാചകൻ പറഞ്ഞു എന്നതല്ല. മറ്റൊന്ന്: യോഹ 10:34–ൽ മോശയുടെ നിയമത്തിൽനിന്നും യേശു ഉദ്ധരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു....."നിങ്ങൾ ദൈവങ്ങളാണെന്ന് ഞാൻ പറഞ്ഞു എന്നു നിങ്ങളുടെ നിയമത്തിൽ എഴുതപ്പെട്ടിട്ടില്ലേ?" ഈ പ്രസ്താവന നിയമ ഗ്രന്ഥങ്ങളിലല്ല, സങ്കീർത്തനം 82:6–ലാണ് കാണപ്പെടുന്നത്. ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് ഏതു പ്രവാചകൻ പറഞ്ഞു, അല്ലെങ്കിൽ ഏതു അപ്പസ്തോലൻ എഴുതി എന്നതിലല്ല ആധികാരികത അടങ്ങിയിരിക്കുന്നത്; മറിച്ച്, ബൈബിളിലെ വചനമാണോ എന്നതിലാണ് എന്നത്രേ. ഗ്രന്ഥകാരൻ ആരായാലും വിരോധമില്ല. വചനത്തിനാണ് പ്രസക്തി. ചുരുക്കത്തിൽ ആധികാരികത വ്യക്തി സംബന്ധിയല്ല, വചനസംബന്ധിയാണ്.

## ബൈബിളിന്റെ രൂപീകരണ ചരിത്രം

മോശയ്ക്കും യോഹന്നാൻ ശ്ലീഹായ്ക്കും ഇടയ്ക്കുള്ള കാലഘട്ടത്തിലാണ് (ഏകദേശം BC 1300–AD 100) ബൈബിളിലെ പുസ്തകങ്ങൾ രൂപം കൊണ്ടിട്ടുള്ളത്. അതായത് 1400 വർഷങ്ങളോളം വ്യാപിച്ചു കിടക്കുന്ന ഒരു നീണ്ട കാലയളവാണ് ബൈബിൾ രചനയുടെ കാലഘട്ടമായി കണക്കാക്കപ്പെടേണ്ടത്.

ഏറ്റവും പുരാതനങ്ങളായ ഹീബ്രുസാഹിത്യശകലങ്ങൾ ആ ജനത്തിന്റെ ദേശീയ ജീവിതത്തിൽനിന്ന് സ്വാഭാവികമായി ഉരുത്തിരഞ്ഞവയായിരുന്നു. അവരുടെ ആദ്യകാല സംഭവങ്ങളും ഗോത്ര ചരിത്രവുമെല്ലാമാണ് ഇങ്ങനെ രേഖപ്പെടുത്തപ്പെട്ടത്. പാരമ്പര്യങ്ങളായിരുന്നു അവയുടെ സ്രോതസ്സ്. ഇപ്രകാരം പാരമ്പര്യങ്ങൾക്കെല്ലാം ലിഖിതത്തിലൂടെ സ്ഥായിരൂപം നല്കാൻ അവരെ പ്രേരിപ്പിച്ച മുഖ്യഹേതു മതപരമായ വിശ്വാസവും ലക്ഷ്യവുമായിരുന്നു. അതിനാൽ ആധുനികാർത്ഥത്തിൽ അതിനെ ചരിത്രമെന്നു വിളിക്കാനാകില്ല. ഇന്നത്തെ കാഴ്ചപ്പാടനുസരിച്ച്, ചരിത്രം അഥവാ ക്ലാസ്സിക്കൽ ചരിത്രം എന്നൊക്കെ പറയുമ്പോൾ ഉദ്ദേശിക്കുക, പ്രത്യേക ലക്ഷ്യങ്ങളോ താല്പര്യങ്ങളോ മുൻനിറുത്താതെ സംഭവങ്ങൾ സ്പഷ്ടമായ രേഖകളുടെ അടിസ്ഥാനത്തിൽ വിവരിച്ച് വിലയിരുത്തുന്നതിനാണല്ലോ. എന്നാൽ ബൈബിൾ ഗ്രന്ഥകർത്താക്കൾക്ക് മുൻകൂട്ടി മതപരമായ ഒരു ലക്ഷ്യമുണ്ടായിരുന്നു. ആ ലക്ഷ്യം മുൻനിറുത്തിയാണ് ചരിത്രസത്യങ്ങൾ പരാമർശിച്ചിരിക്കുന്നത്. സത്യാരാധനയും നിയമത്തിലെയും പ്രവാചകന്മാരുടെയും ആദർശങ്ങളും ഉയർത്തിപിടിച്ചുകൊണ്ട് വായനക്കാരിൽ ദൈവവിശ്വാസം വർദ്ധിപ്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം.

ബൈബിളിലെ ഓരോ പുസ്തകവും സുദീർഘമായ പരിണാമ പ്രക്രിയയിലൂടെ കടന്നുവന്നതാണ്. ചില ഗ്രന്ഥങ്ങൾ വാസ്തവത്തിൽ അവയുടെ

www.malankaralibrary.com

കർത്താക്കളെന്നു പറയപ്പെടുന്നവരുടെയല്ല. മറിച്ച്, ദൈവജനത്തിന്റെ ചരിത്രത്തിൽ നിർണ്ണായക പങ്കു വഹിച്ച ആ വ്യക്തികളുടെ പേരിൽ അവയെ ഭക്ത്യാദരപൂർവം ആരോപിച്ചിരിക്കുന്നവയാണ്.

വിശുദ്ധഗ്രന്ഥത്തിന്റെ ഉള്ളടക്കം ദീർഘകാലം വാചിക പാരമ്പര്യമായി അഥവാ വാമൊഴിയിലൂടെ പ്രചരിച്ചു. വാമൊഴിയായി പ്രചരിക്കുന്നതിനിടെ അവയ്ക്ക് ചില നിയത രൂപങ്ങൾ കൈവന്നു. ഇങ്ങനെ നിരവധി വർഷങ്ങൾ കൈമാറ്റം നടന്നശേഷമാണ് പല ഗ്രന്ഥങ്ങൾക്കും ലിഖിതരൂപം ലഭിച്ചത്. ഇവയിൽ ആദ്യത്തെ ലിഖിതരൂപങ്ങൾ വീര കീർത്തനങ്ങളും (ballads) നിയമസംഹിതകളും (law codes) ഇതിഹാസങ്ങളും (epic narratives) ഒക്കെയായിരുന്നു. ന്യായാ 5:31–ൽ കാണുന്ന ദെബോറയുടെ കീർത്തനം മേൽ പ്രസ്താവിച്ച വിരകീർത്തനത്തിന് ഒരുദാഹരണമാണ്. ഏകദേശം BC 1200-ലാണ് ഇത് രചിക്കപ്പെട്ടതെന്നു കരുതപ്പെടുന്നു. അതുപോലെ, പുറ. 20–23–ൽ കാണുന്ന നിയമങ്ങൾ ആദ്യമേ ലിഖിതരൂപം പ്രാപിച്ചവയിൽപ്പെടുന്നു.

ഉല്പത്തിയുടെ പുസ്തകത്തിലെ യൗസേപ്പിന്റെ കഥയ്ക്ക് ഇതിഹാസ രൂപമാണുള്ളത്. ക്രമേണ പാരമ്പര്യാധിഷ്ഠിതങ്ങളായ മറ്റു സംഭവങ്ങളും രേഖകളായി. വിവരണങ്ങൾ, ആപ്തവാക്യങ്ങൾ, പ്രവചനങ്ങൾ, ആരാധന ക്രമത്തിന്റെ അനുഷ്ഠാനവിധികൾ, ചരിത്രസംഭവങ്ങൾ മുതലായവ അവയിൽ ഉൾപ്പെടുന്നു.

മേൽ വിവരിച്ചതരത്തിലുള്ള വിശുദ്ധഗ്രന്ഥ രൂപീകരണത്തെ ശരിവയ്ക്കുന്നതാണ് പഞ്ചഗ്രന്ഥ രൂപീകരണത്തെ സംബന്ധിച്ച് ജൂലിയസ് വെൽഹൗസൻ അവതരിപ്പിച്ചിട്ടുള്ള രേഖാസിദ്ധാന്തം. ഇന്നത്തെ പഞ്ചഗ്രന്ഥത്തിന്റെ മിക്കഭാഗങ്ങളും പ്രാചീനകാലത്ത് എഴുതപ്പെട്ട ഏതാനും അടിസ്ഥാന രേഖകളുടെ സമാഹാരമാണെന്ന് പ്രസ്തുത സിദ്ധാന്തപ്രകാരം അദ്ദേഹം തെളിയിക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടവ BC 850-നോടടുത്ത് എഴുതപ്പെട്ട യാഹ് വിസ്റ്റിക് (J), BC 750-നോടടുത്ത് എഴുതപ്പെട്ട ഏലോഹിസ്റ്റിക് (E), BC 650-നോടടുത്ത് വിരചിതമായ ഡ്യൂറ്ററോണമിക് (D), BC 450-നോടടുത്ത് എഴുതപ്പെട്ട പ്രീസ്റ്റ്ലി (P) എന്നീ നാലു രേഖകളാണ്. Jയും Eയും BC 700-നോടടുത്ത് സംയോജിപ്പിക്കപ്പെട്ടു. പിന്നീട് മറ്റു രണ്ടെണ്ണവും.

പഞ്ചഗ്രന്ഥത്തിലെ ഏതാനും ഭാഗങ്ങളാണ് ആദ്യമേ ലിഖിത രൂപത്തിലായതെന്നു കണ്ടല്ലോ. എന്നാൽ ഇന്നുള്ളപോലെ പൂർണ്ണരൂപത്തിലുള്ള പുസ്തകങ്ങളായി ആദ്യമാദ്യം പ്രത്യക്ഷപ്പെട്ടവ പ്രവാചക ഗ്രന്ഥങ്ങളായിരുന്നു. ആ ഗണത്തിൽ ഏറ്റവും ആദ്യത്തേത് BC 750-നോടടുത്ത് വിരചിതമായ ആമോസിന്റെ പ്രവചനമാണ്. താമസിയാതെ ഹോസിയ, ഏശയ്യാ ഒന്നാം ഭാഗം (1–39), മീക്ക എന്നീ പ്രവാചകഗ്രന്ഥങ്ങൾ 7–ാം നൂറ്റാണ്ടിൽ പുറത്തുവന്നു. ഇവയ്ക്കു പുറമെ നിയമാവർത്തന പുസ്തകം, സാമുവേൽ, ന്യായാധിപന്മാർ എന്നിവയും ഇതേ നൂറ്റാണ്ടിൽതന്നെ രചിക്കപ്പെട്ടു. 6–ാം നൂറ്റാണ്ടിൽ പ്രത്യ

www.malankaralibrary.com

ക്ഷപ്പെട്ടവയാണ് രാജാക്കന്മാർ, ഒബദിയാ, എസെക്കിയേൽ, ഏശയ്യായുടെ രണ്ടാം ഭാഗം (ch. 40–66), ഹഗ്ഗായി, സഖറിയാ, വിലാപങ്ങൾ എന്നിവ. പഞ്ച ഗ്രന്ഥം ഇന്നുള്ളതുപോലെ പൂർണ്ണരൂപത്തിൽ വിരചിതമായത് 5–ാം നൂറ്റാണ്ടിലാണ്. ജോഷ്വ, മലാക്കി, റൂത്ത്, ചില സങ്കീർത്തനങ്ങൾ എന്നിവയും ഈ കാലയളവിൽ പ്രത്യക്ഷപ്പെട്ടു. 4–ാം നൂറ്റാണ്ടിന്റെ സംഭാവനയാണ് സുഭാഷിതങ്ങൾ, ജോബ്, മറ്റു ചില സങ്കീർത്തനങ്ങൾ, പ്രവാചക ഗ്രന്ഥങ്ങളായ ജോയേൽ, ജോനാ എന്നിവ. ദിനവൃത്താന്തങ്ങൾ, എസ്രാ, നെഹെമിയാ, സഭാപ്രസംഗകൻ, ഉത്തമഗീതം, ബാക്കിയുള്ള സങ്കീർത്തനങ്ങൾ എന്നിവ രണ്ടാം നൂറ്റാണ്ടിലും രചിക്കപ്പെട്ടു. ഈ കാലനിർണ്ണയം ഏറെക്കുറെ ഊഹിച്ചെടുത്തിട്ടുള്ളതാണ്. ഓരോ ഗ്രന്ഥത്തിന്റെയും പൂർത്തീകരണം സംബന്ധിച്ച കണക്കുകൂട്ടൽ മാത്രമാണിത്. പുതിയ നിയമത്തെ സംബന്ധിച്ചിടത്തോളം യാക്കോബ് ശ്ലീഹായുടെ ലേഖനമാണ് ആദ്യം എഴുതപ്പെട്ടതെന്ന് ഒരഭിപ്രായമുണ്ട്. ഇതനുസരിച്ച് AD 44–ൽ ആണത്രേ ഇതിന്റെ ഉത്ഭവം. യേശുവിന്റെ ശിഷ്യനും സെബദീപുത്രനുമായ യാക്കോബാണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ് എന്നാണ് സങ്കല്പം. എന്നാൽ ഈ യാക്കോബ് ശ്ലീഹയെ AD 44–ൽ ഹേറോദേസ് അഗ്രിപ്പ് ഒന്നാമൻ ശിരച്ഛേദനം ചെയ്യിച്ചു. ആകയാൽ യാക്കോബിന്റെ ലേഖനമാണ് പുതിയ നിയമത്തിൽ ആദ്യം എഴുതപ്പെട്ട ഗ്രന്ഥം എന്ന അഭിപ്രായം ഇന്ന് അംഗീകരിക്കപ്പെടുന്നില്ല. ഈ ലേഖനകർത്താവ് യേശുവിന്റെ സഹോദരൻ എന്നറിയപ്പെടുന്ന യാക്കോബാണെന്നാണ് (മർക്കോ 6:3) ആധുനിക പണ്ഡിതമതം. ഇദ്ദേഹത്തിന്റെ കാലശേഷം (AD 62) അദ്ദേഹത്തിന്റെതന്നെ ഒരു ശിഷ്യൻ AD 85-നടുത്ത് പ്രസാധനം ചെയ്തതാണ് നമുക്ക് ലഭ്യമായിട്ടുള്ള ലേഖനം എന്നാണ് വിശ്വാസം. അങ്ങനെ നോക്കുമ്പോൾ വി. പൗലോസിന്റെ ലേഖനങ്ങളാണ് പുതിയനിയമത്തിലെ ആദ്യ ലിഖിത ഗ്രന്ഥങ്ങൾ. അവയിൽ ഏറ്റവും ആദ്യത്തേത് തെസ്സലോണിയക്കാർക്കുള്ള ഒന്നാം ലേഖനമാണ്. AD 51-ലാണ് ഇത് രചിക്കപ്പെട്ടത്. അവസാനം രചിക്കപ്പെട്ടവ യോഹന്നാന്റെ കൃതികളാണ്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് അവയുടെ രചന.

### വിഭജനം

ബൈബിളിനെ പ്രധാനമായും രണ്ടായി തിരിച്ചിരിക്കുന്നു: പഴയനിയമം (Old Testament) പുതിയ നിയമം (New Testament). പഴയനിയമം യഹൂദമതത്തിന്റെ വിശുദ്ധഗ്രന്ഥമാണ്; പുതിയനിയമം ക്രൈസ്തവരുടേതു മാത്രമായ വിശ്വാസ സംഹിതയും. പഴയ നിയമത്തിന്റെ പൂർത്തീകരണമാണ് പുതിയ നിയമം എന്നതുകൊണ്ട് ഇവ രണ്ടും ചേർന്നാണ് ക്രൈസ്തവ ബൈബിൾ രൂപം പ്രാപിച്ചത്.

"ടെസ്റ്റമെന്റ്" (Testament) എന്ന പദത്തിന്റെ അർത്ഥം ഉടമ്പടി (വിൽപ്പത്രം) എന്നാണ്. "ടെസ്തമെന്തും" (Testamentum) എന്ന ലത്തീൻ പദത്തിൽ

www.malankaralibrary.com

നിന്നും testament എന്ന ഇംഗ്ലീഷ് പദം ഉരുത്തിരിയുന്നു. ഇതിന് തത്തുല്യമായ പദപ്രയോഗങ്ങൾ ഗ്രീക്കിൽ "ഡിയാത്തെക്കെ" (Diateke) എന്നും ഹീബ്രുവിൽ "ബെറിത്ത്" (berith) എന്നും ആണ്. അതായത് മൂലഭാഷയായ ഹീബ്രുവിലെ "berith" എന്ന പദം ഗ്രീക്കു ബൈബിളിൽ (സപ്തതി=LXX) "diateke" എന്നും ലത്തീൻ ബൈബിളിൽ (Vulgate) "Testamentum" എന്നും തർജ്ജമ ചെയ്തിരിക്കുന്നു.

ഹീബ്രുവിലെ berith എന്ന പദത്തിന്റെ അർത്ഥം ഉടമ്പടി എന്നാണ്. അതനുസരിച്ച്, ബൈബിൾ കൃതികളെ "പഴയ ഉടമ്പടി" "പുതിയ ഉടമ്പടി" എന്നിങ്ങനെ വിഭജിക്കുന്നതായിരിക്കും കൂടുതൽ അർത്ഥവത്തായിട്ടുള്ളത്.

പഴയനിയമത്തെ യഹൂദർ മൂന്നായി വിഭജിക്കുന്നു:

1. തോറ (നിയമങ്ങൾ) 2. നബിയിം (പ്രവാചകൻ (3) കെത്തുബീം (ലിഖിതങ്ങൾ)

ആദ്യത്തെ അഞ്ചു പുസ്തകങ്ങളായ ഉല്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നിവയാണ് 'തോറാ'യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

രണ്ടാമത്തെ വിഭാഗമായ 'നബിയീം' ഗണത്തിൽ എട്ടു പുസ്തകങ്ങളുണ്ട്:

1. ആദ്യകാല പ്രവാചകന്മാർ = ജോഷ്വാ, ന്യായാധിപന്മാർ, സാമുവൽ, രാജാക്കന്മാർ
2. പിൽക്കാല പ്രവാചകന്മാർ = ഏശയ്യാ, ജെറെമിയാ, എസെക്കിയേൽ, പന്ത്രണ്ടു പ്രവാചകന്മാരടങ്ങുന്ന ഒറ്റഗ്രന്ഥം.

കാവ്യാത്മകങ്ങളാണ് "കെത്തുബീം" വിഭാഗത്തിൽ പെടുന്നത്. സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, ജോബ്, മെഗിലോത്ത് എന്നറിയപ്പെടുന്ന അഞ്ചു ചുരുളുകൾ (ഉത്തമഗീതം, റൂത്ത്, വിലാപങ്ങൾ, സഭാ പ്രസംഗകൻ, എസ്തെർ) എന്നിവയും ദാനിയേൽ, എസ്രോ-നെഹെമിയാ, ദിനവൃത്താന്തങ്ങൾ എന്നീ മൂന്ന് പിൽക്കാല കൃതികളും അവയിൽപ്പെടുന്നു.

യഹൂദന്മാരുടെ കണക്കനുസരിച്ച് ഈ മൂന്നു വിഭാഗത്തിലുംകൂടി 24 പുസ്തകങ്ങളാണ് പഴയ നിയമത്തിൽ ഉള്ളത്.

ഇത്രയും കൃതികൾ സപ്തതി ഗ്രീക്കു ഭാഷയിലേക്ക് തർജ്ജമ ചെയ്തപ്പോൾ (BC 3-ാം ശതകം) എണ്ണം 39 ആയി. സാമുവൽ, രാജാക്കന്മാർ എന്നിവയെ ഈരണ്ടായി വിഭജിച്ചു. ചെറിയ പ്രവാചകന്മാരെ 12 ഗ്രന്ഥങ്ങളായി വേർതിരിച്ചു. എസ്രാ – നെഹെമിയായും വേർതിരിച്ചു രണ്ടാക്കി. ദിനവൃത്താന്തങ്ങളും അതുപോലെ രണ്ടെണ്ണമാക്കി. സപ്തതിയുടെ ഈ വിഭജനത്തെ തുടർന്നുവന്ന ലത്തീൻ പരിഭാഷ (വുൾഗാത്ത)യിലും എല്ലാ ആധുനിക പരിഭാഷകളിലും ഈ ക്രമം തുടർന്നു. ഇത്രയും പുസ്തകങ്ങളാണ് പിന്നീട് പൂർവ

www.malankaralibrary.com

കാനോനിക ഗ്രന്ഥങ്ങൾ (proto-canonical books) എന്ന പേരിൽ അറിയപ്പെട്ടത്. ഇവയ്ക്കു പുറമെ ഹീബ്രു ബൈബിളിൽ ഇല്ലാതിരുന്ന ചില ഗ്രന്ഥങ്ങൾ കൂടി ഗ്രീക്കു വിവർത്തകർ സപ്തതിയിൽ ഉൾപ്പെടുത്തി. അവയെ പ്രാമാണികങ്ങളായി യഹൂദർ പൊതുവെ കരുതിയിരുന്നില്ല. അതുകൊണ്ട് അവയെ ഉത്തര കാനോനിക ഗ്രന്ഥങ്ങളെന്നു വിളിക്കുന്നു (deutero-canonical books). ഈ വിഭാഗത്തിൽപ്പെടുന്ന 7 എണ്ണമാണ് മക്കബായക്കാരുടെ 2 പുസ്തകങ്ങൾ, തോബിത്, യൂദിത്ത്, പ്രഭാഷകൻ (സിറാക്), ജ്ഞാനം, ബാറൂക് എന്നിവ.

ഗ്രീക്ക് ഓർത്തഡോക്സ് സഭയും കത്തോലിക്കാ സഭയും ഈ ഉത്തര കാനോനിക ഗ്രന്ഥങ്ങളെ പ്രമാണിക ഗ്രന്ഥങ്ങളായിത്തന്നെ അംഗീകരിച്ച് പൂർവ്വ കാനോനിക ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാൽവിനിസ്റ്റ്, ലൂഥറൻ തുടങ്ങിയ പ്രൊട്ടസ്റ്റന്റ് സഭകളാകട്ടെ യഹൂദരുടെ ഹീബ്രു ബൈബിളിലെ പുസ്തകങ്ങളെ മാത്രമാണ് കാനോനികമായി കരുതുന്നത്. തന്മൂലം ഉത്തര കാനോനിക ഗ്രന്ഥങ്ങളെ അവരുടെ ബൈബിളിൽ ഉൾപ്പെടുത്താറില്ല.

AD 13-ാം നൂറ്റാണ്ടുമുതൽ കത്തോലിക്കരുടെയിടയിൽ ബൈബിളിന്റെ മറ്റൊരു വിഭജനത്തെ ആസ്പദമാക്കി ബൈബിളിലെ പുസ്തകങ്ങളെ ചരിത്രപരം, പ്രബോധനപരം, പ്രവചനപരം എന്നിങ്ങനെ മൂന്നായി തിരിച്ചു.

ചരിത്രപുസ്തകങ്ങൾ: ഉല്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാർവർത്തനം, ജോഷ്വ, ന്യായാധിപന്മാർ, റൂത്ത്, സാമുവൽ (1,2) രാജാക്കന്മാർ (1,2) ദിനവൃത്താന്തങ്ങൾ (1,2) എസ്രാ, നെഹെമിയാ, തോബിത്, യൂദിത്ത്, എസ്തെർ, മക്കബായർ (1,2).

പ്രബോധന ഗ്രന്ഥങ്ങൾ: ജോബ്, സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, പ്രഭാഷകൻ.

പ്രവചന ഗ്രന്ഥങ്ങൾ: ഏശയ്യാ, ജറെമിയാ, വിലാപങ്ങൾ, എസെക്കിയേൽ, ദാനിയേൽ, 12 ചെറിയ പ്രവാചകന്മാർ.

ഇങ്ങനെ ഗ്രീക്കു സപ്തതിയെ ആസ്പദമാക്കി കത്തോലിക്കാ ബൈബിളിന്റെ പഴയ നിയമത്തിൽ 46 പുസ്തകങ്ങളുണ്ട്. പ്രൊട്ടസ്റ്റന്റു ബൈബിളിന്റെ പഴയ നിയമത്തിൽ 39 എണ്ണമേയുള്ളൂ. ഈ 39 എണ്ണം ഹീബ്രു ബൈബിളിലെ 24 ഗ്രന്ഥങ്ങൾത്തന്നെയാണ്. ഉത്തര കാനോനിക ഗ്രന്ഥങ്ങൾ അവർ അംഗീകരിക്കുന്നില്ലെന്നു മുമ്പു പറഞ്ഞല്ലോ!

വിലാപങ്ങളെ ബാറൂക്കിന്റെ ഭാഗമായിക്കണ്ട് അവ രണ്ടിനെയും തെന്തോസ് സൂനഹദോസ് (AD 16-ാം നൂറ്റാണ്ട്) ഒറ്റ പുസ്തകമായി കണക്കാക്കി. ഇതുമൂലം മുമ്പുള്ള ചില കത്തോലിക്കാ ബൈബിളുകളിൽ പഴയ നിയമ ഗ്രന്ഥങ്ങളുടെ എണ്ണം 45 ആയിട്ടാണ് നല്കിയിരുന്നത്. എന്നാൽ ആധുനിക പണ്ഡിതരെല്ലാവരുംതന്നെ 46 എന്ന സംഖ്യയാണ് കൂടുതൽ ശരിയെന്നു കരു

www.malankaralibrary.com

തുന്നത്. പഴയ നിയമത്തിലേതുപോലെതന്നെ പുതിയ നിയമഗ്രന്ഥങ്ങളെയും ചരിത്രപരം, പ്രബോധനപരം, പ്രവചനപരം എന്നിങ്ങനെ വിഭജിക്കാം.

ചരിത്രപരം: നാലു സുവിശേഷങ്ങൾ, അപ്പസ്തോല പ്രവർത്തനങ്ങൾ

പ്രബോധനപരം: പൗലോസിന്റെ 14 ലേഖനങ്ങൾ, യാക്കോബ്, പത്രോസ് (1,2) യോഹന്നാൻ (1,2,3) യൂദാ എന്നിവരുടെ ലേഖനങ്ങൾ.

പ്രവചനപരം: യോഹന്നാന്റെ വെളിപാട്.

ഇപ്രകാരം പുതിയ നിയമത്തിൽ ആകെ. 27 ഗ്രന്ഥങ്ങളാണുള്ളത്. പഴയനിയമവും പുതിയ നിയമവുംകൂടി കത്തോലിക്കാ ബൈബിളിലെ പുസ്തകങ്ങളുടെ ആകെ എണ്ണം 73 ആണ്.

## അധ്യായങ്ങളും വാക്യങ്ങളും

ആരംഭകാലത്ത് ബൈബിൾ ഗ്രന്ഥങ്ങൾക്കുള്ളിൽ പ്രത്യേകിച്ച് വിഭജനങ്ങളൊന്നുമുണ്ടായിരുന്നില്ല. സങ്കീർത്തനങ്ങൾ മാത്രമായിരുന്നു ഇതിന് ഒരപവാദം. അതിനുകാരണം, ഓരോ സങ്കീർത്തനവും വെവ്വേറെ പദ്യങ്ങളായാണ് നിലകൊണ്ടിരുന്നതും അവതരിപ്പിക്കപ്പെട്ടതും. പുസ്തകങ്ങൾക്ക് ഉള്ളിൽ തന്നെ വേർതിരിവുകൾ ഏർത്തെടുത്തിത്തുടങ്ങിയത് ആദ്യമായി പുതിയ നിയമത്തിലായിരുന്നു. രണ്ടാം നൂറ്റാണ്ടിന്റെ പുതിയ നിയമഗ്രന്ഥങ്ങളുടെ മാർജ്ജിനിൽ ആശയങ്ങൾ സൂചിപ്പിക്കുന്ന ചില കുറിപ്പുകൾ തസ്സിയാൻ (Tatian) രേഖപ്പെടുത്തി. മറ്റു ചിലർ സുവിശേഷങ്ങളിൽ ഇടവിട്ട് ഖണ്ഡികകൾ തിരിച്ചെഴുതാൻ ശ്രമംതുടങ്ങി. ഇതിന് ഗ്രീക്കിൽ "തിത്ലോയ്" (titloi=title) എന്നാണ് പറഞ്ഞിരുന്നത്. അങ്ങനെയുള്ള പല ഖണ്ഡികകൾ ആശയത്തിന്റെ അടിസ്ഥാനത്തിലുംമറ്റും കൂട്ടിചേർത്ത് ഒരു തലക്കെട്ടു നല്കി യോജിപ്പിച്ചു. ഈ തലക്കെട്ടിന് "കെഫാലയോൻ" (Kephalion=chapter) എന്നാണ് അവർ നല്കിയ ഗ്രീക്കുനാമം. എന്നാൽ പുതിയ നിയമഗ്രന്ഥങ്ങളിൽ ഇന്നു കാണുന്നപോലുള്ള അധ്യായങ്ങൾ തിരിച്ചത് 1216–ൽ സ്റ്റീഫൻ ലാങ്ടൻ ആണെന്നു പറയപ്പെടുന്നു. പാരീസ് ബൈബിൾ എന്ന പേരിൽ ഇത് അറിയപ്പെട്ടു. പാരീസ് സർവ്വകലാശാലയിലെ പ്രൊഫസറായിരുന്ന അദ്ദേഹം പിന്നീട് കാന്റർബറി മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടു.

പുതിയ നിയമഗ്രന്ഥങ്ങളെ വീണ്ടും ചെറിയ ചെറിയ ഭാഗങ്ങളായി തിരിക്കുന്നതിനുള്ള ശ്രമങ്ങളുണ്ടായി. "സ്റ്റിക്കോയി" (Stichoi=വരികൾ അഥവാ വാക്യങ്ങൾ) എന്നായിരുന്നു ഈ വിഭജനത്തിന്റെ പേര്. വായിക്കുമ്പോൾ നിറുത്തിനിറുത്തി അർത്ഥവത്തായി വായിക്കുന്നതിന് സഹായകമാകുന്ന അടയാളങ്ങളായിരുന്നു അവ. ഇന്നു ബൈബിളിൽ കാണുന്ന വാക്യങ്ങളെക്കാൾ തുലോം ചെറുതുമായിരുന്നു അവ. ഈ വിഭജനത്തിൽ പുതിയ നിയമത്തിലെ ആകെ വാക്യങ്ങൾ (Stichoi) 19241 ആയിരുന്നു. എന്നാൽ 1550–ൽ റോബർട്ട് സ്റ്റീഫൻ അധ്യായങ്ങളെ കൂടുതൽ ദൈർഘ്യമുള്ള വാക്യങ്ങളായി

www.malankaralibrary.com

തിരിച്ചു. അതനുസരിച്ച് ഇന്നത്തെ ബൈബിളിൽ 7959 വാക്യങ്ങളാണുള്ളത്. റോബർട്ട് സ്റ്റീഫന്റെ പുത്രൻ ഹെൻറി സ്റ്റീഫൻ പ്രസ്തുത വിഭജനത്തോടുകൂടിയ പുതിയനിയമം ആദ്യമായി ഗ്രീക്കുഭാഷയിൽ AD 1551-ൽ പ്രസിദ്ധീകരിച്ചു.

പഴയ നിയമ ഗ്രന്ഥങ്ങളുടെ കാര്യത്തിൽ ബെൻ ആഷേർ (Ben Asher) AD 10-ാം നൂറ്റാണ്ടിൽ ഒരുതരം വിഭജനത്തിനു ശ്രമിച്ചിരുന്നു. എന്നാൽ ഇന്നു കാണുന്നപോലെയുള്ള വിഭജനം നടത്തിയത് AD 1448-ൽ റബ്ബി നാഥാൻ (Rabbi Nathan) ആണ്. അത് 1524-ൽ ആദ്യമായി അച്ചടിപ്പിക്കുകയും ചെയ്തു. പഗ്നിനൂസ് (Pagninus) AD 1528-ൽ പ്രസിദ്ധീകരിച്ച ലത്തീൻ ബൈബിളിൽ ഈ രീതിയാണ് അവലംബിച്ചിരിക്കുന്നത്. അങ്ങനെ 16-ാം നൂറ്റാണ്ടു മുതൽ അദ്ധ്യായങ്ങളും വാക്യങ്ങളുമായി തിരിച്ച ബൈബിൾ ലഭ്യമായിത്തുടങ്ങി. മൂലഭാഷയനുസരിച്ച് ബൈബിളിൽ ആകെ 1189 അദ്ധ്യായങ്ങളും 31173 വാക്യങ്ങളും 773692 വാക്കുകളും 3566480 അക്ഷരങ്ങളുമുണ്ട്.

www.malankaralibrary.com

## അധ്യായം - 5

# മൂലകൃതികളും വിവർത്തനങ്ങളും

A D 1456–ൽ ആണല്ലോ അച്ചടിയന്ത്രം കണ്ടുപിടിച്ചത്. ജർമ്മൻകാരനായ ഗുട്ടൻബർഗ്ഗ് ഈ യന്ത്രം കണ്ടുപിടിച്ചിട്ട് ആദ്യമായി അച്ചടിച്ചത് ബൈബിളാണ്. അച്ചടിയന്ത്രം കണ്ടുപിടിക്കുന്നതിന് മുമ്പ് ഓരോ പ്രതിയും കൈകൊണ്ടു പകർത്തിയെഴുതുകയല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ലായിരുന്നു. ബൈബിളിന്റെ മൂലകൃതികളെയും അവയുടെ വിവർത്തനങ്ങളെയും പറ്റി പഠിക്കുമ്പോൾ ഈ വസ്തുത വിസ്മരിച്ചുകൂടാ. എന്നാൽ ആദ്യമേ തന്നെ വരമൊഴിയുടെ ഉല്പത്തിയെയും അതിനുപയോഗിച്ച വസ്തുക്കളെയും പറ്റി മനസ്സിലാക്കുന്നത് ഈ പഠനത്തെ ഏറെ സഹായിക്കും.

അബ്രാഹവും കുടുംബവും കനാനിലേക്കു പുറപ്പെടുന്നതിനു മുമ്പ് വസിച്ചിരുന്ന (ഉല്പ. 11:31) മെസപ്പൊട്ടേമിയായിൽ നടന്ന പുരാവസ്തു ഗവേഷണങ്ങളിൽ നിന്ന്, ആ നാട്ടിൽ ബി.സി. 3500 മുതൽ എഴുത്തും വായനയും നിലവിലിരുന്നതായി തെളിവുകൾ ലഭിച്ചിട്ടുണ്ട്. പരന്ന കളിമൺ ഫലകങ്ങൾ ഉണ്ടാക്കി അതിന്മേൽ അവർ മുളകൊണ്ടുള്ള എഴുത്താണികൾ കൊണ്ട് അക്ഷരങ്ങൾ കുഴിച്ചുണ്ടാക്കുകയാണ് ചെയ്തിരുന്നത്. എഴുതിയശേഷം കളിമൺ ഫലകങ്ങൾ ചുട്ടെടുത്ത് മൺപാത്രങ്ങളിലോ ഭരണികളിലോ സൂക്ഷിച്ചുവയ്ക്കുകയാണ് പതിവ്. ഏറ്റവും പുരാതന അക്ഷരങ്ങൾ ചിത്രലിപികളായിരുന്നു. ആശയ പ്രകടനത്തിനുദ്ദേശിച്ച വസ്തുക്കളുടെ ചിത്രങ്ങൾ അക്ഷരങ്ങളായി ഉപയോഗിക്കുന്ന സമ്പ്രദായമാണിത്. ഇത്തരം ലിപികൾക്ക് ക്യൂണിഫോം (Cuneiform) എന്നു പറയുന്നു.

ഇതേ കാലഘട്ടത്തിൽ തന്നെ ഈജിപ്തിലും എഴുത്തുവിദ്യ കണ്ടുപിടിക്കപ്പെട്ടു. കളിമൺ ഫലകങ്ങൾക്കു പകരം പപ്പീറസ് ഷീറ്റുകളാണ് അവർ ഉപയോഗിച്ചത്. പപ്പിറസ് എന്നു പറയുന്ന ഒരുതരം ചെടികളിൽ നിന്നുമാണ് ഈ ഷീറ്റുകൾ നിർമ്മിച്ചെടുത്തിരുന്നത്. നമ്മുടെ നാട്ടിലെ ഈറ്റപോലുള്ള

www.malankaralibrary.com

ചെടിയാണ് പപ്പീറസ്. ഈജിപ്തിൽ ധാരാളമായി കണ്ടുവരുന്ന ഈ ചെടിയുടെ ഉൾഭാഗം കീറിയെടുത്ത് ക്രമമായി അടുക്കിയശേഷം ശക്തിയായി അമർത്തി ഏതാണ്ട് പനമ്പിന്റെ രൂപത്തിലാക്കിയാണ് അവർ ഷീറ്റുകൾ തയ്യാറാക്കിയിരുന്നത്. "പപ്പിറസ്" എന്ന ഈ ചെടിയുടെ പേരിൽ നിന്നുമാണ് "പേപ്പർ" എന്ന പദം രൂപം കൊണ്ടിട്ടുള്ളത് എന്ന് അറിയാമല്ലോ.

അക്ഷരമാല സംബന്ധിച്ചുള്ള പരമ്പരാഗതമായ വിശ്വാസം "ഈജിപ്തുകാർ" അത് കണ്ടുപിടിച്ചെന്നും, ഫിനിഷ്യർ അതു യൂറോപ്പിലെത്തിച്ചെന്നുമൊക്കെയായിരുന്നു. എന്നാൽ ആധുനിക ഗവേഷണഫലങ്ങൾ നല്കുന്ന വിവരം മറ്റൊന്നത്രേ. അതനുസരിച്ച് അക്ഷരമാലയുടെ പ്രഥമസ്ഥാനം പലസ്തീനായുടെ മദ്ധ്യഭാഗത്തോ, ദക്ഷിണഭാഗത്തോ ആണ്. ഇവിടെ നിന്നും പല പുരാതന ലിഖിതങ്ങളും അടുത്തകാലത്ത് കണ്ടുകിട്ടിയിട്ടുണ്ട്. ബി.സി. 1500-നടുത്ത് വിരചിതമായിട്ടുള്ളവയാണ് പ്രസ്തുത ലിഖിതങ്ങൾ.

എഴുതുന്നതിനായി പലതരം പദാർത്ഥങ്ങളാണ് കാലാകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. കല്ല്, മരത്തോൽ, ഇലകൾ, തടി, ലോഹങ്ങൾ, തുണി, കളിമണ്ണ്, മൺപാത്രങ്ങളുടെ കഷണങ്ങൾ തുടങ്ങിയവ അക്കൂട്ടത്തിൽപ്പെടുന്നു. എന്നാൽ മൂന്നു പദാർത്ഥങ്ങളാണ് ബൈബിൾ പകർത്തിയെഴുതാൻ പ്രധാനമായും ഉപയോഗിച്ചത്. 1. മൃഗത്തോൽ (skin), 2. പപ്പിറസ് (papyrus), 3. പാർച്ച്മെന്റ് (parchment or vellum). ആട്ടിൻകുട്ടികളുടെയോ, മാൻകുട്ടികളുടെയോ തോലുകൊണ്ട് പാകപ്പെടുത്തിയെടുക്കുന്ന ഒരു പദാർത്ഥമാണ് പാർച്ച്മെന്റ് അഥവാ വെല്ലം.

മൃഗത്തോലുകൊണ്ടുള്ള ഉല്പന്നങ്ങളുടെ വികസിതവും പരിഷ്കൃതവുമായ മറ്റൊരു രൂപമാണിത്. താരതമ്യേന മേന്മയേറിയതും, മനോഹരവും, ഈടുറ്റതുമാണ് പാർച്ച്മെന്റ്. ബി.സി. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ പാർച്ച്മെന്റ് കണ്ടുപിടിക്കപ്പെട്ടു. എങ്കിലും എ.ഡി. 4-ാം നൂറ്റാണ്ടിൽ മാത്രമാണ് ഒരു എഴുത്തു സാമഗ്രി എന്ന നിലയിൽ പാർച്ച്മെന്റ് പ്രചാരത്തിൽ വന്നത്. സമ്പൂർണ്ണ ബൈബിളിന്റെ ലഭ്യമായിട്ടുള്ള ഏറ്റവും പ്രാചീന കയ്യെഴുത്തു പ്രതികൾ എ.ഡി. 4-ാം നൂറ്റാണ്ടിൽ പാർച്ച്മെന്റിൽ എഴുതിയിട്ടുള്ളവയാണ്. ഉദാഹരണത്തിന്, വത്തിക്കാൻ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ള വത്തിക്കാൻ കോഡ് (codex B, 4-ാം നൂറ്റാണ്ട്), ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന സിനയിറ്റിക് കോഡ് (codex-S, നാലാം നൂറ്റാണ്ട്), അലക്സാണ്ട്രിയൻ കോഡ് (codex-A, അഞ്ചാം നൂറ്റാണ്ട്) എന്നിവ പാർച്ചുമെന്റിൽ എഴുതപ്പെട്ടിട്ടുള്ള ബൈബിളിന്റെ ഏറ്റവും അമൂല്യ രേഖകളാണ്.

പാർച്ച്മെന്റ് കടലാസ്സിനു വഴിമാറിക്കൊടുത്തതാണ് അടുത്ത ഘട്ടം. എ.ഡി. 9-ാം ശതകം മുതൽ പാശ്ചാത്യ രാജ്യങ്ങളിൽ കടലാസ്സിന്റെ ഉപയോഗം തുടങ്ങിയിരുന്നു. എങ്കിലും കുറെ കഴിഞ്ഞിട്ടായിരിക്കണം ബൈബി

www.malankaralibrary.com

ളിന്റെ പ്രസിദ്ധീകരണത്തിന് കടലാസ്സ് ഉപയോഗിച്ചു തുടങ്ങിയത്. കാരണം, 13-ാം നൂറ്റാണ്ടിനു മുമ്പ് കടലാസ്സിൽ എഴുതപ്പെട്ട ബൈബിളിന്റെ ഗ്രീക്കുപ്രതികളോ 14-ാം ശതകത്തിനു മുമ്പ് കടലാസ്സിൽ എഴുതപ്പെട്ട ലത്തീൻ പകർപ്പുകളോ പാശ്ചാത്യദേശത്തു നിന്നും ലഭിച്ചിട്ടില്ല. അതേസമയം, അവിടെ നിന്നും കണ്ടെടുത്തിട്ടുള്ള 15-ാം നൂറ്റാണ്ടിനു മുമ്പുള്ള കയ്യെഴുത്തു പ്രതികളിൽ ഒട്ടുമിക്കവയും പാർച്ചുമെന്റ് കൊണ്ടുള്ളതാണ്.

അച്ചടിവിദ്യയുടെ കണ്ടുപിടിത്തത്തോടെ ബൈബിൾ പ്രസിദ്ധീകരണത്തിൽ സമൂലമാറ്റങ്ങൾ വന്നു. ബൈബിളിന്റെ പ്രചാരണത്തിൽ ഒരു വലിയ കുതിച്ചു ചാട്ടമുണ്ടായി. തന്റെ നൂതന പ്രസ്സിൽ ഗുട്ടൻബർഗ്ഗാണ് 1458-ൽ ബൈബിൾ ആദ്യമായി അച്ചടിച്ചതെന്ന് മുമ്പു സൂചിപ്പിച്ചല്ലോ. ഇതായിരുന്നു അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ.

## ഖുമ്റാൻ രേഖകൾ

1947-നു ശേഷം ചാവുകടൽ തീരത്തുള്ള യൂദയായിലെ ഖുമ്റാൻ എന്ന മരുപ്രദേശത്തുനിന്നും പഴയനിയമത്തിന്റെ നിരവധി കയ്യെഴുത്തുപ്രതികൾ കണ്ടുകിട്ടുകയുണ്ടായി. ഈ ചാവുകടൽ ചുരുളുകൾ (Dead Sea Scrolls) കണ്ടെത്തുന്നതുവരെ ലഭ്യമായിരുന്ന ബൈബിളിന്റെ ഏറ്റവും പ്രാചീനരേഖ ഈജിപ്തിൽ നിന്നും ലഭിച്ച നാഷ് പപ്പീറസ് (Nash papyrus) ആയിരുന്നു. ഈ കൈയെഴുത്തു രേഖയിൽ പത്തു കല്പനകളും നിയമാവർത്തനവും അടങ്ങിയിരുന്നു. ബി.സി. 150-നോളം പഴക്കമുള്ള അമൂല്യരേഖയാണ് നാഷ് പപ്പിറസ്.

ബി.സി. രണ്ടും ഒന്നും നൂറ്റാണ്ടുകളിൽ രൂപം പ്രാപിച്ച ഒരു സന്യാസസമൂഹമാണ് എസ്സിനികൾ (Essenes = ദരിദ്രർ). ഖുമ്റാൻ ഇവരുടെ വലിയൊരു കേന്ദ്രമായിരുന്നു. അവിടെ അവർ പിൻതലമുറയ്ക്കുവേണ്ടി മൺകുടങ്ങളിൽ സൂക്ഷിച്ച അമൂല്യനിധിയാണ് ഇന്ന് ആ പ്രദേശത്തെ ഗുഹകളിൽ നിന്നു കണ്ടെടുത്തിട്ടുള്ള ഖുമ്റാൻ രേഖകൾ. ഖുമ്റാനിൽ നിന്നും ലഭിച്ച ചുരുളുകളെല്ലാം തോലിലോ, പപ്പിറസിലോ എഴുതപ്പെട്ടവയാണ്. കോളങ്ങളായി ഒരു വശത്തുമാത്രം എഴുതിയിട്ടുള്ള ചുരുളുകളാണ് ഇവ. 180 ഓളം ചുരുളുകൾ ഇതുവരെ കണ്ടുകിട്ടിയിട്ടുണ്ട്. പഴയ നിയമത്തിന്റെ വിവിധഭാഗങ്ങളുടെ പകർപ്പുകളാണവ. ഒരു ചുരുളിൽ എശയ്യായുടെ പുസ്തകം മുഴുവനുമുണ്ട്. ബി.സി. 3-ാം ശതകത്തിൽ എഴുതപ്പെട്ടവയും ഇക്കൂട്ടത്തിൽപ്പെടും. നൂറ്റാണ്ടുകൾക്കു ശേഷം ബൈബിൾ പഠനത്തിനും ഗവേഷണത്തിനും ആവേശം പകർന്നുകൊണ്ട് അവ ആധുനിക മനുഷ്യനു കൂട്ടായി നില്ക്കുന്നു.

## മൂലഭാഷകൾ

പഴയ നിയമത്തിന്റെ സിംഹഭാഗവും ഹീബ്രുഭാഷയിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. അക്കാലത്തെ ഹീബ്രുരേഖകളിൽ സ്വരചിഹ്നങ്ങളില്ലായിരുന്നു

www.malankaralibrary.com

(vowels) എന്നത് ഒരു പ്രത്യേകതയാണ്. സെമിറ്റിക് ഗോത്രത്തിൽപ്പെടുന്ന കാനാൻഭാഷയുടെ ഒരു ഉപഭാഷയാണ് ഹീബ്രു. ഹീബ്രുവിനോട് അടുത്ത ബന്ധമുള്ളതാണ് അറമായിക്. ഇത് പ്രധാനമായും സിറിയാക്കാരുടെ ഭാഷയായിരുന്നു. ബാബിലോണിയ, ഈജിപ്ത്, അറേബ്യ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് അറമായിക് ഏറെക്കുറെ വശമുണ്ടായിരുന്നു. ബാബിലോണിയൻ പ്രവാസത്തിനുശേഷം (ബി.സി. 598–538) ഹീബ്രുവിന്റെ പ്രാധാന്യം കുറയുകയും ക്രമേണ അറമായിക് സാമാന്യജനത്തിന്റെ ഭാഷയായി മാറുകയും ചെയ്തു.

പഴയനിയമത്തിന്റെ ചുരുക്കംചില ഭാഗങ്ങൾ അറമായിക്കിലും എഴുതപ്പെട്ടിട്ടുണ്ട്. (എസ്രാ. 4:7–6: 18; 7:12–26; ദാനിയേൽ 2: 4–7:28).

എ.ഡി. 6–ാം നൂറ്റാണ്ടുമുതൽ ഹീബ്രു ബൈബിളിൽ സ്വരചിഹ്നങ്ങൾ (vowels) ചേർത്തെഴുതാനുള്ള നീക്കം യഹൂദപണ്ഡിതന്മാർ ആരംഭിച്ചു. കാലം കടന്നുപോകുന്തോറും ദൈവവചനത്തിന്റെ ഉച്ചാരണശുദ്ധി കാത്തുസൂക്ഷിക്കുകയായിരുന്നു ഇതിനു പിന്നിലെ ലക്ഷ്യം. ഇതിനു പരിശ്രമിച്ചവരെ "മസ്സോറെറ്റുകൾ" (Massorets = പാരമ്പര്യ സംരക്ഷകർ) എന്നു വിളിക്കുന്നു. 'മസ്സോറ' എന്ന സ്ഥലത്താണ് അവർ ആദ്യമായി സമ്മേളിച്ചത്. അവരുടെ ശ്രമം എ.ഡി. 9–ാം ശതകത്തിലാണ് പൂർത്തിയായത്.

എ.ഡി. 2–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു അപ്പസ്തോലിക പിതാവാണ് പപ്പിയാസ്. മത്തായി തന്റെ സുവിശേഷം ആദ്യം അറമായ ഭാഷയിൽ എഴുതിയെന്ന് പപ്പിയാസ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ അങ്ങനെ അറമായ ഭാഷയിലുള്ള മത്തായിയുടെ സുവിശേഷം ഇന്നേവരെ കണ്ടുകിട്ടിയിട്ടില്ല. അതെപ്പറ്റി പ്രബലമായ മറ്റു യാതൊരു തെളിവും ലഭിച്ചിട്ടുമില്ല. ഏതായാലും നമുക്കു ലഭ്യമായിട്ടുള്ള നിലയിൽ പുതിയ നിയമം ആദ്യമായി ഗ്രീക്കുഭാഷയിൽ എഴുതപ്പെട്ടതായാണ് കാണുന്നത്. പുതിയ നിയമത്തിന്റെ രൂപീകരണ ദശയിൽ റോമാ സാമ്രാജ്യത്തിൽ നിലവിലിരുന്ന ഗ്രീക്കുഭാഷ കൊയ്നെ (koine) ആയിരുന്നു. പൊതുജനത്തിന്റെ ഭാഷ അഥവാ സാധാരണ ഗ്രീക്കുഭാഷയാണ് ഈ 'കൊയ്നെ'. പുതിയ നിയമത്തിലെ ഗ്രീക്കുഭാഷയെ വിശകലനം ചെയ്യുമ്പോൾ ഒരു കാര്യം സുവ്യക്തമാകുന്നു. അവയുടെ രൂപീകരണ ഘട്ടത്തിൽ നിലവിലിരുന്ന കൊയ്നെയുടെ വ്യാകരണവും ശൈലിയുമാണ് ബൈബിളിലെ ഗ്രീക്കിനും ഉള്ളത്. അതുകൊണ്ട് പുതിയ നിയമം മൗലികമായി ഗ്രീക്കിൽത്തന്നെ എഴുതപ്പെട്ടു എന്ന് കരുതാൻ പ്രയാസമില്ല.

## വിവർത്തനങ്ങൾ

### അറമായിക് തർഗും (Aramaic Targum)

ബി.സി. ആറും അഞ്ചും നൂറ്റാണ്ടുകൾക്കിടയിൽ അറമായിക് പേർഷ്യൻ സാമ്രാജ്യത്തിന്റെ ഔദ്യോഗിക ഭാഷയായിത്തീർന്നു. വിപ്രവാസാനന്തരം പല

www.malankaralibrary.com

സ്തീനായിലും വിദേശങ്ങളിലും (Diaspora) താമസമാക്കിയ യഹൂദർ പ്രധാന സംസാര ഭാഷയായി അറമായിക് ഉപയോഗിച്ചു തുടങ്ങി. ഇതോടെ സിനഗോഗുകളിൽ "തുർഗെമാൻ" (Turgeman = വിവർത്തകർ) എന്നൊരു കൂട്ടർ രംഗത്തെത്തി. ആരാധനക്രമത്തിലെ ആവശ്യങ്ങൾക്കുവേണ്ടി തിരുലിഖിതങ്ങൾ അവർ അറമായിക്കിലേക്ക് വിവർത്തനം ചെയ്തുകൊടുത്തു. പ്രധാനമായും പഞ്ചഗ്രന്ഥവും പ്രവാചകരുടെ പുസ്തകങ്ങളുമാണ് ഇങ്ങനെ അറമായിക്കിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. എങ്കിലും അവയൊന്നും എഴുതപ്പെട്ടില്ല. വെറും വാമൊഴി (oral tradition) യായിട്ടാണ് ഈ വിവർത്തനം നിലകൊണ്ടത്. കാലക്രമത്തിൽ അവയിലെ ചില രംഗങ്ങൾക്ക് ലിഖിതരൂപം ലഭിച്ചു. ഇങ്ങനെ അറമായിക്കിൽ എഴുതപ്പെട്ട ബൈബിൾ വിവർത്തനത്തിനാണ് തർഗും (targum) എന്നു പറയുന്നത്.

പഞ്ചഗ്രന്ഥത്തിന് പല തർഗുമുകൾ ഉണ്ടായിട്ടുണ്ട്. ബാബിലോണിയൻ തർഗുമിന് ഒങ്കലോസ് (onkelos) എന്നാണ് പേര്. ബാബിലോണിയായിലെ പ്രസിദ്ധനായിരുന്ന ഒങ്കലോസ് എന്ന വ്യക്തിയുടേതാണ് ഈ വിവർത്തനം. പലസ്തീനായിലെ അറമായിക് വിവർത്തനങ്ങളിൽ ഏറ്റവും പ്രസിദ്ധമായിട്ടുള്ളത് 'ജോനാഥാൻ' (Jonathan) എന്നറിയപ്പെടുന്ന തർഗും ആണ്. മറ്റു ഗ്രന്ഥങ്ങൾക്ക് (കെത്തുബീം) അറമായിക് തർജ്ജമകൾ ലഭിക്കാൻ വളരെ കാലമെടുത്തു. എ.ഡി. 5-ാം ശതകത്തിനു ശേഷമാണ് അവ രൂപം പ്രാപിച്ചത്.

ബൈബിളിന്റെ അറമായ വിവർത്തനങ്ങൾ അഞ്ചാം നൂറ്റാണ്ടിൽത്തന്നെ വാമൊഴിയായി ആരംഭിച്ചിരുന്നുവെങ്കിലും നമുക്കു ലഭിച്ചിട്ടുള്ള ലിഖിത തർഗുമുകളിൽ ഏറ്റവും പഴക്കം ചെന്നത് എ.ഡി. രണ്ടാം നൂറ്റാണ്ടിലേതാണ്.

## ഗ്രീക്കു സപ്തതി (Septuagint)

പഴയ നിയമം ഗ്രീക്കുഭാഷയിലേക്കു ആദ്യം തർജ്ജമ ചെയ്യപ്പെട്ടത് ഈജിപ്തിൽ നിവസിച്ചിരുന്ന യഹൂദർക്കു വേണ്ടിയായിരുന്നു. ഇങ്ങനെ കൈവന്ന ഗ്രീക്കുപരിഭാഷയെ സപ്തതി (Lxx) എന്നു വിളിക്കുന്നു. എഴുപതു യഹൂദ പണ്ഡിതന്മാർ ചേർന്ന് അലക്സാണ്ട്രിയയിൽ വെച്ച് ഈ തർജ്ജമ നിർവഹിച്ചുവെന്നാണ് പറയപ്പെടുന്നത്. അതുകൊണ്ടാണ് ഈ വിവർത്തനത്തിന് സപ്തതി എന്നു പേരുണ്ടായത്.

പഞ്ചഗ്രന്ഥമാണ് ആദ്യം ഗ്രീക്കിലേക്കു വിവർത്തനം ചെയ്യപ്പെട്ടത്. ബി.സി. 275-ൽ ആയിരുന്നു ഈ പരിഭാഷ. തൊളേമി രണ്ടാമൻ (Ptolemy II) ആയിരുന്നു അക്കാലത്ത് ഈജിപ്തു ഭരിച്ചിരുന്നത്. (285-247). തുടർന്ന് മറ്റു ഗ്രന്ഥങ്ങളും ഗ്രീക്കിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ബി.സി. രണ്ടാം ശതകത്തിന്റെ അവസാനത്തോടെ പഴയനിയമത്തിലെ എല്ലാ പുസ്തകങ്ങളും ഗ്രീക്കിലേക്കു തർജ്ജമ ചെയ്യപ്പെട്ടിരുന്നു. ആരംഭത്തിൽ സപ്തതി എന്ന പേര് പഞ്ചഗ്രന്ഥത്തിനു മാത്രമാണ് നല്കപ്പെട്ടത്. എന്നാൽ പിന്നീട് അത് പഴയ നിയമത്തിനു മുഴുവനും ബാധകമായി.

www.malankaralibrary.com

**അകില**

സപ്തതിക്കുശേഷം പഴയനിയമം ഗ്രീക്കിലേക്കു തർജ്ജമ ചെയ്തത് അകില ആയിരുന്നു. യഹൂദമതം സ്വീകരിച്ച ഇദ്ദേഹം ഏഷ്യമൈനറിൽ നിന്നുള്ള ആളാണ്. എ.ഡി. 130-നോടടുത്താണ് അകില ഹീബ്രുബൈബിൾ പരിഭാഷപ്പെടുത്തിയത്. റബ്ബി അക്കിബ (Akiba) യാണ് ഈ വിവർത്തനത്തിനു മേൽനോട്ടം വഹിച്ചത്. പദാനുപദ വിവർത്തനമായിരുന്നു എന്നതാണ് അകിലയുടെ പരിഭാഷയുടെ പ്രത്യേകത. ഇതിന്റെ ചുരുക്കം ചില ഭാഗങ്ങളേ നമുക്കു ലഭ്യമായിട്ടുള്ളൂ. അതും മറ്റുള്ളവരുടെ ഗ്രന്ഥങ്ങളിലെ പരാമർശനങ്ങളിലൂടെ മാത്രം!

**തെയൊഡോഷ്യൻ**

എ.ഡി. രണ്ടാം നൂറ്റാണ്ടിൽ തെയൊഡോഷ്യൻ പഴയനിയമത്തിന്റെ ഒരു ഗ്രീക്കു വിവർത്തനം പുറത്തിറക്കി. സപ്തതിയെ പുനഃപരിശോധിച്ച് വീണ്ടും പ്രസിദ്ധീകരിക്കുകയാണ് അദ്ദേഹം ചെയ്തത്. വേണമെങ്കിൽ സപ്തതിയുടെ രണ്ടാം പതിപ്പ് എന്ന് ഇതിനെ വിളിക്കാം. ഭാഷാന്തരം വഴി അർത്ഥവ്യത്യാസം ഉണ്ടാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഒരേ പദങ്ങൾക്ക് എല്ലായിടത്തും അർത്ഥം നിജപ്പെടുത്തുന്നതിനു അദ്ദേഹം സവിശേഷശ്രദ്ധവെച്ചു. ആവശ്യമെന്നു തോന്നിയ ഇടങ്ങളിൽ ഹീബ്രുമൂലപദങ്ങൾ അതേപടി ഗ്രീക്ക് അക്ഷരങ്ങളിൽ എഴുതിച്ചേർക്കുകയും ചെയ്തു.

**സിമ്മാക്കൂസ്**

എ.ഡി. രണ്ടാം ശതകത്തിന്റെ അവസാനത്തോടെ പഴയനിയമത്തിന്റെ മറ്റൊരു പരിഭാഷയും പുറത്തുവന്നു. സിമ്മാക്കൂസ് ആയിരുന്നു ഈ വിവർത്തനം തയ്യാറാക്കിയത്. മുൻ തർജ്ജമകളെയെല്ലാം സിമ്മാക്കൂസ് ഇതിനായി ഉപയോഗപ്പെടുത്തി. അതുകൊണ്ട് അവയെക്കാളൊക്കെ മഹത്തരമായിരുന്നു അദ്ദേഹത്തിന്റെ വിവർത്തനം. ബൈബിൾ ലത്തീനിലേക്കു തർജ്ജമ ചെയ്യാൻ വി.ജെറോം സിമ്മാക്കൂസിന്റെ ഈ തർജ്ജമ ഉപയോഗപ്പെടുത്തിയിട്ടുള്ളതായി കാണുന്നുണ്ട്. സിമ്മാക്കൂസിന്റെ തർജ്ജമ പൂർണ്ണരൂപത്തിൽ ഇന്നു ലഭ്യമല്ല. മറ്റുള്ളവരുടെ കൃതികളിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള ചില ഭാഗങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ.

**ദിയാത്തെസ്സറോൺ (Diatessaron = നാലിൽ നിന്നും)**

നാലു സുവിശേഷങ്ങളുടെയും ഉള്ളടക്കത്തെ സമന്വയിപ്പിച്ച് ഈശോയുടെ ജീവചരിത്രവും പ്രബോധനങ്ങളും അനുക്രമമായി വരത്തക്കവിധം വിന്യസിപ്പിച്ചിരിക്കുന്ന ഒരു കൃതിയാണ് ദിയാത്തെസ്സറോൺ, തസ്സിയാൻ (Tatian) ആയിരുന്നു ഈ ഗ്രന്ഥത്തിന്റെ കർത്താവ്. എ.ഡി. 170-നടുത്ത് അദ്ദേഹം ഈ ഗ്രന്ഥം ഗ്രീക്കുഭാഷയിൽ രൂപപ്പെടുത്തി എന്നും പിന്നീടതിനെ സുറിയാ

www.malankaralibrary.com

നിയിലേക്ക് അദ്ദേഹം തന്നെ പരിഭാഷപ്പെടുത്തിയെന്നുമാണ് സങ്കല്പം. മൂലകൃതി നഷ്ടപ്പെട്ടുപോയതുകൊണ്ട് ഗ്രീക്കിലാണോ സുറിയാനിയിലാണോ തസ്സിയാൻ ആദ്യം രചന നടത്തിയത് എന്നത് ഒരു തർക്കവിഷയമായി അവശേഷിക്കുന്നു. ഈ ഗ്രന്ഥത്തിന് ഒരു വ്യാഖ്യാനം നാലാം നൂറ്റാണ്ടിൽ വി. അപ്രേം എഴുതുകയുണ്ടായി. ദിയാത്തെസ്സറോണിനെക്കുറിച്ച് എന്തെങ്കിലും അറിയാൻ ഇന്നുള്ള ഏറ്റവും പ്രധാന സ്രോതസ്സ് അപ്രേമിന്റെ ഈ വ്യാഖ്യാനമാണ്. ഇതിനു പുറമെ, ദിയാത്തെസ്സുറോന്റെ ഒരു അർമ്മേനിയൻ വിവർത്തനവും പൂർണ്ണരൂപത്തിൽ ലഭിച്ചിട്ടുണ്ട്. ഇത് 6–ാം നൂറ്റാണ്ടിലേതാണ്. ഏതായാലും സുറിയാനിസഭയുടെ ആരാധനാക്രമത്തിൽ ദീർഘകാലം ദിയത്തെസ്സറോൺ ഔദ്യോഗികമായി ഉപയോഗിച്ചിരുന്നു. എന്നാൽ 5–ാം നൂറ്റാണ്ടുമുതൽ ദിയതെസ്സറോന്റെ സ്ഥാനത്ത് നാലു കാനോനിക സുവിശേഷങ്ങൾ പ്രയോഗത്തിൽ വന്നു.

## ഹെക്സാപ്ലാ (Hexapla)

ബൈബിൾ തർജ്ജമകൾ പെരുകിയതോടൊപ്പം അവ മൂലകൃതിയിൽ നിന്നും വ്യതിചലിച്ചു പോയേക്കുമോ എന്ന ആശങ്കയും വർദ്ധിച്ചു. ഇതു പരിഹരിക്കാനായി അലക്സാണ്ട്രിയായിലെ സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനും അപ്പസ്തോലിക പിതാക്കന്മാരുടെ സമകാലികനുമായിരുന്ന ഒരിജൻ "ഹെക്സാപ്ലാ" (Hexapla = ആറുതരം) രചിച്ചു. ഒരു ബൃഹദ് ഗ്രന്ഥമായിരുന്നു ഇത്.

ഹെക്സാപ്ലയുടെ സംവിധാനം പ്രത്യേകതരത്തിലാണ്. മുകളിൽ നിന്നും താഴോട്ട് ഒരിജൻ ആറു കോളങ്ങൾ തിരിച്ചു. ഒന്നാം കോളത്തിൽ ഹീബ്രു മൂലം രേഖപ്പെടുത്തി. അതുതന്നെ ഗ്രീക്കു ലിപികളിൽ രണ്ടാം കോളത്തിലും എഴുതി. മൂന്ന്, നാല്, അഞ്ച് ആറു കോളങ്ങളിൽ യഥാക്രമം അകില, സിമ്മാക്കൂസ് സപ്തതി, തെയൊഡോഷ്യൻ എന്നിവരുടെ ഗ്രീക്കു തർജ്ജമകളും എഴുതിച്ചേർത്തു.

ഒരിജന്റെ ഈ കൃതി ബൈബിൾ പഠനത്തെ സംബന്ധിച്ചിടത്തോളം വലിയൊരു സംഭാവനയായിരുന്നു എന്നു നിസ്സംശയം പറയാം. മസ്സോറെറ്റിക് - ഹീബ്രു ബൈബിളിലാണ് സ്വരചിഹ്നങ്ങൾ രേഖപ്പെടുത്തപ്പെട്ടത് എന്ന് നേരത്തെ കണ്ടല്ലോ. അതിനു മുമ്പ് ഹീബ്രുബൈബിളിന്റെ ഉച്ചാരണരീതി എങ്ങനെയായിരുന്നുവെന്ന് മനസ്സിലാക്കാൻ സഹായിക്കുന്ന ഒരു സുപ്രധാന മാർഗ്ഗദർശിയാണ് ഹെക്സാപ്ല. ഹെക്സാപ്ലായുടെ മൂല കയ്യെഴുത്തുപ്രതി എ.ഡി. 600 വരെ നിലവിലിരുന്നതായി കാണാമെങ്കിലും ഇന്ന് അതിന്റെ ചില ഭാഗങ്ങൾ മാത്രമേ അവശേഷിച്ചിട്ടുള്ളൂ.

## സുറിയാനി പ്ശീത്ത (Peshitta = ലളിതം)

ബൈബിളിന്റെ ആദ്യത്തെ സുറിയാനി പതിപ്പാണ് പ്ശീത്ത. ഇത് എ.ഡി.

www.malankaralibrary.com

അഞ്ചാം ശതകത്തിൽ സുറിയാനി സഭകളിൽ പ്രചാരത്തിലുണ്ടായിരുന്നു. പ്ശീത്ത എന്നുവച്ചാൽ ലളിതം എന്നർത്ഥം.

എന്നാണ് പ്ശീത്ത എഴുതപ്പെട്ടതെന്ന് വ്യക്തമല്ല. സിറിയായിലും മെസ്സൊപ്പോട്ടേമിയായിലുമുണ്ടായിരുന്ന സുറിയാനിക്കാർക്കു വേണ്ടിയായിരിക്കണം ഇത് എഴുതപ്പെട്ടത്. വി. അപ്രേം (A.D. 373), അഫ്രാത്തസ് (A.D. 350) എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ കൃതികളിൽ പ്ശിത്തായിൽ നിന്നുള്ള ധാരാളം ഉദ്ധരണികൾ കാണുന്നുണ്ട്. ഇതിൽ നിന്നും എ.ഡി. 4-ാം ശതകത്തിൽ പ്ശീത്ത പരക്കെ അറിയപ്പെട്ടിരുന്നു എന്നു കരുതാം. മാത്രമല്ല, ഏകസ്വഭാവ വാദികളും (monophysites) നെസ്തോറിയൻകാരും (Nestroians) പ്ശീത്ത ഉപയോഗിച്ചിരുന്നു. അതിനാൽ എ.ഡി. 431-ന് മുമ്പു തന്നെ പ്ശീത്ത പരക്കെ അംഗീകരിക്കപ്പെട്ടിരുന്നിരിക്കണം. കാരണം, A.D. 431-ലാണല്ലോ നെസ്തോറിയൻ പാഷണ്ഡത രൂപം കൊണ്ടത്. എന്നാൽ ഇന്ന് നമുക്കു ലഭ്യമായിട്ടുള്ള പ്ശീത്തയുടെ ഏറ്റവും പ്രാചീനരേഖ എ.ഡി. 442-ൽ എഴുതപ്പെട്ടതാണ്.

പഴയനിയമമാണ് പൗരസ്ത്യ സുറിയാനിയിലേക്ക് ആദ്യം തർജ്ജമ ചെയ്യപ്പെട്ടത്. യഹൂദക്രൈസ്തവ പണ്ഡിതന്മാർ എദേസ്സയിൽവച്ച് ഈ വിവർത്തനം നടത്തി എന്നു കരുതപ്പെടുന്നു. ഏതായാലും വ്യത്യസ്ത കാലങ്ങളിൽ പല വ്യക്തികൾ പ്ശീത്താ വിവർത്തനം നിർവഹിച്ചിരിക്കാനാണ് കൂടുതൽ സാദ്ധ്യത. കാരണം, ഭാഷാശൈലിയിലും അവതരണരീതിയിലും ഉള്ള വ്യത്യാസങ്ങൾ എല്ലാ പുസ്തകങ്ങളിലും പ്രകടമാണ്. ഗ്രീക്കിലെ പുതിയ നിയമത്തിന്റെ പ്ശീത്ത വിവർത്തനം നടത്തിയത് എദേസ്സായിലെ മെത്രാനായിരുന്ന റബ്ബുളയാണ് (A.D. 411-435). അനന്തരം തന്റെ രൂപതയിലെ എല്ലാ പള്ളികളിലും ഇതിന്റെ ഓരോ പ്രതി ഉണ്ടായിരിക്കണമെന്നും അദ്ദേഹം കല്പന നല്കി.

പഴയനിയമത്തിലെ ഉത്തര കാനോനിക ഗ്രന്ഥങ്ങളും അപ്രമാണിക ഗ്രന്ഥങ്ങളും പ്ശീത്തയിൽ ആദ്യകാലത്ത് ഉൾപ്പെടുത്തിയിരുന്നില്ല. പിന്നീട് സപ്തതിയിൽ നിന്നും അവ തർജ്ജമ ചെയ്ത് ചേർക്കുകയാണുണ്ടായത്. ചില പുതിയ നിയമഗ്രന്ഥങ്ങളും ആദ്യകാലത്ത് പ്ശീത്തയിലില്ലായിരുന്നു. പത്രോസിന്റെ രണ്ടാം ലേഖനം, യോഹന്നാന്റെ രണ്ടും, മൂന്നും ലേഖനങ്ങൾ, യൂദയുടെ ലേഖനം, വെളിപാട് എന്നിവയാണ് ഒഴിവാക്കപ്പെട്ടിരുന്നത്.

A.D. 5 മുതൽ 12-വരെ ശതകങ്ങളിൽ എഴുതപ്പെട്ട പ്ശീത്തയുടെ 250 രേഖകൾ നമുക്കു ലഭിച്ചിട്ടുണ്ട്. ഇവയിൽ പൂർണ്ണമായ പ്ശീത്ത പതിപ്പുകൾ നാലെണ്ണമെയുള്ളു. ബാക്കിയുള്ളവ വിവിധ പകർപ്പുകളുടെ ഭാഗങ്ങൾ മാത്രമാണ്. എന്നാൽ ഈ രേഖകളെ വിലയിരുത്തിക്കൊണ്ടുള്ള പഠനങ്ങൾ പുരോഗമിച്ചുവരുന്നു. അന്താരാഷ്ട്ര തലത്തിൽ ഒരു പ്ശീത്ത കമ്മീഷൻ തന്നെ ഈ ഉദ്ദേശ്യത്തിനായിട്ട് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

www.malankaralibrary.com

## ലത്തീൻ വുൾഗാത്ത (Latin Vulgate)

എ.ഡി. രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വടക്കെ ആഫ്രിക്കയിൽ ബൈബിളിന്റെ ഒരു ലത്തീൻ വിവർത്തനം നിലവിലുണ്ടായിരുന്നു. അതിന്റെ പേര് പുരാതന ലത്തീൻ വിവർത്തനം എന്നായിരുന്നു. അതിന്റെ ഏതാനും ഭാഗങ്ങൾ ഇന്ന് ലഭ്യമായിട്ടുണ്ട്. അവ വിശകലനം ചെയ്യുമ്പോൾ, പുരാതന ലത്തീൻ വിവർത്തനത്തിന്റെ ഭാഷ, സാധാരണ ജനങ്ങൾ സംസാരിക്കാൻ ഉപയോഗിച്ചിരുന്ന ലത്തീൻ ഭാഷയാണെന്നു മനസ്സിലാക്കാം. അതിനാൽ പ്രസ്തുത വിവർത്തനം പുനഃപരിശോധിച്ച് മൂലഗ്രന്ഥത്തോട് വിശ്വസ്തത പുലർത്തുന്ന ഒരു നൂതന ലത്തീൻ പരിഭാഷയുണ്ടാക്കാൻ ഡമാസൂസ് മാർ പാപ്പ വി. ജെറോമിനെ ചുമതലപ്പെടുത്തി.

അങ്ങേയറ്റം പ്രധാനമായൊരു ദൗത്യമാണ് മാർപാപ്പ തന്നെ ഏല്പിച്ച തെന്ന് ബോദ്ധ്യം വന്ന വി. ജെറോം പൂർണ്ണ ഉത്തരവാദിത്വത്തോടെ അതു നിറവേറ്റാൻ വേണ്ടി ബെത്‌ലെഹേമിലേക്കു താമസം മാറ്റി. എ.ഡി. 300-ലാണ് അദ്ദേഹം ലത്തീൻ വിവർത്തനം ആരംഭിച്ചത്. ഹീബ്രു, ഗ്രീക്ക് മൂലഭാഷക ളിൽ നിന്നും ലത്തീനിലേക്കുള്ള ഈ വിവർത്തനം പൂർത്തിയാക്കാൻ 25 വർഷ മെടുത്തു. വി. ജെറോമിന്റെ ഈ വിവർത്തനം "വുൾഗാത്ത" (Vulgate= സാ ധാരണം) എന്ന പേരിൽ എ.ഡി. 325-ൽ പ്രസിദ്ധീകരിക്കപ്പെട്ടു. 1546-ൽ ത്രെന്തോസ് സുന്നഹദോസ് ഇതിനെ റോമൻ കത്തോലിക്ക സഭയുടെ ഔദ്യോഗിക ബൈബിളായി പ്രഖ്യാപിച്ചു. തുടർന്ന് ലോകമെങ്ങും അത് അം ഗീകരിക്കപ്പെടുകയും പ്രചരിക്കുകയും ചെയ്തു.

## ആധുനിക പരിഭാഷകൾ

ബൈബിളിന് പ്രാചീനവും ആധുനികവുമായ നിരവധി പരിഭാഷകളും പരിഷ്കരിച്ച പതിപ്പുകളും ഉണ്ടായിട്ടുണ്ട്. ലോകമെമ്പാടും 1500-ൽപ്പരം ഭാഷകളിലും പ്രാദേശിക ഭാഷണങ്ങളിലും ബൈബിൾ ഇതിനകം തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. സമ്പൂർണ്ണ ബൈബിൾ ആദ്യമായി ഇംഗ്ലീഷിലേക്ക് പരിഭാ ഷപ്പെടുത്തിയത് വിക്ലിഫ് (Wycliff) ആണ്. 1382-ലാണ് അദ്ദേഹം ഇതു പൂർത്തിയാക്കിയത്. എന്നാൽ എ.ഡി. 7-ാം നൂറ്റാണ്ടു മുതൽത്തന്നെ ചിലഭാ ഗങ്ങൾ ഇംഗ്ലീഷിൽ ലഭ്യമായിരുന്നുവെന്നകാര്യം വിസ്മരിക്കാവുന്നതല്ല. ഉദാ ഹരണത്തിന്, സങ്കീർത്തനങ്ങൾ, കർത്തൃപ്രാർത്ഥന, പത്തു കല്പനകൾ എന്നിവ അവയിൽ ചിലതത്രേ. ടിൻഡേയ്‌ലിന്റെ (Tyndale) വിവർത്തനം (1525), ഡുവേ (Douay) വിവർത്തനം (1609), ജെയിംസ് രാജാവിന്റെ (King James) വിവർ ത്തനം (1611), റിവൈസ്ഡ് സ്റ്റാന്റാർഡ് വെർഷൻ (RSV -1946, NRSV - 1993), ന്യൂ ഇംഗ്ലീഷ് ബൈബിൾ (NEB - 1961), ജറുസലേം ബൈബിൾ (JB. 1966) മുതലായവ പിൽക്കാലത്തെ പ്രധാന വിവർത്തനങ്ങ ളിൽപ്പെടുന്നു.

www.malankaralibrary.com

ഏഷ്യയിൽ ആദ്യമായി പുതിയ നിയമം അച്ചടിച്ചത് തമിഴിലായിരുന്നു. ലൂഥറൻ മിഷനറിയായിരുന്ന ബർത്തലോമിയൂസ് സീഗൻബൾഗ് (Bartholomius Ziegenbalg) 1715-ലാണ് ഈ വിവർത്തനം പ്രസിദ്ധീകരിച്ചത്. 1727-ൽ മാത്രമാണ് തമിഴിൽ സമ്പൂർണ്ണ ബൈബിൾ പ്രകാശിതമായത്.

മലയാളത്തിൽ ബൈബിൾ പരിഭാഷയ്ക്കു മുന്നിട്ടിറങ്ങിയതും പ്രൊട്ടസ്റ്റന്റുകാർ തന്നെ. 1811-ൽ ഇവർ "സത്യവേദപുസ്തകം" എന്ന പേരിൽ ആദ്യത്തെ മലയാള വിവർത്തനം പ്രസിദ്ധീകരിച്ചു. കത്തോലിക്കരുടെ ഭാഗത്തുനിന്ന് ആദ്യമായി മലയാളത്തിലേക്ക് ബൈബിൾ വിവർത്തനത്തിനു പരിശ്രമിച്ചത് മഞ്ഞുമ്മൽ കർമ്മലീത്താ സന്യാസാശ്രമക്കാരാണ്. 1905-ൽ അവർ പുതിയനിയമം മുഴുവൻ ലത്തീൻ വുൾഗാത്തയിൽ നിന്ന് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചു. 1924-ൽ മോൺസിഞ്ഞോർ ആന്റണി പുതുശ്ശേരി പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. 1935-ൽ മാണികത്തനാർ പുതിയനിയമം പൂർണ്ണമായും മലയാളത്തിൽ പ്രസിദ്ധീകരിച്ചു. പിന്നീട് പഴയനിയമത്തിലെ പഞ്ചഗ്രന്ഥവും മറ്റു ചില പുസ്തകങ്ങളും അദ്ദേഹം തർജ്ജമ ചെയ്തു. എങ്കിലും ബൈബിളിന്റെ സമ്പൂർണ്ണ വിവർത്തനം അദ്ദേഹത്തിന്റെ കാലത്തു നടന്നില്ല. 1963-ൽ മോൺ. തോമസ് മൂത്തേടനാണ് മലയാളത്തിൽ ആദ്യത്തെ കത്തോലിക്കാ സമ്പൂർണ്ണ ബൈബിൾ പ്രസിദ്ധീകരിച്ചത്. അതിനുശേഷം മറ്റു ചില പരിഭാഷകൾകൂടി സമ്പൂർണ്ണ ബൈബിളിനു ലഭിച്ചിട്ടുണ്ട്. ഇവയിൽ ഏറ്റവും പ്രചാരം നേടിയിട്ടുള്ളത്. പി.ഒ.സി. യിൽ നിന്ന് 1981-ൽ പ്രസിദ്ധീകരിച്ച ബൈബിളാണ്. കേരള കാത്തലിക് ബിഷപ്സ് കോൺഫ്രൻസിന്റെ ബൈബിൾ കമ്മീഷനാണ് അതു തയ്യാറാക്കിയത്.

www.malankaralibrary.com

## അധ്യായം - 6

# ദൈവനിവേശനവും വ്യാഖ്യാനവും

ബൈബിളിന്റെ ദൈവനിവേശനത്തെപ്പറ്റി രണ്ടാം വത്തിക്കാൻ സുന്നഹദോസ് ഇപ്രകാരം പഠിപ്പിക്കുന്നു: "വിശുദ്ധഗ്രന്ഥ രചനയ്ക്കായി ദൈവം ചിലരെ തിരഞ്ഞെടുത്തു. പ്രസ്തുത രചനാവേളയിൽ ദൈവം അവരിലും അവരിലൂടെയും പ്രവർത്തിച്ചു. ഗ്രന്ഥരചനയ്ക്കുവേണ്ടി തങ്ങളുടെ കഴിവുകളും സിദ്ധികളും അവർ വിനിയോഗിച്ചിട്ടുണ്ട്. അതേ സമയംതന്നെ ദൈവത്തോട് അവർ പൂർണ്ണ വിശ്വസ്തരായിരുന്നുകൊണ്ട് അവിടുന്ന് ആവശ്യപ്പെട്ടവ മുഴുവനും ആവശ്യപ്പെട്ടവ മാത്രവും രേഖപ്പെടുത്തി" (ദൈവാവിഷ്കരണം - 11).

ദൈവനിവേശനത്തിന് ഇംഗ്ലീഷിൽ "ഇൻസ്പിരേഷൻ" (Inspiration) എന്നാണ് പറയുന്നത്. ലത്തീനിലെ ഇൻസ്പിരാരെ (inspirare) എന്ന വാക്കിൽ നിന്നാണ് "ഇൻസ്പിരേഷൻ" എന്ന പദം ഉരുത്തിരിഞ്ഞിട്ടുള്ളത്. "ശ്വസിക്കുക," "ഉച്ഛ്വസിക്കുക" എന്നൊക്കെ ഇതിന് അർത്ഥമുണ്ട്. ബൈബിളിന്റെ മാനുഷിക ഗ്രന്ഥകാരന്മാരുടെ മേലുള്ള ദൈവാരൂപിയുടെ പ്രവർത്തനം എപ്രകാരമായിരുന്നെന്ന് ഈ പദം ദ്യോതിപ്പിക്കുന്നു.

**ദൈവനിവേശനം പഴയനിയമത്തിൽ**

ദൈവം പ്രവാചകരിലൂടെ സംസാരിച്ചതിനും പ്രവർത്തിച്ചതിനുമുള്ള ശക്തമായ തെളിവുകൾ പഴയനിയമത്തിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തന്റെ സന്ദേശം ജനത്തെ അറിയിക്കാൻ ദൈവം അവരെ നിയോഗിച്ചു എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. പ്രധാനമായും ദൈവവചനത്തിന്റെ പ്രഘോഷകരായിരുന്നു പ്രവാചകർ. എന്നാൽ ചിലപ്പോൾ തന്റെ പ്രവചനങ്ങൾ എഴുതിവയ്ക്കാൻ പ്രവാചകരോട് ദൈവം ആവശ്യപ്പെടുന്നതായും പഴയനിയമത്തിൽ കാണാം. (പുറ. 17:14, 34:27, ഏശ 30:8, ജറെ 30:2, 36:2 ഹബ 2:2). പത്തുകല്പനകൾ ദൈവം തന്നെ കല്പലകകളിൽ എഴുതിക്കൊടുത്തു എന്നാണ് കാണുക. (പുറ. 32:16, 34:1). തന്റെ സ്വന്തം ലിഖിതപ്രവചന

www.malankaralibrary.com

ത്തെക്കുറിച്ച് "ദൈവത്തിന്റെ പുസ്തകം" എന്നത്രേ ഏശയ്യാ വിശേഷിപ്പിച്ചിരിക്കുന്നത് (ഏശ. 34:16). ദൈവത്തിന്റെ സന്ദേശം എഴുതിവയ്ക്കുന്നതിന് ദൈവം പ്രവാചകനെ നിർബ്ബന്ധിച്ചു എന്ന് ഒരു തോന്നൽ പ്രവാചകന് ഉണ്ടായി എന്നുമാത്രമേ മേൽപ്പറഞ്ഞ പ്രയോഗങ്ങൾ അർത്ഥമാക്കുന്നുള്ളൂ. അതുകൊണ്ട് ദൈവനിവേശനത്തെപ്പറ്റി സഭ ഇന്നു പഠിപ്പിക്കുന്ന വിധത്തിൽ പഴയനിയമത്തിൽ കണ്ടെത്തുക പ്രയാസമായിരിക്കുമെങ്കിലും അതിനെതിരായി യാതൊന്നും ഇല്ലെന്നു പറയേണ്ടയിരിക്കുന്നു.

## പുതിയ നിയമസാക്ഷ്യം

പഴയനിയമത്തിന്റെ ദൈവികമായ ഉറവിടത്തെക്കുറിച്ച് യഹൂദർക്ക് പൂർണ്ണ ബോദ്ധ്യമുണ്ടായിരുന്നു. ഈ വസ്തുത പുതിയനിയമത്തിലും ആവർത്തിച്ച് ഉറപ്പിക്കുന്നതായി കാണാം. പഴയനിയമ ഗ്രന്ഥങ്ങളെപ്പറ്റി 'ലിഖിതങ്ങൾ' (scriptures = graphe) എന്നാണ് പുതിയനിയമത്തിൽ പരാമർശിച്ചിട്ടുള്ളത്. ഈ വാക്ക് 51 തവണ പ്രയോഗിച്ചിട്ടുണ്ട്. മനുഷ്യരിലൂടെ സംസാരിക്കുന്ന പരിശുദ്ധാത്മാവിന്റെ വചനങ്ങളാണ് പ്രസ്തുത ലിഖിതങ്ങളിൽ (പഴയനിയമം) ഉള്ളതെന്ന് പുതിയ നിയമഗ്രന്ഥകാരന്മാരും ഉറച്ചു വിശ്വസിക്കുന്നതായാണ് കാണുന്നത്.

'ലിഖിതങ്ങൾ' ചോദ്യം ചെയ്യപ്പെടാനൊ നിരാകരിക്കപ്പെടാനൊ സാദ്ധ്യമല്ലാത്തവയാണ് എന്നു യേശു കരുതുന്നതായി പുതിയ നിയമത്തിൽ നിന്നും മനസ്സിലാക്കാം (യോഹ. 10:35). പലപ്പോഴും "എഴുതപ്പെട്ടിരിക്കുന്നപോലെ" എന്ന ആമുഖത്തോടെയാണ് യേശു അവിതർക്കവും ആധികാരികവുമായ പ്രസ്താവനകൾ നടത്തുന്നത്. "എഴുതപ്പെട്ടിരിക്കുന്നു" എന്നുള്ള ഈ പ്രയോഗം പഴയ നിയമ ഗ്രന്ഥങ്ങളെയാണ് സൂചിപ്പിക്കുന്നത് (മത്താ. 4:4, 7, 10; 26:31 cfr. 19: 4–5).

ഇതിനും പുറമെ വി. പൗലോസിന്റെ പ്രബോധനവും പഴയനിയമത്തിന്റെ ദൈവിക സ്വഭാവത്തെ സുതരാം വ്യക്തമാക്കുന്നു. ബാല്യകാലം മുതൽ തിമോത്തി പഠിച്ചിട്ടുള്ള വി. ലിഖിതങ്ങളിൽ ഉറച്ചു വിശ്വസിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പൗലോസ് തിമോത്തിയെ ഉപദേശിക്കുന്നു: "വിശുദ്ധ ലിഖിതങ്ങളെല്ലാം ദൈവനിവേശിതമാണ്" – (2 തിമോ. 3:14–16).

പത്രോസിന്റെ രണ്ടാം ലേഖനത്തിൽ ഈ വസ്തുത കുറേക്കൂടി പ്രകാശിതമായിട്ടുണ്ട്: "വിശുദ്ധ ലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നും തന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല. എന്തുകൊണ്ടെന്നാൽ, പ്രവചനങ്ങൾ ഒരിക്കലും മാനുഷിക പ്രചോദനത്താൽ രൂപംകൊണ്ടതല്ല; പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ് അവ" (2 പത്രോ. 1:20–21).

www.malankaralibrary.com

## പുതിയ നിയമത്തിന്റെ ദൈവനിവേശനം

പഴയനിയമ ഗ്രന്ഥങ്ങൾക്കുള്ളതുപോലെ തന്നെ പുതിയ നിയമഗ്രന്ഥങ്ങൾക്കും ദൈവനിവേശനം ഉണ്ട്. ഇതിനുള്ള തെളിവുകൾ പുതിയ നിയമത്തിൽത്തന്നെ അടങ്ങിയിരിക്കുന്നതായി കാണാം.

വെളിപാടിന്റെ പുസ്തകത്തിന്റെ ഉത്ഭവം ദൈവത്തിൽ നിന്നാണെന്ന് ആ പുസ്തകം തന്നെ സ്പഷ്ടമായി പ്രസ്താവിക്കുന്നു. "ആസന്നഭാവിയിൽ സംഭവിക്കാനിരിക്കുന്നവയെ തന്റെ ദാസന്മാർക്കു വെളിപ്പെടുത്തുന്നതിനുവേണ്ടി ദൈവം യേശുക്രിസ്തുവിനു നല്കിയ വെളിപാട്. അവൻ തന്റെ ദൂതനെ സ്വന്തം ദാസനായ യോഹന്നാന്റെ അടുക്കലേക്കയച്ച് ഇത് അയാൾക്ക് വെളിപ്പെടുത്തി" (വെളി. 1:1-2; cfr 22:7; 10, 18 f). പൗലോസിന്റെ ലേഖനങ്ങൾക്ക് മറ്റു വിശുദ്ധ ലിഖിതങ്ങൾക്കു തുല്യമായ സ്ഥാനമുണ്ടെന്ന് 2 പത്രോസ് 3:16-ൽ കാണുന്നു:

"നമ്മുടെ പ്രിയപ്പെട്ട സഹോദരനായ പൗലോസ് തനിക്കു ലഭിച്ച ജ്ഞാനമനുസരിച്ച് ഇക്കാര്യം നിങ്ങൾക്ക് എഴുതിയിട്ടുണ്ടല്ലോ .... അറിവില്ലാത്തവരും ചഞ്ചല മനസ്കരുമായ ചിലർ, മറ്റു തിരുലിഖിതങ്ങളെപ്പോലെ അവയും തങ്ങളുടെ നാശത്തിനായി വളച്ചൊടിക്കുന്നു." (cfr. 1 തിമോ. 5:18, നിയമാ. 25:4 ലൂക്കോ. 10:7; 1കോറി. 9:9, 14).

## സഭാപിതാക്കന്മാരുടെ സാക്ഷ്യം

പുതിയ നിയമം എഴുതപ്പെട്ടതിനു ശേഷമുള്ള എല്ലാ സഭാപിതാക്കന്മാരും പുതിയ നിയമഗ്രന്ഥങ്ങൾക്ക് ദൈവികമായ ഉത്ഭവം ഉണ്ടെന്ന് സുദൃഢ ബോദ്ധ്യമുള്ളവരായിരുന്നു. വേദപുസ്തകത്തിലെ വാക്കുകൾ ദൈവത്തിന്റെയോ പരിശുദ്ധാരൂപിയുടെയോ വാക്കുകളായിട്ടാണ് അവർ ഉദ്ധരിച്ചിരുന്നത്. (ഉദാ. തെർത്തുല്യൻ, നിസ്സായിലെ വി. ഗ്രിഗറി, ഇരനെവൂസ്). മാത്രമല്ല, പുതിയ നിയമത്തിന്റെ രചനയിൽ പങ്കാളിയായ ദൈവത്തെ ഒരു സഹലേഖകനെന്നോണമാണ് അവരിൽ പലരും കാണുന്നത്. (ഉദാ: തെർത്തുല്യൻ, ഒരിജൻ, ബേസിൽ, ജെറോം, ക്രിസോസ്തോം.)

അലക്സാണ്ട്രിയായിലെ ക്ലെമന്റിന്റെ അഭിപ്രായത്തിൽ ദൈവമാണ് പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും പ്രധാന ഗ്രന്ഥകർത്താവ്. മഹാനായ വിശുദ്ധ ഗ്രിഗറിയും വിശുദ്ധ ലിഖിതങ്ങളുടെ കർത്താവായി ദൈവത്തെ കാണുന്നു. വിശുദ്ധ ഗ്രന്ഥങ്ങൾക്ക് രൂപഭാവങ്ങൾ നല്കി പ്രകാശിപ്പിച്ച മനുഷ്യവ്യക്തിയെ അദ്ദേഹം 'എഴുത്തുകാരൻ' (writer) എന്നു വിളിക്കുകയും ചെയ്യുന്നു. ഫ്ളോറൻസിലെയും (1438 – 1445) ത്രെന്തോസിലെയും (1545-1563) സുന്നഹദോസുകൾ ദൈവത്തെ ബൈബിളിന്റെ ഗ്രന്ഥകർത്താവായിട്ടാണ് പരാമർശിച്ചിരിക്കുന്നത്. (cfr DB.N. 706, 783). ഒന്നാം വത്തി

www.malankaralibrary.com

ക്കാൻ സുന്നഹദോസ് (1869-1870) ദൈവത്തെ ബൈബിൾ ഗ്രന്ഥകാരനായി വളരെ സ്പഷ്ടമായി ചിത്രീകരിക്കുന്നുണ്ട് (DB.N. 1787).

ദൈവവും മനുഷ്യനും ഒരേസമയം ബൈബിളിന്റെ ഗ്രന്ഥകർത്താക്കളായിരുന്നു എന്നാണ് 2-ാം വത്തിക്കാൻ സുന്നഹദോസ് (1962-1964) പ്രസ്താവിക്കുന്നത്. ദൈവാവിഷ്കരണം എന്ന പ്രമാണരേഖയിലെ 11-ാം ഖണ്ഡികയിൽ ഇത് പ്രസ്പഷ്ടമാക്കിയിട്ടുണ്ട്.

## മാനുഷിക ഗ്രന്ഥകർത്താക്കൾ

ബൈബിൾ വിജ്ഞാനീയത്തിൽ ഉണ്ടായിട്ടുള്ള ഒരു നൂതന കാഴ്ചപ്പാടിലൂടെയാണ് ബൈബിളിന്റെ മാനുഷിക ഗ്രന്ഥകർത്തൃത്വത്തിന് ഊന്നൽ ലഭിച്ചിട്ടുള്ളത്. വിശുദ്ധഗ്രന്ഥങ്ങളുടെ രചനയിൽ മാനുഷികഗ്രന്ഥകാരന്മാർ തങ്ങളുടെ ബുദ്ധിയും കഴിവുകളുമെല്ലാം പ്രയോഗിച്ചിട്ടുണ്ടെന്നും അതിനാൽ അവരെയും ബൈബിളിന്റെ "യഥാർത്ഥ ഗ്രന്ഥകാരന്മാരായി കണക്കാക്കണമെന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശിക്കുന്നു (ദൈവാവിഷ്കരണം 11). ദൈവനിവേശിത ഗ്രന്ഥങ്ങളുടെ രചനയിൽ മാനുഷിക ഗ്രന്ഥകാരന്മാരുടെ വ്യക്തിപരമായ ഘടകങ്ങളും, നിഗമനങ്ങളുമുണ്ട് എന്നല്ലേ ഇതിനർത്ഥം?

പ്രഭാഷകന്റെ പുസ്തകത്തിലെ മുഖവുരയിൽ ഇപ്രകാരം വായിക്കുന്നു. "ഈ ഗ്രന്ഥത്തിന്റെ പരിഭാഷ ഞങ്ങൾ കഴിയുന്നത്ര ശ്രദ്ധയോടെ ചെയ്തിട്ടുണ്ടെങ്കിലും ഇതിലെ ചില പദപ്രയോഗങ്ങൾ വേണ്ടത്ര സൂക്ഷ്മതയില്ലാത്തതായി തോന്നിയേക്കാം. എങ്കിലും നിങ്ങൾ ഇതു സന്മനസ്സോടും ഏകാഗ്രതയോടുംകൂടെ പാരായണം ചെയ്യണമെന്ന് ഞങ്ങൾ ഉദ്ബോധിപ്പിക്കുന്നു". അതുപോലെ, മക്കബായർ 2-ന്റെ രചന തനിക്കു വളരെ ക്ലേശത്തിനും നിദ്രാഭംഗത്തിനും ഇടയാക്കിയെന്ന് പ്രസ്തുത ഗ്രന്ഥകാരൻ പറയുന്നു (2.മക്ക. 2:24-33; 15:38). സുവിശേഷ രചനയ്ക്കായി ലൂക്കാ നടത്തിയ ഗവേഷണത്തെക്കുറിച്ച് ലൂക്കാ 1:1-4-ലും കാണുന്നു.

വിശുദ്ധഗ്രന്ഥത്തിന്റെ രൂപവൽക്കരണത്തിലുള്ള ദൈവിക-മാനുഷിക ഘടകങ്ങളുടെ ബന്ധത്തെക്കുറിച്ചാണ് ഇതുവരെ പ്രതിപാദിച്ചത്. ഇതെക്കുറിച്ചുള്ള ശരിയായ വിലയിരുത്തലാണ് ബൈബിളിന്റ ശരിയായ വ്യാഖ്യാനത്തിനുള്ള മാർഗ്ഗദർശനം.

## ബൈബിൾ വ്യാഖ്യാനം

ബൈബിളിലടങ്ങിയിരിക്കുന്ന സത്യങ്ങളെക്കുറിച്ചുള്ള നിഗമനങ്ങളിൽ എത്തിച്ചേരുന്നതിനു മുമ്പ് ഗ്രന്ഥകാരൻ നല്കാനാഗ്രഹിക്കുന്ന സന്ദേശത്തെയും പ്രസ്തുത സന്ദേശം പകർന്നു കൊടുക്കാൻ ഉപയോഗിച്ചിരിക്കുന്ന മാർഗ്ഗങ്ങളെയും വേർതിരിച്ചറിയേണ്ടതുണ്ട്. ബൈബിളിന്റെ ആത്യന്തികമായ സന്ദേശം രക്ഷാകരമാണെന്നുള്ളതിൽ സംശയമില്ല. മനുഷ്യരക്ഷയ്ക്കുവേണ്ടി

www.malankaralibrary.com

വിശ്വാസികളുടെ സമൂഹത്തിനു ദൈവം നല്കുന്ന നിർദ്ദേശങ്ങളാണ് പ്രസ്തുത സന്ദേശത്തിലെ ഉള്ളടക്കം.

വെളിപ്പെടുത്തപ്പെട്ട രക്ഷാകര സന്ദേശം തങ്ങളുടെ രചനാ വൈഭവം ഉപയോഗിച്ച് ജനങ്ങളെ അറിയിക്കുകയെന്നതായിരുന്നു വി. ഗ്രന്ഥകാരന്മാരുടെ ഉദ്ദേശ്യവും ലക്ഷ്യവും. ഈ രക്ഷാകരസന്ദേശം പകർന്നു കൊടുക്കുന്നതിൽ ദൈവത്തിന്റെ അത്ഭുതകരമായ പരിപാലന ഗ്രന്ഥകാരന്മാരെ നിരന്തരം സഹായിച്ചിരുന്നു എന്നതാണ് ദൈവനിവേശനം കൊണ്ട് അർത്ഥമാക്കുന്ന കാതലായ സത്യം.

**സന്ദേശം കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ**

ഗ്രന്ഥകർത്താവിന്റെ ഉദ്ദേശ്യം എന്തായിരുന്നെന്ന് കണ്ടെത്തുകയാണ് യഥാർത്ഥ സന്ദേശം മനസ്സിലാക്കാനുള്ള പ്രധാനമാർഗ്ഗം. ഇതു സാധിക്കണമെങ്കിൽ എഴുത്തുകാരന്റെ സാംസ്കാരിക പശ്ചാത്തലം, അദ്ദേഹം വിഭാവനം ചെയ്യുന്ന വായനക്കാരും അവരുടെ പ്രത്യേകതകളും, ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷാശൈലി, സാഹിത്യരൂപങ്ങൾ എന്നിവയൊക്കെ ശരിയായി വിശകലനം ചെയ്ത് പഠിക്കേണ്ടിവരും.

ഇപ്രകാരം സന്ദേശം കണ്ടെത്താൻ ശ്രമിക്കുമ്പോൾ വിശുദ്ധ ഗ്രന്ഥത്തിന്റെ രക്ഷാകരസ്വഭാവത്തിൽ മാത്രമായിരിക്കണം വ്യാഖ്യാതാവിന്റെ പ്രധാന ശ്രദ്ധ. അതല്ലാതെ വിശുദ്ധ ഗ്രന്ഥത്തിൽ പരാമർശിച്ചു കാണുന്ന പ്രകൃതി ശാസ്ത്രത്തിനോ, രാഷ്ട്രീയ ചരിത്രത്തിനോ അമിതപ്രാധാന്യം നല്കരുത്. കാരണം, ഇത്തരം വിഷയങ്ങളിലൊന്നും ബൈബിൾ ഗ്രന്ഥകാരന്മാർ വേണ്ടത്ര പാണ്ഡിത്യമുള്ളവരോ വിദഗ്ദ്ധരോ ആയിരുന്നില്ല. വിശുദ്ധ ഗ്രന്ഥത്തിൽ അത്തരം കാര്യങ്ങൾ പരാമർശ വിധേയമാകുന്നുണ്ടെങ്കിലും അവയൊന്നുമല്ല, ഗ്രന്ഥകാരന്മാരുടെ മുഖ്യപ്രമേയം. രക്ഷാകര സന്ദേശം അവതരിപ്പിക്കുന്നതിനിടയിൽ സാന്ദർഭികമായി അത്തരം വിഷയങ്ങൾ പരാമർശിക്കാൻ ഇടവന്നു എന്നേയുള്ളൂ. ഇവയുടെ ശാസ്ത്രീയ നിജസ്ഥിതി അന്വേഷിച്ചറിയാൻ ഗ്രന്ഥകാരന്മാർ പരിശ്രമിച്ചിട്ടില്ല. സാധാരണക്കാരുടെ അറിവേ ഇക്കാര്യത്തിൽ അവരിൽ നിന്നു പ്രതീക്ഷിക്കാവൂ. അതുകൊണ്ട് വ്യക്തികൾ, സ്ഥലങ്ങൾ, സംഖ്യകൾ സംഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള പ്രസ്താവനകൾ അക്ഷരാർത്ഥത്തിൽ കൃത്യമായിരിക്കണമെന്നില്ല. രക്ഷാകരസന്ദേശം ആവിഷ്കരിക്കാൻ സാധാരണക്കാരന്റെ അറിവിനു ചേർന്നവിധം പറയുന്ന വ്യാഖ്യാനങ്ങളുമായി വേണം അവയെ കണക്കിലെടുക്കുവാൻ. ഉദാഹരണത്തിന്, സൃഷ്ടിയുടെ കഥ, നോഹയുടെ കാലത്തെ ജലപ്രളയത്തിന്റെ കഥ, ഈജിപ്തിലെ ബാധകളുടെ വിവരണം, യേശുവിന്റെ ഉപമകൾ, ധൂർത്തപുത്രന്റെ കഥ എന്നിവയെല്ലാം അക്ഷരാർത്ഥത്തിൽ ചരിത്രസത്യങ്ങളായി വ്യാഖ്യാനിച്ചാൽ പൊരുത്തക്കേടുകൾ കാണാം. എന്നാൽ ദൈവത്തിന്റെ നീതിയെയും

www.malankaralibrary.com

കാരുണ്യത്തെയും സംബന്ധിക്കുന്ന രക്ഷാകരസന്ദേശത്തിന്റെ കാര്യത്തിൽ അവ കുറ്റമറ്റതു തന്നെയാണ്.

**വിശുദ്ധഗ്രന്ഥത്തിന്റെ അപ്രമാദിത്വം**

ദൈവനിവേശനത്തിന്റെ സ്വഭാവവും വിശുദ്ധ ലിഖിതങ്ങളെ വ്യാഖ്യാനിക്കേണ്ടവിധവും മനസ്സിലായിക്കഴിഞ്ഞാൽ വിശുദ്ധ ഗ്രന്ഥത്തിന്റെ അപ്രമാദിത്വത്തെക്കുറിച്ചുള്ള തിരുസഭയുടെ പ്രബോധനം ഏവർക്കും സുതരാം വ്യക്തമാകും. വിശുദ്ധ ലിഖിതങ്ങൾക്ക് പൊതുവായൊരു ലക്ഷ്യമുണ്ട് – രക്ഷാകരസന്ദേശം പകർന്നു കൊടുക്കുക. ആഴമേറിയ ദൈവാനുഭവത്തിന്റെ ഉടമകളായിരുന്നു വിശുദ്ധ ഗ്രന്ഥകർത്താക്കൾ എന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. തങ്ങളുടെ ദൈവാനുഭവം മറ്റുള്ളവരുമായി പങ്കുവെയ്ക്കുക എന്ന ഒരേ ഒരു ലക്ഷ്യം മാത്രമാണ് വി. ഗ്രന്ഥരചനയിൽ അവർക്കെല്ലാമുണ്ടായിരുന്നത്.

മനുഷ്യരായ എഴുത്തുകാരും ദൈവത്തോടൊപ്പം വിശുദ്ധ ലിഖിതങ്ങളുടെ യഥാർത്ഥ ഗ്രന്ഥകാരന്മാരായിരുന്നതുകൊണ്ട്, സ്വാഭാവികമായും മാനുഷികമായ തെറ്റുകളും കുറവുകളും വിശുദ്ധ ലിഖിതങ്ങളിൽ കടന്നുകൂടിയിട്ടുണ്ട്. വ്യാകരണത്തെറ്റുകൾ, കൈയെഴുത്തു പ്രതികളിൽ കണ്ടുവരുന്ന ആവർത്തനങ്ങൾ, വിട്ടുപോകലുകൾ, ചരിത്രപരവും ശാസ്ത്രസംബന്ധവുമായ പൊരുത്തക്കേടുകൾ തുടങ്ങിയവ അവയിൽപ്പെടുന്നു. എന്നാൽ ദൈവത്തിനു പറ്റിയ തെറ്റുകളായി ഇവയെ കണക്കാക്കാനാവില്ല. അപ്രമാദിത്വം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മേൽ പ്രസ്താവിച്ച തരത്തിലുള്ള തെറ്റുകളുടെ അഭാവമല്ല. രക്ഷാകരസന്ദേശത്തിൽ തെറ്റുകളില്ല എന്നു മാത്രമേ അപ്രമാദിത്വം കൊണ്ട് അർത്ഥമാക്കേണ്ടതുള്ളൂ.

ഇത്തരുണത്തിൽ മറ്റൊരു വസ്തുതകൂടി നാം ശ്രദ്ധിക്കേണ്ടതുണ്ട്. രക്ഷാകരസന്ദേശം അടങ്ങുന്നവ, അല്ലാത്തവ എന്നിങ്ങനെ ബൈബിൾ ഭാഗങ്ങൾ വേർതിരിക്കാവുന്നവയല്ല. അതായത്, വിശുദ്ധഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ ദൈവികമാണെന്നും മറ്റുചിലവ മാനുഷികമാണെന്നും പറയാവുന്നതല്ല. എല്ലാം രക്ഷാകര സന്ദേശത്തിന്റെ ഭാഗമാണ്. അതുകൊണ്ട് എല്ലായിടത്തും എല്ലാറ്റിലൂടെയും ഗ്രന്ഥകാരന്റെ ലക്ഷ്യം മനസ്സിലാക്കാൻ ശ്രമിക്കണം. ഈ സത്യത്തിന്റെ അടിസ്ഥാനത്തിൽ ബൈബിളിലെ എല്ലാ പ്രസ്താവനകളും പ്രമാദരഹിതങ്ങളാണെന്നു നിസ്സംശയം പറയാം.

എന്നാൽ ബൈബിളിലെ രക്ഷാകര സന്ദേശം കൃത്യമായി നിശ്ചയിക്കുന്നതിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടാകാം. ഇത്തരം സന്ദർഭങ്ങളിൽ ആധികാരികമായി പറയുവാനുള്ള അവകാശം തിരുസഭാ തലവനായ മാർപ്പാപ്പയുടെ പ്രബോധനാധികാരത്തിലാണ് നിക്ഷിപ്തമായിരിക്കുന്നത് (ദൈവാവിഷ്കരണം. 10).

www.malankaralibrary.com

## അധ്യായം - 7

# കാനോനിക ഗ്രന്ഥങ്ങളും അപ്രാമാണികഗ്രന്ഥങ്ങളും

വിശുദ്ധലിഖിതങ്ങളെല്ലാം ദൈവനിവേശിതങ്ങളാണെന്ന് സ്പഷ്ടമാക്കിയല്ലോ. ദൈവനിവേശിത ഗ്രന്ഥങ്ങളും ദൈവ നിവേശിതമല്ലാത്ത ഗ്രന്ഥങ്ങളും തമ്മിൽ എങ്ങനെയാണ് വേർതിരിച്ചറിയുക എന്നു ചോദിച്ചേക്കാം. സഭയുടെ കാനോനികത്വം ഉണ്ടോ എന്നു നോക്കുകയാണ് ഇതിനുള്ള മാർഗ്ഗം. ദൈവനിവേശിത ഗ്രന്ഥങ്ങൾ എന്ന് സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുള്ളവയാണ് കാനോനിക ഗ്രന്ഥങ്ങൾ അഥവാ, പ്രാമാണികഗ്രന്ഥങ്ങൾ. സഭയുടെ കാനോനികത്വം ഇല്ലാത്തവയെ അപ്രാമാണിക ഗ്രന്ഥങ്ങളെന്ന് വിളിക്കുന്നു. ഈ വേർതിരിവിന്റെ ചരിത്രവും മാനദണ്ഡങ്ങളുമാണ് ഈ അധ്യായത്തിലെ പ്രതിപാദ്യം.

ചില പുസ്തകങ്ങളെ ദൈവനിവേശിത ഗ്രന്ഥങ്ങളായി വിശ്വാസികളുടെ സമൂഹം ആദ്യംമുതലേ പരിഗണിച്ചുവന്നു. കാലക്രമേണ അത്തരം ലിഖിതങ്ങൾ വിശുദ്ധഗ്രന്ഥമായി വേർതിരിക്കപ്പെട്ടു. പിന്നീട് സഭ അവയ്ക്ക് കാനോനികത്വം നല്കി. വളരെ കാലത്തിനു ശേഷമാണ് പ്രസ്തുത ഗ്രന്ഥങ്ങളെ സഭ ഔദ്യോഗികമായി ഇങ്ങനെ അംഗീകരിച്ചത്. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. സഭയുടെ അംഗീകാരമല്ല ദൈവനിവേശനത്തിനു കാരണമായിട്ടുള്ളത്. സഭയുടെ അംഗീകാരം അവയുടെ മഹത്വം വർദ്ധിപ്പിക്കുന്നുമില്ല. മറിച്ച്, പ്രസ്തുത ഗ്രന്ഥങ്ങൾ ദൈവനിവേശിതമാണെന്ന് ഉറപ്പു നല്കുക മാത്രമാണ് കാനോനികത്വത്തിലൂടെ സഭ ചെയ്യുന്നത്. ഈ ഉറപ്പു നല്കാനുള്ള അധികാരം സഭയിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്.

സഭ കാനോനിക പ്രഖ്യാപനം നടത്തിയത് വളരെക്കാലത്തിനു ശേഷമായിരുന്നെന്ന് മുമ്പു പറഞ്ഞല്ലോ. തെന്ത്രോസ് സുന്നഹദോസിൽവച്ച് 1546 ഏപ്രിൽ 8-ാം തീയതിയാണ് ഇന്നുള്ള ബൈബിളിലെ 73 ഗ്രന്ഥങ്ങൾ ദൈവനിവേശിതങ്ങളായ കാനോനിക ഗ്രന്ഥങ്ങളാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചത് (EB, 57-60).

www.malankaralibrary.com

## 'കാനോൻ' (canon) എന്ന വാക്കിന്റെ അർത്ഥം

'Kanon' എന്ന ഗ്രീക്കു വാക്കിന്റെ സമാന പദമാണ് ഇംഗ്ലീഷിലെ 'canon'. ഈ വാക്കിന്റെ വാച്യാർത്ഥം അളവുകോൽ എന്നത്രേ. പഴയകാലങ്ങളിൽ ഞാങ്ങണ കൊണ്ടോ ചൂരൽകൊണ്ടോ അളവുകോലുകൾ ഉണ്ടാക്കിയിരുന്നു. 'കാനോൻ' എന്നത് ഒരു സാങ്കേതിക പദമായി ഉപയോഗിക്കുമ്പോൾ അതിന് പട്ടിക എന്നോ 'ലിസ്റ്റ്' എന്നോ അർത്ഥം വരും. ബൈബിളിന്റെ കാര്യത്തിൽ കാനോൻ എന്നു പറയുമ്പോൾ വിശുദ്ധ ഗ്രന്ഥങ്ങളുടെ ഔദ്യോഗിക 'ലിസ്റ്റ്' എന്നു പറയാവുന്നതാണ്. ഈ അർത്ഥത്തിൽ കാനോൻ എന്ന പദം ആദ്യം ഉപയോഗിച്ചത് ഒരിജെൻ (Origen ca. 250 A.D.) ആയിരുന്നു. എന്നാൽ ഒരു നൂറ്റാണ്ടുകൂടെ കഴിഞ്ഞാണ് ഇതേ അർത്ഥത്തിൽ പ്രസ്തുത പദം സഭയിൽ ഉപയോഗിച്ചു തുടങ്ങിയത്. അത്തനേഷ്യസിന്റെ (290 – 373 A.D.) കൃതികളിലൂടെയാണ് അതിന് പ്രചാരം സിദ്ധിച്ചത്.

കാനോൻ എന്നത് ബൈബിളിനെ സംബന്ധിച്ചിടത്തോളം തികച്ചും ക്രൈസ്തവമായൊരു പദപ്രയോഗമാണ്. വിശ്വാസത്തിന്റെ മാനദണ്ഡം, ജീവിത നിയമം (ഗലാ. 6: 16), അതിര്, അതിർത്തി (2 കോറി 10:13–15) മുതലായ അർത്ഥങ്ങളിൽ കാനോൻ എന്ന വാക്ക് പുതിയ നിയമകാലത്ത് ഉപയോഗിച്ചിട്ടുണ്ട്. പഴയ നിയമകാലത്ത് ഇത്തരം ഉപയോഗം കാണുന്നില്ല. അതുകൊണ്ട് 'കാനോനിക ഗ്രന്ഥങ്ങൾ' എന്നു പറയുമ്പോൾ ക്രൈസ്തവരുടെ വിശ്വാസത്തെയും സന്മാർഗ്ഗിക നിയമങ്ങളെയും പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ എന്ന അർത്ഥം ലഭിക്കുന്നു. കത്തോലിക്കാ സഭയിൽ വിശുദ്ധരെ "കാനനോനൈസ്" (Canonize) ചെയ്യാറുണ്ടല്ലോ, ഒരു വ്യക്തിയെ "കാനോനൈസ്" ചെയ്യുമ്പോൾ വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും മാനദണ്ഡമായി ആ വ്യക്തിയെ സഭ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്.

## ചരിത്രപശ്ചാത്തലം

സൂക്ഷ്മവും സുദീർഘവുമായൊരു പ്രക്രിയയ്ക്കു ശേഷമാണ് വിശുദ്ധ ലിഖിതങ്ങളെ സംബന്ധിച്ച കാനോനിക പ്രഖ്യാപനം നടന്നത്. ദൈവാവിഷ്കരണത്തെ പൂർണ്ണമായും അവികലമായും സംരക്ഷിക്കണമെന്ന വിശ്വാസികളുടെ ആവശ്യം ആ പ്രക്രിയയ്ക്കു പിന്നിലുണ്ട്. ബൈബിളിലെ പുസ്തകങ്ങൾ ആദ്യകാലത്ത് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് അവ ദൈവാവിഷ്കൃതങ്ങളാണെന്ന് പൂർണ്ണമായി ബോധ്യപ്പെട്ടതിനു ശേഷമൊന്നുമല്ല. എന്നാൽ പിൽക്കാലത്ത് പരിഗണിച്ച പല കാര്യങ്ങളുണ്ട്. ലിഖിതങ്ങളുടെ കർത്താവ് ദൈവാനുഭവമുള്ള ഒരു വ്യക്തിയായിരിക്കണം, ആദിമസഭയിലെ പ്രാർത്ഥനാ സമൂഹങ്ങളിൽ അവ പരക്കെ ഉപയോഗിക്കപ്പെട്ടിരിക്കണം, ഉള്ളടക്കം പൊതുവിൽ രക്ഷാകര സന്ദേശമായിരിക്കണം, മനുഷ്യനെ ദൈവത്തിലേക്കു നയിക്കാനും ആദ്ധ്യാത്മികജീവിതത്തെ പോഷിപ്പിക്കുവാനും ഉദ്ദേശിച്ചുള്ളതായി

www.malankaralibrary.com

രിക്കണം, ഉള്ളടക്കത്തിന്റെ കാര്യത്തിൽ പുസ്തകങ്ങൾ തമ്മിൽ പൊരുത്തം ഉണ്ടായിരിക്കണം എന്നിങ്ങനെയുള്ള പരിഗണനകൾ, കാലക്രമേണ കാനോനിക ഗ്രന്ഥങ്ങളെ വേർതിരിച്ചെടുക്കുന്നതിന് സഭാധികാരികൾക്ക് മാനദണ്ഡമായിരുന്നിട്ടുണ്ട്.

## A. പഴയനിയമ ഗ്രന്ഥങ്ങളുടെ കാനോൻ

### 1. പാലസ്തീനിയൻ കാനോൻ

ക്രൈസ്തവ കാലഘട്ടത്തിന്റെ ആവിർഭാവംവരെ യഹൂദരുടെ ഇടയിൽ ദൈവാവിഷ്കൃതങ്ങളായ പഴയ നിയമഗ്രന്ഥങ്ങളുടെ ലിസ്റ്റിനെപ്പറ്റി വ്യക്തമായ ധാരണയൊന്നും ഉണ്ടായിരുന്നില്ല. എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴെക്കും വിശുദ്ധ ലിഖിതങ്ങളുടെ രണ്ടു ലിസ്റ്റുകൾ യഹൂദർക്കിടയിൽ രൂപപ്പെട്ടു. ജോപ്പായ്ക്കടുത്തുള്ള ജാമ്നിയായിൽ വച്ച് എ.ഡി. 90–ൽ സമ്മേളിച്ച റബ്ബിമാരുടെ കൗൺസിൽ ദൈവനിവേശിത ഗ്രന്ഥങ്ങളുടെ പട്ടിക അന്തിമമായി നിശ്ചയിച്ചു. ഈ പട്ടികയാണ് 'പലസ്തീനിയൻ കാനോൻ' എന്ന പേരിൽ അറിയപ്പെടുന്നത്. ഇതനുസരിച്ച് 24 പുസ്തകങ്ങളാണ് ഹീബ്രു ബൈബിളിലുള്ളത്. അവയിൽ ചില പുസ്തകങ്ങളെ പിന്നീട് രണ്ടായി വിഭജിച്ചതുകൊണ്ട് ഇപ്പോഴുള്ള നമ്മുടെ ബൈബിളിൽ പ്രസ്തുത പുസ്തകങ്ങളുടെ എണ്ണം 39 ആണ്. ഈ ഗ്രന്ഥങ്ങൾ ഇന്ന് പൂർവ്വ കാനോനിക ഗ്രന്ഥങ്ങൾ (Proto-Canonical) എന്നറിയപ്പെടുന്നു.

### 2. അലക്സാണ്ട്രിയൻ കാനോൻ

ബി.സി. മൂന്നാം ശതകത്തിൽ അലക്സാണ്ട്രിയയിലെ യഹൂദപണ്ഡിതന്മാർ വിശുദ്ധ ലിഖിതങ്ങൾ ഗ്രീക്കിലേക്കു വിവർത്തനം ചെയ്യാൻ ആരംഭിച്ചുവെന്നു പറഞ്ഞുവല്ലോ. ഈ യത്നം ബി.സി. രണ്ടാം ശതകത്തിന്റെ അന്ത്യംവരെ തുടർന്നു. "സെപ്ത്വജിന്ത്" (സപ്തതി) എന്ന് അറിയപ്പെടുന്ന ഈ ഗ്രീക്കു തർജ്ജമയിൽ പലസ്തീനിയൻ കാനോനിൽ ഉൾപ്പെട്ടവയ്ക്കു പുറമെ ഏഴു പുസ്തകങ്ങൾ കൂടി ഉൾപ്പെടുത്തുകയുണ്ടായി: 1, 2 മക്കബായർ, തോബിത്, യൂദിത്ത്, പ്രഭാഷകൻ, ജ്ഞാനം, ബാറൂക്ക് എന്നിവ. ഈ ഗ്രന്ഥങ്ങളെ ഉത്തര കാനോനിക ഗ്രന്ഥങ്ങൾ (Deutero canonical) എന്നു പറയുന്നു. എന്നാൽ പലസ്തീനായിലെ യഹൂദർക്ക് ഇവ സ്വീകാര്യങ്ങളായി തോന്നിയില്ല. ഉദ്ദേശം A.D. 100-ൽ ജാമ്നിയായിൽവച്ചു നടന്ന റബ്ബിമാരുടെ കൗൺസിൽ വിശുദ്ധ ഗ്രന്ഥങ്ങളുടെ പലസ്റ്റിനിയൻ ലിസ്റ്റ് അവസാനമായി അംഗീകരിച്ചു. അതോടെ പലസ്തീനയ്ക്കു പുറത്തുള്ള യഹൂദരും പലസ്തീനിയൻ കാനോൻതന്നെ വിശുദ്ധ ഗ്രന്ഥമായി സ്വീകരിച്ചു.

www.malankaralibrary.com

## 3. കത്തോലിക്കാ ബൈബിളും പ്രൊട്ടസ്റ്റന്റ് ബൈബിളും

സപ്തതിയിലൂടെ രൂപംകൊണ്ട അലക്സാണ്ട്രിയൻ കാനോനാണ് ആദിമ ക്രൈസ്തവസഭ അംഗീകരിച്ചത്. ആ പട്ടികയാണ് കത്തോലിക്കാ ബൈബിളിന്റെ എല്ലാ പ്രസാധനങ്ങളിലും ഉള്ളത്. എന്നാൽ ലൂഥറും പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരും പലസ്തീനിയൻ കാനോനാണ് അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നത്. സഭാപിതാക്കന്മാരിൽ ഒരു ന്യൂനപക്ഷത്തിന്റെ അഭിപ്രായമാണ് ഇതിനു പിൻബലമായി അവർ നൽകുന്ന മറ്റൊരു ന്യായം. തന്നിമിത്തം പ്രൊട്ടസ്റ്റന്റ് പ്രസാധനങ്ങളിൽ ബൈബിളിന്റെ ഉത്തര കാനോനിക ഗ്രന്ഥങ്ങൾ ഉൾപ്പെടുത്താറില്ല.

## 4. ഖുമ്റാൻ കാനോൻ

പഴയ നിയമത്തിന്റെ ഖുമ്റാൻ ചുരുളുകളും രേഖകളും പാലസ്തീനിയൻ കാനോനെയാണ് പ്രതിനിധാനം ചെയ്യുന്നത്. എന്നാൽ ഇതിൽ എസ്തെറിന്റെ പുസ്തകം ഉൾപ്പെടുത്തി കാണുന്നില്ല. ഒരു പക്ഷേ, ആശയപരമായ ചില പ്രത്യേക കാരണങ്ങളാൽ ഖുമ്റാനിലെ സന്യാസികളായ എസ്സീനികൾ ഈ പുസ്തകത്തെ ഒഴിവാക്കിയതാകാം. ഉദാഹരണത്തിന് 'പൂരിം' ഉത്സവം എസ്തെറിന്റെ ഗ്രന്ഥത്തിലെ ഒരു പ്രധാന സംഭവമാണ്. താപസരും സന്യാസികളുമായിരുന്ന എസ്സീനികൾക്ക് അതിൽ വലിയ താല്പര്യം ഇല്ലായിരുന്നിരിക്കണം. മാത്രമല്ല, ദൈവത്തെക്കുറിച്ച് പ്രത്യക്ഷമായ പരാമർശങ്ങളൊന്നും ഈ പുസ്തകത്തിന്റെ ഹീബ്രു മൂലത്തിലില്ല. അതുകൊണ്ട് തങ്ങളുടെ കർശനമായ സന്യാസജീവിതവുമായി ഈ പുസ്തകം പൊരുത്തപ്പെടുന്നില്ലെന്നു എസ്സീനികൾക്കു തോന്നിയിരിക്കാം.

എന്നാൽ ചില ഉത്തര കാനോനിക ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന ചുരുളുകളും ഖുമ്റാനിൽ നിന്ന് ലഭിച്ചിട്ടുണ്ട്. തോബിത്, പ്രഭാഷകൻ, ബാറൂക്ക് എന്നിവയുടെയും ജൂബിലി, ഏനോക്ക് തുടങ്ങിയവയുടെയും പകർപ്പുകൾ അക്കൂട്ടത്തിൽപ്പെടുന്നു. ബി.സി. ഒന്നാം നൂറ്റാണ്ടിൽ പഴയ നിയമകാനോൻ കൃത്യമായും പൂർണ്ണമായും നിശ്ചയിക്കപ്പെട്ടിരുന്നില്ലെന്ന സൂചനയാണ് ഇതു നല്കുന്നത്.

## 5. സമരിറ്റൻ കാനോൻ

സമരിയക്കാർ ഉത്ഭവംകൊണ്ട് ബാബിലോണിയായിൽ നിന്നും മറ്റും കുടിയേറി പാർത്തവരാണ് (2 രാജ. 17:24-34). അസ്സീറിയ രാജാവ് സമരിയ കീഴടക്കി ഇസ്രായേൽക്കാരെ പിടിച്ചുകൊണ്ടുപോയ ശേഷം (BC. 722) പകരം സമരിയായിൽ കൊണ്ടുവന്നു പാർപ്പിച്ച ഈ ജനം കാലക്രമത്തിൽ സമരിയായിലെ യഹൂദരും വിജാതീയരുമായി കൂടിക്കലരുകയും ജറുസലെം സമൂഹത്തിൽ നിന്ന് ഏറെക്കുറെ ഒറ്റപ്പെട്ടു ജീവിക്കയും ചെയ്തിരുന്നു. ക്രമേണ ജറുസലെം ദേവാലയത്തിനു ബദലായി ഗെരിസിം മലമുകളിൽ അവർ ഒരു

www.malankaralibrary.com

ആരാധന കേന്ദ്രവും സ്വന്തമായി സ്ഥാപിച്ചു. സമരിയാക്കാരും യാഥാസ്ഥിതിക യഹൂദരും തമ്മിലുള്ള ഭിന്നത നെഹെമിയായുടെ കാലത്ത് വളരെ രൂക്ഷമായിരുന്നു എന്നു കാണാം. (BC 440. cfr. നെഹ 13: 28-29). ബി.സി. നാലാം നൂറ്റാണ്ടോടെ ഈ അകൽച്ച പൂർണ്ണമായി. ഇന്ന് സമരിയാക്കാരുടെ അംഗസംഖ്യ ഏകദേശം 350 മാത്രം. ഗെറിസിം മലയ്ക്കു സമീപത്തുള്ള നബ്ളൂസ് (Nablus) എന്ന സ്ഥലത്താണ് അവർ പ്രധാനമായും വസിക്കുന്നത്.

പഞ്ചഗ്രന്ഥത്തെ മാത്രമേ സമരിയാക്കാർ കാനോനിക വിശുദ്ധഗ്രന്ഥമായി സ്വീകരിച്ചിട്ടുള്ളൂ. ഇതിൽ നിന്നും സമരിയാക്കാർ യഹൂദരിൽ നിന്ന് പൂർണ്ണമായി അകലുന്നതിന് മുമ്പ്, അതായത് ബി.സി. 4-ാം നൂറ്റാണ്ടുവരെ എല്ലാ യഹൂദരും കാനോനികമായി അംഗീകരിച്ചിരുന്നത് പഞ്ചഗ്രന്ഥം മാത്രമായിരുന്നു എന്ന് അനുമാനിക്കാം. ക്രമേണ മറ്റു ഗ്രന്ഥങ്ങളും പഴയനിയമത്തിന്റെ ഭാഗമായി സ്വീകരിക്കപ്പെട്ടു.

## B. പുതിയനിയമ ഗ്രന്ഥങ്ങളുടെ കാനോൻ

പുതിയ നിയമത്തിൽ ആകെയുള്ള 27 പുസ്തകങ്ങൾ കത്തോലിക്കരും ഓർത്തഡോക്സുകാരും പ്രൊട്ടസ്റ്റന്റുകാരും ഉൾപ്പെടെയുള്ള എല്ലാ ക്രൈസ്തവരും കാനോനികമാണെന്ന് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ പുതിയ നിയമ കാനോൻ നടപ്പിലായത് എന്നാണെന്നോ, നടപ്പിലാക്കിയത് ആരാണെന്നോ, എങ്ങനെയാണെന്നോ എന്നതിനെക്കുറിച്ച് ചരിത്രം മൗനം അവലംബിക്കുകയാണ്. ഒരു പക്ഷേ, പ്രാർത്ഥനാസമൂഹങ്ങളിൽ വായിക്കപ്പെട്ടിരുന്ന ഗ്രന്ഥങ്ങൾ കാലക്രമത്തിൽ ക്രൈസ്തവരുടെ വേദപുസ്തകമായി മാറുകയായിരുന്നിരിക്കാം.

### 1. ആദ്യഘട്ടം

ഒന്നാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും ആരെങ്കിലും (ഒരുപക്ഷേ തിമോത്തിയാകാം) പൗലോസിന്റെ ലേഖനങ്ങളെല്ലാം സമാഹരിച്ച് അന്ന് അറിയപ്പെട്ടിരുന്ന സഭകൾക്കെല്ലാം അയച്ചു കൊടുത്തിരിക്കാൻ സാദ്ധ്യതയുണ്ട്. കാരണം, റോമിലെ ക്ലെമന്റ്, ഇഗ്നേഷ്യസ്, പോളികാർപ്പ്, ബാർണബാസ് തുടങ്ങിയ അപ്പസ്തോലിക പിതാക്കന്മാർ പൗലോസിന്റെ പല ലേഖനങ്ങളിൽ നിന്നും ഉദ്ധരിക്കുന്നുണ്ട്. കൂടാതെ അത്തരത്തിലുള്ള ഒരു ശേഖരത്തെക്കുറിച്ച് പാഷാണ്ഡനായിരുന്ന മാർസ്യൻ (Marcian A.D 140) പരാമർശിക്കുന്നുമുണ്ട്. പുതിയ നിയമഗ്രന്ഥ ശേഖരത്തെക്കുറിച്ച് ഇത്തരത്തിൽ ആദ്യത്തെ പരാമർശം നാം കാണുന്നത് മാർസ്യനിലാണ്. ഇദ്ദേഹം പുതിയ നിയമഗ്രന്ഥങ്ങളുടെ ഒരു പട്ടിക പുറത്തിറക്കിയിരുന്നു. അതിൽ ലൂക്കായുടെ സുവിശേഷവും പൗലോസിന്റെ പത്തു ലേഖനങ്ങളും മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. 1, 2 തിമോത്തി, തീത്തൂസ്, ഹെബ്രായർ എന്നിവ ഒഴിവാക്കിയിരുന്നു.

www.malankaralibrary.com

## 2. മുറത്തോറിയൻ കാനോൻ (Muratorian Fragments)

മുറത്തോറി (Muratori) എന്നയാൾ കണ്ടെടുത്തതുകൊണ്ടാണ് മുറത്തോറിയൻ രേഖ എന്ന് ഇതറിയപ്പെടുന്നത്. A.D.1740-ൽ മിലാനിലെ അംബ്രോസിയൻ ലൈബ്രറിയിൽ നിന്നാണ് ഇതു ലഭിച്ചത്. ഈ രേഖ എ.ഡി. 180-നടുത്ത് റോമിൽ എഴുതപ്പെട്ടതാണ്. പുതിയ നിയമ കാനോനെ സംബന്ധിച്ച് ആദിമസഭയിൽ നിന്നും ലഭിച്ചിട്ടുള്ള ഏറ്റവും പ്രാചീന രേഖയായി ഇതു കരുതപ്പെടുന്നു. ഹെബ്രായർ 1, 2, പത്രോസ്, യാക്കോബ്, യോഹന്നാന്റെ 3-ാം ലേഖനം എന്നിവ ഒഴികെയുള്ള പുതിയ നിയമഗ്രന്ഥങ്ങളെല്ലാം മുറത്തോറിയൻ ലിസ്റ്റിലുണ്ട്.

നാലു സുവിശേഷങ്ങൾ, പൗലോസിന്റെ 13 ലേഖനങ്ങൾ, അപ്പസ്തോല പ്രവർത്തനങ്ങൾ എന്നിവ 3-ാം ശതകത്തിലെ ക്രൈസ്തവ രേഖകളിൽ പൊതുവെ കാനോനികമായി അംഗീകരിക്കപ്പെട്ടു കാണുന്നുണ്ട്. എന്നാൽ മറ്റുള്ള ഗ്രന്ഥങ്ങളെക്കുറിച്ച് സാർവ്വത്രികമായ സമ്മതം കാണുന്നില്ല.

## 3. എവുസേബിയൂസിന്റെ സാക്ഷ്യം

പുതിയ നിയമ കാനോന്റെ നാലാം നൂറ്റാണ്ടിലെ സ്ഥിതി, വിശ്രുത തിരുസഭാ ചരിത്രകാരനായ സെസ്സറിയായിലെ എവുസേബിയൂസ് (Eusebius) 'തിരുസഭാചരിത്ര'ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ca 325 A.D. Vol. III 25:3). 4 സുവിശേഷങ്ങൾ, അപ്പസ്തോല പ്രവർത്തനങ്ങൾ, പൗലോസിന്റെ 14 ലേഖനങ്ങൾ, 1 പത്രോസ്, 1 യോഹന്നാൻ, വെളിപാട് എന്നീ ഗ്രന്ഥങ്ങൾ എല്ലാവരും അംഗീകരിക്കുന്നുണ്ടെന്നാണ് എവുസേബിയൂസ് സാക്ഷ്യപ്പെടുത്തുന്നത്. മറ്റു പുസ്തകങ്ങളായ യാക്കോബ്, യൂദാ, 2 പത്രോസ്, 2,3 യോഹന്നാൻ എന്നിവ വ്യാപകമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും സഭയിലെ ആദ്യകാല ഗ്രന്ഥകാരന്മാരിൽ ചിലർക്ക് അവയുടെ കാനോനികത്വത്തെക്കുറിച്ച് തർക്കമുണ്ടെന്ന് എവുസേബിയൂസ് രേഖപ്പെടുത്തുന്നു. എന്നാൽ ഈ ഗ്രന്ഥങ്ങളെ കാനോനികമായി അംഗീകരിക്കണമെന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്.

## 4. മറ്റു രേഖകൾ

ലാവോദിക്യായിലെ കൗൺസിലിന്റെ (A D 363) പേരിൽ ഒരു പുതിയ നിയമ കാനോൻ ഉണ്ട്. പഴയനിയമത്തിലെ എല്ലാ പുസ്തകങ്ങളും, വെളിപാട് ഒഴികെയുള്ള സകല പുതിയ നിയമഗ്രന്ഥങ്ങളും പ്രസ്തുത കാനോനിൽ ഉൾപ്പെടുന്നു. എന്നാൽ മൂന്നാം കാർത്തെജ് കൗൺസിലിന്റെ (A D 397) കാനോനിൽ പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും എല്ലാ പുസ്തകങ്ങൾക്കും പുറമെ അപ്രാമാണിക ഗ്രന്ഥങ്ങൾ കൂടിപ്പെടുന്നുണ്ട്.

ലത്തീൻ വുൾഗാത്ത തയ്യാറാക്കിയ വി.ജെറോം (A D 405) കത്തോലിക്കാ ബൈബിളിലുള്ള എല്ലാ പുസ്തകങ്ങളും അംഗീകരിച്ചിട്ടുണ്ട്. അതുപോലെ

www.malankaralibrary.com

തന്നെ പുതിയ നിയമത്തിലെ എല്ലാ പുസ്തകങ്ങളുടെയും കാനോനികത യ്ക്കുവേണ്ടി വാദിച്ച മറ്റൊരു സഭാപിതാവാണ് വി. അഗസ്റ്റിൻ. (+430 A D). ഏതെങ്കിലും പുസ്തകത്തിന്റെ കാനോനികത തീരുമാനിക്കുന്നതിനായി ചില മാനദണ്ഡങ്ങളും അഗസ്റ്റിൻ നിർദ്ദേശിച്ചിട്ടുണ്ട്.

1. എല്ലാ സഭകളുടെയും സാർവ്വത്രികമായ അംഗീകാരം.
2. തർക്കമുണ്ടെങ്കിൽ ഭൂരിപക്ഷം സഭകളുടെ അംഗീകാരം.
3. കാനോനികത്വം കല്പിക്കുന്നതിൽ അപ്പസ്തോലിക സഭകളുടെ അം ഗീകാരത്തിനു നൽകേണ്ട സവിശേഷ പരിഗണന.

ജെറോമും അഗസ്റ്റിനും സ്വീകരിച്ച കാനോൻ പിന്നീട് ഒരു സഹസ്രാ ബ്ദത്തോളം ചോദ്യം ചെയ്യപ്പെടാതെ നിലനിന്നു. അഗസ്റ്റിന്റെ വിപുലമായ വ്യക്തി സ്വാധീനവും വുൾഗാത്തയ്ക്കു ലഭിച്ച വ്യാപകമായ അംഗീകാരവു മാണ് ഈ കാനോന് ഇപ്രകാരമൊരു സ്ഥിരത കൈവരുവാൻ സഹായിച്ചത്.

### 5. ത്രെന്തോസ് സൂനഹദോസ്

പതിനാറാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റുകാരാണ് ബൈബിളിന്റെ കാനോൻ ഒരു പുനർ വിചിന്തനത്തിനു വിഷയമാക്കിയത്. ബൈബിൾ വിവർത്തനത്തിൽ ലൂഥർ ശ്രദ്ധേയമായ ചില മാറ്റങ്ങൾ വരുത്തി. ഹെബ്രായർക്കുള്ള ലേഖനം, യാക്കോബിന്റെയും യൂദായുടെയും ലേഖനങ്ങൾ, വെളിപാട് എന്നിവ ലൂഥർ അവസാന ഭാഗത്തേക്കു മാറ്റി. സുവിശേഷങ്ങളുടെ ചൈതന്യത്തോടു യോ ജിക്കാത്ത ചില കാര്യങ്ങൾ പ്രസ്തുത ഗ്രന്ഥങ്ങളിലുണ്ട് എന്നാണ് ഈ ഗ്ര ന്ഥങ്ങൾക്ക് സ്ഥാനചലനം നല്കിയതിന് ലൂഥർ നല്കിയ വിശദീകരണം. ഏതായാലും, കത്തോലിക്കരുടെയും പ്രൊട്ടസ്റ്റന്റുകാരുടെയും ബൈബിളുക ളിൽ പുതിയനിയമ കാനോൻ വ്യത്യാസമില്ലാതെ നിലനിൽക്കുന്നുണ്ട്.

കത്തോലിക്കാസഭ ബൈബിൾ കാനോനെ സംബന്ധിച്ച് ആദ്യമായി ഔദ്യോഗിക പ്രഖ്യാപനം നടത്തിയത് 1546-ൽ ത്രെന്തോസ് സൂനഹദോ സിൽ (1545-1563) വച്ചായിരുന്നു. ജെറോമിന്റെ ലത്തീൻ വുൾഗാത്തയിൽ ഉള്ള ഗ്രന്ഥങ്ങളെല്ലാം അവയുടെ പൂർണ്ണതയിൽ അംഗീകരിക്കാത്തവരെ ശപി ക്കപ്പെട്ടവരായി ഈ സൂനഹദോസ് പ്രഖ്യാപിച്ചു. ബൈബിൾ കാനോനെ സം ബന്ധിച്ചുള്ള കത്തോലിക്കാ സഭയുടെ അവസാനവാക്കായി ഈ പ്രഖ്യാപനം ഇന്നും നിലനില്ക്കുന്നു.

## C. അപ്രാമാണികഗ്രന്ഥങ്ങൾ (apocrypha)

ഗ്രീക്കുഭാഷയിലെ 'അപ്പോക്രിഫോസ്' (apokryphos) എന്ന പദത്തിൽ നിന്നും രൂപപ്പെട്ടതാണ് ഇംഗ്ലീഷിലെ 'അപ്പോക്രിഫ' (apocrypha). 'നിഗൂഢ മായത്' എന്നാണ് ഇതിന്റെ വാച്യാർത്ഥം. ബൈബിൾ വിജ്ഞാനീയത്തിൽ

www.malankaralibrary.com

അപ്പോക്രിഫ എന്നതുകൊണ്ട് അപ്രാമാണിക ഗ്രന്ഥങ്ങൾ എന്നാണ് അർത്ഥമാക്കുന്നത്. അതായത്, സഭയുടെ പരസ്യമായ ഉപയോഗത്തിൽ നിന്ന് തിരസ്കരിക്കപ്പെട്ട ഗ്രന്ഥങ്ങൾ എന്നർത്ഥം. മറ്റു വാക്കുകളിൽ, വിശുദ്ധ ഗ്രന്ഥത്തിന്റെ സ്വഭാവമുള്ളതും, എന്നാൽ കാനോനികമല്ലാത്തതുമായ പുസ്തകങ്ങളെയാണ് അപ്രാമാണിക ഗ്രന്ഥങ്ങൾ എന്നു വിളിക്കുന്നത്. ഇവയിൽ ചിലതിൽ ബൈബിൾ സംബന്ധമായ പ്രാചീന സംഗതികൾ രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും സഭ അവയെ കാനോനികമായി അംഗീകരിച്ചിട്ടില്ല. കാരണം, തെറ്റുകളും അതിശയോക്തിപരമായ വർണ്ണനകളും അബദ്ധപ്രബോധനങ്ങളും അവയിൽ അടങ്ങിയിട്ടുണ്ട്. ചില കാര്യങ്ങളെ സംബന്ധിച്ച ദൈവാവിഷ്കരണത്തിന്റെ കുറവു പരിഹരിക്കാനും, അങ്ങനെ വിശ്വാസികളിൽ ഭക്തി വർദ്ധിപ്പിക്കുവാനും ഉദ്ദേശിച്ച് എഴുതപ്പെട്ടവയാണ് ഈ അപ്രാമാണിക ഗ്രന്ഥങ്ങൾ. അവയെ അപ്പസ്തോലന്മാരുടെയും സമുന്നതമായ വ്യക്തികളുടെയും പേരിലാണ് അവതരിപ്പിച്ചു കാണുന്നത്. പഴയനിയമ സംബന്ധമായും പുതിയ നിയമസംബന്ധമായും ഇത്തരം നിരവധി അപ്രാമാണിക ഗ്രന്ഥങ്ങൾ ഉണ്ട്.

**പഴയനിയമ അപ്രാമാണിക ഗ്രന്ഥങ്ങൾ**

ഇവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

1. **ഏനോക്ക് I** (ബി.സി. 2-ാം നൂറ്റാണ്ട്) മൂലഭാഷ അറമായിക്. എത്യോപ്യൻ പരിഭാഷ മാത്രമേ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ.
2. **ഏനോക് II** (എ.ഡി. 50) 'ഏനോക്കിന്റെ രഹസ്യങ്ങളുടെ പുസ്തകം' എന്നും ഇത് അറിയപ്പെടുന്നു. മൂലഭാഷ ഗ്രീക്ക്, സ്ലാവോണിക് പരിഭാഷ മാത്രമാണ് ലഭ്യമായിട്ടുള്ളത്.
3. **ഏനോക്ക് III** (എ.ഡി. 2-ാം നൂറ്റാണ്ട്)
4. **ജൂബിലിയുടെ പുസ്തകം** (ബി.സി. 135). മോശയുടെ വെളിപാട് എന്നാണ് ഇതിന്റെ മറ്റൊരു പേര്.
5. **പന്ത്രണ്ടു ഗോത്രപിതാക്കന്മാരുടെ ഉടമ്പടികൾ** (ബി.സി. 109) ഗ്രീക്കുഭാഷയിൽ മാത്രമേ ഇപ്പോൾ നിലവിലുള്ളൂ.
6. **ഫിലോക്രാറ്റസിനുള്ള അരിസ്റ്റിയാസിന്റെ കത്ത്** (ബി.സി. രണ്ടാം ശതകം)
7. **മക്കബായർ III** (ബി.സി. ഒന്നാം നൂറ്റാണ്ട്) ഗ്രീക്കാണ് മൂലഭാഷ
8. **മക്കബായർ IV** (എ.ഡി. ഒന്നാം ശതകം) മൂലഭാഷ ഗ്രീക്കുതന്നെ.
9. **മനാസ്സെയുടെ പ്രാർത്ഥന** (എ.ഡി. 2-ാം നൂറ്റാണ്ട്)

www.malankaralibrary.com

ഇത് 'ഡിഡസ്കാലിയ' എന്നുകൂടി അറിയപ്പെടുന്നു. കൃതി ഗ്രീക്കിലായിരുന്നെങ്കിലും സുറിയാനി പരിഭാഷ മാത്രമേ ഇപ്പോഴുള്ളു.

10. **എസ്ദ്രാസ് 1** (ബി.സി. 100) ഗ്രീക്കുഭാഷയിൽ.

11. **എസ്ദ്രാസ് 2** (എ.ഡി. മൂന്നാംശതകം) മൂലഭാഷഗ്രീക്കാണ്. ഇപ്പോൾ ലഭ്യമായിട്ടുള്ളത് ലത്തീനിൽ.

12. **ബാറൂക്ക് 2** (എ.ഡി. 90) 'ബാറൂക്കിന്റെ വെളിപാട്' എന്നും അറിയപ്പെടുന്നു. ഹീബ്രുവിലോ അറമായിക്കിലോ ആണ് മൂലഭാഷ. നമുക്ക് ലഭ്യമായിട്ടുള്ളത് സുറിയാനിയിലുള്ളതാണ്.

13. **ബാറൂക്ക് 3** (എ.ഡി. 2-ാം ശതകം) ഗ്രീക്കുഭാഷയിൽ

14. **സോളമന്റെ സങ്കീർത്തനങ്ങൾ** (ബി.സി. ഒന്നാം ശതകം) ഹീബ്രു ആണ് മൂലഭാഷ. ഇപ്പോൾ ഗ്രീക്കിൽ മാത്രം.

15. **സിബിലിൻ പ്രവചനങ്ങൾ** (എ.ഡി. അഞ്ചാം ശതകം) ലത്തീൻ ഭാഷയിൽ വിരചിതമായിരിക്കുന്നു.

16. **മോശയുടെ സ്വർഗ്ഗാരോഹണം** (എ.ഡി. 6-ാം ശതകം; ലത്തീനിൽ).

## പുതിയ നിയമ അപ്രാമാണികഗ്രന്ഥങ്ങൾ

യഹൂദരിൽ നിന്നെന്നപോലെ ക്രൈസ്തവരിൽ നിന്നും അപ്രാമാണിക ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ ചിലത് അപ്പസ്തോലിക കാലത്തോടടുത്തുള്ളതാണ്. അക്കൂട്ടത്തിൽപ്പെട്ട ഡിഡാക്കേ 1-2, ക്ലെമന്റ്, ഹെർമസ്, ബർണബാസ് എന്നിവ ഇന്ന് സഭാപിതാക്കന്മാരുടെ കൃതികളുടെ കൂട്ടത്തിലാണ് പെടുത്തിയിരിക്കുന്നത്.

ഇവയ്ക്കു പുറമെ, കാനോനിക ഗ്രന്ഥങ്ങളുടെ മാതൃകയിൽ രചിക്കപ്പെട്ട നിരവധി ഗ്രന്ഥങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ടവ:

1. **തോമായുടെ സുവിശേഷം** (എ.ഡി. 2-ാം നൂറ്റാണ്ട്) മൂലകൃതി ഗ്രീക്കുഭാഷയിലായിരുന്നെങ്കിലും ഇന്ന് കോപ്റ്റിക് പരിഭാഷ മാത്രമേ ലഭ്യമായിട്ടുള്ളൂ.
2. **പത്രോസിന്റെ സുവിശേഷം** (എ.ഡി. 150) ഭാഷ ഗ്രീക്കു തന്നെ
3. **യാക്കോബിന്റെ പ്രോട്ടോ ഗോസ്പൽ** (Protogospel) (എ.ഡി. 175) ഗ്രീക്കുഭാഷയിൽ എഴുതപ്പെട്ടു.
4. **ഹെബ്രായരുടെ സുവിശേഷം** (എ.ഡി. 150) മൂലഭാഷ അറമായിക് ആയിരുന്നു. ഗ്രീക്കുപ്രതി മാത്രമേ ഇപ്പോൾ നിലവിലുള്ളൂ.

www.malankaralibrary.com

5. **ഈജിപ്തുകാരുടെ സുവിശേഷം**
(A.D. 150) ഗ്രീക്കുഭാഷയിൽ രചിക്കപ്പെട്ടു.

6. **തച്ചൻ യൗസേപ്പിന്റെ ചരിത്രം** (എ.ഡി. 5-ാം നൂറ്റാണ്ട്)
പലഭാഷകളിലും ഈ കൃതി ലഭ്യമായിട്ടുണ്ട്.

7. **നിക്കൊദേമുസിന്റെ സുവിശേഷം** (എ.ഡി. 5-ാം ശതകം)
ഗ്രീക്കുഭാഷയിലാണ്. 'പീലാത്തോസിന്റെ നടപടികൾ' എന്നും അറിയപ്പെടുന്നു.

8. **തോമായുടെ നടപടികൾ** (എ.ഡി. 250)
സുറിയാനിയിലാണ് ഇത് രചിക്കപ്പെട്ടിരിക്കുന്നത്.

9. **മറിയത്തിന്റെ കടന്നുപോകൽ** (എ.ഡി. 5-ാം നൂറ്റാണ്ട്; ജെലാസിയൂസ് ഒന്നാമൻ മാർപ്പാപ്പായുടെ പേരിൽ).

ഇതുപോലെ വേറെയും അപ്രാമാണിക ഗ്രന്ഥങ്ങൾ ഉണ്ട്. അപ്രാമാണിക ഗ്രന്ഥങ്ങളിൽ ഏറിയവയും വിചിത്രമായ അത്ഭുത വിവരങ്ങൾകൊണ്ടു നിറഞ്ഞവയാണ്. പാഷണ്ഡതയുടെ പ്രവണതയും പ്രകടിപ്പിക്കുന്നുണ്ട്. എങ്കിലും അപ്രാമാണിക ഗ്രന്ഥങ്ങൾ പ്രയോജന രഹിതമാണെന്നു പറഞ്ഞുകൂടാ. വിശുദ്ധരുടെ ജീവചരിത്രത്തെ സംബന്ധിച്ചും ആരാധനക്രമം സംബന്ധിച്ചും ചില അറിവുകൾ പ്രദാനം ചെയ്യാൻ ചിലപ്പോൾ അവയ്ക്കു സാധിക്കുന്നുണ്ടെന്നു പറയാവുന്നതാണ്.

www.malankaralibrary.com

## അധ്യായം – 8

# പഞ്ചഗ്രന്ഥം

ബൈബിളിലെ ആദ്യത്തെ അഞ്ചു ഗ്രന്ഥങ്ങളാണ് പഞ്ചഗ്രന്ഥം എന്നറിയപ്പെടുന്നത്. അവയ്ക്ക് പലതുകൊണ്ടും ഐക്യഭാവമുണ്ട്. യഹൂദർ ഇതിനെ 'തോറാ' അഥവാ 'മോശയുടെ നിയമം' എന്നു വിളിക്കുന്നു (cfr. പ്രഭാ. 1-10, Ca ബി.സി. 190, ലൂക്കാ 24:44). സപ്തതിയാണ് (ബി.സി. 3-ാം ശതകം) പ്രസ്തുത പുസ്തകങ്ങൾക്കു പൊതുവിൽ പഞ്ചഗ്രന്ഥം (pentateuch = അഞ്ചു പുസ്തകങ്ങൾ) എന്ന പേരു നല്കിയത്. ഇതിലെ ഓരോ പുസ്തകത്തിനും ഉള്ളടക്കത്തെ ആസ്പദമാക്കി ശീർഷകങ്ങളും സപ്തതി നല്കി. അങ്ങനെയാണ് ഉല്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നീ പേരുകൾ അവയ്ക്കുണ്ടായത്.

വാചിക പാരമ്പര്യങ്ങളിൽ നിന്നാണ് പഞ്ചഗ്രന്ഥത്തിന്റെ രചനയ്ക്കടിസ്ഥാനമായ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്. വാമൊഴിയിൽ നിന്നാണല്ലോ പൊതുവെ വരമൊഴിയിലേക്കുള്ള പരിണാമം. ഈ പാരമ്പര്യങ്ങളുടെ നാലു പ്രധാന സ്രോതസ്സുകൾ ആധുനിക ബൈബിൾ പണ്ഡിതർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. യാഹ്വിസ്റ്റ് (J) എലോഹിസ്റ്റ് (E) ഡ്യൂറ്ററോണമിസ്റ്റ് (D) പ്രീസ്റ്റ് (P). ഇപ്രകാരം പാരമ്പര്യങ്ങളുടെ സങ്കലനമാണ് പഞ്ചഗ്രന്ഥം എന്നു പറയാമെങ്കിലും ഈ പാരമ്പര്യങ്ങളുടെയെല്ലാം ഉറവിടം മോശയുടെ പ്രബോധനങ്ങളിൽ നിന്നാകാനാണ് സാദ്ധ്യത. തന്നിമിത്തം ഗ്രന്ഥകർത്താവെന്ന നിലയിൽ മോശയ്ക്ക് പഞ്ചഗ്രന്ഥവുമായുള്ള ബന്ധം നിഷേധിക്കാവുന്നതല്ല. സാരാംശത്തിൽ മോശതന്നെയാണ് പഞ്ചഗ്രന്ഥത്തിന്റെ കർത്താവ് എന്ന വസ്തുത സഭയുടെ പ്രബോധനമാണ്.

പഞ്ചഗ്രന്ഥത്തിലെ ഓരോ പുസ്തകവും ഓരോ പ്രമേയം അവതരിപ്പിക്കുന്നുണ്ട്. ഇസ്രായേൽ ജനത്തിന്റെ ഉത്ഭവവും വളർച്ചയും ഉല്പത്തി പുസ്തകത്തിൽ വിവരിക്കുന്നു. ഇസ്രായേൽ ദൈവത്തെ തങ്ങളുടെ രാജാവായി അംഗീകരിച്ചുകൊണ്ട് ദൈവജനത്തിന്റെ ഒരു രാഷ്ട്രമായിത്തീർന്നത് (Theocratic nation) എങ്ങനെയെന്ന് പുറപ്പാടിന്റെ പുസ്തകത്തിൽ വിവരിക്കുന്നു. സീനായ് മലയിലെ ഉടമ്പടിയാണ് ഈ പുസ്തകത്തിന്റെ കേന്ദ്രബിന്ദുവായി

www.malankaralibrary.com

നിലകൊള്ളുന്നത്. ഇങ്ങനെ രൂപംകൊണ്ട രാജ്യത്തിന്റെ വിശുദ്ധിയെ സംബന്ധിച്ച നിയമങ്ങളാണ് ലേവ്യരുടെ പുസ്തകത്തിലെ പ്രമേയം. സംഖ്യയുടെ പുസ്തകം പ്രസ്തുത രാജ്യത്തിന്റെ സാമൂഹിക സംഘടനകളെക്കുറിച്ചും അധികാര വിനിയോഗത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. ഇസ്രായേൽ ജനതയിൽ സ്നേഹത്തിന്റെ ചൈതന്യവും ദൈവവിശ്വാസവും നിലനിർത്തുകയാണ് നിയമാവർത്തന പുസ്തകത്തിന്റെ ലക്ഷ്യം. ഇങ്ങനെ അഞ്ചുഗ്രന്ഥങ്ങളിലുമുള്ള വ്യത്യസ്ത പ്രമേയങ്ങളെ ഏകോപിപ്പിച്ചു സമഗ്രമായ സന്ദേശം ഗ്രഹിക്കാൻ കഴിയുമ്പോഴാണ് പഞ്ചഗ്രന്ഥത്തിന്റെ പ്രാധാന്യവും പവിത്രതയും വായനക്കാരനു ബോദ്ധ്യപ്പെടുക.

# 1. ഉല്പത്തി

ഉല്പത്തി പുസ്തകത്തിന്റെ പ്രധാന ഉദ്ദേശ്യം, തിന്മയുടേതൊഴികെ, എല്ലാറ്റിന്റെയും ആരംഭം ദൈവത്തിൽ നിന്നാണെന്ന് സ്ഥാപിക്കുകയാണ്. ഇതിൽ ദൈവജനത്തിന്റെ ആവിർഭാവത്തിനും വളർച്ചയ്ക്കും സവിശേഷ സ്ഥാനം നല്കിയിരിക്കുന്നു. എല്ലാ നിഗമനങ്ങളും വിശ്വാസത്തിൽ അധിഷ്ഠിതങ്ങളാണ്. ആകെയുള്ള 50 അദ്ധ്യായങ്ങളെ രണ്ടായി തിരിക്കാം. A ചരിത്രാതീത ചരിത്രം (1–11); B. ഗോത്രപിതാക്കന്മാരുടെ ചരിത്രം (12–50).

## A. ചരിത്രാതീത ചരിത്രം (ഉല്പ. 1–11)

ഉല്പത്തി പുസ്തകത്തിന്റെ ആദ്യത്തെ 11 അദ്ധ്യായങ്ങളിലെ ഉള്ളടക്കം ചരിത്രാതീത ചരിത്രമാണ്, അതായത് ചരിത്രകാലത്തിനു മുമ്പുള്ള ചരിത്രം. ഇസ്രായേലിന്റെ ചരിത്രത്തിന് ഒരു ആമുഖമെന്ന നിലയിലാണ് ഈ പതിനൊന്നദ്ധ്യായങ്ങൾ ഗ്രന്ഥകാരൻ രചിച്ചിട്ടുള്ളത്. കൃത്യമായി പറഞ്ഞാൽ ഇസ്രായേലിന്റെ ചരിത്രം അബ്രാഹത്തിന്റെ വിളിയോടെയാണ് ആരംഭിക്കുന്നത്. അതായത്, ഉല്പ. 12–ാം അദ്ധ്യായത്തിൽ. അബ്രാഹം ആരായിരുന്നു, ദൈവം അബ്രാഹത്തെ വിളിക്കുന്നതിനു മുമ്പുള്ള ലോകത്തിന്റെ അവസ്ഥ എന്തായിരുന്നു, എന്നെല്ലാം വിശദമാക്കേണ്ടതാവശ്യമാണെന്ന് ഗ്രന്ഥകാരൻ കരുതി. അതിന് ആരംഭം കുറിക്കാൻ ശ്രമിച്ചപ്പോൾ ലോകസൃഷ്ടി മുതൽ ഭൂമിയിൽ മനുഷ്യജീവിതം ആരംഭിച്ചതും, നന്മയിൽ നിന്ന് തിന്മയിലേക്കുള്ള പ്രയാണവും ഒക്കെ പ്രതിപാദിക്കേണ്ടത് ആവശ്യമായി വന്നു. എന്നാൽ ഇവയുടെ ചരിത്രസത്യം അറിയാനുതകുന്ന രേഖകളൊന്നും അക്കാലത്ത് ഗ്രന്ഥകാരന് ലഭ്യമായിരുന്നില്ല. ബി.സി. 3–ാം സഹസ്രാബ്ദത്തിനു മുമ്പുള്ള ലോകത്തിന്റെ സ്ഥിതി വിശേഷങ്ങൾ സമകാലിക ലിഖിതങ്ങൾ വഴി അറിയുക അസാദ്ധ്യമായിരുന്നല്ലോ. ഇസ്രായേല്യരെ സംബന്ധിച്ചിടത്തോളം യാഹ്വെയിലുള്ള വിശ്വാസത്തിന്റെയും ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചയുടെയും വെളിച്ചത്തിലാണ് ബൈബിളിന് രൂപം നല്കിയത്. ഈ അതിപുരാതനചരിത്രം

www.malankaralibrary.com

രചിക്കുമ്പോൾ ഓരോന്നും യഥാർത്ഥത്തിൽ എങ്ങനെ സംഭവിച്ചു എന്നതിനെക്കുറിച്ച് ഗ്രന്ഥകാരന് വസ്തുനിഷ്ഠമായ അറിവൊന്നുമില്ല. അത് അന്വേഷിച്ചുപോകാൻ ഉദ്ദേശിച്ചതുമില്ല. അതുകൊണ്ട് ഈ 11 അദ്ധ്യായങ്ങളിൽ കാണുന്ന പ്രാചീന ചരിത്രത്തെ ആധുനിക സങ്കല്പമനുസരിച്ച് ചരിത്രം എന്നു വിളിക്കാൻ വയ്യ.

മനുഷ്യനോടുള്ള ദൈവത്തിന്റെ അതിരറ്റ സ്നേഹവും കാരുണ്യവും നിമിത്തം അവിടുന്ന് ഈ പ്രപഞ്ചവും അതിലുള്ള സമസ്തവും സൃഷ്ടിക്കുകയും, അവരെ ഭൂമിയിലെ തന്റെ പ്രതിനിധികളും രക്ഷയുടെ ഉപകരണങ്ങളും ആക്കുകയും ചെയ്തു എന്നുള്ള പരമ്പരാഗത വിശ്വാസത്തിൽ നിന്നും ഉരുത്തിരിഞ്ഞ കഥകളെയും കവിതകളെയും ആസ്പദമാക്കി ഗ്രന്ഥകാരൻ ഈ ചരിത്രാതീത ചരിത്രം രചിച്ചു എന്നതാണ് വാസ്തവം.

**മതപരമായ ലക്ഷ്യം**

ചരിത്രാതീത ചരിത്രം ഗ്രന്ഥകാരൻ രചിച്ചിരിക്കുന്നത് മതപരമായ ലക്ഷ്യത്തെ മുൻനിർത്തിയാണ്, സർവ്വോപരി ഇസ്രായേൽ ജനത്തിന്റെ ഉല്പത്തിയും പ്രാധാന്യവും വ്യക്തമാക്കുന്നതിനു വേണ്ടിയും. വിവരണ രീതിയിൽ നിന്നു തന്നെ ഇക്കാര്യം വ്യക്തമാകുന്നുണ്ട്. ആഗോള ചരിത്രത്തിൽ നിന്നാരംഭിച്ച് അബ്രാഹത്തിലേക്കും തെരഞ്ഞെടുക്കപ്പെട്ട ജനതയിലേക്കും ഗ്രന്ഥകാരൻ തന്റെ വിവരണം ചുരുക്കി കൊണ്ടുവന്നിരിക്കുന്നു. ആദ്യമനുഷ്യനായ ആദത്തിൽ നിന്നും സേത്ത്, നോഹ്, ഷേം, അബ്രാഹം, ഇസഹാക്ക് എന്നിവരിലൂടെ യാക്കോബിലേക്കും അദ്ദേഹത്തിന്റെ 12 മക്കളിലേക്കും അങ്ങനെ ഇസ്രായേൽ ജനതയിലേക്കും ഒരു നേർരേഖ വരയ്ക്കുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത്. അതിനുവേണ്ടി ഉല്പത്തി പുസ്തകത്തിന്റെ ആദ്യഘട്ടത്തിൽ പരാമർശിച്ച മറ്റു ജനങ്ങളെയെല്ലാം ക്രമേണ ഒന്നൊന്നായി ഒഴിവാക്കുന്നു. ഉല്പത്തി 4:24-നു ശേഷം കായേനെയും സന്തതിപരമ്പരകളെയും ഒഴിവാക്കിയിരിക്കുന്നു. പിന്നീട് സേത്തിന്റെ സന്തതികളിലൂടെയാണ് ചരിത്രം നോഹയിലെത്തുന്നത്. (5:6–32). നോഹയുടെ മൂന്നു മക്കളിൽ ജാഫത്തിനെ ആദ്യവും (10:2–5), പിന്നെ ഹാമിനെയും (10:6–20) ഒഴിവാക്കിയശേഷം, സേമിന്റെ സന്തതി പരമ്പരകളിലൂടെ ചരിത്രം അബ്രാഹത്തിലെത്തുന്നു (11:21–26). അബ്രാഹത്തിന് രണ്ടുമക്കളുണ്ടായി ഇസ്മായേലും ഇസഹാക്കും. ഇവരിൽ ഇസ്മായേൽ ഒഴിവാക്കപ്പെട്ടു (25:18). ഇസഹാക്കിന്റെ മക്കളായ ഏസാവ്, യാക്കോബ് എന്നിവരിൽ ഏസാവ് തിരസ്കൃതനായി (36:40). അങ്ങനെ ഉല്പത്തി ചരിത്രം യാക്കോബിൽ അഥവാ ഇസ്രായേലിൽ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നു. (യാക്കോബ് = ഇസ്രായേൽ, ഉല്പ. 32:28).

യാക്കോബിന്റെ 12 മക്കളിൽ നിന്നാണ് ഇസ്രായേലിലെ 12 ഗോത്രങ്ങൾ രൂപം കൊള്ളുന്നത്. സീനായ് മലയിൽവച്ച് അവരെ തന്റെ സ്വന്തം ജനമായി ദൈവം തിരഞ്ഞെടുക്കുകയും (പുറ. 19–24) അവർ അനുഷ്ഠിക്കേണ്ട

www.malankaralibrary.com

നിയമങ്ങൾ ഔദ്യോഗികമായി ഒരുടമ്പടിയുടെ രൂപത്തിൽ പ്രഖ്യാപിച്ച് നല്കുകയും ചെയ്തു (പുറ. 20:1-17).

## ദൈവശാസ്ത്രപരമായ സന്ദേശം

തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിന്റെ ഉല്പത്തി ചരിത്രത്തിനാണ് ഗ്രന്ഥകാരൻ മുൻഗണന നല്കുന്നതെങ്കിലും മറ്റു ചില വിഷയങ്ങളും പ്രതിപാദനത്തിനിടയ്ക്ക് ഈ മുഖവുരയിൽ കടന്നുവരുന്നുണ്ട്. പാപത്തിന്റെ ഫലമായി മനുഷ്യന് ദൈവിക സംരക്ഷണം നഷ്ടപ്പെട്ടുവെന്നും, ഇപ്രകാരം ദൈവത്തിൽ നിന്നകന്ന മനുഷ്യന്റെ സ്ഥിതിയെന്തായിരുന്നു എന്നും കാണിക്കാനുള്ള ഒരു ശ്രമം ഗ്രന്ഥകാരൻ നടത്തിയിട്ടുള്ളതായി കാണാം (ഉല്പ. 3). ഈ അവസ്ഥയിൽ പാപം പെരുകി. ആനുപാതികമായി ദൈവത്തിന്റെ ശിക്ഷയും ഉണ്ടായി. എന്നാൽ അതുവഴി ദൈവം മനുഷ്യനെ നശിപ്പിച്ചില്ല. ദൈവത്തിന്റെ കരുണ ആനുപാതികമായി വർദ്ധിച്ചുകൊണ്ടിരിക്കയായിരുന്നു (ഉല്പ. 4-9). ഏകപക്ഷീയമായി അബ്രാഹത്തെ തിരഞ്ഞെടുത്തുകൊണ്ട് തന്റെ കാരുണ്യവും സ്നേഹവും അവിടുന്ന് വെളിപ്പെടുത്തി (ഉല്പ. 12:3; നിയ 7:7f). അബ്രാഹത്തിന്റെ സന്തതിപരമ്പരവഴി ലോകത്തെ രക്ഷിക്കുമെന്നുള്ള തന്റെ രക്ഷാകരപദ്ധതി അവിടുന്ന് അബ്രാഹത്തെ അറിയിക്കുകയും ചെയ്തു. ഉടമ്പടികളിലൂടെ ഇക്കാര്യം ദൈവം ആവർത്തിച്ചുറപ്പിച്ചു (15:17-21; 17:1-14). അബ്രാഹത്തോടു മാത്രമല്ല, മോശയോടും അവിടുന്ന് ഉടമ്പടി ചെയ്തു (പുറ. 19:5). ഈ ഉടമ്പടികളെല്ലാം യേശുവിന്റെ രക്തം കൊണ്ടുള്ള പരമമായ സ്നേഹത്തിന്റെ ഉടമ്പടിയിൽ പൂർത്തീകരിക്കപ്പെടുകയും ശാശ്വതീകരിക്കപ്പെടുകയും ചെയ്തു (ലൂക്കാ. 22:20; യോഹ. 19:28-30).

ഇതനുസരിച്ച് നോക്കുമ്പോൾ ചരിത്രാതീത ചരിത്ര വിവരണത്തിൽ പ്രധാനപ്പെട്ട മൂന്നു ദൈവശാസ്ത്ര പ്രമേയങ്ങൾ കാണാം: 1. മനുഷ്യന്റെ പാപം. 2. ദൈവത്തിന്റെ ശിക്ഷ. 3. ദൈവത്തിന്റെ കരുണ. സ്വന്തം മേന്മയിൽ അധിഷ്ഠിതമായിട്ടല്ല പ്രത്യുത ദൈവത്തിന്റെ കരുണയെ ആശ്രയിച്ചാണ് ഇസ്രായേലിന്റെ അസ്തിത്വവും മഹത്ത്വവും നിലകൊള്ളുന്നത്. അതുകൊണ്ട് അവർ സ്വശക്തിയിലാശ്രയിക്കാതെ ദൈവത്തിലാശ്രയിച്ചുകൊണ്ട് മുന്നേറണം. ഈ സന്ദേശം ആത്യന്തികമായി സ്പഷ്ടമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രമേയങ്ങളും വിവരണങ്ങളുമാണ് ഗ്രന്ഥകാരൻ സ്വീകരിച്ചിട്ടുള്ളത് (cfr. നിയ. 7:7-8; 1 കോറി.1:26-31).

## അവതരണശൈലി

സാധാരണജനങ്ങൾക്കു സ്വീകാര്യമായ ഒരു അവതരണ ശൈലിയാണ് ഗ്രന്ഥകാരൻ പ്രയോഗിച്ചിട്ടുള്ളത്. ഇതിനായി അക്കാലത്തു നിലവിലിരുന്ന ഉദാഹരണങ്ങൾ സഹിതമുള്ള പ്രതിപാദനരീതി അദ്ദേഹം സ്വീകരിച്ചു.

www.malankaralibrary.com

ചരിത്രാതീതചരിത്ര വിവരണത്തിലെ അവസാനത്തെ കഥ ബാബേൽ ഗോപുരത്തെ സംബന്ധിച്ചുള്ളതാണ്. ഈ കഥയിൽ ചില പ്രത്യേകതകൾ കാണാൻ കഴിയും. മുമ്പുള്ള എല്ലാ സംഭവങ്ങളുടെയും പ്രതിപാദനത്തിൽ പാപം-ശിക്ഷ-കരുണ എന്നീ ക്രമം പിന്തുടരുകയായിരുന്നു. ഉദാഹരണങ്ങൾ:

* ആദിമാതാപിതാക്കളുടെ അനുസരണക്കേട് എന്ന മൂലപാപം (ഉല്പ 3:6). ദൈവത്തിന്റെ ശിക്ഷ (3:14-20). ദൈവത്തിന്റെ കരുണ (3:15)
* കായേൻ ചെയ്ത കൊലപാതകം (4:8). ദൈവം നല്കിയ ശിക്ഷ (14:11-12). ദൈവത്തിന്റെ കരുണ (4:15)
* കായേന്റെ സന്തതികൾ ചെയ്ത രണ്ടു കൊലപാതകങ്ങൾ (4:23) ദൈവം കൊടുത്ത ശിക്ഷ (4:24). അവിടുത്തേ കാരുണ്യം (5:28-29)
* ദൈവജനവും വിജാതീയരും തമ്മിലുള്ള മിശ്രവിവാഹം (6:1-2, 5-6) ദൈവത്തിന്റെ ശിക്ഷ (6:3,7-8). അവിടുത്തേ കരുണ (6:4, 18-21)
* നോഹയുടെ മദ്യപാനം (9:21). ദൈവത്തിന്റെ ശിക്ഷ (9:22). അവിടുത്തേ കാരുണ്യം (9:23)
* നോഹയുടെ മകൻ പിതാവിനോടു കാണിച്ച അനാദരവ് (9:22), ദൈവത്തിന്റെ ശിക്ഷ (9:25, 27), അവിടുത്തേ കാരുണ്യം (10:6-12)

ഇവയിൽ നിന്നെല്ലാം വ്യത്യസ്തമായി ബാബേൽ ഗോപുരത്തിന്റെ കഥയിൽ ജനത്തിന്റെ പാപവും അതിനുള്ള ശിക്ഷയും മാത്രമേ ചേർത്തിട്ടുള്ളു. അവരുടെ ഭാഷകൾ ഭിന്നിപ്പിക്കുകയും അവരെ ഭൂമുഖത്തിന്റെ നാനാഭാഗത്തേക്കും ചിതറിക്കുകയും ചെയ്തു എന്ന പ്രസ്താവനയോടെ കഥ അവസാനിപ്പിച്ചു (ഉല്പ. 11:7-8). എന്തായിരിക്കും ഇപ്രകാരം ദൈവത്തിന്റെ കരുണ വിസ്മരിക്കപ്പെടാൻ കാരണം?

അബ്രാഹത്തിന്റെ വിളിയുടെ ദൈവശാസ്ത്രപരമായ സന്ദർഭം വെളിപ്പെടുത്താൻ സഹായകമാകുംവിധം അബ്രാഹത്തിന്റെ വിളിയോട് ഈ കഥയെ ഗ്രന്ഥകാരൻ ഗാഢമായി ബന്ധിപ്പിച്ചിരിക്കുകയാണ്. അതായത്, ബാബേലിലെ ജനത്തോടുള്ള ദൈവത്തിന്റെ കരുണ വെളിപ്പെടുന്നത് അബ്രാഹത്തിന്റെ വിളിയിലാണ്. ദൈവം യഥാകാലം അബ്രാഹത്തെ വിളിക്കുകയും ദൈവജനത്തിന്റെ പിതാവാക്കുകയും ചെയ്തുകൊണ്ട് തന്റെ കരുണ വെളിപ്പെടുത്തിയെന്ന് വ്യക്തമാക്കാൻ ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നു (ഉല്പ. 1:12-3). ദൈവത്തിന്റെ കരുണ മനുഷ്യവർഗ്ഗത്തിനുമേൽ നിരന്തരം ചൊരിയപ്പെട്ടു കൊണ്ടിരിക്കുന്നു എന്നതിന്റെ അനിഷേധ്യമായ തെളിവാണ് ഇസ്രായേൽ. ഈ സത്യം ഏവർക്കും പ്രത്യാശ നല്കുന്നു. വാസ്തവത്തിൽ പാപത്തിന്റെ ആരംഭത്തിൽ തന്നെ ശാശ്വതമായ കരുണയുടെ ഈ വാഗ്ദാനം അവിടുന്ന് പറുദീസായിൽവച്ചു പ്രഥമ പാപിക്കു നൽകുകയുണ്ടായി. (protogospel = ഉല്പ. 3:15). ഈ വാഗ്ദാനം പൂർണ്ണമായ അർത്ഥത്തിൽ ക്രിസ്തുവിൽ നിറവേറ്റപ്പെട്ടു.

www.malankaralibrary.com

അനന്തമായ ദൈവകാരുണ്യത്തിന്റെ അചഞ്ചലമായ മുദ്രയാണ് മനുഷ്യനായി അവതരിച്ച ദൈവപുത്രനായ ക്രിസ്തു.

ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭ പുതിയ ഇസ്രായേലാണ്. അത് ദൈവസ്നേഹത്തിന്റെയും കരുണയുടേയും സജീവ അടയാളമായി ലോകാവസാനംവരെ നിലനില്ക്കും

## B. ഗോത്രപിതാക്കന്മാരുടെ ചരിത്രം (ഉല്പ. 12-50)

ഇസ്രായേൽ ജനത്തിന്റെ പൂർവ്വപിതാക്കന്മാരുടെ ശ്രേണിയിൽ ആദ്യം വരുന്നത് അബ്രാഹമാണ്. കൃത്യമായി പറഞ്ഞാൽ ദൈവജനത്തിന്റെ ഉത്ഭവവും, രക്ഷാകര പദ്ധതിയുടെ ചരിത്രവും ആരംഭിക്കുന്നതു തന്നെ അബ്രാഹത്തിന്റെ വിളിയോടു കൂടിയാണ് (ഉല്പ. 12). ഈ ഭാഗത്ത് അബ്രാഹം, ഇസഹാക്ക്, യാക്കോബ്, ജോസഫ് എന്നീ പ്രധാന ഗോത്രപിതാക്കന്മാരെക്കുറിച്ചു മാത്രമേ പ്രതിപാദിക്കുന്നുള്ളു.

അടുത്തകാലംവരെ അബ്രാഹം തുടങ്ങിയ ഗോത്രപിതാക്കന്മാരെ കുറിച്ചുള്ള വിവരണം വെറും കെട്ടുകഥകളാണെന്ന് ചിലർ പറഞ്ഞിരുന്നു. എന്നാൽ അത്തരം നിഗമനങ്ങൾക്ക് അടിസ്ഥാനമില്ലെന്ന് ഇന്ന് തെളിഞ്ഞിട്ടുണ്ട്. വിപുലമായ പുരാവസ്തു ഗവേഷണഫലങ്ങളും മറ്റു പ്രാചീന രേഖകളും ബൈബിളിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും സ്ഥിരീകരിച്ചിരിക്കുന്നു.

### ചരിത്രസ്വഭാവം

ആധുനികാർത്ഥത്തിലുള്ള ചരിത്രമല്ല ഗോത്രപിതാക്കന്മാരുടെ ചരിത്രം. മതപരമായ കാഴ്ചപ്പാടാണ് ഇതിനു പിന്നിലുള്ളത്. ഇതിലെ സംഭവങ്ങളൊന്നും ചരിത്രം പഠിക്കുവാനുദ്ദേശിച്ച് രേഖപ്പെടുത്തിയിട്ടുള്ളവയല്ല; മറിച്ച് ദൈവത്തിലുള്ള വിശ്വാസം വർദ്ധിപ്പിക്കാനുദ്ദേശിച്ചു കൊണ്ടുള്ളതാണ്. തന്നിമിത്തം ഓരോ സംഭവത്തിന്റെയും മതപരമായ സന്ദേശത്തിനാണ് ഗ്രന്ഥകാരൻ ഊന്നൽ നല്കിയിരിക്കുന്നത്. ഓരോ സംഭവവും കൃത്യമായി എങ്ങനെ നടന്നു എന്ന് അന്വേഷിക്കുവാനോ പഠിപ്പിക്കുവാനോ അദ്ദേഹം ശ്രമിച്ചിട്ടില്ല.

മറ്റൊരു പ്രത്യേകതകൂടി ഗോത്രപിതാക്കന്മാരുടെ ചരിത്രത്തിനുണ്ട്. ഇത് സർവ്വോപരി ഒരു കുടുംബചരിത്രമാണ്. ഇസ്രായേലിലെ പൂർവ്വപിതാക്കന്മാരെപ്പറ്റിയുള്ള അനുസ്മരണങ്ങളാണ് ഇതിൽ പ്രധാനമായും അടങ്ങിയിട്ടുള്ളത്. തന്മൂലം ഗോത്രപിതാക്കന്മാരുടെ കഥയുടെ പ്രതിപാദനരീതി ശാസ്ത്രീയമല്ല. സാധാരണക്കാരന്റെ ചിന്താഗതിക്കു യോജിച്ച രീതിയിലും അവരുടെ അറിവിനും അഭിരുചിക്കുമനുസരിച്ച ശൈലിയിലുമുള്ള ഒരു ചരിത്രമാണ് (popular history) അത്.

### ചരിത്രരേഖകൾ

ബൈബിളിലെ ഗോത്രപിതാക്കന്മാരെപ്പറ്റി ബൈബിളിനു പുറമെ മറ്റു രേഖകളൊന്നുമില്ല. സ്ഥിരതാമസമില്ലാത്ത നാടോടികളെപ്പോലെ അവരും

www.malankaralibrary.com

ദേശാടനത്തിലേർപ്പെട്ടിരുന്നു. അവരെപ്പറ്റി എന്തെങ്കിലും ചരിത്രരേഖകൾ പ്രതീക്ഷിക്കാനൊക്കുമോ? ദൈവീക പദ്ധതിയിൽ അവർക്ക് വലിയ പ്രാധാന്യമുണ്ടായിരുന്നെങ്കിലും ലോകചരിത്രത്തിൽ അവർ ശ്രദ്ധിക്കപ്പെട്ടിരുന്നില്ല എന്നു വേണം കരുതാൻ.

എന്നിരുന്നാലും അക്കാലത്തെ ബൈബിളിതര രേഖകളോ ആധുനിക പുരാവസ്തു ഗവേഷകരോ ബൈബിൾ പ്രസ്താവനങ്ങൾക്കെതിരായ യാതൊരു തെളിവും ഇതുവരെ ഹാജരാക്കിയിട്ടില്ല എന്നത് വിസ്മരിച്ചുകൂടാ. മാത്രമല്ല, ബൈബിളിൽ കാണുന്ന സാമൂഹിക സമ്പ്രദായങ്ങളെയും ജീവിതരീതികളെയും ആചാരമര്യാദകളെയും സംബന്ധിച്ച വിവരണങ്ങളെ ചില പ്രാചീനരേഖകൾ ശരിവെയ്ക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണത്തിന്, യഥാർത്ഥ ഭാര്യ വന്ധ്യയാണെങ്കിൽ ഭാര്യയുടെ തോഴിയിൽ നിന്നും സന്താനങ്ങളെ ജനിപ്പിക്കുന്ന സമ്പ്രദായം (ഉല്പ. 16:1–2, 30:1–4, 9–10) ഹിത്യരുടെ ഇടയിൽ നിയമാനുസൃതമായിരുന്നു എന്ന് നൂസി (Nuzi) രേഖകൾ (ബി.സി. 15–ാം നൂറ്റാണ്ട്) വ്യക്തമാക്കുന്നു. ഉടമ്പടികൾ ചെയ്യുന്ന സമ്പ്രദായവും (ഉല്പ. 15:7–11) ഈ രേഖകളിൽ കാണുന്നുണ്ട്. അതുപോലെ തന്നെ കടിഞ്ഞൂൽ പുത്രനു നൽകേണ്ട പ്രത്യേകാവകാശങ്ങളെപ്പറ്റിയും (ഉല്പ. 25:29–34), ഒരാൾ മക്കളില്ലാതെ മരിച്ചാൽ അയാളുടെ ഏതെങ്കിലും സഹോദരൻ വിധവയായിത്തീർന്ന സഹോദരപത്നിയെ പരിഗ്രഹിച്ച് അന്തരിച്ച സഹോദരനുവേണ്ടി സന്താനോല്പാദനം നടത്തേണ്ടതിനെപ്പറ്റിയുമെല്ലാം (Levirate law) ബൈബിളിതര രേഖകളിൽ പരാമർശമുണ്ട്.

ഈ രേഖകളുടെ അടിസ്ഥാനത്തിൽ അബ്രാഹത്തിന്റെ പിതാവായ തേറ ബി.സി. 1900–ാം മാണ്ടിനടുത്താണ് ഊർ ദേശത്തു നിന്നു പുറപ്പെട്ടതെന്ന് (ഉല്പ. 11:31) ന്യായമായും അനുമാനിക്കാം. കാരണം അക്കാലത്ത് കനാൻ ദേശത്തേക്കുള്ള കുടിയേറ്റങ്ങൾ മെസപ്പൊട്ടേമിയായിൽ ഉടനീളം ഉണ്ടായിരുന്നുവെന്ന് പ്രാചീന രേഖകൾ സൂചിപ്പിക്കുന്നു. അതുകൊണ്ട് അബ്രാഹം ഹാരാനിൽ നിന്നും കനാനിലെത്തിയതും (ഉല്പ. 11:31 – 12:5) ഇതേ കുടിയേറ്റ കാലയളവിലായിരുന്നിരിക്കണം.

## അബ്രാഹത്തിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ (ഉല്പ. 11–25)

| | |
|---|---|
| ഉല്പ. 11:26 | അബ്രാഹത്തിന്റെ ജനനം |
| 11:29 | അബ്രാഹവും സാറായും തമ്മിലുള്ള വിവാഹം (cfr. 20:12, 17:17; 12:4) |
| 12:1–5 | ദൈവം അബ്രാഹത്തെ വിളിച്ച് ഒരു രാജ്യവും, സന്തതിപരമ്പരയും, ലോകപ്രശസ്തിയും വാഗ്ദാനം ചെയ്യുന്നു. |

www.malankaralibrary.com

12:6–9 കനാൻ ദേശത്തിലൂടെയുള്ള അബ്രാഹത്തിന്റെ യാത്ര. ഷെക്കെം, ബെഥേൽ, ആയ്, നെഗെബ് എന്നീ സ്ഥലങ്ങൾ ഇവിടെ പരാമർശിച്ചിട്ടുണ്ട്. ഇവയെല്ലാം കനാൻ ദേശത്തിന്റെ മദ്ധ്യഭാഗത്തുള്ള കുന്നിൻ പ്രദേശങ്ങളാണ്. കന്നുകാലികളെ തീറ്റാനുള്ള സൗകര്യത്തെ മുൻനിർത്തി അക്കാലത്തെ ജനങ്ങൾ കുന്നിൻ പ്രദേശങ്ങളെയാണ് താമസിക്കാൻ തെരിഞ്ഞെടുത്തിരുന്നതെന്ന് പുരാവസ്തുവിജ്ഞാനീയത്തിൽ നിന്നും മനസ്സിലാക്കാം.

12:10–20 (J) ക്ഷാമം നിമിത്തം അബ്രാഹവും സാറായും ഈജിപ്തിലേക്കു പോകുന്നു. അവിടെവച്ച് സാറായെപ്പറ്റി സഹോദരിയാണെന്ന് അബ്രാഹം പറയാനിടയാകുന്നു. ഈ സംഭവം നേരിയ വ്യത്യാസങ്ങളോടെ വേറെ രണ്ടു സ്ഥലങ്ങളിൽക്കൂടി ആവർത്തിക്കുന്നുണ്ട്. (ഉല്പ. 20:1–18 = E; 26: 1–11 = J) ഈ കഥ വ്യാഖ്യാനിക്കുമ്പോൾ ഊന്നൽ നൽകേണ്ടത് അബ്രാഹത്തിന്റെ വാക്കുകൾക്കല്ല, ദൈവത്തിന്റെ പ്രവൃത്തിക്കാണ്. വാഗ്ദാനങ്ങളിൽ ദൈവം വിശ്വസ്തനാണെന്നും, അത് തെളിയിക്കാൻ വേണ്ടി അവിടുന്ന് അത്ഭുതങ്ങൾ പോലും പ്രവർത്തിക്കുമെന്നും ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. ഭയം നിമിത്തം അബ്രാഹം സാറായെ ഉപേക്ഷിക്കാൻ തീരുമാനിച്ചെങ്കിലും ദൈവം അതനുവദിച്ചില്ല. 15:1–21 ദൈവം അബ്രാഹത്തോട് ഒരുടമ്പടി ചെയ്യുന്നു. ഏകപക്ഷീയമായ ഒരുടമ്പടിയാണിത്. വീണ്ടും 17:1–14–ൽ ഇതാവർത്തിക്കുന്നു. അവിടെ ഉടമ്പടിയുടെ അടയാളമായി പരിഛേദനം ആവശ്യപ്പെടുന്നു; അടയാളമായിട്ടാണ്, വ്യവസ്ഥയായിട്ടല്ല.

സന്തതിപരമ്പരയെ സംബന്ധിച്ചുള്ള വാഗ്ദാനം 25 വർഷങ്ങൾക്കുശേഷം ഇസഹാക്ക് ജനിച്ചതോടെ കർത്താവ് നിറവേറ്റി. (21:1–5, cfr. 12:4; 17:17) അബ്രാഹം കനാൻ ദേശത്തു ചെന്ന് പാർത്തതോടെ ഒരു രാജ്യത്തെ സംബന്ധിച്ചുള്ള വാഗ്ദാനവും സാക്ഷാത് കൃതമായി. ജോഷ്വയുടെ നേതൃത്വത്തിൽ ബി.സി. 1224–നോടടുത്ത് ഇസ്രായേൽ കനാൻദേശം കീഴടക്കി. ഇതിനുശേഷമാണ് പ്രസ്തുത വാഗ്ദാനം ഒരു ജനമെന്ന നിലയിൽ ഇസ്രായേലിന് അനുഭവവേദ്യമായി തുടങ്ങിയത്.

ലോകപ്രശസ്തിയെക്കുറിച്ചുള്ള വാഗ്ദാനവും ശതാബ്ദങ്ങൾക്കുശേഷം ദാവീദിന്റെയും സോളമന്റെയും കാലത്താണ് നിറവേറിയത്. (1 രാജാ 10:1–29). ഇതിന്റെ ആത്യന്തികമായ നിറവേറ്റൽ മിശിഹായുടെ ആഗമനത്തിലും ദൈവരാജ്യ സംസ്ഥാപനത്തിലുമാണ് കണ്ടെത്തേണ്ടത്.

www.malankaralibrary.com

16:1-16 ഇസ്മായേലിന്റെ ജനനം. സാറായുടെ ദാസിയായിരുന്ന ഹാഗാറിൽ നിന്ന് അബ്രാഹത്തിനു ജനിച്ച മകനാണ് ഇസ്മായേൽ. ഇസ്മായേലിന്റെ ജിവിതത്തെയും പിൻഗാമികളേയും കുറിച്ച് ഉല്പ. 21: 8-21; 25: 12-18 എന്നിവിടങ്ങളിലും പ്രസ്താവിക്കുന്നുണ്ട്.

18-19 സോദോം ഗൊമോറാ നിവാസികൾക്കുവേണ്ടിയുള്ള അബ്രാഹത്തിന്റെ മദ്ധ്യസ്ഥാപേക്ഷ. ദൈവത്തിന്റെ നീതി യഥാർത്ഥത്തിൽ സ്നേഹമാണെന്ന് അബ്രാഹത്തിനു ബോദ്ധ്യമാകുന്നു. (cfr. മത്താ 1:19). ലോത്തിനെയും കുടുംബത്തെയും രക്ഷിച്ചതുവഴി നന്മ എത്ര നിസ്സാരമായാലും ദൈവം അതിനെ വിലമതിക്കുകയും പ്രതിഫലം നല്കി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. (cfr. മത്താ. 10:42)

22:1-18 അബ്രാഹത്തിന്റെ ബലി. ദൈവത്തിന്റെ അരുളപ്പാടനുസരിച്ച് തന്റെ ഏകസുതനെ ബലികഴിക്കാൻ തയ്യാറായപ്പോൾ അബ്രാഹത്തിന് ദൈവത്തിലുള്ള അചഞ്ചല വിശ്വാസം തെളിയിക്കപ്പെട്ടു. (ഹെബ്രാ. 11:8-10, 17-19, റോമ. 1:5; 16:26; 2 കോറി. 10:5-6). ദൈവവചനത്തോടുള്ള പരിപൂർണ്ണ വിധേയത്വത്തോടും സമർപ്പണത്തോടും കൂടെയാണ് അബ്രാഹം ജീവിച്ചത്. വിശുദ്ധ പൗലോസിന്റെ അഭിപ്രായത്തിൽ അബ്രാഹം വിശ്വാസികളുടെ പിതാവും നമുക്കെല്ലാവർക്കും വിശ്വാസത്തിന്റെ മാതൃകയുമാണ്. (റോമ. 4:1-23, 16:26, ഗലാ. 3:1-9, യാക്കോ 2:21-23. cfr 2 വത്തി. ദൈവാവി. 5).

23:1-20 സാറായുടെ മരണം, ഹെബ്രോണിൽ അഥവാ കിറിയാത്ത് അർബായിൽ വച്ചാണ് സാറാ മരിച്ചത്. അവർക്ക് അന്ന് 127 വയസ്സുണ്ടായിരുന്നു. (23-:1). മാക്പെലായിലെ ഒരു ഗുഹയിൽ സാറായെ സംസ്കരിച്ചു.

24:1-67 ഇസഹാക്കും റബേക്കായും തമ്മിലുള്ള വിവാഹം

25:1-6 അബ്രാഹം കെത്തുറായെ വിവാഹം ചെയ്യുന്നു.

25:7-11 അബ്രാഹത്തിന്റെ മരണം. തികഞ്ഞ വാർദ്ധക്യത്തിൽ, 175-ാം വയസ്സിലാണ് അബ്രാഹം മരിച്ചത്. സാറായെ സംസ്കരിച്ച അതേ ഗുഹയിൽത്തന്നെ അബ്രാഹവും സംസ്കരിക്കപ്പെട്ടു.

**ഇസഹാക്കിന്റെ ജീവിതം (ഉല്പ. 22, 24, 26).**

ഇസഹാക്കിനെക്കുറിച്ച് താരതമ്യേന കുറച്ചു കാര്യങ്ങളേ ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ളൂ. 24-ാം അദ്ധ്യായത്തിൽ ഇസഹാക്കിന്റെ വിവാഹത്തെപ്പറ്റി വിവരിക്കുന്നു. അവരുടെ ഗെരാറിലെ വാസത്തെക്കുറിച്ച് 26-ാം അദ്ധ്യാ

www.malankaralibrary.com

യത്തിൽ കാണാം. ഇസഹാക്കിന്റെ അന്ത്യവചസ്സുകൾ (27:1–40). ഭാവിയെക്കുറിച്ച് അദ്ദേഹം യാക്കോബിനു നല്കിയ ഉപദേശം (28:1–5), ഇസഹാക്കിന്റെ മരണം (35:27–29) എന്നീ ചുരുക്കം ചില വിവരണങ്ങൾകൂടി മറ്റദ്ധ്യായങ്ങളിലുണ്ട്. 180–ാം വയസ്സിലാണ് ഇസഹാക്ക് മരിച്ചത്.

## യാക്കോബിന്റെ കഥ

അബ്രാഹത്തിന്റെ ജീവിതകഥയ്ക്കുശേഷം ഉല്പത്തി പുസ്തകത്തിൽ മുന്തിനില്ക്കുന്നത് യാക്കോബിന്റെ കഥയാണ്. യാക്കോബിന് ഇസ്രായേൽ എന്ന ഒരു അപരനാമമുണ്ട്. യാക്കോബിന് 12 മക്കളുണ്ടായിരുന്നു. ഈ പന്ത്രണ്ട് മക്കളിൽ നിന്നും ഇസ്രായേലിന്റെ 12 ഗോത്രങ്ങളുണ്ടായി. സാധാരണയായി ആദ്യജാതന്മാർക്കാണ് യഹൂദർ മുൻഗണനയും പ്രത്യേക ആനുകൂല്യങ്ങളും നൽകിയിരുന്നത്. കുടുംബനാമം നിലനിർത്തി പോന്നിരുന്നതും ആദ്യജാതരിലൂടെയാണ്. എന്നാൽ ഇസഹാക്കിന്റെ ആദ്യജാതനായ ഏസാവിനെ മറികടന്ന് യാക്കോബാണ് ഈ ആനുകൂല്യങ്ങൾക്ക് അവകാശിയായത്. യാക്കോബിനെ ദൈവം അംഗീകരിച്ചതുവഴി, മനുഷ്യനിർമ്മിതങ്ങളായ നിയമങ്ങളിൽ നിന്നും ആചാരങ്ങളിൽ നിന്നും അവിടുന്ന് സ്വതന്ത്രനാണെന്നും രക്ഷയുടെ അടിസ്ഥാനം വിശ്വാസം മാത്രമായിരിക്കണമെന്നും അവിടുന്ന് വെളിപ്പെടുത്തുകയായിരുന്നു. (cfr. 1 കൊരി. 1:26–30)

## പ്രധാന സംഭവങ്ങൾ

ഉല്പ. 25:19–20 ഏസാവിന്റെയും യാക്കോബിന്റെയും ജനനം.

25:29–34 വിശന്നുവന്ന ഏസാവിന് അല്പം സൂപ്പുകൊടുത്ത് ഏസാവിന്റെ കടിഞ്ഞൂൽ പുത്രാവകാശം യാക്കോബ് ചൂഷണം ചെയ്യുന്നു. കുടുംബസ്വത്തിൽ ഇരട്ടി പങ്കും കുടുംബനാമം വംശാവലിയിലൂടെ നിലനിർത്താനുള്ള അവകാശവും കടിഞ്ഞൂൽ പുത്രനുള്ളതായി അക്കാലത്ത് അംഗീകരിക്കപ്പെട്ടിരുന്നു.

27:1–46 റബേക്കായും യാക്കോബുംകൂടി ഇസഹാക്കിനെ തെറ്റിദ്ധരിപ്പിച്ച് ഏസാവിനു ലഭിക്കേണ്ടിയിരുന്ന ഇസഹാക്കിന്റെ അന്തിമാശീർവാദം തട്ടിയെടുക്കുന്നു. അന്ത്യവചസ്സുകളും ആശീർവാദവും വിൽപത്രത്തിനു തുല്യമായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത്. ഒരിക്കൽ പറഞ്ഞ അന്തിമവാക്കുകൾ യാതൊരു സാഹചര്യത്തിലും മാറ്റം വരുത്തരുതെന്നായിരുന്നു വിശ്വാസം. ദൈവം ഇപ്രകാരം യാക്കോബിനു കൂട്ടുനിന്നുവെങ്കിലും യാക്കോബിന്റെ തിന്മ പ്രവൃത്തികളെ അവിടുന്ന് അംഗീകരിച്ചിട്ടില്ല എന്നത് ഇവിടെ പ്രത്യേകം ഓർക്കേണ്ടതുണ്ട്. യാക്കോബിന്റെ ജീവിതം ദൈവം ക്ലേശപൂർണ്ണമാക്കുകയും അദ്ദേഹം ചെയ്ത തിന്മയ്ക്കും വഞ്ചനയ്ക്കും ദൈവം തക്കശിക്ഷ നൽകുകയും ചെയ്തു.

www.malankaralibrary.com

20 വർഷത്തെ വിദേശവാസം (31:41, 29:14), വിവാഹവേളയിൽ ലാബാന്റെ ചതി (29:15–30, 31:1–42), റാഹേലിനെ നഷ്ടപ്പെട്ടത് (35:16–20), മക്കളിൽ നിന്നും അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകൾ (34:1–31, 31:31–35) എന്നിവയെല്ലാം അതിന് ഉദാഹരണങ്ങളാണ്.

28:1–22 യാക്കോബിന്റെ സ്വപ്നം.

ബെഥേൽ എന്ന വാക്കിനർത്ഥം "ദൈവത്തിന്റെ ഭവനം" എന്നാണ്. ബെഥേൽ അതിപുരാതനമായ ഒരു തീർത്ഥാടന കേന്ദ്രമായിരുന്നു (1 രാജാ. 12:29–30). ഇതിന്റെ പരിശുദ്ധിക്ക് അടിസ്ഥാനവും അംഗീകാരവും നല്കാനുള്ള ശ്രമത്തിന്റെ ഫലമാണ് ഇത്തരമൊരു കഥയുടെ ആവിർഭാവം എന്നു പറയപ്പെടുന്നുണ്ട്.

29:15–30 യാക്കോബിന്റെ ഇരട്ടവിവാഹം; ലാബാന്റെ മൂത്തമകൾ ലെയായും ഇളയവൾ റാഹേലുമായിരുന്നു. യാക്കോബ് റാഹേലിനെയാണ് ഇഷ്ടപ്പെട്ടത്. കാരണം ലെയായുടെ നയനങ്ങൾ തിളക്കമുള്ളവയായിരുന്നില്ല. റാഹേൽ എന്നാൽ ആട് എന്നും ലെയാ എന്നാൽ പശു എന്നുമാണ് വാച്യാർത്ഥം. വരൻ സ്ത്രീധനം നൽകുന്ന സമ്പ്രദായമാണ് അന്ന് നിലവിലുണ്ടായിരുന്നത്. അതുകൊണ്ട് യാക്കോബ് ലെയായ്ക്കും പിന്നീട് റാഹേലിനും വേണ്ടി ഏഴുവർഷം വീതം ലാബാന്റെ വീട്ടിൽ കൂലിവാങ്ങാതെ പണിയെടുക്കേണ്ടിവന്നു. അങ്ങനെ 14 വർഷം! (29:20–27). വീണ്ടും സമ്പാദ്യത്തിനുവേണ്ടി 6 വർഷം (31:41).

32:22–32 പെനിയേലിലെ മൽപിടുത്തം. പെനിയേൽ എന്നുവച്ചാൽ "ദൈവത്തിന്റെ മുഖം" എന്നാണർത്ഥം. കാനാനിൽ നിന്നും മടങ്ങുന്നവഴിക്ക് പെനിയേലിൽ വെച്ച് യാക്കോബിന് ഒരു അജ്ഞാത ശക്തിയോട് മല്ലടിക്കേണ്ടിവന്നു. ഈ മൽപിടുത്തത്തിൽ യാക്കോബിന്റെ എളി ഉളുക്കി. എന്നു വരികിലും ആ അത്ഭുതരൂപത്തെ യാക്കോബ് ബലമായി പിടിച്ചുനിർത്തി അനുഗ്രഹം വാങ്ങിച്ചശേഷമാണ് വിട്ടയച്ചത്. തദവസരത്തിലാണ് യാക്കോബിന്റെ പേര് "ഇസ്രായേൽ" എന്നായി ആ ദിവ്യശക്തി മാറ്റിയത് (ഉല്പ. 32:28). ബെഥേലിന്റെ കാര്യത്തിലെന്നപോലെ (28:10–19) പെനിയേൽ തീർത്ഥാടന കേന്ദ്രത്തിന്റെ പരിശുദ്ധിയും പ്രാധാന്യവും ചിത്രീകരിക്കുന്ന പാരമ്പര്യമാണ് ഈ കഥയുടെ പിന്നിലുള്ളതെന്ന് വിചാരിക്കാവുന്നതാണ്.

www.malankaralibrary.com

35:23–26 യാക്കോബിന്റെ 12 പുത്രന്മാരുടെ പേരു വിവരം (36:15f). യാക്കോബിന് ലെയായിൽ ദീന എന്നൊരു മകളും ഉണ്ടായിരുന്നു. (30:21; 34:1). അവളുടെ കഥ ഉല്പ 34–ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

47:27–49:28 യാക്കോബിന്റെ അന്ത്യാഭിലാഷങ്ങളും അനുഗ്രഹ വചസ്സുകളും

49:29–0:14 യാക്കോബിന്റെ മരണവും കബറടക്കവും. യാക്കോബിന്റെ ജീവിത ദൈർഘ്യം 147 വർഷമായിരുന്നു (47:28). അതിൽ അവസാനത്തെ 17 വർഷം യൗസേപ്പിനോടൊത്ത് യാക്കോബ് ഈജിപ്തിൽ ചെലവഴിച്ചു. അവിടെ വച്ചാണ് യാക്കോബ് മരിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ അഭിലാഷപ്രകാരം മൃതദേഹം കനാൻ ദേശത്തു കൊണ്ടുപോയി സംസ്ക്കരിക്കാനുള്ള ഏർപ്പാടുകളെല്ലാം യൗസേപ്പു ചെയ്തു. 40 ദിവസത്തെ സുഗന്ധലേപനത്തിനു ശേഷം മൃതദേഹം കനാൻദേശത്തേക്കു കൊണ്ടുപോയി (50:4–6), അബ്രാഹത്തെയും സാറയെയും സംസ്കരിച്ച മാക്പെലായിലെ ഗുഹയിൽ യാക്കോബിനേയും സംസ്കരിച്ചു.

## യൗസേപ്പിന്റെ കഥ (ഉല്പ. 37–50)

മറ്റു പൂർവ്വപിതാക്കന്മാരുടേതിനെക്കാൾ യൗസേപ്പിന്റെ കഥ കൂടുതൽ വിശദമാക്കപ്പെട്ടിട്ടുണ്ട്. പൂർവ്വപിതാക്കന്മാരിൽ അവസാനത്തെയാളാണ് യൗസേപ്പ്. അതുകൊണ്ട് അദ്ദേഹത്തെ സംബന്ധിച്ച പാരമ്പര്യങ്ങൾ കുറേക്കൂടി ആധുനികവും സമൃദ്ധവുമായിരുന്നു. മാത്രമല്ല യൗസേപ്പിന്റെ ജീവിതം ഇസ്രായേൽക്കാരുടെ ജീവിതവുമായി ഉറ്റബന്ധം പുലർത്തുന്നതാണ്. യാക്കോബും കുടുംബാംഗങ്ങളുമെല്ലാം ഈജിപ്തിൽ എത്തിച്ചേരുന്നതിനും അവിടെ സുശക്തരും സുസംഘടിതരുമായ ഒരു ജനതയായി (പുറ 1:1–5) വളരാനും ഇടയായതിനെല്ലാം കാരണക്കാരൻ യൗസേപ്പായിരുന്നല്ലോ. ഈജിപ്തിൽ നിന്ന് ഇസ്രായേൽക്കാർ കനാൻ ദേശത്തേക്ക് തിരിച്ചുപോയ വഴിക്കാണ്, സീനായ് മലയിൽവച്ച് ദൈവം മോശയുമായി ഒരു ഉടമ്പടി ചെയ്ത് പത്തു കല്പനകൾ നല്കിയത്.

### പ്രധാന സംഭവങ്ങൾ

ഉല്പ 37;2-11 തനിക്ക് 17–ാം വയസ്സിലുണ്ടായ ഒരു സ്വപ്നം യൗസേപ്പ് സ്വസഹോദരന്മാരെ വിവരിച്ചു കേൾപ്പിക്കുന്നു. ആ സ്വപ്നം യൗസേപ്പിന്റെ ഭാവി മഹത്വത്തെ സൂചിപ്പിക്കുന്നു എന്നു മനസ്സിലാക്കിയ സഹോദരന്മാർ അസൂയാലുക്കളാകുന്നു.

37:12-36. യൗസേപ്പിനെ സഹോദരന്മാർ മെദിയാൻകാർക്ക് വിൽക്കുന്നു. അവർ അദ്ദേഹത്തെ ഈജിപ്തിലേക്കു കൊണ്ടുപോയി

www.malankaralibrary.com

ഫറവോയുടെ ഉദ്യോഗസ്ഥനായിരുന്ന പൊത്തിഫാറിന് മറിച്ചു വിൽക്കുന്നു.

38:1–30 യൂദായുടെയും താമാറിന്റെയും കഥ

39:7–20 പൊത്തിഫാറിന്റെ ഭാര്യ യൗസേപ്പിനെ പ്രലോഭിപ്പിക്കുന്നു. തന്റെ പ്രേരണയ്ക്കു യൗസേപ്പ് വഴങ്ങുന്നില്ലെന്ന് കണ്ടപ്പോൾ അവൾ യൗസേപ്പിനെ കാരാഗൃഹത്തിലടപ്പിച്ചുകൊണ്ട് പ്രതികാരം ചെയ്യുന്നു. 40–41 കാരാഗൃഹത്തിൽ വച്ച് യൗസേപ്പ് മറ്റുള്ളവരുടെ സ്വപ്നങ്ങൾ കൃത്യമായി വ്യാഖ്യാനിക്കുന്നു. പിന്നീട് ഫറവോരാജാവിന്റെ സ്വപ്നങ്ങൾക്ക് വ്യക്തമായ വ്യാഖ്യാനം നൽകിയതുകൊണ്ട് യൗസേപ്പ് ഈജിപ്തിലെ പ്രധാനമന്ത്രിയായി നിയമിക്കപ്പെട്ടു.

41:45–46 യൗസേപ്പിന്റെ വിവാഹം. യൗസേപ്പിന് 'സാഫ്നത്ത്പനെയാ' (41:45) എന്ന പേര് ഫറവോ നൽകി. ആ പേരിനർത്ഥം ദൈവം ജീവിക്കുന്നു എന്നാണ്. ഓനിലെ പുരോഹിതനായ പൊത്തിഫെറായുടെ മകൾ അസ്നത്തിനെയാണ് യൗസേപ്പിന് ഭാര്യയായി ലഭിച്ചത്. 30–ാമത്തെ വയസ്സിലായിരുന്നു യൗസേപ്പിന്റെ വിവാഹം.

42–47 അതിരൂക്ഷമായ ക്ഷാമം. ധാന്യം അന്വേഷിച്ച് യൗസേപ്പിന്റെ സഹോദരന്മാർ ഈജിപ്തിലെത്തുന്നു. അവരുടെ ആത്മാർത്ഥത യൗസേപ്പ് പരീക്ഷിച്ചറിയുന്നു. അവസാനം, പിതാവിനോടൊപ്പം തന്റെ കൂടെ ജീവിക്കാൻ യൗസേപ്പ് അവരെ ക്ഷണിക്കുന്നു. അങ്ങനെ ഗോഷെൻ (റമെസെസ്) എന്ന സ്ഥലത്ത് വന്ന് അവർ വാസമുറപ്പിച്ചു (46:26f; cfr. 47:6, 11, 17).

48:1–16 ഈജിപ്തിൽവച്ച് യൗസേപ്പിനു ജനിച്ച മക്കളായ മനാസ്സെ, എഫ്രായിം എന്നിവരെ സ്വന്തം ഭവനത്തിലേക്കും ഗോത്രത്തിലേക്കും യാക്കോബ് സ്വീകരിക്കുന്നു. എഫ്രായിം യൗസേപ്പിന്റെ ഗോത്രത്തെ പ്രതിനിധാനം ചെയ്യുന്നു. മനാസ്സെ അർദ്ധഗോത്രമായി പരിഗണിക്കപ്പെട്ടു. (cfr. ഉല്പ. 48:5,14; ജോഷ്വ 13:29; 14:4; 11:14).

49:1–33 യാക്കോബിന്റെ അന്ത്യവചസ്സുകളും അനുഗ്രഹാശിസ്സുകളും.

50:26 യൗസേപ്പിന്റെ മരണം. ഈജിപ്തിൽവച്ച് 110–ാം വയസ്സിലാണ് യൗസേപ്പ് മരിച്ചത്.

www.malankaralibrary.com

# 2. പുറപ്പാട്

അന്ത്യവചസ്സുകളായി യൗസേപ്പ് തന്റെ സഹോദരന്മാരോടു പറഞ്ഞത്: "ഞാൻ മരിക്കാറായി. എന്നാൽ ദൈവം നിങ്ങളെ സന്ദർശിക്കുകയും, അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും വാഗ്ദാനം ചെയ്തിട്ടുള്ള നാട്ടിലേക്കു അവിടുന്ന് നിങ്ങളെ നയിക്കുകയും ചെയ്യും." (ഉല്പ 50:24). യൗസേപ്പിന്റെ ഈ വാക്കുകളിൽ ഉല്പത്തി പുസ്തകവും പുറപ്പാടു പുസ്തകവും തമ്മിലുള്ള ബന്ധം വളരെ വ്യക്തമായി കാണാം.

പഞ്ചഗ്രന്ഥത്തിന്റെ മൊത്തത്തിലുള്ള പ്രമേയം ദൈവജനത്തിന്റെ ഉത്ഭവവും ദൈവരാജ്യത്തിന്റെ ഭൂമിയിലുള്ള സ്ഥാപനവുമാണല്ലോ. ഇവയുടെയെല്ലാം കേന്ദ്രസ്ഥാനത്തു പുറപ്പാടിന്റെ പുസ്തകം നിലകൊള്ളുന്നു. ഇതിലാണ് ദൈവത്തെ പരമാധികാരിയായി അംഗീകരിച്ചുകൊണ്ട് ദൈവിക നിയമങ്ങൾക്കനുസൃതമായി രാജ്യഭരണം നടത്തുന്ന ഒരു ജനസമൂഹവും (Theocratic nation) അതിനു വഴിതെളിയിച്ച സംഭവവികാസങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത്. ഈ പുസ്തകത്തിലെ പ്രമേയത്തെയും പുറപ്പാട് അനുഭവത്തെയും കേന്ദ്രീകരിച്ചാണ് പഞ്ചഗ്രന്ഥത്തിലെ മറ്റു പുസ്തകങ്ങളിലെ പ്രമേയങ്ങൾ രൂപം പ്രാപിച്ചതെന്ന് സ്വഭാവികമായി അനുമാനിക്കേണ്ടയിരിക്കുന്നു.

ഇസ്രായേൽക്കാർ ഈജിപ്തിൽ നിന്നു പുറപ്പെട്ടതിനെയാണ് 'പുറപ്പാട്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. 40 അദ്ധ്യായങ്ങളുള്ള ഈ ഗ്രന്ഥം രണ്ട് അടിസ്ഥാനവിഷയങ്ങളെ ചുഴ്ന്നു നില്ക്കുന്നു.

1. ഈജിപ്തിൽ നിന്നുള്ള വിമോചനം
2. സീനായ് ഉടമ്പടി

ഈ ഗ്രന്ഥത്തിലെ ഇതരവിഷയങ്ങളെല്ലാം ഇവയിലേതെങ്കിലും ഒന്നിനോട് ബന്ധപ്പെട്ടു നില്ക്കുന്നു.

മോശയാണ് പുറപ്പാടു സംഭവത്തിലെ പ്രധാന കഥാപാത്രം. ദൈവത്തിൽ മോശക്കുള്ള അചഞ്ചല വിശ്വാസം, ഇസ്രായേൽ ജനത്തോടുള്ള മോശയുടെ ആഴമേറിയ സ്നേഹം, മോശ അവർക്കു നല്കിയ ധീരനേതൃത്വം എന്നിവയെല്ലാം പുറപ്പാടുഗ്രന്ഥം വായിക്കുന്നവരുടെ മനസ്സിൽ മായാത്ത മുദ്രപതിക്കുമെന്നതിൽ സംശയമില്ല.

**കാലഘട്ടം**

ബൈബിളിതര രേഖകളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ, ബി.സി. 1250–നടുത്ത് പുറപ്പാട് സംഭവിച്ചിരിക്കാനാണ് സാദ്ധ്യത. ഈ രേഖകളനുസരിച്ച്, ഈജിപ്തിലെ റാംസെസ് രണ്ടാമൻ രാജാവാണ് ഹെബ്രായരെക്കൊണ്ട് അടിമവേല ചെയ്യിച്ച് "റാംസെസ് അവാരിസ്" (റാംസെസിന്റെ ഭവനം) എന്ന തലസ്ഥാന നഗരം നിർമ്മിച്ചത്. ഇതിന്റെ സൂചന. പുറ. 1:11–ൽ കാണാം.

www.malankaralibrary.com

ഫറവോ കുടുംബത്തിലെ റാംസെസ് രണ്ടാമൻ ഈജിപ്തു ഭരിച്ചിരുന്നത് ബി.സി. 1290 – 1224 കാലഘട്ടത്തിലായിരുന്നെന്നാണ് കൊട്ടാരരേഖകളിൽ കാണുന്നത്. അങ്ങനെയെങ്കിൽ, ബി.സി. 13-ാം ശതകത്തിലാണ് മോശ ജീവിച്ചിരുന്നതെന്നു വേണം അനുമാനിക്കുവാൻ. എന്നാൽ ഇന്ന് മറ്റൊരഭി പ്രായം കൂടി പ്രചരിച്ചു തുടങ്ങിയിട്ടുണ്ട്. രാജാക്കന്മാരുടെ ഒന്നാം പുസ്തക ത്തിൽ (1 രാജാ. 6:1) സോളമൻ രാജാവിന്റെ ഭരണത്തിന്റെ 4-ാം വർഷമാണ് ജെറുസലെം ദേവാലയത്തിന്റെ പണി ആരംഭിച്ചതെന്നും അപ്പോൾ പുറപ്പാടു സംഭവം കഴിഞ്ഞ് 480 വർഷമായിരുന്നു എന്നും പ്രസ്താവിച്ചിരിക്കുന്നു. സോ ളമൻ രാജാവായത് ബി.സി. 960 ലാണെന്ന് ഏറെക്കുറെ ഇന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. അതനുസരിച്ച് നോക്കിയാൽ 956 + 480 = 1436 ബി.സി. യിലായിരുന്നു പുറപ്പാട്. പുരാവസ്തു ഗവേഷകരിൽ ചിലരും ഇതിനെ അനു കൂലിക്കുന്നു. കാരണം ജെറീക്കോ പട്ടണത്തിന്റെ മതിലുകൾ തകർന്നു വീ ണത് (ജോഷ 6:20) ബി.സി. 1400-ന് മുമ്പാണെന്നാണ് അവരുടെ അനു മാനം. (cf. J.J. Bimson, Redating the Exodus and Conquest, 1981).

## കാലദൈർഘ്യം

ഹെബ്രായരുടെ ഈജിപ്തു വാസത്തിന്റെ കാലദൈർഘ്യത്തെക്കുറിച്ച് വ്യത്യസ്ത നിഗമനങ്ങളാണുള്ളത്. ഇതേക്കുറിച്ചുള്ള ബൈബിൾ പ്രസ്താവ ങ്ങളിൽ പൊരുത്തക്കേടുകൾ കാണാം.

ഉല്പ. 15:13; അപ്പ. പ്ര. 7:6 = 400 വർഷം

പുറ 12:40, ഗലാ. 3:17 = 430 വർഷം

ഉല്പ. 15:16 = 4 തലമുറ

ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തി ജനിക്കാൻ വേണ്ടത്ര കാല മാണ് യഹൂദ സങ്കല്പത്തിലെ ഒരു തലമുറയുടെ ദൈർഘ്യം. ഇത് ഒരിക്കലും 40 വർഷത്തിലധികം വരുന്നതല്ല. യൗസേപ്പ് 3 തലമുറകൾ കണ്ടു എന്നു രേ ഖപ്പെടുത്തിയിരിക്കുന്നു. 110 വർഷമാണ് യൗസേപ്പിന്റെ ജീവിതകാലം. (ഉല്പ 50:22-23) അതിനാൽ ഉല്പ. 15:16 അനുസരിച്ച് ഇസ്രായേൽക്കാരുടെ ഈജി പ്തുവാസം ഏറെക്കുറെ 150 വർഷമാണ്. ചില ആധുനിക പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഇതാണ് ഏറ്റവും സ്വീകാര്യമായ കാലയളവ്. മറ്റുള്ള രണ്ടു പരാമർശങ്ങൾ വംശാവലികളുടെ അടിസ്ഥാനത്തിലോ, പ്രിയപ്പെട്ട സംഖ്യക ളുടെ പേരിലോ ചില പാരമ്പര്യങ്ങളിൽ നിന്ന് ഉത്ഭവിച്ചതായിരിക്കണം.

## പുറപ്പെട്ടവരുടെ സംഖ്യ

ഈജിപ്തിൽ നിന്നും പുറപ്പെട്ട ഇസ്രായേൽ മക്കളുടെ സംഖ്യ വളരെ പെരുപ്പിച്ച് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ബൈബിൾ വിവരമനു സരിച്ച് സ്ത്രീകളും കുട്ടികളും കൂടാതെതന്നെ 6 ലക്ഷം പേർ (പുറ 12:37). എന്നാൽ ഒരു ഔദ്യോഗിക ജനസംഖ്യാ കണക്കെടുപ്പിനുസരിച്ച്

www.malankaralibrary.com

ഈജിപ്തിലെ ജനസംഖ്യ ബി.സി. 1-ാം നൂറ്റാണ്ടിൽ ഏഴു ലക്ഷമായിരുന്നു. പുറപ്പാടിനു ശേഷം 12 നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഈജിപ്തിലെ മൊത്തം ജനസംഖ്യ ഏഴുലക്ഷമേ ഉണ്ടായിരുന്നുള്ളൂവെങ്കിൽ ഈജിപ്തിൽ നിന്നും 12 നൂറ്റാണ്ടുകൾക്കു മുമ്പ് പുറപ്പെട്ട അടിമകളുടെ അംഗസംഖ്യ സ്ത്രീകളും കുട്ടികളും കൂടാതെ തന്നെ 6 ലക്ഷം ഉണ്ടായിരുന്നു എന്നതു അതിശയോക്തി പരമല്ലേ? ബൈബിളിലെ മറ്റൊരു വസ്തുത ഇത്തരുണത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഹെബ്രായ സ്ത്രീകളുടെ പ്രസവ പരിചരണത്തിനു രണ്ടു സൂതികർമ്മിണികൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നകാര്യം (പുറ. 1:15). ഇതിന്റെയെല്ലാം വെളിച്ചത്തിൽ പുറപ്പാട് സമയത്ത് ഇസ്രായേൽക്കാരുടെ സംഖ്യ വളരെ വലുതായിരുന്നെന്ന് കരുതാൻ ന്യായമില്ല. ഒരു പക്ഷേ, ഈജിപ്തിൽ നിന്നു പുറപ്പെട്ടവർ എല്ലാവരുംകൂടി ഉദ്ദേശം ഇരുപതിനായിരത്തോളമുണ്ടായിരുന്നിരിക്കാമെന്നാണ് പല പണ്ഡിതന്മാരുടെയും അഭിപ്രായം.

### മോശയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ

| | |
|---|---|
| പുറ. 2:1-2 | മോശയുടെ ജനനം. ലേവിയുടെ ഗോത്രത്തിലാണ് മോശ ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് അംറാം; മാതാവ് യോക്കെബെദ് (പുറ. 2:1, 6:20; സംഖ്യ 26:52). മോശക്ക് മറിയം എന്നു പേരുള്ള സഹോദരിയും അഹറോൻ എന്നു പേരുള്ള ജ്യേഷ്ഠ സഹോദരനും ഉണ്ടായിരുന്നു. (പുറ. 2:4, 7:7) |
| 2:3-4. | മോശക്കു മൂന്നുമാസം പ്രായമുള്ളപ്പോൾ മാതാപിതാക്കൾ അദ്ദേഹത്തെ ആറ്റുതീരത്ത് ഉപേക്ഷിച്ചു. |
| 2:5-10 | ദൈവത്തിന്റെ അത്ഭുതകരമായ പരിപാലനയാൽ രാജകൊട്ടാരത്തിൽ വളരാനിടയായി. |
| 2:11-15 | മിദിയാനിലേക്ക് മോശയുടെ പലായനം. ഹെബ്രായനെ ഉപദ്രവിച്ച ഈജിപ്തുകാരനെ കൊല്ലാൻ ഇടയായതുകൊണ്ട് അദ്ദേഹം ഫറവോയെ ഭയപ്പെട്ട് ഓടിയതാണ്. |
| 2:16-22 | മോശയുടെ വിവാഹം. മിദിയാനിലെ ഒരു പുരോഹിതനായ ജെത്രോയുടെ (റെവുവേൽ) മകൾ സിപ്പോറായെ അദ്ദേഹം വിവാഹം ചെയ്തു. |
| 3:1-4:12 | മോശയുടെ ദൈവവിളി. ജ്വലിക്കുന്ന ഒരു കുറ്റിക്കാട്ടിൽ ദൈവം പ്രത്യക്ഷപ്പെട്ട്, ഫറവോന്റെ അടിമത്തത്തിൽ നിന്ന് ഇസ്രായേലിനെ രക്ഷിക്കുവാൻ തന്റെ പ്രതിനിധിയായി മോശയെ നിയമിച്ചു. ദൈവം തന്റെ പേര് മോശയ്ക്ക് വെളിപ്പെടുത്തിയതായി പറയുന്നു. (3:14). "എഹ്‌യെ അഷെർ എഹ്‌യെ" എന്ന് ഹീബ്രുവിൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം "ഞാൻ ആയിരിക്കുന്ന എല്ലാറ്റിന്റെയും കാരണക്കാരൻ ആകുന്നു." (സ്രഷ്ടാവ്!) |

www.malankaralibrary.com

എന്നത്രേ. ഇതിൽ നിന്ന് 'യാഹ്‌വെ' എന്ന ക്രിയാനാമം പ്രയോഗത്തിൽ വന്നു. യഹോവ എന്ന ഉച്ചാരണം ശരിയല്ല. അത് പിൽക്കാലത്തുണ്ടായ തെറ്റുദ്ധാരണയുടെ ഫലമായി ബൈബിൾ രേഖകളിൽ കടന്നുകൂടിയതാണ് (4;1-9). 4:14-15 മോശയുടെ വക്താവായി അഹറോനെ നൽകുന്നു. (4:27-31).

4:24-26 മോശയുടെ അസുഖം. ഈജിപ്തിലേക്കു പോകുന്നവഴിയിൽ മോശ പെട്ടെന്ന് രോഗിയായി. അതൊരു ദൈവശിക്ഷയാണെന്ന് അദ്ദേഹത്തിന്റെ ഭാര്യ കരുതി. അവൾ ഒരു കൽക്കത്തിയെടുത്ത് മോശയെയും മകനെയും ഛേദനാചാരം ചെയ്തു. ഉടനെ മോശ സുഖം പ്രാപിച്ചു.

7-11 പത്തു ബാധകൾ. ഫറവോയുടെ ഹൃദയകാഠിന്യവും ഇസ്രായേൽക്കാരെ വിട്ടയയ്ക്കുന്നതിനുള്ള വൈമനസ്യവും കാരണം ഈജിപ്തിൽ ദുരന്തങ്ങളുടെ ഒരു പരമ്പരതന്നെ അനുഭവപ്പെട്ടു. അവയെ ബൈബിളിൽ 'ബാധകൾ', 'അത്ഭുതങ്ങൾ', 'അടയാളങ്ങൾ' എന്നൊക്കെയാണു വിളിച്ചിട്ടുള്ളത്. ഈ വിപത്തുകളെ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നതിന്റെ ഉദ്ദേശ്യം ഇസ്രായേൽ ജനങ്ങളുടെ ഈജിപ്തിൽ നിന്നുള്ള പുറപ്പാട് ദൈവത്തിന്റെ അത്ഭുതകരമായ അനുഗ്രഹവും ഇടപെടലും നിമിത്തമാണ് സുസാദ്ധ്യമായിത്തീർന്നതെന്ന് സ്ഥാപിക്കുവാനാണ്.

12-13 പെസഹാ: പെസഹാ എന്ന ഹീബ്രു പദത്തിന് 'കടന്നുപോകൽ' എന്നാണർത്ഥം. (പുറ. 12:26-27). ഈജിപ്ത് വിടുന്നതിനു മുമ്പ് ദൈവകല്പന അനുസരിച്ച് അവർ പെസഹാചാരണം നടത്തി. അതിപ്രകാരമായിരുന്നു: ഒരു വർഷം പ്രായമായ ഒരാട്ടിൻ കുട്ടിയെ ആചാരപ്രകാരം കൊന്ന് അതിന്റെ രക്തം കട്ടിളപ്പടിയിൽ തളിച്ചു. ആടിന്റെ എല്ലുകൾ ഒടിക്കാതെ മാംസം പാകപ്പെടുത്തി. അത് പുളിപ്പില്ലാത്ത അപ്പവും കയ്പുള്ള സസ്യങ്ങളും കൂട്ടി ഭക്ഷിച്ചു. അനന്തരം ദൈവത്തിന്റെ സംഹാരദൂതൻ ഈജിപ്തുകാരുടെ ഭവനങ്ങളിൽ പ്രവേശിച്ച് അവരുടെ ആദ്യജാതന്മാരെയെല്ലാം വധിച്ചു. കുഞ്ഞാടിന്റെ രക്തം കൊണ്ട് അടയാളപ്പെടുത്തിയിരുന്ന ഇസ്രായേൽക്കാരുടെ ഭവനങ്ങളിൽ പ്രവേശിക്കാതെ ദൂതൻ കടന്നുപോയി. ആടിന്റെ അസ്ഥികൾ തകർക്കാതിരുന്നത് ജീവനോടുള്ള ബഹുമാനം കൊണ്ടാണ്. ജീവൻ രക്തത്തിലോ, അസ്ഥിക്കുള്ളിലെ മജ്ജയിലോ ആണ് സ്ഥിതിചെയ്യുന്നതെന്ന് അവർ വിശ്വസിച്ചിരുന്നു. (ലേവ്യ. 17:11). ആട്ടിൻകുട്ടി ഒരു വയസ്സുള്ളതും, ഊനമറ്റതും, മുട്ടാടും ആയിരിക്കണമെന്നു പറഞ്ഞിരിക്കുന്നത് (പുറ. 12:5), മോശ

www.malankaralibrary.com

യുടെ നിയമമനുസരിച്ച് ആകുന്നു (നിയ. 15:19–23). ആദ്യജാതർ ദൈവത്തിന്റേതാണെന്ന അതിപുരാതന പാരമ്പര്യത്തിൽ നിന്ന് രൂപംകൊണ്ട നിയമങ്ങളാണിവ.

ആരംഭത്തിൽ കുടുംബങ്ങളിൽ മാത്രമാണ് പെസഹാ ആഘോഷിച്ചിരുന്നത്. പിൽക്കാലത്ത് അത് ജെറുസലെം ദേവാലയത്തിലെ ഏറ്റവും പ്രധാന തിരുനാളായിത്തീർന്നു. ബി.സി. ഏഴാം നൂറ്റാണ്ടിൽ ഭരിച്ചിരുന്ന ജോസിയ രാജാവിന്റെ കല്പനയനുസരിച്ചാണ് ഈ മാറ്റം ആദ്യമായി നടപ്പിൽ വന്നത്. (2 രാജ. 23:21–23; 2 ദിന. 30:1–7, 24; 35:7–9). പുതിയ നിയമത്തിൽ ആട്ടിൻകുട്ടിക്കു പകരം ഈശോ തന്നെ പെസഹാക്കുഞ്ഞാടായി ബലിയർപ്പിക്കപ്പെടുന്നു. കുർബാന എന്ന കൂദാശ വഴി അവിടുത്തേ തിരുരക്തം നിത്യരക്ഷയുടെ അടയാളമായി സഭയിൽ ഇന്നും നിലകൊള്ളുന്നു.

14:1–31. അത്ഭുതകരമായി കടൽ കടന്ന സംഭവം; ഹീബ്രുമൂലത്തിൽ ഇസ്രായേൽക്കാർ അത്ഭുതകരമായി 'യാംസൂഫ്' കടന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. "യാംസൂഫ്" (Sea of reeds) എന്ന വാക്കിന്റെ അർത്ഥം ഞാങ്ങണകൾ ഉള്ള കടൽ എന്നാണ്. എന്നാൽ ഉപ്പുവെള്ളത്തിൽ ഞാങ്ങണകൾ വളരുകയില്ലെന്നൊരു വൈരുദ്ധ്യമുണ്ട്. ഹീബ്രുബൈബിളിന്റെ പ്രാചീന ഗ്രീക്ക് തർജ്ജമയായ സപ്തതിയിൽ 'എറിത്രിയൻ കടൽ' കടന്നു എന്നാണ് ഭാഷാന്തരപ്പെടുത്തിയിരിക്കുന്നത്. 'എറിത്രിയാ' എത്യോപ്യാ ആണ്. അതിനോട് ചേർന്നു കിടക്കുന്ന കടലിന്റെ പേരാണ് ചെങ്കടൽ. ഈ കടൽ വളരെ വിശാലമായ ഒന്നത്രെ. (200–400 കി.മീ. വീതി; 300 – 600 അടി ആഴം; 2000 കി.മീ. നീളം). ആധുനിക ഗ്രന്ഥകാരന്മാർ ഹീബ്രു മൂലത്തെ ആധാരമാക്കി, ചെങ്കടലിനു സമീപത്തുള്ള ശുദ്ധജല തടാകങ്ങളിൽ ഏതോ ഒന്നിനെക്കുറിച്ചാണ് ഗ്രന്ഥകാരൻ പ്രതിപാദിക്കുന്നതെന്നു വിശ്വസിക്കുന്നു. ചെറുതും വലുതുമായ നിരവധി തടാകങ്ങളുടെ ഒരു ശൃംഖല ചെങ്കടലിനും മദ്ധ്യധരണ്യാഴിക്കുമിടയ്ക്കു സ്ഥിതി ചെയ്തിരുന്നു. അവയെല്ലാം കൂട്ടിയിണക്കിയാണ് 1869–ൽ സൂയസ് കനാൽ നിർമ്മിച്ചത്. ഇന്ന് സൂയസ് കനാൽ സ്ഥിതിചെയ്യുന്ന ആ ഭാഗത്തെവിടെയെങ്കിലും വച്ച് പ്രസ്തുത അത്ഭുതം സംഭവിച്ചിരിക്കാമെന്ന് കരുതപ്പെടുന്നു. (cfr. 13:17–18).

16–17 മരുഭൂമിയിലൂടെയുള്ള യാത്ര. ബൈബിളിൽ മരുഭൂമി എന്ന പദം സൂചിപ്പിക്കുന്നത് മണലാരണ്യമല്ല. അങ്ങിങ്ങായി ചില വൃക്ഷ

www.malankaralibrary.com

ങ്ങളും ധാരാളം കുറ്റിക്കാടുകളും പാറക്കൂട്ടങ്ങളും കുന്നും മലയുമൊക്കെയുള്ള വിജനഭൂമിയാണ്. ഇസ്രായേൽക്കാരുടെ ഭക്ഷണത്തിനു ദൈവം അത്ഭുതകരമായി നല്കിയ മന്നായും കാടപക്ഷികളും ഈ പ്രദേശത്തു നിന്ന് അവിചാരിതമായി അവർക്ക് ലഭിച്ച ഏതോ ഭക്ഷണപദാർത്ഥങ്ങളായി വിചാരിക്കുന്നതിലും തെറ്റില്ല. അതും ദൈവത്തിന്റെ അത്ഭുതകരമായ പരിപാലനയുടെ ഫലമാണല്ലോ. മെറിബായിൽവച്ച് മോശ അത്ഭുതകരമായി പാറയിൽ നിന്ന് ശുദ്ധജലം പുറപ്പെടുവിച്ചെങ്കിലും ജനങ്ങളോടൊപ്പം മോശയും പിറുപിറുത്തത് വിശ്വാസക്കുറവിന്റെ സൂചനയായിരുന്നു. തന്നിമിത്തം ആ തലമുറയിലെ ആരും തന്നെ കാനാൻദേശത്തു ചെന്നെത്തുകയില്ല എന്നു ദൈവം പറഞ്ഞതിനെ സൂചിപ്പിക്കുന്നതായിരിക്കാം 40 വർഷത്തെ മരുഭൂമിവാസം. (പുറ. 17:1–7, സംഖ്യ 20:1–12, നിയമാ. 32:51 f; 8:2–4).

19–20 സീനായ് മലയിൽവച്ച് ചെയ്ത ഉടമ്പടി. ഉടമ്പടി എന്ന അർത്ഥത്തിൽ ഹീബ്രുവിൽ 'ബെറിത്ത്' എന്ന പദവും, ഗ്രീക്കിൽ 'ദിയാത്തെക്കെ' എന്ന പദവുമാണ് ഉപയോഗിച്ചു കാണുന്നത്. രണ്ടിന്റെയും ആശയം ഒന്നുതന്നെ. സ്ഥാനം കൊണ്ട് തുല്യരല്ലാത്ത രണ്ടു കക്ഷികൾ തമ്മിലുള്ള ഉടമ്പടിയെ സൂചിപ്പിക്കുന്നതാണ് പ്രയോഗം. ആദം, നോഹാ, അബ്രാഹം, മോശ തുടങ്ങിയവരോട് ദൈവം ഏകപക്ഷീയമായി ഉടമ്പടികൾ (unilateral) ഉണ്ടാക്കി. അങ്ങനെ സ്വയം മുൻകൈയെടുത്ത് ദൈവം മനുഷ്യവർഗ്ഗവുമായി വ്യക്തിപരമായ ബന്ധം സ്ഥാപിച്ചു. ദൈവം സീനായ് മലയിൽവച്ച് മോശയുമായി നടത്തിയ ഉടമ്പടിയാണ് പഴയനിയമത്തിലെ ഏറ്റവും ഉദാത്തമായ ഉടമ്പടി. ഇത് ദ്വിപക്ഷീയ ഉടമ്പടിയായിരുന്നു (bilateral). പത്തു കല്പനകൾ അഥവാ വ്യവസ്ഥകൾ ജനം പാലിക്കുകവഴിയാണ് ഇസ്രായേൽ ഒരു ദൈവാധിപത്യ രാഷ്ട്രമായിത്തീരുന്നത് (theocratic nation). ഈ പുതിയ രാഷ്ട്രത്തിന്റെ അടിസ്ഥാന നിയമങ്ങളാണ് (statutes) പത്തു കല്പനകൾ (പുറ. 20:1–17; നിയമാ. 5:6–12).

21–23: ഉടമ്പടിയുടെ പുസ്തകം. ഇസ്രായേല്യരുടെ പൂർവ്വികർ പരമ്പരാഗതമായി ആദരിച്ചു പോന്ന നിയമങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും മൂലബിന്ദുവും (nucleus) സ്രോതസ്സുമായി (source) ഈ അദ്ധ്യായങ്ങൾ കരുതപ്പെടുന്നു

24–31 ഉടമ്പടിയുടെ സ്ഥിരീകരണവും, അടിസ്ഥാന നിയമങ്ങളുടെ വിശദാംശങ്ങളും.

www.malankaralibrary.com

32–40 മോശയുടെ അഭാവത്തിൽ ജനത്തിന്റെ വിഗ്രഹാരാധനയ്ക്കായി സ്വർണ്ണംകൊണ്ട് ഒരു കാളക്കുട്ടിയെ ഉണ്ടാക്കിയതും, ദൈവത്തിന്റെ ശിക്ഷയും, ഉടമ്പടിയുടെ നവീകരണവും.

ചുരുക്കത്തിൽ പുറപ്പാടു പുസ്തകത്തിലെ പ്രതിപാദ്യം തെരഞ്ഞെടുക്കപ്പെട്ട ജനതയുടെ ചരിത്രത്തിലെ ഏറ്റവും വലിയ അനുഭവത്തിന്റെ കഥയാണെന്ന് നമുക്ക് പറയാൻ കഴിയും. അതുവഴി ഇസ്രായേൽ ജനത ദൈവാധിപത്യരാഷ്ട്രം (theocratic nation) എന്ന പദവിയിലേക്ക് ഉയർത്തപ്പെട്ടു. പുറപ്പാടു പുസ്തകം പ്രസ്തുത രാജ്യത്തിന്റെ സ്ഥാപനം. അടിസ്ഥാനനിയമങ്ങൾ, ജീവിതരീതി, ആചാരാനുഷ്ഠാനങ്ങൾ എന്നിവ വിവരിക്കുന്നു. വാഗ്ദാനത്തിന്റെ പേടകം, സാക്ഷ്യകൂടാരം എന്നിവയുടെ നിർമ്മിതിയും പ്രതിഷ്ഠയുമെല്ലാം ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. ആ പേടകത്തിലും കൂടാരത്തിലും അന്നുമുതൽ അരൂപിയും അദൃശ്യനുമായ ദൈവത്തിന്റെ സാന്നിദ്ധ്യം അവർക്ക് അനുഭവപ്പെടാൻ തുടങ്ങി. ഭൂമിയിൽ ക്രിസ്തു സ്ഥാപിക്കാനാഗ്രഹിച്ച ദൈവരാജ്യത്തിന്റെ മുന്നാസ്വാദനമായി ഇതിനെ കരുതാവുന്നതാണ് (മത്താ. 3 :2).

പല നൂറ്റാണ്ടുകൾക്കുശേഷം അതു സംഭവിച്ചു. ദൈവം അനുഗൃഹീതയായ കന്യകമറിയത്തിന്റെ ഉദരത്തെ ദൈവസാന്നിദ്ധ്യത്തിന്റെ പുതിയ കൂടാരമായി അംഗീകരിച്ചു, മംഗലവാർത്തയുടെ സന്ദർഭത്തിൽ, ദൈവത്തിന്റെ ഏകജാതനായ ഈശോമിശിഹാ അതിൽവന്നു വസിച്ചു. അങ്ങനെ അബ്രാഹത്തോടും പിൻഗാമികളോടും ദൈവം ചെയ്ത വാഗ്ദാനം പൂർത്തീകരിച്ചു. ചരിത്രപരമായി, പരിശുദ്ധ കന്യകമറിയത്തിലൂടെ 'ദൈവം നമ്മോടുകൂടെ' (എമ്മാനുവേൽ, മത്താ. 1:23) വാസം ആരംഭിച്ചു. ഇന്ന് കൗദാശികമായി പരിശുദ്ധ കുർബാനയിലൂടെയും, ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയിലൂടെയും ദൈവം നമ്മോടുകൂടെ വസിക്കുന്നു. സഭവഴി എല്ലാ മനുഷ്യരും രക്ഷയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു.

## 3. ലേവ്യർ

പഞ്ചഗ്രന്ഥത്തിലെ മൂന്നാമത്തെ പുസ്തകമാണിത്. ഒരു പക്ഷേ, ഇതിനെ പുരോഹിതന്മാരുടെ ഗ്രന്ഥമെന്നോ, കർമ്മാനുഷ്ഠാന നിയമങ്ങൾ എന്നോ വിളിക്കുകയായിരിക്കും കൂടുതൽ ഉചിതം. ആരാധനയ്ക്കും ബലിയർപ്പണത്തിനും വിശുദ്ധിക്കും പാലിക്കേണ്ട നിയമങ്ങളാണ് പ്രധാനമായും ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. യഹൂദ സംസ്കാരത്തിലും ജീവിതരീതിയിലും ലേവ്യരുടെ പുസ്തകം വമ്പിച്ച സ്വാധീനം ചെലുത്തുകയുണ്ടായി. ഇതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്നാമതായി, ദൈവജനമായ ഇസ്രായേലിന്റെ ആരാധനക്രമവും ജീവിതചര്യകളും ഈ പുസ്തകത്തെ അടിസ്ഥാനമാക്കിയായിരുന്നു.

www.malankaralibrary.com

രണ്ടാമതായി, "വിശുദ്ധരാകുന്നതിന്" എല്ലാവർക്കും പ്രേരണ നല്കിയ സ്രോതസ്സും ഈ ഗ്രന്ഥമായിരുന്നു. (ലേവ്യ. 19:2). യഹൂദ ജീവിതത്തെ നിയന്ത്രിച്ചിരുന്ന നിയമങ്ങളിൽ പകുതിയോളവും (മിദ്റാഷ്, മിഷ്ന), തൽമൂദിലെ അത്രയും തന്നെ നിയമങ്ങളും (619) പ്രധാനമായി ലേവ്യരുടെ ഗ്രന്ഥത്തെ ആസ്പദമാക്കിയുള്ളതാണ്.

## ഉദ്ഭവവും ഗ്രന്ഥകർത്തൃത്വവും

പഞ്ചഗ്രന്ഥത്തിലെ മറ്റു പുസ്തകങ്ങളെല്ലാം വ്യത്യസ്തമായ പല സ്രോതസ്സുകളിൽ നിന്നു രൂപം കൊണ്ടിട്ടുള്ളതാണ്. എന്നാൽ ലേവായ ഗ്രന്ഥത്തിന് ഒരു സ്രോതസ്സേയുള്ളു. – പുരോഹിത പാരമ്പര്യം (P).

ലേവിയരുടെ ഗ്രന്ഥത്തിന്റെ പ്രമേയങ്ങളുടെ മൂലകേന്ദ്രം 17–26 അദ്ധ്യായങ്ങളിൽ കാണാം. വിശുദ്ധിയുടെ നിയമസംഹിത (holiness code) എന്നു പ്രസ്തുതഭാഗത്തെ വിളിക്കുന്നു. വിപ്രവാസത്തിനു മുമ്പ് ജറുസലെമിലെ പുരോഹിതരാണ് വിശുദ്ധിയുടെ ഈ നിയമസംഹിത പ്രസിദ്ധീകരിച്ചതെന്ന് വിശ്വസിക്കുന്നു. (ബി.സി. 6–ാം നൂറ്റാണ്ടിനു മുമ്പ്). പ്രവാസത്തിനുശേഷം (ബി.സി. 598 –538) അതു പുനഃപ്രസാധനം ചെയ്യണമെന്ന് പുരോഹിതന്മാർക്ക് തോന്നി. ഈയവസരത്തിലാണ് മറ്റുള്ള അദ്ധ്യായങ്ങളും ഇതിനോടു ചേർത്തത്.

## ലേവ്യഗ്രന്ഥത്തിലെ സുപ്രധാന വിഷയങ്ങൾ

ലേവ്യ. 1–7: ബലികളുടെ അനുഷ്ഠാന ക്രമങ്ങൾ. ഈ ഭാഗത്ത് ദഹനബലി, ബലിമൃഗം, അവൈദിക ബലി സമർപ്പകൻ, ആഹൂതി, സമർപ്പണം, പുരോഹിതനായ ബലിസമർപ്പകൻ എന്നീ വിഷയങ്ങളെക്കുറിച്ചു വിശദമാക്കുന്നു.

8–10 പുരോഹിതാഭിഷേകത്തിന്റെ കർമ്മങ്ങൾ. അഹറോന്റെയും പുത്രന്മാരുടെയും അഭിഷേകത്തിന്റെ രൂപത്തിലാണ് പുരോഹിതരുടെ അഭിഷേകം വിവരിച്ചിരിക്കുന്നത്.

11–16 നിയമപരമായ വിശുദ്ധി. പഴയനിയമമനുസരിച്ച് ചില അവസ്ഥകളും പ്രവൃത്തികളും ആളുകളെ ദൈവാരാധനയിൽ പങ്കെടുക്കാൻ അയോഗ്യരാക്കിയിരുന്നു. കർമ്മപരമായ ഈ അശുദ്ധിയുടെ ഉത്ഭവം പൗരസ്ത്യരുടെയിടയിൽ സാധാരണമായിരുന്ന ആചാരങ്ങൾ, വിലക്കുകൾ, ആരോഗ്യപരമായ കാരണങ്ങൾ, മുൻവിധികൾ എന്നിവയിൽ നിന്നാണ്.

17–26 വിശുദ്ധിയുടെ നിയമസംഹിത – ഇതാണ് പുസ്തകത്തിന്റെ കേന്ദ്രഭാഗം, ലൈംഗികകാര്യങ്ങളുടെ ധാർമ്മികത, അയൽക്കാരോടുള്ള സ്നേഹം, പുരോഹിത വിശുദ്ധിയെ സംബന്ധിക്കുന്ന

www.malankaralibrary.com

ചില പ്രത്യേക നിയമങ്ങൾ തുടങ്ങിയവയെല്ലാം ഇതിന്റെ ആദ്യ ഭാഗത്തു പ്രതിപാദിക്കുന്നു. 23-ാം അദ്ധ്യായത്തിൽ സാബത്ത്, പെസഹാ, ആഴ്ചവട്ടങ്ങളുടെ തിരുനാൾ, പാപപരിഹാര ദിവസം, കൂടാരത്തിരുനാൾ എന്നിവയെ സംബന്ധിക്കുന്ന ഒരു പഞ്ചാംഗം ഉൾപ്പെടുന്നു. 25-ാം അദ്ധ്യായത്തിൽ സാബത്തുവർഷം, ജൂബിലിവർഷം എന്നിവയുടെ ആചരണത്തെക്കുറിച്ചു പ്രതിപാദിക്കുന്നു.

27: അനുബന്ധമെന്ന നിലയിൽ ഈ അദ്ധ്യായത്തിൽ ദൈവത്തിനു നേർന്നിട്ടുള്ള ആളുകളെയും മൃഗങ്ങളെയും ആ ബാദ്ധ്യതയിൽ നിന്നു മോചിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു.

## 4. സംഖ്യ

സംഖ്യയുടെ പുസ്തകത്തെ പുറപ്പാടിന്റെ തുടർച്ചയായി കാണാം. അതായത്, പുറപ്പാടിന്റെ പുസ്തകത്തിൽ കാണുന്ന മരുഭൂമിയിലൂടെയുള്ള യാത്രയുടെ വിവരണം ഈ ഗ്രന്ഥത്തിൽ തുടങ്ങുന്നു. ഇതിനും പുറമെ ഇസ്രായേൽ എന്ന ദൈവാധിപത്യ സമൂഹത്തിലെ വിവിധ സംഘടനകളുടെ ഉത്ഭവത്തെക്കുറിച്ചുള്ള വിവരങ്ങളും ഈ പുസ്തകത്തിൽ നിന്നും ലഭ്യമാണ്. പല തരം കണക്കുകളുടെ വിവരണങ്ങളും ഇതിൽ പെടുന്നുണ്ട്. ജനസംഖ്യകൾ, ജോലികളുടെ വിഭജനങ്ങൾ, ഭൂമി ഭാഗം വച്ചതിന്റെ കണക്കുകൾ തുടങ്ങിയവയെക്കുറിച്ചെല്ലാം ഇതിൽ പ്രതിപാദിക്കുന്നതു കൊണ്ടായിരിക്കണം ഈ പുസ്തകത്തിന് സംഖ്യകളുടെ പുസ്തകം എന്നു പേരുണ്ടായത്.

പ്രധാനമായും മൂന്നു സ്ഥലങ്ങളിലെ സംഭവപരമ്പരകളാണ് സംഖ്യാപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 1. സീനായിൽ വച്ചുള്ളവ (1-9). 2. ജോർദ്ദാനക്കരെ സംഭവിച്ചവ (10-21). 3. മോവാബ് സമതലത്തിൽ നടന്നവ (22-36).

### 'സംഖ്യ'യിലെ പ്രധാന ഉള്ളടക്കം

സംഖ്യ 1-4. സീനാ മരുഭൂമിയിൽ നിന്നുള്ള യാത്രയുടെ ഒരുക്കങ്ങൾ, ജനസംഖ്യക്കണക്ക് സ്ത്രീകളുടെയും കുട്ടികളുടെയും കൂടാതെ 603550 ആളുകൾ (1:46); വിവിധ വിഭാഗക്കാരുടെ കടമകൾ.

5-6. വിശുദ്ധിയെ സംബന്ധിച്ച വിവിധ നിയമങ്ങൾ, നാസീർ വ്രതാനുഷ്ഠാനത്തിനുള്ള നിയമങ്ങൾ (6:1-12). ഇസ്രായേൽക്കാരുടെ ഇടയിലെ സന്യാസജീവിതത്തെക്കുറിച്ചുള്ള ആദ്യകാല തെളിവുകളാണ് ഈ നിയമങ്ങൾ. (cf. അപ്പ. പ്രവ. 18:18, 21;23-27).

7-8: കൂടാരപ്രതിഷ്ഠയും അതിനുള്ള സജ്ജീകരണങ്ങളും

www.malankaralibrary.com

9: പെസഹായുടെ ദ്വിതീയാചരണം.

1–16. സീനായിൽ നിന്നു മൊവാബിലേക്കുള്ള യാത്ര. ഈ ഭാഗത്ത് ഏതാനും സംഭവങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. മോശയ്ക്കും പുരോഹിതന്മാർക്കും എതിരായി ജനങ്ങൾ പിറുപിറുത്തതും പുറപ്പാടിനെ വിമർശിച്ചതും അതിന് ദൈവം ജനങ്ങൾക്ക് ശിക്ഷ നല്കിയതും, മോശയുടെ മദ്ധ്യസ്ഥ പ്രാർത്ഥനയും (14:13–22) മറ്റും. നാല്പതുവർഷം മരുഭൂമിയിൽ അലയാൻ ദൈവം അവരെ വിധിച്ചു (14:33–34).

17–21: അഹറോന്റെ വടി അത്ഭുതകരമായി തളിർക്കുകയും പൂക്കുകയും കായ്ക്കുകയും ചെയ്യുന്നു. (17:8). ദൈവശക്തിയിൽ സംശയാലുക്കളായതുകൊണ്ട് മോശയ്ക്കും അഹറോനും ശിക്ഷ കിട്ടി. വാഗ്ദത്ത നാട്ടിൽ കാൽകുത്താൻ അവർക്കു സാധിച്ചില്ല. (20:12; 27: 12–14). ഭയങ്കര സർപ്പങ്ങളാൽ ദംശിക്കപ്പെട്ടവരെ രക്ഷിക്കുന്നതിനു വേണ്ടി ഒരു പിത്തളസർപ്പത്തെ നിർമ്മിച്ച് അതിനെ ഒരു വടിയിൽ ഉയർത്തി നിർത്താൻ മോശയോട് ദൈവം ആജ്ഞാപിച്ചു. (21:9 cfr യോഹ. 3:14).

22–25. മോവാബിലെ സമതലങ്ങളിലെ വാസം. മോവാബിലെ രാജാവായിരുന്ന ബാലാക്ക് ഇസ്രായേൽക്കാരെ ശപിക്കുന്നതിനു വേണ്ടി ഭാവി പറയുന്നതിൽ പ്രസിദ്ധനായിരുന്ന ബാലാമിനെ ക്ഷണിച്ചുവരുത്തി. എന്നാൽ ബാലാമിന്റെ കഴുത മുന്നോട്ടു പോകാൻ കൂട്ടാക്കാതെ വഴിക്കു നിന്നിട്ട് അപകടത്തെക്കുറിച്ച് ബാലാമിന് മുന്നറിയിപ്പ് നൽകി (22;28–30). അതിനാൽ ഇസ്രായേൽക്കാരെ ശപിക്കുന്നതിനു പകരം ബാലാം അവരെ അനുഗ്രഹിച്ചു.

26. രണ്ടാമത്തെ ജനസംഖ്യ കണക്കെടുക്കൽ. ആകെ 601730 പേരുണ്ടായിരുന്നു (26:51).

27–36: ജോഷ്വായെ മോശയുടെ പിൻഗാമിയായി നിയമിക്കുന്നു (27:18). മിദിയാൻകാരെ തോല്പിക്കുന്നു; വസ്തുവകകളും സ്ഥലങ്ങളും വിഭജിച്ചു നല്കുന്നു.

**പൊതുവായ സന്ദേശം.**

കാലെബിനെപ്പോലെ കലവറയില്ലാതെ ദൈവത്തെ സേവിക്കുവാൻ സംഖ്യാപുസ്തകം എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. (സംഖ്യ 14-;24). ദൈവത്തിന്റെ ശക്തിയിലും നന്മയിലുമുള്ള അതിരറ്റ വിശ്വാസത്തോടെയാണ് നാം അവിടുത്തെ സ്നേഹിക്കേണ്ടത്. സീനായ് ഉടമ്പടി വഴി ഇസ്രായേൽ ഒരു ദൈവാധിപത്യ രാഷ്ട്രമായി തീർന്നെങ്കിലും ലോകത്തിന്റെ മക്കളെപ്പോലെ

www.malankaralibrary.com

ജഡികമായ പഴയ ജീവിതരീതി തുടരുകയാണ് ഇസ്രായേൽക്കാർ ചെയ്തത്. (പുറ. 32; സംഖ്യ 10–25). ദൈവം നല്കുന്ന ദാനങ്ങളോട് വിശ്വസ്തത പുലർത്താതിരുന്നാൽ നാശത്തിൽ നിപതിക്കും.

ഉദാത്തവും ഉന്നതവുമായ ലക്ഷ്യത്തിൽനിന്നും സ്വയം വ്യതിചലിച്ച് പരാജയം ഏറ്റുവാങ്ങിയ ഇസ്രായേൽ ജനത്തിന്റെ കഥയാണ് സംഖ്യയുടെ പുസ്തകം. ജ്ഞാനസ്നാനത്തിലൂടെ പുതിയ ദൈവജനമായിത്തീർന്നിട്ടും ദൈവികപാതയിൽ നിന്നു വ്യതിചലിക്കുന്ന ജനസഞ്ചയത്തിനു ചിന്തിക്കാനുള്ള വകനല്കുന്നുണ്ട് ഇസ്രായേലിന്റെ ഈ അനുഭവം! (cfr 1 കോറി. 10:1–13).

# 5. നിയമാവർത്തനം

പഞ്ചഗ്രന്ഥസമുച്ചയത്തിൽ നിയമാവർത്തന പുസ്തകവും ഒരു നല്ല പങ്കു വഹിക്കുന്നുണ്ട്. ഇസ്രായേൽ ജനതയെന്ന പുതിയ ദൈവിക രാഷ്ട്രത്തിന്റെ ചൈതന്യം നിർവ്വചിക്കുകയെന്ന സുപ്രധാന ധർമ്മമാണത്. ഉല്പത്തി ആ ജനതയുടെ ഉത്ഭവം വിവരിച്ചു. പുറപ്പാട് അവർ ഒരു രാഷ്ട്രമായിത്തീർന്നതെങ്ങനെയെന്നു പറഞ്ഞു. 'ലേവ്യർ' അതിന്റെ വിശുദ്ധിക്കാസ്പദമായ നിയമങ്ങൾ നിശ്ചയിച്ചു. സംഖ്യയുടെ പുസ്തകം അതിന്റെ സംഘടനാ സമ്പ്രദായത്തെയും സാമൂഹിക പ്രവർത്തനങ്ങളെയും പ്രതിപാദിച്ചു. നിയമാവർത്തനമാകട്ടെ ആ സമൂഹത്തിന്റെ ആന്തരിക ചൈതന്യവും ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചകളും വിവരിക്കുന്നു. സ്നേഹത്തിന്റെ ചൈതന്യമാണ് നിയമാവർത്തനം വിഭാവനം ചെയ്യുന്നത്. (നിയമാ. 6:5).

ദൈവവചനത്തോടുള്ള പ്രതിബദ്ധതയാണ് എല്ലാവിധ നന്മകൾക്കും നിദാനമായി നില്ക്കുന്ന ദൈവശാസ്ത്രം (നിയമ 4:1–14).

യോഹന്നാന്റെ സുവിശേഷം 13–17 അദ്ധ്യായങ്ങളിൽ ക്രിസ്തു നല്കിയിട്ടുള്ള പ്രഭാഷണങ്ങളുടെ സ്ഥാനവും പ്രാധാന്യവുമാണ് പഞ്ചഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളം നിയമാവർത്തന പുസ്തകത്തിനുള്ളതെന്നു പറയാം. അതായത് ദൈവമനുഷ്യ ബന്ധങ്ങളിൽ സ്നേഹത്തിനാണ് പ്രഥമസ്ഥാനമെന്ന് നിയമാവർത്തനം സാക്ഷിക്കുന്നു. നിയമാവർത്തന പുസ്തകത്തിന്റെ അടിസ്ഥാന സന്ദേശവും ദൈവശാസ്ത്രവും യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്ന ക്രിസ്തുവിന്റെ പുരോഹിത പ്രഭാഷണങ്ങളിലെ വാക്കുകളിൽ സംഗ്രഹിക്കാം: "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകൾ അനുസരിക്കുക" (യോഹ. 14:15; cfr നിയമാ 1:31, 4:32–40; 6:4–9; 7:7–13; 10:12–15; 11:1; 13:22; 13:2–4; 30:6–20; 32:1–20)

**ശീർഷകവും ഘടനയും**

നിയമാവർത്തനത്തിന് 'ഡ്യൂറ്ററോണമി' (Deuteronomy) എന്നാണ് ഇംഗ്ലീഷിൽ പറയുന്നത്. ഈ പദം ഗ്രീക്കിൽ നിന്ന് രൂപം പ്രാപിച്ചതാണ്.

www.malankaralibrary.com

'ഡ്യൂറ്ററോണമി' എന്ന വാക്കിന്റെ അർത്ഥം രണ്ടാം നിയമം എന്നാണ്. ഗ്രീക്കുമൂലത്തിൽ. പുറപ്പാടിന്റെ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളും ഇതിൽ ആവർത്തിക്കുകയോ വിശദീകരിക്കുകയോ ചെയ്തിട്ടുണ്ട്. (പുറ. 19:34 X നിയമാ. 5:28). അതിനാൽ ഗ്രീക്ക് വിവർത്തകർ (LXX) ഇതിനെ രണ്ടാം നിയമം എന്നു വിളിച്ചു.

ഒരു തെറ്റുദ്ധാരണയും ഇതിനു പിന്നിലുണ്ട്. ഹീബ്രുമൂലത്തിലെ 17:18-ൽ കാണുന്ന 'മിഷ്നെ ഹത്തോറ' എന്ന പദമാണ് തെറ്റുദ്ധാരണയ്ക്കടിസ്ഥാനം. "നിയമത്തിന്റെ ഒരു പകർപ്പ്" എന്നാണ് അതിന്റെ വാച്യാർത്ഥം. സപ്തതി അതിനെ ഗ്രീക്കിലേക്ക് "ദെവുത്തെരൊണൊമിയോൻ" അഥവാ, "രണ്ടാമത്തെ നിയമം" എന്നു തർജ്ജമ ചെയ്തു. പിൽക്കാലത്തുണ്ടായ വിവർത്തനങ്ങളെല്ലാം ഇതിനെ ആസ്പദമാക്കി ഉണ്ടായിട്ടുള്ളതാണ്. ഉള്ളടക്കത്തിൽ മാത്രമല്ല, ഘടനയിലും ഇതിന് 'പുറപ്പാടു'മായി വളരെ സാമ്യമുണ്ട്.

## വിഭജനവും ഉള്ളടക്കവും

നിയമാവർത്തനത്തെ നാലുഭാഗങ്ങളായി വിഭജിക്കാം. മോശയുടെ 4 സുദീർഘ പ്രഭാഷണങ്ങളാണ് ഈ വിഭജനത്തിന് ആധാരം.

ഒന്നാംഭാഗം, അദ്ധ്യായങ്ങൾ 1-4

ഇത് ചരിത്രപരമാണ്. സീനായ് മുതൽ മൊവാബ് വരെയുള്ള യാത്രയിൽ ദൈവം ഇസ്രായേലിനെ സ്നേഹപൂർവ്വം പരിപാലിച്ചതിനെക്കുറിച്ചു മോശ സംസാരിക്കുന്നു. (ഒന്നാം പ്രഭാഷണം)

രണ്ടാം ഭാഗം a) അദ്ധ്യായങ്ങൾ 5-11

ഇത് ഉടമ്പടിയെ സംബന്ധിച്ചാണ്. സീനായ്മലയിൽവച്ച് ദൈവം നല്കിയ ഉടമ്പടി ആവർത്തിക്കുന്നു. (5:6-21).

ദൈവത്തിന് ഇസ്രായേലിനോടുള്ള സ്നേഹത്തിന്റെ മഹത്തായ തെളിവാണ് ഉടമ്പടിയെന്ന് മോശ വിശദീകരിക്കുന്നു. (രണ്ടാം പ്രഭാഷണം)

രണ്ടാം ഭാഗം b) അദ്ധ്യായങ്ങൾ 12-26

നിയമങ്ങളെക്കുറിച്ചുള്ളതാണ് ഇത്. ഇസ്രായേലിനെ ഭരിക്കുന്ന ദൈവത്തിന്റെ നിയമങ്ങൾ വിശദീകരിച്ച് അവയോട് വിശ്വസ്തത പുലർത്തേണ്ടതിന്റെ ആവശ്യകത മോശ ഉറപ്പിച്ചു പറയുന്നു. (ഡ്യൂറ്ററോണൊമിക് കോഡ്)

മൂന്നാം ഭാഗം അദ്ധ്യായങ്ങൾ 27-28

നിയമങ്ങൾ ലംഘിക്കുന്നവർക്കുള്ള ശിക്ഷയും അനുസരിക്കുന്നവർക്കുള്ള പ്രതിഫലവും ഉടമ്പടി പാലിക്കാനുള്ള കടമയെക്കുറിച്ചും ദൈവിക നിയമങ്ങളെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നവരുടെ വിധിയെക്കുറിച്ചും മോശയുടെ പരാമർശങ്ങൾ. (മൂന്നാം പ്രഭാഷണം.).

www.malankaralibrary.com

നാലാം ഭാഗം അദ്ധ്യായങ്ങൾ (29-34). മോശയുടെ പിൻഗാമിയായി ജോഷ്വയെ നിയമിക്കുന്നു. ലിഖിതനിയമം പുരോഹിതന്മാരെ ഭരമേല്പിക്കുന്നു. (നാലാം പ്രഭാഷണം 29-30). അവസാനമായി ഇസ്രായേലിനെ അത്രയധികം സ്നേഹിച്ച ദൈവത്തെ സ്തുതിച്ചുകൊണ്ട് മോശ ഒരു ഗീതം ആലപിക്കുന്നു. (32:1-34). അനന്തരം മോശ ഇസ്രായേലിലെ എല്ലാ ഗോത്രങ്ങളെയും അനുഗ്രഹിക്കുന്നു. (33:1-29). മോവാബിൽ വച്ച്, തന്റെ 120-ാം വയസ്സിൽ മോശ മരിക്കുന്നു. (34:5-7).

**ദൈവശാസ്ത്ര പ്രാധാന്യം**

നിയമാവർത്തനം കേവലമൊരു നിയമഗ്രന്ഥമോ ചരിത്രരേഖയോ അല്ല. ദൈവത്തിലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിൽ അത് ചരിത്രത്തെ വിശദീകരിക്കുന്നു. സൃഷ്ടിയുടെ സമയം മുതൽ ചരിത്രത്തിൽ രക്ഷാകരമായ ഇടപെടലുകളിലൂടെ ദൈവം എപ്പോഴും പ്രവർത്തന നിരതനാണ്. അവിടുന്ന് വേണ്ടസമയത്ത് തക്കതായ മുന്നറിയിപ്പുകൾ കൊടുക്കുന്നുണ്ട്. തന്റെ കല്പനകളോടും നിയമങ്ങളോടുമുള്ള സമീപനമനുസരിച്ച് ഓരോരുത്തർക്കും ശിക്ഷകളും അനുഗ്രഹങ്ങളും നല്കുന്നു. അങ്ങനെ അവിടുന്ന് എല്ലാവരെയും സസൂക്ഷ്മം വീക്ഷിച്ച് രക്ഷയിലേക്ക് നയിക്കാൻ വെമ്പുന്നു.

ഇതിനുപുറമേ, ഇസ്രായേൽ രാഷ്ട്രത്തിന്റെ ആവിർഭാവത്തിനും നിലനില്പിനും ഹേതുവായിട്ടുള്ളത് ദൈവത്തിന്റെ ഊഷ്മളവും അപരിമിതവുമായ സ്നേഹം മാത്രമാണെന്നും ദൈവത്തോടുള്ള വിധേയത്വവും അനുസരണവും ഉൾക്കൊള്ളുന്ന സ്നേഹത്തിന്റെ പുനരർപ്പണത്തിലൂടെ മാത്രമേ ഇസ്രായേൽ വളരുകയും വികസിക്കുകയുമുള്ളുവെന്നും നിയമാവർത്തനം സ്പഷ്ടമാക്കുന്നു. ഇതിന് ബാഹ്യമായ നിയമാനുസരണം മാത്രം പോരാ. ആത്മാർത്ഥ ഹൃദയത്തോടും ലക്ഷ്യശുദ്ധിയോടും കൂടെ വേണം നിയമങ്ങൾ അനുസരിക്കാൻ. കാരണം, ദൈവം ഹൃദയങ്ങൾ കാണുന്നവനാണ്. അതിനാൽ അവിടുന്നുമായി താദാത്മ്യം പ്രാപിക്കാൻ അനുഗുണമായ ആന്തരിക പരിവർത്തനം കൂടിയേ തീരൂ. ഇപ്രകാരം നോക്കുമ്പോൾ നിയമാവർത്തന പുസ്തകം പഴയനിയമ ദൈവശാസ്ത്രത്തിന്റെ ആത്മാവാണെന്ന് പറയാം.

# തോറയെ അടിസ്ഥാനമാക്കിയുള്ള പ്രബോധനങ്ങളും രേഖകളും

## 1. മിദ്റാഷ് (= വ്യാഖ്യാനം)

ബൈബിൾ വാചകങ്ങൾ വായിച്ച് വ്യാഖ്യാനിച്ചു പറഞ്ഞു പോകുന്ന രീതിയായിരുന്നു പുരാതനകാലത്ത് പ്രചാരത്തിലിരുന്ന പ്രബോധനമാർഗ്ഗം. എസ്രായാണ് ഈ രീതി ഉപയോഗിച്ചു തുടങ്ങിയത് (ബി.സി. 6-ാം നൂറ്റാണ്ടിൽ). പിൽക്കാലത്ത് ബൈബിൾഭാഗം വായിക്കാതെയുള്ള വ്യാഖ്യാനരീതി

www.malankaralibrary.com

പ്രാബല്യത്തിൽ വന്നു. ഇങ്ങനെ വാമൊഴിയായി നല്കിയിരുന്ന വ്യാഖ്യാനങ്ങളുടെയും പ്രബോധനങ്ങളുടെയും സമാഹാരമാണ് മിദ്റാഷ്.

## 2. മിഷ്ന (= ആവർത്തനം)

എഴുതപ്പെട്ട രേഖകളുടെ അഭാവത്തിൽ ആവർത്തനത്തിലൂടെയാണ് വ്യാഖ്യാനങ്ങൾക്കും പ്രബോധനങ്ങൾക്കും സ്ഥായീഭാവം നല്കിയത്. ആവർത്തന രൂപേണയുള്ള ഈ പ്രബോധന രീതിയെ മിഷ്ന എന്നു പറയുന്നു. ഈ വ്യാഖ്യാനത്തിന് രണ്ടു ഭാഗങ്ങളുണ്ടായിരുന്നു. a) നിയമസംബന്ധമായ കാര്യങ്ങളെ സംബന്ധിക്കുന്ന "ഹലാക്ക"യും b) സാന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ കാര്യങ്ങളെ സംബന്ധിക്കുന്ന "ഹഗ്ഗദ"യും.

## 3. തൽമൂദ് (= പഠനം)

എ.ഡി. 3-ാം നൂറ്റാണ്ടോടെ വാമൊഴിയായി കൈമാറിക്കൊണ്ടിരുന്ന മിദ്റാഷിലെയും മിഷ്നയിലെയും വ്യാഖ്യാനങ്ങളും പ്രബോധനങ്ങളും റബ്ബി യൂദ സമാഹരിച്ച് രേഖയാക്കി. അറമായിക് ഭാഷയിലുള്ള ഈ രേഖയുടെ പേരാണ് തൽമൂദ്. എ.ഡി. 6-ാം നൂറ്റാണ്ടുവരെ വികസനത്തിന്റെ പാതയിലൂടെ ഈ രേഖ കടന്നു പോകുകയും ഒരു സമ്പൂർണ്ണ നിയമഗ്രന്ഥത്തിന്റെ രൂപം പ്രാപിക്കുകയും ചെയ്തു. കത്തോലിക്ക സഭയിൽ സഭാപിതാക്കന്മാരുടെ പഠനങ്ങളുടെയോ (Patrology) കാനോൻ നിയമത്തിന്റെയോ സ്ഥാനമാണ് 619 നിയമങ്ങളടങ്ങുന്ന തൽമൂദിന് യഹൂദമതത്തിലുള്ളതെന്ന് വേണമെങ്കിൽ പറയാം. യഹൂദവിശ്വാസത്തിന്റെയും മതാനുഷ്ഠാനങ്ങളുടെയും പുരാതന പാരമ്പര്യങ്ങളെ സംബന്ധിച്ച് ലബ്ധമായിട്ടുള്ള ഒരു സുപ്രധാന രേഖയാണ് തൽമൂദ്.

www.malankaralibrary.com

## അധ്യായം – 9

# പഴയനിയമത്തിലെ ചരിത്രഗ്രന്ഥങ്ങൾ

ജോഷ്വാ മുതൽ മക്ക്ബായർ വരെയുള്ള പുസ്തകങ്ങൾ പഴയനിയമത്തിലെ ചരിത്ര ഗ്രന്ഥങ്ങളായി സാധാരണ കണക്കാകുന്നു. എന്നാൽ മറ്റൊരു പുരാതന ചിന്താഗതി പ്രകാരം ചരിത്ര പുസ്തകങ്ങൾ എന്നൊരു വിഭാഗം ഇല്ല. അവയെല്ലാം ആദ്യകാല പ്രവാചക ഗ്രന്ഥങ്ങളായോ, ഉത്തര കാനോനിക ഗ്രന്ഥങ്ങളായോ എണ്ണപ്പെടുകയാണു ചെയ്യുന്നത്. ആകെ 16 ഗ്രന്ഥങ്ങളാണ് ചരിത്ര സ്വഭാവമുള്ളവ: ജോഷ്വാ, ന്യായാധിപന്മാർ, റൂത്ത്, 1–2 സാമുവൽ, 1–2 രാജാക്കന്മാർ, 1–2 ദിനവൃത്താന്തങ്ങൾ, എസ്രാ, നെഹമിയാ, തോബിത്ത്, യൂദിത്, എസ്തേർ 1–2 മക്ബായർ.

ഇവയെ മൂന്നായി തിരിക്കാം. ജോഷ്വാ, ന്യായാധിപന്മാർ, 1–2 സാമുവൽ, 1–2 രാജാക്കന്മാർ എന്നിവ ഒന്നാം വിഭാഗത്തിൽപ്പെടുന്നു. "ആദ്യ കാലപ്രവാചകന്മാർ" എന്നാണ് യഹൂദർ അവയെ വിളിച്ചിരുന്നത്.

1–2 ദിനവൃത്താന്തങ്ങൾ. എസ്രാ, നെഹമിയാ എന്നിവ രണ്ടാം ഗണത്തിൽപ്പെടുന്നു. ഒന്നാം വിഭാഗത്തിലെ ഗ്രന്ഥങ്ങളിലെ ചരിത്രാംശങ്ങളുടെ ആവർത്തനമാണ് ഇവയിലെ ഉള്ളടക്കത്തിൽ നല്ലൊരു ഭാഗവും.

റൂത്ത്, തോബിത്ത്, യൂദിത്ത്, എസ്തേർ, 1–2 മക്ക്ബായർ എന്നീഗ്രന്ഥങ്ങളാണ് മൂന്നാം വിഭാഗത്തിൽപ്പെടുന്നത്.

**ഒന്നാം ഗണത്തിലെ ചരിത്രഗ്രന്ഥങ്ങൾ:**

### 1. ജോഷ്വാ

ജോഷ്വായുടെ പുസ്തകവും നിയമാവർത്തനവും തമ്മിൽ വളരെ അടുത്ത ബന്ധമാണുള്ളത്. മോശയുടെ ദൗത്യം ജോഷ്വാ തുടരുകയും പൂർത്തിയാക്കുകയും ചെയ്യുന്നു. (നിയമാ. 34:9; ജോഷ്വാ 1:1). വാഗ്ദത്ത ഭൂമിയിൽ

www.malankaralibrary.com

പ്രവേശിക്കുന്നതിനുമുമ്പ് മോശ ദിവംഗതനായി. (നിയമാ 34 :1-5). പിന്നെ ജോഷ്വായുടെ നേതൃത്വത്തിലാണ് (ca 1250-B.C.) ഇസ്രായേൽ വാഗ്ദത്ത നാടു കരസ്ഥമാക്കിയത്.

### ഗ്രന്ഥകാരനും കാലഘട്ടവും

ഈ ഗ്രന്ഥത്തിന്റെ രചയിതാവു ജോഷ്വായല്ല. ഗ്രന്ഥം ഒറ്റയൂണിറ്റാണെന്നു തോന്നുന്നുമില്ല. ഗ്രന്ഥത്തിൽ ആവർത്തനങ്ങളും പൊരുത്ത കേടുകളുമുണ്ട്. അതിനാൽ നിയമാവർത്തനത്തിന്റെ കാര്യത്തിലെന്നപോലെ അരോ ചിലർ 900 ബി.സി.ക്ക് അടുത്തായി, പാരമ്പര്യങ്ങളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ച് പ്രസാധനം ചെയ്തുവെന്നാണ് കരുതപ്പെടുന്നത്.

### ഉള്ളടക്കം

24 അദ്ധ്യായങ്ങളുള്ള ജോഷ്വായുടെ പുസ്തകത്തിൽ മൂന്ന് പ്രധാനു സംഭവങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു.

a) 1-12 വാഗ്ദത്ത നാടു കീഴടക്കൽ; ബിസി 13-ാം നൂറ്റാണ്ടിൽ നടന്ന ഈ കീഴടക്കൽ ഒരു ചരിത്ര സംഭവമാണെന്നതിന് പുരാവസ്തു ശാസ്ത്രം തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. കാനാൻകാർക്കെതിരെയുള്ള യുദ്ധത്തെ ഒരു വിശുദ്ധ യുദ്ധമായി ഇസ്രായേൽ കരുതി. ദൈവം അവർക്കുവേണ്ടി യുദ്ധം ചെയ്യുന്നു എന്നാണ് അവർ വിശ്വാസിച്ചിരുന്നത് (ജോഷ്വാ 3:1-6; 10:14). അതിനാൽ ശത്രു സംഹാരത്തെ ദൈവത്തിനുവേണ്ടി ചെയ്യുന്ന ഒരു പ്രവൃത്തിയായി അവർ വിശ്വസിച്ചു (3:1-6; 5:2-3). ദൈവികനിയമങ്ങളോടുള്ള വിശ്വസ്തത വിജയത്തിന്റെ അനുപേക്ഷണീയ വ്യവസ്ഥയായിരുന്നു. (ജോഷ്വാ 1:6-9). റാഹാബിന്റെ കഥ (അ. 2) ജോർദ്ദാനിലെ അത്ഭുതം (അ. 3) അത്ഭുതകരമായി ജെറീക്കോ പിടിച്ചടക്കിയത് (അ 6) തുടങ്ങിയ സംഭവങ്ങൾ ഈ ആദ്യ ഭാഗത്തു വിവരിച്ചിട്ടുണ്ട്.

b) 13-12: കാനാൻ ദേശം വിഭജിച്ചു കൊടുക്കുന്നു:
ലേവിയുടെ പിൻഗാമികൾക്ക് ഭൂസ്വത്തൊന്നും നീക്കിവച്ചില്ല. അവർ പുരോഹിത ഗോത്രമായതുകൊണ്ട് ദൈവം തന്നെയായിരുന്നു അവരുടെ 'അവകാശം'. (ജോഷ്വാ. 13:33; 14:14 cfr സങ്കീ. 10:5). അതേസമയം യാക്കോബ് അംഗീകരിച്ച് ദത്തെടുത്ത യൗസേപ്പിന്റെ രണ്ടു പുത്രന്മാരുണ്ടായിരുന്നല്ലോ, മനാസ്സേയും, എഫ്രായിമും. (ഉത്പ. 48:5, 14, 20 cfr 41:51, 46:20) ഇവരിൽ ഇളയവനായ എഫ്രായിമിന്റെ തലയിൽ യാക്കോബ് വലതുകൈവച്ച് അനുഗ്രഹിച്ച് അദ്ദേഹത്തിന് മൂത്ത പുത്രന്റെ സ്ഥാനവും അവകാശങ്ങളും നല്കുകയുണ്ടായി അതേസമയം,

www.malankaralibrary.com

മനാസ്സെയുടെ തലയിൽ അദ്ദേഹം ഇടുത കയ്യാണു വച്ചത്. അങ്ങനെ എഫ്രായിമിന്റെ സന്തതിപരമ്പര യൗസേപ്പിന്റെ ഗോത്രമായി അംഗീകരിക്കപ്പെട്ടു. 'മനാസ്സേ' 'അർദ്ധഗോത്രമായി' പരിഗണിക്കപ്പെടുകയും ചെയ്തു. (ജോഷ്വാ 12:6, 13:7–8).

c) 22–24 ജോഷ്വായുടെ അന്ത്യഭാഷണവും മരണവും. 110–ാം വയസ്സിലായിരുന്നു ജോഷ്വായുടെ മരണം. (c 1225 ബി.സി.). എഫ്രായിം മലമ്പ്രദേശത്തുള്ള തിംനാത്ത്സെറായിൽ അദ്ദേഹം സംസ്കരിക്കപ്പെട്ടു (24:29–31).

## 2. ന്യായാധിപന്മാർ

ഈ ഗ്രന്ഥത്തിൽ 21 അദ്ധ്യായങ്ങളുണ്ട്. ജോഷ്വായുടെ മരണം മുതൽ രാജാക്കന്മാരുടെ ഭരണത്തിന്റെ ആരംഭം വരെയുള്ള കാലഘട്ടത്തിലെ (1225–1025 ബി.സി.) ഇസ്രായേൽ ചരിത്രമാണ് ഇതിന്റെ ഉള്ളടക്കം. ഇക്കാലത്ത് ഇസ്രായേലിന്റെ വിഷമ ഘട്ടങ്ങളിൽ അവരെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്ത ഏതാനും നേതാക്കന്മാരെയാണ് ന്യായാധിപന്മാർ (ഷോഫെത്തീം) എന്നു വിളിക്കുന്നത്. ആകെയുള്ള 12 പേരിൽ 6 പേർ വലിയ ന്യായാധിപന്മാർ അഥവാ, പ്രധാനികൾ എന്ന് അറിയപ്പെടുന്നു, ഓത്നിയേൽ, എഹൂദ്, ബാറാക്ക്, ഗിദയോൻ, ജെപ്താ, സാംസൺ എന്നിവരാണവർ. ബാക്കിയുള്ള 6 ചെറിയവർ, ഷ്യംഗാർ, തോലാ, ജായിർ, ഇബ്സാൻ, ഏലോൺ, അബ്ദോൻ എന്നിവരാണ്. ഇവരെപ്പറ്റി വളരെ കുറച്ചേ ബൈബിളിൽ വിവരിച്ചിട്ടുള്ളൂ. ഈ 12 ന്യായാധിപന്മാർക്കു പുറമേ 1 സാമുവേൽ 1:7–ൽ പരാമർശിച്ചിരിക്കുന്ന ഏലി, സാമുവൽ എന്നിവരെക്കൂടി ഏറ്റവും അവസാനത്തെ ന്യായാധിപന്മാരായി കണക്കാക്കാവുന്നതാണ്.

### ഗ്രന്ഥരചന

നൂറ്റാണ്ടുകളിലൂടെ ഇസ്രായേലിൽ രൂപം കൊണ്ട വിവിധ പാരമ്പര്യങ്ങൾ തന്നെയാണ് ഈ ഗ്രന്ഥരചനയ്ക്കു നിദാനമായിട്ടുള്ളത്. ബി.സി. ഏഴാം നൂറ്റാണ്ടിലാണ് ഇതിന്റെ പ്രസാധനം നടന്നത്. ഏറ്റവും പുരാതന രേഖയാണ് 15–ാം അദ്ധ്യായം വരെയുള്ള ഭാഗം. തുടക്കത്തിൽ പ്രധാനപ്പെട്ട ന്യായാധിപന്മാരെക്കുറിച്ചുള്ള വിവരങ്ങൾ മാത്രമേ ഈ ആദ്യഭാഗത്ത് ഉൾപ്പെടുത്തിയിരുന്നുള്ളൂ.

ന്യായാധിപ ഗ്രന്ഥത്തിന്റെ കർത്താവ് സാമുവേൽ ആണെന്ന് താൽമൂദ് പാരമ്പര്യം വിശ്വസിക്കുന്നു എന്നാൽ അത് അടിസ്ഥാനപരമായി നിയമാവർത്തന പാരമ്പര്യത്തിൽ നിന്ന് രൂപം പ്രാപിച്ചതായിരിക്കാനാണു സാദ്ധ്യത.

www.malankaralibrary.com

## ന്യായാധിപന്മാരുടെ ആവിർഭാവം

ജോഷ്വായുടെ മരണത്തോടുകൂടി ഇസ്രായേൽ ജനതയുടെ ഐക്യവും കൂട്ടായ്മയും ഗണ്യമാംവിധം നഷ്ടപ്പെട്ടു. ഒരു കേന്ദ്രീകൃത നേതൃത്വത്തിന്റെ അഭാവമായിരുന്നു അതിനു പ്രധാനകാരണം. ഈ സാഹചര്യത്തിൽ പുറമെ നിന്നുള്ള ആക്രമണങ്ങളും അടിക്കടി വർദ്ധിച്ചുവന്നു. (ന്യായാ. 17:6). അക്കാലത്ത് വാഗ്ദത്ത നാട്ടിലെ കുന്നിൻപ്രദേശങ്ങൾ മാത്രമായിരുന്നു പ്രധാനമായും ഇസ്രായേൽക്കാരുടെ അധീനതയിലുണ്ടായിരുന്നത്. സമീപപ്രദേശത്തു വസിച്ചിരുന്ന ഫിലിസ്ത്യരും, മിദിയാന്യരും ആമോന്യരും അവസരം കിട്ടിയപ്പോഴെല്ലാം ഇസ്രായേൽക്കാരെ ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്തുപോന്നു. അത്തരം സാഹചര്യങ്ങളിൽ ഇസ്രായേൽ ഗോത്രങ്ങളിൽ നിന്നു ചില വ്യക്തികൾ മുന്നോട്ടു വരുകയും ശത്രുക്കൾക്കെതിരെ ധീരമായി പോരാടുവാൻ നേതൃത്വം നൽകുകയും ചെയ്തിരുന്നു. ഈ നേതാക്കന്മാരെയാണ് ന്യായാധിപന്മാർ എന്നു വിളിക്കുന്നത്. ഇവർ ന്യായം വിധിക്കുന്നവരായിരുന്നില്ല. നിർണ്ണായക സന്ദർഭങ്ങളിൽ സ്വജനത്തിന്റെ രക്ഷയ്ക്കായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട സൈനിക നേതാക്കളായിരുന്നു. സാധാരണഗതിയിൽ ഏതെങ്കിലുമൊരു ഗോത്രത്തിലാണ് നേതൃത്വത്തിന്റെ ആരംഭം. ക്രമേണ മറ്റു ഗോത്രക്കാരുടേയും നേതാവായി മാറുകയാണ് പതിവ്. അന്നത്തെ ന്യായാധിപന്മാരുടെ സമ്പ്രദായത്തെ ഒരു ഗവൺമെന്റ് എന്ന നിലയിൽ കാണാനാകില്ല. 'ന്യായാധിപ'ന്മാരുടെ കാലഘട്ടം കൃത്യമായി നിശ്ചയിക്കാനും സാധ്യമല്ല. സമകാലികരായിരുന്ന ന്യായാധിപന്മാരുമുണ്ട്. ഉദാഹരണത്തിന്, ബാറാക്കും, ദെബോറായും ഒരേസമയം ഭരിച്ചവരാണ്. (ന്യായാ. 4:1-5:13). അതുപോലെ തന്നെ ഗിദയോനും, അബിമെലെക്കും (6:1, 8:35; 9:1-51). ന്യായാധിപന്മാർ 2-16 അദ്ധ്യായങ്ങളിലെ വിവരണ മനുസരിച്ച് ന്യായാധിപന്മാർക്കായി നീക്കിവച്ചിട്ടുള്ള കാലഘട്ടം 410 വർഷത്തോളം വരും. ഇത് തെറ്റാണ്. കൃത്രിമമായ ഒരു കാലഗണനയായിട്ടുവേണം ഇതിനെ മനസ്സിലാക്കാൻ. കാരണം, ജോഷ്വാ ബി.സി. 1225-ന് അടുത്ത് മരിച്ചുവെന്നത് ഏറെക്കുറെ തീർച്ചയാണ്. ഇസ്രായേലിലെ ആദ്യത്തെ രാജാവായി സാവൂളിനെ സാമുവൽ ബി.സി. 1025-ന് അടുത്ത് അഭിഷേകം ചെയ്തു. അതിനാൽ 200 വർഷത്തോളമേ ന്യായാധിപന്മാർ ഇസ്രായേലിൽ ഭരിച്ചിരിക്കാനിടയുള്ളു.

## ദൈവശാസ്ത്രപരമായ ഉൾകാഴ്ച

യുദ്ധങ്ങളുടെയും ഏറ്റുമുട്ടലുകളുടെയും വിവരണമാണ് ഈ പുസ്തകത്തിലെ പ്രധാന ഉള്ളടക്കം. ഈ യുദ്ധങ്ങളിൽ ഇസ്രായേൽക്കാർ ചിലപ്പോഴൊക്കെ തോറ്റു; പലപ്പോഴും ജയിച്ചു. നിയമാവർത്തനത്തിലെ അടിസ്ഥാന ദൈവശാസ്ത്ര വീക്ഷണത്തെ ആധാരമാക്കിയാണ് ഇസ്രായേലിന്റെ വിജയ പരാജയങ്ങൾ ഇതിൽ വിവരിച്ചിട്ടുള്ളത്. (ന്യായ. 2:6-3:6). ദൈവത്തോടും അവിടുത്തേ കല്പനകളോടുമുള്ള അനുസരണം ക്ഷേമത്തിലേയ്ക്കും വിജ

www.malankaralibrary.com

യത്തിലേക്കും നയിക്കുന്നു. നേരെമറിച്ച്, അനുസരണക്കേടും അവിശ്വസ്തതയും, കഷ്ടതയിലും പരാജയത്തിലും കലാശിക്കുന്നു.

**ഉള്ളടക്കം**

അധ്യാ. 1–2: ജോഷ്വായുടെ മരണശേഷം കാനാനിലെ അവസ്ഥ.

3–5: ഒത്ത്നിയേൽ, എഹൂദ്, ഷാംഗാർ, ദെബോറാ ബാറാക് എന്നിവരുടെ പ്രവർത്തനങ്ങൾ.

6–8: ഗിദയോന്റെ കഥ: അത്ഭുതകരമായ വിളി, 300 അനുയായികളോടൊത്ത് 135000 മെദിയാൻകാരെ പരാജയപ്പെടുത്തിയ അസാധാരണ സംഭവം.

9–12: അബിമെലെക്ക്, തോലാ, ജായിർ, ജെപ്താ, ഇബ്സെൻ, ഏലോൺ, അബ്ദോൻ എന്നിവരുടെ പ്രവർത്തനങ്ങൾ. ഇവരിൽ ജെപ്താ ആമോന്യരുമായി ഏറ്റുമുട്ടുന്നതിനു മുമ്പ് ഒരു നേർച്ചനേർന്നു: യുദ്ധത്തിൽ ജയിച്ചാൽ മടങ്ങിച്ചെല്ലുമ്പോൾ കൊട്ടാരവാതുക്കൽ ആദ്യം കാണുന്ന വ്യക്തിയെ ബലിയർപ്പിക്കാമെന്ന്. അതനുസരിച്ച് അദ്ദേഹത്തിന് സ്വന്തം പുത്രിയെത്തന്നെ ദഹനബലിയായി അർപ്പിക്കേണ്ടിവന്നു.

13–16: സാംസന്റെ കഥ. സാംസൺ ഒരു നാസീർ വ്രതക്കാരനായിരുന്നു. അതനുസരിച്ച് തലമുടി മുറിക്കുകയോ, മദ്യം കുടിക്കുകയോ മൃതദേഹങ്ങളെ സ്പർശിക്കുകയോ ചെയ്തിരുന്നില്ല. (സംഖ്യ 6:1–8). ഫിലിസ്ത്യരുമായി പലപ്പോഴും ഏറ്റുമുട്ടേണ്ടിവന്നു. എന്നാൽ ഒടുവിൽ ഒരു ഫിലിസ്തിയാക്കാരിയെ വിവാഹം കഴിച്ചു. ദെലീല എന്ന ആ സ്ത്രീ സാംസണെ ചതിക്കുകയും അവസാനം 3000 ഫിലിസ്ത്യരോടൊപ്പം സാംസൺ കൊല്ലപ്പെടുകയും ചെയ്തു.

17–18: ഒന്നാം അനുബന്ധം: മിക്കായുടെ സ്വർണപ്രതിമ.

19–21: രണ്ടാം അനുബന്ധം: ഗിബെയായിൽ ബെഞ്ചമിൻ ഗോത്രക്കാർ ലേവി ഗോത്രത്തിൽപ്പെട്ട ഒരുവന്റെ ഭാര്യയെ മാനഭംഗപ്പെടുത്തിയതിനു മറ്റുള്ള ഗോത്രക്കാർ അവരോടു പ്രതികാരം ചെയ്യുന്നു.

## 3. 1-2 സാമുവൽ

യഥാക്രമം 31ഉം 24ഉം അദ്ധ്യായങ്ങളുള്ള ഈ രണ്ടു ഗ്രന്ഥങ്ങൾ ആദ്യകാലത്ത് ഒറ്റ പുസ്തകമായിരുന്നു. ഇതിനെ ഗ്രീക്ക് വിവർത്തനത്തിൽ (Lxx) 'രാജ്യങ്ങളുടെ നാലു പുസ്തകങ്ങൾ' എന്ന ശീർഷകത്തിൻകീഴ് നാലെണ്ണ

www.malankaralibrary.com

മായി പ്രസിദ്ധീകരിച്ചു. ലത്തീൻ വുൾഗാത്ത അവ നാലിനും രാജാക്കന്മാരുടെ പുസ്തകങ്ങൾ എന്ന പേരു നല്കി. ഇന്നാകട്ടെ, ആദ്യത്തെ രണ്ടെണ്ണം 1,2 സാമുവൽ എന്നും ബാക്കിയുള്ള രണ്ടെണ്ണം 1,2 രാജാക്കന്മാർ എന്നും അറിയപ്പെടുന്നു.

സാമുവൽ എന്ന ഹീബ്രുപദത്തിനർത്ഥം 'ദൈവത്തിന്റെ നാമം' എന്നാണ്. സാമുവലാണ് അവസാനത്തെ ന്യായാധിപൻ. (Ca. 1050 B.C.). അദ്ദേഹം ഒരു പ്രവാചകനും കൂടി ആയിരുന്നു. അദ്ദേഹമാണ് ആദ്യം സാവൂളിനെയും പിന്നെ ദാവീദിനെയും ഇസ്രായേലിന്റെ രാജാക്കന്മാരായി അഭിഷേകം ചെയ്തത്.

യഹൂദപാരമ്പര്യമനുസരിച്ച് ഈ രണ്ടു കൃതികളുടെയും കർത്താവ് സാമുവൽ തന്നെയാണ്. എന്നാൽ ശാസ്ത്രീയമായി അപഗ്രന്ഥിച്ചു പഠിക്കുമ്പോൾ ഈ ഗ്രന്ഥങ്ങളിൽ അടങ്ങിയിരിക്കുന്ന വസ്തുതകൾ ഒരൊറ്റ വ്യക്തിയിൽ നിന്നോ ഒരൊറ്റ സ്രോതസ്സിൽ നിന്നോ വരുന്നതല്ലെന്ന് തെളിയുന്നു. വിവിധ സ്രോതസുകളിൽ നിന്നു സമാഹരിച്ച വിവരങ്ങൾ ബി.സി. 6-ാം ശതകത്തിൽ നിയമാവർത്തകർ (D) സംയോജിപ്പിച്ച് പ്രസാധനം ചെയ്തതിലൂടെയായിരിക്കണം ഈ ഗ്രന്ഥം രൂപം പ്രാപിച്ചത്.

**ചരിത്ര സ്വഭാവം**

ഈ ഗ്രന്ഥങ്ങളിലെ കാതലായ കാര്യങ്ങൾ മാത്രമാണ് ചരിത്രസത്യങ്ങളായിട്ടുള്ളത്. ഗ്രന്ഥകാരന്റെ ലക്ഷ്യം ചരിത്രം എഴുതുക എന്നതായിരുന്നില്ലല്ലോ! മതവിശ്വാസത്തിന്റെ വെളിച്ചത്തിൽ ചരിത്രം വ്യാഖ്യാനിക്കുക മാത്രമേ ചെയ്യുന്നുള്ളു. തത്ഫലമായി ബൈബിളിലെ ചരിത്രഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്ന ഇവയിൽപ്പോലും മതപരമായ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള ഊന്നലും വിട്ടുകളയലും, കൂട്ടിച്ചേർക്കലും ഒക്കെ കാണാൻ കഴിയും.

**രാജഭരണത്തിന്റെ ആരംഭം**

ഇസ്രായേൽ രാജഭരണത്തിലേക്കു നീങ്ങിയതെങ്ങനെ എന്നറിയുന്നത് സാമുവലിന്റെ പുസ്തകത്തിൽനിന്നാണ്. അയൽ രാജ്യക്കാരായ ഫിലിസ്ത്യർ, ആമോന്യർ, അമലേക്യർ, മൊവാബ്യർ, എദോമ്യർ മുതലായവർക്കെല്ലാം രാജാക്കന്മാർ ഉണ്ടായിരുന്നു. ഇവർ ഇസ്രയേല്യരെ നിരന്തരം ആക്രമിച്ച് ആധിപത്യം പുലർത്തിയിരുന്നു. അവരെയെല്ലാം വിജയപ്രദമായി നേരിടാൻ അവർക്കുള്ളതുപോലെ തങ്ങൾക്കും ഒരു രാജാവു വേണം എന്ന അഭിലാഷം ഇസ്രയേൽക്കാർക്കിടയിൽ ശക്തമായി. ആദ്യഘട്ടത്തിൽ സാമുവൽ ഈ ആശയത്തെ എതിർത്തു. കാരണം ഇസ്രയേൽ ഒരു ദൈവാധിപത്യ രാഷ്ട്രമായതുകൊണ്ട് എല്ലാക്കാലവും ദൈവംതന്നെ ആയിരിക്കണം ഇസ്രയേലിന്റെ രാജാവ് എന്ന് സാമുവൽ വിശ്വസിച്ചു. എന്നാൽ രാജാവിനു വേണ്ടിയുള്ള ജനങ്ങളുടെ സമ്മർദ്ദം അതിശക്തമായി. ജനാഭിലാഷമനുസരിച്ച് രാജാവിനെ

www.malankaralibrary.com

വാഴിക്കാൻ ദൈവം സാമുവലിനോടു കല്പിച്ചു. അങ്ങനെയാണ് ഇസ്രയേലിന്റെ ആദ്യത്തെ രാജാവായി സാവൂളിനെ സാമുവൽ അഭിഷേകം ചെയ്തത് (1025 ബി.സി.).

### പ്രധാനസംഭവങ്ങൾ

1സാമു 1-7 ഏലിയുടെ അവസാനദിവസങ്ങൾ. സാമുവലിന്റെ വിളി. ഇസ്രയേൽക്കാരെ തോല്പിച്ച് ഫിലിസ്ത്യർ യാഹ്‌വെയുടെ പേടകം പിടിച്ചെടുത്തു (4:11). ഇതെതുടർന്ന് അവർക്ക് വ്രണങ്ങളും കഷ്ടപ്പാടുകളും ഉണ്ടായി. യാഹ്‌വെയുടെ ശക്തി കണ്ട് ഭയപ്പെട്ട് അവർ പേടകം ആഘോഷമായി ഇസ്രയേൽക്കാരുടെ പക്കലേക്ക് തിരിച്ചയച്ചു (6:13ff).

8-15 രാജഭരണത്തിന്റെ ആരംഭവും സാവൂളിനെ ദൈവം തിരസ്കരിക്കുന്നതും. സാവൂളിനെ ഇസ്രയേൽക്കാരുടെ രാജാവായി വാഴിച്ചതിനുശേഷം സാമുവൽ പൊതുക്കാര്യങ്ങളിൽനിന്ന് വിരമിച്ചു (12:1-25). എന്നാൽ അധികം താമസിയാതെ സാവുളിനെ ദൈവം തിരസ്കരിച്ചു. കാരണം, അദ്ദേഹം ദൈവത്തോടു അവിശ്വസ്തത കാണിച്ചു.

16-31 ദൈവത്തിന്റെ അരുളപ്പാടനുസരിച്ച് രഹസ്യമായി ദാവീദിനെ സാമുവൽ രാജാവായി അഭിഷേകം ചെയ്തു (16). ദാവീദ് ഗോലിയാത്തിനെ വധിച്ചു (17). ദാവീദിനെക്കുറിച്ച് അസൂയാകലുഷിതനായിത്തീർന്ന സാവൂൾ അദ്ദേഹത്തെ കൊല്ലാൻ തീരുമാനിച്ചു (18). ഇതെതുടർന്ന് ദാവീദ് പലായനം ചെയ്തു. ഫിലിസ്ത്യരുമായുള്ള യുദ്ധത്തിൽ പരാജയം സംഭവിക്കുകയും മക്കൾ നഷ്ടപ്പെടുകയും ചെയ്ത സാവുൾ നൈരാശ്യത്തിൽ മരിച്ചു (31).

2സാമു1-4 ദാവീദ് യൂദയായുടെ രാജാവായി അംഗീകരിക്കപ്പെടുന്നു.

5-20 ദാവീദ് എല്ലാ ഗോത്രങ്ങളുടെയും രാജാവായി ഭരിച്ചു. B.C 998ന് അടുത്ത് തന്റെ 30-ാം വയസ്സിലാണ് അദ്ദേഹം ഭരണം ആരംഭിച്ചത്. ദാവീദ് ഹെബ്രോണിൽനിന്ന് ജെറുസലെമിലേക്ക് തന്റെ രാജ്യത്തിന്റെ തലസ്ഥാനം മാറ്റി (5:5-10). താൻ കൊട്ടാരത്തിൽ താമസിക്കുമ്പോൾ യാഹ്‌വെയുടെ പേടകം ഒരു കൂടാരത്തിൽ സ്ഥിതി ചെയ്യുകയാണല്ലോ എന്നോർത്ത് യാഹ്‌വെയ്ക്ക് ഒരു ദൈവാലയം നിർമ്മിക്കാൻ ദാവീദ് തീരുമാനിച്ചു (2-സാമു 7: 1-6, cfr 22:7-8). ഇതിനു പ്രതിസമ്മാനമായി ദാവീദിന്റെ ഭവനം എക്കാലവും നിലനില്ക്കും എന്നു ദൈവം നാഥാൻ പ്രവാചകൻവഴി വാഗ്ദാനം ചെയ്തു (2-സാമു. 7:12-13).

www.malankaralibrary.com

നാഥാന്റെ ഈ പ്രവചനത്തെപ്പറ്റി പുതിയ നിയമത്തിൽ മൂന്നിടത്തു പരാമർശിക്കുന്നുണ്ട് (അപ്പ. പ്രവ. 2:30, 2 കോറി 6:18, ഹെബ്രാ 1:5). ദാവീദിന്റെ പാപം, സോളമന്റെ ജനനം (2-സാമു 11-12). ദാവീദിന്റെ പലായനവും തിരിച്ചുവരവും (2-സാമു 15:2).

യേശുവിനെ ദാവീദിന്റെ പരമ്പരയിൽപെട്ടവനായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത് (മത്താ.1-:1, ലൂക്ക. 1:32). "ദാവീദിന്റെ പുത്രൻ" എന്ന് യേശുവിനെ അഭിവാദനം ചെയ്യുമ്പോൾ അവിടുത്തെ രക്ഷകനായി നാം അംഗീകരിക്കുകയാണ്.

21–24 അനുബന്ധങ്ങൾ. അദ്ധ്യാ. 22. വിജയഗീതം = സങ്കീ. 18. അദ്ധ്യാ. 23: ദാവീദിന്റെ അന്ത്യവചസ്സുകൾ. വിജാതീയ രാജാക്കന്മാരെപ്പോലെ ദാവീദ് തന്റെ രാജ്യത്ത് ജനസംഖ്യയെടുപ്പിച്ചതിന് ശിക്ഷയായി ഇസ്രയേലിൽ പരക്കെ പകർച്ചവ്യാധി പിടിപെട്ടു (24:1–14).

## 4. 1–2 രാജാക്കന്മാർ

രാജാക്കന്മാർ ഒന്നും രണ്ടും പുസ്തകങ്ങൾ സാമുവൽ ഒന്നും രണ്ടും പുസ്തകങ്ങൾപോലെതന്നെ ഹീബ്രുമൂലത്തിൽ ഒറ്റപുസ്തകമായിരുന്നു. അവ സാമുവലിന്റെ പുസ്തകങ്ങളുടെ തുടർച്ചയുമാണ്. രാജാക്കന്മാർ ഒന്നാം പുസ്തകത്തിലെ 1–2 അദ്ധ്യായങ്ങളിൽ ദാവീദിന്റെ അന്ത്യദിനങ്ങളും ദാവീദിന്റെ പിൻഗാമിയായി സോളമന്റെ സ്ഥാനാരോഹണവും വിവരിക്കുന്നതിൽനിന്നുതന്നെ ഇക്കാര്യം വ്യക്തമാകും. ഈ രണ്ട് അദ്ധ്യായങ്ങൾ സാമുവൽ 2–ാം പുസ്തകത്തിന്റെ അവസാനത്തിൽ വരേണ്ടതായിരുന്നു!

സോളമന്റെ ഭരണത്തിനുശേഷം ബി.സി. 921–ൽ ഇസ്രയേൽ രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. യൂദായുടെയും ബെഞ്ചമിന്റെയും ഗോത്രങ്ങൾ ചേർന്ന് ദക്ഷിണരാജ്യത്തിനു രൂപം കൊടുത്തു. ഇത് യൂദയാ രാജ്യം എന്നറിയപ്പെട്ടു. ജെറുസലെം ആയിരുന്നു അതിന്റെ തലസ്ഥാനം. മറ്റു പത്തു ഗോത്രങ്ങൾ ചേർന്ന് വടക്കൻ രാജ്യമായി. ഷെക്കെം തലസ്ഥാനമാക്കിയ അത് ഇസ്രയേൽ രാജ്യം എന്നറിയപ്പെട്ടു. ബി.സി. 722–ൽ തിഗ്ലത്ത് പിലേസർ (Tiglat–Pileser) എന്ന അസീറിയൻ രാജാവിന്റെ ദിഗ്വിജയത്തോടെ 200 കൊല്ലം നിലനിന്ന ഇസ്രയേൽ രാജവംശത്തിന്റെ ഭരണം അവസാനിച്ചു. പിന്നീട് ബി.സി. 587–ൽ യൂദയാരാജ്യവും തകർക്കപ്പെട്ടു. ബാബിലോണിയൻ രാജാവായ നബുക്കദ് നെസ്സാർ (Nabuchad– nezzar) ആണ് യൂദയായെ നശിപ്പിച്ചത്. അതിനെതുർന്ന് ബി.സി. 348-വരെ അര ശതാബ്ദക്കാലം യഹൂദർക്ക് ബാബിലോണിൽ പ്രവാസജീവിതം അനുഭവിക്കേണ്ടിവന്നു. ബി.സി. 1025

www.malankaralibrary.com

മുതൽ 587 വരെയുള്ള 438 വർഷമാണ് ഇസ്രയേൽക്കാർക്ക് രാജഭരണമുണ്ടായിരുന്നത്. ഇതിനിടയ്ക്ക് 36 രാജാക്കന്മാർ അവരെ ഭരിച്ചു. ആദ്യത്തെ രാജാവ് സാവൂളും അവസാനത്തെ രാജാവ് സെദെക്കിയയും ആയിരുന്നു.

## ഗ്രന്ഥങ്ങളുടെ സ്വഭാവം

ബി.സി. 560-നടുത്തു പ്രവാസകാലത്ത് ബാബിലോണിൽവച്ച് എഴുതപ്പെട്ടവയാണ് ഈ പുസ്തകങ്ങൾ. ഇസ്രയേൽ-യൂദയാ രാജ്യങ്ങളുടെ തത്വശാസ്ത്രങ്ങളിൽ ആവിഷ്കരിച്ചിരിക്കുന്നു. രാജ്യങ്ങളുടെ പതനത്തിന്റെ അടിസ്ഥാന കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നതുകൊണ്ടാണ് അത് ദാർശനികമാണെന്ന് പറയുന്നത്. പതനത്തിന്റെ അടിസ്ഥാനകാരണം മതപരമായതുകൊണ്ട് അതു ദൈവശാസ്ത്രപരംകൂടിയാണ്. അതായത് സീനായ് ഉടമ്പടി അനുസരിച്ച് ഏകദൈവമായ യാഹ്‌വെയെ മാത്രം ആരാധിക്കുന്നതിൽ രാജാക്കന്മാർ വീഴ്ചവരുത്തിയതാണ് നാശത്തിനു കാരണമെന്ന് സുവ്യക്തമാക്കിയിരിക്കുന്നു.

## ഉള്ളടക്കം

ഒന്നാംഭാഗം: സോളമന്റെ ഭരണം (1രാജ 1-11). 3:5-15-ൽ സോളമന്റെ വിജ്ഞാനത്തെ ദൈവത്തിന്റെ ദാനമായി വിവരിച്ചിരിക്കുന്നു. തുടർന്നുള്ള അദ്ധ്യായങ്ങളിൽ അദ്ദേഹത്തിന്റെ വിജ്ഞാനവും പ്രാഗത്ഭ്യവും പ്രതിഭാ വിലാസവും കീർത്തിയും സോദാഹരണം വിശദമാക്കിയിട്ടുണ്ട്. ഈ ഭാഗത്തെ ഏറ്റവും പ്രധാന സംഭവം സോളമൻ ദേവാലയം പണികഴിപ്പിച്ചതാണ് (5-8).

രണ്ടാം ഭാഗം – രാജ്യത്തിന്റെ വിഭജനവും പതനവും

1രാജാ 12-2-രാജാ 17: യൂദയായിലും ഇസ്രയേലിലും സമാന്തര രാജാക്കന്മാരുടെ ഭരണം. സോളമന്റെ കാലത്തുതന്നെ ജനങ്ങളുടെയിടയിൽ, പ്രത്യേകിച്ചും വടക്കൻ പ്രദേശങ്ങളിൽ അസംതൃപ്തിയും അസ്വസ്ഥതയും തലയുയർത്തിത്തുടങ്ങിയിരുന്നു. ഭാരിച്ച നികുതികൾ, നിർബന്ധിത വേല മുതലായവ അതിനു കാരണമായി. ഇതിനും പുറമെ സോളമന്റെ പുത്രനായ റെഹൊബോവാമിന്റെ കഴിവുകേടും ദുശ്ശാഠ്യവും രാജ്യത്തിന്റെ വിഭജനം എളുപ്പമാക്കി. പത്തു ഗോത്രങ്ങളുൾപ്പെട്ട ഇസ്രായേൽ രാജ്യത്തിന്റെ പതനം 722 ബി.സി.യിൽ അസ്സീറിയാക്കാരുടെ ആക്രമണത്തോടെ സംഭവിച്ചു (2-രാജ. 14-17).

മൂന്നാംഭാഗം: യൂദയാരാജ്യവും അതിന്റെ പതനവും

www.malankaralibrary.com

2രാജാ 18-25: യൂദയായിലെ അവസാന രാജാക്കന്മാരുടെ കാലം. അവസാനരാജാവായ സെദക്കിയായുടെ കാലത്ത് ബാബിലോൺ രാജാവായ നബുക്കദ് നെസാർ ജെറൂസലെം നഗരം നശിപ്പിക്കുകയും (587 ബി.സി.) രാജാവിനെ വധിച്ച് ജറുസലെം നിവാസികളെ അടിമകളായി ബാബിലോണിലേക്കു കൊണ്ടുപോകുകയും ചെയ്തു. അങ്ങനെ പ്രവാസജീവിതം ആരംഭിച്ചു (ബി.സി. 587–538).

**രണ്ടാംഗണത്തിലെ ചരിത്രഗ്രന്ഥങ്ങൾ:**

# 1. 1-2 ദിനവൃത്താന്തങ്ങൾ

ഇസ്രയേൽക്കാർ ബാബിലോണിയൻ പ്രവാസത്തിൽനിന്നു തിരിച്ചുവന്നിട്ട് വളരെ വർഷങ്ങൾക്കുശേഷമാണ് ദിനവൃത്താന്തങ്ങൾ എഴുതപ്പെട്ടത്; ഏതാണ്ട് ബി.സി. മൂന്നാം ശതകത്തിന്റെ അവസാനത്തിൽ. ഇവയുടെ ഗ്രന്ഥകാരൻ ജെറുസലെംകാരനായ ഒരു ലേവായനായിരിക്കാനാണ് സാദ്ധ്യത.

**ഗ്രന്ഥങ്ങളുടെ സ്വഭാവം**

സാമുവലിന്റെയും രാജാക്കന്മാരുടെയും ഗ്രന്ഥങ്ങളിൽനിന്ന് തനിക്കു വേണ്ട വസ്തുക്കൾ ബോധപൂർവ്വം തെരഞ്ഞെടുത്ത് തന്റെ സവിശേഷമായ താല്പര്യത്തിനനുസരിച്ച് ദിനവൃത്താന്തകാരൻ പ്രസാധനം ചെയ്തിരിക്കുകയാണ് ഈ പുസ്തകങ്ങളിലൂടെ. ഇതിൽ ചരിത്രത്തിനുവേണ്ടി എന്തെങ്കിലും രേഖപ്പെടുത്തുന്നതിൽ അദ്ദേഹം തല്പരനായിരുന്നില്ല. മറിച്ച് മതപരമായ പ്രതീക്ഷയ്ക്കനുസൃതം ചരിത്രത്തെ വ്യാഖ്യാനിക്കുകയാണ് ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നാഥാൻ പ്രവചിച്ച ദാവീദിന്റെ രാജ്യത്തെക്കുറിച്ചുള്ള ഉറപ്പാണ് (2-സാമു. 7:12–13) ഇസ്രയേലിന്റെ പ്രതീക്ഷയ്ക്കു പിന്നിലെ പ്രേരകശക്തി. ദിനവൃത്താന്തക്കാരൻ ദാവീദിനെ ഒരു ആദർശ രാജാവായി അവതരിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പാപങ്ങളോ ദൗർബ്ബല്യങ്ങളോ പരാമർശിക്കുന്നില്ല. ഗ്രന്ഥകാരന്റെ ദൃഷ്ടിയിൽ ദാവീദ് പ്രതീക്ഷിക്കപ്പെടുന്ന രക്ഷകനായ രാജാവിന്റെ മാതൃകയാണ്. തന്റെ സമകാലികർക്കു വേണ്ടിയാണ് ദിനവൃത്താന്തക്കാരൻ എഴുതുന്നത്. ദൈവത്തോടു വിശ്വസ്തരായി, അവിടുത്തെ കല്പനകൾ അനുസരിച്ചാൽ മാത്രമേ ഒരു രാഷ്ട്രമെന്ന നിലയിൽ കെട്ടുറപ്പോടെ ജീവിക്കാൻ കഴിയൂ എന്ന് അദ്ദേഹം ഇസ്രയേൽ ജനതയെ അനുസ്മരിപ്പിക്കുന്നു.

**ഉള്ളടക്കം**

1ദിന. 1–9 വംശാവലികളിലൂടെ ആദം മുതൽ ദാവീദ് വരെയുള്ള ഇസ്രയേലിന്റെ ചരിത്രസംഗ്രഹം.

www.malankaralibrary.com

10–29 ദൈവാലയത്തിനുവേണ്ടിയുള്ള ദാവീദിന്റെ ഔത്സുക്യവും പരിശ്രമങ്ങളും.

2ദിന. 1–9 സോളമനും ദേവാലയ നിർമ്മാണവും.

10–36 ദാവീദ്വംശ രാജാക്കന്മാരും ദൈവാലയത്തോടുള്ള അവരുടെ ബന്ധവും.

## 2. എസ്രാ–നെഹമിയാ

എസ്രാ (എസ്ദ്രാസ്–1) നെഹമിയാ (എസ്ദ്രാസ്–2) എന്നീ പുസ്തകങ്ങൾ ദിനവൃത്താന്തത്തിന്റെ തുടർച്ചയാണ്. ഗ്രന്ഥകാരനും ഒരാൾതന്നെ. പ്രവാസകാലത്തെക്കുറിച്ച് അദ്ദേഹം ഒന്നും ഇതിൽ പറയുന്നില്ല. ബി.സി. 538–ൽ യഹൂദർ സ്വന്തം നാട്ടിലേക്കു മടങ്ങുന്നതിനും ദേവാലയം പുനർനിർമിക്കുന്നതിനും അനുവദിച്ചുകൊണ്ട് സൈറസ് പുറപ്പെടുവിച്ച വിളംബരത്തോടുകൂടിയാണ് അദ്ദേഹം ഇതിലെ ചരിത്രാഖ്യാനം തുടങ്ങുന്നത്. യഹൂദരുടെ പുനരാഗമനം ഉടനെ ആരംഭിച്ചു. എന്നാൽ ദേവാലയ പുനർനിർമ്മാണം സമരിയാക്കാരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടു. ബി.സി. 575–ൽ ദാറിയുസ് ഒന്നാമന്റെ ഭരണകാലത്ത് പണി പൂർത്തിയായി.

വിഷയം: പ്രവാസാനന്തരം യൂദയായുടെ മതപരവും രാഷ്ട്രീയവുമായ പുനഃസംവിധാനം.

ലക്ഷ്യം: ദേവാലയത്തിന്റെ പ്രാധാന്യം ഊന്നിപറയുക; യഹൂദ രാഷ്ട്രത്തിന്റെ സംരക്ഷണത്തിനു വേണ്ടിയുള്ള മതപരിഷ്കരണങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

**ഉള്ളടക്കം**

എസ്രാ 1–6 ബി.സി. 537–ൽ പ്രവാസികളുടെ ആദ്യസംഘം മടങ്ങി. അവർ 536–ൽ ബലിപീഠവും 516–ൽ ദേവാലയവും പുനർനിർമ്മിച്ചു.

7–10 ബി.സി. 458–ൽ പ്രവാസികളുടെ രണ്ടാം സംഘം തിരിച്ചുവന്നു. എസ്ദ്രാസ് ആണ് അവരെ നയിച്ചത്. എസ്ദ്രാസ് വിവാഹസംബന്ധമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തി.

നെഹമിയാ 1–7: നെഹമിയായുടെ തിരിച്ചുവരവും, 445–ൽ ജെറുസലെം നഗരഭിത്തികളുടെ നിർമ്മാണവും.

8–13 എസ്ദ്രാസും നെഹെമിയാസും നടത്തിയ മതപരിഷ്ക്കാരങ്ങളും ഉടമ്പടിയുടെ നവീകരണവും.

www.malankaralibrary.com

**മൂന്നാം ഗണത്തിൽപെട്ട ചരിത്ര ഗ്രന്ഥങ്ങൾ**

# 1. റൂത്ത്

നാല് അദ്ധ്യായങ്ങൾ മാത്രമുള്ള ഒരു ചെറിയ പുസ്തകമാണിത്. വംശദേശ വ്യത്യാസങ്ങൾക്കതീതമായ ദയാവായ്പിന്റെയും ദൈവത്തിന്റെ കരുണാമസൃണമായ സ്നേഹത്തിന്റെയും ഒരു വ്യാഖ്യാനമാണ് റൂത്തിന്റെ പുസ്തകം. തൽമുദ് അനുസരിച്ച് സാമുവൽ ആണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ്. ഏതായാലും ഇപ്പോഴത്തെ രൂപത്തിൽ ഈ പുസ്തകം ഒരുപക്ഷെ, പ്രവാസകാലത്തിനുശേഷം മാത്രമേ നിലവിൽ വന്നിട്ടുള്ളു. മിക്കവാറും ബി.സി. 4-ാം ശതകത്തിലായിരിക്കാനാണ് സാധ്യത. ഏതായാലും അപരിഷ്കൃതരും വിദ്യാവിഹീനരുമായ ജനങ്ങൾ ജീവിച്ചിരുന്ന ന്യായാധിപന്മാരുടെ കാലഘട്ടത്തിൽ തികഞ്ഞ സൗഹൃദത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും വിശ്വാസത്തിൽ ജീവിച്ച ഒരുൽകൃഷ്ട കുടുംബത്തിന്റെ ഉജ്ജ്വലചിത്രം ഈ ഗ്രന്ഥം നമുക്കു നല്കുന്നു. ദാവീദിന്റെ വംശാവലി (4:18) നിരത്തിക്കൊണ്ട് ഇത് ന്യായാധിപന്മാരുടെ കാലത്തെയും രാജാക്കന്മാരുടെ കാലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്നു. മോവാബുകാരിയായ റൂത്ത് തന്റെ അസാധാരണ സ്നേഹവും അർപ്പണബോധവുംമൂലം ബേത്ലെഹമിൽ എത്തിച്ചേരുന്നു. ബന്ധുവിന്റെ വിധവയെ പരിഗ്രഹിക്കുന്ന യഹൂദ സമ്പ്രദായമനുസരിച്ച് അവൾ ബോവാസ് എന്നയാളിന്റെ ഭാര്യയായത്തീരുന്നു. മാത്രമല്ല, ദൈവനിശ്ചയത്താൽ ദാവീദിന്റെ പ്രപിതാമഹിയായിത്തീരാനും (great grandmother) ഈ വിജാതീയ സ്ത്രീക്കു സാധിച്ചു.

# 2. തോബിത്ത്

ഒരു കുടുംബകഥയാണ് തോബിത്തിന്റെ പുസ്തകം. ഗ്രന്ഥകാരന്റെ ലക്ഷ്യം പ്രബോധനപരമാണ്. അനുവാചകന് അറിവും ഔന്നത്യവും ലഭിക്കത്തക്കവിധം ഒരു ചരിത്ര സംഭവത്തെ സ്വതന്ത്രമായി ഈ ഗ്രന്ഥത്തിൽ പുനരാഖ്യാനം ചെയ്തിരിക്കുന്നു. മരിച്ചവരോടുള്ള തങ്ങളുടെ കർത്തവ്യങ്ങൾ നിർവഹിക്കുന്നവർക്കും ദാനധർമ്മം ചെയ്യുന്നവർക്കും ദൈവം ചൊരിയുന്ന കാരുണ്യം വെളിപ്പെടുത്തുവാൻ ഗ്രന്ഥകർത്താവ് പ്രത്യേകം ശ്രദ്ധിക്കുന്നു.

ഉത്പത്തി പുസ്തകത്തിലെ പൂർവ്വപിതാക്കന്മാരുടെ കഥകളുടെ മാതൃകയിലാണ് ഈ ഗ്രന്ഥവും രചിക്കപ്പെട്ടിട്ടുള്ളത്. പലസ്തീനയ്ക്കു പുറത്തു താമസിച്ചിരുന്ന യഹൂദരുടെയിടയിലാണ് ഇതിനാസ്പദമായ പാരമ്പര്യം രൂപം പ്രാപിച്ചതെന്നും ഇതിന്റെ രചന ഈജിപ്തിൽവച്ച് ബി.സി. 350ന് അടുത്തായിരിക്കണമെന്നും വിശ്വസിച്ചുവരുന്നു.

www.malankaralibrary.com

**ഉള്ളടക്കം**

നിനിവേ പ്രദേശത്ത് നഫ്ത്താലി ഗോത്രത്തിൽപെട്ട തോബിത്ത് എന്നൊരാൾ ജീവിച്ചിരുന്നു. സ്വജനങ്ങളോടൊപ്പം നാടുകടത്തപ്പെട്ട ഇയാൾ ദൈവഭക്തനും നിയമം അനുസരിക്കുന്നവനും പരോപകാര തല്പരനും, സംഭവം നടക്കുമ്പോൾ അന്ധനുംകൂടിയായിരുന്നു. എക്ബത്താനാ എന്ന സ്ഥലത്ത് അയാളുടെ ഒരു ബന്ധുവായ റഗുവേൽ ജീവിച്ചിരുന്നു. റഗുവേലിന്റെ പുത്രിയാണ് സാറാ. അവളുടെ ഭർത്താവിനെ ആദ്യരാത്രിയിൽതന്നെ അസ്മോദേവൂസ് എന്ന പിശാച് വധിച്ചു. പിന്നീട് അവളെ വിവാഹം കഴിച്ചവർക്കും ഇതേ ഗതിതന്നെയുണ്ടായി. ഇങ്ങനെ ഒന്നിനു പിറകെ ഒന്നായി അവളുടെ ഏഴു ഭർത്താക്കന്മാർ കൊല്ലപ്പെട്ടു. ഒരു ദിവസം ദൈവം തന്റെ ദൂതനായ റഫായേലിനെ തോബിത്തിന്റെ പക്കലേക്ക് അയച്ചു. റഫായേൽ തോബിത്തിന്റെ പുത്രൻ തോബിയാസിനെ സുരക്ഷിതമായി റഗുവേലിന്റെ വീട്ടിലേക്ക് ആനയിച്ചു. തോബിയാസ് സാറായെ വിവാഹം ചെയ്തു. പിശാചിന്റെ കരങ്ങളിൽനിന്നും ദൈവം തോബിയാസിനെ രക്ഷിച്ചു. തോബിയാസിന്റെ പിതാവിന്റെ അന്ധത നീക്കാനുതകുന്ന ഒരു ഔഷധം തോബിയാസിന്റെ കയ്യിൽ കൊടുത്തിട്ട് മാലാഖ അപ്രത്യക്ഷനായി. തോബിയാസ് ഭാര്യാസമേതം തിരിച്ചുവന്ന്, മരുന്നുപുരട്ടി പിതാവിനു കാഴ്ചനല്കി. തോബിത്ത് ദൈവത്തെ സ്തുതിച്ച് കീർത്തനമാലപിച്ചു. ദാനധർമത്തിന്റെ മാഹാത്മ്യത്തെപ്പറ്റി ഉപദേശിച്ചശേഷം 158-ാമത്തെ വയസ്സിൽ തോബിത്ത് മരിച്ചു (14:11). പിന്നീട് തോബിത്തിന്റെ കുടുംബം എക്ബത്താനയിലേക്കു തിരിച്ചുപോയി. 127-ാമത്തെ വയസ്സിൽ തോബിയാസും മരിച്ചു.

## 3. യൂദിത്ത്

ഒരു ചെറിയ ചരിത്ര സംഭവത്തിന്റെ വളരെ സ്വതന്ത്രമായ ശൈലിയിലുള്ള പ്രബോധനാത്മകമായ വിശദീകരണമാണ് യൂദിത്തിന്റെ പുസ്തകം. യൂദിത്ത് എന്ന ഒരു ഭക്തയുടെ ഇടപെടൽമൂലം ശത്രുക്കളുടെമേൽ ഇസ്രായേൽക്കാർ നേടിയ ഒരു വിജയത്തിന്റെ കഥയാണിത്.

**രചനയും സ്വഭാവും**

ബി.സി. രണ്ടാംശതകത്തിൽ പലസ്തീനായിൽ വച്ചാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടത്. ഇവിടെയും ചരിത്രവസ്തുതകളുടെ കാര്യത്തിൽ ഗ്രന്ഥകാരൻ അധികമൊന്നും ശ്രദ്ധിച്ചിട്ടില്ല. മതപരമായ പ്രതിസന്ധിയെ മറികടക്കുന്നതിലാണ് അദ്ദേഹം ഊന്നൽ നല്കിയിട്ടുള്ളത്. അതുകൊണ്ട് ഈ ഗ്രന്ഥത്തിന് വെളിപാടു സാഹിത്യത്തിൽപ്പെട്ട കൃതികളോട് അടുപ്പമുണ്ടെന്നു പറയാവുന്നതാണ്. പല കാര്യങ്ങളിലും ഇതിന് ദാനിയേൽ, എസക്കിയേൽ, ജോയേൽ എന്നീ ഗ്രന്ഥങ്ങളോടും സാദൃശ്യം കാണാം. "അർമ്മഗെദ്ദോൻ" സംഭ

www.malankaralibrary.com

വത്തിന്റെ രംഗം യോഹന്നാന്റെ വെളിപാടിലുള്ള യുഗാന്ത്യപരമായ യുദ്ധത്തിന്റെ രംഗംതന്നെയാണ് (വെളി.16:16).

### ഉദ്ദേശ്യവും ഉള്ളടക്കവും

എത്രവലിയ പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നാൽപോലും തന്റെ ജനത്തെ എപ്പോഴും അത്ഭുതകരമായി ദൈവം രക്ഷപെടുത്തുമെന്ന് വിശ്വാസികൾക്ക് ഉറപ്പുകൊടുക്കുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. ഇപ്രകാരം ഈ പുസ്തകം, ജനങ്ങൾക്ക് ദൈവത്തിലുള്ള വിശ്വാസത്തെ പ്രോത്സാഹിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നു. യൂദിത്തിന്റെ വിജയം, ഉപവാസത്തിനും പ്രാർത്ഥനയ്ക്കും, ദൈവിക നിയമങ്ങളെ സൂക്ഷ്മമായി പാലിക്കുന്നതിനും ദൈവം നല്കുന്ന പ്രതിസമ്മാനത്തിന്റെ ഉത്തമോദാഹരണമാണ്.

## 4. എസ്തേർ

എസ്തേറിന്റെ പുസ്തകം യൂദിത്തിന്റെ പുസ്തകംപോലെ തന്നെയാണ്: ഒരു സ്ത്രീയിലൂടെ ദൈവം ഇസ്രയേലിനെ ശത്രുകരങ്ങളിൽനിന്ന് മോചിപ്പിച്ച സംഭവം. തന്റെ ജനത്തെ നാശത്തിൽനിന്നു രക്ഷിക്കുന്നതിൽ ദൈവം എത്ര ശ്രദ്ധാലുവാണെന്ന് ഈ പുസ്തകം വ്യക്തമാക്കുന്നു.

### മൂലകൃതി

എസ്തേറിന്റെ പുസ്തകം വായിക്കുമ്പോൾ വലിയ ബുദ്ധിമുട്ടുളവാക്കുന്ന ഒന്നാണ് അതിന്റെ ക്രമീകൃതമല്ലാത്ത ഘടന. ഇതെങ്ങനെയുണ്ടായി എന്നു മനസ്സിലാക്കാൻ ശ്രമിക്കുന്നതു നല്ലതാണ്.

വാസ്തവത്തിൽ, ഹീബ്രുബൈബിളിലും ഗ്രീക്കു സപ്തതിയിലും കാണുന്ന വ്യത്യാസങ്ങളാണ് മേൽപറഞ്ഞ വൈകല്യത്തിനു നിദാനം. മൂലകൃതി ഹീബ്രുവിലായിരുന്നു. പിന്നീട് സപ്തതി ഇതിനെ ഗ്രീക്കിലേക്ക് തർജ്ജമ ചെയ്തപ്പോൾ കുറെ കൂട്ടിച്ചേർക്കലുകൾ നടത്തി. അങ്ങനെ മൂലകൃതിയെക്കാൾ സുദീർഘമായ ഒന്നാണ് സപ്തതിയിൽ വന്നത്. അതായത്, ഹീബ്രു ബൈബിളിൽ 10 അദ്ധ്യായങ്ങളുണ്ടായിരുന്ന എസ്തെറിന്റെ പുസ്തകം ഗ്രീക്ക് ബൈബിളിലായപ്പോൾ 16 അദ്ധ്യായങ്ങളായി ദീർഘിപ്പിച്ചു. മൂലകൃതിക്ക് ചില വിശദീകരണക്കുറിപ്പുകൾ കൊടുത്തുകൊണ്ടാണ് സപ്തതി ഈ കൂട്ടിച്ചേർക്കലുകൾ നടത്തിയത്. ഇവ ഗ്രീക്ക്കൃതിയിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്നു. പ്രസ്തുത ഭാഗങ്ങളെ ലത്തീൻ വുൾഗാത്തയിൽ വി. ജെറോം കഥാഗതിക്കനുസൃതമായി ക്രമപ്പെടുത്തി. ഗ്രീക്കുബൈബിളനുസരിച്ചുള്ള അധ്യായ-വാക്യ-വിഭജനവും, ലത്തീൻ ബൈബിളനുസരിച്ചുള്ള വിഷയ ക്രമീകരണവും അവലംബിച്ചിരിക്കുന്നതിനാലാണ് നമ്മുടെ ബൈബിളിൽ അധ്യായങ്ങൾ കീഴ്മേൽ മറിഞ്ഞപോലെ കാണുന്നത്. ഹീബ്രുമൂലകൃതി അതിന്റെ തനിരൂ

www.malankaralibrary.com

പത്തിൽ ബി.സി. 160–നു മുമ്പുവരെയും (2-മക്ബായർ 15:36) ഗ്രീക്ക് തർജ്ജമ ബി.സി. 114ലും നിലവിലുണ്ടായിരുന്നു. പാലസ്തീനയ്ക്കപ്പുറത്തുള്ള യഹൂദരെ ഉദ്ദേശിച്ചാണ് ഗ്രീക്ക് തർജ്ജമ ഉണ്ടായത്. വിജാതിയർ യഹൂദരെ കൂട്ടക്കൊല നടത്തിയതിന്റെ ഭീകരത കുറച്ചു കാണിക്കുകയെന്ന ലക്ഷ്യവും ഈ ഗ്രീക്കുവിവർത്തനത്തിന്റെ പിന്നിലുണ്ടായിരുന്നു.

**കഥാസാരം**

പേർഷ്യയിലെ അഹസ്വരൂസ് രാജാവിന്റെമേൽ വളരെ സ്വാധീനമുള്ള ഒരു മന്ത്രിയായിരുന്നു ആമാൻ. ഇദ്ദേഹം കടുത്ത യഹൂദവിദ്വേഷിയുമായിരുന്നു. പേർഷ്യയിൽനിന്നും യഹൂദരെ ഉന്മൂലനം ചെയ്യാൻ അയാൾ കുരുക്കുകൾ ഒരുക്കി. എന്നാൽ അതിനകം എസ്തേർ എന്ന യഹൂദ യുവതി ദൈവകാരുണ്യത്താൽ അഹസ്വരൂസിന്റെ രാജ്ഞിയായിത്തീർന്നിരുന്നു. ആമാന്റെ കുടിലതന്ത്രങ്ങൾ മനസ്സിലാക്കിയ എസ്തേർ തന്റെ വളർത്തു പിതാവായ മൊർദേക്കായിയുടെ ഉപദേശങ്ങൾ അനുസരിച്ചു വളരെ വിവേകപൂർവ്വം പ്രവർത്തിച്ചു. അതിന്റെ ഫലമായി ആമാന്റെ കണക്കുകൂട്ടലുകൾ തകിടം മറിഞ്ഞു. ആമാൻ തൂക്കിക്കൊല്ലപ്പെടുകയും മൊർദേക്കായി മന്ത്രിയാവുകയും ചെയ്തു. ഈ വിജയത്തിന്റെ സ്മരണ നിലനിർത്തുന്നതിനുവേണ്ടിയാണ് പൂരിം ഉത്സവം സ്ഥാപിക്കപ്പെട്ടത്. ഇത് ആണ്ടുതോറും ഘോഷിക്കാൻ യഹൂദർ ബാധ്യസ്ഥരുമായിരുന്നു.

തന്റെ ജനത്തെ ദൈവം കൈവെടിയുകയില്ല, എപ്പോഴും അവരുടെ അവശതകളിൽ അവിടുന്നു സഹായത്തിനെത്തും എന്നുള്ളതാണ് ഈ പുസ്തകത്തിന്റെ സന്ദേശം.

## 5. 1–2 മക്കബായർ

സെല്യൂസിഡ് രാജാക്കന്മാർക്കെതിരെ മതപരവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യത്തിനുവേണ്ടി യഹൂദജനങ്ങൾ നടത്തിയ പോരാട്ടത്തെയാണ് മക്കബായരുടെ രണ്ടു പുസ്തകങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളത്. ഈ പോരാട്ടത്തിനു നേതൃത്വം നല്കിയത് മക്കബായരായിരുന്നു. അതുകൊണ്ട് ഈ ഗ്രന്ഥം അവരുടെ പേരിൽതന്നെ അറിയപ്പെടുന്നു (1-മക്കബാ. 2:4).

വ്യത്യസ്ത ഗ്രന്ഥകാരന്മാർ വെവ്വേറെ ഭാഷകളിൽ വിഭിന്ന വീക്ഷണങ്ങളോടെ രചിച്ചിട്ടുള്ളവയാണിവ. മക്ബായർ ഒന്നാം പുസ്തകം ഹീബ്രുഭാഷയിലായിരുന്നു ആദ്യം എഴുതപ്പെട്ടത്. എന്നാൽ അതിന്റെ ഗ്രീക്ക് തർജ്ജമ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. അതിന്റെ ഗ്രന്ഥകാരൻ ഹാസ്മോണിയൻ കുടുംബത്തൽപെട്ട ഒരു പലസ്തീനിയൻ യഹൂദനാണെന്നു കരുതപ്പെടുന്നു. ബി.സി. 100–ന് അടുത്താണ് അതിന്റെ രചനാകാലം. ബി.സി. 175 മുതൽ 134 വരെയുള്ള 40 കൊല്ലങ്ങളിലെ സംഭവങ്ങളാണ് അതിലെ പ്രതിപാദ്യം.

www.malankaralibrary.com

"ഇസ്രയേലിനു മോചനം നേടിക്കൊടുത്തവർ" (5:62) എന്ന നിലയിൽ മക്ബായക്കാരെ മഹത്വീകരിക്കുക എന്നതാണ് ഈ പുസ്തകരചനയിൽ ഗ്രന്ഥകാരന്റെ ഉദ്ദേശ്യം.

മക്ബായർ രണ്ടാം പുസ്തകം ഒന്നാം പുസ്തകത്തിന്റെ തുടർച്ചയല്ല. ഒന്നാം പുസ്തകത്തിലെ കാലഘട്ടത്തിലെതന്നെ 15 വർഷങ്ങളെക്കുറിച്ചാണ് രണ്ടാം പുസ്തകത്തിൽ പ്രതിപാദിക്കുന്നത്. അതുകൊണ്ട് ഭാഗികമായി ആദ്യത്തെതിനു സമാന്തരമാണെന്നു പറയാം (176–160 ബി.സി.). ഇത് ഒന്നാം പുസ്തകത്തിലെ ആദ്യത്തെ ഏഴ് അദ്ധ്യായങ്ങളോടു യോജിച്ചു പോകുന്നുണ്ട്. രണ്ടാം പുസ്തകം ആദ്യമായി ഗ്രീക്കുഭാഷയിലായിരുന്നു എഴുതപ്പെട്ടത്. ജാസൻ എന്നയാൾ അഞ്ചുവാല്യങ്ങളിലായി എഴുതിയ ഒരു ഗ്രന്ഥപരമ്പരയുടെ സംഗ്രഹമാണ് ഇതെന്ന് പുസ്തകത്തിൽതന്നെ പ്രസ്താവിച്ചിട്ടുണ്ട്. ജാസൻ ഉത്തര ആഫ്രിക്കയിലുള്ള സൈറീൻ എന്ന സ്ഥലത്തു ജീവിച്ചിരുന്ന ഒരു യഹൂദനായിരുന്നു. ബി.സി. 124-നുശേഷം അജ്ഞാതനായ ഒരു വ്യക്തി ജാസന്റെ വാല്യങ്ങളെ സംഗ്രഹിച്ച് പ്രസാധനം ചെയ്തു.

### ഗ്രന്ഥങ്ങളുടെ ഉള്ളടക്കം

മോശയുടെ നിയമം അക്ഷരാർത്ഥത്തിൽ ജീവിച്ചുവന്ന യഹൂദർക്ക് (ഹസിദീം) ഹെല്ലെനിസ്റ്റിക് (hellenistic) സംസ്കാരത്തിൽനിന്നും നേരിടേണ്ടിവന്ന വെല്ലുവിളികളെ ഒന്നാം പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. യവനസംസ്കാരം ഇതര സ്ഥലങ്ങളിലേക്ക് വ്യാപിച്ചപ്പോൾ അതതു സ്ഥലങ്ങളിലെ പ്രാദേശിക സംസ്കാരങ്ങളുമായി ചേർന്നുണ്ടായ ഒരു സങ്കര സംസ്കാരമായിരുന്നു ഹെല്ലനിസം (hellenism). ഈ ഹെല്ലനിസത്തിന്റെ പ്രചാരകനും യഹൂദ പീഡകനുമായ അന്തിയോക്കസ് എപ്പിഫാനസിനെതിരെ മത്താത്തിയാസ് എന്നയാൾ മതസ്വാതന്ത്ര്യത്തിനുവേണ്ടി ഒരു ധാർമ്മിക സമരം ആരംഭിച്ചു (അദ്ധ്യാ. 1–2). അദ്ദേഹത്തിന്റെ പുത്രന്മാരായ യൂദാസ് മക്കാബീസ് (അദ്ധ്യാ. 3–9), ജോനാഥൻ (അദ്ധ്യാ. 9:23–12:53), ശെമയോൻ (അദ്ധ്യാ. 13–16) എന്നിവർ പീഡകർക്കെതിരെ പോരാടി വിജയം വരിച്ചു.

ദൈവാലയത്തിന്റെ വിശുദ്ധി, മരിച്ചവരുടെ പുനരുദ്ധാനം (7.9ff; 14:46), വിശുദ്ധരുടെ മാദ്ധ്യസ്ഥ്യം, തങ്ങളുടെ പ്രാർത്ഥനകളും ബലികളുംവഴി മരിച്ചവരെ സഹായിക്കാൻ ജീവിച്ചിരിക്കുന്നവർക്കുള്ള കഴിവ് (12:39–45) എന്നീ കാര്യങ്ങൾ ഉറപ്പിച്ചു പറയാൻ രണ്ടാം പുസ്തകത്തിൽ ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നു.

www.malankaralibrary.com

## അധ്യായം – 10

# പ്രവാചകന്മാർ

താൻ തിരഞ്ഞെടുത്ത ജനത്തിന് നേർവഴി കാണിക്കാൻ ദൈവം നിയോഗിച്ച അവിടുത്തെ ഉപകരണങ്ങളാണ് ബൈബിളിലെ പ്രവാചകന്മാർ. ദൈവത്തെ നേരിട്ടനുഭവിച്ചിട്ടുള്ള വ്യക്തിയാണ് പ്രവാചകൻ. തന്റെ വിശുദ്ധിയും തിരുവിഷ്ടവും ദൈവം പ്രവാചകന്മാർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നു. ദൈവത്തോടുള്ള കടമകൾ ജനങ്ങളെ അനുസ്മരിപ്പിക്കാനും, അങ്ങനെ അവരെ ദൈവസ്നേഹത്തിലേക്കും ദൈവഹിതത്തിലേക്കും തിരിച്ചുകൊണ്ടു വരാനും നിയോഗിക്കപ്പെട്ടവരാണ് പ്രവചാകന്മാർ.

പ്രാവാചകൻ എന്നതിനുള്ള ഹീബ്രുപദം 'നബി' എന്നതാണ്. 'പ്രഘോഷിക്കുന്നവൻ' എന്നും 'വിളിക്കപ്പെട്ടവൻ' എന്നും അതിന് രണ്ട് അർത്ഥമുണ്ട്. ഇവ രണ്ടും ചേർത്താൽ 'പ്രഘോഷിക്കാൻ വിളിക്കപ്പെട്ടവൻ' എന്ന അർത്ഥം ലഭിക്കും. വാസ്തവത്തിൽ പ്രവാചകനെക്കുറിച്ചുള്ള ഇസ്രായേലിലെ അടിസ്ഥാന കാഴ്ചപ്പാട് ഇതുതന്നെയാണ്. ഗ്രീക്കുഭാഷയിൽ 'പ്രോഫെതെസ്' (പ്രോഫെമി = മറ്റൊരാൾക്കുവേണ്ടി സംസാരിക്കുക) എന്ന പദമാണ് പ്രയോഗിച്ചിട്ടുള്ളത്. ദൈവനാമത്തിൽ സംസാരിക്കുന്നവൻ എന്നാണ് ആ പദം കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. പ്രവാകന്മാരെക്കുറിച്ചുള്ള പൊതുധാരണ അവർ ഭാവി കാര്യങ്ങൾ പറയുന്നവരാണെന്നത്രേ! എന്നാൽ മേൽ പ്രസ്താവിച്ചവയിൽനിന്നും, പ്രാവാചകൻ ഏതെങ്കിലും കാര്യം മുൻകൂട്ടി പറയുന്നവനാകണമെന്ന് അർത്ഥം വരുന്നില്ല.

ഇസ്രായേലിൽ നിരവധി പ്രവാചകന്മാർ ഉണ്ടായിട്ടുണ്ട്. മോശ തുടങ്ങി യോഹന്നാൻ സ്നാപകൻ വരെയുള്ളവർ ഇക്കൂട്ടത്തിൽപെടും. ഇവരിൽ പലരുടെയും പേരിൽ ഗ്രന്ഥങ്ങളൊന്നും എഴുതപ്പെട്ടിട്ടില്ല. ഉദാഹരണത്തിന്, നാഥാൻ ഒരു പ്രവാചകനായിരുന്നു. എന്നാൽ കാനോനികമായി ഒരു ഗ്രന്ഥവും അദ്ദേഹത്തിന്റെ പേരിലില്ല. ജോഷ്വാ, ന്യായാധിപന്മാർ, സാമുവൽ, രാജാക്കന്മാർ എന്നീ ഗ്രന്ഥങ്ങളെ ആദ്യകാല പ്രവാചക ഗ്രന്ഥങ്ങൾ എന്നാണ് ഹെബ്രായർ വിളിക്കുന്നതെന്ന് പറയുകയുണ്ടായല്ലോ. പഴയനിയമത്തിൽ 'പ്രവാചക ഗ്രന്ഥങ്ങൾ' എന്ന് ഗണിക്കപ്പെടുന്ന 18 ഗ്രന്ഥങ്ങളുണ്ട്. അവ 'നബിയിം' എന്ന ഗണത്തിൽപ്പെടുന്നവയാണ്.

www.malankaralibrary.com

### ക്രമീകരണം

പ്രവാചക ഗ്രന്ഥങ്ങളെ ബൈബിളിൽ ക്രമീകരിച്ചിട്ടുള്ളത് കാലാനുസൃതമല്ല; പുസ്തകങ്ങളുടെ ദൈർഘ്യം അനുസരിച്ചാണ്. കാലക്രമത്തെ ആസ്പദമാക്കിയായിരുന്നെങ്കിൽ ആദ്യം വരേണ്ടത് ആമോസിന്റെ ഗ്രന്ഥമായിരുന്നു. ബി.സി. 750ന് അടുത്തായിരുന്നു ആമോസിന്റെ ആഗമനം. അവസാന പ്രവാചകനായ സക്കറിയ ബി.സി. 350ന് അടുത്താണ് തന്റെ പ്രവാചക ദൗത്യം നിർവഹിച്ചത്. ഇപ്രകാരം ഇസ്രായേലിൽ പ്രവാചകരുടെ കാലം ഏകദേശം 400 വർഷം നിലനിന്നുവെന്നു കാണാം.

### പ്രവാചകന്മാരുടെ ഉത്ഭവം

പഴയകാലത്തെ വലിയ മതങ്ങളിലെല്ലാം പ്രധാനികളും അപ്രധാനികളുമായ നിരവധി പ്രവാചകന്മാർ ഉണ്ടായിരുന്നു. ദൈവങ്ങളുടെ നാമത്തിലാണ് സംസാരിക്കുന്നതെന്ന് അവരെല്ലാം അവകാശപ്പെട്ടിരുന്നു. ബൈബിളിൽ ത്തന്നെ ബാലിന്റെ 450 പ്രവാചകന്മാരെക്കുറിച്ചു പറയുന്നുണ്ട് (1-രാജാ 18:19–40, cfr 1രാജാ 22:5–12). ഇത്തരം പ്രവാചകർ പൊതുവെ വിറളിപിടിച്ച ഉന്മത്തരെപ്പോലെയാണ് ദൗത്യ നിർവ്വഹണത്തിലേർപ്പെട്ടിരുന്നത്.

ഇസ്രായേലിലെ പ്രവാചകരിൽ ചിലർ ആരംഭഘട്ടത്തിൽ അയൽ രാജ്യങ്ങളായ ഫിനീഷ്യാ, കാനാൻ എന്നിവിടങ്ങളിലെ പ്രവാചകരിൽനിന്ന് വളരെയൊന്നും വിഭിന്നരായിരുന്നില്ല. സാമുവലിന്റെയും (1-സാമു. 10:15) ഏലിയായുടെയും (1-രാജാ 18:4) ഏലീശ്വായുടെയും കാലത്ത് (2രാജ 2:3–18) ഇത്തരം പ്രവാചക ഗണങ്ങളെ നമുക്കു കാണാം. സംഗീതപൂർണ്ണമായ അന്തരീക്ഷത്തിൽ അവർ പലപ്പോഴും ആനന്ദ ലഹരിയിൽ ആണ്ട് തുള്ളിച്ചാടിയിരുന്നു. അത് ശ്രോതാക്കളേയും ചിലപ്പോൾ ബാധിക്കാറുണ്ട് (1-സാമു 10:5–10; 19:20–24). ചില അവസരങ്ങളിൽ അവർ പ്രതീകാത്മകമായി ഭാവാഭിനയങ്ങൾ നടത്തിയിരുന്നാതയും കാണാം (1-രാജാ 22:11).

### ബൈബിളിലെ പ്രവാചകന്മാരുടെ സ്വഭാവം

രാജഭരണകാലത്ത് ഔദ്യോഗിക പ്രവാചകർ എന്ന നിലയിൽ വ്യവസ്ഥാപിതമായ പ്രവാചകഗണം ഉണ്ടായി. ഈ പ്രവാചകന്മാർ രാജാവിനെ അനുഗമിച്ചിരുന്നു (1-രാജാ 22). അവർ രാജ്യത്തിന്റെ അവിഭാജ്യമായൊരു ഘടകമായി കരുതപ്പെട്ടു (ജെറ. 18:18, 2രാജാ 23:2). രാജാവിന്റെ കാര്യങ്ങൾ ദൈവത്തിന്റെ കാര്യങ്ങളാക്കിയാണ് അവർ അവതരിപ്പിച്ചിരുന്നത്. ഇക്കൂട്ടത്തിൽ കള്ളപ്രവാചകന്മാരും ഉണ്ടായിരുന്നു (ആമോസ് 7:14; ജെറ 28 cfr. നിയമാ 13:1–5, 18:21f)

### കാനോനിക പ്രവാചകന്മാർ

കാനോനികപ്രവാചകന്മാർ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് **പ്രവാചക** ഗണങ്ങളെയല്ല; ഒറ്റപ്പെട്ട വ്യക്തികളെയാണ്. 'പ്രവാചകന്മാർ' എന്നു പറയു

www.malankaralibrary.com

മ്പോൾ നാം സാധാരണയായി ഉദ്ദേശിക്കുന്നതും ഇവരെയത്രേ. ഇവരെ ദൈവം തന്റെ വക്താക്കളായി പ്രത്യേകം തെരഞ്ഞെടുത്തു നിയോഗിച്ചു. അതോടൊപ്പം അപ്രതിരോധ്യമായ ഒരു ദൈവികാഹ്വാനവും അവർക്കു ലഭിച്ചു. മോശ (പുറ. 3:1–12), സാമുവൽ (1-സാമു 3:1–21), ആമോസ് (ആമോസ് 1:4–10), യോനാ (യോനാ 1–2) തുടങ്ങിയവർ ഉദാഹരണങ്ങൾ. ദൈവത്തിന്റെ ആഹ്വാനങ്ങളും നിർദ്ദേശങ്ങളും ജനങ്ങളെ അറിയിക്കാനും സ്വജീവിതത്തിലൂടെ അവയെല്ലാം പ്രവർത്തിച്ച് കാണിച്ചുകൊടുക്കുവാനും ഉദ്ദേശിച്ചാണ് അവർ നിയോഗിക്കപ്പെട്ടത്.

ദർശനം, ശ്രവണം, ആന്തരിക പ്രചോദനം എന്നിങ്ങനെ പലവിധങ്ങളിലൂടെയാണ് പ്രവാചകന്മാർക്ക് ദൈവികസന്ദേശം ലഭിച്ചത്. തങ്ങളുടെ ദൗത്യം നിർവ്വഹിക്കുന്നതിന് പ്രവാചകന്മാർ അവലംബിച്ച മാർഗ്ഗങ്ങളിലും ഇതുപോലെതന്നെ വൈവിധ്യങ്ങളുണ്ട്. പ്രബോധനങ്ങൾ, വിവരണങ്ങൾ, പ്രസംഗങ്ങൾ, ഉപമകൾ, സുഭാഷിതങ്ങൾ, സ്തോത്രഗീതങ്ങൾ, ഏറ്റുപറച്ചിലുകൾ, ഹാസ്യരൂപങ്ങൾ, അന്യാപദേശങ്ങൾ, വിലാപങ്ങൾ, ഭീഷണികൾ, ജീവിതകഥകൾ തുടങ്ങിയ വിവിധ സാഹിത്യരൂപങ്ങൾ അവർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ദൈവികസന്ദേശം സ്വീകരിക്കുന്നതിലും കൈമാറുന്നതിലും ഒട്ടേറെ വ്യത്യാസങ്ങൾ പ്രവാചകന്മാർക്കിടയിൽ കാണാം. ഈ വ്യത്യാസങ്ങൾക്കു പ്രധാന കാരണം പ്രവാചകന്മാരുടെ വ്യക്തിത്വം വിഭിന്നമായിരുന്നു എന്നതാണ്. അതിനും പുറമെ, വ്യക്തിപരമായ കഴിവുകളിലും പ്രതിഭാവിലാസത്തിലും അവർ തമ്മിൽ അന്തരങ്ങളുണ്ടായിരുന്നു. എന്നിരുന്നാലും, താൻ ദൈവത്തിന്റെ വക്താവു മാത്രമാണെന്ന ദൃഢമായ ബോധം ഓരോ പ്രവാചകനുമുണ്ടായിരുന്നു. തങ്ങളുടെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന വാക്കുകൾ തങ്ങളുടെ സ്വന്തമല്ല എന്ന് അവർ വിശ്വസിച്ചിരുന്നു.

ഈ പ്രവാചകന്മാരെ 'എഴുത്തുകാരായ പ്രവാചകന്മാർ' (Literary Prophets) എന്നും 'എഴുത്തുകാരല്ലാത്ത പ്രവാചകന്മാർ' (Pre–literary Prophets) എന്നും രണ്ടായി തിരിച്ചിട്ടുണ്ട്. ഇവരിൽ എഴുത്തുകാർായ പ്രവാചകന്മാരെയാണ് 'കാനോനിക പ്രവാചകന്മാർ' എന്ന പ്രയോഗംകൊണ്ട് ഉദ്ദേശിക്കുന്നത്. ഇവരാണ് ഈ അദ്ധ്യായത്തിലെ പഠനവിഷയം.

## പ്രവാചക ലിഖിതങ്ങൾ

പ്രവാചകന്മാർ പൊതവെ എഴുത്തുകാർ എന്നതിലധികം പ്രസംഗകരായിരുന്നു. അപൂർവം ചിലർ എഴുതുകയും ചെയ്തിട്ടുണ്ട് (ഏശ. 8:1–4; 30:8; എസ 43:11f ജെറ 36-:2, 28). പ്രവാചകന്മാർ പ്രധാനമായും വാമൊഴിയിലൂടെയാണ് പ്രവചനങ്ങളും ഉപദേശങ്ങളും നല്കിയത്. പിന്നീട് അവരുടെ ശിഷ്യന്മാരോ അനുയായികളോ അവയെല്ലാം ശേഖരിച്ചു പ്രസാധനം ചെയ്തു. ഈ ലിഖിത പ്രവചനങ്ങളിൽ വാമൊഴിയുടെ മൗലിക സ്വഭാവം വളരെ

www.malankaralibrary.com

സ്പഷ്ടമായി ദർശിക്കാവുന്നതാണ്. പ്രവചനങ്ങളുടെ ശേഖരണവും പ്രസാധനവും വളരെ സാവധാനത്തിൽ ഉണ്ടായ പ്രക്രിയയായിരുന്നു. ഇതിനിടയ്ക്ക് പല പുതിയ അംശങ്ങളും അവയോടു കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. പിന്നീട് പ്രസാധകരുടെ ഔചിത്യബോധമനുസരിച്ച് അവയ്ക്കു പുനഃക്രമീകരണങ്ങൾ നല്കി. ഏശയ്യായുടെ പുസ്തകം ഇതിനു നല്ല ദൃഷ്ടാന്തമാണ്. പല നൂറ്റാണ്ടുകളെടുത്തു അതിന് ഇന്നത്തെ രൂപം ലഭിക്കാൻ.

## പ്രവാചകന്മാരുടെ അടിസ്ഥാന പ്രബോധനങ്ങൾ

ഇസ്രയേലിന്റെ മതപുരോഗതിയിലും വിശ്വാസരൂപീകരണത്തിലും ഓരോ പ്രവാചകനും ഒരു സുപ്രധാന പങ്കു വഹിച്ചിട്ടുണ്ട്. ഈ സംഭാവനകൾ അനുപൂരകങ്ങളായിരുന്നു. പഴയനിയമ ദൈവശാസ്ത്രത്തിന്റെ മൂന്ന് അടിസ്ഥാന ഘടകങ്ങളായ ഏക ദൈവവിശ്വാസം, പ്രമാണാധിഷ്ഠിത ധാർമ്മികത, രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷ എന്നിവയ്ക്ക് പ്രവാചകന്മാരുടെ പ്രബോധനങ്ങളിലും ഊന്നൽ നല്കിയിട്ടുള്ളതാണ്.

### a. ഏക ദൈവത്തിലുള്ള വിശ്വാസം

ഒരു ദൈവമേയുള്ളൂ. യാഹ്‌വെയാണ് ആ ദൈവം. അവിടുന്ന് പ്രകൃതിയുടെയും മനുഷ്യന്റെയും നാഥനാണ്. മനുഷ്യന്റെ അന്ത്യം നിർണ്ണയിക്കുന്നത് അവിടുന്നുതന്നെയാണ്. എല്ലാ ജനതകളുടെയും ഭാവി അവിടുത്തെ കരങ്ങളിലാണ്. സമസ്ത പ്രപഞ്ചത്തിന്റെയും കർത്താവായ യാഹ്‌വെ അല്ലാതെ മറ്റൊരു ദൈവമില്ല. ഏക ദൈവമായ അവിടുന്ന് സർവ്വാതിശായിയാണ് (transcendent). അവിടുത്തെ ഈ സർവ്വാതിശായിത്വം വെളിപ്പെടുത്താൻ പ്രവാചകന്മാർ പറഞ്ഞിട്ടുള്ള വാക്കുകളാണ്: "അവിടുന്ന് പരിശുദ്ധനാണ്", "അവിടുന്ന് രഹസ്യമാണ്", "അവിടുന്ന് അത്യുന്നതനാണ്", "അവിടുന്ന് മനുഷ്യമക്കൾക്കു അതീതനാണ്" എന്നെല്ലാം (ഏശ. 6; ഏസെ. 1). എങ്കിലും അവിടുന്ന് സമീപസ്ഥനാണ്. തന്റെ സ്നേഹവും നീതിയും മറ്റുംവഴിയാണ് അവിടുന്ന് നമുക്ക് സമീപസ്ഥനായിരിക്കുന്നത് (ഹോസി. 2; ജെറ 2:2-7; 3:6-8; എസ 16, 23).

### b. ധാർമ്മികത

മനുഷ്യൻ അശുദ്ധനാണ്. എന്നാൽ ദൈവം പരമ പരിശുദ്ധനത്രേ (ഏശ. 6:5). തന്റെ ദുഷിച്ച ചിന്തകളും പ്രവൃത്തികളുംവഴി മനുഷ്യൻ ദൈവത്തിൽ നിന്ന് അകലുന്നു. ദൈവം നീതിയുടെ ദൈവമാണ് (ആമോസ്). അവിടുന്ന് സ്നേഹിക്കുന്ന ദൈവമാണ് (ഹോസിയാ). അവിടുന്നു പരിശുദ്ധനായ ദൈവമാണ് (ഏശയ്യാ). ദൈവത്തിന്റെ നീതിക്കും സ്നേഹത്തിനും പരിശുദ്ധിക്കുമെതിരായ പ്രവൃത്തിയാണ് പാപം. പാപത്തിന് സാമൂഹ്യമാനമുണ്ട്. അതുകൊണ്ട് പാപത്തിനുള്ള ശിക്ഷയും അതേ രീതിയിൽത്തന്നെയായിരിക്കണം. വ്യക്തിഗതമായ പാപത്തെയും അതിനുള്ള ശിക്ഷയെയും സംബന്ധിച്ച ആശ

www.malankaralibrary.com

യങ്ങൾ ബി.സി. ഏഴാം ശതാബ്ദത്തിന്റെ അവസാനത്തിൽ, ജെറമിയായുടെ കാലം മുതൽ മാത്രമാണ് പ്രബലപ്പെട്ടുവന്നത് (ജെറ. 31:29-30 cfr. നിയമാ. 24:16). പിന്നീട് ബി.സി. ആറാം ശതകത്തിൽ എസെക്കിയേൽ അതിനു കൂടുതൽ പ്രചാരം നല്കി. മനുഷ്യൻ അവന്റെ ദുഷ്ടതയിൽനിന്നു മോചനം നേടാനും വിശുദ്ധനാകാനും ദൈവകല്പനകൾ പാലിച്ചുകൊണ്ട് നീതിപൂർവ്വം ജീവിക്കേണ്ടിയിരിക്കുന്നുവെന്ന് പല പ്രവാചകന്മാരും പഠിപ്പിക്കുന്നു (ഏശ. 1:7; ആമോ. 5:24; ഹോസി 10:12; മിക്കാ 6:8).

### c. രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷ

രക്ഷകനെക്കുറിച്ചുള്ള പ്രവാചകന്മാരുടെ പ്രബോധനങ്ങളിൽ തെളിഞ്ഞു കാണാം. പാപത്തിലാണ്ടുപോയെങ്കിലും തന്റെ ജനങ്ങൾ പൂർണ്ണമായി നശിച്ചുപോകാൻ ദൈവം ആഗ്രഹിക്കുന്നില്ല. ദൈവജനത്തിന്റെ ഒരു "കാതലായ ഭാഗം" (nucleus) എങ്കിലും നിലനില്ക്കാൻ അവിടുന്ന് അനുവദിക്കും (ആമോ. 5:15; ഏശ. 5:3f). ഈ കാതലായ ഭാഗത്തിന്റെ നിലനില്പിലാണ് ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയ്ക്ക് ഉറപ്പു ലഭിക്കുന്നത് (ഏശ. 11:10; 37-:31, മിക്കാ 4:7; 5:6-7 എസ 37-:12-24; സക്ക. 8:11-13).

ഭൗതികമായ ഐശ്വര്യമോ ശക്തിയോ ഒന്നും പ്രവാചകന്മാരുടെ പ്രതീക്ഷയുടെ കേന്ദ്രസ്ഥാനത്തു വരുന്നില്ല. അഗാധമായൊരു ആത്മീയ വീക്ഷണമാണ് ഈ പ്രതീക്ഷയിൽ അടിസ്ഥാനമായി നിലകൊള്ളുന്നത്. നന്മ, വിശുദ്ധി, നവജീവിതം സത്യജ്ഞാനം, സമാധാനം, സന്തോഷം എന്നിവയുടെ ആഗമനമാണ് ഈ പ്രതീക്ഷയുടെ സാരം (ഏശ. 29:19-24; ജെറ. 31:31-34; ഏശ. 2:3; 11:9; ജെറ 31:34; ഏശ 2:4; 9:6; 11:6-8; 29:19). ദൈവരാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി യാഹ്വെ തന്റെ അഭിഷിക്തനായ മിശിഹായെ ലോകത്തിലേക്ക് അയയ്ക്കും. അവിടുത്തെ ചൈതന്യം മിശിഹായുടെമേൽ ഉണ്ടായിരിക്കും (ഏശ. 11:1-5). അവൻ, 'കന്യകയിൽനിന്നും ജനിക്കും' 'എമ്മാനുവേൽ' (ദൈവം നമ്മോടുകൂടെ, (ഏശ. 7:14), 'യാഹ്വേ സിദകേനു' (ദൈവമാണു നമ്മുടെ നീതി) എന്നു വിളിക്കപ്പെടും, (ജെറ. 23:6); അവൻ ബെത്ലെഹമിലെ എഫ്രാത്തായിൽ ജനിക്കും (മിക്കാ 5:1); അവനുമുമ്പേ ദൈവം തന്റെ ദൂതനെ അയയ്ക്കും (മലാ. 3:1) എന്നിങ്ങനെ പ്രതീക്ഷയുടെ പ്രവചനങ്ങൾ രക്ഷകനായ മിശിഹായെപ്പറ്റി പ്രവാചക ലിഖിതങ്ങളിൽ സുലഭമാണ്.

### പ്രവാചകഗ്രന്ഥങ്ങൾ കാലാനുക്രമത്തിൽ

- അമോസ്, ഹോസിയാ, ഏശയ്യ 1-39, മിക്കാ - ബി.സി. 8-ാം ശതകം.
- സെഫനിയ, നാഹും, ഹബക്കുക്ക്, ജെറമിയാ ബി.സി. 7-ാം ശതകം.
- എസക്കിയേൽ, രണ്ടാം ഏശയ്യാ (40-55) - ബി.സി. 6-ാം ശതകം (പ്രവാസം).

www.malankaralibrary.com

- ഏശയ്യാ 56-66, ഹഗ്ഗായി, സക്കറിയാ 1-8- ബി.സി. 6-ാം ശതകം.
- മലാക്കി, ഒബാദിയാ, ബി.സി. 5-ാം ശതകം.
- ജോയേൽ, സക്കറിയാ 9-14- ബി.സി. 4-ാം ശതകം.

## ബൈബിളിലെ ക്രമം

1. **ഏശയ്യാ:-** ബി.സി. 765ന് അടുത്തു ജനിച്ചു. ബി.സി. 740--ൽ ദൈവം ഏശയ്യായെ വിളിച്ചു. ബി.സി. 700നു ശേഷമുള്ള ഏശയ്യായുടെ ജീവിതത്തെക്കുറിച്ചു നമുക്കൊന്നും അറിഞ്ഞുകൂടാ. യഹൂദ പാരമ്പര്യമനുസരിച്ച് മനാസ്സെയുടെ കാലത്ത് ഇദ്ദേഹം രക്തസാക്ഷിത്വം വരിച്ചു.

രക്ഷകനെകുറിച്ചു പ്രവചിച്ചിട്ടുള്ള ഏറ്റവും പ്രധാന പ്രവാചകനും ഇസ്രായേലിലെ ഏറ്റവും അനുഗൃഹീത കവിയുമാണ് ഏശയ്യാ. ഏശയ്യായുടെ പ്രബോധനങ്ങൾ പ്രചരിപ്പിക്കാനായി അദ്ദേഹത്തിന്റെ അനുയായികൾ ഒരു "ഏശയ്യാ സ്കൂൾ" സ്ഥാപിച്ചു. അദ്ദേഹത്തിന്റെ പേരിൽ ബി.സി. 5-ാം ശതകം വരെ അതു നിലനിന്നു.

ഇപ്രകാരം ഏശയ്യായുടെ ഒരു ശിഷ്യൻ പ്രവാസകാലഘട്ടത്തിന്റെ അന്ത്യത്തിൽ രചിച്ചതാണ് ഏശയ്യ 40--55 അധ്യായങ്ങൾ. രണ്ടാം ഏശയ്യാ (Deuto-Isaiah) എന്ന് ഇത് അറിയപ്പെടുന്നു. ഈ ഭാഗത്ത് ദൈവത്തിന്റെ സഹനദാസനെ (Servant of Yahweh) ചിത്രീകരിച്ചിട്ടുണ്ട്. ഈശോയുടെ ജീവിതത്തിന്റെയും രക്ഷാകര സഹനത്തിന്റെയും മരണത്തിന്റെയും ഒരു പൂർവ്വച്ഛായ അതിൽ കാണാം.

മൂന്നാം ഭാഗമായ 56-66 അധ്യായങ്ങൾ പലർചേർന്ന് എഴുതിയതാണ്. ഇതിന്റെ പ്രതിപാദ്യവിഷയം ബി.സി. എട്ടാം നൂറ്റാണ്ടിലേതും എഴുത്തുകാർ ബി.സി. 6-ാം നൂറ്റാണ്ടിലേതും ആണ്. അതായത് പ്രവാസത്തിനുമുമ്പുള്ള വിഷയങ്ങളെക്കുറിച്ച് ഏശയ്യായുടെ പ്രവാസകാലത്തെ ശിഷ്യന്മാർ രചിച്ചതാണ് ഈ അവാസനഭാഗം.

2. **ജെറമിയ:-** ഏശയ്യായ്ക്കുശേഷം ഒരു നൂറ്റാണ്ടു കഴിഞ്ഞ് ബി.സി. 645ന് അടുത്താണ് ജെറമിയ ജനിച്ചത്. ജെറുസലെമിൽനിന്ന് 5 കിലോമീറ്റർ വടക്കു കിഴക്കുള്ള അനത്തോത്ത് എന്ന ഗ്രാമത്തിൽ ഒരു പുരോഹിത കുടുംബത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. ബി.സി. 626-ൽ അദ്ദേഹത്തിന് പ്രവാചകദൗത്യം ലഭിച്ചു (ജെറ. 1:2). അന്നദ്ദേഹം കേവലം ഒരു യുവാവായിരുന്നു. ബി.സി. 587-ൽ ജറൂസലെമിന്റെ പതനവും ജറുസലെം നിവാസികളെ ബാബിലോണിയയിലേക്ക് പിടിച്ചുകൊണ്ടുപോകലും നടന്ന അവസരത്തിൽ ജെറമിയ ഈജിപ്റ്റിലേക്കു പലായനം ചെയ്തു. അദ്ദേഹം മിക്കവാറും അവിടെവച്ചു തന്നെയായിരിക്കണം നിര്യാതനായത്.

www.malankaralibrary.com

"പിഴുതെറിയാനും ഇടിച്ചു തകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും വേണ്ടി"യാണ് അദ്ദേഹം വിളിക്കപ്പെട്ടത് (10:10). അതുകൊണ്ട് അദ്ദേഹത്തിന്റെ സന്ദേശത്തിൽ മുഴങ്ങി കേട്ടിരുന്ന സ്വരം വിനാശത്തിന്റേതായിരുന്നു (20:8). ജീവിതകാലത്ത് ജെറമിയ ഒരു പരാജയമായി കാണപ്പെട്ടെങ്കിലും മരണാനന്തരം അദ്ദേഹത്തിന് മനുഷ്യമനസ്സുകളിൽ ഉന്നതസ്ഥാനം കൈവന്നു. 'ഹൃദയത്തിൽ എഴുതപ്പെട്ട പുതിയ ഉടമ്പടി'യെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രബോധനംവഴി (31: 31–34) ജറുസലെം നിവാസികൾക്ക് ധാരാളം നന്മ കൈവരികയും അവർ അദ്ദേഹത്തെ അവരുടെ ആധ്യാത്മിക പിതാവായി കരുതുകയും ചെയ്തു. അദ്ദേഹത്തിന്റെ സിദ്ധാന്തമനുസരിച്ച് ദൈവത്തോടുള്ള യഥാർത്ഥബന്ധം മനുഷ്യർക്കു സാധ്യമാകുന്നത് ദൈവകല്പനകളുടെ സ്വാംശീകരണവും നിർവ്വഹണവും വഴിയാണ്. ബി.സി. 626–ൽ പ്രവാചക ദൗത്യത്തിനുള്ള വിളി ലഭിച്ചതു മുതൽ ജെറമിയ പ്രവചനങ്ങളെല്ലാം സൗകര്യപൂർവ്വം തന്റെ സെക്രട്ടറിയും ശിഷ്യനുമായ ബാറൂക്കിനു പറഞ്ഞു കൊടുത്ത് എഴുതിക്കുകയായിരുന്നു (36:2, 32). സപ്തതിയിലെ ഗ്രീക്കുപ്രതി ഹീബ്രു മൂലത്തെക്കാൾ എട്ടിലൊന്നു നീളം കുറഞ്ഞതാണ്. 45:1–5 ബാറൂക്കിന്റെ സാക്ഷ്യപുസ്തകത്തിലെ പ്രധാന വിഷയങ്ങൾ, ഏറ്റുപറച്ചിലുകൾ, യൂദായ്ക്കും ജറുസലെമിനും എതിരായിട്ടുള്ള മുന്നറിയിപ്പുകൾ (1–25), സന്തോഷഭരിതമായ ഭാഗങ്ങൾ (26–35), ജീവചരിത്രം (36–44), ജനതകൾക്കെതിരായിട്ടുള്ള പ്രവചനങ്ങൾ (46–51) എന്നിവയാണ്. അവസാനത്തെ 52–ാം അധ്യായം ഒരനുബന്ധമാണ്.

3. **വിലാപങ്ങൾ:** അക്ഷരമാലക്രമത്തിൽ എഴുതപ്പെട്ട ഈ പദ്യങ്ങൾ വീണുപോയ ജറുസലെമിനെയും തകർക്കപ്പെട്ട ദൈവാലയത്തെയുംക്കുറിച്ചുള്ള വിലാപങ്ങളത്രേ. ബി.സി. 587-നുശേഷം യൂദയായിൽ ശേഷിച്ച ചിലരാണ് ഇവയുടെ രചയിതാക്കൾ. ഗ്രീക്ക് സപ്തതിയും ലത്തീൻ വുൾഗാത്തയും ഈ ഗ്രന്ഥത്തെ ജെറമിയായുടെ പുസ്തകത്തിന്റെ തുടർച്ചയായി ചേർത്ത് 'ജെറമിയുടെ വിലാപങ്ങൾ' എന്ന പേരു നല്കുകയുണ്ടായി.

4. **ബാറൂക്ക്:** ബാറൂക്ക് എന്ന പേരിലുള്ള സമാഹാരം പിൽക്കാലത്തു രൂപംകൊണ്ടതാണ് (cfr. 1:1–4; ഒരുപക്ഷേ, ബി.സി. രണ്ടാം ശതകത്തിൽ). ദൈവാനുഗ്രഹങ്ങൾ ഏറ്റുപറയുകയും പ്രതീക്ഷ പ്രകാശിപ്പിക്കുകയും ചെയ്യുന്ന ഒരു പ്രാർത്ഥന (1:15–3:8), ജ്ഞാനത്തെ നിയമവുമായി താദാത്മ്യപ്പെടുത്തുന്ന ഒരു ജ്ഞാനകാവ്യം (3:9–4:4), ഒരു പ്രവചനഭാഗം (4:5–5–9), എന്നിവയെല്ലാമാണ് ഈ ഗ്രന്ഥത്തിലെ പ്രധാന പ്രതിപാദ്യം. ആറാമദ്ധ്യായം വിഗ്രഹാരാധനക്കെതിരായുള്ള ഒരു വിശദീകരണക്കുറിപ്പാണ്. അത് പില്ക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ടതുമാണ്.

5. **എസക്കിയേൽ:** ജെറുസലെമിലെ ഒരു പുരോഹിത കുടുംബത്തിൽ പിറന്നവനാണ് എസക്കിയേൽ. ബി.സി. 598–ൽ അടിമത്തത്തിന്റെ ആദ്യ

www.malankaralibrary.com

ഘട്ടത്തിൽതന്നെ അദ്ദേഹത്തെ ബാബിലോണിലേക്ക് പിടിച്ചുകൊണ്ടുപോയി (1:1–3). അഞ്ചുവർഷം കഴിഞ്ഞപ്പോൾ ബാബിലോണിൽവച്ചുതന്നെ ഇദ്ദേഹം പ്രവാചകനാകാൻ വിളിക്കപ്പെട്ടു (23:17–20). ഏസക്കിയേൽ പ്രവാസകാല പ്രവാചകനാണ്. ബി.സി. 571-വരെ ഏതാണ്ട് 22 വർഷം ഇദ്ദേഹം പ്രവചന ദൗത്യം നിർവ്വഹിക്കുകയും ചെയ്തു.

ഇദ്ദേഹത്തിന്റെ കൃതിയിൽ നാലു പ്രധാന വിഷയങ്ങൾ ഉൾപ്പെടുന്നുണ്ട്. അദ്ധ്യായം 4–24: ജറുസലെം കീഴടക്കപ്പെടുന്നതിനുമുമ്പ് ഇസ്രായേൽകാർക്കെതിരെയുള്ള പ്രവചനങ്ങൾ; അദ്ധ്യാ 33–39: ഉപരോധകാലത്തും അതിനുശേഷവുമുള്ള ജനതയ്ക്ക് ആശ്വാസ പ്രവചനങ്ങൾ; അദ്ധ്യാ 40–48: ഭാവിസമൂഹത്തിന്റെ മത, രാഷ്ട്രീയ സംവിധാനത്തിനുള്ള നിബന്ധനകൾ. ഈ ഭാഗം എസക്കിയേലിന്റെ 'തോറാ' എന്നാണറിയപ്പെടുന്നത്.

ദൈവം നീതിമാനാണ്. അവിടുന്ന് പാപങ്ങൾ എണ്ണിയെണ്ണി ശിക്ഷിക്കുന്നു എന്ന സന്ദേശം ജെറെമിയായെപ്പോലെതന്നെ എസെക്കിയേലും നല്കുന്നു. വ്യക്തിപരമായ പാപത്തെ സംബന്ധിച്ച ആശയം ഈ ഗ്രന്ഥത്തിൽ വളരെ പ്രകടമാണ്. ഓരോരുത്തനും ചെയ്യുന്ന നന്മയ്ക്കും തിന്മയ്ക്കും അവനവൻ തന്നെയാണ് ഉത്തരവാദി (18:20) എന്ന കാര്യം എസക്കിയേൽ എല്ലാവരേയും അനുസ്മരിപ്പിക്കുന്നു.

6. **ദാനിയൽ:** ബി.സി. 6–ാം ശതകത്തിൽ ജീവിച്ചിരുന്ന ഉന്നതകുല ജാതനായ ഒരു യുവാവായിരുന്നു ദാനിയേൽ. ബാലനായിരിക്കെത്തന്നെ നബുക്കദ്നെസാർ രാജാവിന്റെ (598 BC) കൊട്ടാരത്തിൽ സേവനത്തിന് ഹനനിയാ, മിഷായേൽ, അസറിയാ എന്നീ ബാലന്മാരോടൊപ്പം ദാനിയേലും തെരഞ്ഞെടുക്കപ്പെട്ടു (ദാനി. 1:3–7).

ദാനിയേലിന്റെ പുസ്തകം 145 ബി.സി അടുത്ത് അന്തിയോക്കസ് എപ്പിഫാനസിന്റെ പീഡനകാലത്താണ് എഴുതപ്പെട്ടത്. പല കാലങ്ങളിലായി മൂന്നു ഭാഷകളിൽ ഗ്രന്ഥകാരൻ ഇതിന്റെ രചന നിർവഹിച്ചു.

ഹീബ്രു=1:1–2:4;8–12; അറമായിക്ക്=2:4–7:28; ഗ്രീക്ക്=3:24–90; 13–14. ഈ ഗ്രന്ഥത്തെ രണ്ടു പ്രധാന ഭാഗങ്ങളായി തിരിക്കാം. ഒന്നാംഭാഗത്ത് (അദ്ധ്യാ 1–6) വിവിധ സംഭവങ്ങളുടെ ആഖ്യാനങ്ങൾ, നബുക്കദ്നെസാറിന്റെ സ്വപ്നം, സ്വർണ്ണ പ്രതിമയെ ആരാധിക്കൽ, ദാനിയലും മൂന്നു സുഹൃത്തുക്കളും തീച്ചൂളയിൽ, ദാനിയൽ സിംഹങ്ങളുടെ കൂട്ടിൽ എന്നീ വിഷയങ്ങൾ പ്രതിപാദിക്കുന്നു. 7–12 അദ്ധ്യായങ്ങൾ: (രണ്ടാംഭാഗത്ത്) നാലു മൃഗങ്ങൾ, മനുഷ്യപുത്രനും ആടും; എഴുപത് ആഴ്ചകൾ, കോപത്തിന്റെ സമയം, അന്ത്യകാലം തുടങ്ങിയ വെളിപാടു ദൃശ്യങ്ങൾ ഉൾപ്പെടുന്നു. ബാക്കിയുള്ളത് (13–14) അനുബന്ധമാണ്. ഇത് തെയോഡോഷ്യന്റെ ഗ്രീക്ക് പരിഭാഷയിൽനിന്നു തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

രക്ഷകനെക്കുറിച്ചു പഴയനിയമത്തിലെ പ്രവചനം ദാനിയലിന്റെ പുസ്തകത്തിൽ നാം കാണുന്നു. മിശിഹായെ ഇതിൽ "മനുഷ്യപുത്രൻ" എന്നാണ് വിളിക്കുന്നത്. ദാനിയലിന്റെ പുസ്തകത്തിന്റെ സ്വാഭാവമുള്ള പുതിയ നിയമ ഗ്രന്ഥം വെളിപാടു പുസ്തകമാണ്. അന്തിയോക്കസ് എപ്പിഫാനസ് പീഡിപ്പിച്ച യഹൂദരിൽ വിശ്വാസവും ശരണവും നിലനിർത്തുക എന്നതാണ് ദാനിയലിന്റെ പുസ്തകത്തിന്റെ ലക്ഷ്യം.

പ്രവാചക ഗ്രന്ഥങ്ങളിൽ ബാക്കിയുള്ളവയെ മൊത്തത്തിൽ "പന്ത്രണ്ട്" എന്നാണ് ഹീബ്രു ബൈബിളിൽ വിളിക്കുന്നത്. ഗ്രീക്ക് സപ്തതിയിൽ അവയ്ക്കു നല്കിയിട്ടുള്ള പേര് "ദോദെക്കാ പ്രോഫെത്തോൻ" എന്നത്രേ. കത്തോലിക്കാസഭ അവരെ "ചെറിയ പ്രവാചകന്മാർ" (minor prophets) എന്നാണ് വിളിക്കുന്നത്. എങ്കിലും അവയ്ക്ക് വലിയ പ്രവാചക ഗ്രന്ഥങ്ങളെക്കാൾ പ്രാധാന്യം കുറവാണെന്ന് അർത്ഥമില്ല. അവ ഹ്രസ്വ ഗ്രന്ഥങ്ങളാണെന്നു മാത്രമേ ഉദ്ദേശിക്കുന്നുള്ളൂ.

7. **ഹോസിയാ:**– ഹോസിയാ ബി.സി. 8–ാം നൂറ്റാണ്ടിലെ പ്രവാചകനാണ്. ഇദ്ദേഹം ആമോസിന്റെ സമകാലികനായിരുന്നു. ബി.സി. 745 മുതൽ 725 വരെ ഇദ്ദേഹം പ്രവാചക ദൗത്യം നിർവ്വഹിച്ചു. ഇദ്ദേഹത്തിനു ചില കുടുംബ പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്നാണ് തോന്നുന്നത്. താൻ വളരെയധികം സ്നേഹിച്ചിരുന്ന ഒരു സ്ത്രീയെയാണ് ഹോസിയ വിവാഹം ചെയ്തത്. പക്ഷേ, അവൾ അദ്ദേഹത്തെ ഉപേക്ഷിച്ചുപോയി. എങ്കിലും അവളോടുള്ള നിസ്സീമമായ സ്നേഹം അവളെ തിരിച്ചു സ്വീകരിക്കാൻ ആദ്ദേഹത്തെ പ്രേരിപ്പിച്ചു. ഈ അനുഭവം ദൈവത്തിന് തന്റെ ജനങ്ങളോടുള്ള സുസ്ഥിരമായ സ്നേഹത്തിന്റെ ഒരു പ്രതീകമായി മാറി (അദ്ധ്യാ 1–3). പുസ്തകത്തിന്റ ബാക്കി ഭാഗങ്ങൾ കുറെക്കഴിഞ്ഞ് എഴുതപ്പെട്ടതാണ്. ഇസ്രയേലിന്റെ പാതകങ്ങളെയും അവയ്ക്കുള്ള ശിക്ഷകളെയും (അദ്ധ്യാ 4–13) ഇസ്രായേലിന്റെ മാനസാന്തരത്തെയും (അദ്ധ്യാ 14-)കുറിച്ച് അതിൽ പ്രതിപാദിക്കുന്നു.

8. **ജോയേൽ:**– ബി.സി. 4–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു പ്രവാസാനന്തര പ്രവാചകനാണ് ജോയേൽ. അദ്ദേഹത്തിന്റെ പുസ്തകം രണ്ടു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. a) അദ്ധ്യാ. 1–2: വെട്ടുക്കിളികളുടെ ഒരു വലിയ ആക്രമണത്തിന്റെ വർണ്ണന. b) 3–4 പുതിയ യുഗത്തിന്റെയും യാഹ്വെയുടെ ദിനത്തിന്റെയും വിവരണം. മിശിഹായുടെ യുഗത്തിൽ ദൈവാത്മാവിന്റെ കവിഞ്ഞൊഴുകലിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രവചനം (3:1–5) അപ്പ.പ്ര. 2:16–21–ൽ പത്രോസ് ഉദ്ധരിക്കുന്നുണ്ട്. ഈ ഗ്രന്ഥത്തിന്റെ രചന ബി.സി. 400 അടുത്ത് നടന്നിരിക്കണം.

9. **ആമോസ്:** പഴയ നിയമത്തിലെ പ്രവാചകന്മാരിൽ ഏറ്റവും ആദ്യത്തെയാൾ ആമോസ് ആണ്. ബി.സി. 750ന് അടുത്ത് അദ്ദേഹം പ്രവാചക ശുശ്രൂഷ നിർവ്വഹിച്ചു. 'തെക്കോവാ'യിലെ ഒരു ആട്ടിടയനായിരുന്നു ഇദ്ദേഹം.

www.malankaralibrary.com

പ്രവാചകദൗത്യം തുടങ്ങി അധികം കഴിയും മുമ്പ് അദ്ദേഹം (7:1f) ഇസ്രയേലിൽനിന്നു നാടു കടത്തപ്പെട്ടു. പിന്നീടു തിരിച്ചുവന്നു തന്റെ പഴയ ജോലിയിൽ ഏർപ്പെട്ടു.

ആമോസിന്റെ പുസ്തകം സമാഹരിച്ചെടുത്തതിനു പിന്നിൽ പ്രവർത്തിച്ചത് ആമോസിന്റെ ശിഷ്യന്മാരിലാരെങ്കിലുമോ അക്കാലത്തെ പ്രവാചക ഗണമോ ആയിരുന്നിരിക്കണം. ഗ്രന്ഥത്തിനു മൂന്നു ഭാഗങ്ങളുണ്ട് 1) അദ്ധ്യാ. 1-2: ജനതകൾക്കും ഇസ്രായേലിനും എതിരായിട്ടുള്ള പ്രവചനങ്ങൾ. 2) അദ്ധ്യാ. 3-6: താക്കീതുകളും ദുരിതങ്ങളും. 3) അദ്ധ്യാ. 7:9-8:14 ദർശനങ്ങൾ. 9: 8-15ലെ അവസാന വാക്യങ്ങൾ ഇസ്രായേലിന്റെ പുനഃസ്ഥാപനത്തെ സംബന്ധിച്ചുള്ള സംഭവത്തിന്റെ ഉപസംഹാരമാണ്.

10. **ഒബാദിയ:** ഈ ഗ്രന്ഥം പഴയനിയമ ലിഖിതങ്ങളിൽ ഏറ്റവും ഹ്രസ്വമാണ്. ഇതിൽ 21 വാക്യങ്ങളുള്ള ഒരദ്ധ്യായമേ ഉള്ളൂ. ദേശീയ ബോധമുള്ള ഒരു വ്യക്തിയായിരുന്നു എന്നതിലപ്പുറം ഒബാദിയായെക്കുറിച്ച് യാതൊന്നും നമുക്കറിവില്ല. ഇദ്ദേഹം എദോമിനെക്കുറിച്ച് ഒരു ശാപം പ്രവചിക്കുകയും അതിന്റെ നാശം മുൻകൂട്ടി പറയുകയും ചെയ്തു. അത് ബി.സി. 45ന് അടുത്തായിരുന്നു.

11. **യോനാ:** 2 രാജാ 14-:25-ൽ അമിത്തായിയുടെ മകനും ഗാത്ത്-ഹെഫെറിൽ നിന്നുള്ള പ്രവാചകനുമായ ഒരു യോനായെക്കുറിച്ചുള്ള പരാമർശമുണ്ട് (cfr.യോനാ 1:1). ഇദ്ദേഹം ബി.സി. എട്ടാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത്. യോനായുടെ ഈ പുസ്തകം പ്രവാസകാലത്തിനുശേഷം ബി.സി. 5-ാം നൂറ്റാണ്ടിൽ ആരോ എഴുതിയതാണ്.

നിനിവേനഗരം ബി.സി. 612-ൽ നശിപ്പിക്കപ്പെട്ടു. ഏതെങ്കിലുമൊരു നിനിവേ രാജാവ് തന്റെ സകല പ്രജകളോടും കൂടെ ഇസ്രയേലിന്റെ ദൈവത്തിങ്കലേക്ക് മാനാസാന്തരപെട്ടതായി ബൈബിൾ സംബന്ധമായ അസ്സീറിയൻ രേഖകളിലൊന്നിലും കാണുന്നില്ല. ഈ പുസ്തകം 12 പ്രവാചക ഗ്രന്ഥങ്ങളുടെ ലിസ്റ്റിൽപെട്ടതാണെങ്കിലും ഒരു പ്രവാചക കൃതിയല്ല. ഇതു യഥാർത്ഥത്തിൽ ഒരു പ്രബോധനാത്മക കൃതിയാണ്. വായനക്കാരെ പഠിപ്പിക്കാനും രസിപ്പിക്കാനും ഉദ്ദേശിച്ചുള്ള ഒരു കൃതി. പശ്ചാത്താപത്തിന്റെ ആദ്യ അടയാളം കാണുമ്പോഴെ ഏതു പാപിയോടും ക്ഷമിക്കത്തക്കവിധം അത്ര കാരുണ്യവാനാണു ദൈവം എന്നതാണ് ഇതു നല്കുന്ന സന്ദേശം. സുവിശേഷകന്മാർ യോനായിൽനിന്ന് ഏതാനും തവണ ഉദ്ധരിച്ചിട്ടുണ്ട് (മത്താ.12:40-41, ലൂക്കാ 11:29-32).

12. **മിക്കാ:-** മിക്കാ മൊറെഷെത്തിൽ ജനിച്ചു. ബി.സി. 740-687 കാലഘട്ടത്തിൽ തന്റെ പ്രവചന ശുശ്രൂഷ നിർവ്വഹിച്ചു (മിക്കാ. 1:1, 14; ജെറ 26:18-20. മിക്കാ 3:12). ഈ പുസ്തകത്തിൽ പ്രധാനമായി 4 വിഷയങ്ങൾ

www.malankaralibrary.com

പ്രതിപാദിച്ചിട്ടുണ്ട്. 1) അദ്ധ്യാ 1-3 സിയോണിനുള്ള വാഗ്ദാനങ്ങൾ. 2) അദ്ധ്യാ 4-5 നാശത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ 3) അദ്ധ്യാ. 6-7:7 പ്രതീക്ഷയുടെ പ്രവചനങ്ങൾ 4) അദ്ധ്യാ. 7:8-20 അനീതിയും പ്രതികാരവും. ആമോസിനെപോലെ മിക്കായും സാമൂഹ്യ അനിതിയെ ഒരു വലിയ തിന്മയായി വീക്ഷിക്കുകയും അതു പ്രതികാരത്തിനായി സ്വർഗ്ഗത്തിലേക്കു നിലവിളിക്കുന്നുവെന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു (2:31; 6:9-11). ആസന്നമായ ദൈവവിധിയെക്കുറിച്ചും ഊന്നിപറയുന്നു.

13. **നാഹും :** നാഹുമിന്റെ ജീവചരിത്രം സംബന്ധിച്ച് നമുക്ക് യാതൊന്നും അറിഞ്ഞുകൂടാ. അദ്ദേഹത്തിന്റെ ജന്മസ്ഥലം പോലും അജ്ഞാതമാണ്. ആദ്യവാക്യത്തിൽ പരാമർശിക്കുന്ന ഇൽക്കോഷ് (1:1) എവിടെയാണെന്ന് സൂചനപോലും ലഭിച്ചിട്ടില്ല. ഈ പ്രവചനങ്ങളുടെ കാലം ബി.സി. 612-ൽ നിനിവേ നഗരം പിടിച്ചടക്കപ്പെടുന്നതിന് അല്പം മുമ്പായിട്ടാണ്. അക്ഷരമാലക്രമത്തിലുള്ള ഒരു സ്തോത്ര ഗീതത്തോടുകൂടി ഗ്രന്ഥം ആരംഭിക്കുന്നു. ഗ്രന്ഥത്തിന്റെ ശീർഷകത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ അതിലെ മുഖ്യ പ്രതിപാദ്യം നിനിവേ നഗരത്തിന്റെ നാശമാണ് (2:4-3:19). നിനിവേ പട്ടണത്തിന്റെ നാശം ദൈവനീതിയെപ്പറ്റിയുള്ള ചിന്ത ജനിപ്പിക്കുന്നുവെന്നാണ് ഈ ഗ്രന്ഥത്തിലെ പ്രധാന സന്ദേശം.

14. **ഹബക്കൂക്ക്:-** ഹബക്കൂക്ക് ജെറെമിയായുടെ സമകാലികനും നാഹുമിന്റെ പിൻഗാമിയുമായിരുന്നു. ബി.സി. 605-598 കാലത്ത് അദ്ദേഹം പ്രവചിച്ചു. ഈ പുസ്തകത്തിൽ ഹബക്കൂക്കും യാഹ്‌വെയും തമ്മിലുള്ള ഒരു സംഭാഷണം (1:1-2:4), മർദ്ദകനു വരാനിരിക്കുന്ന അഞ്ചു ദുരിതങ്ങൾ (2:5-20), യാഹ്‌വേയുടെ വിജയത്തിന് ഒരു സ്തുതിഗീതം (അദ്ധ്യാ 3) എന്നിവ പ്രതിപാദിക്കപ്പെടുന്നു. വിചിത്രമെന്നും വൈവിധ്യമെന്നും തോന്നാവുന്ന മാർഗ്ഗങ്ങളിലൂടെ സത്യത്തിന്റെ അന്തിമ വിജയത്തിനു സർവ്വശക്തനായ ദൈവം വഴിയൊരുക്കുന്നെന്നും, നീതിമാൻ തന്റെ വിശ്വാസത്താൽ ജീവിക്കുമെന്നുമാണ് ഈ ഗ്രന്ഥം നല്കുന്ന സന്ദേശം.

15. **സെഫനിയ:** ഇതൊരു ചെറിയ ഗ്രന്ഥമാണ്. ഇതിന്റെ ശീർഷകം സൂചിപ്പിക്കുന്നതുപോലെ 640-630 കാലത്ത് സെഫനിയ പ്രവചനം നടത്തിയിരിക്കാനാണു സാദ്ധ്യത. ജറെമിയായുടെ ശുശ്രൂഷ ആരംഭിക്കുന്നതിനു തൊട്ടുമുമ്പായി അദ്ദേഹം പ്രവർത്തിച്ചിരുന്നു എന്നാണ് ഇതിൽനിന്നും അറിയാവുന്നത്. ആമോസിനെപോലെ സെഫനിയായും 'യാഹ്‌വെയുടെ ദിന'ത്തെക്കുറിച്ച് ജനങ്ങൾക്ക് താക്കീത് നല്കുന്നു. ഒരു സാർവ്വത്രികനാശം യൂദയായെയും മറ്റു രാഷ്ട്രങ്ങളെയും തുടച്ചുനീക്കും എന്ന് അദ്ദേഹം തീക്കീത് ചെയ്യുന്നു (-3).

16. **ഹഗ്ഗായി:-** ഹഗ്ഗായിയുടെ ലിഖിത പ്രവചനങ്ങളുടെ കാലം ബി.സി. 520 ആഗസ്റ്റു മുതൽ സെപ്തംബർ വരെ ആണെന്നതിനപ്പുറം അദ്ദേഹത്തെ

www.malankaralibrary.com

ക്കുറിച്ച് നമുക്ക് കാര്യമായി ഒന്നും അറിവില്ല (1:15; 2:1, 10,20). അക്കൊല്ലം ആഗസ്റ്റിൽ ദേവാലയത്തിന്റെ പണി ആരംഭിച്ചു. ഈ പ്രവചനങ്ങളുടെ പ്രധാന ഉന്നം ദേവാലയത്തിന്റെ പുനർനിർമ്മാണമാണ്.

17. **സക്കറിയാ:-** ഹഗ്ഗായിയുടെ പ്രവചനം ആരംഭിച്ചു രണ്ടു മാസം കഴിഞ്ഞപ്പോൾ സക്കറിയാ പ്രവചനം തുടങ്ങി. ബി.സി. 520 നവംബർ മുതൽ 518 ഡിസംബർ വരെയാണ് അദ്ദേഹത്തിന്റെ പ്രവചനകാലം (1: 1-7). ഈ ഗ്രന്ഥത്തിന് രണ്ടു വ്യത്യസ്ത ഭാഗങ്ങളുണ്ട്. അദ്ധ്യായങ്ങൾ 1-8 ഉൾപെടുന്ന ഒന്നാംഭാഗത്തിന്റെ ഗ്രന്ഥകർത്താവ് സക്കറിയയാണെന്ന് ഉള്ളതിന് സംശയമൊന്നുമില്ല. എന്നാൽ 9-14 അദ്ധ്യായങ്ങൾ ഉൽപെടുന്ന രണ്ടാം ഭാഗത്തിന് മറ്റൊരു ശീർഷകമാണുള്ളത്. ഈ അദ്ധ്യായങ്ങൾ പ്രാമാണികമല്ല. അവ ബി.സി. 4-ാം നൂറ്റാണ്ട് അവസാനം ആരോ എഴുതിയതാണ്. രാജവംശജനായ രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷ സക്കറിയാ പുനർജീവിപ്പിച്ചു. അതിനെ എസ്സക്കിയേലിന്റെ പൗരോഹിത്യ വീക്ഷണവുമായി ബന്ധപ്പെടുത്തുകയും ചെയ്തു.

18. **മലാക്കി:** അജ്ഞാതഗ്രന്ഥകർത്താവിന്റെ കൃതിയാണു മലാക്കിയുടെ പുസ്തകം. മലാക്കി എന്നത് ഒരു പ്രത്യേക വ്യക്തിയുടെ പേരാകണമെന്നില്ല. “എന്റെ ദൂതൻ” എന്ന് അർത്ഥം വരുന്ന ഒരു സാധാരണ നാമമാണത് (3:1). ഈ ഗ്രന്ഥം ബി.സി. 450-നടുത്തു രചിക്കപ്പെട്ടു. ഇതിൽ പ്രധാനമായി രണ്ടു വിഷയങ്ങളാണുള്ളത്: 1) തങ്ങളുടെ മതകർത്തവ്യങ്ങളിൽ പുരോഹിതന്മാരും ജനങ്ങളും വരുത്തിയ വീഴ്ചകൾ (1:6-9; 3:6-12). 2) മിശ്രവിവാഹവും, വിവാഹമോചനവും വഴിയുള്ള ദുർമ്മാതൃകയും (2:1-16) യാഹ്‌വെയുടെ ആഗമനത്തെക്കുറിച്ചു മുൻകൂട്ടി അറിയിക്കുന്നതും, ആ ദിനം പൗരോഹിത്യത്തെ പവിത്രീകരിക്കുകയും ദുഷ്ടന്മാരെ നിഹനിക്കുകയും നീതിമാന്മാരുടെ വിജയം ഉറപ്പാക്കുകയും ചെയ്യുമെന്ന ഉറപ്പ് (3:1-5;13-21).

www.malankaralibrary.com

## അധ്യായം – 11

# ജ്ഞാന ഗ്രന്ഥങ്ങൾ

പഴയനിയമത്തിലെ അവസാന ഗണത്തിൽപെടുന്ന ഗ്രന്ഥങ്ങൾ പൊതുവെ ജ്ഞാനസാഹിത്യത്തിൽപ്പെടുന്നവയാണ്. എന്നിരുന്നാലും അവയിൽ അഞ്ചെണ്ണത്തിനു മാത്രമേ 'ജ്ഞാനഗ്രന്ഥങ്ങൾ' എന്ന പേരു കൃത്യമായി യോജിക്കുകയുള്ളൂ. ജോബു, സുഭാഷിതങ്ങൾ, സഭാ പ്രസംകൻ (കോഹലെത്ത്), പ്രഭാഷകൻ (സീറാക്ക്), ജ്ഞാനം എന്നിവയാണ് അവ. ഇവയ്ക്കു പുറമെ ഉത്തമഗീതത്തിലും പല സങ്കീർത്തനങ്ങളിലും ജ്ഞാനത്തിന്റെ സ്വാധീനം സ്പഷ്ടമായി കാണാം.

### ജ്ഞാന സാഹിത്യത്തിന്റെ ആരംഭം

പ്രാചീനകാലത്ത് പൗരസ്ത്യദേശങ്ങളിൽ മുഴുവൻ പ്രചരിച്ചിരുന്ന ഒന്നാണ് ജ്ഞാന സാഹിത്യം. സുഭാഷിതങ്ങൾ, കഥകൾ, കവിതകൾ എന്നീ രൂപങ്ങളിൽ ജ്ഞാന കൃതികളുണ്ടായി. അവയിൽ മതപരമായ ചിന്തകൾക്കു വലിയ പ്രാധാന്യം കാണുന്നില്ല. സാംസ്കാരിക കൃതികളും നീതിവാക്യങ്ങളുമായി അവയെ കണക്കാക്കാം. ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചാണ് അവ വിചിന്തനം ചെയ്യുന്നത്. വിജയകരമായ ജീവിതത്തിനുവേണ്ട ഉപദേശങ്ങളും നല്കുന്നു. ഭരണാധികാരികളും കൊട്ടാര വിചാരിപ്പുകാരും നീതിന്യായ പാലകരുമൊക്കെയായിരുന്നു പൗരസ്ത്യ വിജ്ഞാനികളുടെ ഗണത്തിൽപ്പെട്ടിരുന്നത്.

ഇസ്രായേൽക്കാർക്ക് ഈ വിജ്ഞാനം പരിചിതമായിരുന്നു (1-രാജാ 5:10f. ജെറ; 49:7; ബാറൂക് 3:22–23, സുഭാ. 3:1–14; 31:1–9). സോളമന് ബൈബിൾ കൊടുത്തിട്ടുള്ള പ്രശംസ അദ്ദേഹത്തിന്റെ ജ്ഞാനം പൗരസ്ത്യദേശത്തെ എല്ലാ ജനങ്ങളുടെ വിജ്ഞാനത്തെയും ഈജിപ്തിലെ സകല ജ്ഞാനത്തെയും അതിശയിച്ചു എന്നാണ് (1-രാജാ 4:30f). അതിനാൽ ഇസ്രായേലിന്റെ ജ്ഞാന സാഹിത്യത്തിന്റെ സിംഹഭാഗവും സോളമന്റേതായാണ് കരുതപ്പെടുന്നത്. സോളമൻ 3000 സാരോക്തികളും 1005 ഗാനങ്ങളും ഉദീരണം ചെയ്തു എന്ന് രാജാക്കന്മാരുടെ പുസ്തകത്തിൽ അവകാശപ്പെടുന്നുണ്ട്

www.malankaralibrary.com

(1-രാജാ 4:32). സോളമൻ ഇസ്രായേലിലെ ജ്ഞാന സാഹിത്യത്തിന്റെ വളർച്ചയ്ക്ക് തീർച്ചയായും സുപ്രധാനമായ ഒരു പങ്കു വഹിച്ചിരിക്കാമെന്നുള്ളതു ശരിയാണ്. എന്നാൽ ബൈബിളിലെ ജ്ഞാനസാഹിത്യകൃതികൾക്ക് അദ്ദേഹത്തിന്റെ വ്യക്തിപരമായ സംഭാവന വളരെയധികം ഉണ്ടെന്നു തോന്നുന്നില്ല.

## ജ്ഞാന സാഹിത്യത്തിന്റെ പ്രത്യേകതകൾ

ഇസ്രായേലിന്റെ ജ്ഞാനം പൗരസ്ത്യ ലോകത്തിന്റെ വിജ്ഞാനത്തോടു വളരെ സമാനമാണെങ്കിലും അതിന് അതിന്റേതായ ഒരു വൈശിഷ്ട്യമുണ്ട്. പൗരസ്ത്യ വിജ്ഞാന സാഹിത്യം പൊതുവെ മതപരമല്ല. എന്നാൽ ഇസ്രയേലിലെ ജ്ഞാനം മതപരവും വിശ്വാസാധിഷ്ഠിതവുമാണ്. അതുകൊണ്ട് മറ്റു പൗരസ്ത്യരുടേതിനെ വിജ്ഞാനമെന്നും ഇസ്രയേൽക്കാരുടേതിനെ ജ്ഞാനമെന്നും വിളിക്കാം. ഇതര പൗരസ്ത്യരുടെ വിജ്ഞാനത്തെ അദ്ധ്യാത്മവൽക്കരിച്ചതാണ് ഇസ്രയേലിന്റെ ജ്ഞാനം. അതനുസരിച്ച് യഥാർത്ഥ ജ്ഞാനം ദൈവഭയത്തിലാണ് അടങ്ങിയിരിക്കുന്നത്. ആ ദൈവഭയമാണ് യഹൂദ മതത്തിന്റെ അടിസ്ഥാനം (സുഭാ. 1:7; 9:10; 15:33; ജോബ് 28-:28; സങ്കീ. 111:10. സഭാ. 1:14; നിയമാ. 4:5-6). സോളമൻ രാജാവ് തന്റെ പ്രാർത്ഥനയുടെ ഫലമായി നേടിയ അനുഗ്രഹമാണ് അദ്ദേഹത്തിന്റെ ജ്ഞാനം എന്ന് ഉറപ്പിച്ചവർ പറയുന്നതിന്റെ അടിസ്ഥാനം ഇതുതന്നെയാണ് (1-രാജാ 3: 6-14).

ജോബ് 28-ാം അദ്ധ്യായത്തിൽ ജ്ഞാനം രഹസ്യാത്മകമാണെന്നും ദൈവത്തിൽ മറഞ്ഞിരിക്കുന്നുവെന്നും എന്നാൽ അത് ദൈവത്തിൽനിന്നു വിഭിന്നമാണെന്നും പറഞ്ഞിരിക്കുന്നു. സുഭാഷിതങ്ങളിൽ ദൈവികജ്ഞാനത്തിന് ഒരു വൈയക്തിക രൂപം കല്പിച്ചിട്ടുണ്ട്. ഒരു വ്യക്തിയെന്നോണം ജ്ഞാനം സംസാരിക്കുന്നു. അനാദിമുതൽ ദൈവത്തിൽ സന്നിഹിതമായിരിക്കുകയും സൃഷ്ടികർമ്മത്തിൽ ദൈവത്തോടു സഹകരിക്കുകയും ചെയ്യുന്ന ഒരു വ്യക്തി എന്ന നിലയിലാണ് ജ്ഞാനത്തെ അവതരിപ്പിച്ചിരിക്കുന്നത് (സഭാ. 1:1-9; 8:22-31). ജ്ഞാനം സ്വർഗ്ഗത്തിൽനിന്ന്-അത്യുന്നതന്റെ അധരങ്ങളിൽനിന്ന്-വരുന്നതായി പ്രഭാഷകന്റെ പുസ്തകത്തിൽ ചിത്രീകരിച്ചിരിക്കുന്നു (സിറ. 24). ജ്ഞാന ഗ്രന്ഥത്തിലാകട്ടെ സർവ്വശക്തന്റെ മഹിമയിൽനിന്നു നിർഗളിക്കുന്നതും അവിടുത്തെ പരിപൂർണ്ണതയുടെ പ്രതിച്ഛായയുമായിട്ടാണ് ജ്ഞാനത്തെ അവതരിപ്പിച്ചിരിക്കുന്നത് (ജ്ഞാ 7:22-8:1). ഇപ്രകാരം ജ്ഞാനം ദൈവത്തിന്റെ ഒരു സവിശേഷതയാണ്. എന്നാൽ അത് ദൈവത്തിൽനിന്നു വേർതിരിഞ്ഞു നില്ക്കുകയും സ്വന്തമായി ഒരു വ്യക്തിത്വം കൈവരിക്കുകയും ചെയ്യുന്നു. ഈ ദൈവികജ്ഞാനത്തിന്റെ രൂപമാണ് യോഹന്നാന്റെ 'വചന' ഭാഷ്യത്തിനു ഉള്ളത് (യോഹ. 1:1-14). ഒരേസമയം അത് ദൈവത്തിലുമാണ്, ദൈവത്തിനു പുറത്തുമാണ്. ഹൃദയസ്പർശകങ്ങളായ ഈ ആശയങ്ങളെല്ലാം മാംസമായ വചനത്തിൽ അവയുടെ പൂർത്തീകരണം കണ്ടെത്തുന്നതായി യോഹന്നാൻ രേഖപ്പെടുത്തുന്നു.

www.malankaralibrary.com

## 1. ജോബിന്റെ പുസ്തകം

ജോബിന്റെ പുസ്തകം മനസിലാക്കാൻ ശ്രമിക്കുന്നതിനുമുമ്പ് മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള അക്കാലത്തെ യഹൂദവീക്ഷണം അറിഞ്ഞിരിക്കേണ്ടതുണ്ട്. പരലോക ജീവിതത്തെക്കുറിച്ച് അവ്യക്തമായ ആശയങ്ങളാണ് അവർക്കുണ്ടായിരുന്നത്. മരണത്തോടെ ഒരു മനുഷ്യൻ പൂർണ്ണമായും ഇല്ലാതാകുന്നില്ല എന്ന് അവർ വിശ്വസിച്ചിരുന്നു . 'ഷെയോൾ' (Sheol) എന്ന സ്ഥലത്ത് അവ്യക്തവും അവർണ്ണനീയവുമായ വിധത്തിൽ പരേതർ കഴിഞ്ഞിരുന്നുവെന്ന് അവർ കരുതി. എന്നാൽ നന്മതിന്മകളുടെ പ്രതിഫലം പൂർണ്ണമായും ഭൗതികമായ ഒരു കാഴ്ചപ്പാടിലാണ് അവർ സ്വീകരിച്ചിരുന്നത്. ശിക്ഷയോ രക്ഷയോ എന്താണെങ്കിലും ഈ ലോകത്തിൽവച്ചുതന്നെ അനുഭവിക്കേണ്ടിവരും എന്നായിരുന്നു അവരുടെ ധാരണ. കർമ്മങ്ങൾക്ക് മരണാനന്തരം പ്രതിഫലം ലഭിക്കും എന്ന ആശയം ബി.സി. 2-ാം ശതകത്തിൽ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളു (ദാനി 12:12, മക്ക്ബാ 7:af). നീതിമാന്റെ സഹനം മനസ്സിലാക്കാൻ പറ്റാത്ത ഒന്നായിരുന്നു. വാസ്തവത്തിൽ ഈ വിഷയമാണ് ജോബിന്റെ പുസ്തകത്തിലെ ചർച്ചാവിഷയം

### കാലവും കർത്തൃത്വവും

ജോബിന്റെ രചനാകാലവും ഗ്രന്ഥകർത്തൃത്വവും നിർണ്ണയിക്കാൻ വിഷമമാണ്. കാരണം ചരിത്രപശ്ചാത്തലങ്ങളെക്കുറിച്ച് ഗ്രന്ഥകാരൻ യാതൊരു സൂചനയും നല്കുന്നില്ല. ഗ്രന്ഥത്തിലെ ഗദ്യഭാഗം (അ. 1-2, 42:7-17) മറ്റു ഭാഗങ്ങളെക്കാൾ പ്രാചീനമാണ്. ഇതിനു പൂർവ്വപിതാക്കന്മാരുടെ കാലത്തോളം പഴക്കമുണ്ടെന്ന് ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. എന്നാൽ പ്രവാസകാലത്തിനുശേഷം ബി.സി. അഞ്ചാം നൂറ്റാണ്ടിൽ ഇതിന്റെ സമ്പൂർണ്ണ രചന നിർവഹിച്ചിരിക്കാനാണ് കൂടുതൽ സാധ്യത. നോഹയ്ക്കും ദാനിയേലിനും ഒപ്പം എസെക്കിയേൽ ജോബിനെയും പരാമർശിക്കുന്നുണ്ട്. ഇതിൽനിന്ന് ഒരു കാര്യം മനസ്സിലാക്കാം. ഈ പുസ്തകം ഇന്നു നാം അറിയുന്ന വിധത്തിൽ ലിഖിതരൂപം പ്രാപിക്കുന്നതിനു വളരെ വർഷങ്ങൾ മുമ്പുതന്നെ അതിന്റെ കഥ വായ്മൊഴിയായി പ്രചരിച്ചിരുന്നു.

### ജോബിന്റെ കഥ

ദൈവത്തിന്റെ ഒരു വിശ്വസ്തദാസനായിരുന്നു ജോബ്. അളവറ്റ സമ്പത്തുണ്ടായിരുന്ന അദ്ദേഹം വളരെ സന്തുഷ്ടമായ ഒരു ജീവിതമാണ് നയിച്ചിരുന്നത്. സമ്പത്തിലും സൗഭാഗ്യത്തിലുമെന്നപോലെ നിർഭാഗ്യത്തിലും ജോബ് ദൈവത്തോടു വിശ്വസ്തനായിരിക്കുമോ എന്നു പരീക്ഷിക്കുവാൻ ദൈവം പിശാചിനെ അനുവദിച്ചു. ജോബിനു സമ്പത്തും സന്താനങ്ങളും നഷ്ടപ്പെട്ടു. എന്നാൽ ദൈവം തന്നതു ദൈവം തിരിച്ചെടുത്തു എന്ന മനോഭാവത്തോടെ ജോബ് അടിപതറാതെ ദൈവത്തോടു വിശ്വസ്തനായി നിലകൊണ്ടു. അപ്പോൾ

www.malankaralibrary.com

അദ്ദേഹത്തിന്റെ ജീവനെത്തന്നെ പിശാച് ആക്രമിച്ചു. അദ്ദേഹത്തിന്റെ ശരീരം വ്രണങ്ങൾകൊണ്ടു നിറഞ്ഞു. കഠിനവേദനയുള്ളതും അറപ്പും വെറുപ്പുമുളവാക്കുന്നതുമായ രോഗത്തിനിടയിലും ജോബ് ദൈവത്തെ പരിത്യജിച്ചില്ല. ദൈവത്തെ ശപിക്കാൻ ഭാര്യ അദ്ദേഹത്തെ ഉപദേശിച്ചു. പക്ഷേ, ജോബ് അവളെ ശാസിക്കുകയാണ് ചെയ്തത്. ഈ ഘട്ടത്തിൽ എലിഫാസ്, ബിൽദാദ്, സോഫാർ എന്നീ മൂന്നു സുഹൃത്തുക്കൾ സഹതാപം പ്രകടിപ്പിക്കാൻ അദ്ദേഹത്തിന്റെ പക്കലെത്തി (അദ്ധ്യാ 1-2). ഇത്രയും ഭാഗം ഗദ്യരൂപത്തിലുള്ള ഒരു ആമുഖ കഥനമാണ്.

ഈ ആമുഖത്തിനുശേഷം ദീർഘമായ സംഭാഷണം ആരംഭിക്കുന്നു. ഇവ പദ്യരൂപത്തിലാണ് (3:1-42:6). മൂന്നു സംഭാഷണ പരമ്പരകളിലായി ജോബും സുഹൃത്തുക്കളും ദൈവികനീതിയെ സംബന്ധിച്ച അവരുടെ പരസ്പര വിരുദ്ധങ്ങളായ ആശയങ്ങൾ അവതരിപ്പിക്കുന്നു (അദ്ധ്യാ. 3-14; 15-21; 22-27). അവസാനഭാഗത്തോടടുത്ത് ഏലിഹു എന്ന ഒരു പുതിയ കഥാപാത്രം രംഗത്തു വരുന്നുണ്ട് (അദ്ധ്യാ 32-37). നന്മയുടെയും തിന്മയുടെയും ഫലങ്ങൾ ഈ ലോകത്തിൽവച്ചുതന്നെ പ്രാപിക്കാവുന്നതാണെന്ന പരമ്പരാഗത സിദ്ധാന്തത്തെ ആദ്യമേ മൂന്നു സുഹൃത്തുക്കൾ അനുകൂലിക്കുന്നു. ജോബ് സഹിക്കുന്നുവെങ്കിൽ അതിനുകാരണം അദ്ദേഹത്തിന്റെ പാപങ്ങളാണ്; താൻ നിരപരാധിയാണെന്ന് ജോബ് വാദിക്കുന്നെങ്കിലും അവർ ഒട്ടും വിട്ടുകൊടുക്കുന്നില്ല. ജോബ് അവരുടെ വാദഗതികളെ സ്വന്തം അനുഭവങ്ങളുടെയും സാർവ്വത്രികമായി കാണപ്പെടുന്ന അനീതിയുടെയും വെളിച്ചത്തിൽ വ്യാഖ്യാനിക്കുകയും ഖണ്ഡിക്കുകയും ചെയ്യുന്നു.

ജോബിന്റെയും സുഹൃത്തുക്കളുടെയും വാദങ്ങൾ ഒന്നുപോലെ അബദ്ധമാണെന്നാണ് അവസാനം വന്ന ഏലീഹുവിന്റെ പക്ഷം. തുടർന്ന് അദ്ദേഹം ദൈവത്തിന്റെ വഴികളെ നീതീകരിക്കുന്നു. ഒടുവിൽ ജോബ് തന്റെ വാക്കുകളിലെ അബദ്ധം മനസ്സിലാക്കുന്നു. ദൈവത്തിന്റെ ജ്ഞാനവും ശക്തിയും അതിരറ്റതാണ്. അവിടുത്തെ വഴികളെക്കുറിച്ചു വിധിയെഴുതാൻ ഒരു മനുഷ്യനും പ്രാപ്തനല്ല (38:1-42:6). ഗദ്യത്തിലുള്ള ഒരു ഉപസംഹാരത്തോടെ (42:7-17) ഗ്രന്ഥം സമാപിക്കുന്നു. ദൈവം ജോബിന്റെ മൂന്നു സുഹൃത്തുക്കളെ കുറ്റപ്പെടുത്തി. ജോബിന് നഷ്ടപ്പെട്ടതെല്ലാം ഇരട്ടിയായി തിരിച്ചുകിട്ടി. അദ്ദേഹത്തിന് ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ഉണ്ടാകുകയും സമ്പത്ത് നാൾക്കുനാൾ വർദ്ധിക്കുകയും ചെയ്തു.

**സന്ദേശം**

നല്ല മനുഷ്യൻ എന്തിനു കഷ്ടതയനുഭവിക്കണം എന്ന പ്രശ്നമാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. നീതിമാന് ദുരിതകങ്ങളനുഭിക്കേണ്ടി വരുന്നത് അനീതിയല്ലേ! ഈ ഗ്രന്ഥത്തിൽ ജോബ് നീതിമാന്റെ പ്രതിനിധിയാണ്. ജോബിന്റെ കഷ്ടതകളുടെ അർത്ഥം കണ്ടെത്താൻ ഗ്രന്ഥകാരൻ വ്യഥാ

www.malankaralibrary.com

ശ്രമിക്കുകയാണ്. തന്റെ വേദനയിൽ ജോബ് ദൈവത്തെ ആശ്രയിക്കുന്നു. പക്ഷേ, ദൈവം ഒഴിഞ്ഞു നില്ക്കുകയാണ്! ജോബ് തുടർന്നും ദൈവത്തിന്റെ നന്മയിൽത്തന്നെ വിശ്വസിക്കുന്നു. ഒടുവിൽ ദൈവം പ്രത്യക്ഷപ്പെടുമ്പോഴാകട്ടെ തന്റെ വഴികളും ക്രമീകരണങ്ങളും എത്ര നിഗൂഢങ്ങളാണെന്നു മാത്രം അവിടുന്നു വെളിപ്പെടുത്തുന്നു! അപ്പോൾ ജോബ് നിശ്ശബ്ദനാകുന്നു. ഏതായാലും ഒടുവിൽ ദൈവം ജോബിനെ അതിസമ്പന്നനാക്കിത്തീർക്കുന്നു. ദൈവത്തിലുള്ള വിശ്വാസം ഫലശൂന്യമെന്നു തോന്നുന്ന അവസരങ്ങളിലും ദൈവവിശ്വാസം സജീവമായി നിലനിറുത്തണമെന്ന് ഈ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. ഭൗതികസമ്പത്തെല്ലാം നശ്വരമാണ്. കർമ്മഫലം ഈ ലോകത്തിൽ തന്നെ ലഭിക്കുമെന്ന് പ്രതീക്ഷിച്ചുകൂടാ. അനന്തശക്തനായ ദൈവത്തെയും അനശ്വരമായ ജീവിതത്തെയും ലക്ഷ്യം വയ്ക്കുന്നതായിരിക്കണം ഒരു വിശ്വാസിയുടെ ഈ ലോകജീവിതം.

## 2. സുഭാഷിതങ്ങൾ

ജീവിതപ്രശ്നങ്ങൾ വിവേകപൂർവ്വം കൈകാര്യം ചെയ്യുന്നതിനു സഹായകമായ നിരവധി സൂക്തങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. പലപ്പോഴായി ശേഖരിച്ച നിരവധി ശേഖരങ്ങളുടെ സമാഹാരമാണ് ഇതെന്നു പറയുന്നതിൽ തെറ്റില്ല. നൂറ്റാണ്ടുകൾ നീണ്ട പ്രക്രിയയാണ് ഇതിന്റെ രചനയുടെ പിന്നിലുള്ളത്. അതുകൊണ്ട് ഇസ്രായേലിന്റെ ജ്ഞാനപ്രസ്ഥാനത്തിന്റെ വിവിധ നൂറ്റാണ്ടുകളിലെ സംഭാവനകൾ ഇതിൽ കണ്ടെത്താം. ഇന്നത്തെ രീതിയിലുള്ള സുഭാഷിതങ്ങളുടെ ഗ്രന്ഥം രൂപം പ്രാപിച്ചത് പ്രവാസാനന്തര കാലഘട്ടത്തിലാണ്. ബി.സി. രണ്ടാം നൂറ്റാണ്ടോടെയായിരിക്കണം ഈ ഗ്രന്ഥത്തിന് അവസാനരൂപം നല്കപ്പെട്ടതെന്നു വിചാരിക്കുന്നു.

ശേഖരങ്ങൾ വളരെ പ്രാചീനങ്ങളാണ് (സുഭാ. 10–22, 25–29). അവ സോളമൻ രാജാവിന്റേതാണെന്നു വിശ്വസിക്കുന്നു (1:1, 1രാജാ 5:12) ഇവയിൽ വിശുദ്ധരുടെ സൂക്തങ്ങളും കാണുന്നുണ്ട് (22:17–24:34). ആഗൂറിന്റെ സൂക്തങ്ങൾ (30:1–14). അതിനെത്തുടർന്നു സംഖ്യാത്മക സൂക്തങ്ങൾ (സംഖ്യകൾ ചേർത്ത് പറയുന്നവ: 30:15–38), ലമുവേലിന്റെ സൂക്തങ്ങൾ (31:1–9) എന്നിവയെല്ലാം ഈ ഗ്രന്ഥത്തിൽ കാണാം. ഈ പേരുകളൊക്കെ തികച്ചും സാങ്കല്പികങ്ങളാണ്. യഥാർത്ഥ ചരിത്രപുരുഷന്മാരോടു ബന്ധപ്പെട്ടവയല്ല. ഏതായാലും ഇസ്രയേലിന് മറ്റു രാജ്യങ്ങളുടെ വിജ്ഞാനത്തോടു ബഹുമാനമുണ്ടായിരുന്നുവെന്ന് ഈ ഗ്രന്ഥം വെളിപ്പെടുത്തുന്നു. എല്ലാറ്റിനും മുമ്പിലായി ഒരു നീണ്ട അവതാരിക കാണാം (1–9). അതിൽ ഒരു പിതാവ് തന്റെ പുത്രന് ജ്ഞാനം ശിപാർശ ചെയ്യുന്നു. ഒരു ആദർശ ഭാര്യയെക്കുറിച്ച് അക്ഷരമാലാക്രമത്തിലുള്ള ഒരു പ്രശംസാപദ്യത്തോടുകൂടെ പുസ്തകം അവസാനിക്കുന്നു (31:1–31).

www.malankaralibrary.com

**സന്ദേശം**

'സുഭാഷിതങ്ങൾ' അനുസരിച്ച്, ജീവിതത്തിന്റെ യഥാർത്ഥ അർത്ഥവും ലക്ഷ്യവും മനസ്സിലാക്കാത്തവർ, അതിവിദഗ്ധരും സംസ്കാരസമ്പന്നരും ഒക്കെയാണെങ്കിൽപോലും, മൂഢന്മാർതന്നെയാണ്. മതം അഥവാ ദൈവഭ യമാണ് യഥാർത്ഥ ജ്ഞാനത്തിന്റെ അടിസ്ഥാനം (സുഭാ. 1:7). അതുകൊണ്ട് മതവിശ്വാസികളാണ് ബുദ്ധിമാന്മാർ. മതവിശ്വാസമില്ലാത്തവർ ആകട്ടെ യഥാർ ത്ഥത്തിൽ മൂഢന്മാരാണ്.

ശരിയായ പെരുമാറ്റമാണ് സുഭാഷിതങ്ങളിൽ ലക്ഷ്യമിടുന്നത്. അതിന് ആത്മനിയന്ത്രണം, ഭക്ഷണപാനീയങ്ങളിലെ മിതത്വം, നാവിന്റെ നിയന്ത്രണം എന്നിവ പാലിക്കാൻ നിർദ്ദേശിക്കുന്നു. മതവിശ്വാസം ധാർമ്മിക ജീവിതത്തിന് അനുപേക്ഷണീയമായ അടിസ്ഥാനമാണെന്ന് എടുത്തുപറഞ്ഞിട്ടുണ്ട്.

### 3. സഭാപ്രസംഗകൻ

ഈ ഗ്രന്ഥത്തിന്റെ ഹീബ്രു ശീർഷകം 'കൊഹെലെത്ത്' (Qoheleth) എന്നാണ്. പ്രസംഗകൻ എന്ന് അർത്ഥം. ഇതൊരു സാമാന്യനാമമാണ്. തത്തു ല്യമായി ഗ്രീക്കിൽ 'എക്ലേസ്യാസ്റ്റസ്' (Ecclesiastes) എന്ന ശീർഷകം കാ ണുന്നു. ഈ ശീർഷകംതന്നെയാണു മറ്റു ഭാഷകളിലും ഈ പുസ്തകത്തിനു നല്കപ്പെട്ടിരിക്കുന്നത്. സോളമനെയാണ് ഇതിലെ പ്രസംഗകനായി സങ്കല്പി ച്ചിട്ടുള്ളത്. എന്നാൽ അദ്ദേഹത്തിന്റെ പേര് ഒരിടത്തും വ്യക്തമായി എടുത്തു പറഞ്ഞിഞ്ഞിട്ടില്ല (സഭാപ്ര. 1:1, 12, 16; 2:4–10). ഈ ഗ്രന്ഥത്തിലെ ഭാഷ പില്ക്കാല ഹീബ്രുവാണ്. അതിൽ അറമായ പ്രയോഗങ്ങളും ധാരാളമായി കാണാം. ബി.സി. മൂന്നാം നൂറ്റാണ്ടിലായിരുന്നിരിക്കണം ഇത് രചിക്കപ്പെട്ടത്.

**സന്ദേശം**

'സഭാപ്രസംഗക'ന്റെ സന്ദേശം അടിസ്ഥാനപരമായി ജോബിന്റേതു തന്നെ യാണ്. കർമ്മ പ്രതിഫലമൊന്നും ഈ ലോകത്തിലില്ല. ശിക്ഷയും രക്ഷയു മൊക്കെ മരണത്തിനപ്പുറത്താണ് പ്രതീക്ഷിക്കേണ്ടത്. അറിവ്, ധനം, സ്നേഹം, ജീവൻ എന്നിവയെല്ലാം മായികമാണ്. ദൈവത്തിന്റെ വഴികൾ വിസ്മയകര മത്രേ. എന്നാൽ ദൈവത്തിന് അവയ്ക്കെല്ലാം മനുഷ്യരുടെ മുമ്പിൽ നീതീക രണം നല്കേണ്ട ആവശ്യമില്ല (3:11,14). മനുഷ്യൻ ചെയ്യേണ്ടത് ഇതുമാത്ര മാണ്: ദൈവം അയയ്ക്കുന്ന സുഖദുഃഖങ്ങളെ സ്വീകരിച്ചുകൊണ്ട് ദൈവ ത്തോടു വിധേയത്വം പുലർത്തുക (7:1314). എല്ലായ്പ്പോഴും മനുഷ്യൻ ദൈ വത്തെ അനുസരിക്കുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും ചെ യ്യണം. "രഹസ്യമായ എല്ലാ പ്രവൃത്തികളെയും അവ നല്ലതായാലും ചീത്ത യായാലും വിധിക്കാനായി ദൈവം വെളിച്ചത്തുകൊണ്ടുവരും" (12:14).

### 4. പ്രഭാഷകൻ (സിറാക്ക്)

യഹൂദരുടെ ഹീബ്രു ബൈബിളിന്റെ കാനോനിൽ ഈ പുസ്തകം ഉൾപ്പെ

www.malankaralibrary.com

ട്ടിട്ടില്ല. ഗ്രീക്ക് സപ്തതി അതിന് 'സിറാക്കിന്റെ ജ്ഞാനം' എന്ന പേരു നല്കി (സിറാ. 50:27-29). "എക്ലേസ്യാസ്റ്റിക്കൂസ്" എന്ന തലക്കെട്ട് ലത്തീൻ മുൾഗാത്തയുടെ വകയാണ്. ഈ ഗ്രന്ഥം എല്ലായിടത്തും കാനോനികമായി അംഗീകരിക്കപ്പെട്ടിട്ടില്ലെങ്കിലും അതിന്റെ ഉപയോഗം സഭ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രസ്തുത ഗ്രന്ഥം സഭാപരമാണ് - ഇതാണ് 'എക്ലേസ്യാസ്റ്റിക്കൂസ്' (Ecelesiasticus) എന്ന പേരിനു പിന്നിലെ യുക്തി. പ്രഭാഷകൻ ആദ്യം ഹീബ്രുവിലാണ് എഴുതപ്പെട്ടത്. ബി.സി. 190-ന് അടുത്ത് ബെൻസിറാക്ക് (സിറാക്കിന്റെ മകൻ) എന്നയാൾ അത് ഗ്രീക്കിലേക്കു പരിഭാഷപ്പെടുത്തി. അദ്ദേഹം ജെറുസലെം നിവാസിയായ ഒരു നിയമജ്ഞനായിരുന്നു. (ഈ ഗ്രന്ഥത്തിനു നല്കുന്ന മുഖവുര കാണുക; ഇതു ബൈബിളിന്റെ കാനോനികഭാഗമല്ല.)

**ഉള്ളടക്കം**

പരമ്പരാഗത ബോധ്യങ്ങൾ തന്നെയാണ് പ്രഭാഷകനിലും കാണുന്നത്. ജ്ഞാനം ദൈവഭയത്തിൽ അടങ്ങിയിരിക്കുന്നു. പാപങ്ങൾക്കും പുണ്യങ്ങൾക്കും ലഭിക്കാനിരിക്കുന്ന പ്രതിഫലത്തിൽ ഗ്രന്ഥകാരൻ വിശ്വസിക്കുന്നു. മരണം വിധിനിർണ്ണായകമായ നിമിഷമാണ്. ഇതെക്കുറിച്ച് ഗ്രന്ഥകാരൻ അതീവ ബോധവാനാണ്. എന്നാൽ ഓരോ മനുഷ്യനും അവന്റെ കർമ്മങ്ങൾ അനുസരിച്ച് ദൈവം ഏതുവിധമാണു ശിക്ഷയോ രക്ഷയോ നല്കുന്നതെന്ന് മോശയുടെ നിയമംപോലെതന്നെയാണ് കണക്കാക്കുന്നത് (സിറാ. 24:23-24; cfr. Prol). ആരാധനയും അനുഷ്ഠാനങ്ങളും സംബന്ധിച്ച് ഗ്രന്ഥകാരന് പൂർണ്ണ വിശ്വാസമാണുള്ളത്.

### 5. ജ്ഞാനത്തിന്റെ ഗ്രന്ഥം

ബി.സി. 5ന് അടുത്താണ് ഈ ഗ്രന്ഥത്തിന്റെ രചന. അലക്സാൻഡ്രിയക്കാരനായ ഒരു യഹൂദൻ ഗ്രീക്കുഭാഷയിൽ ഇതെഴുതി. ഇതിന്റെ ഗ്രന്ഥകർത്തൃത്വം പതിവുപോലെ സോളമനിലാണ് ആരോപിക്കപ്പെട്ടിരിക്കുന്നത് (ജ്ഞാ. 9:7,8,12). ഗ്രീക്കു കയ്യെഴുത്തു പ്രതികളിൽ ഇതിന്റെ ശീർഷകം 'സോളമന്റെ ജ്ഞാനം' എന്നാണ്. 'ജ്ഞാനത്തിന്റെ പസ്തകം' എന്ന് ലത്തീൻ വുൾഗാത്തയിൽ ഇതിനു പേരു നല്കിയിരിക്കുന്നു.

**ഉള്ളടക്കം**

ആദ്യഭാഗത്ത് (1-5) മനുഷ്യന്റെ അന്ത്യം നിർണ്ണയിക്കുന്നതിൽ ജ്ഞാനത്തിനുള്ള പങ്കു വിവരിച്ചിരിക്കുന്നു. ജീവിച്ചിരിക്കുമ്പോഴും മരണാനന്തരവും എല്ലാവരും നേരിടേണ്ട വിധിയെപ്പറ്റിയാണ് പ്രധാന പ്രതിപാദ്യം. രണ്ടാം ഭാഗത്ത് (അദ്ധ്യാ. 6-9) ജ്ഞാനത്തിന്റെ ഉത്ഭവത്തെയും സ്വഭാവത്തെയും കുറിച്ചു വിവരിക്കുകയും അതു കരസ്ഥമാക്കേണ്ടതെങ്ങനെയെന്നു പ്രസ്താവിക്കുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ചരിത്രത്തിൽ ദൈവവും ജ്ഞാനവും വഹിച്ച പങ്കിനെയാണ് മൂന്നാം ഭാഗത്ത് (അദ്ധ്യാ. 10-19)

www.malankaralibrary.com

വിവരിക്കുന്നത്. വിഗ്രഹാരാധനയെക്കുറിച്ച് സുദീർഘവും വിശദവുമായ ഒരു വിചിന്തനവും ഈ ഭാഗത്തുണ്ട്.

സർവ്വശക്തനായ ദൈവത്തിന്റെ മഹത്വത്തിൽ നിന്നു പുറപ്പെടുന്ന ഒന്നായിട്ടാണ് ഈ ഗ്രന്ഥത്തിൽ ജ്ഞാനത്തെ കാണുന്നത്. ജ്ഞാനം നിത്യപ്രകാശത്തിന്റെ ഒരു പ്രതിഫലനമാണ്, ദൈവിക നന്മയുടെ ഒരു പ്രതിച്ഛായയുമാണ് (ജ്ഞാ. 7:25-26). അതിനാൽ അത് ദൈവത്തിൽനിന്നു വ്യത്യസ്തമാണ് (7:22-8:8). പുതിയനിയമത്തിലെ വചനത്തെക്കുറിച്ചുള്ള ദൈവശാസ്ത്രത്തിന് ഈ ഭാഗവുമായി ഏറെ ബന്ധമുണ്ട് (കൊളോ. 1: 15-16; ഹെബ്രാ 1:3; യോഹ1:1-14; 3:16-17).

## 6. ഉത്തമഗീതം

ഗീതങ്ങളുടെ ഗീതം (song of songs) എന്നാണ് ഈ പുസ്തകത്തിന്റെ ശീർഷകം. 'വിശുദ്ധരിൽ വിശുദ്ധൻ' 'രാജാക്കന്മാരുടെ രാജാവ്' എന്നീ പ്രയോഗങ്ങൾപോലെതന്നെ പാരമ്യാർത്ഥം ലക്ഷ്യം വച്ചുള്ള ഒരു ശൈലിയാണ് 'ഗീതങ്ങളുടെ ഗീതം' എന്നതും. ഗീതങ്ങളിൽ ഏറ്റവും ശ്രേഷ്ഠം അഥവാ 'ഉത്തമഗീതം' എന്നർത്ഥം. പ്രണയ കാവ്യങ്ങളുടെ ഒരു പരമ്പരയാണിത്. അവയിൽ കാമുകീകാമുകന്മാരുടെ ഒത്തുചേരലും വേർപിരിയലും പരസ്പരാന്വേഷണവും കണ്ടുമുട്ടലുമെല്ലാം ഹൃദയഹാരിയായി ആവിഷ്ക്കരിച്ചിരിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ കർത്തൃത്വം സോളമനിലാണ് ആരോപിക്കപ്പെടുന്നത്. അദ്ദേഹം ഇതിലെ കാമുകനാണ് (ഉത്താ. 1:1, 4, 12; 3:7-,9). കാമുകിക്ക് ശൂലേംകാരി എന്നാണ് പേരു നല്കിയിരിക്കുന്നത് (ഉത്തമ 7:1). ഒരുപക്ഷേ, പിന്നീട് സോളമന്റെ ഭാര്യയായിത്തീർന്ന ഷാഗ് എന്ന യുവസുന്ദരിയെ ആയിരിക്കാം ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് (1-രാജാ 1:3; 2:12-25). ഏതായാലും സോളമന്റെ കാലത്തെ ഭാഷാരീതിയോ ചരിത്ര പശ്ചാത്തലമോ ഈ ഗ്രന്ഥത്തിൽ കാണുന്നില്ല. നേരെ മറിച്ച്, വിവിധ കാലങ്ങളിൽ വിരചിതമായിട്ടുള്ള പ്രണയഗീതങ്ങളുടെ ഒരു സമാഹാരമാണ് ഇത്. ബി.സി. 4-ാം ശകതത്തിന്റെ ആദ്യഘട്ടത്തിൽ ആരെങ്കിലും അവ ശേഖരിച്ച് പ്രസാധനം നിർവ്വഹിച്ചിരിക്കാം. ഈ ഗ്രന്ഥം യഹൂദ കാനോന്റെയും ഹീബ്രുബൈബിളിന്റെയും ഭാഗമായിത്തീർന്നത് ഏ.ഡി. 90-ൽ മാത്രമാണ്.

### വ്യാഖ്യാനം

യഹൂദന്മാരും ക്രിസ്ത്യാനികളും ഏ.ഡി. 2-ാം നൂറ്റാണ്ടുമുതൽ ഉത്തമഗീതത്തെ അന്യാപദേശ രൂപത്തിൽ (allegorically) വ്യാഖ്യാനിച്ചുവന്നു. യാഹ്വേയ്ക്ക് തന്റെ ജനങ്ങളോടുള്ള സ്നേഹത്തിന്റെ പ്രതീകാത്മകമായ ആവിഷ്കാരമായിട്ടാണ് യഹൂദർ ഉത്തമഗീതത്തെ മനസ്സിലാക്കിയത്. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ പ്രതീകമായി ക്രിസ്ത്യാനികൾ അതിനെ വ്യാഖ്യാനിച്ചു. പിന്നീട് ക്രിസ്തുവും മനുഷ്യനും തമ്മിലുള്ള

www.malankaralibrary.com

ദുർജ്ഞേയ (mystic) ബന്ധത്തെ സംബന്ധിച്ച ഒരു അന്യാപദേശമായി ഇതിനെ കരുതി.

എന്നാൽ ഈ ഗ്രന്ഥത്തെ അതിന്റെ സ്വാഭാവികാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നത് കൂടുതൽ യുക്തവും ഉചിതവുമായി തോന്നുന്നു. അങ്ങനെ നോക്കുമ്പോൾ സ്ത്രീപുരുഷ സ്നേഹം ആവിഷ്കരിക്കുന്ന പ്രണയഗീതങ്ങളുടെ ഒരു സമാഹാരമാണിത്. ഇതിലെ സ്ത്രീയും പുരുഷനും ആരൊക്കെയാണെന്നു ചികഞ്ഞന്വേഷിക്കേണ്ടതില്ല. വലിയൊരു കവിയുടെ വചസ്സുകളിലൂടെ വിവാഹബന്ധത്തിൽ പൂർണ്ണത കൈവരുന്ന സ്ത്രീപുരുഷ പ്രണയത്തിന്റെ ഒരു സുന്ദരാവിഷ്കാരം നമുക്കു ലഭിച്ചിരിക്കുന്നു. ഇതിൽ വെറും ലൗകിക വീക്ഷണമല്ല പ്രതിഫലിക്കുന്നത്. ദൈവം വിവാഹത്തെ അനുഗ്രഹിച്ചിട്ടുള്ളതുകൊണ്ട് (ഉത്പ. 1:31; 2:18–24; 4:1) വിഷയം മതപരമായ സ്വഭാവമുള്ളതാണ്. മാത്രമല്ല, സുഭാഷിതങ്ങൾ, സിറാക്ക് തുടങ്ങിയ പഴയനിയമ ഗ്രന്ഥങ്ങളും മാനുഷിക പ്രേമം എന്ന ഇതേ വിഷയത്തെ സ്പർശിക്കുന്നുണ്ട്. അതിനാൽ ഇത് ഉത്കൃഷ്ടമായ ഒരു വിഷയമാണ്. ദൈവത്തിന് ഇസ്രയേലിനോടുള്ള സ്നേഹത്തെ വർണ്ണിക്കുവാൻ പ്രവാചകന്മാർ ഇതേ വിഷയംതന്നെ സ്വീകരിച്ചിട്ടുണ്ട് (ഹോസി 1–3). പുതിയ നിയമത്തിലേക്കു വരുമ്പോൾ ഭാര്യാഭർത്തൃ സ്നേഹത്തിൽ ക്രിസ്തുവിന് തന്റെ സഭയോടുള്ള സ്നേഹത്തിന്റെ പ്രതിച്ഛായ വി. പൗലോസ് ദർശിക്കുന്നു (എഫേ. 4:21–33). ഏതായാലും സീനായ് ഉടമ്പടിയിൽനിന്നും ജെറമിയാ ദീർഘദർശനം ചെയ്ത പുതിയ ഉടമ്പടിയിലേക്ക് (31:31–34) ദൈവത്തെ എത്തിക്കുന്നതിൽ ഈ ഗ്രന്ഥം അതിന്റേതായ പങ്കു വഹിക്കുന്നുണ്ട്. സീനാ മലയിലെ ഉടമ്പടി ശിലയിൽ എഴുതപ്പെട്ട ദൈവവചനമായിരുന്നെങ്കിൽ, ജെറമിയ വിഭാവനം ചെയ്ത ഉടമ്പടി ഹൃദയത്തിൽ എഴുതപ്പെട്ട ദൈവവചനമാണ്. ഈ പുതിയ ഉടമ്പടിയിൽ ഓരോ വ്യക്തിയുടെയും ആന്തരിക ഭാവത്തിനാണ് പ്രാധാന്യം കല്പിച്ചിരിക്കുന്നത്. കലർപ്പറ്റ മാനുഷിക സ്നേഹത്തിന്റെ സൗന്ദര്യവും അതിന്റെ ശക്തിയും ഈ ഗ്രന്ഥത്തിലൂടെ അനുഭവിക്കുമ്പോൾ ദൈവത്തിന്റെ ഏറ്റവും സുന്ദരവും പരമപരിശുദ്ധവുമായ സ്നേഹത്തെക്കുറിച്ചു ചിന്തിക്കാൻ ഏവർക്കും പ്രേരണ ലഭിക്കും (ഉത്തമ 8:6–7; കോറി 13:1–13).

## 7. സങ്കീർത്തനങ്ങൾ

150 സങ്കീർത്തനങ്ങളുടെ ഒരു സമാഹാരമാണ് ഈ ഗ്രന്ഥം. ഇവയെല്ലാം ഒറ്റയടിക്ക് എഴുതിതീർന്നവയാണ് എന്നു കരുതരുത്. ഇവയുടെയെല്ലാം രചന നിർവഹിച്ചിട്ടുള്ളത് ഒരു വ്യക്തിയല്ല. പല കാലഘട്ടങ്ങളിലായി രൂപം കൊണ്ടവയാണ് അവയിൽ മിക്കതും. ആദ്യം മുതലേ ഇസ്രായേൽകാർക്ക് മതാത്മക കാര്യങ്ങളോട് ഏറെ പ്രിയമുണ്ടായിരുന്നു. ദെബോറായുടെ ഗീതം (ന്യായാ.5), മോശയുടെ ഗീതം (പുറ.15), ദാവീദിന്റെ വിലാപം (2-സാമു 1:19–27) മുതലായവ അതിന് ഉദാഹരണങ്ങളാണ്.

www.malankaralibrary.com

### ശീർഷകം

സങ്കീർത്തനങ്ങളെ ഹീബ്രുവിൽ 'തെഹില്ലിം' എന്നു പറയും. സ്തുതി ഗീതങ്ങൾ എന്ന് അർത്ഥം. എന്നാൽ 145-ാം സങ്കീർത്തനം ഒഴികെ മറ്റുള്ളവയുടെയെല്ലാം ആദ്യത്തിൽ കൊടുത്തിട്ടുള്ളത് 'മിസ്മോർ' എന്നാണ്. തന്ത്രീവാദ്യത്തോടൊപ്പം ആലപിക്കുന്ന ഗീതം എന്നാണതിനർത്ഥം. ഇംഗ്ലീഷിൽ 'സാം' (psalm) എന്നാണല്ലോ പറയുക. ഈ വാക്ക് വളരെ യോജിക്കുന്നതു തന്നെ. കാരണം ഗ്രീക്കിലെ 'സാൾട്ടീരിയോൺ' എന്ന പദത്തിൽനിന്നും വരുന്നതാണ് ഇത്. 'സാൾട്ടീരിയോൺ' എന്നത് ഒരുതരം തന്ത്രീവാദ്യമാണ്. ഇത് ഗാനാലാപനത്തോടൊപ്പം മീട്ടുന്ന പതിവുണ്ട്.

### വിഭജനം

സങ്കീർത്തനങ്ങൾ വാസ്തവത്തിൽ ശേഖരങ്ങളുടെ ഒരു സമാഹാരമാണ്. പരസ്പരം ബന്ധമില്ലാത്ത പല സ്വതന്ത്ര ശേഖരങ്ങൾ നിലവിലുണ്ടായിരുന്നു. അവയെല്ലാം സംയോജിപ്പിച്ചാണ് സങ്കീർത്തന പുസ്തകത്തിനു രൂപം കൊടുത്തിരിക്കുന്നത്. യാഹ്‌വിസ്റ്റിക്കും (1-44) ഏലോഹിസ്റ്റിക്കും (42-83) ആയ ശേഖരങ്ങളുണ്ട്. കൂടാതെ ദാവീദ് (3-41, 50-71) കോറഹ് (42-49) ആസാഫ് (73-83; cf 1 ദിന 16-:4-7:25) സോളമൻ തുടങ്ങിയവരുടെയെല്ലാം ശേഖരങ്ങളുമുണ്ട്.

പഞ്ചഗ്രന്ഥത്തെ ആസ്പദമാക്കിയുള്ള മറ്റൊരു വിഭജനത്തിൽ സങ്കീർത്തനങ്ങളെ അഞ്ചായി തിരിച്ചിരിക്കുന്നു (1-41;42-72;73-89; 90-106; 107-150). ഓരോന്നും പ്രത്യേകമായ ദൈവസ്തുതിയോടെയാണ് അവസാനിക്കുന്നത്. സങ്കീർത്തനങ്ങളിലെ വിഭിന്നസാഹിത്യ രൂപങ്ങൾ പരിഗണിക്കുമ്പോൾ അവയെ സ്തുതിഗീതങ്ങൾ (ഉദാ. 8,19, 29, 33, 46-48), യാചനകൾ (4, 11, 16, 23), കൃതജ്ഞതാ സ്തോത്രങ്ങൾ (18, 21, 30, 65-68) എന്നിങ്ങനെയും തരംതിരിക്കാം.

### ഗ്രന്ഥകർത്തൃത്വവും കാലവും

മിക്ക സങ്കീർത്തനങ്ങളുടെയും ആരംഭത്തിൽ ഓരോ മുഖവുരയുണ്ട്. ഇതിൽ ഓരോ സങ്കീർത്തനത്തിന്റെയും കാർത്തൃത്വം ആരിലെങ്കിലും ആരോപിച്ചിരിക്കുന്നതുകാണാം. ഇതനുസരിച്ച് 73 സങ്കീർത്തനങ്ങൾ ദാവീദിന്റെയും 12 എണ്ണം ആസാഫിന്റെയും 11 എണ്ണം കോറഹിന്റെ മക്കളുടെയും 1 എണ്ണം ഹേമാന്റെയും 1 എണ്ണം എത്താന്റെയും 1 എണ്ണം മോശയുടെയും 1 എണ്ണം സോളമന്റെയും ആണെന്നാണ് സൂചനയുള്ളത്. സപ്തതിയിലെ ഈ ആമുഖങ്ങൾ പലപ്പോഴും ഹീബ്രു മൂലത്തിലെ ആമുഖങ്ങളുമായി യോജിക്കുന്നില്ല. സുറിയാനി വിവർത്തനത്തിൽ പിന്നെയും കൂടുതൽ വ്യത്യാസങ്ങളാണ് കാണുന്നത്.

www.malankaralibrary.com

യഥാർത്ഥ രചയിതാവിന്റെ പേരു വെളിപ്പെടുത്തുകയായിരുന്നില്ല ഈ ആമുഖങ്ങളുടെ മൗലികലക്ഷ്യം എന്നു കരുതേണ്ടിയിരിക്കുന്നു. കാരണം, സങ്കീർത്തനവും അതിനോടനുബന്ധിച്ചു പറയപ്പെട്ട ആളും തമ്മിൽ എന്തെങ്കിലുമൊരു ബന്ധം സ്ഥാപിക്കുകമാത്രമേ ഹീബ്രു ശീർഷകങ്ങൾ ചെയ്യുന്നുള്ളു. ആ ബന്ധം രചയിതാവ് എന്ന നിലയ്ക്കാകണമെന്നില്ല. ചിലപ്പോൾ വിഷയത്തിന്റെ ഔചിത്യമാകാം അല്ലെങ്കിൽ അദ്ദേഹത്തിന്റെ പേരിലുള്ള ഒരു സമാഹാരത്തിൽ പ്രസ്തുത സങ്കീർത്തനവും ഉൾപ്പെട്ടു എന്നതാകാം. ഗായകസംഘനേതാവിനു വേണ്ടിയുള്ള അനേകം സങ്കീർത്തനങ്ങൾ (4-6,8 തുടങ്ങിയവ) കാണുന്നുണ്ട്. അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ അവതരിപ്പിക്കപ്പെട്ട ഗാനങ്ങളായതുകൊണ്ടാകാമത്. ആമുഖത്തിൽ അദ്ദേഹത്തെന്റെ പേരു പരാമർശിക്കപ്പെടുന്നുമുണ്ട്.

ദാവീദിന്റെ ഗാനചാതുരിയെക്കുറിച്ചും (1 സാമു. 16:16-18) കവിതാവാസനെയെക്കുറിച്ചും (2-സാമു 1:19-27; 3:33-34) ആരാധനക്രമത്തോടുള്ള അദ്ദേഹത്തിന്റെ താല്പര്യത്തെക്കുറിച്ചും (2-സാമു 6:5, 15-16) ചരിത്രഗ്രന്ഥങ്ങൾ സാക്ഷിക്കുന്നുണ്ട്. ഇതു പരിഗണിക്കുമ്പോൾ സങ്കീർത്തനങ്ങളിൽ കുറെയെണ്ണം ദാവീദിന്റേതു തന്നെയായിരിക്കണം എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. (cfr. 2സാമു 22 = സങ്കീ. 18).

ദാവീദ് രചിച്ചിരിക്കാവുന്ന സങ്കീർത്തനങ്ങൾക്കു പുറമെയുള്ള രാജകീയ സങ്കീർത്തനങ്ങളിൽ പലതും രാജഭരണകാലത്തോളം പഴക്കമുള്ളവതന്നെ ആണ്. ദൈവത്തിന്റെ രാജത്വത്തെക്കുറിച്ചുള്ള സങ്കീർത്തനങ്ങൾ പ്രവാസകാലത്ത് എഴുതപ്പെട്ടവയായിരിക്കാം. ജെറുസലെമിന്റെ വിനാശത്തെയും നാടുകടത്തലിനെയും സംബന്ധിച്ച 137-ാം സങ്കീർത്തനവും അതേകാലത്തിന്റെതന്നെ സംഭാവനയായിരിക്കണം.

## ആരാധനാക്രമ സ്വഭാവം

സങ്കീർത്തനങ്ങളുടെ സ്വഭാവം പരിശോധിക്കുമ്പോൾ അവ ആരാധനക്രമവുമായി ബന്ധമുള്ളവയാണെന്നു കാണുന്നു. ഒന്നുകിൽ അവ ദേവാലയത്തിലെ പരസ്യാരാധനയ്ക്കുവേണ്ടി രചിക്കപ്പെട്ടവയാകാം. അല്ലെങ്കിൽ ആരാധനക്രമത്തിലേക്ക് അവയെ സ്വീകരിച്ചതായിരിക്കാം.

യാഹ്‌വേയുടെ തിരുനാളാഘോഷങ്ങൾക്ക് ദൈവാലയത്തിൽ ധാരാളം ഗാനങ്ങൾ ആലപിക്കപ്പെട്ടിരുന്നു (ന്യായാ 21:19-21; 2സാമു 6:516) ആസാഫ്, കോറഹ്, ഹെമാൻ, ഏത്താൻ തുടങ്ങിയവർ പ്രവാസത്തിനു മുമ്പുള്ള കാലത്തെ ദേവാലയ ഗായകരായിരുന്നു. സങ്കീർത്തനങ്ങളിൽ പലതിനും ആരാധനക്രമപരമോ സംഗീതപരമോ ആയ നിർദ്ദേശങ്ങളും നല്കിയിട്ടുണ്ട് (20, 26, 27, 66, 81, 107, 116, 134, 135), സങ്കീർത്തനങ്ങൾ 48, 65, 95, 96, 118 ദൈവാലയത്തിൽ ആലപിക്കപ്പെട്ടിരുന്നവയാണെന്ന് വായി

www.malankaralibrary.com

ക്കുമ്പോൾ സ്പഷ്ടമാണ്. ചില സങ്കീർത്തനങ്ങളുടെ പശ്ചാത്തലം ദേവാലയത്തിലേക്കുള്ള തീർത്ഥാടനമാണ് (84, 120,134). 92-ാം സങ്കീർത്തനത്തിന്റെ ശീർഷകത്തിൽ, അതിനെ സാബത്തു ദിവസത്തേക്കു നീക്കി വച്ചിട്ടുള്ളതായി കാണുന്നു. 30-ാം സങ്കീർത്തനം സമർപ്പണ തിരുനാളിന്റെ അവസരിത്തിലും ഉപയോഗിച്ചിരുന്നതാണ്. സങ്കീർത്തനങ്ങളുടെ തുടക്കത്തിലുള്ള ഇത്തരം നിർദേശങ്ങൾ പില്ക്കാലത്ത് എഴുതിചേർത്തവയാകാനാണ് സാധ്യത. എന്നാൽ അവയിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നു: ക്രൈസ്തവസഭ അംഗീകരിക്കുന്നതിനുമുമ്പേതന്നെ സങ്കീർത്തനങ്ങൾ ദൈവാലായത്തിലെയും ആരാധനാലയങ്ങളിലെയും പ്രാർത്ഥനാഗാനങ്ങളായിത്തീർന്നിരുന്നു.

## ആദ്ധ്യാത്മിക സ്വഭാവം

തങ്ങളുടെ വാക്കുകളിലും വികാര വായ്പുകളിലും ദൈവിക പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് പഴയനിയമ ജനത നടത്തിയിരുന്ന പ്രാർത്ഥനകളാണ് സങ്കീർത്തനങ്ങൾ. സ്ഥലകാല സാഹചര്യങ്ങൾക്കനുസൃതമായും അനുഭവങ്ങളുടെ വെളിച്ചത്തിലുമാണ് സങ്കീർത്തകർ രചന നടത്തിയിട്ടുള്ളത്. എന്നുവരികിലും അവയ്ക്ക് സാർവലൗകിക മൂല്യമുണ്ട്. കാരണം ഓരോ മനുഷ്യനും ദൈവത്തോട് ഉണ്ടായിരിക്കേണ്ട മനോഭാവം അവ സ്പഷ്ടമാക്കുന്നു.

ക്രൈസ്തവസഭ സങ്കീർത്തനങ്ങളിൽ യാതൊരു വ്യത്യാസവും വരുത്താതെ സ്വന്തം ഔദ്യോഗിക പ്രാർത്ഥനകൾക്കായി സ്വീകരിച്ചു. അതേസമയം അവയ്ക്ക് കൂടുതൽ അർത്ഥ സംപുഷ്ടി നല്കിക്കൊണ്ടാണ് സഭ സങ്കീർത്തനങ്ങൾ ആലപിക്കുന്നത്. സങ്കീർത്തനങ്ങളിൽ പരാമർശിച്ചിരിക്കുന്ന പ്രതീക്ഷ പൂർത്തിയായിരിക്കുന്നു. രക്ഷകനായ മിശിഹാ വന്നുകഴിഞ്ഞു. അവിടുന്നാണ് ഇപ്പോൾ ഭരണം നടത്തുന്നത്. എല്ലാ ജനതകളും അവിടുത്തെ സ്തുതിക്കാൻ വേണ്ടി വിളിക്കപ്പെട്ടവരാണ്. ഇത്തരം ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചകളിലാണ് യഹൂദരും ക്രൈസ്തവരും തമ്മിലുള്ള വ്യത്യാസം.

www.malankaralibrary.com

## അധ്യായം – 12

# പുതിയ നിയമം

പുതിയനിയമം '27 പുസ്തകങ്ങളുടെ സമാഹാരമാണ്. 4 സുവിശേഷങ്ങൾ, 1 അപ്പസ്തോല പ്രവർത്തനങ്ങൾ, 21 ലേഖനങ്ങൾ, 1 വെളിപാട് എന്നിവയാണവ. അവയുടെയെല്ലാം മൂലകൃതി ഗ്രീക്കുഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നു.

## പുതിയനിയമ ഗ്രന്ഥങ്ങളുടെ കാലാനുക്രമം:

പുതിയനിയമ ഗ്രന്ഥങ്ങൾ ബൈബിളിൽ ചേർത്തിട്ടുള്ളത് സുവിശേഷങ്ങൾ, അപ്പസ്തോല പ്രവർത്തനം, ലേഖനങ്ങൾ, വെളിപാട് എന്നീ ക്രമത്തിലാണ്. രചനാകാലത്തിന്റെ ക്രമമനുസരിച്ചല്ല, ആശയപരമായ പ്രാധാന്യത്തിന്റെയും ജനസമ്മതിയുടെയും അടിസ്ഥാനത്തിലുള്ളതാണ് ഈ ക്രമീകരണം. രചനാകാലത്തെ അടിസ്ഥാനമാക്കി ക്രമപ്പെടുത്തുകയാണെങ്കിൽ പുതിയ നിയമ ഗ്രന്ഥങ്ങൾ ഏറെക്കുറെ താഴെക്കാണും വിധമാണ് വരേണ്ടത്:

| | | | |
|---|---|---|---|
| 1 & 2 | തെസ്സലോനിക്കർ | 51–52 | എ.ഡി. |
| | ഗലാത്യർ | 54 | എ.ഡി. |
| 1 & 2 | ഫിലിപ്പയർ | 56 | എ.ഡി. |
| | കോറിന്തിയർ | 57 | " |
| | റോമാക്കാർ | 58 | " |
| | കൊളോസ്യർ | 61 – 63 | " |
| | എഫേസ്യർ | " | " |
| | ഫിലെമോൻ | " | " |
| | മാർക്കോസിന്റെ സുവിശേഷം | 65 | " |
| | തീത്തൂസ് | 65 | " |

www.malankaralibrary.com

| | | |
|---|---|---|
| 1. തിമോത്തി | " | " |
| 2 തിമോത്തി | 67 | " |
| ഹെബ്രായർ | " | " |
| ലൂക്കാ സുവിശേഷം | 68 | " |
| അപ്പ. പ്രവർത്തനങ്ങൾ | 70 | " |
| മത്തായി സുവിശേഷം | " | " |

(മത്തായി ആദ്യം അറമായ ഭാഷയിൽ എ.ഡി. 50–ൽ സുവിശേഷം രചിച്ചു എന്നു പറയപ്പെടുന്നു. എന്നാൽ അറമായ ഭാഷയിലുള്ള മത്തായിയുടെ സുവിശേഷത്തിന്റെ മൂലകൃതി ഇപ്പോൾ ലഭ്യമല്ല. അതിന്റെ ഗ്രീക്കു തർജ്ജമ എ.ഡി. 65–ന് അടുത്തു പ്രത്യക്ഷപ്പെട്ടു. ഏതായാലും മത്തായിയുടെ സുവിശേഷത്തിന്റെ ഇന്നത്തെ രൂപത്തിലുള്ള ഗ്രന്ഥം ഉണ്ടായത് എ.ഡി. 70–ന് അടുത്തു മാത്രമാണ്.)

| | | |
|---|---|---|
| യൂദാ | 80 | എ.ഡി |
| യാക്കോബ് | 85 | " |
| 1 പത്രോസ് | 87 | " |
| 2 പത്രോസ് | 90 | " |
| യോഹന്നാൻ സുവിശേഷം | 95 | " |
| 1,2,3 യോഹ. ലേഖനങ്ങൾ | 95 – 100 | " |
| വെളിപാട് | " | " |

ഈ പഠനഗ്രന്ഥത്തിൽ അനുവർത്തിച്ചിരിക്കുന്നക്രമം വിശുദ്ധ ഗ്രന്ഥത്തിൽ കാണുന്നതുപോലെ തന്നെയാണ്.

## A. സുവിശേഷങ്ങൾ

പുതിയനിയമ ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവ സുവിശേഷങ്ങളാണ്. കാരണം അവ മനുഷ്യാവതാരം ചെയ്ത ദൈവപുത്രനും രക്ഷകനുമായ ക്രിസ്തുവിന്റ ജീവിതം, പ്രബോധനങ്ങൾ, പ്രവൃത്തികൾ എന്നിവ വിവരിക്കുന്നു. സുവിശേഷങ്ങൾ ഏറ്റവും ആദ്യം ക്രമീകരിച്ചിരിക്കുന്നതു തന്നെ ഈ സത്യം വെളിപ്പെടുത്തുന്നതിനുവേണ്ടിയാണ്. ആദ്യകാല ക്രൈസ്തവർ ഈ നാലു സുവിശേഷങ്ങളെ പ്രതീകാത്മക രൂപങ്ങൾ കൊണ്ടു ചിത്രീകരിച്ചിരുന്നു. ഓരോ സുവിശേഷത്തിന്റെയും ആരംഭരീതിയെ ആധാരമാക്കി സ്വീകരിച്ചവയാണ് പ്രസ്തുത പ്രതീകങ്ങൾ:

മത്തായി = മനുഷ്യൻ; മാർക്കോസ് = സിംഹം, ലൂക്കാ = കാള; യോഹന്നാൻ = കഴുകൻ (പരുന്ത്).

www.malankaralibrary.com

സുവിശേഷത്തിന് ഗ്രീക്ക് മൂലത്തിലുള്ള പേര് 'എവൻഗേലിയോൻ' എന്നാണ്. "ഏവു" (നല്ല) "അൻഗേലിയോൻ" (സന്ദേശം) എന്ന രണ്ടു പദങ്ങൾ ചേർന്നാണ് അതുണ്ടാകുന്നത്. അപ്പോൾ അതിന് 'നല്ല വാർത്ത' അഥവാ 'നല്ല സന്ദേശം' എന്ന് അർത്ഥം ലഭിക്കുന്നു. 'ഗോസ്പൽ' എന്ന ഇംഗ്ലീഷ് പദത്തിനും അർത്ഥം അതുതന്നെ. "good + spell" എന്നതിൽ നിന്നാണ് gospel നിഷ്പന്നമായിട്ടുള്ളത്. "എവൻഗേലിയും" എന്ന ലത്തീൻ പദവും ഗ്രീക്കു പദത്തിന്റെ തൽഭവരൂപംതന്നെ. 'ഇവാൻജലിസ്റ്റ്', 'ഇവൻജേലിക്കൽ', 'ഇവാൻജലൈസേഷൻ' തുടങ്ങിയ പദങ്ങൾ പ്രസ്തുത ലത്തീൻ പദത്തിൽ നിന്ന് രൂപം കൊണ്ടിട്ടുള്ളവയാണ്.

രക്ഷയുടെ സദ്വാർത്ത പ്രതീക്ഷിച്ചിരുന്നവരാണ് പഴയനിയമത്തിലെ യഹൂദർ. മിശിഹാ നൽകുന്ന രക്ഷയുടെ "നല്ലവാർത്ത"യ്ക്കുവേണ്ടി അവർ ആകംക്ഷാഭരിതരായി കാത്തിരുന്നു (ഏശ. 40:9; 52:7–10; 61 :1–2). അതിനാൽ യേശു തന്റെ പ്രബോധനങ്ങൾ ആരംഭിച്ചതുതന്നെ രക്ഷയുടെ 'സദ്വാർത്ത' എന്ന് പ്രഖ്യാപിച്ചുകൊണ്ടായിരുന്നു. (മാർക്കോസ് 1:14; ലൂക്കാ 4:18, 23).

## 'സമാന്തര' സുവിശേഷങ്ങളും പ്രശ്നങ്ങളും

മത്തായി, മർക്കോസ്, ലൂക്കാ എന്നീ മൂന്നു സുവിശേഷങ്ങൾ തമ്മിൽ വളരെയേറെ സാമ്യങ്ങളുണ്ട്. താരതമ്യപഠനത്തിനായി ഈ മൂന്നു സുവിശേഷങ്ങളുടെ ഉള്ളടക്കങ്ങൾ മൂന്നു സമാന്തര കോളങ്ങളിലായി ക്രമീകരിക്കാം. അങ്ങനെ തയ്യാറാക്കിയ കൃതിക്ക് ഗ്രീക്കുഭാഷയിൽ 'സിനോപ്സിസ്' (synopsis) എന്നാണ് പറയുന്നത്. "ഒറ്റനോട്ടത്തിൽ" എന്ന് അതിനർത്ഥം. ഈ കാരണത്താൽ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ 18–ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ "സിനോപ്റ്റിക്സ്" (synoptics) അഥവാ, സമാന്തര സുവിശേഷങ്ങൾ എന്നു വിളിക്കുന്നു.

എന്നാൽ ഈ മൂന്നു സുവിശേഷങ്ങളെ സംബന്ധിച്ച വലിയൊരു പ്രശ്നം ഉണ്ട്. ഇവയിൽ പ്രകടമായി കാണുന്ന ഐകരൂപ്യത്തോടൊപ്പം തന്നെ നിരവധി വ്യത്യാസങ്ങളും കാണുന്നു. ദൈർഘ്യത്തിന്റെ കാര്യത്തിൽപ്പോലും ഇവ മൂന്നും ഏറെ വ്യത്യസ്തങ്ങളാണ്. മത്തായിയുടെ സുവിശേഷത്തിൽ 28 അദ്ധ്യായങ്ങളും 1068 വാക്യങ്ങളും ഉള്ളപ്പോൾ, മർക്കോസിന്റേതിൽ 16 അദ്ധ്യായങ്ങളും 661 വാക്യങ്ങളും മാത്രമേ ഉള്ളൂ. ലൂക്കായുടെ സുവിശേഷമാണ് ഏറ്റവും ദൈർഘ്യമേറിയത്. അതിൽ 24 അദ്ധ്യായങ്ങളും 1149 വാക്യങ്ങളുമുണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ 21 അദ്ധ്യായങ്ങളും 880 വാക്യങ്ങളുമാണുള്ളത്.

മർക്കോസിന്റെ 661 വാക്യങ്ങളിൽ 600–ഉം മത്തായിലും ലൂക്കായിലും അതേപടി കാണാം എന്നുള്ളതാണ് ഇവയുടെ മറ്റൊരു പ്രത്യേകത. ഇങ്ങനെ

www.malankaralibrary.com

ഈ മൂന്നു സുവിശേഷങ്ങളിലും കാണുന്ന ഐകരൂപ്യത്തെയും വ്യത്യാസത്തെയും സംബന്ധിച്ച പഠനങ്ങൾക്കാണ് പൊതുവെ സമാന്തരസുവിശേഷപ്രശ്നം (synoptic problem) എന്നു പറയുന്നത്.

## 'പൊതുസ്രോതസ്സ്' സിദ്ധാന്തം

'സമാന്തര സുവിശേഷംപ്രശ്നം' 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ് ഉയർന്നുവന്നത്. ഇതിനു പരിഹാരമാർഗ്ഗമായി പല അനുമാനങ്ങളും പണ്ഡിതന്മാർ മുന്നോട്ടുവച്ചു. അവയിൽ പ്രധാനപ്പെട്ടത് ഈ മൂന്നു സുവിശേഷങ്ങൾക്കും ഒരു പൊതുസ്രോതസുണ്ടായിരുന്നിരിക്കണം എന്ന നിഗമനമാണ്. എങ്കിൽ മാത്രമേ മൂന്നു സുവിശേഷങ്ങളിലും കാണുന്ന അക്ഷരാർത്ഥത്തിലുള്ള സാമ്യത്തിനു വിശദീകരണം നൽകാൻ നമുക്കു സാധിക്കൂ. (cfr. മത്താ. 16:24-25; മർക്കോസ് 8:34-35; ലൂക്കാ 9:23-24). ഈ തത്വം ഇന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

സമാന്തര സുവിശേഷങ്ങളിൽ ആദ്യം എഴുതപ്പെട്ടത് മർക്കോസിന്റേതായിരിക്കണം. കാരണം മത്തായിയും ലൂക്കായും മർക്കോസിനെ ഒരു പൊതുസ്രോതസ്സ് എന്ന നിലയിൽ ആശ്രയിക്കുന്നതായി ഗ്രീക്കിലുള്ള മൂലകൃതികളുടെ താരതമ്യപഠനത്തിൽ നിന്നും തെളിയുന്നു. എന്നാൽ മർക്കോസിൽ കാണാത്ത ചില ഭാഗങ്ങൾ മത്തായിയിലും ലൂക്കായിലും ഉണ്ട്. ഇതിൽ അധികഭാഗവും യേശുവുന്റെ വചസ്സുകളാണ്. ഇത് മറ്റൊരു സാദ്ധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു. അതായത് മത്തായിയും ലൂക്കായും, മർക്കോസിന്റെ സുവിശേഷത്തിനു പുറമെ മറ്റൊരു സ്രോതസ്സിനെക്കൂടി ആശ്രയിച്ചിട്ടുണ്ട്. യേശുവിന്റെ വചസ്സുകൾ രേഖപ്പെടുത്തിയിട്ടുള്ള ഒരു സ്രോതസ്സായിരുന്നിരിക്കണം അത്. ഈ സ്രോതസ്സിനെ പണ്ഡിതന്മാർ 'Q' എന്നു വിളിക്കുന്നു ('Quelle' എന്ന ജർമ്മൻ പദത്തിന്റെ ആദ്യക്ഷരമാണ് Q. Quelle എന്ന പദത്തിന് സ്രോതസ്സ് എന്ന അർത്ഥമേയുള്ളു.) ഇതു കൂടാതെ ഇതര സുവിശേഷങ്ങളിൽ കാണാത്ത ചില ഭാഗങ്ങൾ ഓരോ സുവിശേഷത്തിലും പ്രത്യേകമായി കാണുന്നുമുണ്ട്. പൊതുസ്രോതസ്സ് സിദ്ധാന്തത്തെ ഇങ്ങനെ സമാഹരിക്കാം. മർക്കോസിന്റെ സുവിശേഷം ആദ്യം എഴുതപ്പെട്ടു. വിവരണപ്രധാനമാണ് മർക്കോസിന്റെ സുവിശേഷം. മർക്കോസിന്റെ സുവിശേഷത്തിനു പുറമേ യേശുവിന്റെ വചസ്സുകൾ രേഖപ്പെടുത്തിയിരുന്ന മറ്റൊരു സ്രോതസ്സും (Q) ഉണ്ടായിരുന്നു. വിവരണപ്രധാനമായ ഭാഗങ്ങൾക്ക് മത്തായിയും ലൂക്കായും മർക്കോസിന്റെ സുവിശേഷത്തെ ആശ്രയിച്ചു. യേശുവിന്റെ വചനങ്ങൾക്കായി 'Q'വിനെയും ആശ്രയിച്ചു. ഇവയ്ക്കു പുറമെ ചില കാര്യങ്ങൾ ഓരോ സുവിശേഷകനും പ്രത്യേകം പ്രത്യേകം ലഭ്യമായിരുന്നു. അത്തരം വിവരണങ്ങൾ അതതു സുവിശേഷങ്ങളിൽ മാത്രം കാണപ്പെടുന്നു. ഇങ്ങനെ പൊതുവായ സ്രോതസ്സുകളും സുവിശേഷകരുടെ ദൈവശാസ്ത്ര വീക്ഷണങ്ങളും അവർ ലക്ഷ്യം വയ്ക്കുന്ന വായനക്കാരുടെ അവസ്ഥകളും സാഹച

www.malankaralibrary.com

ര്യങ്ങളുമെല്ലാം സുവിശേഷങ്ങൾക്കിടയിലെ ഐക്യത്തിനും വ്യത്യാസത്തിനും കാരണമായി എന്നു കരുതാവുന്നതാണ്.

# 1. മത്തായിയുടെ സുവിശേഷം

**മത്തായി**

യേശുവിന്റെ 12 ശ്ലീഹന്മാരിൽ ഒരാളാണ് മത്തായി. ചുങ്കക്കാരനായിരുന്ന അദ്ദേഹത്തിന്റെ നേരത്തെയുള്ള പേര് ലേവി എന്നായിരുന്നു. (മർക്കോസ് 2:13-14; ലൂക്കാ 5:27-28, മത്തായി 9:9). മത്തായി എന്ന പേരിന് "ദൈവദാനം" എന്നാണർത്ഥം. (മത്താത്ത്യാ = യാഹ്വേയുടെ ദാനം).

ചുങ്കക്കാർ റോമാക്കാരോടു സഹകരിച്ചിരുന്നു. അതിനു പുറമെ അവർ മിക്കപ്പോഴും ജനങ്ങളെ ചൂഷണം ചെയ്യുന്നവരായിരുന്നു. അതുകൊണ്ട് ജനങ്ങൾ അവരെ അങ്ങേയറ്റം ദ്വേഷിച്ചിരുന്നു.

ഗലീലിയിൽ, സിറിയായിൽ നിന്ന് ഈജിപ്തിലേക്കു പോകുന്ന പ്രധാന പാതയുടെ അരികിലിരുന്നാണ് മത്തായി ചുങ്കം പിരിച്ചിരുന്നത്. ആ വഴി കടന്നു പോകുന്ന കച്ചവടച്ചരക്കുകളിന്മേൽ കയറ്റിയിറക്കുമതിച്ചുങ്കങ്ങൾ അദ്ദേഹം ഈടാക്കിവന്നു.

**ഗ്രന്ഥകർത്തൃത്വം**

മാനസാന്തരപ്പെട്ട പലസ്തീനിയൻ യഹൂദർക്കു വേണ്ടി അറമായിക്ക് ഭാഷയിൽ മത്തായിശ്ലീഹാ ഒരു സുവിശേഷം എഴുതി. ഇക്കാര്യത്തിൽ ആദ്യകാല ക്രൈസ്തവ സാഹിത്യകാരന്മാർ (പപ്പിയാസ്, ഇരനേവൂസ്, എവുസേബിയൂസ്, ഒരിജൻ = ഏ.ഡി. രണ്ടും മൂന്നും ശതകങ്ങൾ) ഏകാഭിപ്രായക്കാരാണ്. എന്നാൽ ഈ അറമായിക്ക് സുവിശേഷത്തിന്റെ ഒരു ഭാഗവും ഇന്നു ലഭ്യമല്ല. പപ്പിയാസിന്റെ (ഏ.ഡി. 130-ൽ ഹിയെറാപ്പോലീസിന്റെ മെത്രാൻ) സാക്ഷ്യമനുസരിച്ച് പാലസ്തീനായ്ക്കു പുറത്തു താമസിക്കുന്ന യഹൂദരുടെ ആവശ്യത്തിനുവേണ്ടി പ്രസ്തുത സുവിശേഷം ഗ്രീക്കുഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ടു. അറമായിക്ക് സുവിശേഷത്തിൽ പ്രധാനമായും കർത്താവിന്റെ വചനങ്ങളാണ് ക്രമീകരിച്ചിരുന്നത്. ഇത് ഏകദേശം ഏ.ഡി. 50-ൽ രചിക്കപ്പെട്ടു.

ഇപ്പോൾ ലബ്ധമായിട്ടുള്ള മത്തായിയുടെ ഗ്രീക്ക് ഭാഷയിലുള്ള സുവിശേഷം അറമായിക്ക് സുവിശേഷത്തിന്റെ തനി തർജ്ജമയാണെന്നു തോന്നുന്നില്ല. 'Q'വിന്റെയും മർക്കോസിന്റെ സുവിശേഷത്തിന്റെയും സഹായത്തോടെ വിപുലപ്പെടുത്തിയിട്ടുള്ളതാണ് അത്. ഇതിന്റെ രചനാകാലം ഏ.ഡി. 70-ന് അടുത്താണെന്നു കരുതപ്പെടുന്നു.

www.malankaralibrary.com

**ഘടന**

നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ സംഭവങ്ങളെ കാലക്രമമനുസരിച്ചല്ല തന്റെ സുവിശേഷത്തിൽ മത്തായി ക്രമീകരിച്ചിട്ടുള്ളത്. അതായത്, ആദ്യം നടന്ന സംഭവം ആദ്യം എഴുതുക എന്ന രീതി അദ്ദേഹം അവലംബിച്ചിട്ടില്ല. പരസ്പരം ചേരുന്ന കാര്യങ്ങൾ കൂട്ടിച്ചേർത്ത് എഴുതിയിരിക്കുന്നു. ഉദാഹരണത്തിന് ഉപമകൾ രേഖപ്പെടുത്തിയിരിക്കുന്നിടത്ത് ഉപമകൾ മാത്രം! ഇങ്ങനെ, കൃത്രിമമായ ഒരു ക്രമീകരണമാണ് അദ്ദേഹം ചെയ്തിരിക്കുന്നത്. സ്ഥലകാലാനുക്രമത്തിൽ സുവിശേഷ രചന നടത്തുക എന്നതിലുപരി യേശുവിനെ പുതിയ മോശയും പുതിയ അദ്ധ്യാപകനുമായി ചിത്രീകരിക്കാനാണ് അദ്ദേഹം ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ട് മോശയുടെ അഞ്ചുപുസ്തകങ്ങളെ (പഞ്ചഗ്രന്ഥം) അനുകരിച്ച് യേശുവിന്റെ അഞ്ച് പ്രധാന പ്രസംഗങ്ങളെ കേന്ദ്രമാക്കി മത്തായി സുവിശേഷരചന നടത്താൻ നിശ്ചയിച്ചു. പ്രധാനപ്പെട്ട ഈ അഞ്ചുഭാഗങ്ങൾക്കു പുറമെ, ആരംഭത്തിൽ യേശുവിന്റെ ബാല്യകാല ചരിത്രവും, അവസാനത്തിൽ അവിടുത്തെ പീഡാനുഭവ ചരിത്രവും ചേർത്തിട്ടുണ്ട്. ഇപ്രകാരം ഈ സുവിശേഷത്തെ ഏഴു ഭാഗങ്ങളായി വിഭജിക്കാം.

1. അദ്ധ്യാ. 1–2 യേശുവിന്റെ ബാല്യകാല ചരിത്രം
2. അദ്ധ്യാ. 3–7 ഗിരിപ്രഭാഷണം. ദൈവരാജ്യത്തിന്റെ സ്വഭാവത്തെക്കുറിച്ചു ശിഷ്യന്മാരുടെയും ജനങ്ങളുടെയും മുമ്പിൽ ചെയ്ത ഔപചാരിക പ്രഖ്യാപനം.
3. അദ്ധ്യാ. 8–10 പ്രേഷിതപ്രഭാഷണം – ദൈവരാജ്യം പ്രചരിപ്പിക്കുന്നതു സംബന്ധിച്ച പ്രേഷിതാത്മക പ്രബോധനങ്ങൾ.
4. അദ്ധ്യാ. 11–13:52. ഉപമകളിലൂടെയുള്ള പ്രഭാഷണവും ദൈവരാജ്യത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള വിശദീകരണവും.
5. അദ്ധ്യാ. 13:53–18:35. സഭയുടെ ഭരണത്തെയും അധികാരികളെയും സംബന്ധിച്ചു പ്രഭാഷണം സഭാധികാരികളുടെ ചുമതലകളും സഭയിൽ അവരുടെ സ്ഥാനവും വിശദമാക്കുന്നു.
6. അദ്ധ്യാ. 19–25. യുഗാന്താത്മക പ്രഭാഷണം.
   – രാജ്യത്തിന്റെ ഭാവി മുൻകൂട്ടി പറയുന്നു.
7. അദ്ധ്യാ. 26–28. പീഡാനുഭവവും ഉത്ഥാനവും.

പ്രധാനപ്പെട്ട അഞ്ചുഭാഗങ്ങളുടെ ഘടന ഏകദേശം ഒരുപോലെയാണ്. ഓരോന്നിലും ഒരു വിവരണഭാഗവും ഒരു പ്രസംഗവും ഉണ്ട്. ആദ്യം ഒരു വിവരണം തുടർന്ന് ഒരു പ്രഭാഷണം. എല്ലാ പ്രസംഗങ്ങളും അവസാനിക്കുന്നത്: "യേശു പ്രഭാഷണം അവസാനിപ്പിച്ചപ്പോൾ" എന്ന വാക്കുകളോടെയാണ്. (മത്താ. 7:28; 11:1; 13:53; 19:1; 26:1). ഇങ്ങനെ ഗിരിപ്രഭാഷണ (5–7)ത്തിനു മുമ്പ് 3–4 അദ്ധ്യായങ്ങളിൽ യേശുവിന്റെ പരസ്യജീവിതത്തിന്റെ

www.malankaralibrary.com

ആരംഭം വിവരിക്കുന്നുണ്ട്. അദ്ധ്യാ. 8-9-ൽ പ്രേഷിത പ്രഭാഷണത്തിനു മുമ്പായി പത്ത് അത്ഭുതങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. പ്രേഷിത പ്രഭാഷണത്തിനു (അദ്ധ്യാ. 10) മുമ്പായി യേശുവിന്റെ ശക്തിയും സ്നേഹവും വ്യക്തമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. അദ്ധ്യാ. 11-12-ൽ ഉപമകളിലൂടെയുള്ള പ്രഭാഷണ (അദ്ധ്യാ. 13)ത്തിനു മുമ്പായി ഫരിസേയരുടെ എതിർപ്പുകളുടെ കഥ പറയുന്നു. അദ്ധ്യാ. 14-17-ൽ സഭാധികാരാത്മക പ്രഭാഷണ(അദ്ധ്യാ. 18)ത്തിനു മുമ്പായി പത്രോസിനും മറ്റു ശിഷ്യന്മാർക്കും പരിശീലനം നൽകുന്നതിന് യേശു കാണിച്ച സുവിശേഷ താല്പര്യം ചൂണ്ടിക്കാണിക്കുന്നു. അദ്ധ്യാ. 19-23-ൽ യേശുവിനോടു യഹൂദന്മാർക്കുള്ള എതിർപ്പും വർദ്ധിച്ചുവരുന്നതു വ്യക്തമാക്കുന്നു. തുടർന്നാണ് യേശുവിന്റെ യുഗാന്ത്യപരമായ പ്രഭാഷണം (അദ്ധ്യാ. 24-25).

## മുഖ്യപ്രമേയങ്ങൾ

a. യേശു രക്ഷകനാകുന്നു

രക്ഷകനായ മിശിഹായെ സംബന്ധിച്ചുള്ള ദൈവിക വാഗ്ദാനവും പ്രവാചകന്മാരുടെ ദീർഘദർശനവും പഴയനിയമത്തിലുണ്ട്. അതനുസരിച്ച് യഹൂദർ ഒരു രക്ഷകന്റെ ആഗമനം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. യേശുതന്നെയാണ് പ്രസ്തുത രക്ഷകനെന്ന് തന്റെ സഹോദര യഹൂദരെ അറിയിക്കണമെന്ന ഉദ്ദേശ്യം കൂടി മത്തായിക്ക് ഉണ്ടായിരുന്നു സുവിശേഷം എഴുതിയപ്പോൾ. ഇതിനുവേണ്ടി പഴയനിയമ പ്രവചനങ്ങൾ മത്തായി പ്രത്യേകം എടുത്തു കാണിക്കുന്നു. മറ്റേതു സുവിശേഷകനെക്കാളും അധികമായി മത്തായി പഴയനിയമത്തിൽ നിന്നു 41 തവണ ഉദ്ധരിക്കുന്നുണ്ട്. അവയിൽ 37 തവണയും, പ്രവചനം പൂർത്തിയാകുന്നതിനുവേണ്ടി, എഴുതപ്പെട്ടതുപോലെ, ഒരു ദീർഘദർശി പ്രസ്താവിച്ചിട്ടുള്ളതു പോലെ, എന്നിങ്ങനെയുള്ള പ്രസ്താവന സഹിതമാണ് ഉദ്ധരിച്ചിട്ടുള്ളത്. ഇവയിൽ,"പൂർത്തീകരണം" എന്ന പ്രയോഗം 11 തവണ ആവർത്തിച്ചിട്ടുണ്ട്. സുവിശേഷകന്റെ സ്വന്തമായ ഈ പ്രയോഗം ആഴമായൊരു ധ്യാനത്തിന്റെ പ്രതിഫലനമാണ്. (reflection citation). ഇവയിൽ അഞ്ചെണ്ണം യേശുവിന്റെ ബാല്യകാല ചരിത്രത്തിലും (1:22f; 2:5f; 15, 17f, 23), അഞ്ചെണ്ണം സുവിശേഷത്തിന്റെ മദ്ധ്യഭാഗത്തും (4:14-16; 8:17; 12:17-21; 13:35; 21:4f) ഒരെണ്ണം പീഡാനുഭവ വിവരണത്തിലുമാണ് (27:f) ഉള്ളത്.

മറ്റ് ഉദ്ധൃതങ്ങളെല്ലാം യേശുവിന്റെയോ, സുവിശേഷത്തിലെ മറ്റു കഥാപാത്രങ്ങളുടെയോ അധരങ്ങളിൽ നിന്നു വന്നതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചിലത് ഹീബ്രുമൂലത്തിൽ നിന്നും മറ്റു ചിലത് ഗ്രീക്കു സപ്തതിയിൽ നിന്നുമാണ് ഉദ്ധരിച്ചിരിക്കുന്നത്. എന്നാൽ ചിലയിടത്ത് സുവിശേഷകൻ സ്വന്തം ധാരണയനുസരിച്ചും ഉദ്ധരിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, 2:23-ൽ "അവൻ നസറായൻ എന്നറിയപ്പെടും എന്ന പ്രവചനം നിവൃത്തിയാകുമാറ്"

www.malankaralibrary.com

എന്നെഴുതിയിരിക്കുന്നു. ഇങ്ങനെയൊരു പ്രവചനം പഴയനിയമത്തിലില്ല. ഇവിടെ മത്തായി ഒരു 'നാസീർ'നെക്കുറിച്ചു ചിന്തിക്കുകയായിരുന്നിരിക്കണം. 'നാസീർ', ന്യായാധിപഗ്രന്ഥത്തിൽ പറയുന്നതുപോലെ (13:2–7; Cfr സംഖ്യ 6:1–8), ദൈവത്തിനു സമർപ്പിക്കപ്പെട്ടവനാണ്.

യേശുവിനെ ദാവീദിന്റെ പുത്രനായും (9:27; 12:23; 15:22 Etc.) പുതിയ മോശയായും (നിയമാ 18:15–19) അവതരിപ്പിച്ചുകൊണ്ട് അവിടുത്തെ രക്ഷാകര ദൗത്യത്തിന് മത്തായി കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. സീനാമലയിൽവച്ച് മോശ പഴയനിയമം പ്രഖ്യാപിച്ചതുപോലെ, തന്റെ രാജ്യത്തിന്റെ നിയമങ്ങൾ ഒരു മലയിൽ വച്ചുതന്നെ യേശുവും പ്രഖ്യാപിച്ചു (5:1FF). അവിടുന്നു പഴയനിയമങ്ങളുടെ കുറവു തീർക്കുകയും, ആവശ്യമെന്നു കണ്ടാൽ, അവയെ മാറ്റുകയും ചെയ്യുന്നു (5:17–48; 19:3–9). അതുപോലെ രൂപാന്തരീകരണവേളയിൽ താബോർ മലയിൽവച്ച് യേശുവിന്റെ മുന്നോടി എന്ന നിലയിൽ മോശ പ്രത്യക്ഷപ്പെടുകയുണ്ടായി (17:3–4).

b) യേശു ദൈവപുത്രൻ

മറ്റു സുവിശേഷങ്ങളിലെന്നപോലെ മത്തായിയിലും യേശു മിക്കപ്പോഴും "ദൈവപുത്രൻ" എന്നു വിളിക്കപ്പെടുന്നുണ്ട്. മാലാഖമാർ, ഇസ്രായേൽ രാജാക്കന്മാർ, ഭക്തരായ മനുഷ്യർ എന്നിവരെ പഴയനിയമത്തിൽ ദൈവപുത്രർ എന്നു വിശേഷിപ്പിച്ചിരിക്കുന്നതു കാണാം. എന്നാൽ ആ സന്ദർഭങ്ങളിലൊന്നും യേശുവിനെ ദൈവപുത്രൻ എന്നു വിശേഷിപ്പിച്ചിട്ടില്ല.

യേശുവിന്റെ പുനരുത്ഥാനത്തിലുള്ള സുദൃഢമായ വിശ്വാസത്തിന്റെ വെളിച്ചത്തിൽ പുതിയനിയമ കർത്താക്കൾക്ക് യേശുവിന്റെ ദൈവപുത്രസ്ഥാനത്തെക്കുറിച്ച് വ്യക്തമായ ധാരണ കൈവന്നു. മത്തായി 16:16–ൽ ഇത് വളരെ സ്പഷ്ടമായി കാണാം. അവിടെ പത്രോസ് യേശുവിന്റെ ദൈവത്വം പ്രഖ്യാപനം ചെയ്യുന്നു. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്", യേശു വെള്ളത്തിനുമീതെ നടക്കുന്നത് കണ്ട് ശിഷ്യന്മാർ നടത്തുന്ന ഏറ്റുപറച്ചിലിലും, ഉത്ഥിതനായ യേശുവിലുള്ള വിശ്വാസമാണ് പ്രകടമാകുന്നത് (14:33). അവിടുന്ന് ദൈവപുത്രനാണെന്ന് സ്ഥാപിക്കുന്ന നിരവധി സന്ദർഭങ്ങൾ പിന്നെയും കാണാം.

"ദൈവപുത്രൻ" എന്നത് സാത്താന്റെ വായിൽ നിന്നു തന്നെ വരുന്നതായി മത്താ. 4:3–6–ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിശാചു ബാധിതർ (8:24), പ്രധാന പുരോഹിതൻ (26:63) എന്നിവരും ഈ വാക്കു പ്രയോഗിക്കുന്നുണ്ട്. ജ്ഞാനസ്നാനാവസരത്തിലും (3:17) രൂപാന്തരീകരണത്തിലും (17:5) മറ്റും യേശു തന്നെപ്പറ്റി ദൈവത്തിന്റെ പുത്രൻ എന്നും, (17:25f; 21:37), ദൈവത്തെ "പിതാവ്" (7:21) എന്നും പരാമർശിക്കുന്നു. ദൈവത്തെക്കുറിച്ചു പറയുമ്പോൾ "എന്റെ പിതാവ്" എന്നും "നിങ്ങളുടെ പിതാവ്" എന്നും യേശു പ്രകടമാക്കിയ

www.malankaralibrary.com

വിവേചനം അവിടുത്തെ യഥാർത്ഥ ദൈവപുത്രത്വത്തിന്റെ സൂചന തന്നെ യാണ് (യോഹ. 20:17). മറ്റു മനുഷ്യർ ദൈവമക്കളായിരിക്കുന്നതുപോലെ യല്ല യേശു ദൈവപുത്രനായിരിക്കുതെന്ന സൂചന ഇവിടെയുണ്ട്.

c) യേശുവിന്റെ ആഗമനത്തോടെ ദൈവരാജ്യത്തിന്റെ സാന്നിധ്യം

യേശുവിന്റെ പ്രസംഗങ്ങൾ രേഖപ്പെടുത്തുമ്പോൾ "സ്വർഗ്ഗരാജ്യം" എന്ന പ്രയോഗത്തിൽ മത്തായി നിർബന്ധം പിടിച്ചിരിക്കുന്നതു കാണാം. 'രാജ്യം' എന്ന വാക്ക് മത്തായി 51 പ്രാവശ്യം ആവർത്തിക്കുന്നുണ്ട്. അതേസമയം മർക്കോസ് 14-ഉം ലൂക്കാ 34-ഉം തവണയേ ആവർത്തിക്കുന്നുള്ളൂ. മത്തായിക്കു പ്രിയപ്പെട്ട പ്രയോഗം 'സ്വർഗ്ഗരാജ്യം' ആണ്. (33 തവണ). 'ദൈവരാജ്യം' എന്ന് 4 തവണയേ പ്രയോഗിക്കുന്നുള്ളൂ. മത്തായി യഹൂദ ക്രിസ്ത്യാനികളുടെ മനോഭാവത്തോടു തന്റെ പദപ്രയോഗങ്ങളെ പൊരുത്തപ്പെടുത്തുകയായിരുന്നു എന്നു തോന്നുന്നു. ദൈവനാമം കഴിയുന്നതും ഉച്ചരിക്കാതിരിക്കാൻ അക്കാലത്തെ യഹൂദർ ശ്രമിച്ചിരുന്നു. അതിനാൽ 'സ്വർഗ്ഗരാജ്യം' എന്നത് ശരിക്കും 'ദൈവരാജ്യം' തന്നെയാണ്.

'ദൈവരാജ്യം' എന്നതുകൊണ്ട് അടിസ്ഥാനപരമായി ഉദ്ദേശിക്കുന്നത് ദൈവത്തിന്റെ ഭരണം ആണ്. യേശുവിലൂടെ മനുഷ്യചരിത്രത്തിൽ ഇടപ്പെട്ടുകൊണ്ട് ദൈവം ഭൂമിയിൽ ദൈവരാജ്യം ഉദ്ഘാടനം ചെയ്തു. യേശുവിന്റെ വചനങ്ങളും പ്രവൃത്തികളും അവിടുത്തെ വ്യക്തിത്വം തന്നെയും ദൈവരാജ്യത്തിന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്നു. യേശുവിന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ സ്നാപക യോഹന്നാൻ പ്രഖ്യാപിച്ചത്. "പശ്ചാത്തപിക്കുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു." (3:2; 4:17).

എന്നാൽ യേശുവിന്റെ ആഗമനത്തോടെ സ്വർഗ്ഗരാജ്യത്തിന്റെ ആരംഭം കുറിച്ചതേയുള്ളൂ. അതിന്റെ പൂർത്തീകരണം ഇനിയും വന്നുചേരേണ്ടിയിരിക്കുന്നു. അത് യുഗാന്തത്തിലാണ് പരിസമാപ്തിയിലെത്തുക (മത്താ. 13: 24-32, 47-50). അതേ സമയം ഇന്നു നമുക്കു കൈവന്നിട്ടുള്ളത്, സഭയുടെ യുഗമാണ്. 'സഭ'യെന്നത് യുഗാന്തോന്മുഖമായ ദൈവരാജ്യ ശുശ്രൂഷയ്ക്കായി യേശു തന്നെ സ്ഥാപിച്ച ഒരു സമൂഹമത്രേ.

## 2. മർക്കോസിന്റെ സുവിശേഷം

ആധുനിക ബൈബിൾ വിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ മർക്കോസിന്റെ സുവിശേഷമാണ് പ്രഥമ സുവിശേഷമായി കരുതപ്പെട്ടുവരുന്നത്. മത്തായിയുടെയും ലൂക്കായുടെയും വിവരണ ഭാഗങ്ങളുടെ ആദിമ സ്രോതസ്സായും ഇതിനെ സങ്കല്പിക്കുന്നു.

www.malankaralibrary.com

**മർക്കോസ്**

'യോഹന്നാൻ', 'മർക്കോസ്', 'യോഹന്നാൻ – മർക്കോസ്' എന്നു മൂന്നു വ്യത്യസ്ത നാമധേയങ്ങളിൽ ഇദ്ദേഹം പുതിയ നിയമത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. (അപ്പ. പ്ര. 12:12, 25; 13:5; 15:37) ഇദ്ദേഹം പലസ്തീനയ്ക്കു പുറത്തു ജീവിച്ചിരുന്ന ഒരു യഹൂദനായിരുന്നു. ഒരുപക്ഷേ, ലേവായ ഗോത്രക്കാരനായിരുന്നിരിക്കാം. ബർണാബാസിന്റെ ഒരു ബന്ധുവാണെന്ന സൂചനയുണ്ട്. (കൊളോ. 4:10). മർക്കോസ് ജെറുസലെമിൽ ജനിച്ച് ദീർഘകാലം സൈപ്രസിൽ ജീവിച്ചു എന്നു കരുതേണ്ടിയിരിക്കുന്നു. (അപ്പ. പ്ര. 4:36f). ഇദ്ദേഹത്തെ മാനസാന്തരപ്പെടുത്തിയതു പത്രോസാണ്. (1 പത്രോ. 5:13) ബർണബാസിനോടൊപ്പം ഇദ്ദേഹവും പൗലോസിന്റെ സഹയാത്രികനായിത്തീർന്നു.

എന്നാൽ പിന്നീട് പൗലോസുമായുണ്ടായ അഭിപ്രായ വ്യത്യാസം നിമിത്തം അവർ വേർപിരിഞ്ഞു. (അപ്പ. പ്ര. 15:37). അതിനുശേഷം അദ്ദേഹം റോമിലുള്ള പത്രോസിന്റെ സമൂഹത്തിലെ ഒരു സജീവ അംഗമായിത്തീർന്നു. പത്രോസിന്റെ മരണശേഷം മർക്കോസ് സുവിശേഷം രചിച്ചു. A.D. 65–ന് അടുത്ത് റോമിൽവച്ചാണ് ഈ രചന നടന്നത്. ഈ സുവിശേഷത്തിന്റെ പ്രധാന സ്രോതസ്സ് പത്രോസിൽ നിന്നു ലഭിച്ച അനുഭവജ്ഞാനവും, പത്രോസിന്റെ പ്രസംഗങ്ങളും പ്രവൃത്തികളുമാണെന്നുള്ളതിൽ സംശയമില്ല.

**ലക്ഷ്യം**

മർക്കോസ് റോമിലുള്ള യഹൂദേതര ക്രൈസ്തവർക്കുവേണ്ടിയാണ് സുവിശേഷം എഴുതിയത്. അതുകൊണ്ടാണ് യഹൂദാചാരങ്ങളുടെയും (7:3–4) അറമായിക്ക് ഭാഷാ പ്രയോഗങ്ങളുടെയും (3:17; 5:41 = ബോവാനെർഗെസ്, താലീത്താകൂമി etc) വിശദീകരണങ്ങൾ പ്രത്യേകം നല്കുന്നതിന് അദ്ദേഹം പലപ്പോഴും ശ്രദ്ധിച്ചിട്ടുള്ളത്.

സുവിശേഷ രചനയ്ക്കു പിന്നിലുള്ള മർക്കോസിന്റെ ലക്ഷ്യം പ്രധാനമായും ദൈവശാസ്ത്രപരമായിരുന്നു. "ദൈവപുത്രനായ യേശു ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" (1:1) എന്നു തുടങ്ങുന്ന ആദ്യവാക്യത്തിൽ ത്തന്നെ മർക്കോസിന്റെ ലക്ഷ്യം വ്യക്തമാണ്; അതായത്, യേശു ദൈവപുത്രനാണെന്നു സ്ഥാപിക്കുക. മർക്കോസിന്റെ സുവിശേഷത്തിൽ യേശുവിനെപ്പറ്റി രേഖപ്പെടുത്തിയിട്ടുള്ള അറിവിന്റെ വെളിച്ചത്തിൽ യേശു രക്ഷകനും, മനുഷ്യപുത്രനും, ദൈവപുത്രനുമാണെന്ന് സ്ഥാപിക്കാൻ സുവിശേഷകന് പ്രത്യേക താല്പര്യമുള്ളതായി കാണാം.

**സവിശേഷതകൾ**

മർക്കോസിന്റെ സുവിശേഷത്തിന്റെ സിംഹഭാഗവും യേശുവിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചാണ്. സംഭവങ്ങൾ കോർത്തിണക്കി രചിച്ചിട്ടുള്ളതു

www.malankaralibrary.com

കൊണ്ട് അത് ചലനാത്മകമാണ്. ഈ സംഭവ വിവരണങ്ങളുടെ പശ്ചാത്തലത്തിലേ അവിടുത്തേ അദ്ധ്യാപനങ്ങൾ പ്രത്യക്ഷപ്പെടുന്നുള്ളൂ. സംഭവങ്ങളുടെ സജീവമായ വിശദാംശങ്ങളും മൂർത്തമായ ചിത്രീകരണങ്ങളും സുവിശേഷത്തിന് ഒരു ദൃക്സാക്ഷി വിവരണത്തിന്റെ ശക്തി നൽകുന്നു. (2:1–12; 4:35–41; 6:3–40). വളരെ ആത്മാർത്ഥവും യാഥാർത്ഥ്യ ബോധത്തോടുകൂടിയതുമാണ് അദ്ദേഹത്തിന്റെ പ്രതിപാദനം. യേശുവിന്റെ മാനുഷികമായ പ്രതികരണങ്ങൾ, സഹതാപം, മനസ്സലിവ്, കോപം, ദുഃഖം തുടങ്ങിയ വികാരങ്ങളും രേഖപ്പെടുത്തുന്നതിൽ മർക്കോസ് ഒട്ടും അലംഭാവം കാണിച്ചിട്ടില്ല. അതുപോലെതന്നെ യേശുവിന്റെ ശിഷ്യന്മാരുടെയും ബന്ധുക്കളുടെയും കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാണിക്കാനും അദ്ദേഹത്തിനു മടിയില്ല. (3:21). ഒരു പരിധിവരെ പച്ചയായ ആവിഷ്കാരം. എന്നാൽ വിവരണങ്ങൾക്കു തമ്മിൽ തമ്മിൽ ദൃഢബന്ധങ്ങളില്ല. അവയുടെ കാലാനുക്രമത്തിന് പ്രാധാന്യം കല്പിച്ചിട്ടുമില്ല.

**ഘടന**

സ്ഥലങ്ങളെ കേന്ദ്രീകരിച്ചുള്ള ഒരു ക്രമീകരണം മർക്കോസ് അവലംബിച്ചിട്ടുള്ളതായി ഒറ്റ നോട്ടത്തിൽ തോന്നും. യോർദ്ദാൻ (1 :1–13), ഗലീലി (1:14–7:23), ഗലീലിയയ്ക്കും ജറുസലെമിനും മധ്യേയുള്ള സ്ഥലങ്ങൾ (7:24–10-:52), ജെറുസലെം (11–13), പീഡാനുഭവവും മരണവും ഉത്ഥാനവും (14–16) എന്നിങ്ങനെ യേശുവിന്റെ പ്രവർത്തന മേഖലകളുടെ അടിസ്ഥാനത്തിലുള്ള ഒരു വിഭജനത്തിനു സാധ്യതയുണ്ട്.

എന്നാൽ ദൈവശാസ്ത്രപരമായ ഒരു വിഭജനമാണ് കുടുതൽ അഭികാമ്യം. ഉത്ഥാനത്തിൽ അവസാനിക്കുന്ന, 6 രംഗങ്ങളുള്ള ഒരു നാടകമായിട്ടാണ് യേശുവിന്റെ ജീവിതത്തെ മർക്കോസ് അവതരിപ്പിച്ചിരിക്കുന്നത്. ആദ്യത്തെ മൂന്നു രംഗങ്ങളിൽ താൻ മിശിഹാ ആണെന്ന് പ്രവൃത്തികളിലൂടെ വെളിപ്പെടുത്തുന്നു. വളരെ സാവകാശവും പുരോഗമനപരമായുമാണ് ഈ വെളിപ്പെടുത്തൽ. കാരണം മനഃശാസ്ത്രപരമായി മിശിഹായെക്കുറിച്ചുള്ള യഥാർത്ഥ ആശയം ഉൾക്കൊള്ളുവാൻ അവരെ ഒരുക്കേണ്ടിയിരുന്നു. ഇതിന്റെ ഫലമാണ് 8:29–ൽ പത്രോസ് യേശു 'മിശിഹാ'യാണെന്ന് ഏറ്റു പറയുന്നത്. തുടർന്നുള്ള ഭാഗങ്ങളിൽ മിശിഹാ സഹിക്കേണ്ടതിന്റെയും മരിക്കേണ്ടതിന്റെയും ആവശ്യകത സാവകാശം വെളിപ്പെടുത്തുന്നു. പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയിൽ ഈ വെളിപാട് പരമകാഷ്ഠ പ്രാപിക്കുന്നു.

**ഉള്ളടക്കം**

മർക്കോസിന്റെ സുവിശേഷത്തെ ആറു ഭാഗങ്ങളായി തിരിക്കാം.

1:14– 3:6 = മിശിഹാ എന്ന നിലയിലുള്ള ഈശോയുടെ അധികാരത്തിന്റെ വെളിപ്പെടുത്തൽ. ആദ്യമേത്തന്നെ ഹ്രസ്വമായ ഒരാമുഖം. (1:1–13). അതിൽ

www.malankaralibrary.com

സ്നാപകയോഹന്നാന്റെ പ്രസംഗം, യേശുവിന്റെ ജ്ഞാനസ്നാനം, പ്രലോഭനം എന്നിവ ഉൾപ്പെടുന്നു. തുടർന്ന് യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ വിവരണത്തിലേക്ക് മർക്കോസ് നേരിട്ടു പ്രവേശിക്കുന്നു. യേശുവിന്റെ പ്രസംഗം, അദ്ധ്യാപനം, രോഗശാന്തി നൽകൽ, പിശാചുക്കളെ പുറത്താക്കൽ തുടങ്ങിയവ ജനങ്ങളിൽ ആവേശം നിറഞ്ഞ പ്രതികരണം ഉളവാക്കി. അവിടുത്തേ പ്രശസ്തി ഗലീലിയിലാകെ വ്യാപിച്ചു. (1:28, 45; 2:2). എന്നാൽ ഇതോടൊപ്പം എതിർപ്പും വളർന്നു വന്നു. ചിലർ യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്യാൻ തുടങ്ങി. എന്നാൽ തന്റെ പ്രവൃത്തികളിലൂടെ യേശു അധികാരം ഉറപ്പിക്കുകയാണുണ്ടായത്. (2:6– 3:6).

3:7–6:6 യേശുവിന്റെ അത്ഭുതകരമായ ശക്തിയുടെ വെളിപ്പെടുത്തൽ. അനേകം ഉപമകളും അത്ഭുതങ്ങളും വഴി തന്റെ രാജ്യത്തിന്റെ സ്വഭാവവും ദൈവിക ശക്തിയും യേശു വെളിപ്പെടുത്തുന്നു. അവിടുത്തേ പ്രവൃത്തികൾ കണ്ട് ജനങ്ങൾ അത്ഭുതപ്പെടുന്നു. ചിലർ അവിടുത്തെ വിശ്വസിക്കാനും അനുഗമിക്കാനും തുനിയുന്നു. വേറെ ചിലരാകട്ടെ എതിർക്കുകയും തിരസ്കരിക്കുകയും ചെയ്യുന്നു.

6:7–8:26–യേശുവിന്റെ രക്ഷാകര പദ്ധതിയുടെ വെളിപ്പെടുത്തൽ. യേശു ശിഷ്യന്മാരെ പഠിപ്പിക്കുകയും അശുദ്ധാത്മാക്കളെ പുറത്താക്കാൻ അവർക്ക് അധികാരം നൽകുകയും ചെയ്യുന്നു. ഫരിസേയരുമായി അവരുടെ പാരമ്പര്യങ്ങളെപ്പറ്റിയും ദൈവത്തിന്റെ വഴികളെക്കുറിച്ചും ചർച്ച ചെയ്യുന്നു. (7:1–23). വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുന്നതും (6:31–44; 8:1–10), ബധിരർക്കു കേൾവി നല്കുന്നതും (7:31–37), അന്ധർക്കു കാഴ്ച നല്കുന്നതു (8:22–26) മായ അത്ഭുതങ്ങൾ. യേശു ജീവന്റെ അപ്പവും ലോകത്തിന്റെ പ്രകാശവും മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനുമാണെന്ന് ഈ അത്ഭുതങ്ങൾ വെളിപ്പെടുത്തുന്നു.

8:27–10:52– മനുഷ്യപുത്രൻ എന്ന നിലയിലുള്ള യേശുവിന്റെ രഹസ്യാത്മക വ്യക്തിത്വത്തിന്റെ വെളിപ്പെടുത്തൽ. പഴയ നിയമത്തിലെ ദാനിയേലിന്റെ ദർശനത്തിലുള്ള (ദാനി. 7:13–28) മനുഷ്യപുത്രന് ഒരു രഹസ്യാത്മകതയുണ്ട്. മനുഷ്യപുത്രൻ ദൈവത്തിന്റെയും മനുഷ്യന്റെയും സമ്പൂർണ്ണ സവിശേഷതകൾ ഉൾക്കൊള്ളുന്നു വെന്നതാണത്. തന്റെ രക്ഷാകരദൗത്യത്തിന്റെ വിശദീകരണത്തിനു വേണ്ടി യേശു തന്നെത്തന്നെ മനുഷ്യപുത്രൻ എന്നു വിളിക്കുന്നു. (8:31, 38; 9:12, 31; 10:33, 45 etc). ജെറുസലെത്തെ സമീപിക്കുന്നതോടു കൂടി മനുഷ്യപുത്രന്റെ പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയുടെ ആവശ്യകതയും ശിഷ്യത്വത്തിന്റെ സ്വഭാവവും യേശു പടിപടിയായി ശിഷ്യന്മാർക്കു വെളിപ്പെടുത്തുന്നു. (8:31–38; 9:30–32; 10:32–34).

11–13 യേശുവിന്റെ വലിയ മഹത്വത്തിന്റെ വെളിപ്പെടുത്തൽ. അത്തിവൃക്ഷത്തെ ശപിച്ചതിലൂടെ അവിടുന്നു തന്റെ പൂർണ്ണമായ ശക്തി പ്രതീ

www.malankaralibrary.com

കാത്മകമായി വെളിപ്പെടുത്തി. (11:12-14, 20-25). ദേവാലയത്തിൽ നിന്ന് കച്ചവടക്കാരെ പുറത്താക്കിയതും ഈ അധികാരാവിഷ്കാരം തന്നെയാണ്. (11:15-19). തുടർന്ന് അവിടുന്ന് തന്റെ ദൗത്യത്തിന്റെ അന്ത്യവും (13:1-23) പ്രതാപപൂർണ്ണമായ രണ്ടാമത്തെ ആഗമനവും (13:24-37) പ്രവചിക്കുന്നു.

14- 16: വെളിപാടിന്റെ ഉച്ചാവസ്ഥയും, പീഡാനുഭവവും മരണവും ഉത്ഥാനവും. യേശുവിന്റെ വെളിപാടിന്റെ ഉച്ചാവസ്ഥ അവിടുത്തേ അവസാന 'മണിക്കൂറി'നെക്കുറിച്ചുള്ള സ്പഷ്ടമായ പ്രഖ്യാപനമാണ്. (14:17-50). യഹൂദർ പ്രതീക്ഷിച്ചിരുന്ന മിശിഹാ താൻ തന്നെയാണെന്ന് സാൻഹെദ്രിൻ സംഘത്തിന്റെ മുമ്പാകെ യേശു സ്പഷ്ടമായി പ്രഖ്യാപിച്ചു. (14:62). യേശുവിന്റെ മരണസമയത്ത് വിജാതീയനായ ശതാധിപൻ അവിടുത്തെ ദൈവപുത്രത്വം ഏറ്റു പറഞ്ഞത് പീഡാനുഭവ വിവരണത്തിനു മാത്രമല്ല "ദൈവപുത്രനായ യേശുവിന്റെ സുവിശേഷം" എന്ന് ആരംഭിച്ച സുവിശേഷത്തിനു തന്നെ മകുടം ചാർത്തുന്നു. (15:39; 1:2).

## മുഖ്യപ്രമേയങ്ങളും സന്ദേശവും

താത്ത്വികമായി മർക്കോസിന്റെ സുവിശേഷം സമാന്തര സുവിശേഷങ്ങളിൽ ഏറ്റവും അശാസ്ത്രീയമാണ്. ഈ സുവിശേഷത്തിലെ അടിസ്ഥാനാശയം "മിശിഹാ രഹസ്യം" (1:34ff) ആണ്. യേശുവിന്റെ പ്രബോധനങ്ങളെ മർക്കോസ് വിശദീകരിക്കുകയോ വിലയിരുത്തുകയോ ചെയ്യുന്നില്ല.

### a: യേശുവിന്റെ വൈരുദ്ധ്യാത്മക വ്യക്തിത്വം

മർക്കോസിന്റെ സുവിശേഷത്തിൽ യേശു തെറ്റിദ്ധരിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യുന്നവനാണ്. അതേ സമയം തന്നെ അവിടുന്ന് ദൈവത്തിന്റെ വിജയശ്രീലാളിതനായ സുവിശേഷ വാഹകനും ദൈവപുത്രനുമാണ്. ഒരുവശത്ത് യേശുവിനെ ദൈവപുത്രനായി അംഗീകരിക്കുന്ന ജനങ്ങൾ (1:11; 9:7+1:24; 3:11; 5 :7+15:39). എന്നാൽ മറുവശത്ത് അവിടുത്തെ തിരസ്കരിക്കയും പരിഹസിക്കുകയും ചെയ്യുന്ന കാഴ്ച! (5:40; 6:2f+21:1-3-6-+4:13). ഇങ്ങനെ അംഗീകാരവും തിരസ്കരണവും തോളോടു തോൾ ചേർന്നു പോകുന്നു മർക്കോസിന്റെ സുവിശേഷത്തിൽ. അങ്ങനെ രഹസ്യാത്മകതയും അസാധാരണത്വവും ഉൾക്കൊള്ളുന്ന വ്യക്തിത്വമാണ് യേശുവിന്റേത്.

### b. മിശിഹാ രഹസ്യം (Messianic Secret)

രക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ രഹസ്യാത്മക പദ്ധതിയിൽ മർക്കോസ് വിശ്വസിക്കുന്നു. രക്ഷകൻ പീഡ സഹിക്കുകയും അങ്ങനെ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നു (10:45; 14:24). വി. ലിഖിതങ്ങൾ അക്കാര്യം മുൻകൂട്ടി പറഞ്ഞിരുന്നതാണ് (9:12;

www.malankaralibrary.com

14:21; 49). എന്നാൽ യഹൂദർ പ്രതീക്ഷിച്ചിരുന്നത് വിജയശാലിയായ ഒരു രാഷ്ട്രീയ രക്ഷകനെയാണ്. അവരുടെ മനോഭാവം സാവകാശം മാറ്റിയെടുക്കുന്നതിനു വേണ്ടി തന്റെ അത്ഭുതങ്ങളെ പെട്ടെന്ന് പരസ്യപ്പെടുത്താതിരിക്കാൻ അവിടുന്ന് പ്രത്യേകം ശ്രദ്ധിച്ചു. (5:43 etc). താൻ മിശിഹാ ആണെന്ന് അവിടുന്നു പെട്ടെന്ന് പ്രഖ്യാപിച്ചില്ല. അതിനുപകരം "മനുഷ്യപുത്രൻ" എന്നു വിനീതവും രഹസ്യാത്മകവുമായ വിശേഷണമാണ് തന്നെപ്പറ്റി പരാമർശിക്കുവാൻ യേശു സ്വീകരിച്ചത്. (2:10, 27; 3:38; 8:31; 9:11, 30; 10:33, 45; 13:26f; 14: 21,62). മുൻകരുതലോടുകൂടിയ മന:ശാസ്ത്രപരമായ ഈ നടപടിയെയാണ് 'മിശിഹാ രഹസ്യം' എന്നു പറയുന്നത്. (1:34 etc).

മർക്കോസിന്റെ സുവിശേഷത്തിലെ കാതലായ സന്ദേശം ക്രൂശിതനായ മിശിഹായുടെ മഹത്വപൂർണ്ണമായ ഉത്ഥാനവും പ്രത്യക്ഷപ്പെടലുമാണ്.

## 3. ലൂക്കായുടെ സുവിശേഷം

ഒരു എഴുത്തുകാരനെന്ന നിലയിൽ ലൂക്കായ്ക്കുള്ള കഴിവും മിഴിവും ഈ സുവിശേഷത്തിൽ പ്രകടമായിക്കാണാം. ഇതര സുവിശേഷങ്ങളിൽ നിന്നും ഇതിനെ വേർതിരിച്ചു നിറുത്തുന്ന ഒരു ഘടകവും അതുതന്നെയാണ്. ആശയ വിനിമയത്തിന് ഏറെ കഴിവുള്ള അനുഗൃഹീത രചയിതാവാണ് ലൂക്കാ. വിവരണങ്ങളുടെ സൂക്ഷ്മതയും ക്രമബദ്ധതയും അദ്ദേഹത്തിന്റെ പ്രത്യേകതകൾ തന്നെ. സ്വന്തമായ ഒരു രചനാശൈലിയാണ് അദ്ദേഹത്തിന്റേത് (ലു. 1:3). വി. പൗലോസ് പോലും ലൂക്കായുടെ സുവിശേഷ പ്രഘോഷണത്തെ പ്രകീർത്തിച്ചിട്ടുണ്ട് (2 കോറി. 8:18).

**ലൂക്കാ**

ലൂക്കാ ഒരു വൈദ്യനായിരുന്നു (കൊളോ. 4:14); പൗലോസിന്റെ ശിഷ്യനുമായിരുന്നു. ചില പ്രേഷിതയാത്രകളിൽ അദ്ദേഹം പൗലോസിനെ അനുഗമിച്ചിട്ടുണ്ട്. (അപ്പ. പ്രവ. 16:10–17; 20:5–15; 21 :1–18; 27: 1ff). ജനനം കൊണ്ട് ലൂക്കാ യഹൂദനായിരുന്നില്ല; അന്ത്യോക്യാ നിവാസിയായ ഒരു സിറിയൻ വംശജൻ ആയിരുന്നു. (അപ്പ. 11:19–21). അവിവാഹിതനായിരുന്നു. ലൂക്കാ ഗ്രീസിൽ പ്രേഷിത ജോലി ചെയ്തിരുന്നു എന്നും അവിടെ വച്ചു തന്നെ 84–ാം വയസ്സിൽ മരിച്ചുവെന്നുമാണ് പാരമ്പരാഗതമായ വിശ്വാസം. കോൺസ്റ്ററാൻസിയുസ് രണ്ടാമൻ ചക്രവർത്തി എ.ഡി. 1177–ൽ ഇദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ പാദുവായിലേക്കു മാറ്റി സ്ഥാപിച്ചു. ഇദ്ദേഹം ഒരു പ്രഗത്ഭ ചിത്രകാരനും കൂടി ആയിരുന്നു വെന്നാണ് കരുതപ്പെടുന്നത്. ലൂക്കാ വരച്ചതെന്നു വിശ്വസിക്കപ്പെടുന്ന പ. കന്യകാമറിയത്തിന്റെ ഒരു ചിത്രം റോമിലെ 'മരിയ മജിയോരെ' ബസലിക്കയിൽ സൂക്ഷിക്കുന്നുണ്ട്.

www.malankaralibrary.com

## രചന

എ.ഡി. 68–ന് അടുത്ത് ഗ്രീസിലുള്ള അക്കായിയായിൽ വച്ച് ലൂക്കാ സുവിശേഷം എഴുതി. അതിനുമുമ്പ് എഴുതപ്പെട്ടിരുന്ന മറ്റു സുവിശേഷങ്ങളെക്കുറിച്ച് അദ്ദേഹത്തിന് അറിയാമായിരുന്നു (1:1). എങ്കിലും യഹൂദേതര ക്രൈസ്തവരെ ഉദ്ദേശിച്ച്, എല്ലാവരുടേയും രക്ഷയ്ക്കുവേണ്ടിയുള്ള പദ്ധതിയുടെ സൂക്ഷ്മ വിവരണം നൽകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. കാരണം യഹൂദരുടേതായ കെട്ടുകഥകളും അവിശ്വാസികളുടെതായ തന്ത്രങ്ങളും മറ്റുള്ളവരെ വഴി തെറ്റിക്കാൻ ഇടയാകരുതെന്ന് അദ്ദേഹം വിചാരിച്ചു.

തന്റെ സുവിശേഷ രചനയ്ക്കുവേണ്ട വസ്തുതകൾ പ്രധാനമായി മൂന്നു സ്രോതസ്സുകളിൽ നിന്നാണ് ലൂക്കാ ശേഖരിച്ചത്. (1) മർക്കോസിന്റെ സുവിശേഷം (M) (2) യേശുവിന്റെ പ്രധാന പ്രബോധനങ്ങളെപ്പറ്റി മർക്കോസിന്റെ സുവിശേഷത്തിനു മുമ്പ് നിലവിലിരുന്ന ഒരു ഗ്രീക്ക് രേഖ (Q) (3) ലൂക്കായ്ക്കു വ്യക്തിപരമായി ലഭിച്ച വിവരങ്ങൾ (L)

## പ്രത്യേകതകൾ

ലൂക്കായുടെ സുവിശേഷത്തെ പാവപ്പെട്ടവരുടെ സുവിശേഷം എന്നു പൊതുവേ വിശേഷിപ്പിക്കാറുണ്ട്. യഹൂദേതര ക്രൈസ്തവർക്കു വേണ്ടി എഴുതിയതിനാൽ തീർത്തും യഹൂദരുടേതെന്നു തോന്നാവുന്ന പലകാര്യങ്ങളും ലൂക്കാ ബോധപൂർവ്വം ഉപേക്ഷിച്ചിരിക്കുന്നു. യഹൂദരുടെ ചില പാരമ്പര്യങ്ങൾ, (cfr. മാർക്കോ. 7:1–23) ഏലിയായുടെ തിരിച്ചുവരവ് (cfr. മാർക്കോ. 9:11–13) തുടങ്ങിയവ ഇങ്ങനെ വിട്ടുകളഞ്ഞിട്ടുള്ളവയിൽപ്പെടുന്നു. വിജാതീയരിൽ നിന്നും ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വായനക്കാർക്കുവേണ്ടി ചിലപ്പോൾ ചില പുനഃക്രമീകരണങ്ങളും അദ്ദേഹം വരുത്തിയിട്ടുണ്ട്. (cfr. ലൂക്കാ. 6:27–36, മത്താ 5:38–48; ലൂക്കാ. 6:47–49; മത്താ. 7:24–27). വായനക്കാർ തെറ്റിദ്ധരിക്കാനിടയുള്ള ചില ഭാഗങ്ങൾ അദ്ദേഹം വിട്ടുകളിഞ്ഞു. ഉദാ:–"ആ മണിക്കൂറോ ദിവസമോ പിതാവല്ലാതെ ആരും അറിയുന്നില്ല"– (മാർക്കോ. 13:32). "എന്റെ ദൈവമേ എന്റെ ദൈവമേ, എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു"? (മാർക്കോ. 15:34). അതുപോലെ, യെശുവിന്റെ സർവ്വശക്തിയെക്കുറിച്ചും അവിടുത്തേ ദൈവിക വ്യാപാരങ്ങളെക്കുറിച്ചും സംശയം ജനിപ്പിക്കാവുന്ന യാതൊന്നും ലൂക്കാ തന്റെ സുവിശേഷത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. (മാർക്കോ 3:21; 6:5f; cfr. മാർക്കോ. 3:5 ലൂക്കാ. 6:10).

മറ്റു സ്രോതസ്സുകളെ ആശ്രയിക്കാത്ത സന്ദർഭങ്ങളിൽ ലൂക്കായുടെ ഗ്രീക്ക് ശൈലി ഉജ്ജ്വലമാണ്. M.Q.എന്നീ സ്രോതസ്സുകൾ ഉപയോഗിക്കുന്നിടങ്ങളിൽ ആ സ്രോതസ്സുകളോടുള്ള ബഹുമാനം കാരണം അവയുടെ വൈകല്യങ്ങളെയും അദ്ദേഹം ഉൾപ്പെടുത്താനിടയായിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ ഗ്രീക്കു സപ്തതിയുടെ ശൈലിയും അദ്ദേഹം അനുകരിച്ചു കാണുന്നു.

www.malankaralibrary.com

**ഘടന**

ലൂക്കായുടെ വീക്ഷണത്തിൽ, രക്ഷാകര സംഭവങ്ങളുടെ രംഗവേദിയായി മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലമാണ് ജെറുസലെം (9:31; 13:33; 18:31; 19; 11). ലോകത്തിന്റെ സുവിശേഷവത്കരണം ജെറുസലെമിൽ നിന്നാണ് ആരംഭിക്കേണ്ടത്. (ലൂക്കാ. 24:47; അപ്പ. പ്ര. 1:8). ഈ ചിന്തകളാണ് ലൂക്കായുടെ സുവിശേഷം ജെറുസലെമിൽ നിന്ന് ആരംഭിക്കുവാൻ കാരണം. (ലൂക്കാ. 1:5–25) ആരംഭിക്കുക മാത്രമല്ല അവസാനിക്കുന്നതും അവിടെത്തന്നെയാണ്. (24:52–53). ഇതിനുപുറമെ സുവിശേഷത്തിന്റെ ഘടനപോലും ചിട്ടപ്പെടുത്തിയിരിക്കുന്നത് (9:51– 19: 27) ജെറുസലെമിലേക്കുള്ള ഒരു യാത്രയുടെ രൂപത്തിലാണ്.

ലൂക്കായുടെ സുവിശേഷത്തിന്റെ പൊതുസംവിധാനം മർക്കോസിന്റെ സുവിശേഷത്തെ (M) ആസ്പദമാക്കിയുള്ളതാണ്. ലൂക്കായുടെ സുവിശേഷത്തിന് മർക്കോസിന്റേതിൽ നിന്നുള്ള ഏറ്റവും സ്പഷ്ടമായ വ്യത്യാസം, ലൂക്കായിൽ മർക്കോസ് 6:45 – 8:26, വിട്ടുകളഞ്ഞിരിക്കുന്നു എന്നതാണ്. സുവിശേഷത്തിന്റെ മദ്ധ്യത്തിലായി ചേർത്തിട്ടുള്ള 9:51 –19:27 ഭാഗം Q,L എന്നീ സ്രോതസ്സുകളെ ആധാരമാക്കിയുള്ളതാവണം.

**ഉള്ളടക്കം**

1: 1–4 സുവിശേഷത്തിന് ആമുഖം

1:5–2:52 ബാല്യകാല സുവിശേഷം (L)

3:1–4:13, യേശുവിലൂടെയുള്ള ആത്മാവിന്റെ പ്രവർത്തനത്തിന് ആമുഖം. (M+Q). ഈ വിഭാഗത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മൂന്നു പ്രധാന സംഭവങ്ങൾ സ്നാപകയോഹന്നാന്റെ പ്രഭാഷണം (3:1–20), യേശുവിന്റെ ജ്ഞാനസ്നാനം (3:21–38), മരുഭൂമിയിലെ പ്രലോഭനം (4:1–13) എന്നിവയാണ്.

4:14–9:50. ഗലീലിയിലെ പ്രവർത്തനങ്ങൾ (M). ഇവിടെയാണ് ഭുവന പ്രസിദ്ധമായ ഗിരിപ്രഭാഷണം ഉൾപ്പെടുത്തിയിരിക്കുന്നത്. (6:20–49) അതിന്റെ സ്രോതസ്സ് മർക്കോസിന്റെ സുവിശേഷമല്ല; Q ആണ്. എന്നാൽ ഇവിടെ മത്തായിയും ലൂക്കായും തമ്മിൽ പ്രകടമായ വ്യത്യാസങ്ങളുണ്ട്. (മത്താ. 5:1–12). മത്തായിയിൽ മലയിലാണു പ്രസംഗമെങ്കിൽ ലൂക്കായിൽ പ്രസംഗം നടക്കുന്നത് ഒരു മൈതാനത്തിലാണ്. "ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാരാകുന്നു" എന്നു മാത്രമേ ലൂക്കാ പറയുന്നുള്ളൂ. എന്നാൽ മത്തായി പറയുന്നത്, "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാരാകുന്നു" എന്നാണ്. ഇതിനു പുറമേ, ലൂക്കാ ധനികർക്കും

www.malankaralibrary.com

സുഖലോലുപന്മാർക്കും വളരെ കൂടുതൽ ദുരിതങ്ങൾ പറഞ്ഞു വയ്ക്കുന്നുണ്ട്. (6:24–26).

9:51–19:27 ജെറുസലേമിലേക്കുള്ള യേശുവിന്റെ യാത്ര. (Q+L). ലൂക്കാ ഈ ഭാഗം ആരംഭിക്കുന്നത് ഒരു നിർണ്ണായക പ്രസ്താവനയോടെയാണ്. "തന്റെ ആരോഹണത്തിന്റെ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കവെ, യേശു ജെറുസലെമിലേക്കു പോകുവാൻ നിശ്ചയിച്ചു." (9:51). സ്വർഗ്ഗാരോഹണത്തിനുള്ള സമയം അടുത്തപ്പോൾ എന്നാണ് ഗ്രീക്കുപദത്തിന്റെ സൂചനാർത്ഥം. ലൂക്കായുടെ സുവിശേഷം ജെറുസലേമിനെയും സ്വർഗ്ഗാരോഹണത്തെയും ലക്ഷ്യംവച്ചാണ് പുരോഗമിക്കുന്നത്.

19:28–21:38–ജെറുസലെമിൽ യേശുവിന്റെ പ്രവർത്തനങ്ങൾ:(M). ഈ ഭാഗത്ത് മർക്കോസിന്റെ സുവിശേഷത്തിലുള്ളതുപോലെ യേശുവിന്റെ അന്തിമ പ്രഭാഷണങ്ങൾ ചേർത്തിരിക്കുന്നു. (മർക്കോ. 11–13) ജെറുസലെമിന്റെ നാശത്തെക്കുറിച്ചുള്ള ഒരു പ്രവചനവും (19:39–44) രണ്ടാമത്തെ ആഗമനത്തിന്റെ സാർവ്വത്രിക സ്വഭാവവും (21:34–36) മാത്രമാണ് ലൂക്കാ കൂടുതലായി ചേർത്തിട്ടുള്ളത്.

22–23: പീഡാനുഭവ വിവരണം (M+L): ലൂക്കായുടെ വീക്ഷണത്തിൽ യേശുവിന്റെ വധത്തിന് ഉത്തരവാദികൾ യൂദന്മാരാണ്. അതിനാൽ അവിടുത്തെ മരണത്തിന്റെ ഉത്തരവാദിത്വം അവർതന്നെ വഹിക്കണം. മാത്രമല്ല കുരിശുമരണത്തെ പാപപരിഹാര ബലിയായി ലൂക്ക കരുതുന്നില്ല. യേശുവിന്റെ മരണമല്ല, മനുഷ്യരക്ഷയുടെ അടിസ്ഥാനം. മനുഷ്യരക്ഷയെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനു നീക്കിവച്ചിരിക്കുകയാണ്, ലൂക്കാ. യേശുവിന്റെ അന്ത്യഅത്താഴത്തെയും കുരിശുമരണത്തെയും വേറിട്ടു കാണാതെ മനുഷ്യ നന്മക്കായുള്ള ഒരൊറ്റ പ്രവൃത്തിയായിട്ടാണ് ലൂക്കാ വീക്ഷിക്കുന്നത്.

24:1–53. ഉത്ഥിതനായ യേശു ജെറുസലെമിൽ (L). രക്ഷയുടെ പ്രവർത്തനം 'ആത്മാ'വിന്റെ ശക്തിയാൽ ജെറുസലെമിൽ നിന്നാരംഭിച്ച് ലോകത്തിന്റെ അതിർത്തികൾവരെ വ്യാപിക്കണം എന്നതായിരുന്നു ലൂക്കായുടെ ചിന്താഗതി (24:44–49; അപ്പ. പ്ര.1:8).

## സവിശേഷതകൾ

യഹൂദേതര ക്രൈസ്തവരെക്കൂടി മുന്നിൽ കണ്ടുകൊണ്ടാണ് ലൂക്ക സുവിശേഷം രചിച്ചതെന്ന് സൂചിപ്പിച്ചുവല്ലോ. തന്നിമിത്തം ഈ സുവിശേഷത്തിൽ ആദ്യന്തം രക്ഷയുടെ സാർവ്വത്രിക മാനത്തിന് ലൂക്കാ ഊന്നൽ നൽകിയി

www.malankaralibrary.com

ട്ടുണ്ട്. സാർവ്വത്രിക രക്ഷയുടെ ഈ സദ്‌വാർത്ത എല്ലാ മനുഷ്യർക്കും മന സ്സിലാകുന്നവിധം അദ്ദേഹം ആവിഷ്കരിച്ചിരിക്കുന്നു. ഈ സുവിശേഷത്തിന് "പാവപ്പെട്ടവരുടെ സുവിശേഷം," "പ്രാർത്ഥനയുടെ സുവിശേഷം", "കരുണ യുടെ സുവിശേഷം", "സാർവ്വത്രിക രക്ഷയുടെ സുവിശേഷം" എന്നിങ്ങനെ പല പേരുകൾ ഇതിന്റെ ഉള്ളടക്കത്തിന്റെ മനോഹാരിതയും ഊന്നലുകളും പരിഗണിച്ച് പഠിതാക്കൾ നല്കിയിട്ടുണ്ട്.

## 4. ബാല്യകാല വിവരണങ്ങൾ

(മത്താ. 1-2; ലൂക്കാ 1-2)

സമാന്തര സുവിശേഷകന്മാരായ മത്തായിയും ലൂക്കായും മാത്രമേ യേ ശുവിന്റെ ജനനത്തെയും ശൈശവത്തെയും സംബന്ധിച്ചു പ്രതിപാദിക്കു ന്നുള്ളൂ. മത്തായിയുടെയും, ലൂക്കായുടെയും സുവിശേഷങ്ങളുടെ ആരംഭ ത്തിലെ രണ്ടദ്ധ്യായങ്ങളെ "ബാല്യകാല വിവരണങ്ങൾ" (Infancy Narratives) എന്നു വിളിക്കുന്നു. ആദ്യസുവിശേഷമായ മർക്കോസിൽ യേശുവിന്റെ ശൈശവ വിവരണം കാണുന്നില്ല എന്നത് വളരെ ശ്രദ്ധേയമാണ്. സുവിശേഷ പ്രഘോഷണത്തിന്റെ പ്രാരംഭഘട്ടത്തിൽ യേശുവിന്റെ രക്ഷാകര പ്രവൃത്തി കൾക്കും പീഡാനുഭവങ്ങൾക്കും ഉത്ഥാനത്തിനുമാണ് ഊന്നൽ നൽകിയിരു ന്നത്. യേശുവിന്റെ ബാല്യകാലത്തെ സംബന്ധിച്ച കാര്യങ്ങൾ ആരംഭത്തിൽ പ്രഘോഷണ വിഷയമായിരുന്നില്ല. അതാണ് ശൈശവ വിവരണം മർക്കോ സിൽ ഇല്ലാത്തതിനു കാരണം. പിൽക്കാലത്ത് യേശുവിന്റെ ജീവിതത്തെപ്പറ്റി കൂടുതൽ പൂർണ്ണമായ അറിവ് ആവശ്യമായി വന്നു. തത്ഫലമായി രൂപം കൊ ണ്ടിട്ടുള്ളവയാണ് ശൈശവ വിവരണങ്ങൾ. പാരമ്പര്യങ്ങളുടെ അടിസ്ഥാന ത്തിലാണ് ഇവയ്ക്ക് രൂപം നല്കിയിട്ടുള്ളത്. അതുകൊണ്ട് അവ പൂർണ്ണ മായും ചരിത്ര വിവരണമാകണമെന്നില്ല. ദൈവമായ ക്രിസ്തുനാഥൻ നിർവ്വ ഹിച്ച രക്ഷാകര കർമ്മത്തിന്റെ വെളിച്ചത്തിൽ വിശ്വാസികളുടെ ദൈവശാസ്ത്ര പരമായ വിചിന്തനമാണ് ഈ വിവരണത്തിനു പിന്നിലുള്ളത്.

'യാക്കോബിന്റെ ആദ്യസുവിശേഷം', 'തോമായുടെ സുവിശേഷം', തു ടങ്ങി കുറെ അപ്രാമാണിക രചനകളിൽ യേശുവിന്റെ മാതാപിതാക്കളുടെ ജീവിതവും യേശുവിന്റെ തന്നെ പരസ്യജീവിതത്തിനു മുമ്പു നടന്ന സംഭവ ങ്ങളും വിവരിക്കുന്നുണ്ട്. എന്നാൽ അവ വളരെയേറെ അതിശയോക്തിപരവും ഏകപക്ഷീയവുമാണ്. യാഥാർത്ഥ്യത്തോടു ബന്ധമില്ലാത്ത അത്തരം വിവര ണങ്ങൾക്ക് ആധികാരികത്വം കല്പിക്കാതെ അവയെ സഭ തള്ളിക്കളഞ്ഞു.

മത്തായിയും ലൂക്കായും നൽകുന്ന ശൈശവ വിരണങ്ങളാണ് ഈ വി ഷയത്തെ സംബന്ധിച്ചുള്ള ഏറ്റവും വിശ്വസനീയമായ രേഖകൾ. പാരമ്പര്യ ങ്ങളിൽ നിന്ന് അർത്ഥവത്തായവ ഇരുവരും രേഖപ്പെടുത്തിയിരിക്കുന്നു. അതു

www.malankaralibrary.com

കൊണ്ട് അവയിലെ സന്ദേശം സത്യവും ദൈവനിവേശിതവുമാണെന്നു സഭ ഉറപ്പു നല്കിയിരിക്കുന്നു.

## യേശുവിന്റെ വംശാവലി

ഇസ്രായേൽക്കാർ വംശാവലിക്കു വലിയ പ്രാധാന്യം കല്പിച്ചിരുന്നു. അവരുടെ ചരിത്രത്തിന്റെ അനുപേക്ഷണീയവും സുപ്രധാനവുമായ ഒരു ഭാഗമായാണ് വംശാവലിയെ പരിഗണിച്ചിരുന്നത്. അതിനാൽ പഴയനിയമഗ്രന്ഥങ്ങളിലെല്ലാം വളരെയേറെ വംശാവലി കണക്കുകൾ കാണാം. പ്രവാസത്തിനു (ബി.സി. 587 -538) ശേഷം വംശാവലികൾ നിർമ്മിക്കുന്നതിലുള്ള താല്പര്യം പൂർവ്വാധികം വർദ്ധിച്ചു. യേശുവിന്റെ കാലത്ത് അതൊരു ഫാഷൻ ആയിത്തീർന്നു. ഇതിനെതിരെ പൗലോസ് അപ്പസ്തോലൻ തിമോത്തെയോസിനെ ബോധവാനാക്കുന്നുണ്ട്. "കെട്ടുകഥകളിലും വംശാവലികളിലും അതിരില്ലാത്ത ഭ്രമം കാട്ടാൻ ആരും തുനിയരുത്" എന്ന് എല്ലാവരെയും ഉദ്ബോധിപ്പിക്കുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തുന്നു. (1 തിമോ. 1:4).

## വംശാവലി രേഖപ്പെടുത്തിയിരുന്നവിധം

കുടുംബത്തിലെ ആദ്യജാതനിലൂടെയാണ് വംശാവലി രേഖപ്പെടുത്താറ്. ചിലപ്പോൾ ആരോഹണക്രമത്തിലായിരിക്കും രചന; അതായത് ഒരു വ്യക്തിയിൽ നിന്ന് അയാളുടെ പൂർവ്വികന്മാരിലേക്ക് (എസ്രാ. 7:1–5; ലൂക്കാ 3: 23–28). മറ്റു ചിലപ്പോൾ അവരോഹണ ക്രമത്തിലായിരിക്കും; അതായത് പിതാവിൽ നിന്നു പുത്രനിലേക്ക് എന്ന ക്രമത്തിൽ (റൂത്ത് 4:18–22; മത്താ. 1:2–16).

പൊതുവെ പറഞ്ഞാൽ ഈ വംശാവലികൾ കാലഗണനയുടെ കാര്യത്തിൽ നിരവധി പ്രശ്നങ്ങൾ ഉളവാക്കുന്നുണ്ട്. ഒന്നാമത് വംശാവലിക്കാരന്റെ താല്പര്യം പ്രായേണ ദൈവശാസ്ത്രപരവും ജീവശാസ്ത്രപരവും ആണ്. അതുകൊണ്ട് വ്യക്തികൾക്കു നല്കപ്പെടുന്ന ജീവിതദൈർഘ്യം മിക്കപ്പോഴും കൃത്രിമമായിരിക്കും. അക്ഷരാർത്ഥത്തിൽ അത് അംഗീകരിക്കുക അസാധ്യമാണ്. മറ്റൊന്ന്, കുടുംബത്തിലെ കാരണവന്മാരുടെ പേരുകൾ മക്കൾക്കു നൽകുന്ന പാരമ്പര്യമാണ് യഹൂദർക്ക്. ഇതിന്റെ ഫലമായി പലപ്പോഴും ഒരേ പേരുകൾ ആവർത്തിച്ചാവർത്തിച്ചു വരുന്നു. പകർത്തിയെഴുത്തുകാരുടെ ശ്രദ്ധക്കുറവു നിമിത്തം പലപ്പോഴും പേരുകൾ വിട്ടുപോകാറുണ്ട്. സമമാന (symmetrical) ഘടന നിമിത്തവും എഴുത്തുകാർക്കു തെറ്റുപറ്റാറുണ്ട്. (ഉദാ. മത്താ. 1:1–17). ഇപ്രകാരം മത്തായിയുടെ വംശാവലിയിൽ രാജാക്കന്മാരുടെ മൂന്നു തലമുറകളെ വിട്ടുകളഞ്ഞിരിക്കുന്നു. (cfr. മത്താ. 1:8 = 2 രാജാ 1 :L17–18) ഇതിനു പുറമെ, സമാന്തര വംശാവലികളിൽ ഒരാളുടെ പേരുതന്നെ പലതരത്തിൽ കാണാം. ഒരാൾ തന്നെ പല പേരുകളിൽ അറിയപ്പെട്ടിരുന്നു എന്നതാണ് അതിനു കാരണം. ഉദാ: ഏലിഹൂ = ഏലിയാ = ഏലിയേൽ; തോഹു =

www.malankaralibrary.com

നഹാത്ത് = തോആഹ് (1 സാമു 1:1 2 ദിന 6:27, 34; 1 ദിന 8:34; 2 സാമു 4:4).

## മത്തായിയുടെ സുവിശേഷത്തിലെ വംശാവലി

മത്തായി തന്റെ സുവിശേഷം ആരംഭിക്കുന്നത് യേശുവിന്റെ വംശാവലിയോടു കൂടിയാണ്. ആരംഭത്തിൽ തന്നെ (1:1–ൽ) അദ്ദേഹം തന്റെ ഉദ്ദേശ്യം വ്യക്തമാക്കുന്നു. "അബ്രാഹത്തിന്റെ പുത്രനും ദാവീദിന്റെ പുത്രനുമായ യേശുക്രിസ്തുവിന്റെ വംശാവലി". ദാവീദും അബ്രാഹവുമാണ് മത്തായി നൽകുന്ന വംശാവലിയിലെ ഉന്നത ശീർഷർ. അബ്രാഹത്തോടു ദൈവം ചെയ്ത വാഗ്ദാനമനുസരിച്ച് ദാവീദിന്റെ വംശത്തിൽ പിറന്ന യഥാർത്ഥ മിശിഹായാണു യേശു എന്ന് തന്റെ അനുവാചകരെ ബോദ്ധ്യപ്പെടുത്താൻ വേണ്ടിയാണ് മത്തായി ഇങ്ങനെ എഴുതുന്നത്. (ഉത്പ. 12:7, 22:18; ഗലാ. 3:16). ദാവീദിനെ കേന്ദ്രീകരിച്ച് മത്തായി 14 പേരുകളുള്ള 3 സെറ്റുകൾ കൃത്രിമമായി വംശാവലിയിൽ ക്രമീകരിച്ചിരിക്കുന്നു. ദാവീദ് എന്ന വാക്കിന് ഹീബ്രുവിൽ 3 അക്ഷരങ്ങളാണുള്ളത്. ഹീബ്രു രീതിയനുസരിച്ച് ആ അക്ഷരങ്ങളുടെ ആകെത്തുക 14 ആണ്. അങ്ങനെ ദാവീദിന്റെ പേരിനു പ്രാധാന്യം നല്കി, 14 വീതമുള്ള മൂന്നു സെറ്റുകൾ ആക്കി. മാത്രമല്ല, യൂദായിലെ രാജാക്കന്മാരുടെ വംശ പരമ്പരയാണ് മത്തായി ആധാരമാക്കിയിട്ടുള്ളത്. ലൂക്കായിൽ ഇത് വ്യത്യസ്ഥമാണ്.

താമാർ, റാഹാബ്, റൂത്ത്, ബാത്ഷേബാ, പരിശുദ്ധ മറിയം എന്നീ സ്ത്രീകളെ മത്തായി വംശാവലിയിൽ പരാമർശിക്കുന്നു. യഹൂദരുടെ വംശാവലികളിൽ സ്ത്രീകളുടെ പേരുകൾ ഒരിക്കലും പറയാറില്ല. ഇതുവഴി മത്തായി ഉദ്ദേശിക്കുന്നത് യേശുവിന്റെ മാതാവായ മറിയത്തെ രക്ഷാകര പദ്ധതിയിൽ ദൈവപരിപാലനയുടെ ഒരു പ്രത്യേക ഉപകരണമായി അവതരിപ്പിക്കുക എന്നതാണ്. ലൗകീക മാനദണ്ഡമനുസരിച്ചു നോക്കിയാൽ രക്ഷാകര പദ്ധതി ഉതപ്പും ഭോഷത്തവും ഉൾക്കൊള്ളുന്ന ഒരു മഹാരഹസ്യമാണ് (cfr. 1 കോറി. 1:23–31)!

## ലൂക്കായുടെ സുവിശേഷത്തിലെ വംശാവലി

യേശുവിന്റെ വംശാവലിയോടുകൂടിയല്ല ലൂക്കാ സുവിശേഷം ആരംഭിക്കുന്നത്. യേശു പരസ്യജീവിതം ആരംഭിക്കുന്നതിന് തൊട്ടു മുമ്പായിട്ടാണ് ലൂക്ക വംശാവലിവിവരണം കൊടുത്തിരിക്കുന്നത്. ഈ വിവരണം ആരോഹണക്രമത്തിലാണ്; അതായത് യേശുവിൽ നിന്ന് ആദത്തിലേക്ക്. രക്ഷകന്റെ സാർവ്വലൗകിക പ്രാധാന്യം വ്യക്തമാക്കുവാൻ വേണ്ടിയാണിത്. രക്ഷകനായ യേശു അബ്രാഹത്തിന്റെയും ദാവീദിന്റെയും സന്തതികൾക്കു വേണ്ടി മാത്രം ഉള്ളവനല്ല. ആദത്തിന്റെ സകലസന്തതികൾക്കും വേണ്ടി ഉള്ളവനാണ്.

www.malankaralibrary.com

## മത്തായിയുടെ സുവിശേഷത്തിലെ ബാല്യകാല വിവരണം

ഔദ്യോഗിക മതബോധന രൂപത്തിലാണ് യേശുവിന്റെ ശൈശവ കാലത്തെപ്പറ്റിയുള്ള വിവരണം മത്തായിയുടെ സുവിശേഷത്തിൽ കാണുന്നത്. അതിൽ യൗസേപ്പാണ് പ്രവർത്തന നിരതനായ കേന്ദ്രകഥാപാത്രം. യൗസേപ്പ് ദൈവത്തിൽ നിന്നും വെളിപാടുകൾ സ്വീകരിച്ച് പ്രവർത്തിക്കുന്നു. യൗസേപ്പിനു സ്വപ്നത്തിൽ മാലാഖ പ്രത്യക്ഷപ്പെടുന്ന മൂന്നു സംഭവങ്ങൾക്കു ചുറ്റുമായി മത്തായി തന്റെ വിവരണത്തെ ക്രമീകരിച്ചിരിക്കുകയാണ്. (1:20–25; 2:13–15; 2:19–21). ഒരു പക്ഷേ, യൗസേപ്പിനെ പഴയനിയമത്തിലെ പൂർവ്വിക യൗസേപ്പുമായി തുലനം ചെയ്തതു മൂലമായിരിക്കാം ഈ രീതി അവലംബിച്ചത്. അദ്ദേഹം സ്വപ്നങ്ങൾ വ്യാഖ്യാനിക്കുകയും ഈജിപ്തിൽ വസിക്കുകയും ചെയ്തല്ലോ. ഏതായാലും മത്തായിയുടെ ശൈശവ വിവരണത്തിന്റെ ഒരു പ്രധാന ലക്ഷ്യം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ഒരു കന്യകയിൽ നിന്ന് യേശു പിറന്നു എന്നു വ്യക്തമാക്കുകയാണ്. അതനുസരിച്ച് മറിയം അവിടുത്തെ ഗർഭം ധരിച്ച നിമിഷം മുതൽ അവിടുന്ന് ദൈവത്തിന്റെ പുത്രനായിരുന്നു (മത്താ. 1:23 = ഏശ 7:14)വെന്ന സത്യവും വെളിപ്പെടുന്നു.

## ലൂക്കായുടെ സുവിശേഷത്തിലെ ബാല്യകാല വിവരണം

അബ്രാഹം (ഉത്പ. 17) മോശ (പുറ. 3) ഗിദയോൻ (ന്യായാ. 6) സാംസന്റെ മാതാപിതാക്കൾ (ന്യായ 13) സാമുവലിന്റെ മാതാപിതാക്കൾ (1 സാമു 1–2) തുടങ്ങിയവർക്കു മാലാഖമാർ പ്രത്യക്ഷപ്പെട്ടു നൽകിയ അറിയിപ്പുകളുടെ മാതൃകയിലാണ് ലൂക്കായിൽ യേശുവിന്റെ ജനനവും ബാല്യകാലവും രൂപപ്പെടുത്തിയിട്ടുള്ളത്. പ്രത്യേകമായി, സ്നാപക യോഹന്നാന്റെ ജനനത്തോടു വളരെ സ്പഷ്ടമായ സമാന്തരത്വം തോന്നുംവിധമാണ് ലൂക്കായുടെ രചന. ഈ സമാന്തരവിവരണം കൊണ്ടുദ്ദേശിക്കുന്നത്, യേശു ജനനനിമിഷം മുതൽ തന്നെ സ്നാപകയോഹന്നാനെക്കാൾ കാതലായ വ്യത്യാസമുള്ളവനും മഹത്ത്വമുള്ളവനുമായിരുന്നു എന്ന് സ്ഥാപിക്കുകയാണ്. ഒരു കന്യക ഗർഭം ധരിക്കുകയെന്ന അത്ഭുതകരമായ സംഗതിയാണ് യേശുവിന്റെ ജനനത്തിനു പിന്നിലുള്ളത്.

ലൂക്കായുടെ ശൈശവ വിവരണം മരിയ വിജ്ഞാനീയത്തിനു ബലിഷ്ഠമായ ഒരടിത്തറയായി നിലകൊള്ളുന്നു. 'ദൈവത്തിന്റെ പ്രീതിക്കു പാത്രമായവളേ' എന്നാണ് ഗബ്രിയേൽ മറിയത്തെ സംബോധന ചെയ്യുന്നത് (1:28–30). മാലാഖായോട് മറിയം പറയുന്ന മറുപടി ദൈവത്തിന്റെ വിശ്വസ്ത ദാസിയാണവൾ എന്നു കാണിക്കുന്നു. (1:38). എലിസബത്താകട്ടെ "എന്റെ കർത്താവിന്റെ അമ്മ" എന്നും (1:40). "സ്ത്രീകളിൽ അനുഗൃഹീത" എന്നും മറിയത്തെ വിളിക്കുകയും അവളുടെ വിശ്വാസത്തെ പുകഴ്ത്തുകയും ചെയ്യുന്നു. (1:42, 45). "മാഗ്നിഫിക്കാത്ത്" (magnificat) (1:16–55) എന്ന സുപ്ര

www.malankaralibrary.com

സിദ്ധ സ്തോത്രഗീതത്തിൽ ദൈവത്തിന്റെ കരുണ നിറഞ്ഞ പ്രവൃത്തികളും അത്ഭുതകരമായ ശക്തിയും നിഗൂഢ രീതികളും എടുത്തു പറഞ്ഞുകൊണ്ട് മറിയം ദൈവത്തെ സ്തുതിക്കുന്നു.

# 5. യോഹന്നാന്റെ സുവിശേഷം

കർത്താവിന്റെ പ്രിയപ്പെട്ട ശിഷ്യനായിരുന്ന യോഹന്നാൻ എഴുതിയതാണ് നാലാമത്തെ സുവിശേഷം: 21 അദ്ധ്യായങ്ങളും 880 വാക്യങ്ങളുമുള്ള ഈ സുവിശേഷം ദൈവശാസ്ത്ര പ്രധാനമാണ്. ക്രിസ്തുസംഭവത്തിന്റെ അർത്ഥം ഇതിൽ ഗാഢമായും ആധ്യാത്മികമായ ഉൾക്കാഴ്ചയോടുകൂടിയും വെളിപ്പെടുത്തിയിരിക്കുന്നു. ഈ സുവിശേഷമാണ് സുവിശേഷങ്ങളിൽ ഏറ്റവും അവസാനം രചിക്കപ്പെട്ടത്. (എ.ഡി. 95 അടുത്ത്). എങ്കിലും യേശുവിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അസാധാരണമാംവിധം സൂക്ഷ്മമായ ചില വിവരങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു കാണാം. ഇന്ന് പുരാവസ്തു വിജ്ഞാനീയം ഇതിന് സാക്ഷ്യം നൽകുന്നു. ഉദാഹരണത്തിന്, അഞ്ചു മണ്ഡപങ്ങളുള്ള ബെത്ത്സാദാ എന്ന കുളത്തിന്റെയും (5:2), പീലാത്തോസിന്റെ അരമനയിലെ 'ഗബാത്താ', എന്നു പേരുള്ള കൽത്തളത്തിന്റെയും (19:13) വിശദാംശങ്ങളെക്കുറിച്ച് ഈ സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ പുരാവസ്തു ഗവേഷണഫലങ്ങൾ ശരിവച്ചിട്ടുണ്ട്. (2:23; 9:17, 10:22f).

**യോഹന്നാൻ**

ഹീബ്രുഭാഷയിൽ 'യോഹന്നാൻ' എന്ന വാക്കിനർത്ഥം. "ദൈവം ദയാമയൻ ആകുന്നു" എന്നാണ്. ശ്ലീഹന്മാരായ യാക്കോബും യോഹന്നാനും മുക്കുവനായ സബദിയുടെയും സലോമിയുടെയും പുത്രന്മാരായിരുന്നു. (മാർക്കോ. 1:20; 15:40; മത്താ. 27:56). ഇവർക്കു രണ്ടുപേർക്കും ഈശോ 'ഇടിമുഴക്കത്തിന്റെ പുത്രന്മാർ' എന്നു കളിപ്പേരുകൊടുത്തു (മാർക്കോ. 3:17; cfr. ലൂക്കാ 9:54; മാർക്കോ. 9:38). യോഹന്നാൻ യേശുവിനെ വളരെയേറെ സ്നേഹിച്ചിരുന്നതുകൊണ്ട് എപ്പോഴും അവിടുത്തോടുകൂടി ഉണ്ടായിരിക്കാൻ ആഗ്രഹിച്ചിരുന്നു. അതുപോലെതന്നെ യേശുവിന് യോഹന്നാനോടുള്ള സ്നേഹത്തിന് സവിശേഷമായ സൂചനകളുണ്ട്. ജായിരുസിന്റെ പുത്രിയെ ഉയിർപ്പിച്ചപ്പോളും (മാർക്കോ. 5:37), രൂപാന്തരീകരണത്തിലും (cfr മാർക്കോ 9:22) ഗദ്സേമിനിയിലെ തീവ്രദുഃഖാനുഭവത്തിലും (മാർക്കോ. 14:33–37) അന്ത്യ അത്താഴ വേളയിലും (യോഹ. 13:23) കുരിശിൻ ചുവട്ടിലും (യോഹ. 19:26) പുനരുത്ഥാനാനന്തരവും (യോഹ. 20:3; 21:7) യോഹന്നാൻ യേശുവിനോടൊപ്പം ഉണ്ടാകാനിടവന്നതു തന്നെ ഈ പ്രത്യേക സ്നേഹത്തിന്റെ അടയാളമാണ്. പോരെങ്കിൽ, 'യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ' എന്ന പരാമർശവും യോഹ. 13:23–ൽ കാണാം.

www.malankaralibrary.com

പെന്തക്കുസ്തായ്ക്കു ശേഷം യോഹന്നാൻ കുറെക്കാലം പത്രോസിനോടും യാക്കോബിനോടും മാതാവിനോടും കൂടി ജെറുസലെമിൽ താമസിച്ചു. (യോഹ. 19:27; അപ്പ. പ്ര. 1:14; 3–4; 8:14; ഗലാ. 2:9). പാരമ്പര്യമനുസരിച്ച്, എ.ഡി. 70–നു മുമ്പ് അദ്ദേഹം ജെറുസലെം വിട്ട് എഫേസൂസിലേക്കു പോയി. എഫേസൂസിൽ വച്ചാണ് അദ്ദേഹം സുവിശേഷവും ലേഖനങ്ങളും എഴുതിയത്. പിന്നീട് പാത്മോസ് ദ്വീപിലേക്കു നാടകടത്തപ്പെട്ടു. അവിടെവച്ച് അദ്ദേഹം വെളിപാടു പുസ്തകം രചിച്ചു. വളരെ വൃദ്ധനായതിനു ശേഷം എ.ഡി. 100–ന് അടുത്ത് എഫെസൂസിൽവച്ച് യോഹന്നാൻ ദിവംഗതനായി.

## യോഹന്നാന്റെ ലക്ഷ്യവും സുവിശേഷത്തിന്റെ പ്രത്യേകതകളും

മത്തായി, മാർക്കോസ്, ലൂക്കാ എന്നിവരുടെ സുവിശേഷങ്ങൾ പുതുതായി മാനസാന്തരപ്പെട്ടവരെ ഉദ്ദേശിച്ച് എഴുതപ്പെട്ടവയാണ്. യോഹന്നാന്റെ സുവിശേഷത്തിന് അന്തിമരൂപം കൈവരുന്നതിനു മുമ്പേതന്നെ അവ ക്രൈസ്തവ സമൂഹങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു. അതിനാൽ, സമാന്തര സുവിശേഷങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അതേപടി ആവർത്തിക്കാൻ യോഹന്നാൻ തുനിഞ്ഞില്ല. ഇതര സുവിശേഷങ്ങൾ വായിച്ചും മറ്റും പക്വതവന്ന ക്രൈസ്തവർക്ക് ക്രിസ്തുവിനെപ്പറ്റി ദൈവശാസ്ത്രപരമായ ഒരുൾക്കാഴ്ച നൽകുക എന്നതായിരുന്നു യോഹന്നാന്റെ ലക്ഷ്യം.

സമാന്തര സുവിശേഷകർ ആകെ 40 ഉപമകൾ രേഖപ്പെടുത്തിയിട്ടുണ്ട്. യോഹന്നാനാകട്ടെ, അവയൊന്നും ആവർത്തിച്ചില്ല. അതേസമയം സമാന്തര സുവിശേഷങ്ങളിൽ കാണാത്ത ചില രൂപകാലങ്കാര പ്രയോഗങ്ങൾ യോഹന്നാനിലുമുണ്ട്. (യോഹ. 7:37f; 10:1f; 10; 7f; 15:1f;). സമാന്തര സുവിശേഷങ്ങളിൽ 30 അത്ഭുതങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. യോഹന്നാൻ 7 എണ്ണം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അവയിൽ 4 എണ്ണം മറ്റു സുവിശേഷങ്ങളിൽ ഇല്ലാത്തവയുമാണ്. (യോഹ. 2:1–11; 5:1–9; 9:1–7; 11:38–44). മറ്റു 3 അത്ഭുതങ്ങളാകട്ടെ യോഹന്നാൻ വിവരിച്ചിട്ടുള്ളത് ദൈവശാസ്ത്രപരമായ വിശദീകരണത്തിനു വേണ്ടിയാണ്. അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുതമാണ് 4 സുവിശേഷകരും രേഖപ്പെടുത്തിയിട്ടുള്ള ഏക സംഭവം (യോഹ. 6:1–15; മത്താ. 14:13–21; മർക്കോ. 6:32–44; ലൂക്കാ. 9:10–17).

യോഹന്നാന്റെ വീക്ഷണത്തിൽ അത്ഭുതങ്ങൾ പ്രകൃത്യതീതമായ ചില സത്യങ്ങൾ വെളിപ്പെടുത്തുന്നതിനുള്ള അടയാളങ്ങൾ മാത്രമാണ്. മറ്റു സുവിശേഷങ്ങളിലെ വിവരങ്ങൾ വായനക്കാർ മനസ്സിലാക്കിയിരിക്കുമെന്നു സങ്കല്പിച്ചു കൊണ്ടാണ് യോഹന്നാൻ പല കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുള്ളത് (യോഹ. 1:32; 3:24; 6:67; 11:2; 18:40). സമാന്തര സുവിശേഷകർക്കൊപ്പം യോഹന്നാൻ വിസ്തരിച്ചു പ്രതിപാദിക്കുന്ന ഏക ധാർമ്മികതത്വം സ്നേഹത്തെക്കുറിച്ചുള്ള മിശിഹായുടെ അദ്ധ്യാപനമാണ്.

www.malankaralibrary.com

### ഘടന

യേശുവിന്റെ പ്രവൃത്തികളെ വിവിധ ഘട്ടങ്ങളായി വിഭജിച്ചുകൊണ്ടുള്ള ഒരു ക്രമീകരണമാണ് യോഹന്നാനിൽ കാണുന്നത്. ഇവയ്ക്ക് ഓരോന്നിനും ഓരോ നിശ്ചിത കാലയളവുണ്ട്. യഹൂദരുടെ ഏതെങ്കിലും പ്രധാന തിരുനാൾ മുതൽ അടുത്ത പ്രധാന തിരുനാൾവരെയുള്ള കാലത്തെയാണ് ഒരു ഘട്ടമായി യോഹന്നാൻ വിഭാവനം ചെയ്യുന്നത്. യഹൂദാരാധനക്രമമനുസരിച്ച് ജെറുസലെമിൽ ആഘോഷിച്ചിരുന്ന തിരുനാളുകൾക്ക് യോഹന്നാൻ സവിശേഷമായ പ്രാധാന്യം കൽപ്പിച്ചിട്ടുണ്ട്. അങ്ങനെയുള്ള തിരുനാളുകളോടനുബന്ധിച്ച് യേശു ജെറുസലെമിൽ പോയിരുന്നതായി അദ്ദേഹം പലപ്പോഴും പ്രസ്താവിച്ചുകാണുന്നു. (യോഹ. 2:13; 5:1; 7:2–10; 10:22; 11:55). ഒരാഴ്ചയുടെ ദൈർഘ്യമാണ് ഓരോ ഘട്ടത്തിനും നല്കിയിരിക്കുന്നത്. പ്രസ്തുത ആഴ്ചയിലെ കാര്യങ്ങൾ പ്രതിദിനം ഒന്നിനു പുറകെ മറ്റൊന്നായി സംഭവിക്കുന്നതു പോലെയാണ് യോഹന്നാന്റെ വിവരണം (യോഹ. 1:29, 35, 43; 2:1; 4:43; 6:22; 20:1 etc). ഇങ്ങനെ, യോഹന്നാൻ യേശുവിന്റെ രക്ഷാകര ചരിത്രം മുഴുവൻ ഏഴു തിരുനാളുകളുടേയും ഏഴ് ആഴ്ചകളുടെയും ചട്ടക്കൂട്ടിൽ ഒതുക്കിയിരിക്കുന്നു. കൂടാതെ, യോഹന്നാൻ വിവരിക്കുന്ന 7 അത്ഭുതങ്ങൾ, യേശു സ്വയം വെളിപ്പെടുത്താനുദ്ദേശിച്ചു കൊണ്ടുള്ളവായണ്. തുടർന്നു വരുന്ന ദൈവശാസ്ത്ര വിശദീകരണങ്ങൾക്ക് അവ നല്ല ആമുഖമായി ഭവിക്കുന്നു. "ഞാൻ ജീവന്റെ അപ്പമാകുന്നു," "ഞാൻ ലോകത്തിന്റെ ദീപമാകുന്നു," "ഞാൻ നല്ല ഇടയനാകുന്നു." എന്നിങ്ങനെ അരുൾ ചെയ്തുകൊണ്ടാണ് അവിടുന്ന് സ്വയം വെളിപ്പെടുത്തുന്നത്. (6:35; 8:12, 10:7; 10:11; 11:25; 14:6; 15:5).

മേൽപ്പറഞ്ഞ കാര്യങ്ങളുടെയും യഹൂദർക്ക് ഏറെ താല്പര്യമുള്ള 7 എന്ന സംഖ്യയോട് യോഹന്നാൻ പുലർത്തുന്ന പ്രത്യേക പ്രതിപത്തിയുടെയും വെളിച്ചത്തിൽ 7 എന്ന പ്രിയപ്പെട്ട സംഖ്യയെ ആസ്പദമാക്കിയാണ് തന്റെ സുവിശേഷ രചനയ്ക്ക് യോഹന്നാൻ രൂപഘടന തയ്യാറാക്കിയിട്ടുള്ളതെന്ന് വിചാരിക്കാവുന്നതാണ്. അതനുസരിച്ച് യോഹന്നാന്റെ സുവിശേഷത്തെ 7 ഭാഗങ്ങളായി തിരിക്കാം.

### ഉള്ളടക്കം

1:1–18 ആമുഖം (Prologue): യോഹന്നാന്റെ സുപ്രസിദ്ധ വചനഗീതം എന്നറിയപ്പെടുന്ന ഭാഗമാണിത്. രക്ഷാകര പദ്ധതിയുടെ ഒരു സംക്ഷിപ്ത വിവരണമാണ് വചനഗീതം.

(1) 1:19–2:12 രക്ഷാകരശുശ്രൂഷയുടെ ഉദ്ഘാടനവാരം. വെള്ളം വീഞ്ഞാക്കിയ ആദ്യത്തെ അത്ഭുതം.

യേശുവിന്റെ മഹത്സ്വഭാവം പ്രകടമാക്കിയ ആദ്യത്തെ അടയാളം.

www.malankaralibrary.com

(2) 2:13–4:54 പെസഹാ തിരുനാൾ വാരം. രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തുന്നു – രണ്ടാമത്തെ അത്ഭുതം. യേശു "രക്ഷക"നാണെന്ന് വെളിപ്പെടുത്തിയ രണ്ടാമത്തെ അടയാളം.

(3) 5:1–6:71. അത്ഭുതങ്ങളുടെ വാരം. പേരു പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലാത്ത ഒരു തിരുനാൾ ജെറുസലെമിൽ നടക്കുന്നു. (5:1). ഈ ഭാഗത്ത് 3 അത്ഭുതങ്ങൾ സംഭവിക്കുന്നുണ്ട്. മുടന്തനെ സുഖപ്പെടുത്തുന്നത്; അപ്പം വർദ്ധിപ്പിക്കുന്നത്; വെള്ളത്തിനു മീതെ നടക്കുന്നത്. യേശു "ജീവന്റെ അപ്പ"മാണെന്ന് വെളിപ്പെടുത്തുവാൻ നല്കിയ മൂന്ന് അടയാളങ്ങൾ.

(4) 7:1–10:21. കൂടാരത്തിരുന്നാൾ വാരം.

കുരുടനു കാഴ്ച്ച കൊടുക്കുന്നു – ആറാം അത്ഭുതം, താൻ "പ്രകാശ"മാണെന്നും "വാതിൽ" ആണെന്നും "ഇടയൻ" ആണെന്നും യേശു സ്വയം വെളിപ്പെടുത്തിയ ആറാമത്തെ അടയാളം.

(5) 10:22–11:54. സമർപ്പണത്തിരുന്നാൾ വാരം.

മരിച്ച ലാസറിനെ ഉയിർപ്പിക്കുന്നു – 7–ാം അത്ഭുതം. യേശു "പുനരുത്ഥാന"മാണെന്ന് സ്വയം വെളിപ്പെടുത്തിയ ഏഴാമത്തെ അടയാളം.

(6) 11:5–19:42. പീഢാനുഭവവാരം. അവസാനത്തെ പെസഹാത്തിരുനാളാഘോഷം. താൻ 'വഴി'യും 'സത്യ'വും 'ജീവ'നുമാണെന്ന് യേശു വെളിപ്പെടുത്തുന്നു.

(7) 20:1–29. പുനരുത്ഥാനവാരം. മൂന്നു പ്രത്യക്ഷപ്പെടലുകൾ. മഗ്ദലന മറിയത്തിന്, ശിഷ്യന്മാർക്ക്, തോമായ്ക്ക്.

അനുബന്ധം: 21:1–25. ഇത് യോഹന്നാന്റെ ശിഷ്യന്മാർ എഴുതിയ സമാപനാദ്ധ്യായമാണ്. സഭയെക്കുറിച്ചും രക്ഷകന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചുമാണ് ഇതിലെ പ്രതിപാദ്യം.

തിരുനാളുകളെ ആസ്പദമാക്കിയുള്ള ഈ വിഭജനത്തിലൂടെ, യേശു യഹൂദ ആരാധനക്രമത്തെ പൂർത്തീകരിച്ചു എന്നു മാത്രമല്ല അതിന് അറുതി വരുത്തി എന്നും സൂചന നല്കുന്നു.

## യോഹന്നാന്റെ ശൈലി

യോഹന്നാന്റെ സുവിശേഷത്തിന് സ്വന്തമായ ഒരു ശൈലിയുണ്ട്. അതിനു സമാന്തരമായി യോഹന്നാന്റെ ലേഖനങ്ങളൊഴികെ പുതിയ നിയമത്തിൽ മറ്റൊന്നുമില്ല. അതിനാൽ യോഹന്നാന്റെ സുവിശേഷം വായിക്കുമ്പോൾ അതിലെ പദപ്രയോഗങ്ങൾ പ്രത്യേകം കണക്കിലെടുക്കേണ്ടതുണ്ട്. പൊതുവെ പറ

www.malankaralibrary.com

ഞ്ഞാൽ യോഹന്നാന്റെ ഗ്രീക്കുഭാഷ സാഹിത്യപരമായി ഉയർന്നതൊന്നുമല്ല; എന്നാൽ വെറും സാധാരണമാണെന്നും പറയാനാവില്ല. അത് അയത്ന ലളിതമാണ്. ഒരേ ശൈലി തന്നെ ആവർത്തിക്കുന്ന പതിവുമുണ്ട്. മാത്രമല്ല, യോഹന്നാന്റെ പദപ്രയോഗങ്ങൾക്കു അറമായ ഭാഷയുടെ സ്വാധീനം അനിഷേധ്യമാംവിധം ബാധിച്ചിട്ടുമുണ്ട്.

ജ്ഞാനവാദം (gnosticism), ഹെല്ലനിസം (hellenism) യഹൂദമതം എന്നിവയിൽ കാണുന്ന അനേകം ആശയങ്ങൾ യോഹന്നാനെ സ്വാധീനിച്ചിട്ടുണ്ട്. ജ്ഞാനവാദമനുസരിച്ച് മനുഷ്യന്റെ ലക്ഷ്യമായ സൗഭാഗ്യത്തിനുള്ള സരണിയാണ് അറിവ്. യോഹന്നാന്റെ വീക്ഷണത്തിൽ യഥാർത്ഥ ജ്ഞാനമെന്നാൽ ക്രിസ്തുവിൽ വിശ്വസിക്കലാണ്; ക്രിസ്തുമാത്രമാണ് നിത്യജീവന്റെയും സൗഭാഗ്യത്തിന്റെയും ഉറവിടം. വിപരീതപദ പ്രയോഗങ്ങളായ പ്രകാശവും അന്ധകാരവും, സത്യവും അസത്യവും, ആത്മാവും ശരീരവും ഒക്കെ യോഹന്നാനിൽ കാണാം. ഇവയ്ക്ക് ദ്വന്ദ്വാത്മക ചിന്താഗതിയുടെ (dualism) ചുവയുണ്ട്. 'വചനം,' 'ജീവൻ', 'പ്രകാശം', 'സത്യം', 'ജ്ഞാനം', തുടങ്ങിയ പദങ്ങളോടുള്ള യോഹന്നാന്റെ പ്രത്യേക പ്രതിപത്തി അക്കാലത്തെ യവനചിന്തയുടെ പശ്ചാത്തലത്തിലേ ശരിയായി മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. 'ജീവജലം' 'മുന്തിരി വള്ളിയും ശാഖകളും' തുടങ്ങിയ പ്രയോഗങ്ങളാകട്ടെ പഴയനിയമത്തിന്റെ റബ്ബിനിക്ക് വ്യാഖ്യാനങ്ങളോടു ബന്ധമുള്ളവയാണ്.

രചനയുടെ സാഹിതീയ സവിശേഷതകളിലേക്കു കടക്കുമ്പോൾ വിരോധാഭാസ പ്രയോഗങ്ങൾ, സംഭാഷണങ്ങൾ, പ്രതീകാത്മക പ്രയോഗങ്ങൾ എന്നിവയിൽ യോഹന്നാന്റെ സവിശേഷമായ താല്പര്യം പ്രകടമാണ്. അങ്ങനെ ചില പ്രസ്താവനകളിൽ വക്താവിന്റെ വിവക്ഷയ്ക്ക് അപ്പുറത്തുള്ള മഹനീയ സത്യങ്ങൾ ചൂണ്ടിക്കാണിക്കുവാനും സാധിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, "ജനം മുഴുവൻ നശിക്കാതിരിക്കാൻ ജനത്തിനു വേണ്ടി ഒരാൾ മരിക്കുന്നതു നല്ലതാകുന്നു" എന്നുള്ള പ്രധാനാചാര്യന്റെ പ്രസ്താവന (11:50) യേശുവിന്റെ പാപപരിഹാരാർമുള്ള മരണത്തെ സൂചിപ്പിക്കുന്ന ഒരു പരോക്ഷപ്രവചനമായി ഭവിച്ചിരിക്കുന്നു. അതുപോലെ "മുകളിലേക്കു എടുക്കപ്പെടുക" "ജീവജലം" "മഹത്ത്വം" തുടങ്ങിയവയ്ക്കും യോഹന്നാന്റെ സുവിശേഷത്തിൽ ദ്വന്ദ്വാത്മക അർത്ഥം കല്പിക്കാവുന്നതാണ്.

## മുഖ്യപ്രമേയങ്ങൾ

സുവിശേഷത്തിലെ മുഖ്യപ്രമേയങ്ങളെല്ലാംതന്നെ ആമുഖത്തിൽ (Prologue) യോഹന്നാൻ അവതരിപ്പിക്കുന്നുണ്ട് (1:1-18). ജീവൻ, പ്രകാശം, അന്ധകാരം, സത്യം, സാക്ഷ്യം, മഹത്ത്വം, ലോകം തുടങ്ങിയ കാര്യങ്ങളാണവ. ഈ ആമുഖം ക്രിസ്തുശാസ്ത്രപരമായ ഒരു സ്തോത്രഗീതമാണ്. അതിൽ യേശുവിനെ ദൈവത്തിന്റെ വചനമായി ആവിഷ്കരിച്ചിരിക്കുന്നു. ദൈവത്തെ-

www.malankaralibrary.com

സംബന്ധിച്ച അജ്ഞാതസത്യങ്ങൾ മനുഷ്യരെ അറിയിക്കാൻ വചനം ഭൂമിയിലേക്ക് അയയ്ക്കപ്പെട്ടു. പിതാവിങ്കൽ നിന്നു കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങൾക്കുള്ള സാക്ഷ്യം വഹിക്കൽ ആയിരുന്നു വചനത്തിന്റെ ദൗത്യം. ഈ ദൗത്യം നിർവ്വഹിച്ചതിനുശേഷം പുത്രൻ പിതാവിങ്കലേക്കു മടങ്ങണം. പിതാവിനോടൊപ്പം തനിക്കുള്ള മഹത്ത്വത്തിന്റെ "അടയാള"മായി അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ദൈവം യേശുവിന് അധികാരം കൊടുത്തു. എങ്കിലും അവിടുത്തെ "മഹത്ത്വം" പുനരുത്ഥാന ദിവസംവരെ ശരിക്കും വെളിപ്പെടുകയില്ല. ഈ അർത്ഥത്തിൽ യോഹന്നാന്റെ സുവിശേഷം പ്രധാനമായി രണ്ടു വിഷയങ്ങളെ ആധാരമാക്കിയാണു വിരചിതമായിരിക്കുന്നത് – അടയാളങ്ങളും, മഹത്ത്വവും. അതുകൊണ്ട് ഈ സുവിശേഷത്തെ രണ്ടുഭാഗങ്ങളായി തിരിക്കാം. ഈശോയുടെ മഹത്ത്വത്തെ വചനങ്ങളിലും പ്രവൃത്തികളിലും കൂടെ പ്രഖ്യാപിക്കുന്ന "അടയാളങ്ങളാണ്" ഒന്നാം ഭാഗത്തിൽ. ഈ ഭാഗത്തെ (അധ്യാ. 2–12) 'അടയാളങ്ങളുടെ പുസ്തകം' എന്നു പറയുന്നു. യേശുവിന്റെ മഹത്ത്വത്തിന്റെ സൂക്ഷ്മാർത്ഥം വിശദീകരിക്കപ്പെടുകയാണ് രണ്ടാം ഭാഗത്തിൽ. അതിനെ 'മഹത്ത്വത്തിന്റെ പുസ്തകം' (അധ്യാ. 13–20) എന്നും വിളിക്കുന്നു.

### a. മനുഷ്യപുത്രനും ദൈവപുത്രനും

'മനുഷ്യപുത്രൻ' എന്ന പ്രയോഗം മർക്കോസിലുള്ളത്രതന്നെ (13 തവണ) യോഹന്നാനിലും ഉണ്ട്. മനുഷ്യാവതാരം ചെയ്ത ദൈവവചനം തന്നിൽത്തന്നെ ഉൾക്കൊള്ളുന്ന ദൈവിക മഹത്ത്വത്തെ കുറിക്കുന്നതിനാണ് യോഹന്നാൻ ഈ വിശേഷണം പ്രയോഗിക്കുന്നത്. പ്രായോഗികമായി, 'ദൈവപുത്രൻ' എന്നതിനു തുല്യം തന്നെയാണ് 'മനുഷ്യപുത്രൻ' എന്ന പ്രയോഗവും. യോഹന്നാന്റെ വീക്ഷണത്തിൽ ദൈവിക മഹത്ത്വം "മനുഷ്യപുത്ര" നിൽ എപ്പോഴും സന്നിഹിതമാണ്; ഈ ലോകജീവിതത്തിലും പീഡാനുഭവത്തിലും കുരിശുമരണത്തിലും എല്ലാം (8:14f; 8:28; 12:13). യേശുവിന്റെ മഹത്ത്വത്തിന്റെ പൂർണ്ണാവിഷ്കാരം പുനരുത്ഥാനത്തിലാണ് എന്നേയുള്ളു. അപ്പോൾ അവിടുത്തേ ദൈവപുത്രത്വം ലോകത്തിനു സ്പഷ്ടമാംവിധം വെളിവാക്കപ്പെടും. (8:28).

### b. ജീവദായകൻ

യേശുവിന്റെ ജീവദായക ദൗത്യം യോഹന്നാന്റെ സുവിശേഷത്തിലെ ഒരു പ്രധാന വിഷയമാണ്. സമരിയാക്കാരിസ്ത്രീയോടുള്ള സംഭാഷണത്തിലും (4:10–15), ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രതിപാദനത്തിലും (6:25–50) അതു വിശദീകരിക്കപ്പെടുന്നുണ്ട്. രണ്ടു സന്ദർഭങ്ങളിലും താൻ ജീവദാതാവാണെന്ന സത്യം അത്ഭുതങ്ങൾ കൊണ്ട് യേശു സ്ഥിരീകരിക്കുന്നു. രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തിക്കൊണ്ടും (4:47–54) അപ്പം വർദ്ധി

www.malankaralibrary.com

പ്പിച്ചു കൊണ്ടും (6:1-15) ആണ് അവിടുന്ന് ഈ സ്ഥിരീകരണം സാധിച്ചത്. ഈ അത്ഭുതങ്ങളെല്ലാം രക്ഷകന്റെ ജീവദായക ശക്തിയുടെ അടയാളങ്ങളാണ്. എന്നാൽ ഈ ജീവൻ നല്കപ്പെടുന്നത് പ്രത്യേകിച്ചും പാപമാകുന്ന മരണത്തിന്റെ മേഖലയിലുള്ളവർക്കാണ്. പാപമാണ് യേശു നല്കുന്ന ജീവന് ഭീഷണിയായി നില്ക്കുന്നത്

### c. ലോകത്തിന്റെ പ്രകാശം

"ജീവജലം", "ജീവന്റെ അപ്പം" എന്നീ രൂപകങ്ങൾ പോലെ തന്നെ യേശു "ലോകത്തിന്റെ പ്രകാശ"മായും സ്വയം പ്രഖ്യാപിച്ചു. (8:12). യോഹന്നാൻ മറ്റൊരിടത്ത് പ്രസ്താവിക്കുന്നു. ദൈവം ഇരുട്ടിന്റെ കലർപ്പില്ലാത്ത പ്രകാശമാകുന്നു എന്ന് (1:5). ഈ പ്രകാശമാണ് യേശുവിലൂടെ ഭൂമിയിലേക്ക് വന്നത് (1:4-5; 3:19). അന്ധകാരത്തെ നിർമ്മാർജ്ജനം ചെയ്യുകയാണ് അതിന്റെ കർത്തവ്യം. പ്രകാശം എന്നതുകൊണ്ട് ദൈവത്തിലുള്ള വിശ്വാസത്തെയും, അന്ധകാരം എന്നതുകൊണ്ട് പാപത്തെയുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ജന്മനാ കുരുടന് അത്ഭുതകരമായി വെളിച്ചം കാണിച്ചുകൊടുക്കുക മാത്രമല്ല അവന്റെ ഹൃദയത്തെ വിശ്വാസത്തിലേക്ക് ആനയിക്കുകയും ചെയ്യുന്നു. അങ്ങനെ താൻ ഉന്നതങ്ങളിൽ നിന്നിറങ്ങി വന്ന പ്രകാശമാണെന്ന് യേശു സ്ഥിരീകരിച്ചു. (9:1-7). അങ്ങനെ ആ അന്ധൻ ലോകത്തിൽ പ്രകാശവും, ലോകത്തിന്റെ യഥാർത്ഥ പ്രകാശമായ ക്രിസ്തുവിനെയും ഒരേ സമയം കണ്ടു.

ജീവനും പ്രകാശവുമായി സ്വയം വെളിപ്പെടുത്തിയ യേശുവിനോടുള്ള ജനങ്ങളുടെ പ്രതികരണം ഭാഗികമായി അനുകൂലവും ഭാഗികമായി പ്രതികൂലവുമായിരുന്നു. ഒരു നിഷേധാർത്ഥ കുറിപ്പോടെയാണ് യോഹന്നാൻ "അടയാളങ്ങളുടെ പുസ്തകം" അവസാനിപ്പിക്കുന്നത് (12:37-50). യഹൂദർ അടയാളങ്ങൾ തിരിച്ചറിഞ്ഞില്ല, കാരണം, അവരിൽ അന്ധകാരം ഉണ്ടായിരുന്നു! എന്നാൽ "മഹത്ത്വത്തിന്റെ പുസ്തകം" അവസാനിപ്പിക്കുന്നത് അനുകൂല ഭാവത്തിലാണ് (20:30-31). യഹൂദർ അടയാളങ്ങളെ ദൈവിക മഹത്ത്വത്തിന്റെ പ്രകടനങ്ങളായി മനസ്സിലാക്കി. കാരണം അവരിൽ പ്രകാശമുണ്ടായിരുന്നു. യേശുവിന്റെ 'അടയാളങ്ങൾ' തിരിച്ചറിഞ്ഞ്, അവന്റെ നാമത്തിൽ എല്ലാവരും നിത്യജീവൻ പ്രാപിക്കുകയെന്നത് (20:31) എല്ലാവർക്കുമായുള്ള വെല്ലുവിളിയായി ഇന്നും നിലകൊള്ളുന്നു!

## B. അപ്പസ്തോല പ്രവർത്തനങ്ങൾ

സുവിശേഷങ്ങളിൽ അവതരിപ്പിച്ചിരിക്കുന്ന ക്രിസ്തുസംഭവത്തെയും, ക്രൈസ്തവസമൂഹങ്ങളിലെ അപ്പസ്തോലന്മാരുടെ ശുശ്രൂഷയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയാണ് "അപ്പസ്തോല പ്രവർത്തനങ്ങൾ" എന്ന പുസ്തകം. പുതിയനിയമ ഗ്രന്ഥങ്ങളെ മുഴുവൻ മനസ്സിലാക്കുവാൻ അതു

www.malankaralibrary.com

നമ്മെ സഹായിക്കുന്നു. യഥാർത്ഥത്തിൽ പുതിയനിയമ ഗ്രന്ഥങ്ങളെല്ലാം തന്നെ രൂപം കൊണ്ടത് ആദിമ ക്രിസ്ത്യാനികളുടെ സുവിശേഷ പ്രഘോഷണത്തിന്റെയും ജീവിത ശൈലിയുടെയും ഫലമായിട്ടാണല്ലോ.

മാത്രമല്ല, "അപ്പസ്തോല പ്രവർത്തനങ്ങൾ"ക്ക് സുവിശേഷങ്ങളുമായി സാഹിത്യപരമായ ബന്ധവുമുണ്ട്. എ.ഡി. 150 വരെ അത് ലൂക്കായുടെ സുവിശേഷത്തിന്റെ തുടർച്ചയായിട്ടാണ് സ്ഥിതി ചെയ്തിരുന്നത്. "തെയോഫിലസ്" എന്ന ഒരാളെത്തന്നെ അഭിസംബോധന ചെയ്തു കൊണ്ടുള്ളതാണ് ഈ രണ്ടു പുസ്തകങ്ങളും (ലൂക്കാ. 1:1-4; അപ്പ. 1:1). അതുപോലെ തന്നെ, നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തോടും പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വാഗ്ദാനത്തോടുംകൂടെ സുവിശേഷം അവസാനിക്കുന്നു; അപ്പസ്തോല പ്രവർത്തനങ്ങൾ സ്വർഗ്ഗാരോഹണത്തോടും പരിശുദ്ധാത്മാവിന്റെ ആഗമനത്തോടും കൂടെ ആരംഭിക്കുന്നു (ലൂക്കാ. 24:49; അപ്പ. 1:6f). അതായത്, സുവിശേഷം അവസാനിപ്പിച്ചിടത്ത് അപ്പസ്തോല പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. അപ്പസ്തോല പ്രവർത്തനത്തിൽ 'സുവിശേഷ'ത്തിന്റെ അത്ഭുതാവഹമായ വ്യാപനമാണ് വിവരിക്കുന്നത്. യേശുവിന്റെ പുനരുത്ഥാനത്തിനു ശേഷമുള്ള ആദ്യത്തെ 30 വർഷക്കാലം ക്രൈസ്തവ സമൂഹങ്ങൾക്ക് അക്കാലത്തെ അറിയപ്പെട്ട ലോകം മുഴുവനിലും ഉണ്ടായ വിജയകരമായ വളർച്ചയും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്.

**ശീർഷകത്തിന്റെ സാർത്ഥകത**

എ.ഡി. 150 അടുത്ത് നാലു സുവിശേഷങ്ങളും ഒറ്റ വാല്യമായി കുത്തിക്കെട്ടാൻ ക്രൈസ്തവർ ശ്രമിച്ചപ്പോഴാണ് അതുവരെ ലൂക്കായുടെ സുവിശേഷത്തിന്റെ ഭാഗമായിരുന്നു "പ്രവർത്തനങ്ങൾ" (Acts) വേർതിരിക്കപ്പെട്ടത്. ഈ സന്ദർഭത്തിൽ ഇതിന് അപ്പസ്തോല പ്രവർത്തനങ്ങൾ – ('പ്രക്സെയിസ് അപ്പോസ്തൊലോൻ = ഗ്രീക്ക്) എന്ന പേരും ലഭിച്ചു. മഹാത്മാക്കളുടെ നടപടികളെപ്പറ്റി "പ്രക്സെയിസ്" (= പ്രവർത്തനങ്ങൾ) എന്നു പറയുക അന്നത്തെ സാധാരണ സമ്പ്രദായമായിരുന്നു. ഉദാ:– അലക്സാണ്ടറുടെ പ്രവർത്തനങ്ങൾ 'ഹന്നിബാളിന്റെ പ്രവർത്തനങ്ങൾ' മുതലായവ ഉണ്ടായിരുന്നതായി കാണാം.

ഏതായാലും 'അപ്പസ്തോല പ്രവർത്തനങ്ങൾ' എന്ന ശീർഷകം അതിന്റെ ഉള്ളടക്കത്തിന് പൂർണ്ണമായും യോജിച്ചതല്ല. കാരണം, 12 അപ്പസ്തോലന്മാരിൽ പത്രോസിന്റെയും പൗലോസിന്റെയും മാത്രം പ്രവർത്തനങ്ങളാണ് ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. യാക്കോബിന്റെയും യോഹന്നാന്റെയും കാര്യങ്ങൾ സാന്ദർഭികമായി പരാമർശിച്ചിട്ടുണ്ടെന്നുള്ളതു ശരിതന്നെ. ആദ്യത്തെ ഏതാനും ആധ്യായങ്ങളിൽ (1-12) പത്രോസിന്റെ പ്രസംഗങ്ങളും പ്രവർത്തനങ്ങളുമാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ബാക്കിയുള്ള

www.malankaralibrary.com

ഭാഗങ്ങളിൽ (13–28) പൗലോസിന്റെ പ്രസംഗങ്ങളും പ്രേഷിതയാത്രകളുമാണ് പ്രധാന പ്രതിപാദ്യം.

## രചനാകാലവും ഗ്രന്ഥകർത്തൃത്വവും

അപ്പസ്തോല പ്രവർത്തനങ്ങൾ ലൂക്കായുടെ സുവിശേഷത്തിന്റെ തുടർച്ചയാണെന്നു പറഞ്ഞല്ലോ. അങ്ങനെയെങ്കിൽ അതിന്റെ രചനാകാലം ലൂക്കാസുവിശേഷത്തിന്റേതിൽ നിന്ന് വളരെ അകലെയാകാൻ വഴിയില്ല. ലൂക്കായുടെ സുവിശേഷം എ.ഡി. 68 അടുത്താണ് എഴുതപ്പെട്ടത്. അതിനാൽ ഈ ഗ്രന്ഥത്തിന്റെ രചനാകാലം എ.ഡി. 70–ന് സമീപം എന്നാണ് കണക്കാക്കപ്പെടുന്നത്. ഗ്രീസിലുള്ള അക്കായിയായിൽവച്ച് ഇത് എഴുതപ്പെട്ടു എന്നാണ് വിശ്വാസം.

തെയോഫിലസ്സിനെ സംബോധന ചെയ്തുകൊണ്ടുള്ള മറ്റൊരു കൃതിയുടെ തുടർച്ചയാണ് അപ്പസ്തോല പ്രവർത്തനങ്ങൾ എന്ന് ഗ്രന്ഥകാരൻ തന്നെ ആരംഭത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ പരാമർശിക്കുന്ന മറ്റേ കൃതി ലൂക്കായുടെ സുവിശേഷമാണെന്നു നാം കണ്ടു. (ലൂക്ക. 1:1–4; അപ്പ. 1:1–2) അതിനാൽ മൂന്നാം സുവിശേഷത്തിന്റെയും അപ്പസ്തോല പ്രവർത്തനങ്ങളുടെയും ഗ്രന്ഥകാരൻ ഒരാൾ തന്നെയെന്നു വ്യക്തമാകുന്നു. മൂന്നാം സുവിശേഷം എഴുതിയത് ലൂക്കായാണെന്ന് ഇന്ന് എല്ലാവരും സമ്മതിക്കുന്നതിനാൽ, 'അപ്പസ്തോല പ്രവർത്തനങ്ങ'ളുടെയും രചയിതാവ് ലൂക്കാതന്നെയാണെന്നു വരുന്നു. മാത്രമല്ല, വിഷയങ്ങൾ, ശൈലി, പദസഞ്ചയം, ഭാഷ എന്നിവ പരിശോധിച്ചാലും ഇരുകൃതികളും തമ്മിൽ വളരെ സാമ്യമുണ്ട്.

## ഉദ്ദേശ്യവും ലക്ഷ്യവും

അന്ന് അറിയപ്പെട്ടിരുന്ന ലോകത്തിൽ ക്രിസ്തുവിന്റെ സുവിശേഷത്തിനു ലഭിച്ച ശക്തവും വിജയപൂർണ്ണവുമായ പുരോഗതി ചിത്രീകരിക്കുകയാണ് നടപടി പുസ്തകത്തിന്റെ മുഖ്യോദ്ദേശ്യം. ഗ്രന്ഥാരംഭത്തിൽ നമ്മുടെ കർത്താവിന്റെ വാക്കുകളിൽത്തന്നെ ഇക്കാര്യം പ്രസ്താവിച്ചിട്ടുണ്ട്. (അപ്പ: 1:8). ലൂക്ക ഒരു യഹൂദേതര ക്രൈസ്തവനായിരുന്നതുകൊണ്ട് യഹൂദേതര ക്രൈസ്തവസമൂഹങ്ങളുടെ ഉത്ഭവത്തിലും വളർച്ചയിലും സവിശേഷമായ താല്പര്യം അദ്ദേഹം പ്രകടിപ്പിച്ചു കാണുന്നു. ഉദാഹരണത്തിന്, ആദ്യത്തെ യഹൂദേതര കുടുംബമായ കൊർണേലിയൂസ് കുടുംബത്തിന്റെ മാനസാന്തരത്തിന്റെയും ജ്ഞാനസ്നാനത്തിന്റെയും വിശദ വിവരണം ഈ ഗ്രന്ഥത്തിൽ നമുക്കു കാണാം. (അപ്പ: 10). ഇതിനും പുറമെ പൗലോസിന്റെ മാനസാന്തരത്തിന്റെ ആവർത്തിച്ചുള്ള വിവരണങ്ങളും (അപ്പ. 9,22,26) വിജാതീയരുടെയിടയിൽ പൗലോസ് നടത്തിയ പ്രേഷിത പ്രവർത്തനങ്ങളും (13:46 – 28:31; cfr. റോമ. 11:13) അതിന് ജെറുസലെം കൗൺസിലിന്റെ അംഗീകാരവും (അപ്പ. 11:18; 15 ഗലാ. 2:11–14) മറ്റും ഈ ഉദ്ദേശ്യം കൂടുതൽ പ്രസ്പഷ്ടമാക്കുന്നവയാണ്.

www.malankaralibrary.com

പരിശുദ്ധാരൂപിയുടെ ശക്തിയാൽ ആരംഭിച്ചതും നയിക്കപ്പെടുന്നതുമായ ക്രൈസ്തവ മതത്തിന്റെ സാർവ്വത്രികതയുടെ സാക്ഷാത്ക്കാരം സാക്ഷ്യപ്പെടുത്തുകയാണ് ഈ ഗ്രന്ഥത്തിന്റെ ആത്യന്തിക ലക്ഷ്യം. സുവിശേഷത്തിന്റെ ലോകവ്യാപകമായ പ്രചാരണത്തെ ആറു ഘട്ടങ്ങളായി ഇവിടെ വിവരിച്ചിരിക്കുന്നു. 1:8-ൽ പറഞ്ഞിട്ടുള്ള ഭൂമിശാസ്ത്രപരമായ ക്രമം ആധാരമാക്കിയാണിതു നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. ദൈവവചനത്തിന്റെ വിസ്മയാവഹമായ പ്രചാരത്തെക്കുറിച്ചുള്ള അഥവാ, സഭയുടെ വളർച്ചയെക്കുറിച്ചുള്ള വിവരണത്തിന്റെ ഒരു സംഗ്രഹത്തോടുകൂടിയാണ് ഓരോ ഘട്ടവും സമാപിക്കുന്നത്. ഒന്നാംഘട്ടം ജറുസലെമിലെ സഭയെക്കുറിച്ചും (1:1– 6:7) രണ്ടാം ഘട്ടം പലസ്തീനായിലെ സഭയെക്കുറിച്ചും (6:8–9-:31) മൂന്നാംഘട്ടം അന്ത്യോക്യായിലെ സഭയെക്കുറിച്ചും (9:32–12:24) നാലാംഘട്ടം ഏഷ്യാമൈനറിലെ സഭയെക്കുറിച്ചും (1-:25–16:5) അഞ്ചാംഘട്ടം യൂറോപ്പിലെ സഭയെക്കുറിച്ചും (16:9–19:20) ആറാംഘട്ടം റോമിലെ സഭയെക്കുറിച്ചും (19:21 –28:31) പ്രതിപാദിക്കുന്നു.

## ഉള്ളടക്കം

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം മുതൽ പത്രോസ്, പൗലോസ് അപ്പസ്തോലന്മാരുടെ മരണംവരെയുള്ള കാലത്തെ സുവിശേഷവത്കരണ പ്രവർത്തനവും ആദിമ ക്രിസ്ത്യാനികളുടെ ജീവിത സാഹചര്യങ്ങളുമാണ് അപ്പസ്തോല പ്രവർത്തനങ്ങളിൽ വിവരിച്ചിരിക്കുന്നത്. പ്രഘോഷണാത്മക സ്വഭാവം ഈ ഗ്രന്ഥത്തിന്റെ മുഖമുദ്രയാണ്. ഉള്ളടക്കത്തിന്റെ അഞ്ചിലൊരു ഭാഗം പത്രോസ്, പൗലോസ്, എസ്തപ്പാനോസ്, ഗമാലിയേൽ തുടങ്ങിയവരുടെ പ്രസംഗങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു എന്നതു തന്നെ ഇതു തെളിയിക്കുന്നു. അകെ 17 പ്രസംഗങ്ങൾ ഇതിലുണ്ട്. ഈ പ്രസംഗങ്ങളുടെ പൊതുസ്വഭാവം ഇങ്ങനെയാണ്: വെറും ഒരു മനുഷ്യൻ എന്നു കരുതി യൂദന്മാർ ക്രൂശിച്ച യേശു യഥാർത്ഥത്തിൽ ദൈവമാണ്. കാരണം അവിടുന്നു മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തു. ഇതു ദൈവത്തിനു മാത്രം സാദ്ധ്യമായ കാര്യമാകുന്നു. അതിനാൽ യൂദന്മാർ തങ്ങളുടെ തെറ്റിനെക്കുറിച്ചു പശ്ചാത്തപിച്ച് യേശുവിൽ വിശ്വസിക്കേണ്ടിയിരിക്കുന്നു (2:22–25:38 etc.)

ഈ ഗ്രന്ഥത്തെ രണ്ടു പ്രധാന ഭാഗങ്ങളായി തിരിക്കാം. ഒന്ന്, പത്രോസിന്റെ നേതൃത്വത്തിൽ പലസ്തീനായിൽ നടന്ന സുവിശേഷ പ്രഘോഷണം (അധ്യാ. 1–12). രണ്ട്, പൗലോസിന്റെ നേതൃത്വത്തിൽ പലസ്തീനയ്ക്കു പുറത്തു നടന്ന സുവിശേഷ പ്രഘോഷണം (അധ്യാ. 13–28). ഇവയ്ക്കു മുമ്പായി, ലൂക്കാ, നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷമുള്ള അവസ്ഥയും ചുരുക്കി വിവരിക്കുന്നുണ്ട്.

ആദ്യഘട്ടത്തിൽ ക്രിസ്തുവിന്റെ അനുയായികളായ ഏകദേശം 120 പേ

www.malankaralibrary.com

രുടെ ഒരു സമൂഹം ഉണ്ടായിരുന്നു (1:15). അവർ മത്തിയാസിനെ തെരഞ്ഞെടുത്ത് അപ്പസ്തോലിക സമൂഹത്തിലെ ഒരാളുടെ കുറവു നികത്തി (1:26). പെന്തക്കുസ്താ ദിവസത്തിൽ പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ സഭ സമുദ്ഘാടനം ചെയ്യപ്പെട്ടു (2:1–4). യേശുവിന്റെ അമ്മയായ മറിയത്തോടൊപ്പം ശിഷ്യന്മാർ നിരന്തരമായ പ്രാർത്ഥനയിൽ മുഴുകി ജറുസലെമിൽ കഴിഞ്ഞിരുന്നപ്പോഴായിരുന്നു പരിശുദ്ധാത്മാവിന്റെ ആഗമനം എന്ന് പ്രത്യേകം പ്രസ്താവിക്കാൻ ലൂക്ക മറന്നില്ല.

## പത്രോസിന്റെ പ്രവർത്തനങ്ങൾ

ഉത്ഥിതനായ ക്രിസ്തുവിനെക്കുറിച്ച് പത്രോസ് ജറുസലെമിൽ പ്രസംഗിക്കുന്നതോടെ ഒന്നാംഭാഗം ആരംഭിക്കുന്നു. ആ പ്രസംഗത്തിന്റെ ഫലമായി മൂവായിരത്തോളം പേർ ക്രിസ്തുവിൽ വിശ്വസിക്കുകയും ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു (2:41). ജറുസലെമിൽ ക്രൈസ്തവ വിശ്വാസം വേരുറച്ചതോടെ ദിനംപ്രതി വിശ്വാസികൾ സംഖ്യയിലും ദൈവത്തിന്റെ കൃപാവരത്തിലും വളരാൻ തുടങ്ങി (2–5). ക്രൈസ്തവ സമൂഹത്തിന്റെ അത്ഭുതകരമായ ഈ വളർച്ച യഹൂദ നേതാക്കളിൽ ഉത്ക്കണ്ഠയുളവാക്കി. അവർ ക്രൈസ്തവരെ പീഡിപ്പിക്കാൻ തീരുമാനിച്ചു. എസ്തപ്പാനോസിനെ കല്ലെറിഞ്ഞു കൊന്നു. വെറെ അനേകം പേരെ ജയിലിലടച്ചു. നിരവധി പേരെ നാടുകടത്തി (8:3). ഇങ്ങനെ നാടുകടത്തപ്പെട്ടവരാകട്ടെ ചെന്നിടത്തെല്ലാം സുവിശേഷം പ്രസംഗിച്ചു. അങ്ങനെ ക്രൈസ്തവ സമൂഹം ജറുസലെമിനു പുറത്തും വളരാൻ തുടങ്ങി (8:4–11:18). അന്ത്യോക്യയിലെ ജനങ്ങൾ സുവിശേഷത്തിനു പൂർണ്ണമനസ്സോടെ കാതോർത്തു. അതിനാൽ ആ നഗരം പിൽക്കാലത്ത് ജറുസലെം പോലെതന്നെ സുവിശേഷവൽകരണത്തിന്റെ ഒരു കേന്ദ്രമായിത്തീർന്നു (11:19–30; 15:1–35). ഈ ഘട്ടത്തിൽ പത്രോസ് തടവിലായി. എന്നാൽ ദൈവം പത്രോസിനെ അത്ഭുതകരമായി മോചിപ്പിച്ചു. പിന്നെ അദ്ദേഹം വേറൊരു സ്ഥലത്തേക്കു പോയി (12-1–17). ഇതിനുശേഷം 15–ാം അധ്യായത്തിൽ മാത്രമേ പത്രോസിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചു പറയുന്നുള്ളു.

## പൗലോസിന്റെ പ്രവർത്തനങ്ങൾ

പത്രോസിന്റെ അത്ഭുതകരമായ മോചനത്തിന്റെ സമയംമുതൽ പൗലോസ് നേതൃസ്ഥാനം ഏറ്റെടുക്കുന്നതായിട്ടാണ് അപ്പസ്തോല പ്രവർത്തനങ്ങളുടെ രണ്ടാം ഭാഗത്ത് നാം കാണുന്നത് (13–28). ആദ്യത്തെ പ്രേഷിതയാത്രവഴി പൗലോസ് വിശ്വാസത്തെ സൈപ്രസിലേക്കും ഏഷ്യാമൈനറിലേക്കും എത്തിച്ചു (13–14). അടുത്ത രണ്ടു യാത്രകളിൽ അദ്ദേഹം മാസിഡോണിയായിലും ഗ്രീസിലും സുവിശേഷം പ്രസംഗിച്ചു (15:36–18:22; 18:23–21:17). ഓരോ യാത്രയ്ക്കും ശേഷം പൗലോസ് ജറുസലെമിലും അന്ത്യോക്യായിലും തിരിച്ചെത്തിയിരുന്നു. ഇപ്രകാരം മൂന്നാം യാത്രയ്ക്കു

www.malankaralibrary.com

ശേഷം ജറുസലെമിൽ തിരിച്ചുവന്നപ്പോൾ അദ്ദേഹത്തെ അധികാരികൾ അറസ്റ്റു ചെയ്ത് സെസറിയായിൽ തടങ്കലിലാക്കി (21:18–26:32). പിന്നീട് തടവുകാരനായ അദ്ദേഹത്തെ റോമിലേക്കു കൊണ്ടുപോയി. ഇതും അദ്ദേഹത്തിന്റെ മറ്റൊരു സുവിശേഷ പ്രഘോഷണ യാത്രയായിരുന്നുവെന്നു പറയാം (27–28). ചങ്ങലയിട്ട തടവുകാരനായിരുന്നിട്ടുകൂടി മാൾട്ടായിലും (28:1–10) റോമിലും (28 :11–31) അദ്ദേഹം സുവിശേഷം പ്രസംഗിച്ചു. റോം അക്കാലത്ത് ലോകത്തിന്റെ തലസ്ഥാന നഗരമായിരുന്നതുകൊണ്ട് റോമിനെ "ലോകത്തിന്റെ അതിർത്തി" (1:8) എന്നു ലൂക്കാ കരുതിയിരിക്കണം. റോമിലെത്തിയതോടെ സുവിശേഷ പ്രഘോഷണത്തിന്റെ സാർവ്വത്രികതയുടെ സാക്ഷാത്ക്കാരമായെന്നും തന്റെ രചന അവസാനിപ്പിക്കാമെന്നും ലൂക്ക വിചാരിച്ചെന്നുവരാം.

www.malankaralibrary.com

## അധ്യായം - 13

# ലേഖനങ്ങൾ

നാലു സുവിശേഷങ്ങൾക്കും അപ്പസ്തോല പ്രവർത്തനങ്ങൾക്കും പുറമേ, പുതിയ നിയമത്തിൽ ആകെ ഇരുപത്തൊന്ന് ലേഖനങ്ങളും ഒരു വെളിപാടു പുസ്തകവുമുണ്ട്. പത്രോസ്, പൗലോസ്, യാക്കോബ്, യോഹന്നാൻ, യൂദാ എന്നീ ശ്ലീഹന്മാരുടെ പേരുകളിലാണ് ലേഖനങ്ങൾ അറിയപ്പെടുന്നത്. ലേഖനങ്ങളിൽ ഏറ്റവും ചെറുത് യോഹന്നാന്റെ രണ്ടാമത്തെ ലേഖനമാണ്. അതിൽ 13 വാക്യങ്ങളേ ഉള്ളൂ. യൂദായുടെ ലേഖനവും പൗലോസ് ഫിലെമോന് എഴുതിയ ലേഖനവും ഹ്രസ്വമാണ്. രണ്ടിലും 25 വാക്യങ്ങൾ വീതമുണ്ട്. ഏറ്റവും ദൈർഘ്യമുള്ള ലേഖനം പൗലോസ് റോമാക്കാർക്ക് എഴുതിയതാണ്. അതിൽ 16 അദ്ധ്യായങ്ങളും, 433 വാക്യങ്ങളും 3500 വാക്കുകളുമുണ്ട്. ആകെയുള്ള ലേഖനങ്ങളുടെ മൂന്നിൽ രണ്ടു ഭാഗംവരും പൗലോസിന്റെ ലേഖനങ്ങൾ. ഇവ പ്രത്യേക സഭകളെയും വ്യക്തികളെയും സംബോധന ചെയ്തുകൊണ്ടുള്ളവയാണ്. എന്നാൽ മറ്റുള്ളവരുടെ, ലേഖനങ്ങൾ സാർവ്വത്രികസഭയെയാണ് സംബോധന ചെയ്യുന്നത്. അവയുടെ ഈ സാർവ്വത്രിക സ്വഭാവം കൊണ്ട് അവയെ "കാതോലിക ലേഖനങ്ങൾ" എന്ന് വിളിക്കുന്നു.

## A. പൗലോസിന്റെ ലേഖനങ്ങൾ

പൗലോസിന്റെ ലേഖനങ്ങളെക്കുറിച്ച് പറയുമ്പോൾ ഓർത്തിരിക്കേണ്ട ഒരു സുപ്രധാന സംഗതിയുണ്ട്. ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ ഒരു രത്നചുരുക്കം അവയിൽ കണ്ടെത്താവുന്നതാണ്. എങ്കിലും ഒരു ദൈവശാസ്ത്ര പ്രബന്ധം രചിക്കുക എന്നതായിരുന്നില്ല ഗ്രന്ഥകാരന്റെ ഉദ്ദേശ്യം. ചില സഭകളിൽ പ്രത്യേക പ്രശ്നങ്ങൾ ഉണ്ടായപ്പോൾ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിക്കൊണ്ട് പൗലോസ് അയച്ച കത്തുകളാണ് മിക്കവയും. എന്നുവരികിലും ദൈവശാസ്ത്ര വിശകലനവും അവയിൽ ഉൾക്കൊണ്ടിട്ടുണ്ട്. ആകയാൽ അവയെ വെറും സ്വകാര്യക്കത്തുകളായി മാത്രം കരുതാനും പറ്റില്ല. ആ സഭകളിൽ പൗലോസുതന്നെ മുമ്പു ചെയ്ത പ്രസംഗങ്ങളിലെ ചില

www.malankaralibrary.com

കാര്യങ്ങളെ കുറിച്ചുള്ള വിശദീകരണങ്ങളാണ് അവയിലധികവും. അതിനാൽ അവയിലടങ്ങിയിരിക്കുന്ന തത്ത്വസംഹിത എല്ലാകാലത്തെയും എല്ലാവിശ്വാസികളെയും ബാധിക്കുന്നതാണ്.

14 ലേഖനങ്ങളാണ് പൗലോസിന്റെ പേരിൽ പരമ്പരാഗതമായി അറിയപ്പെടുന്നത്. ഇവയിൽ അവസാനത്തേതായ ഹെബ്രായർക്കുള്ള ലേഖനത്തിൽ പൗലോസിന്റെ പേരോ ഇതര ലേഖനങ്ങളുടെ രചനാശൈലിയോ കാണുന്നില്ല. അതേസമയം അദ്ദേഹത്തിന്റെ ആശയങ്ങളും അഭിപ്രായങ്ങളുമാണ് അതിന്റെ ഉള്ളടക്കവും! അതിനാൽ AD 67-ൽ പൗലോസിന്റെ മരണത്തിനു ശേഷം അദ്ദേഹത്തിന്റെ ശിഷ്യന്മാരിലൊരാൾ ഹെബ്രായർക്കെഴുതിയതാണ് ഈ ലേഖനം എന്ന് ഇന്ന് കത്തോലിക്ക പണ്ഡിതന്മാരുൾപ്പെടെ എല്ലാവരും സമ്മതിക്കുന്നു. പൗലോസ് എഴുതിയ പല ലേഖനങ്ങളും നമുക്കു ലഭിച്ചിട്ടില്ല എന്ന വസ്തുതയും അറിഞ്ഞിരിക്കേണ്ടതുണ്ട്. കൊറിന്തിയർക്കുള്ള ലേഖനങ്ങളിൽ വേറെ രണ്ടു കത്തുകളെ കുറിച്ചുകൂടി പറയുന്നു (1 കോറി. 5:9;2 കോറി. 2:4). ലാവോദിക്കിയക്കാർക്ക് ഒരു കത്തെഴുതിയിരുന്നതായി കൊളോസ്യർക്കുള്ള ലേഖനത്തിലും (4:16) പറയുന്നു. ഇവയെപ്പറ്റി ഇതുവരെയും വ്യക്തമായ തെളിവു ലഭിച്ചിട്ടില്ല!

**പൗലോസ് അപ്പസ്തോലൻ**

യഹൂദനെങ്കിലും പാലസ്തീനായ്ക്കു പുറത്താണു പൗലോസ് ജനിച്ചത്. സിറിയായിൽപ്പെട്ട കിലിക്യായിലെ താർസോസ് നഗരത്തിൽ എ.ഡി. 10-ാം ആണ്ടിനടുത്ത് അദ്ദേഹം ജാതനായി. (അപ്പ. 9:11; 21:39; 22:3) യേശുവിന്റെ കുരിശുമരണകാലത്ത് പൗലോസിന് 20 വയസ്സോളം പ്രായമുണ്ടായിരുന്നു. യേശുവിനെ അദ്ദേഹം ഒരിക്കലെങ്കിലും നേരിട്ടു കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ ജീവിതത്തെ സംബന്ധിക്കുന്ന മിക്ക വിവരങ്ങളും 'അപ്പസ്തോല പ്രവർത്തനങ്ങളിൽ' നിന്നും അദ്ദേഹത്തിന്റെ തന്നെ ലേഖനങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.

പൗലോസ് ബെഞ്ചമിൻ ഗോത്രത്തിൽപ്പെട്ട ഒരു ഫരിസേയനായിരുന്നു. (റോമ. 11:1; ഫിലി. 3:5; അപ്പ. 23:6). ജന്മനാ താൻ ഒരു റോമൻ പൗരനാണെന്ന് അദ്ദേഹം അവകാശപ്പെട്ടിട്ടുണ്ട്. (അപ്പ. 16:37f; 22:28; 23:27). യുവാവായിരിക്കെ അദ്ദേഹം ഉപരിപഠനത്തിനായി ജറുസലെമിൽ വന്നു; ഗമാലിയേലിന്റെ ശിഷ്യനായി. നിയമത്തിലും മതതത്ത്വ സംഹിതയിലുമുള്ള പൗലോസിന്റെ വ്യുല്പത്തിക്ക് ഗമാലിയേൽ ശക്തമായ അടിത്തറപാകി. (അപ്പ. 22:3; cfr. 5:34; 23:16).

**പൗലോസ്**

അദ്ദേഹം ആദിമക്രിസ്ത്യാനികളുടെ കഠിന പീഡകരിൽ ഒരാളായിരുന്നു. (അപ്പ. 24:4f; 26:9-12; ഗലാ. 1:13; ഫില. 3:6) എസ്തപ്പാനോസിന്റെ രക്ത

www.malankaralibrary.com

സാക്ഷിത്വത്തിലും പങ്കുവഹിച്ചിട്ടുണ്ട്. (അപ്പ. 7: 58; 22:20; 26:10). പിന്നീട് ക്രൈസ്തവരെ പീഡിപ്പിക്കാൻ വേണ്ടി ഡമാസ്കസിലേക്കു പോകവേ, പൗലോസിന് ഉത്ഥിതനായ ക്രിസ്തുവിന്റെ ഒരത്ഭുത ദർശനമുണ്ടായി. ഇത് അദ്ദേഹത്തിന്റെ ജീവിതത്തെയാകെ മാറ്റിമറിച്ചു. ഇപ്രകാരം എ.ഡി. 34 അടുത്ത് ഉദ്ദേശം 24-ാം വയസ്സിൽ അദ്ദേഹം ക്രിസ്തു വിശ്വാസിയായി. (അപ്പ. 9:3f; 22:6f; 26:12f). അന്നുമുതൽ തന്നെ അദ്ദേഹം തന്റെ ജീവിതം പ്രേഷിതപ്രവർത്തനത്തിനായി സമർപ്പിച്ചു. (cfr. 1 കോറി. 9:1; ഗലാ 1-1; തീർത്തു. 1:1; cfr. ഗലാ. 1:15). വിജാതീയരുടെ അപ്പസ്തോലൻ എന്നാണ് പൗലോസ് അറിയപ്പെടുന്നത്. (ഗലാ. 1:16; എഫെ. 3:1-2; അപ്പ. 9:15; 13:46). കൂടാതെ സാവൂൾ എന്ന യഹൂദനാമത്തിലേക്കാളധികം പൗലോസ് എന്ന ഗ്രീക്കു നാമത്തിലാണ് അദ്ദേഹം പിന്നീട് അറിയപ്പെട്ടത്. (അപ്പ. 7:5; 9:14; 13:9; 13:13f).

ഏതാണ്ട് 10 സംവത്സരകാലം പ്രാർത്ഥിച്ചും ധ്യാനിച്ചും പഠിച്ചും തയ്യാറെടുത്തതിനു ശേഷമാണ് പൗലോസ് തന്റെ പ്രേഷിതയാത്രകൾ ആരംഭിച്ചത്. (എ.ഡി. 45-ൽ). 22 നീണ്ടവർഷങ്ങൾ ഏഷ്യാമൈനറിലും ഗ്രീസിലും പരക്കെ അദ്ദേഹം സഞ്ചരിച്ചു. പ്രസ്തുത യാത്രകൾ എ.ഡി. 67-ൽ റോമിൽ വച്ചു അദ്ദേഹം രക്തസാക്ഷിയാകുന്നതുവരെ തുടർന്നു. ഈ പ്രേഷിതയാത്രകളുടെ ഇടയ്ക്കാണ് പൗലോസ് ലേഖനങ്ങൾ എഴുതി അയച്ചത്.

**ലേഖനങ്ങളുടെ സ്വഭാവം**

കടലാസോ, അച്ചടിയന്ത്രങ്ങളോ ഇല്ലാതിരുന്ന അക്കാലത്ത് ലേഖനങ്ങളുടെ രചന ദുഷ്ക്കരമായ ഒരു കൃത്യമായിരുന്നു. ഓരോ കത്തും അതിന്റെ ഓരോ കോപ്പിയും കൈ കൊണ്ടുതന്നെ എഴുതേണ്ടിയിരുന്നു. പെട്ടെന്ന് ഉണങ്ങുന്ന മഷി ഇല്ലാതിരുന്നതിനാൽ വളരെ സാവകാശം മാത്രമേ എഴുത്ത് നടന്നിരുന്നുള്ളൂ. നല്ല എഴുത്തുകാരൻ ഒരു ദിവസം മുഴുവൻ ജോലി ചെയ്താലും 70 വാക്കുകളിലധികം എഴുതിയിരുന്നില്ല. അങ്ങനെയെങ്കിൽ 3500 വാക്കുകളുള്ള റോമാക്കാർക്കുള്ള ലേഖനം എഴുതാൻ 50 ദിവസമെങ്കിലും പൗലോസ് ചെലവഴിച്ചുകാണണം!

അവിരാമം പ്രസംഗിച്ചു നടന്ന പൗലോസിന് ലേഖനങ്ങളെല്ലാം സ്വന്തം കൈകൊണ്ട് എഴുതാൻ സമയം കിട്ടികാണുകയില്ല. അതുകൊണ്ട് തന്റെ ആശയങ്ങൾ പറഞ്ഞുകൊടുത്ത് തെർസിയൂസിനെപ്പോലെയുള്ള എഴുത്തുകാരെക്കൊണ്ട് അദ്ദേഹം എഴുതിച്ചിരിക്കണം. (റോമ. 16:22). ചില സന്ദർഭങ്ങളിൽ പൗലോസ് തന്നെ ചില വാക്കുകൾ എഴുതി ചേർക്കുകയും, അവസാനം തന്റെ അംഗീകാരമുദ്ര പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്. (2 തെസ. 3:17. ഗലാ. 6:11; കൊളോ. 4:18).

എല്ലാ കത്തുകളുടെയും ഘടന ഒരേവിധം തന്നെയാണ്. കത്തുകളുടെ സ്വഭാവം അവയ്ക്കെല്ലാമുണ്ട്. എഴുതുന്ന ആളുടെയും ഉദ്ദിഷ്ടവ്യക്തിയുടെയും

www.malankaralibrary.com

പേരുകൾ ആദ്യം വരുന്നു. (1 തെസ. 1:1; 2 തെസ. 1–2). തുടർന്ന് ഒരു കൃത ജ്ഞതാ പ്രകാശനം (1 തെസ. 1: 26–3). അതിനു ശേഷമാണ് ഉദ്ദിഷ്ടസ ന്ദേശം. അവസാനം ഔപചാരികമായ ഒരഭിവാദനമോ, ആശിസ്സോ, പ്രാർത്ഥ നാപൂർവ്വകമായ ആശംസയോ കാണാം. (1 തെസ. 5:23–28).

പൗലോസിന്റെ ലേഖനങ്ങളെ സാധാരണ മൂന്നു വിഭാഗങ്ങളായി തിരി ക്കാറുണ്ട്. (a) പ്രധാനലേഖനങ്ങൾ (major epistles): റോമാ 1,2 കൊറിന്ത്യർ, ഗലാത്തിയർ. ഈ 4 ലേഖനങ്ങളുടെയും ഉള്ളടക്കം പൊതുസ്വഭാവമുള്ളതും സ്ഥായിയായ ദൈവശാസ്ത്ര മൂല്യമുള്ളതുമാണ്. (b) തടവറക്കത്തുകൾ (captivity letters): എഫേസ്യർ, ഫിലിപ്പിയർ, കൊളോസ്യർ, ഫിലെമോൻ. ബന്ധനസ്ഥനായിരുന്ന കാലങ്ങളിൽ പൗലോസ് എഴുതിയവയാണ് ഈ കത്തു കൾ. (c) അജപാലക ലേഖനങ്ങൾ (pastoral letters): 1,2 തിമോത്തി, തീ ത്തൂസ്. അജപാലകർ അഥവാ മെത്രാന്മാരായിട്ടുള്ളവർക്ക് എഴുതപ്പെട്ടവയാ യതുകൊണ്ടാണ് അവയെ അജപാലക ലേഖനങ്ങൾ എന്നു പറയുന്നത്. വി ശ്വാസികളുടെ ഭരണക്രമീകരണം സംബന്ധിച്ച കാര്യങ്ങൾ അവയിൽ പ്ര ത്യേകം പറയുന്നുണ്ട്. തിമോത്തിക്കുള്ള രണ്ടാം ലേഖനവും തടവറയിൽവ ച്ചാണ് എഴുതിയത്. എങ്കിലും അതിനെ അജപാലക ലേഖനങ്ങളുടെ ഗണ ത്തിലാണ് ഉൾപ്പെടുത്താറ് (2 തിമോ. 1:8, 16; 2:9). തെസലോണിയർക്കും ഹെബ്രായർക്കുമുള്ള ലേഖനങ്ങളെ മുൻപറഞ്ഞ ഗണങ്ങളിലൊന്നും സാ ധാരണ പെടുത്താറില്ല.

ലേഖനങ്ങളും കത്തുകളും തമ്മിലുള്ള വ്യത്യാസം അത്ര പ്രധാനപ്പെട്ട ഒരു സംഗതിയല്ല. എങ്കിലും ലേഖനങ്ങൾ പ്രത്യേക സഭകൾക്ക് എഴുതിയവ യാണ്. അതുകൊണ്ട് അവയ്ക്ക് കത്തുകളെക്കാളധികം സാർവ്വ ലൗകിക പ്രസക്തിയുണ്ടെന്ന് പൊതുവായ ഒരു ധാരണയുണ്ട്. കത്തുകൾ പൊതുവെ വ്യക്തികളെയാണ് സംബോധന ചെയ്തിരിക്കുന്നത്. ഇങ്ങനെ കരുതിയാൽ പൗലോസിന്റെ ലിഖിതങ്ങളിൽ റോമാക്കാർക്കും 1,2 കൊറിന്ത്യർക്കും ഗലാ ത്യർക്കും എഫേസ്യർക്കും ഉള്ളവയെ ലേഖനങ്ങളായും മറ്റുള്ളവയെ കത്തു കളായും കണക്കാക്കാം.

പൗലോസിന്റെ ലേഖനങ്ങൾ പുതിയനിയമത്തിൽ ചേർത്തിട്ടുള്ളത് അവ എഴുതപ്പെട്ട കാലക്രമം അനുസരിച്ചല്ല; ദൈവശാസ്ത്രപരമായ പ്രാധാന്യ ത്തിന്റെ അടിസ്ഥാനത്തിലാണ്.

## 1. റോമാക്കാർക്കുള്ള ലേഖനം

ഈ ലേഖനത്തിന് അതുല്യമായ പല സവിശേഷതകളും ഉണ്ട്. പൗലോസിന്റെ ലേഖനങ്ങളിൽ ഏറ്റവും ദീർഘമായത് ഈ ലേഖനമാണ്. താൻ സ്ഥാപിക്കുകയോ സന്ദർശിക്കുകയോ ചെയ്തിട്ടില്ലാത്ത ഒരു സഭയ്ക്ക് പൗലോസ് എഴുതിയതാണ് ഇത്.

www.malankaralibrary.com

അദ്ദേഹത്തിന്റെ ഇതര ലേഖനങ്ങൾ പോലെ, പ്രശ്നങ്ങൾക്ക് മറുപടി പറയാനോ, വിശ്വാസികളുടെ വിഷമതകൾ പരിഹരിക്കാനുതകുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനോ എഴുതിയതല്ല ഈ ലേഖനം. ഇതിനെല്ലാം പുറമെ റോമാക്കാർക്കുള്ള ലേഖനത്തിന് മറ്റൊരു പ്രാധാന്യം കൂടിയുണ്ട്. അപ്പസ്തോല പിതാക്കന്മാരുടെ ലിഖിതങ്ങളിൽ ഏറ്റവും അധികമായി ഈ ലേഖനത്തിൽ നിന്നാണ് ഉദ്ധരിച്ചിട്ടുള്ളത്. ഏറ്റവും പ്രധാനപ്പെട്ട ദൈവശാസ്ത്രവിഷയങ്ങൾ ഇതിൽ ചർച്ച ചെയ്തിരിക്കുന്നതായി കാണാം. ചുരുക്കത്തിൽ, റോമാക്കാർക്കുള്ള ഈ ലേഖനം സഭയുടെ ചരിത്രത്തിലെ പ്രധാനപ്പെട്ട എല്ലാ സംഭവ വികാസങ്ങൾക്കും, ആദ്ധ്യാത്മിക നവീകരണങ്ങൾക്കും നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്.

## സ്ഥലകാലങ്ങളും വിഷയവ്യാപ്തിയും

റോമാക്കാർക്കുള്ള ലേഖനം എ.ഡി. 58-ൽ പൗലോസിന്റെ മൂന്നാമത്തെ പ്രേഷിത യാത്രയുടെ അന്ത്യത്തിൽ അദ്ദേഹം കോറിന്തോസിൽ താമസിച്ചിരുന്നപ്പോഴാണ് എഴുതപ്പെട്ടത്. (അപ്പ. 20:2-3).

വിജാതീയരുടെ അപ്പസ്തോലൻ എന്നനിലയിൽ റോമാ സന്ദർശിക്കാൻ പൗലോസ് വളരെകാലമായി ആഗ്രഹിച്ചിരുന്നു. തന്റെ ഉദ്ദിഷ്ട സന്ദർശനത്തിന് ഒരുക്കം എന്ന നിലയിലാണ് ഈ ലേഖനം അദ്ദേഹം എഴുതിയത്. (റോമ 15:22-24).

റോമാക്കാർക്കുള്ള ലേഖനത്തിന്റെ 16-ാം അദ്ധ്യായം ചില ബുദ്ധിമുട്ടുകൾ ഉളവാക്കുന്നുണ്ട്. അതിൽ കുറെ അധികമാളുകളെ പൗലോസ് വ്യക്തിപരമായി അഭിവാദനം ചെയ്യുന്നതായി കാണാം. പൗലോസ് ഒരിക്കലും സന്ദർശിച്ചിട്ടില്ലാത്ത ഒരു സ്ഥലത്ത് അദ്ദേഹത്തിന് അത്രയേറെ സുഹൃത്തുക്കൾ ഉണ്ടായിരുന്നുവെന്നത് അവിശ്വസനീയമായി തോന്നുന്നു! മാത്രമല്ല, ലേഖനങ്ങളുടെ സാധാരണ സമാപനരീതി 15-ാം അധ്യായത്തിന്റെ അവസാനത്തിൽ നല്കിയിരിക്കുന്നതായും കാണാം. പതിവുള്ള അഭിവാദനത്തോടും "ആമ്മേനോ"ടും കൂടിയാണ് 15-ാം അധ്യായം അവസാനിക്കുന്നത്. അതുകൊണ്ട് 16-ാം അധ്യായം ലേഖനത്തിൽ നിന്നും വേറിട്ടുനില്ക്കുന്ന പ്രതീതി ഉളവാക്കുന്നു.

ഈ പ്രശ്നം സംബന്ധിച്ച് ഇന്ന് പണ്ഡിതന്മാർ കുറെക്കൂടി വ്യക്തമായ നിഗമനത്തിലെത്തിച്ചേർന്നിട്ടുണ്ട്. റോമാക്കാർക്കുള്ള ലേഖനത്തിന്റെ സമ്പൂർണ്ണമായ ഒരു പകർപ്പ് എഫെസൂസിലെ സഭയ്ക്കും അയച്ചു കൊടുക്കാൻ തീരുമാനിച്ചു. തദവസരത്തിൽ ഈ 16--ാം അദ്ധ്യായം അവർക്കുവേണ്ടി, മാത്രം എഴുതിച്ചേർത്തതാണ്. കാരണം, പൗലോസ് എഫെസോസിൽ പല പ്രാവശ്യമായി മൂന്നു വർഷത്തിൽ കുറയാതെ താമസിച്ചിട്ടുണ്ട്. (അപ്പ. 19:8-10; 20:31) തൽഫലമായി ധാരാളംപേരെ പരിചയപ്പെട്ടിട്ടുമുണ്ട്. അവരെയാണ്

www.malankaralibrary.com

പേരെടുത്തു പറഞ്ഞ് ആശംസിച്ചിരിക്കുന്നത്. പിൽക്കാലത്ത് ലേഖനം പ്രസാധം ചെയ്തവർ ഈ 16-ാം അദ്ധ്യായവും റോമാക്കാർക്കുള്ള ലേഖനത്തിന്റെ കൂടെ പ്രസിദ്ധീകരിച്ചു. ഈ അഭിപ്രായമാണ് പൊതുവെ സ്വീകാര്യമായി തോന്നുന്നത്.

## ഉള്ളടക്കവും ദൈവശാസ്ത്രവും

ലേഖനത്തിൽ പ്രതിപാദിക്കാൻ ഉദ്ദേശിച്ച വിഷയങ്ങൾ ലേഖനാരംഭത്തിൽ തന്നെ പൗലോസ് ചുരുക്കിപ്പറയുന്നുണ്ട്. സുവിശേഷം, ദൈവത്തിന്റെ ശക്തി, രക്ഷ, വിശ്വാസം, വെളിപാട്, നീതി, യഹൂദർ, വിജാതീയർ എന്നിങ്ങനെ നീളുന്നു ആ വിഷയങ്ങൾ (1:6-17).

1:18-4:25. വിശ്വാസം മൂലമുള്ള നീതി. മോശയുടെ നിയമത്തെ കണക്കറ്റ് ആശ്രയിക്കുന്ന യഹൂദ വീക്ഷണത്തിലെ അസന്തുലനം തിരുത്താൻ പൗലോസ് ശ്രമിക്കുന്നു.

പൗലോസിന്റെ വീക്ഷണത്തിൽ ദൈവഹിഹിതം യഹൂദർക്കു വെളിപ്പെടുത്തിക്കൊടുത്തു എന്നതുകൊണ്ടാണ് മോശയുടെ നിയമം നല്ലതും പരിശുദ്ധവുമായിരിക്കുന്നത്. എന്നാൽ, നിയമാനുഷ്ഠാനത്തിന് ആവശ്യമായ ആദ്ധ്യാത്മികശക്തി പ്രദാനം ചെയ്യാൻ കേവലം നിയമമെന്ന നിലയിൽ അതിനു കഴിവില്ല. നിയമത്തിനു ചെയ്യാൻ കഴിയുന്നത് പാപത്തെക്കുറിച്ച് ജനങ്ങൾക്ക് അവബോധം നല്കുക എന്നതു മാത്രമാണ്. യഹൂദരും യഹൂദേതരുമായ എല്ലാ ജനങ്ങൾക്കും ഈ സഹായം ആവശ്യമാണ്. തീർച്ചയായും അത് ദൈവത്തിന്റെ ദാനം തന്നെയാണ്. നീതിമാനായ ദൈവം ഈ ദാനം എല്ലാവർക്കും നല്കുന്നു. എന്നാൽ വിശ്വാസമുള്ളവർ മാത്രം അതു സ്വീകരിക്കുകയും നീതീകരിക്കപ്പെടുകയും ചെയ്യുന്നു. ഇപ്രകാരം വിശ്വാസം മൂലമുള്ള നീതീകരണത്തിന് ഒരുദാഹരണമാണ് അബ്രാഹം.

5-8: ഉത്ഭവ പാപവും രക്ഷാദാനവും: ആദത്തിന്റെ പാപം മൂലം മനുഷ്യവംശം ദുഷിതമായി. സ്വന്തം ശക്തികൊണ്ട് ഉത്ഭവ പാപത്തിന്റെ പ്രത്യാഘാതങ്ങളിൽനിന്ന് തന്നെത്തന്നെ രക്ഷിക്കാൻ മനുഷ്യന് കഴിവില്ല. ദൈവത്തിന്റെ കരുണയാലാണ് മനുഷ്യൻ രക്ഷിക്കപ്പെടുന്നത്. വിശ്വാസത്താൽ മിശിഹായോടു യോജിക്കുന്നവരും മാമ്മോദീസയിലൂടെ ദൈവാത്മാവിൽ വീണ്ടും ജനിക്കുന്നവരുമാണ് ഈ രക്ഷയിൽ പങ്കുകാരാകുക.

9.11 ഇസ്രായേലിന്റെ സ്ഥിതി: ദൈവം ഇസ്രായേൽ ജനതയെ തെരിഞ്ഞെടുത്തെങ്കിലും ദൈവത്തിന്റെ തെരിഞ്ഞെടുപ്പിന് അനുസൃതമായി ജീവിക്കാൻ അവരിൽ പലർക്കും കഴിഞ്ഞില്ല.

www.malankaralibrary.com

അങ്ങനെ അവർ രക്ഷയുടെ പരിധിയിൽ നിന്നും സ്വയം പുറത്തുപോയി. എങ്കിലും ദൈവം അവരെ ഉപേക്ഷിച്ചില്ല. അവർ വിശ്വസിച്ചാൽ രക്ഷിക്കപ്പെടും.

12:15-13 ക്രൈസ്തവരുടെയിടയിലെ സാന്മാർഗ്ഗിക ജീവിതം. ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടവരെല്ലാം - യഹൂദനായാലും വിജാതിയനായാലും - ഒരേ ശരീരം എന്നപോലെയും ഒരു കുടുംബം എന്നപോലെയും പരസ്പരം സ്നേഹിക്കാൻതക്കവിധം വിനയമുള്ളവർ ആയിരിക്കണം.

15:14-1627 ഉപസംഹാരം. വ്യക്തിപരമായ കാര്യങ്ങൾ, ശിപാർശകൾ, അഭിവാദനങ്ങൾ.

## 2. കോറിന്തോസുകാർക്കുള്ള ലേഖനങ്ങൾ

പൗലോസിന്റെ രണ്ടാം പ്രേഷിത യാത്രയിലാണ് (50-52 എ.ഡി) അദ്ദേഹം കോറിന്തോസ് സന്ദർശിച്ചത്. കോറിന്തോസുകാർക്കിടയിൽ ദൈവവചനം പ്രസംഗിച്ചുകൊണ്ട് 18 മാസം അദ്ദേഹം അവിടെ തങ്ങി (അപ്പ. 18:1-11). മൂന്നാം പ്രേഷിതയാത്രയിൽ (എ.ഡി. 54-58) അദ്ദേഹം വീണ്ടും കോറിന്തോസ് സന്ദർശിച്ച് മൂന്നുമാസം അവിടെ ചെലവഴിച്ചു (അപ്പ. 20:2-3). ജനവാസ കേന്ദ്രങ്ങളിൽ ക്രൈസ്തവ വിശ്വാസം ഉറപ്പിക്കുക എന്നതായിരുന്നു പൗലോസിന്റെ സാധാരണ നയം. ഗ്രീസിലെ വലിയ വ്യവസായ നഗരങ്ങളിൽ ഒന്നായിരുന്നു കോറിന്ത്. ആറു ലക്ഷത്തോളം ജനങ്ങൾ പാർത്തിരുന്ന ആ നഗരങ്ങളിലെ ഏതാണ്ട് 4 ലക്ഷം പേർ അടിമകളായിരുന്നു. കോറിന്തിനെ സുവിശേഷ പ്രചരണത്തിനുള്ള കേന്ദ്രമായി തെരിഞ്ഞെടുത്ത്, അവിടെനിന്ന് അക്കായിയാ മുഴുവനിലേക്കും സുവിശേഷം വ്യാപിപ്പിക്കാൻ പൗലോസ് നിശ്ചയിച്ചു (2 കോറി. 1:1; 9:2).

കോറിന്തിൽ പൗലോസ് സ്ഥാപിച്ച ക്രൈസ്തവസമൂഹം വളർന്നു ശക്തമായി. സഭാംഗങ്ങളിലധികപങ്കും പാവപ്പെട്ടവരായിരുന്നു (1 കോറി. 1:26--28). അസാന്മാർഗ്ഗികതയ്ക്കും തദനുസൃതമായ ചിന്താതരംഗങ്ങൾക്കും കുപ്രസിദ്ധമായിരുന്നു കോറിന്ത്. അവിടത്തേ ഈ സാഹചര്യം ക്രൈസ്തവ ജീവിതത്തിൽ പല പ്രശ്നങ്ങളും ഉയർത്തി. അത്തരം പ്രശ്നങ്ങൾക്കു പരിഹാരമാർഗ്ഗം നിർദ്ദേശിക്കുക എന്നതായിരുന്നു കോറിന്തിലെ സഭയ്ക്കു ലേഖനങ്ങളെഴുതാൻ പൗലോസിനെ പ്രേരിപ്പിച്ചത്.

### സ്ഥലവും കാലവും

കൊറീന്ത്യർക്കുള്ള ആദ്യലേഖനം എ.ഡി. 57-ൽ എഫേസൂസിൽവച്ച് എഴുതപ്പെട്ടു. പൗലോസിന്റെ മൂന്നാം പ്രേഷിതയാത്ര (എ.ഡി. 54 -58)യ്ക്കി

www.malankaralibrary.com

ടയിലായിരുന്നു അത്. തന്റെ രണ്ടാമത്തെയും മൂന്നാമത്തെയും പ്രേഷിതയാത്രകളിൽ പൗലോസ് എഫേസൂസ് സന്ദർശിച്ചിട്ടുണ്ട്. മൂന്നു വർഷത്തിൽ കുറയാതെ അദ്ദേഹം അവിടെ താമസിച്ചിട്ടുള്ളതായി സൂചനയുണ്ട് (അപ്പ. 20:31, 19:1-10; 18:19).

കോറീന്ത്യർക്കുള്ള രണ്ടാം ലേഖനം എ.ഡി. 57 അവസാനം മാസിഡോണിയായിൽവച്ച് മൂന്നാം പ്രേഷിത യാത്രയ്ക്കിടയിലാണ് പൗലോസ് രചിച്ചത് (അപ്പ. 20. 20:1-2).

**സന്ദർഭം**

സ്റ്റെഫാനസ്, ഫോർത്തുനാത്തൂസ്, അക്കായിക്കുസ് എന്നിവരുടെ നേതൃത്തിൽ ഒരു കോറീന്ത്യൻ പ്രതിനിധിസംഘം പൗലോസിന്റെ അടുത്തു വന്നു. കോറീന്ത്യൻ ക്രൈസ്തവ സമൂഹത്തിന്റെ ഒരു കത്തും കുറെ പ്രശ്നങ്ങളുമായിട്ടാണ് അവർ വന്നത് (1 കോറി. 7:1; 16:17). ഇതു കൂടാതെ കൊറീന്ത്യരുടെയിടയിലുള്ള ചില ഭിന്നതകളും കുഴപ്പങ്ങളും സംബന്ധിച്ച ഒരറിയിപ്പ് ക്ലോയേയുടെ കുടുംബത്തിൽനിന്ന് പൗലോസിന് ലഭിച്ചിരുന്നു (1 കോറി. 1:11). അതിനാൽ കോറീന്ത്യർക്ക് ഉചിതമായ ഒരു മറുപടി കൊടുക്കാനും അവരുടെ പ്രശ്നങ്ങൾക്കു പരിഹാരം നിർദേശിക്കാനും പൗലോസ് ഒരു ലേഖനമെഴുതി. ഇതാണ് ഒന്നാമത്തെ ലേഖനത്തിന്റെ സാഹചര്യം.

ഈ ലേഖനം അയച്ചതോടെ ചില പ്രശ്നങ്ങൾ വീണ്ടും തലപൊക്കി. അതിനാൽ ഹ്രസ്വവും വേദനാജനകവുമായ ഒരു സന്ദർശനം നടത്താൻ പൗലോസ് നിർബന്ധിതനായി (2 കോറി. 1:23-2:1; 12:14;13:1-2). കൂടുതൽ ദീർഘമായ ഒരു സന്ദർശനം നടത്താം എന്നു വാഗ്ദാനം ചെയ്തുകൊണ്ടാണ് അദ്ദേഹം അവിടെനിന്നു മടങ്ങിയത് (2 കോറി. 1 :15-16). എന്നാൽ ആ വാഗ്ദാനം നിറവേറ്റാൻ പൗലോസിന് സാധിച്ചില്ല. പകരം തന്റെ അധികാരത്തോടുകൂടി ഒരു പ്രതിനിധിയെ അദ്ദേഹം കോറിന്തിലേക്ക് അയച്ചു. എന്നാൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയല്ല, മറ്റൊരു പ്രതിസന്ധികൂടെ ഉത്ഭവിക്കുക മാത്രമാണ് ചെയ്തത്. പ്രതിനിധി അനാദരിക്കപ്പെടുകയും പൗലോസിന്റെ അധികാരംഅവഗണിക്കപ്പെടുകയും ചെയ്തു (2 കോറി. 2:5-10; 7:12). എന്നിട്ടും താൻ വാഗ്ദാനം ചെയ്ത സന്ദർശനം പൗലോസ് നിർവ്വഹിച്ചില്ല. പകരം ഏറെ പരുഷമായ ഒരു കത്തയയ്ക്കുകയാണ് അദ്ദേഹം ചെയ്തത്. വളരെ കണ്ണീരോടുകൂടി എഴുതിയ ഒരു കത്തായിരുന്നു അത് (2 കോറി. 2:37, 9). ആ കത്ത് ഇന്ന് ലഭ്യമല്ല. എങ്കിലും പൗലോസ് ഉദ്ദേശിച്ച ഫലം അതു പുറപ്പെടുവിച്ചു (2 കോറി. 7:8-13). ഈ നല്ല വാർത്ത കോറിന്തിൽനിന്ന് തീത്തൂസ് പൗലോസിനെ അറിയിച്ചു. ഈ ഘട്ടത്തിലാണ് നമുക്കു ലബ്ധമായിട്ടുള്ള കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനം പൗലോസ് എഴുതിയത്.

www.malankaralibrary.com

**ഉള്ളടക്കം**

കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ അവിടത്തെ ക്രൈസ്തവ സമൂഹം ഉന്നയിച്ച മൂന്നു പ്രധാന പ്രശ്നങ്ങൾക്കുള്ള പൗലോസിന്റെ മറുപടികളാണ് കാണുന്നത്.

1 കോറി. 1–6: ക്ലോയേയുടെ ആളുകളിൽനിന്നും ലഭിച്ച വിവരത്തിനുള്ള മറുപടി. കൊറീന്ത്യരുടെയിടയിൽ കലഹങ്ങളും ഭിന്നതകളും ഉണ്ടെന്നാണ് അവർ അറിയിച്ചിരുന്നത് (1 കോറി. 1:11). കൊറീന്ത്യർ ജ്ഞാനസ്നാനത്തെ ഒരുതരം മാന്ത്രിക കർമ്മമായി കരുതി. സ്നാനം നല്കുന്നയാളിന്റെ ശക്തി സ്നാനം സ്വീകരിക്കുന്നയാളിലേക്കു പകരുന്നുവെന്നായിരുന്നു, അവരുടെ ധാരണ. അതുകൊണ്ട് അപ്പോളോ, പൗലോസ്, പത്രോസ് തുടങ്ങിയവരുടെ പേരുകളിൽ പല വിഭാഗങ്ങളായി അവർ തിരിഞ്ഞു (1 കോറി. 1:12 cfr. അപ്പ. 18:2–28; 1 കോറി. 3:5–9). ഓരോ ഗ്രൂപ്പും അതിന്റെ നേതാവിനെക്കുറിച്ച് അഭിമാനം കൊണ്ടു, ആ നേതാവിന്റെ കഴിവുകളെക്കുറിച്ച് വമ്പു പറയുകയും ചെയ്തുപോന്നു. മിശിഹാ എന്ന ഏക നേതാവും അവിടുത്തേ ഏക സുവിശേഷവും മാത്രമേയുള്ളു എന്ന് പൗലോസ് അവരെ അനുസ്മരിപ്പിച്ചു. ആ സുവിശേഷം കുരിശിന്റെ സന്ദേശമാണ്. അതിനപ്പുറമെ മറ്റൊരു സുവിശേഷമില്ല (1 കോറി. 1:18–2:9). അതിനാൽ യഥാർത്ഥ വിശ്വാസി ഭൗതിക വിജ്ഞാനത്തിൽ പൂർണ്ണമായി ആശ്രയിക്കരുത്. ദൈവത്തിന്റെ ശക്തിയിലും കാരുണ്യത്തിലുമാണ് അയാൾ ആശ്രയിക്കേണ്ടത്. പൗലോസിന്റെ ജീവിത ശൈലിയും അതുതന്നെയാണ് (1 കോറി. 4:10 f).

1 കോറി. 7–10 : കോറിന്തോസിൽ നിന്നുള്ള പ്രതിനിധിസംഘം കൊടുത്ത കത്തിനുള്ള മറുപടി. വിവാഹത്തെയും ചാരിത്ര്യത്തെയും സംബന്ധിച്ച് കോറീന്തിലെ പുതുതായി വിശ്വാസം സ്വീകരിച്ച ദമ്പതികൾക്ക് പൗലോസ് ഉചിതമായ മറുപടി നല്കുന്നു: ആദ്ധ്യാത്മികമായ വികാര നിയന്ത്രണത്തിന്റെ പേരിൽ ദമ്പതികൾ തങ്ങളുടെ പങ്കാളിയുടെ ദാമ്പത്യപരമായ അവകാശങ്ങൾ നിഷേധിക്കരുത്. അവിവാഹിതരായ ആളുകൾ ദൈവശുശ്രൂഷയ്ക്ക് പൂർണ്ണമായി സ്വയം സമർപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ മാത്രം ആ രീതിയിൽ തുടരാവുന്നതാണ്.

വിഗ്രഹങ്ങൾക്കു നിവേദിച്ച മാംസം ഭക്ഷിക്കുന്നതിനെ സംബന്ധിച്ചായിരുന്നു മറ്റൊരു ചോദ്യം. അത്തരം മാംസമായിരുന്നു ചന്തയിൽ ലഭ്യമായിരുന്ന മാംസത്തിൽ നല്ലൊരു പങ്.

www.malankaralibrary.com

വിജാതീയ ദേവന്മാർക്കു നിവേദിക്കപ്പെട്ടതായിരുന്നു ആ മാംസം. ആഴമേറിയ ക്രൈസ്തവ സ്വാതന്ത്ര്യ തത്വത്തെ ആദരിച്ചുകൊണ്ട് പൗലോസ് പ്രസ്തുത പ്രശ്നം ഓരോരുത്തരുടെയും വിവേചനത്തിനു വിടുകയാണ്. സർവ്വപ്രധാനമായിട്ടുള്ളത് യേശുവിലുള്ള യഥാർത്ഥ വിശ്വാസവും സഹോദര സ്നേഹവുമാണ്.

1കോറി. 11-16 കൊറീന്ത്യൻ പ്രതിനിധിസംഘം ഉന്നയിച്ച പ്രശ്നങ്ങൾക്കുള്ള സമാധാനം: പരിശുദ്ധ കുർബാനയ്ക്ക് യേശുവിന്റെ ആത്മ ബലിയോടുള്ള ബന്ധം മനസ്സിലാക്കിക്കൊണ്ട് ശരിയായ അവബോധത്തോടുകൂടി ദിവ്യ ഭോജനത്തിൽ പങ്കുകൊള്ളാൻ പൗലോസ് കോറിന്തോസുകാരെ ഉദ്ബോധിപ്പിക്കുന്നു.

പരിശുദ്ധാത്മാവിന്റെ വരങ്ങളെയും ദാനങ്ങളെയും സംബന്ധിച്ച്, സ്നേഹത്തോളം പ്രധാനമായി മറ്റൊന്നും ക്രൈസ്തവ ജീവിതത്തിലില്ല എന്നാണ് പൗലോസ് പഠിപ്പിക്കുന്നത് (1-കോറി. 13).

ശരീരത്തിന്റെ പുനരുത്ഥാനം എന്ന രഹസ്യത്തെപ്പറ്റി 15-ാം അദ്ധ്യായത്തിൽ പൗലോസ് കഴിയുന്നത്ര സ്പഷ്ടമായി വിശദീകരിക്കുന്നുണ്ട്. യേശുവിന്റെ ഉത്ഥാനം അനിഷേധ്യമായ സത്യമാണ്. നമ്മുടെ ഭാവിപുനരുത്ഥാനത്തിന്റെ അടിസ്ഥാനവും ഈ സത്യംതന്നെയാണ്. പതിവുള്ള ശിപാർശകളോടും അഭിവാദനങ്ങളോടും കൂടെ ലേഖനം അവസാനിക്കുന്നു.

2കോറി. 1-7 തന്നെക്കുറിച്ചുള്ള വിശദീകരണം. പൗലോസിന്റെ പെരുമാറ്റങ്ങളിലുള്ള സ്ഥിരതക്കുറവ്, വിളിയുടെയും അപ്പസ്തോലികാധികാരത്തിന്റെയും ദൈവിക സ്വഭാവം, എന്നിവയെക്കുറിച്ച് കൊറീന്ത്യർ ഉന്നയിച്ച വിമർശനങ്ങൾക്ക് പൗലോസ് മറുപടി പറയുന്നു. തന്റെ ബലഹീനതയെക്കുറിച്ച് പൗലോസ് ലജ്ജിക്കുന്നില്ല. എന്നിരുന്നാലും തനിക്ക് അവരോടുള്ള സ്നേഹവും താല്പര്യവും കണക്കിലെടുക്കാനും യേശുവിന്റെ സുവിശേഷം ശരിയായി ഗ്രഹിക്കാനും വേണ്ട മനോവിശാലത കൊറീന്ത്യർക്ക് ഉണ്ടാകണം എന്ന് പൗലോസ് ആവശ്യപ്പെടുന്നു.

2 കോറി. 8-9 ജറുസലെമിലെ സഭയെ സഹായിക്കുന്നതിന് പണം പിരിക്കാൻ പൗലോസ് അഭ്യർത്ഥിക്കുന്നു.

2 കോറി. 10-13. എതിരാളികളുടെ ആക്രമണങ്ങൾക്കു പൗലോസിന്റെ മറുപടി. അവസാനമായി, ആത്മപ്രശംസ അവസാനിപ്പിക്കാനും ദൈവശക്തിയിൽ ആശ്രയിച്ചു ജീവിച്ചു തുടങ്ങാനും പൗലോസ് അവരെ ഉപദേശിക്കുന്നു.

www.malankaralibrary.com

# 3. ഗലാത്തിയർക്കുള്ള ലേഖനം

രണ്ടാം പ്രേഷിത യാത്ര (എ.ഡി. 50–52-) യിലാണ് പൗലോസ് ഗലാത്തിയ സന്ദർശിച്ചത് (അപ്പ. 16:6). ഏതോ അസുഖം ബാധിച്ച് അദ്ദേഹത്തിനു ഗലാത്തിയായിൽ കുറെനാൾ താമസിക്കേണ്ടിവന്നു. ഇതുവഴി ഗലാത്തിയാക്കാരോടു സുവിശേഷം പ്രസംഗിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു (ഗലാ. 4:13). മൂന്നാമത്തെ പ്രേഷിത യാത്രയിൽ (എ.ഡി. 54–58. അപ്പ 18–23) അദ്ദേഹം രണ്ടാംതവണ ഗലാത്തിയ സന്ദർശിച്ചു. അതിനുശേഷം അദ്ദേഹം എഫേസൂസിലേക്കുപോയി (അപ്പ. 19:1). രണ്ടു സംവത്സരം അവിടെ താമസിച്ചു (അപ്പ. 19:10). ഈ അവസരത്തിലാണ് (എ.ഡി. 54) പൗലോസ് ഗലാത്തിയർക്കുള്ള ലേഖനം എഴുതിയത്.

ഗലാത്തിയ സന്ദർശിച്ച യഹൂദവത്കരണ വാദികളായ ക്രിസ്ത്യാനികൾ പുറജാതികളിൽ നിന്നു ക്രിസ്തുമതത്തിൽ ചേർന്നവരെ പരിച്ഛേദനം സ്വീകരിക്കാൻ ഉദ്ബോധിപ്പിച്ചു. ആത്മരക്ഷയ്ക്ക് പരിച്ഛേദനവും ആവശ്യമാണെന്നായിരുന്നു അവരുടെ പ്രബോധനം. ഇങ്ങനെ ചെയ്താൽ, യഹൂദർ പിന്തുടരുന്ന മോശയുടെ നിയമാനുഷ്ഠാനം ക്രിസ്ത്യാനികളും അതേപടി ആവർത്തിക്കുകയായിരിക്കും എന്ന് പൗലോസ് കരുതി. തന്നിമിത്തം അദ്ദേഹം (ഗലാ. 2f) അത്യന്തം ക്ഷുബിതനുമായി. അതിനാൽ ഗലാത്തിയാക്കാരുടെ വിശ്വാസത്തെ അലങ്കോലപ്പെടുത്താൻ വന്ന യഹൂദവത്കരണ വാദികളുടെ അബദ്ധങ്ങളെ ചെറുക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് പൗലോസ് ഈ ലേഖനം എഴുതി.

ഇ ലേഖനവും റോമാക്കാർക്കുള്ള ലേഖനവും തമ്മിൽ ബന്ധമുണ്ട്. രണ്ടിലും വിശകലനം ചെയ്യുന്നത് പ്രധാനമായും ഒരേ വിഷയംതന്നെയാണ്. ഒരു പ്രത്യേക പ്രശ്നം പൊന്തിവന്നപ്പോൾ പൗലോസിന്റെ പെട്ടെന്നുള്ള പ്രതികരണം ഈ ലേഖനത്തിലൂടെ പ്രകടമാക്കുകയാണ് ചെയ്യുന്നത്. ഏതാനും വർഷങ്ങൾക്കു ശേഷമാണ് റോമാക്കാർക്കുള്ള ലേഖനം പൗലോസ് എഴുതിയത്. അപ്പോൾ ഈ വിഷയം കൂടുതൽ വിശദമായി പ്രതിപാദിക്കുകയും പുതിയ ആശയങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു. അതുകൊണ്ട് ദൈവശാസ്ത്രപരമായ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ യുക്തിഭദ്രമായി അവതരിപ്പിച്ചിരിക്കുന്നത് റോമാക്കാർക്കുള്ള ലേഖനത്തിലാണ്.

**ഉള്ളടക്കം**

ചുരുങ്ങിയ വാക്കുകളിൽ ഗലാത്തിയക്കാരെ അഭിവാദനം ചെയ്തിട്ട് (1 :1–10) അപ്പസ്തോലന്റെ പ്രേഷിത പ്രവർത്തിനത്തിന്റെ ദൈവിക സ്വഭാവവും പൗലോസ് പ്രസംഗിക്കുന്ന സുവിശേഷത്തിന്റെ പ്രാമാണികതയും സമർത്ഥിക്കുന്നു. അബദ്ധ സുവിശേഷ പ്രഘോഷകരെ അദ്ദേഹം രൂക്ഷമായി വിമർശിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

1.11–4:11 പൗലോസിന്റെ ആത്മവിശദീകരണം: തന്റെ അധികാരത്തിന്റെ അപ്പസ്തോലിക സ്വഭാവം പൗലോസ് സമർത്ഥിക്കുന്നു. ജറുസലെം കൗൺസിലിൽവച്ച് പത്രോസ്, യാക്കോബ് യോഹന്നാൻ എന്നീ അപ്പസ്തോലന്മാർ തന്റെ പ്രസംഗത്തെ അംഗീകരിച്ച കാര്യം അദ്ദേഹം അനുസ്മരിക്കുന്നു. തുടർന്ന്, പഴയ ഉടമ്പടിയിലെ നിയമങ്ങൾക്ക് മിശിഹായുടെ വരവിനു മുമ്പും പിമ്പുമുള്ള പ്രസക്തിയെക്കുറിച്ച് പ്രതിപാദിക്കുന്നു.

4:12–6–10 പൗലോസിന്റെ ഉപദേശങ്ങൾ: എല്ലാത്തരം ചേരിതിരിവുകളിൽ നിന്നും അകന്നു നില്ക്കാനും തെറ്റായ പ്രചാരണങ്ങളെ ചെറുക്കാനും പൗലോസ് ഗലാത്തിയാക്കാരെ ഉപദേശിക്കുന്നു. വിശ്വാസാനുസൃതമായ ജീവിതം സ്നേഹത്തോടുകൂടിയതായിരിക്കണമെന്നും പരിച്ഛേദനം ചെയ്യാൻ ആരെയും നിർബന്ധിക്കരുതെന്നും അദ്ദേഹം പറയുന്നു. പതിവുള്ള ആശീർവാദത്തോടുകൂടി സ്വന്തം കൈപ്പടയിലാണ് അദ്ദേഹം ലേഖനം ഉപസംഹരിക്കുന്നത്.

# 4. എഫേസ്യർക്കുള്ള ലേഖനം

## എഫേസൂസുമായുള്ള ബന്ധം

പൗലോസിന് എഫെസുസമായി വളരെ അടുത്തതും സുദൃഢവുമായ ബന്ധമുണ്ടായിരുന്നു. പ്രേഷിത യാത്രകൾക്കിടയിൽ മറ്റ് ഏതു സ്ഥലത്തെക്കാളും അധികം കാലം അദ്ദേഹം അവിടെ താമസിച്ചിട്ടുണ്ട് (അപ്പ. 20:31). അതിനാൽ ഇതര സഭാസമൂഹങ്ങളെക്കാളധികം എഫേസൂസിലെ സഭയെക്കുറിച്ച് പൗലോസിനറിയാമായിരുന്നു.

എങ്കിലും ഈ ലേഖനത്തിൽ എഫേസൂസുകാരുമായുള്ള വൈയക്തിക ബന്ധം അത്ര സ്പഷ്ടമല്ല (എഫേ. 1:16f; 3:2f). അന്യമതങ്ങളിൽനിന്നു ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തവരെയാണ് പൗലോസ് സംബോധന ചെയ്യുന്നതെന്നു തോന്നുന്നു (2:11; 3:1). അതേസമയം ധാരാളം യഹൂദരും സിനഗോഗുകളും എഫെസുസിൽ ഉണ്ടായിരുന്നു (അപ്പ. 18:19f; 19-:8). ഈ ലേഖനം എഫേസൂസ്കാരെ മാത്രം ഉദ്ദേശിച്ച് എഴുതിയതല്ലെന്നുവരാം. പല സഭകൾക്കായി അദ്ദേഹം അയച്ച പൊതു സ്വഭാവമുള്ള ഏതെങ്കിലും ഒരു കത്തിന്റെ കോപ്പിയാകാമിത്.

അതേസമയം ഈ ലേഖനം ശൈലിയിലും പ്രബോധന വിഷയങ്ങളിലും കോളോസിയർക്കും ഫിലെമോനും ഉള്ള ലേഖനങ്ങളോട് വളരെ സാമ്യം പുലർത്തുന്നു. ഇവ മൂന്നും പൗലോസ് തടവിൽ കഴിഞ്ഞകാലത്തു രചിച്ചവ

www.malankaralibrary.com

യാണ് (എഫേ. 3:1; കൊളോ 4:10, 18; ഫിലെ. 1:9). എഫേസ്യർക്കും കൊളോസ്യർക്കും ഉള്ള കത്തുകൾ ടിക്കിക്കൂസ് എന്ന ദൂതൻവഴി പൗലോസ് ലക്ഷ്യസ്ഥാനങ്ങളിൽ എത്തിച്ചു (എഫേ. 6:21; കൊളോ. 4:7–9). മൂന്നു കത്തുകളും റോമിൽവച്ച് ഏ.ഡി. 61നും 63നും ഇടയ്ക്കുള്ള വീട്ടുതടങ്കലിന്റെ അവസരത്തിൽ രചിച്ചവയാണ് (അപ്പ. 28:30).

**ഉള്ളടക്കം**

എഫേ. 1–3: വിശ്വാസ സത്യങ്ങളുടെ വിശദീകരണം: സഭ മിശിഹായുടെ ശരീരമാകുന്നു. സൃഷ്ടിയിൽ മുഴുവൻ നിറഞ്ഞു നില്ക്കുന്ന മിശിഹായുടെ പൂർണ്ണതയാണു സഭ (1:23). പ്രപഞ്ചം മുഴുവൻ വ്യാപിച്ചു കിടക്കുന്ന സഭയുടെ ശിരസ്സും ഭരണാധികാരിയും ക്രിസ്തുവാണ്. ഇപ്രകാരം ക്രിസ്തു സമസ്ത പ്രപഞ്ചത്തിന്റെയും ഭരണാധികാരിയും ശിരസ്സുമാകുന്നു (cfr. കൊളോ 1:18; 2:9–10; എഫേ. 3:19). പൂർണ്ണത (pleroma) എന്ന ആശയമാണ് പൗലോസിന്റെ ദർശനത്തിന്റെ കാതൽ. അദ്ദേഹത്തിന്റെ കൃതികളിലെ കേന്ദ്രാശയവും അതുതന്നെ. ദൈവത്തിന്റെ രക്ഷാകര പദ്ധതിയെ ഒരു സ്തോത്രഗീതത്തിലൂടെ അദ്ദേഹം അവതരിപ്പിക്കുന്നു. പാപത്തിന്റെ ചുഴിയലകപ്പെട്ടു കിടന്ന മനുഷ്യ വംശത്തിന് ദൈവിക ദാനമായ രക്ഷ യേശുവഴി എപ്രകാരം കൈവന്നു എന്ന് ഈ ഭാഗത്ത് വ്യക്തമാക്കുന്നു (1:3–2:10).

4–6: സാന്മാർഗ്ഗിക നിയമങ്ങൾ: ക്രിസ്തുവിൽ വിശ്വസിച്ച് മാമ്മോദീസ സ്വീകരിച്ചവർ അവരുടെ പഴയ ജീവിത രീതികൾ ഉപേക്ഷിക്കണമെന്നും ഒരു പുതിയ ജീവിതം ആരംഭിക്കണമെന്നും പൗലോസ് ഉദ്ബോധിപ്പിക്കുന്നു (4:17–24). തുടർന്നുവരുന്നത് വൈയക്തിക ധാർമ്മികതയെ സംബന്ധിച്ച അനുശാസനങ്ങളുടെ ഒരു പരമ്പരയാണ്. എല്ലാം സ്നേഹത്തിൽ കേന്ദ്രിതമായിരിക്കുന്നു. ക്രൈസ്തവ വിവാഹത്തെ സംബന്ധിക്കുന്നതാണ് തുടർന്നുള്ളത്. മനോഹരമായ ഈ ലേഖനഭാഗത്ത് കുടുംബ ജീവിതത്തിൽ പാലിക്കേണ്ട നിയമങ്ങൾ പ്രതിപാദിക്കുന്നു (5:22–33). ടിക്കിക്കൂസിന്റെ ദൗത്യത്തെക്കുറിച്ച് അനുസ്മരിപ്പിച്ചുകൊണ്ട് സമാപനാഭിവാദനം നല്കി ലേഖനം അവസാനിപ്പിക്കുന്നു (6:21–24).

www.malankaralibrary.com

# 5. ഫിലിപ്പിയർക്കുള്ള ലേഖനം

## പൗലോസും ഫിലിപ്പിയും

ഫിലിപ്പി മാസിഡോണിയായിലെ പ്രധാന നഗരങ്ങളിൽ ഒന്നായിരുന്നു. ദിഗ്വിജയിയായ അലക്സാണ്ടർ ചക്രവർത്തിയുടെ പിതാവായ ഫിലിപ്പ് ചക്രവർത്തി സ്ഥാപിച്ച നഗരമാണത്. എ.ഡി. 42-ൽ അതൊരു റോമൻ കോളണിയായിത്തീർന്നു. ഈ നഗരവാസികളിൽ അധികവും ത്രേസുകാരും ഗ്രീക്കുകാരും റോമാക്കാരുമായിരുന്നു. ത്രേഷ്യൻ ദേവന്മാരും ഗ്രീക്കു ദേവന്മാരും റോമൻ ദേവന്മാരുമെല്ലാം അവരുടെ ആരാധനാ പാത്രങ്ങളായിരുന്നു.

പൗലോസ് തന്റെ പ്രേഷിത യാത്രകൾക്കിടയിൽ മൂന്നു തവണ ഈ നഗരം സന്ദർശിച്ചിട്ടുണ്ട്. രണ്ടാമത്തെ പ്രേഷിത യാത്രയിലാണ് (എ.ഡി. 50–52) ഫിലിപ്പയരോട് പൗലോസ് ആദ്യമായി സുവിശേഷം പ്രസംഗിച്ചത് (അപ്പ. 16:12–40). മൂന്നാമത്തെ പ്രേഷിത യാത്രയ്ക്കിടയ്ക്ക് രണ്ടുതവണ അദ്ദേഹം അവരെ വീണ്ടും സന്ദർശിച്ചു – എ.ഡി. 57-ലും (അപ്പ. 20:1–2) 58-ലും (അപ്പ 20:3–6). തീഷ്ണതയും പരസ്നേഹ ചൈതന്യവും മുറ്റിനിന്ന ഒരു സമൂഹമായിരുന്നു ഫിലിപ്പിയിലെ സഭ.

## പൗലോസും ലേഖനവും

തന്റെ മൂന്നാം പ്രേഷിത യാത്രയ്ക്കിടയിൽ, എ.ഡി. 56-ൽ, എഫേസുസിൽ വച്ചാണ് പൗലോസ് ഈ ലേഖനം എഴുതിയത്. ഇത് എഴുതുന്ന അവസരത്തിൽ അദ്ദേഹം ഏതോ ഒരു കാരാഗൃഹത്തിലായിരുന്നു (1:7, 14,17). എന്നാൽ എഫേസുസിൽ പൗലോസ് കാരാഗൃഹവാസം അനുഭവിച്ചതു സംബന്ധിച്ച് സ്പഷ്ടമായ പരാമർശങ്ങളില്ല. എങ്കിലും എഫേസൂസിലെ തന്റെ ദീർഘമായ താമസത്തിനിടയിൽ പൗലോസ് തടവും പീഡനങ്ങളും സഹിച്ചിരിക്കാൻ വളരെ സാദ്ധ്യതയുണ്ട് (അപ്പ. 20:31). അദ്ദേഹംതന്നെ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട് (1-കോറി. 15:32; 2കോറി. 1 :8–10).

ഏതായാലും ഈ ലേഖനത്തിന് മറ്റു തടവുകാല ലേഖനങ്ങളിൽനിന്നും വ്യത്യാസമുണ്ട്. പ്രത്യേകിച്ച്, ഊന്നലിലും ശൈലിയിലും ഉള്ളടക്കത്തിലും. ദൈവശാസ്ത്രപരവും ആദ്ധ്യാത്മികവുമായ പ്രാധാന്യം പരിഗണിച്ച് ചില ഗ്രന്ഥകാരന്മാർ ഈ ലേഖനത്തെ പൗലോസിന്റെ പ്രമുഖ ലേഖനങ്ങളുടെ ഗണത്തിൽപ്പെടുത്താറുണ്ട്.

## സന്ദർഭം

ഫിലിപ്പിയർ പൗലോസിന്റെ ദൗർഭാഗ്യ (കാരാഗൃഹവാസം)ത്തെക്കുറിച്ചു കേട്ടിട്ട്, ഒരു പണപ്പിരിവു നടത്തി, തുക എപ്പാഫ്രോഡിത്തൂസിനെ ഏല്പിച്ചു. അദ്ദേഹം പൗലോസിന്റെ പക്കൽ തുക ഏല്പിച്ചതിനുശേഷം അപ്പസ്തോ

www.malankaralibrary.com

ലനെ ശുശ്രൂഷിച്ചുകൊണ്ട് കൂടെ താമസിച്ചു. എന്നാൽ താമസിയാതെ എപ്പാഫ്രോഡിത്തൂസിന് ഗുരുതരമായ രോഗം പിടിപ്പെട്ടു. രോഗവിമുക്തനായ ഉടനെ അദ്ദേഹത്തെ ഫിലിപ്പിയിലേക്കയയ്ക്കാൻ പൗലോസ് തീരുമാനിച്ചു. ഫിലിപ്പിയർ തങ്ങളുടെ ദൂതന്റെ തിരിച്ചുവരവ് ആകാംക്ഷാപൂർവ്വം കാത്തിരിക്കുകയാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഈ സന്ദർഭം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പൗലോസ് ഈ കത്ത് എഴുതി എപ്പാഫ്രോഡിത്തൂസിന്റെ കയ്യിൽ കൊടുത്തയച്ചത്. ഫിലിപ്പിയർ ചെയ്ത സഹായത്തിനും അവരുടെ സ്നേഹത്തിനും പൗലോസ് കൃതജ്ഞതയും സന്തോഷവും ഈ കത്തിൽ പ്രകടിപ്പിക്കുന്നുണ്ട്.

**ഉള്ളടക്കം**

1:1–2:4 കൃതജ്ഞതാ പ്രകാശനവും പ്രബോധനവും: ഫിലിപ്പിയരോടുള്ള നന്ദിയും സ്നേഹവും പ്രകടിപ്പിച്ചശേഷം അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അനന്തരം മിശിഹായുടെ സുവിശേഷത്തിനു ചേർന്ന ഒരു ജീവിതം നയിക്കാൻ പൗലോസ് അവരെ ഉദ്ബോധിപ്പിക്കുന്നു.

2:5–11 ക്രിസ്തുശാസ്ത്രപരമായ ഗീതം. ഈ ഭാഗം മനുഷ്യാവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള രക്ഷയുടെ രഹസ്യം മുഴുവൻ ഉൾക്കൊള്ളുന്നു. വളരെ ഹ്രസ്വരൂപത്തിലുള്ള ഒരു വിശ്വാസപ്രമാണമാണ് ഇതെന്നു പറയാം. ഈ ലേഖന രചനയ്ക്കു മുമ്പുതന്നെ പൗലോസ് പ്രസ്തുത ഗീതം എഴുതിയിരുന്നു എന്ന് (ഏശ. 52:13–53:12നെ ആധാരമാക്കി) ചില ഗ്രന്ഥകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്.

ആദിമ ക്രൈസ്തവരുടെ ആരാധന ക്രമത്തിലും പ്രാർത്ഥനാ സമ്മേളനങ്ങളിലും ഉപയോഗപ്പെടുത്തുവാനുദ്ദേശിച്ചുകൊണ്ടുള്ള ഒരു സംക്ഷിപ്ത ക്രിസ്തുശാസ്ത്രമാണത്. ക്രിസ്തുവിന്റെ അവികലമായ ദൈവത്വത്തെയും മനുഷ്യത്വത്തെയും സംബന്ധിച്ചുള്ള വിശ്വാസസത്യം ഈ സ്തോത്ര ഗീതത്തിൽ വളരെ സ്പഷ്ടമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. 'കെനോസീസ്' (ശൂന്യമാക്കൽ) എന്ന പ്രസിദ്ധമായ ഗ്രീക്കു പദപ്രയോഗം ക്രൈസ്തവ ദൈവശാസ്ത്രത്തിലേക്കു കടന്നുവന്നിട്ടുള്ളത് ഈ ഗീതത്തിൽനിന്നാണ്. "യേശു സ്വയം ശൂന്യമാക്കി" എന്ന് പൗലോസ് ഇവിടെ പറയുന്നു (ഫിലി. 2:7).

3–4 താക്കീതുകളും ആത്മാവിഷ്കാരവും: ക്രൈസ്തവ ജീവിതത്തിന്റെ തെറ്റായ രീതികൾക്കെതിരായി പൗലോസ് ഫിലിപ്പിയർക്കു താക്കീതു നല്കുന്നു. തുടർന്ന് അദ്ദേഹം സ്വന്തം ചീ

www.malankaralibrary.com

ന്താരീതിയും ജീവിത ശൈലിയും വെളിപ്പെടുത്തുന്നു. ഒടുവിൽ ചില ഉപദേശങ്ങളോടും പ്രോത്സാഹന വചനങ്ങളോടും പതിവുള്ള അഭിവാദനങ്ങളോടുംകൂടി ലേഖനം അവസാനിപ്പിക്കുന്നു.

# 6. കൊളോസിയർക്കുള്ള ലേഖനം

## പൗലോസും കൊളോസായും

പൗലോസ് നേരിട്ട് ഒരിക്കലും കൊളോസാ സന്ദർശിച്ചില്ല. ഈ വസ്തുത ലേഖനത്തിൽനിന്നുതന്നെ വ്യക്തമാകുന്നു (കൊളോ 2:1; cfr കൊളോ. 1:4,9). എന്നാൽ പ്രേഷിത യാത്രകൾക്കിടയിൽ പല വർഷങ്ങൾ അദ്ദേഹം ഏഷ്യാമൈനറിൽ ചെലവഴിച്ചിട്ടുണ്ട്. ചുറ്റുമുള്ള പ്രദേശങ്ങളായ ഫ്രിജിയാ, പ്സിഡിയാ, പാംഫിലിയ, ഗലാത്തിയാ തുടങ്ങിയ സ്ഥലങ്ങളിലൂടെ കടന്നു പോവുകയും ചെയ്തിട്ടുണ്ട് (അപ്പ. 13:14; 16:6). പൗലോസിന്റെ ഒരു ശിഷ്യനും കൊളോസാ നാട്ടുകാരനുമായ എപ്പാഫ്രാസ് എന്നയാളാണ് കൊളോസിയക്കാരോടു സുവിശേഷം പ്രസംഗിച്ചതെന്ന് ലേഖനത്തിൽനിന്ന് വ്യക്തമാകുന്നു (1:7; 4:12). പൗലോസ് എഫേസൂസിൽ രണ്ടുകൊല്ലം വസിച്ചിരുന്നല്ലോ. അക്കാലത്ത് ഏഷ്യയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള ജനങ്ങൾക്ക് പൗലോസിൽനിന്നും കർത്താവിന്റെ വചനം കേൾക്കാൻ കഴിഞ്ഞിരുന്നുവെന്ന് അപ്പസ്തോല പ്രവർത്തനങ്ങളിൽ പറഞ്ഞിട്ടുണ്ട് (അപ്പ. 19:10). പലയിടത്തും പോയി സുവിശേഷം പ്രസംഗിക്കാൻ പൗലോസ് തന്റെ ശിഷ്യന്മാരെ നിയോഗിച്ചിരുന്നതുകൊണ്ടാണ് ഇത് സാദ്ധ്യമായത് (അപ്പ. 19:22, 29). ശിഷ്യന്മാരുടെ നേട്ടങ്ങൾ ഗുരുവിന്റെ പേരിൽ വകവച്ചുകൊടുക്കുക സാധാരണമായിരുന്നു. കൊളോസായിലെ സഭ പൗലോസിനാൽ സ്ഥാപിതമായി എന്ന വിശ്വാസത്തിന്റെ അടിസ്ഥാനം ഈ പാരമ്പര്യമായിരിക്കണം. കൊളോസാ നഗരത്തിലെ നിവാസികളിൽ ധാരാളം യഹൂദന്മാരുണ്ടായിരുന്നു.

## സന്ദർഭം

കൊളാസായിലെ ക്രൈസ്തവ സമൂഹം അകപ്പെട്ടിരുന്ന അപകടകരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് എപ്പാഫ്രാസ് പൗലോസിനെ അറിയിച്ചു. ജ്ഞാനവാദവും യഹൂദവിശ്വാസവും കൂടിക്കലർന്നുണ്ടായ ഒരവസ്ഥയായിരുന്നു അത്. അതനുസരിച്ച് ലോകം മുഴുവൻ നല്ലതും ചീത്തയുമായ ആത്മാക്കളെ കൊണ്ടു നിറഞ്ഞിരിക്കുകയാണ്. ആ ആത്മാക്കളാണ് പ്രകൃതിയിലെ സമസ്തശക്തികളെയും നിയന്ത്രിക്കുന്നവർ. മനുഷ്യരുടെയും രാഷ്ട്രങ്ങളുടെയും ഭാവിയും അവരുടെ കൈയിലാണ്. ബൗദ്ധികജ്ഞാനം കൈവരിക്കുന്നതു വഴി പ്രസ്തുത നിയന്ത്രണത്തിന്റെ രഹസ്യം കണ്ടെത്താൻ മനുഷ്യനു കഴിയും. ഇതിനുവേണ്ടിയാണ് ദൈവം മനുഷ്യർക്ക് പഴയ ഉടമ്പടി നിയമം നല്കിയി

www.malankaralibrary.com

രിക്കുന്നത്. നല്ല ആത്മാക്കൾ, അഥവാ മാലാഖമാരാണ് അതിന്റെ കാവൽ ക്കാർ. ഈ മാലാഖമാരാണ് ദൈവികതയുടെ പൂർണ്ണത കാണുന്നത്.

ഈ ചിന്താഗതി കൊളോസ്സിയുരടെയിടയിൽ അരൂപികളോടുള്ള ആരാധന വർദ്ധിക്കുന്നതിനിടയാക്കി. അതുപോലെതന്നെ പഴയ ഉടമ്പടി നിയമത്തെ സംബന്ധിച്ച അറിവിനായുള്ള വ്യഗ്രതയും വർദ്ധിപ്പിച്ചു. തെറ്റുകൾ തിരുത്തിക്കൊണ്ട് യഥാർത്ഥമായ ക്രൈസ്തവ ജീവിത നിയമങ്ങൾ കൊളോസിയരെ പഠിപ്പിക്കാൻ പൗലോസ് ഈ ലേഖനംവഴി ശ്രമിക്കുകയാണ്.

**സവിശേഷതകൾ**

പൗലോസ് റോമിൽ ഏ.ഡി. 61–63 കാലത്ത് കാരാഗൃഹവാസം അനുഭവിച്ചിരുന്നപ്പോൾ എഴുതിയതാണ് ഈ ലേഖനം (4:3,10,18). ടിക്കിക്കൂസ് ഇത് കൊളോസായിൽ എത്തിച്ചു (4:7).

ശൈലിയിലും പ്രബോധന വിഷയങ്ങളിലും ഈ ലേഖനത്തിന് എഫേസ്യർക്കുള്ള ലേഖനത്തോട് വലിയ സാമ്യമുണ്ട്. പ്രാപഞ്ചിക ശക്തികൾ, സൃഷ്ടിയുടെ പൂർണ്ണത, മിശിഹായുടെ ശരീരമായ സഭയും സഭയുടെ ശിരസ്സായ മിശിഹായും എന്നിങ്ങനെയുള്ള വിഷയങ്ങൾ രണ്ടിലും കാണാം. എഫേസ്യർക്കുള്ള ലേഖനം എഴുതിയതിനുമുമ്പാണ് പൗലോസ് ഈ ലേഖനം എഴുതിയതെന്നു തോന്നുന്നു. ഈ ലേഖനം കൊളോസായിൽ സൃഷ്ടിച്ച പ്രതികരണങ്ങളും സംഭവ വികാസങ്ങളും മനസ്സിലാക്കിയതിനുശേഷം തന്റെ വിഷയങ്ങളും ആശയങ്ങളും പൗലോസ് പുനഃക്രമീകരിക്കുകയും വളരെ കൂടുതൽ ശാന്തതയോടും ഗാംഭീര്യത്തോടുംകൂടെ എഫേസ്യർക്ക് എഴുതുകയും ചെയ്തതായി കരുതുന്നു. അതിനാൽ കൊളോസ്യർക്കുള്ള ലേഖനത്തിലെ ചില ആശയങ്ങളുടെ വ്യാഖ്യാനമാണ് എഫേസ്യർക്കുള്ള ലേഖനം എന്നു പറയാം. ഗലാത്യർക്കും റോമാക്കാർക്കുമുള്ള ലേഖനങ്ങൾ തമ്മിലും ഇതുപോലൊരു ബന്ധമുണ്ടെന്ന് മുമ്പേ പറഞ്ഞല്ലോ.

**ഉള്ളടക്കം**

പ്രാപഞ്ചിക ശക്തികളെക്കുറിച്ചുള്ള യഹൂദരുടെ ആശയങ്ങൾ മിശിഹായുടെ പരമോന്നത സ്ഥാനത്തിന് എതിരാണെന്ന് മനസ്സിലാക്കിക്കൊണ്ട്, രക്ഷാകര പദ്ധതിയിൽ പ്രാപഞ്ചിക ശക്തികൾക്കുള്ള അപ്രാധാന്യം കൊളോസ്യർക്കു വിശദീകരിച്ചു കൊടുക്കാൻ പൗലോസ് ശ്രമിക്കുകയാണ്.

1:15–25 യേശു കർത്താവാകുന്നു: സ്വർഗ്ഗീയ ശക്തികളും 'നിയമ'വും തമ്മിൽ കുറെ ബന്ധമുണ്ടെന്ന് പൗലോസ് സമ്മതിച്ചു കൊടുക്കുന്നു. എന്നാൽ 'നിയമ'ത്തിന് മാദ്ധ്യസ്ഥ്യം വഹിക്കുകയും അതു നടപ്പാക്കുകയും ചെയ്യുകയാണ് അത്തരം ശക്തികളുടെ ചുമതല. ആ ജോലി ഇപ്പോൾ നിർവ്വഹിക്കപ്പെട്ടു കഴിഞ്ഞു. കാ

www.malankaralibrary.com

രണം, കർത്താവായ യേശുവിലൂടെ ഒരു പുതിയ ക്രമം സ്ഥാപിതമായിരിക്കുന്നു. ഇപ്പോൾ പ്രപഞ്ചത്തെ ഭരിക്കുന്നതു ക്രിസ്തുവാണ്. അവിടുത്തേ പൂർണ്ണതയിൽ പങ്കാളികളാകുകവഴി ക്രൈസ്തവർ രക്ഷിക്കപ്പെട്ടിരിക്കുന്നു.

2:6–3:4 തെറ്റുകൾക്കെതിരെ മുന്നറിയിപ്പുകൾ: മാലാഖമാരേയും ഈ ലോകത്തിലെ ശക്തികളെയും കുറിച്ചുള്ള അബദ്ധ പഠനങ്ങൾക്കെതിരെ മുന്നറയിപ്പു നല്കുകയും, ദൈവത്വത്തിന്റെ പൂർണ്ണതയും അധിനായകനും മിശിഹാ മാത്രമാണെന്ന് പൗലോസ് ഉറപ്പിച്ചു പറയുകയും ചെയ്യുന്നു.

3:5–4:18 നിർദ്ദേശങ്ങൾ: കുടുംബ ജീവിതം, അടിമ–ഉടമ ബന്ധം, അക്രൈസ്തവരോടുള്ള മനോഭാവം എന്നിവയെക്കുറിച്ച് പൗലോസ് നിർദ്ദേശങ്ങൾ നല്കുന്നു. പ്രാർത്ഥനയോടും അഭിവാദനത്തോടും കൂടെ അദ്ദേഹം ലേഖനം അവസാനിപ്പിക്കുന്നു.

## 7. തെസലോനിയർക്കുള്ള കത്തുകൾ

### പശ്ചാത്തലം

മാസിഡോണിയാ എന്ന റോമൻ പ്രവിശ്യയുടെ തലസ്ഥാനമായിരുന്നു തെസലോനിക്ക. ആ നഗരവാസികളിൽ ധാരാളം യഹൂദരും ഉണ്ടായിരുന്നു. പൗലോസ് തന്റെ രണ്ടാം പ്രേഷിത യാത്രയ്ക്കിടയിൽ ഏ.ഡി. 50 ആദ്യം തെസലോനിക്കാ സന്ദർശിച്ചു (അപ്പ. 17:1–10). മൂന്നു മാസത്തോളം അവിടെ താമസിച്ചു. അദ്ദേഹം തുടർച്ചയായി മൂന്നു സാബത്തുകളിൽ അവിടുത്തെ സിനഗോഗുകളിൽ പ്രസംഗിച്ചു (അപ്പ. 17:2). തത്ഫലമായി അനേകം ആളുകൾ യേശുവിൽ വിശ്വാസിച്ചു. എന്നാൽ കുറെ യൂദന്മാർ അദ്ദേഹത്തെ ആക്രമിക്കാൻ ജനക്കൂട്ടത്തിൽ ചിലരെ ഇളക്കിവിട്ടു. അതിനാൽ അദ്ദേഹത്തിന് രാത്രിയിൽ ബറോയായിലേക്കു രക്ഷപെടേണ്ടി വന്നു (അപ്പ. 17:10).

തെസലോനിയർക്കുള്ള രണ്ടു ലേഖനങ്ങളും പൗലോസിന്റെ ആദ്യകാല ലേഖനങ്ങളുടെ ഗണത്തിൽപെടും. ഏ.ഡി. 51–52 കാലത്ത് കോറിന്തിൽ വച്ചാണ് അദ്ദേഹം ഇവ രണ്ടും എഴുതിയത്.

### സന്ദർഭം

തെസലോനിക്കയിൽ നിന്നു പെട്ടെന്ന് രക്ഷപ്പെട്ടു പോരേണ്ടിവന്നത് പൗലോസിന് വാസ്തവത്തിൽ വേദനയുളവാക്കി. അതിനാൽ തന്റെ വേർപാടിനുശേഷം തെസലോനിക്കയിലെ അവസ്ഥ എന്തെന്നറിയുന്നതിന് ശിഷ്യനായ തിമോത്തിയെ അദ്ദേഹം അങ്ങോട്ടയച്ചു (1. തെസ. 3:1–8). പീഡനത്തിലും തെസലോനിയാക്കാർ വിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നു എന്ന നല്ല വാർത്ത

www.malankaralibrary.com

തിമോത്തി പൗലോസിനെ അറിയിച്ചപ്പോൾ പൗലോസിന് വളരെ സന്തോഷമായി. തെസലോനിയക്കാരോടുള്ള താല്പര്യവും സ്നേഹവും വ്യക്തമാക്കുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു കത്തെഴുതാൻ പൗലോസ് തീരുമാനിച്ചതിന്റെ ഫലമാണ് ആദ്യത്തെ കത്ത്.

തെസലോനിയാക്കാർക്കുള്ള രണ്ടാമത്തെ കത്ത് ആദ്യത്തേതിന് ഏതാനും മാസങ്ങൾക്കുശേഷം കോറിന്തിൽ വച്ചുതന്നെ എഴുതി. പ്രായോഗിക ജീവിതത്തെ സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ നല്കുക, മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെ സംബന്ധിച്ച് ഉദ്ബോധിപ്പിക്കുക എന്നിവയായിരുന്നു അതിന്റെ ലക്ഷ്യം.

**ഉള്ളടക്കം**

1. തെസ. 1–3: വ്യക്തിപരമായ കാര്യങ്ങൾ: തെസലോനിക്ക വിട്ടു പോന്നതിനുശേഷമുള്ള വികാരങ്ങളും, അവരോടു ബന്ധം പുലർത്താൻ സ്വീകരിച്ച നടപടികളും പൗലോസ് വിവരിക്കുന്നു.

1തെസ. 4–5: പ്രബോധനങ്ങൾ: ജീവിതത്തിൽ ക്രൈസ്തവ ധാർമ്മികത പാലിക്കാൻ, പ്രത്യേകിച്ചും ചാരിത്ര്യവും സഹോദര സ്നേഹവും പാലിക്കാൻ പൗലോസ് തെസലോനിയാക്കാരെ ഉദ്ബോധിപ്പിക്കുന്നു. തുടർന്ന് അദ്ദേഹം പറയുന്നു: കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചുള്ള പ്രതീക്ഷ ഈ ലോകത്തിൽ ഏതു നഷ്ടവും പിഡനവും സഹിക്കുവാൻ ക്രൈസ്തവനു പ്രചോദനം നല്കണം; മരിച്ചുപോയ സഹോദരരുടെ അവസ്ഥയെക്കുറിച്ചു ആകുലപ്പെടേണ്ടതില്ല; അവർ കർത്താവിന്റെ സന്നിധിയിലാണ്; അവർ അവിടുത്തെ രണ്ടാമത്തെ ആഗമനത്തിനു സാക്ഷികളായിരുന്നു (1-തെസ. 4:13–18), ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനം എപ്പോഴാണെന്നു മുൻകൂട്ടി അറിയാത്തതുകൊണ്ട് സ്വന്തം വ്യാപാരങ്ങളെ കുറിച്ച് എല്ലാവരും എപ്പോഴും ജാഗരൂകരായിരിക്കണം.

2തെസ.1:1–2–2:12 യുഗാന്തദർശനം: ക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ സമയത്തെയും അടയാളങ്ങളെയും കുറിച്ച് പൗലോസ് ചില വിശദീകരണങ്ങൾ നല്കുന്നു. പുനരാഗമനം ആസന്നമാണെങ്കിലും അതിനെക്കുറിച്ച് ഉത്കണ്ഠ ആവശ്യമില്ല. കാരണം ഏതാനും അടയാളങ്ങൾ കണ്ടിതിനുശേഷമല്ലാതെ അതു സംഭവിക്കുകയില്ല.

2:13–3:18 ഒരു സാഹചര്യത്തിലും നിരാശരാകാതെ ദൃഢനിശ്ചയത്തോടെ മുന്നോട്ടു പോകുന്നതിനുള്ള ഉദ്ബോധനം.

www.malankaralibrary.com

ഈ രണ്ടു കത്തുകൾ സവിശേഷ പ്രാധാന്യമർഹിക്കുന്നത് അവയുടെ യുഗാന്ത്യോന്മുഖ പ്രബോധനംകൊണ്ടു മാത്രമല്ല; പിന്നീടുള്ള പല ലേഖനങ്ങളിലും സവിസ്തരം പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളുടെ ആദ്യരൂപം പൗലോസിന്റെ ആദ്യലേഖനങ്ങളായ ഇവയിൽ കാണുന്നതുകൊണ്ടു കൂടിയാണ്.

## 8. തിമോത്തിക്കുള്ള കത്തുകൾ

### തിമോത്തി

തിമോത്തി എന്ന വാക്കിന് ഗ്രീക്കുഭാഷയിൽ 'ദൈവ ഭയമുള്ളവൻ' എന്നാണ് അർത്ഥം. ലിസ്ത്രാ ദേശക്കാരനായിരുന്നു തിമോത്തി. അദ്ദേഹത്തിന്റെ പിതാവ്, ഒരു ഗ്രീക്കുകാരനും മാതാവ് ഒരു യഹൂദയുമായിരുന്നു. മാതാവായ യൂനീസും വല്യമ്മയായ ലോയിലും ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു (2-തിമോ. 1:5).

പൗലോസിന്റെ രണ്ടാം പ്രേഷിതയാത്രയിൽ ലിസ്ത്രായിൽവച്ച് തിമോത്തി പൗലോസിന്റെകൂടെ ചേർന്നു (അപ്പ. 16:1–5). അന്നുമുതൽ തിമോത്തി പൗലോസിന്റെ സന്തത സഹചാരിയായി. പല ലേഖനങ്ങളിലെയും സംബോധനകളിലും അഭിവാദനങ്ങളിലും പൗലോസിന്റെ പേരിനോടൊപ്പം തിമോത്തിയുടെ പേരും കാണാം (cfr 1, 2 തെസ; 2കോറി; കൊളോ; ഫിലി; ഫിലമോൻ). പില്ക്കാലത്ത് പൗലോസ് അദ്ദേഹത്തെ എഫേസൂസിലെ മെത്രാനായി നിയമിച്ചു.

### കത്തുകളുടെ സ്വഭാവം

തിമോത്തിക്കുള്ള ഇരു കത്തുകളും തിത്തൂസിനുള്ള കത്തും സഭാശുശ്രൂഷകരുടെ യോഗ്യതകളെയും ചുമതലകളെയും കുറിച്ചു പ്രതിപാദിക്കുന്നവയാണ്. അതിനാൽ 18–ാം ശതകം മുതൽ അവ "അജപാലകർക്കുള്ള ലേഖനങ്ങൾ" എന്ന് അറിയപ്പെടുന്നു. സാരാംശം, രൂപം, ശൈലി, ചരിത്രപശ്ചാത്തലം എന്നിവയിലെല്ലാം ഈ മൂന്നു ലേഖനങ്ങൾക്കും വളരെ അടുത്ത ബന്ധമുണ്ട്. തിമോത്തിക്കുള്ള ആദ്യത്തെ കത്ത് ഏ.ഡി. 65–ൽ മാസിഡോണിയായിൽ വച്ചാണ് എഴുതിയത്. രണ്ടാമത്തെ കത്ത് പൗലോസിന്റെ ലിഖിതങ്ങളിൽ അവസാനത്തേതാണ്. അത് ഏ.ഡി. 66–ൽ റോമായിലെ രണ്ടാമത്തെ ജയിൽ വാസത്തിനിടയ്ക്ക്, മരിക്കുന്നതിനു തൊട്ടുമുമ്പായി പൗലോസ് എഴുതിയതാണെന്നു വിശ്വസിക്കുന്നു.

തിമോത്തിയുടെ സംരക്ഷണത്തിന് ഏല്പിക്കപ്പെട്ട സഭാ സമൂഹങ്ങളെ സംഘടിപ്പിക്കാനും നയിക്കാനും വേണ്ട നിർദ്ദേശങ്ങൾ തിമോത്തിയ്ക്കു നല്കുക എന്നതാണ് ഈ കത്തുകളുടെ ലക്ഷ്യം.

www.malankaralibrary.com

**ഉള്ളടക്കം**

1. തിമോ. 1:1–4:16 സത്യപ്രബോധനത്തിന്റെ സംരക്ഷണത്തിനായി തിമോത്തിക്കുള്ള കടമ: അബദ്ധ പ്രബോധനങ്ങൾക്കെതിരെ സമരം ചെയ്യാൻ പൗലോസ് തിമോത്തിയെ ചുമതലപ്പെടുത്തുന്നു.

5–6 ക്രൈസ്തവ സമൂഹത്തിന്റെ പരസ്യരാധാനയ്ക്കുവേണ്ട ക്രമീകരണത്തെയും സാമൂഹിക ക്ഷേമത്തെയും സംബന്ധിച്ച ശിപാർശകൾ.

2 തിമോ 1–2 സുവിശേഷത്തിനുവേണ്ടി, ദൈവത്തിലാശ്രയിച്ചുകൊണ്ട് സൈനിക ധീരതയോടെ കഷ്ടതകളെ അഭിമുഖീകരിക്കണം.

വ്യാജ പ്രവാചകരെ നേരിടാനുള്ള ചുമതലയെക്കുറിച്ച് തിമോത്തിയെ വീണ്ടും അനുസ്മരിപ്പിക്കുന്നു. ഇതു ക്ഷമയോടും ശാന്തതയോടും കൂടെ നിർവ്വഹിക്കണം.

3–4 യുഗാന്തത്തെ സംബന്ധിച്ച കാര്യങ്ങളും തിമോത്തിയോടുള്ള പൗലോസിന്റെ അന്തിമ വചസ്സുകളും.

## 9. തീത്തൂസിനുള്ള കത്ത്

**തീത്തൂസ്**

അപ്പസ്തോല പ്രവർത്തനങ്ങളിൽ ഒരു തീത്തൂസ് യുസ്റ്റസിനെ സംബന്ധിച്ച പരാമർശമുണ്ട് (18:7). പൗലോസ് തന്റെ രണ്ടാം പ്രേഷിതയാത്രയിൽ കോറിന്തിൽ വച്ച് അദ്ദേഹത്തെ കണ്ടുമുട്ടി. എന്നാൽ ആ തീത്തൂസിനുള്ളതല്ല ഈ ലേഖനം. പ്രസ്തുത വ്യക്തിയുടെ പേരിനെ സംബന്ധിച്ച് അപ്പസ്തോല പ്രവർത്തനങ്ങളിലെ പ്രസ്താവങ്ങൾക്കു പൊരുത്തമില്ല. വ്യത്യസ്ത രേഖകളിൽ വ്യത്യസ്ത രീതിയിലാണ്. ചിലതിൽ തീത്തൂസ് എന്നു കാണാം. മറ്റു ചിലതിൽ യുസ്റ്റസ് എന്നു മാത്രവും.

തിത്തുസ് ഗ്രീക്ക് വംശജനും അപരിച്ഛേദിതനും ആയിരുന്നു. പൗലോസിന്റെ വിശ്വസ്ത ശിഷ്യനായിരുന്ന തീത്തുസ്, പ്രേഷിത യാത്രകളിൽ അദ്ദേഹത്തിന്റെ ഉറ്റ കൂട്ടുകാരനുമായിരുന്നു. പൗലോസിന്റെ ലിഖിതങ്ങളിൽനിന്നും ഇതു മനസ്സിലാക്കാം (2-കോറി. 2:13; 7:6; 7:13 –16; 8:6–18; 12:17–18). പില്ക്കാലത്ത് പൗലോസ് അദ്ദേഹത്തെ ക്രീറ്റിലെ മെത്രാനായി നിയമച്ചു (തീത്തുസ് 1:5).

തിമോത്തിക്കുള്ള രണ്ടാമത്തെ കത്തിനു മുമ്പായിട്ടാണ് ഈ കത്തു വിരചിതമായത്. A.D 65–ൽ മാസിഡോണിയയിൽ വച്ചായിരിക്കണം ഇതിന്റെ രചന. ശൈലിയിലും തത്വസംഹിതയിലും ഈ കത്ത് തിമോത്തിക്കുള്ള കത്തകളോട് വളരെ അടുപ്പം കാണിക്കുന്നു.

www.malankaralibrary.com

**ഉള്ളടക്കം**

തീത്തൂസ് 1-3 തീത്തുസിനെ ക്രീറ്റിലേക്ക് അയച്ചത് അവിടത്തെ സഭയെ വേണ്ടവിധം സംഘടിപ്പിക്കാനാണെന്ന് പൗലോസ് അനുസ്മരിപ്പിക്കുന്നു. അതിലേക്ക് പ്രാദേശിക സഭകളിൽ മൂപ്പന്മാരെ നിയമിക്കേണ്ടത് ആവശ്യമാണെന്ന് സൂചിപ്പിക്കുന്നു. ഒരു മേൽനോട്ടക്കാരന്റെ (മെത്രാന്റെ) പ്രഥമവും പ്രധാനവുമായ കർത്തവ്യം സത്യവിശ്വാസത്തിന്റെ പ്രബോധനവും സംരക്ഷണവുമാണ്.

(1:5-9) തുടർന്ന് തീത്തൂസിനുള്ള ഉദ്ബോധനങ്ങളുടെ ഒരു പരമ്പര കാണാം. പ്രായയമായ സ്ത്രീ പുരുഷന്മാരെക്കുറിച്ചും യുവതീ യുവാക്കളെക്കുറിച്ചും അടിമകളെക്കുറിച്ചുമെല്ലാം ആ ഉദ്ബോധനത്തിൽ പറയുന്നുണ്ട്. അവസാന ഭാഗത്ത് നിയമാധിഷ്ഠിത അധികാരങ്ങളോടുള്ള വിധേയത്വം ക്രൈസ്തവരുടെ ചുമതലയാണെന്ന് അപ്പോസ്തോലൻ വിശ്വാസികളെ അനുസ്മരിപ്പിക്കുന്നു. എല്ലാ മനുഷ്യരോടും ശാന്തതയും മര്യാദയും കാണിക്കണമെന്ന് പ്രത്യേകം നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

# 10. ഫിലെമോനുള്ള കത്ത്

ഇത് പൗലോസ് ഫിലെമോന് അയച്ച വ്യക്തപരമായ ഒരു കത്താണ്. A D 61-63 കാലത്ത് പൗലോസ് റോമിലെ വീട്ടുതടങ്കലിൽ നിന്നാണ് ഈ കത്തയച്ചത്. അതുകൊണ്ട് ഇത് കാരാഗൃഹ ലേഖനങ്ങളുടെ ഗണത്തിൽപെടുന്നു. യൂദായുടെ ലേഖനം പോലെ ഇതിലും 25 വാക്യങ്ങളേയുള്ളു. എന്നാൽ യൂദായുടേതിനെക്കാൾ ചെറുതാണിത്; 330 വാക്കുകൾ മാത്രം. യൂദായുടെ ലേഖനത്തിൽ 460 വാക്കുകളുണ്ട്.

**ഫിലെമോൻ**

ഫിലെമോൻ കോളോസെക്കാരനായ ഒരു ധനികനായിരുന്നു. അദ്ദേഹത്തിന് കുറെ അടിമകളുണ്ടായിരുന്നു. പൗലോസ് അദ്ദേഹത്തെ മാനസാന്തരപ്പെടുത്തി ക്രിസ്ത്യാനിയാക്കി (cfr ഫിലെ. 9).

**ലക്ഷ്യം**

ഫിലെമോന്റെ അടിമകളിൽ ഒരാളായ ഒനേസിമൂസ് യജമാനന്റെ ചില സാധനങ്ങൾ മോഷ്ടിച്ചുകൊണ്ട് ഓടിപ്പോയി (ഫിലെ. 18). ഒനേസിമൂസ് എങ്ങനെയോ റോമിലെത്തുകയും കാരാഗൃഹത്തിൽ പൗലോസിനെ സന്ദർശിക്കാനിടയാകുകയും ചെയ്തു. പൗലോസ് അയാളെ മാനസാന്തരപ്പെടുത്തികൊണ്ട് (വാ. 10) ടിക്കിക്കൂസിനോടൊപ്പം ഫിലമോന്റെ പക്കലേക്കു തിരിച്ചയച്ചു (കൊളോ 4:9). ഫിലെമോനുള്ള ഒരു കത്തും പൗലോസ് അവർവശം കൊടു

www.malankaralibrary.com

ത്തുവിട്ടു. അതിൽ അടിമയോടു ക്ഷമിക്കാനും ക്രിസ്തുവിൽ ഒരു പ്രിയസഹോദരനായി അയാളെ സ്വീകരിക്കാനും ഫിലെമോനോട് പൗലോസ് ആവശ്യപ്പെടുകയും ചെയ്തു.

**ഉള്ളടക്കം**

ഈ കത്തിലെ 25 വാക്യങ്ങൾ ക്രൈസ്തവർക്കു പരസ്പരം ഉണ്ടായിരിക്കേണ്ട സ്നേഹത്തെയും ക്രിസ്തുവിലുള്ള അവരുടെ ഐക്യത്തെയുംപറ്റി വളരെ പ്രശംസനീയമാംവിധം വിവരിച്ചിരിക്കുന്നു.

പൗലോസ് അടിമത്തത്തെ നിരാകരിക്കുകയോ അടിമയുടെ ഉടമസ്ഥൻ എന്ന നിലയിൽ ഫിലെമോനുള്ള അവകാശത്തെ ചോദ്യം ചെയ്യുകയോ ചെയ്യുന്നില്ല. ഒനേസിമൂസിനെ കാരുണ്യപൂർവ്വം സ്വീകരിക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെടുകയാണ് ചെയ്യുന്നത്. അയാൾക്കു സ്വാതന്ത്ര്യം കൊടുക്കാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നുണ്ട്. ഒനേസിമൂസ് തിരിച്ചു വന്നു തന്നെ സഹായിക്കാൻ വേണ്ടി ആയിരിക്കാമത്. പൗലോസിന് ദൈവപരിപാലനയിലുള്ള വിശ്വാസം ഈ കത്തിൽ വെളിവാകുന്നു. കാരണം എല്ലാവർക്കും ഗുണകരമാകും വിധത്തിൽ ആ അടിമ രക്ഷപ്പെടാൻ ഇടയായത് ദൈവം അനുവദിച്ചിട്ടാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു (വാ. 15-16).

# 11. ഹെബ്രായർക്കുള്ള ലേഖനം

**ശീർഷകം**

"ഹെബ്രായർക്ക്" എന്ന ശീർഷകം രണ്ടാം ശതകത്തിന്റെ മദ്ധ്യം മുതൽ മാത്രമാണു കാണുന്നത്. യഹൂദ ക്രിസ്ത്യാനികളുടെ ഒരു സമൂഹത്തിനു വേണ്ടി എഴുതപ്പെട്ട ലേഖനമാണിത്. അവർ അന്തോക്യായിലുള്ള കേസറിയായിലെ സമൂഹമായിരിക്കാനാണ് സാധ്യത.

**ഗ്രന്ഥകാരൻ**

ഈ ലേഖനം പൗലോസ് എഴുതിയിട്ടുള്ളതല്ല. പല കാരണങ്ങളും ഈ വസ്തുത ശരിവയ്ക്കുന്നു. മറ്റു 13 ലേഖനങ്ങളിലുള്ളതുപോലെ പൗലോസിന്റെ പേരു ചേർത്ത സംബോധന ഇതിലില്ല. ഈ ലേഖനത്തിൽ കാണുന്നത് പൗലോസിന്റെ ഭാഷയും ശൈലിയുമല്ല. ക്രിസ്തുവിന്റെ ശ്രോതാക്കളിൽനിന്നു കാര്യങ്ങൾ കേട്ടു ഗ്രഹിച്ചവനാണ് ഈ ലേഖനം എഴുതുന്നത് എന്നു പറയുന്നുണ്ട് (2:3). ഇതിലെ പ്രധാന പ്രതിപാദ്യം ക്രിസ്തുവിന്റെ പൗരോഹിത്യമാണ്. ഇക്കാര്യം 'വിശ്വാസംവഴി നീതീകരണം' എന്നുള്ള പൗലോസിന്റെ മുഖ്യ ചിന്താധാരയുമായി ഇണങ്ങുന്നില്ല.

പൗരസ്ത്യ സഭയിൽ ആദ്യമായി ഈ ലേഖനത്തിന്റെ കർത്തൃത്വം പൗലോസിൽ ആരോപിച്ചത് AD 180-ൽ പന്തേനൂസായിരുന്നു. പാശ്ചാത്യ സഭ

www.malankaralibrary.com

യിലാകട്ടെ നാലാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ മാത്രമാണ് ഈ ലേഖനം പൗലോസിന്റെ രചനയാണെന്നറിയപ്പെട്ടു തുടങ്ങിയത്. അതിനാൽ ഹെബ്രായർക്കുള്ള ലേഖനത്തിന്റെ രചയിതാവ് പൗലോസ് ആയിരിക്കാനിടയില്ല എന്ന് ഇന്ന് എല്ലാവരുംതന്നെ സമ്മതിക്കുന്നു. എന്നാൽ പൗലോസിന്റെയും അദ്ദേഹത്തിന്റെ ലേഖനങ്ങളുടെയും വളരെയേറെ സ്വാധീനം സിദ്ധിച്ചിട്ടുള്ള ഒരാളാണ് ഹെബ്രായർക്കുള്ള ലേഖനം രചിച്ചിട്ടുള്ളത് എന്നത് തർക്കമറ്റ സംഗതിയാണ്.

ലേഖനത്തിന്റെ സവിശേഷതകളെല്ലാം പരിഗണിച്ച് അത് പൗലോസിന്റെ ഒരു ശിഷ്യനോ വളരെ അടുത്ത ഒരു സുഹൃത്തോ രചിച്ചതായിരിക്കും എന്നു കരുതപ്പെടുന്നു. ഒരുപക്ഷേ, അലക്സാൻഡ്രിയൻ യഹൂദനായ അപ്പോളോസ് ആയിരിക്കാം. അദ്ദേഹത്തിന്റെ വാഗ്മിത്വം, അപ്പസ്തോലിക തീഷ്ണത, പാണ്ഡിത്യം എന്നിവയുടെ പേരിൽ ലൂക്കാ അദ്ദേഹത്തെ പ്രശംസിച്ചിട്ടുണ്ട് (അപ്പ. 18:24-28).

ലേഖന രചനയുടെ സ്ഥലകാലങ്ങളും നിശ്ചയമില്ല. AD 67-ൽ പൗലോസിന്റെ മരണശേഷം, ഇറ്റലിയിൽവച്ച് ഈ ലേഖനം അപ്പോളോസ് എഴുതിയിരിക്കാൻ സാദ്ധ്യതയുള്ളതായി കരുതുന്നവരുണ്ട് (ഹെബ്രാ. 13:25).

**ലക്ഷ്യം**

ക്രിസ്തുമതം സ്വീകരിച്ച അനേകം യഹൂദർക്കും യഹൂദ പുരോഹിതന്മാർക്കും ജെറുസലെമും അവിടത്തെ മനോഹരമായ ദേവാലയവും ഉപേക്ഷിച്ചു പോകേണ്ടിവന്നു. തങ്ങൾ ഒറ്റപ്പെട്ടു പോയിരിക്കുന്നു എന്ന് അവർക്കു തോന്നി. ദൈവം തങ്ങളെ കൈവെടിഞ്ഞു എന്ന് അവർ ചിന്തിക്കാൻ തുടങ്ങി (6:10). അവരുടെ വിശ്വാസം ദുർബലമായി. മോശയുടെ നേതൃത്വത്തിൽ മരുഭൂമിയിൽ കഴിഞ്ഞിരുന്ന ഇസ്രായേൽക്കാർ ആഗ്രഹിച്ചതുപോലെ യഹൂദമതത്തിലേക്കു തിരിച്ചു പോകാനുള്ള പ്രലോഭനം അവർക്കുണ്ടായി. ജറുസലെം ദേവാലയവും അവിടത്തെ ആകർഷകമായ ആരാധനാ കർമ്മങ്ങളും അവരെ അത്രമാത്രം സ്വാധീനിച്ചിരുന്നു!

ഈ അപകടം ഒഴിവാക്കാനാണ് ഹെബ്രായർക്കുള്ള ലേഖനം എഴുതപ്പെട്ടത്. അതിനാൽ ലേഖകൻ ക്രൈസ്തവ ജീവിതത്തെ പുറപ്പാടിന്റെ അനുഭവത്തിൽ അവതരിപ്പിക്കുന്നു. ക്രൈസ്തവർ വാഗ്ദത്തദേശമായ സ്വർഗ്ഗത്തിലേക്ക് പുറപ്പാടുയാത്ര നടത്തുന്നവരാണല്ലോ. ക്രിസ്തുവാണ് അവർക്കു നേതൃത്വം നല്കുന്നത്. വിശ്വാസത്തിന്റെയും പ്രത്യാശയുടെയും വെളിച്ചത്തിൽ ആ യാത്ര മുന്നേറേണ്ടിയിരിക്കുന്നു.

**ഉള്ളടക്കം**

വിഷയത്തിന്റെ ഔന്നത്യവും പ്രതിപാദന ശൈലിയും പരിഗണിക്കുമ്പോൾ മതാദ്ധ്യാപന പ്രസംഗത്തെ ഒരു കത്തായി രൂപപ്പെടുത്തിയെടുത്ത

www.malankaralibrary.com

താകം ഈ ലേഖനം എന്നു പറയാം. ഇത് പ്രബോധന വചനങ്ങളാണെന്ന് ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു (13:22). ഈ ലേഖനത്തിൽ ദൈവശാസ്ത്ര പരവും വ്യാഖ്യാനപരവും ഉദ്ബോധനപരവുമായ ഭാഗങ്ങൾ മാറിമാറി വരുന്നുണ്ട്.

1:1–4 ആമുഖം: പുതിയ നിയമ വെളിപാടിന്റെ ശ്രേഷ്ഠതയും ക്രിസ്തുവിന്റെ അതുല്യ വൈശിഷ്ട്യവും.

1:5–2:18 രാജാവായ ക്രിസ്തു: ക്രിസ്തു മോശയെക്കാളും നിയമത്തെക്കാളും ശ്രേഷ്ഠനാകുന്നു. മാലാഖമാരെക്കാളും സകല സൃഷ്ടവസ്തുക്കളെക്കാളും ഉപരി ശ്രേഷ്ഠത അവിടുത്തേയ്ക്കുണ്ട്. പഴയ നിയമത്തിൽനിന്നുള്ള അനേകം ഉദ്ധരിണികൾ കൊണ്ടു തന്നെ ഇക്കാര്യത്തെ സമർത്ഥിക്കുന്നു.

3:1–5:10 ക്രിസ്തുവാണ് നമ്മുടെ സർവോത്കൃഷ്ടനും വിശ്വസ്തനുമായ ഉത്തമ പുരോഹിതൻ. അവിടുന്നു മോശയെക്കാളും ശ്രേഷ്ഠനാകുന്നു. മോശയുടെ മാധ്യസ്ഥ്യം ഒരു ദാസന്റെ മാധ്യസ്ഥ്യം മാത്രമായിരുന്നു. എന്നാൽ യേശുവിന്റെ മാധ്യസ്ഥ്യം യഥാർത്ഥ ദൈവപുത്രന്റേതത്രേ.

5:11–10:18 ക്രിസ്തുവിന്റെ പൗരോഹിത്യം: ഇതാണ് ലേഖനത്തിന്റെ കാതലായ ഭാഗം. ക്രിസ്തുവിന്റെ പൗരോഹിത്യത്തെ നിർവചിച്ചതിനുശേഷം (5:1–10) തുടർന്നുള്ള അദ്ധ്യായങ്ങളിൽ പൗരോഹിത്യം എന്ന ആശയത്തിനു ലേഖകൻ വിശദീകരണം നല്കുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യം യഥാർത്ഥവും പരിശുദ്ധവും പരിപൂർണവുമത്രേ. അത് മെൽക്കിസെദേക്കിന്റെ ക്രമത്തിന് അനുസൃതമാകുന്നു. എന്നാൽ അവിടുന്ന് മെൽക്കിസെദേക്കിനേക്കാളും ഉന്നതനാകുന്നു.

10:19–12:29 ഉദ്ബോധനം: ക്രിസ്തു സ്വർഗ്ഗത്തിലേക്കുള്ള വഴി തുറന്നുവെന്ന് ലേഖകൻ ഉറപ്പിച്ചു പറയുന്നു. അതിനാൽ ഈ ലോക ജീവിതത്തിലെ പരീക്ഷണങ്ങളെ ക്ഷമയോടെ നേരിടുകയും വിശ്വാസത്തെ അഭംഗുരമായി സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്.

13:1–25 ഉപസംഹാരം: സഹോദര സഹജമായ പരസ്പര സ്നേഹത്തിനുവേണ്ടിയുള്ള ഒരു ഉദ്ബോധനത്തോടുകൂടി അനുവാചകരെ അഭിവാദനം ചെയ്തുകൊണ്ട് ഗ്രന്ഥകാരൻ ലേഖനം ഉപസംഹരിക്കുന്നു.

www.malankaralibrary.com

**അനുബന്ധം: സംഭവങ്ങൾ കാലാനുക്രമത്തിൽ**

| | | |
|---|---|---|
| പൗലോസിന്റെ ജനനം | എ.ഡി. 10 അടുത്ത് | – സിലിഷ്യാ |
| ഉന്നത വിദ്യാഭ്യാസം | എ.ഡി. 31–32 | – ജറുസലെം |
| മാനസാന്തരം | എ.ഡി. 34 | – ഡമാസ്കസിലേക്കുള്ള മാർഗ്ഗമദ്ധ്യേ |
| അറേബ്യൻ മരുഭൂമിയിൽ | എ.ഡി. 36–44 | |
| ഡമാസ്കസിൽ ആദ്യ പ്രസംഗങ്ങൾ | എ.ഡി. 44 | |
| ആദ്യപ്രേഷിതയാത്ര | എ.ഡി. 45–49 | – സൈപ്രസ്, ഏഷ്യാ മൈനർ |
| ജറുസലെം കൗൺസിൽ | എ.ഡി. 49 | |
| രണ്ടാം പ്രേഷിതയാത്ര | എ.ഡി. 50–52 | – മാസിഡോണിയാ, ഗ്രീസ് |
| തെസലോനിയർക്കുള്ള ലേഖനങ്ങൾ | എ.ഡി. 51–52 | കോറിന്ത് |
| മൂന്നാം പ്രേഷിതയാത്ര | എ.ഡി. 54–58 | – മാസിഡോണിയാ, ഗ്രീസ് |
| ലേഖനങ്ങൾ: | | |
| ഗലാത്തിയർക്ക് | എ.ഡി. 54 | – എഫെസൂസ് |
| ഫിലിപ്പിയർക്ക് | എ.ഡി. 56 | – എഫെസൂസ് |
| കൊറീന്ത്യർ I | എ.ഡി. 57 | – എഫെസൂസ് |
| കോറീന്ത്യർ II | എ.ഡി. 57 | – മാസിഡോണിയാ |
| റോമാക്കാർക്ക് | എ.ഡി. 58 | – കോറിന്ത് |
| അവസാനയാത്ര (ബന്ധനസ്ഥൻ) | എ.ഡി. 58–67 | – മാൾട്ടാ, റോം |
| റോമിൽ വീട്ടുതടങ്കലിൽ | എ.ഡി. 61–63 | |
| ലേഖനങ്ങൾ: | | |
| കൊളോസ്യർക്ക് | – എ.ഡി. 61–63 | – റോം |
| എഫേസ്യർക്ക് | – എ.ഡി. 61–63 | – റോം |
| ഫിലെമോന് | – എ.ഡി. 61–63 | – റോം |
| റോമിൽനിന്നുള്ള വേർപാട് | – എ.ഡി. 63–65 | |
| ലേഖനങ്ങൾ: | | |
| തീത്തൂസിന് | – എ.ഡി. 65 | – മാസിഡോണിയാ |

www.malankaralibrary.com

| | | |
|---|---|---|
| I തിമോത്തി | – ഏ.ഡി. 65 | – മാസിഡോണിയാ |
| റോമിൽ 2–ാം തവണ ബന്ധനസ്ഥൻ | – ഏ.ഡി. 66 | |
| II തിമോത്തി | – ഏ.ഡി. 66 | – റോം |
| മരണം | – ഏ.ഡി. 67 | – റോം |
| ഹെബ്രായർക്കുള്ള ലേഖനം (അപ്പോളോസ്?) | – ഏ.ഡി. 67 | – ഇറ്റലി |

## B. സാർവ്വത്രിക ലേഖനങ്ങൾ

പൗലോസിന്റേതല്ലാത്ത 7 ലേഖനങ്ങൾകൂടി പുതിയ നിയമത്തിലുണ്ട്. പൗലോസിന്റെ ലേഖനങ്ങൾ ഏതെങ്കിലും ഒരു പ്രത്യേക സഭയെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണല്ലോ. എന്നാൽ ഈ ഏഴു ലേഖനങ്ങൾ ക്രൈസ്തവരെ പൊതുവെ ഉദ്ദേശിച്ചുള്ളവയാണ്. അപ്പോളോണിയസ് ഇവയെ ഒരു ഗ്രൂപ്പായി കണക്കാക്കി, ഏ.ഡി. 197–ൽ "സാർവ്വത്രിക ലേഖനങ്ങൾ" എന്നു പേരു കൊടുത്തു. ഒരുപക്ഷേ, പൗലോസിന്റേ ലേഖനങ്ങളിൽനിന്ന് അവയ്ക്കുള്ള വ്യത്യാസം കാണിക്കാനായിരിക്കും ഇങ്ങനെ ചെയ്തത്. ഇവയിൽ മൂന്നെണ്ണം യോഹന്നാന്റെ പേരിലും രണ്ടെണ്ണം പത്രോസിന്റെ പേരിലും ഓരോന്ന് യാക്കോബ്, യൂദാ എന്നിവരുടെ പേരിലും അറിയപ്പെടുന്നു.

## 1. യാക്കോബിന്റെ ലേഖനം

### ഗ്രന്ഥകാരൻ

ക്രിസ്തുവിന്റെ 12 ശിഷ്യന്മാരിൽ രണ്ടു യാക്കോബുമാരുണ്ടായിരുന്നല്ലോ. സെബദിയുടെ പുത്രനായ യാക്കോബും അൽഫേയൂസിന്റെ മകനായ (മത്താ. 10:2f) യാക്കോബും. ഇവരിലാരുമല്ല ഈ ലേഖനം രചിച്ചത്. സെബദീപുത്രനായ യാക്കോബ് ഏ.ഡി. 44–ൽ അഗ്രിപ്പാ ഒന്നാമനാൽ ഗളച്ഛേദം ചെയ്യപ്പെട്ടു. ഈ ലേഖനത്തിന്റെ കർത്താവ് "കർത്താവിന്റെ സഹോദരൻ" എന്നു വിളിക്കപ്പെടുന്ന യാക്കോബാണ് (മർക്കോ. 6:3; മത്താ 13:55). ഉത്ഥിതനായ കർത്താവ് അദ്ദേഹത്തിനു പ്രത്യക്ഷനായിട്ടുണ്ട് (1 കോറി 15-:7). ജറുസലെം കൗൺസിലിന്റെ അവസരത്തിൽ പൗലോസ് ശ്ലീഹാ ഇദ്ദേഹത്തോടു സംസാരിച്ചിരുന്നു (അപ്പ. 15). യേശുവിന്റെ ബന്ധുവായിരുന്ന ഈ യാക്കോബ് ആരംഭകാലം മുതലേ സഭയിലെ അംഗമായിരുന്നു (അപ്പ. 1:14). കർത്താവിന്റെ കുടുംബത്തിന്റെ തലവൻ എന്ന പ്രാധാന്യവും അദ്ദേഹത്തിനു സിദ്ധിച്ചു. സ്വാഭാവികമായും ഈ മഹിമ യഹൂദ ക്രിസ്ത്യാനികളുടെ നേതൃസ്ഥാനത്തേക്ക്

www.malankaralibrary.com

അദ്ദേഹത്തെ ഉയർത്തി. ചരിത്രകാരനായിരുന്ന ഫ്ളാവിയുസ് ജോസെഫൂസിന്റെ (Flavius Josephus) സാക്ഷ്യം അനുസരിച്ച്, ഈ യാക്കോബ് മഹാപുരോഹിതനായിരുന്ന അനനിയാസിന്റെ കല്പനപ്രകാരം എ.ഡി. 62-ൽ കല്ലെറിഞ്ഞു കൊല്ലപ്പെട്ടു.

## തീയതിയും ലക്ഷ്യവും

വിജാതീയരുടെയിടയിൽ, അതായത് യവന-റോമൻ മേഖലകളിൽ ചിതറി പാർത്തിരുന്ന 12 ഗോത്രങ്ങളെ (Diaspora) സംബോധന ചെയ്തുകൊണ്ടുള്ളതാണ് ഈ ലേഖനം (1:1). അവരിൽതന്നെ പ്രധാനമായും ഉദ്ദേശിക്കുന്നത് പലസ്തീനയ്ക്കു സമീപമുള്ള സിറിയാ, ഈജിപ്റ്റ് തുടങ്ങിയ രാജ്യങ്ങളിലെ യഹൂദ ക്രൈസ്തവരെയാണ്.

ഈ ലേഖനത്തിന് അതിന്റെ ഇപ്പോഴത്തെ രൂപം കൈവന്നിട്ടുള്ളത് യാക്കോബിന്റെ ഒരു ഉറ്റ ശിഷ്യന്റെ രചനാ വൈഭവം മൂലമായിരിക്കണം. അതിമനോഹരമായ ഗ്രീക്കുഭാഷയും ശൈലിയും ഈ വീക്ഷണത്തെ ശരിവയ്ക്കുന്നു. യാക്കോബിന്റെ രചനയെ അദ്ദേഹത്തിന്റെ വിശ്വസ്തനും വിദഗ്ധനുമായ ഒരു ശിഷ്യൻ പരിഷ്കരിച്ച് എ.ഡി. 85-ഓടുകൂടി ഇപ്പോഴുള്ള രൂപം നല്കിയിട്ടുണ്ടാകാം. 2-ാം ശതകം മുതൽ ഈ ലേഖനം സഭയിൽ പൊതുവേ കാനോനികമായി അംഗീകരിക്കപ്പെട്ടിരുന്നു.

## ഉദ്ദേശ്യം

യഹൂദ ക്രൈസ്തവ സമൂഹത്തിൽനിന്ന് എല്ലാ വിധത്തിലുമുള്ള സാമുഹ്യ അനീതികളും തുടച്ചു നീക്കുക എന്നുള്ളതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. കാരണം, ആരാധന സമ്മേളനങ്ങളിൽപോലും പണക്കാർ പാവപ്പെട്ടവരെ അകറ്റി നിർത്തിയിരുന്നു. അങ്ങനെ അവഹേളിക്കപ്പെട്ട ദുർബല വിഭാഗങ്ങളോട് യാക്കോബ് സഹാനുഭൂതി കാണിക്കുന്നു. പ്രധാനമായും സാമൂഹിക നീതിബോധം വളർത്തുവാൻ വേണ്ടിയാണ് യാക്കോബ് ഈ ലേഖനം എഴുതിയത്.

## ഉള്ളടക്കം

ഈ ലേഖനത്തിൽ ആദ്യന്തം നിറഞ്ഞു നില്ക്കുന്ന ആശയം ക്രൈസ്തവന്റെ അനുദിന ജീവിതവും മതവിശ്വാസവും തമ്മിൽ പൊരുത്തമുണ്ടായിരിക്കണം എന്നതാണ്.

1:1-27 ക്രൈസ്തവ ജീവിതം ആത്മപരിത്യാഗവും സ്വഭാവ വിശുദ്ധിയും ആവശ്യപ്പെടുന്നു.

2:1-26 വിശ്വാസജീവിതം സ്നേഹത്തിലധിഷ്ഠിതം. സൽപ്രവൃത്തികൾ വിശ്വാസത്തോടു ചേർന്നു പോകുന്നില്ലെങ്കിൽ വിശ്വാസം നിർജ്ജീവമായിത്തീരുന്നു (2:16-18; cfr. ഗലാ 5:6).

www.malankaralibrary.com

3:1–18 നാവിന്റെ നിയന്ത്രണവും സമാധാനകാംക്ഷയും ഒരുത്തനെ വിവേകിയും വിശുദ്ധനുമാക്കുന്നു.

4–5 പാപം അനൈക്യത്തിനു കാരണമത്രേ. ധനവാന്മാരുടെ പാപങ്ങൾ വെളിപ്പെടുത്തുകയും എല്ലാവർക്കും അന്തിമമായി ഒരു ഉദ്ബോധനം നല്കുകയും ചെയ്തുകൊണ്ട് യാക്കോബ് തന്റെ ലേഖനം അവസാനിപ്പിക്കുന്നു.

## 2. പത്രോസിന്റെ ലേഖനങ്ങൾ

### ഗ്രന്ഥ കർത്തൃത്വം

പത്രോസിന്റെ പേരിൽ രണ്ടു ലേഖനങ്ങളുണ്ട്. ഇവയിൽ ആദ്യ ലേഖനത്തിന്റെ രചയിതാവ് പത്രോസ് തന്നെയാണെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും "വിശ്വസ്ത സഹോദരനായി ഞാൻ കണക്കാക്കുന്ന സിൽവാനൂസുവഴി ചുരുക്കത്തിൽ നിങ്ങൾക്ക് ഞാൻ എഴുതിയിരിക്കുന്നു" (1 പത്രോ. 5:12) എന്ന് അവസാന ഭാഗത്തു കാണുന്നുണ്ട്. ലേഖനത്തിന്റെ പരിഷ്കൃതമായ ഭാഷയും രചനാ ശൈലിയും സിൽവാനൂസിന്റെ കാര്യമായ പങ്കാളിത്തത്തെക്കുറിച്ച് ചിന്തിക്കാൻ പ്രേരണ നല്കുന്നു. പത്രോസ് തന്റെ ചിന്തകളും ആശയങ്ങളും സിൽവാനൂസിനു പറഞ്ഞുകൊടുത്തിരിക്കാം. ലേഖനത്തിന്റെ രചനയിൽ അദ്ദേഹത്തിന് ആവശ്യമായ സ്വാതന്ത്ര്യവും നല്കി കാണാം. ഇപ്രകാരം, ഒന്നാം ലേഖനം പത്രോസിൽനിന്നു സിൽവാനൂസിന്റെ കൈകളിലൂടെ നമ്മുടെ പക്കലെത്തിയിരിക്കാനാണ് സാധ്യത. സിൽവാനൂസ് പൗലോസിന്റെയും ഒരു സഹചാരിയായിരുന്നുവെന്ന് ഓർക്കുമല്ലോ (അപ്പ. 15:22f).

നീറോയുടെ ഭരണകാലത്ത് എ.ഡി. 67-ൽ റോമിൽവച്ച് പത്രോസ് രക്തസാക്ഷിത്വം വരിച്ചു. പത്രോസിന്റെ ഒന്നാം ലേഖനം പ്രസിദ്ധീകൃതമായത് റോമിൽ എ.ഡി. 87 അടുത്തായിരിക്കണം. ഈ ലേഖനത്തിൽ റോമിനെ ബാബിലോൺ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത് (1-പത്രോ. 5:13).

പത്രോസിന്റെ രണ്ടാം ലേഖനം അത്രതന്നെ പ്രാമാണികമല്ല. അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ഒരാളായിരിക്കാം അത് എഴുതിയത്. ഒരുപക്ഷേ, പത്രോസ് എഴുതിതുടങ്ങിയിരിക്കാം. അത് ആ ലേഖകൻ പൂർത്തിയാക്കി എന്നുവരാം. യൂദായുടെ ലേഖനത്തിലെ പല ആശയങ്ങളും ഇതിലും കാണുന്നുണ്ട്. യൂദായുടെ ലേഖനവും പത്രോസിന്റെ രണ്ടാം ലേഖനവും തമ്മിൽ ഘടനയിലും പ്രബോധനത്തിലും അനിഷേധ്യമായ സാമ്യം ദൃശ്യമാണ്.

ഗ്രന്ഥകാരൻ ശ്ലീഹന്മാരിൽ ഒരാളല്ല എന്ന് അദ്ദേഹത്തിന്റെതന്നെ പ്രസ്താവനകളിൽനിന്നും മനസ്സിലാകുന്നു (2-പത്രോ. 3:2). ഒന്നാം തലമുറയിലെ ക്രിസ്ത്യാനികൾ നിദ്രയിലാണ്ടിരിക്കുന്നു എന്ന് അദ്ദേഹം വിലയിരുത്തുന്നുണ്ട്

www.malankaralibrary.com

(2-പത്രോ. 3:4). അതിനാൽ പത്രോസിന്റെ രണ്ടാം ലേഖനത്തിന്റെ രചന എ.ഡി. 90-ന് അടുത്തായിരിക്കാം എന്നു കണക്കാക്കപ്പെടുന്നു.

**ലേഖനങ്ങളുടെ ഉദ്ദേശ്യം**

വായനക്കാരുടെ വിശ്വാസം ഉറപ്പിക്കുകയാണ് ഒന്നാം ലേഖനത്തിന്റെ ലക്ഷ്യം. താഴ്ന്ന വിഭാഗങ്ങളിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച് അവിശ്വാസികളുടെയിടയിൽ ജീവിക്കുന്നവരെയാണ് പത്രോസ് സംബോധന ചെയ്യുന്നത്. അദ്ദേഹം അവരെ ആശ്വസിപ്പിക്കുകയും ദുരിതങ്ങളും പരീക്ഷണങ്ങളും ക്രിസ്തുവിനെപ്പോലെ ക്ഷമയോടും സന്തോഷത്തോടും കൂടെ സഹിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

വ്യാജ പ്രബോധകർക്കെതിരായി എല്ലാ ക്രൈസ്തവർക്കും മുന്നറിയിപ്പു നല്കുക, രണ്ടാം വരവിന്റെ താമസം ഉളവാക്കിയ ഉത്കണ്ഠ ശമിപ്പിക്കുക എന്നിവയാണ് രണ്ടാം ലേഖനത്തിന്റെ ലക്ഷ്യം.

**ഉള്ളടക്കം**

1പത്രോ. 1:1–2:10 ക്രൈസ്തവ ജീവിതത്തിന് അനുപേക്ഷണീയമായ സംഗതികൾ: സ്വഭാവശുദ്ധി, സഹോദരരോടുള്ള സ്നേഹം എന്നിവ പത്രോസ് നിർബന്ധമായി ആവശ്യപ്പെടുന്നു.

1പത്രോ. 2:11–4:6 ക്രൈസ്തവരുടെ കർത്തവ്യങ്ങൾ: അവിശ്വാസികൾ, രാഷ്ട്രീയാധികാരികൾ, യജമാനന്മാർ, ഭർത്താക്കന്മാർ, ഭാര്യമാർ, അയൽക്കാർ എന്നിവരോടെല്ലാം ക്രിസ്ത്യാനികൾക്കുള്ള ചുമതലയെപ്പറ്റി പത്രോസ് അനുസ്മരിപ്പിക്കുന്നു.

4:7–5:11 മിശിഹായുടെ പുനരാഗമനത്തെ സംബന്ധിച്ച പ്രബോധനം, ജാഗ്രതയുടെ ആവശ്യകത മുതലായ കാര്യങ്ങളെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്നു.

2പത്രോ. 1:1–21 വിശുദ്ധിയിലേക്കുള്ള വിളി: ഓരോ ക്രൈസ്തവനും ദൈവിക സ്വഭാവത്തിൽ പങ്കുചേരാൻ വിളിക്കപ്പെട്ടിരിക്കുന്നു.

2പത്രോ. 2:1–22 വ്യാജ പ്രബോധകർക്കെതിരെ മുന്നറിയിപ്പ്.

2പത്രോ. 3:1–18 ക്രിസ്തുവിന്റെ പുനരാഗമനം: കർത്താവിന്റെ ദിവസം കള്ളനെപ്പോലെ വരും. ചിലപ്പോൾ ആയിരക്കണക്കിന് വർഷങ്ങൾ കഴിഞ്ഞായിരിക്കും.

## 3. യോഹന്നാന്റെ ലേഖനങ്ങൾ

യോഹന്നാന്റെ മൂന്നു ലേഖനങ്ങൾക്ക് തമ്മിൽത്തമ്മിലും നാലാം സുവിശേഷത്തോടും ഗണ്യമായ സാമ്യമുണ്ട്. ഭാഷാശൈലി, തത്വസംഹിത എന്നി

www.malankaralibrary.com

വയിലെല്ലാം ഈ സാമ്യം വ്യക്തമാണ്. അതിനാൽ ഈ മൂന്നു ലേഖനങ്ങളുടെയും രചയിതാവ് യോഹന്നാൻ തന്നെയാണെന്ന് എല്ലാവരും സമ്മതിക്കുന്നു.

**സവിശേഷതകൾ**

അഞ്ച് അദ്ധ്യായങ്ങളുള്ള ആദ്യത്തെ ലേഖനംതന്നെയാണ് മൂന്നിലും പ്രാധാനപ്പെട്ടത്. പതിവുള്ള അഭിവാദനങ്ങളില്ലാതെയാണ് അത് ആരംഭിക്കുന്നതും അവസാനിക്കുന്നതും. വായനക്കാരെ "കുഞ്ഞുമക്കളേ", (1-യോഹ. 2:1; 3:7) "പ്രിയപ്പെട്ടവരേ" (1യോഹ 2:7; 3:2) എന്നൊക്കെ യോഹന്നാൻ ചില സന്ദർഭങ്ങളിൽ വിളിക്കുന്നു. ആദ്യലേഖനത്തെ ഏഷ്യയിലെ റോമൻ പ്രവിശ്യയിലുള്ള സകല സഭകൾക്കും വേണ്ടിയുള്ള ഒരു സാർവ്വത്രിക ലേഖനമായി കണക്കാക്കാം.

യോഹന്നാന്റെ രണ്ടാം ലേഖനമാണ് ബൈബിളിലെ ഏറ്റവും ചെറിയ പുസ്തകം. 13 വാക്യങ്ങളിലായി 280 വാക്കുകൾ മാത്രം! അത് ഒരു സഭയ്ക്കു മാത്രമായി അയയ്ക്കപ്പെട്ടതാണ്. ആ സഭയെ 'തിരഞ്ഞെടുക്കപ്പെട്ട മഹതി' എന്നു യോഹന്നാൻ വിളിക്കുന്നു (2-യോഹ. 1). യോഹന്നാൻ തന്നെത്തന്നെ വിശേഷിപ്പിച്ചിരിക്കുന്നത് 'മൂപ്പൻ' എന്നാണ്.

15 വാക്യങ്ങളുള്ള മൂന്നാം ലേഖനവും വളരെ ഹ്രസ്വമാണ്. ഗായിയൂസ് എന്നു പേരുള്ള ഒരു പ്രിയ സുഹൃത്തിനെ സംബോധന ചെയ്തുകൊണ്ടാണ് യോഹന്നാൻ ഈ ലേഖനം എഴുതിയിരിക്കുന്നത്. മൂന്നു ലേഖനങ്ങളും എ.ഡി. 95-100 കാലത്ത് എഴുതപ്പെട്ടു. ഒരുപക്ഷേ, മൂന്നാം ലേഖനമായിരിക്കാം ആദ്യം എഴുതപ്പെട്ടത്.

**ഉള്ളടക്കം**

പാഷണ്ഡതകൾമൂലം തകർച്ചയെ നേരിട്ടിരുന്ന ഏഷ്യയിലെ ക്രൈസ്തവ സമൂഹങ്ങൾക്ക് എഴുതിയതാണ് ആദ്യലേഖനം. ഈ ലേഖനത്തിൽ യോഹന്നാൻ തന്റെ വിശ്വാസാനുഭവങ്ങളെ മുഴുവൻ സംഗ്രഹിച്ചു പറയുന്നു. പ്രകാശം (1:5-2:28), നീതി (2:29-4:6), സ്നേഹം (4:7-5:5), സത്യം (5:6-21) എന്നീ സമാന്തര വിഷയങ്ങളെ ഒന്നിനു പുറകെ മറ്റൊന്നായി അദ്ദേഹം വിശദീകരിക്കുന്നു. ഇവയെ ആധാരമാക്കിക്കൊണ്ട്, ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ യഥാർത്ഥ ക്രൈസ്തവ ജീവിതം നയിക്കേണ്ടത് എങ്ങനെയെന്നു യോഹന്നാൻ തുടർന്നു പ്രസ്താവിക്കുന്നു. ദൈവപുത്രനായ യേശുവിൽ വിശ്വസിച്ചുകൊണ്ടും സഹോദരരെ സ്നേഹിച്ചുകൊണ്ടും മാത്രമേ യഥാർത്ഥ ക്രൈസ്തവ ജീവിതം നയിക്കാനാവൂ എന്ന് അദ്ദേഹം പഠിപ്പിക്കുന്നു. ഈ ലേഖനം ശൈലിയിലും തത്വങ്ങളിലും അദ്ദേഹത്തിന്റെ ഇതര ലേഖനങ്ങളെക്കാൾ യോഹന്നാന്റെ സുവിശേഷത്തോട് ഏറ്റവും അടുത്തു നില്ക്കുന്നു.

www.malankaralibrary.com

ക്രിസ്തുവിന്റെ മനുഷ്യാവതരം യഥാർത്ഥമല്ലെന്നു പരസ്യമായി പഠിപ്പിച്ചിരുന്ന ചില ആളുകളുണ്ടായിരുന്നു. അവർക്കു മറുപടിയായിട്ടാണ് രണ്ടാമത്തെ ലേഖനം യോഹന്നാൻ എഴുതിയത്. ഇതിൽ വ്യാജപ്രവാചകന്മാർക്കെതിരേ ജാഗ്രത പുലർത്താൻ അദ്ദേഹം വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു.

യോഹന്നാന്റെ അപ്പസ്തോലാധികാരത്തിൻ കീഴുണ്ടായിരുന്ന ഒരു സഭയിലെ ചിലർ അദ്ദേഹത്തിന്റെ അധികാരത്തെ ചോദ്യം ചെയ്തു. മാത്രമല്ല, യോഹന്നാന്റെ പ്രതിനിധിയെ സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്തു. ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയാണ് യോഹന്നാൻ മൂന്നാമത്തെ ലേഖനത്തിലൂടെ. പൗലോസിനെപ്പോലെതന്നെ യോഹന്നാനും തനിക്കുള്ള അധികാരത്തെ സമർത്ഥിക്കുന്നു.

## 4. യൂദായുടെ ലേഖനം

25 വാക്യങ്ങൾ അടങ്ങുന്ന ഒരു ചെറിയ കത്താണിത്. തനിക്കു പരിചിതമായ ഒരു ക്രൈസ്തവ സമൂഹത്തിനുള്ള ലേഖകന്റെ ഉദ്ബോധനമാണ് ഉള്ളടക്കം. വ്യാജ പ്രബോധകരെപ്പറ്റി മുന്നറിയിപ്പു നല്കുകയും അവരെ പരസ്യമായി വിമർശിക്കുകയുമാണ് യൂദായുടെ ലക്ഷ്യം.

ഏനോക്കിന്റെ അപ്രാമാണിക ഗ്രന്ഥങ്ങളെക്കുറിച്ചും vv 6, 14f) മോശയുടെ സ്വർഗ്ഗാരോഹണത്തെക്കുറിച്ചും (v 9) ചില പരാമർശങ്ങളുണ്ടെങ്കിലും ഈ കത്ത് ഏ.ഡി. 200 മുതൽ മിക്ക സഭകളും കാനോനികമായി അംഗീകരിച്ചിരുന്നു.

**ഗ്രന്ഥകാരൻ**

ഈ ലേഖനത്തിന്റെ കർത്താവ് 12 ശിഷ്യരിലൊരുവനായ യൂദാ ശ്ലീഹയല്ല (ലൂക്കാ 6:16; യോഹ. 14:22; അപ്പ. 1:13). അപ്പസ്തോല സമൂഹത്തിനു പുറത്തുള്ളവൻ എന്നാണ് അദ്ദേഹം തന്നെക്കുറിച്ചു തന്നെ പരാമർശിച്ചിട്ടുള്ളത് (V. 17). അതേസമയം, അദ്ദേഹം "കർത്താവിന്റെ സഹോദരന്മാ"രിൽ ഒരാളാണ് (മത്താ. 13-:55). കർത്താവിന്റെ സഹോദരനും ലേഖനകർത്താവുമായ യാക്കോബിനെപ്പറ്റി മുമ്പു പറഞ്ഞല്ലോ. ഏ.ഡി. 72-ൽ വധിക്കപ്പെട്ട യാക്കോബിന്റെ സഹോദരനായിരിക്കണം യൂദ (v.1). യാക്കാബിന്റെ മാതൃക യൂദായും പിന്തുടരുകയും വിശ്വാസത്തിന്റെ പുതിയ ഭീഷണികൾക്കെതിരെ ക്രിസ്ത്യാനികൾക്കു മുന്നറിയിപ്പു നല്കുകയും ചെയ്യുന്നു.

ഈ കത്ത് യഹൂദേതര ക്രിസ്ത്യാനികളുടെ ഒരു സമൂഹത്തിനുവേണ്ടി ഏ.ഡി. 80-നടുത്ത് എഴുതപ്പെട്ടു. ലേഖനം എഴുതിയ സ്ഥലം ഏതെന്ന് അറിവില്ല.

www.malankaralibrary.com

**ഉള്ളടക്കം**

വാ. 1-6 വ്യാജ പ്രബോധകർ: യഹൂദപാരമ്പര്യമനുസരിച്ചുള്ള ദൈവിക ശിക്ഷകൾ വ്യാജ പ്രബോധകർ അനുഭവിക്കേണ്ടി വരുമെന്ന് യൂദ ഭീഷണിപ്പെടുത്തുന്നു.

വാ.7-23 ഉദ്ബോധനം: അപ്പസ്തോലന്മാരുടെ അദ്ധ്യാപനങ്ങളിലും ക്രൈസ്തവ സ്നേഹത്തിന്റെ പരിശീലനത്തിലും വിശ്വസ്തരായിരിക്കണമെന്ന് യൂദാ ഉദ്ബോധിപ്പിക്കുന്നു.

# വെളിപാടു പുസ്തകം

**ശീർഷകം**

ഈ പുസ്തകത്തിന്റെ ഗ്രീക്കുനാമം 'അപ്പോകാലിപ്സ്' (Apocalypse) എന്നാണ്. 'വെളിപാട്' എന്നർത്ഥം. 'അപ്പോക്കാലിപ്സ്' എന്നതുകൊണ്ട് പ്രത്യേകമായി ഉദ്ദേശിക്കുന്നത് നിഗൂഢമായ ഭാവികാര്യങ്ങളുടെ വെളിപ്പെടുത്തലാണ്. ഇത് ദർശനങ്ങളിലൂടെ ദൈവം വെളിപ്പെടുത്തുന്നു. ദർശനം ലഭിച്ചവൻ അതു രേഖപ്പെടുത്തി മറ്റുള്ളവരെ അറിയിക്കുന്നു. പ്രവചനങ്ങളും ഈ വിഭാഗത്തിൽപെടും. പഴയ നിയമ പ്രവചനങ്ങളുടെ കാര്യത്തിൽ ഒരു വ്യത്യാസമുണ്ട്. പഴയ നിയമ പ്രവാചകന്മാരധികവും സന്ദേശം സ്വീകരിച്ചത് "ദൈവത്തിന്റെ വചനം കേൾക്കുകവഴി"യായിരുന്നു. പിന്നീട് അവർ വായ്മൊഴിയിലൂടെതന്നെ ആ സന്ദേശം മറ്റുള്ളവർക്കു നല്കുകയും ചെയ്തു.

**വെളിപാടു പുസ്തകത്തിന്റെ സ്വഭാവം**

പ്രതീക സമ്പന്നമാണ് വെളിപാടു പുസ്തകത്തിലെ ഭാഷ. അതിനാൽ അതിൽ വിവരിക്കപ്പെടുന്ന ദർശനങ്ങളെ അക്ഷരാർത്ഥത്തിലെടുക്കാറില്ല. ഇത്തരം ലിഖിതങ്ങളിൽ വ്യക്തികൾ, സ്ഥലങ്ങൾ, ജന്തുക്കൾ, പ്രവൃത്തികൾ, അളവുകൾ, സംഖ്യകൾ, നക്ഷത്രങ്ങൾ, നക്ഷത്ര സമൂഹങ്ങൾ, നിറങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയവയ്ക്കെല്ലാം പ്രതീകാത്മകമൂല്യമുണ്ട്. അതിനാൽ അവയെ വ്യാഖ്യാനിച്ച് സന്ദേശം കണ്ടെത്തുന്നത് വളരെ ശ്രദ്ധയോടെ ചെയ്യേണ്ട ഒന്നാണ്.

പുതിയ നിയമത്തിൽ ഇത്തരത്തിൽപെട്ട ഏകഗ്രന്ഥം വെളിപാടു പുസ്തകമാണ്. ക്രിസ്ത്വനുയായികൾക്കുവേണ്ടി ദൈവം യേശുവിനു നല്കിയ വെളിപാടാണ് ഈ പുസ്തകത്തിലുള്ളത് എന്ന് ആമുഖത്തിൽ പ്രസ്താവിച്ചിരിക്കുന്നു (1:1). അതിനാൽ ആസന്നഭാവിയിൽതന്നെ സംഭവിക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്താൻ അതു ശ്രമിക്കുന്നു. ഈ ഗ്രന്ഥം പ്രത്യക്ഷത്തിൽ യോഹന്നാന്റെ സുവിശേഷം 16:1-4-ന്റെ ഒരു വ്യാഖ്യാനമാണെന്നു തോന്നാവുന്നതാണ്!

www.malankaralibrary.com

### ഗ്രന്ഥകാരൻ

യോഹന്നാൻ അപ്പസ്തോലൻ തന്നെയാണ് വെളിപാടിന്റെ കർത്താവെന്ന് ആദ്യവാക്യത്തിൽ സൂചനയുണ്ട് (1:9). അദ്ദേഹം യേശുവിനു സാക്ഷ്യം വഹിക്കുകയും പാത്മോസ് ദ്വീപിലേക്കു നാടു കടത്തപ്പെടുകയും ചെയ്തുവെന്ന കാര്യവും അവിടെ വ്യക്തമാക്കിയിട്ടുണ്ട്.

വെളിപാടു പുസ്കതത്തിന് യോഹന്നാന്റെ മറ്റു രചനകളുമായുള്ള ബന്ധവും കാണാം. എന്നാൽ ഭാഷ, ശൈലി, രണ്ടാമത്തെ ആഗമനം എന്നിവയെക്കുറിച്ചുള്ള പ്രതിപാദനത്തിൽ കാര്യമായ സാമ്യം ദൃശ്യമല്ല. അതിനാൽ വെളിപാടു പുസ്തകം യോഹന്നാൻ ശ്ലീഹായുടെ പ്രചോദനവും അദ്ദേഹത്തിന്റെ ആശയങ്ങളും സ്വീകരിച്ച് അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത ശിഷ്യന്മാരിലൊരാൾ ഈ ഗ്രന്ഥത്തിന് അവസാനരൂപം നല്കിയെന്നുവേണം വിചാരിക്കാൻ. ഗ്രന്ഥരചന എ.ഡി. 95–100 കാലത്തു നടന്നു. ഏഷ്യാ മൈനറിലെ പീഡയനുഭവിക്കുന്ന ക്രൈസ്തവ സമൂഹങ്ങളെ ആശ്വസിപ്പിക്കാനും ശക്തിപ്പെടുത്താനും വേണ്ടിയാണ് ഈ ഗ്രന്ഥം വിരചിതമായത്.

### സന്ദർഭവും ലക്ഷ്യവും

ദാനിയേലിന്റെ പുസ്തകം പോലെ വെളിപാടു പുസ്തകവും അസ്വസ്ഥമായ ഒരു കാലഘട്ടത്തിലാണ് എഴുതപ്പെട്ടത്. നീറോ, ഡൊമീഷ്യൻ തുടങ്ങിയ റോമൻ ചക്രവർത്തിമാരുടെ ക്രൂരമായ മതപീഡനമായിരുന്നു സാഹചര്യം. വെളിപാട് ഒരേസമയം ക്രിസ്തുവിലുള്ള പ്രത്യാശാ നിർഭരമായ പ്രഖ്യാപനവും റോമിലെ വിജാതീയ മതങ്ങൾക്കെതിരെയുള്ള ഒരു പ്രകടന പത്രികയുമാണ്. ഭീകരമായ മതപീഡനത്തെ നേരിടാൻ ഈ ഗ്രന്ഥം വിശ്വാസികളെ ധൈര്യപ്പെടുത്തുന്നു. മതപീഡനത്തിൽ പലരും മരിക്കേണ്ടി വന്നേക്കും. ക്രിസ്തുവിലുള്ള വിശ്വാസത്തെപ്രതി മരിക്കുന്നവർക്ക് ലഭിക്കുന്ന മഹത്വവും സൗഭാഗ്യവും യോഹന്നാൻ എല്ലാവരെയും അനുസ്മരിപ്പിക്കുന്നു (6:9–11; 7:9–17; 12:7–11; 14:1–5).

### ഉള്ളടക്കവും വ്യാഖ്യാനവും

അദ്ധ്യാ. 1–4: ദൈവാത്മാവു തന്നോട് ഏഴു സഭകൾക്ക് കത്തുകളെഴുതാൻ ആവശ്യപ്പെട്ടതിനെക്കുറിച്ചാണ് ആദ്യ ദർശനത്തിൽ യോഹന്നാൻ പ്രസ്താവിക്കുന്നത്. എഫേസൂസ്, സ്മർണാ, പെർഗമം, തീയത്തീറ, സാർദിസ്, ഫിലാഡെൽഫിയാ, ലാവോദിച്ചിയാ എന്നിവയാണ് ആ സഭകൾ. തുടർന്ന് സ്വർഗ്ഗത്തിൽ സിംഹാസനസ്ഥനായ ഒരു ചക്രവർത്തിയായി ദൈവത്തെ അദ്ദേഹം ചിത്രീകരിക്കുന്നു. അവിടുത്തെ "പരിശുദ്ധൻ, പരിശുദ്ധൻ, സർവ്വശക്തനും കർത്താവുമായ ദൈവം പരിശുദ്ധൻ" എന്ന് എല്ലാവരും നിരന്തരം വാഴ്ത്തി സ്തുതിക്കുന്നു (4:8). മനുഷ്യൻ,

www.malankaralibrary.com

സിംഹം, കാള, കഴുകൻ എന്നിവയുടെ രൂപങ്ങളെ യോഹന്നാൻ പരാമർശിക്കുന്നുണ്ട് (നാലു സുവിശേഷകരുടെ പ്രതീകങ്ങൾ!) സൃഷ്ട പ്രപഞ്ചത്തിലെ ഏറ്റവും ബുദ്ധിയുള്ളതും ഏറ്റവും ശ്രേഷ്ഠവും ഏറ്റവും ശക്തവും ഏറ്റവും വേഗമുള്ളതും ആയവ എന്നാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇരനേവൂസിനുശേഷം (ഏ.ഡി. 203) ഈ നാലു ജീവികളെ നാലു സുവിശേഷകന്മാരുടെ പ്രതീകങ്ങളായി കണക്കാക്കിവരുന്നു.

അദ്ധ്യാ. 5: ദൈവം കുഞ്ഞാടിന് ഒരു ചുരുൾ കൊടുക്കുന്നു. മതപീഡകരുടെ നാശത്തെക്കുറിച്ചാണ് ചുരുളിലെ ഉള്ളടക്കം. കുഞ്ഞാട് ദൈവപുത്രനായ ക്രിസ്തുവാണ്.

അദ്ധ്യാ. 6: ദർശനത്തിലെ തുടർന്നുള്ള സംഗതി ഒരു വൈദേശിക ആക്രമണത്തെ കുറിച്ചുള്ളതാണ്. യുദ്ധത്തോട് അനുബന്ധിച്ചുള്ള പഞ്ഞം, പട, പകർച്ചവ്യാധി എന്നിവയെക്കുറിച്ചും പ്രഖ്യാപിക്കുന്നുണ്ട്. പാർത്തിയൻമാരാണ് ആക്രമണകാരികൾ.

അദ്ധ്യാ. 7: എല്ലാ ദുരിതങ്ങളുടെയും മദ്ധ്യത്തിൽ ദൈവം തന്നിൽ വിശ്വസിക്കുന്നവരോട് വിശ്വസ്തത പുലർത്തുന്നുവെന്ന് വ്യക്തമാക്കുന്നു. മതപീഡനങ്ങളെ ചെറുത്തു നില്ക്കുന്നവരുടെ പേരിൽ സ്വർഗ്ഗം ആഹ്ലാദിക്കുന്നു.

അദ്ധ്യാ. 8–16: ശത്രുക്കളെ ദൈവം ഉടൻ നശിപ്പിക്കുന്നില്ല. എന്നാൽ ഈജിപ്തിലെന്നപോലെ ബാധകളുടെ ഒരു പരമ്പരകൊണ്ട് അവർക്ക് അവിടുന്ന് താക്കീതു നല്കുന്നു.

16:16 അർമ്മഗെദ്ദോ (Armageddon-) നെക്കുറിച്ച് പറയുന്നു. ഹീബ്രുവിൽ അത് സൂചിപ്പിക്കുന്നത് 'മെഗിദ്ദോ' പർവ്വതത്തെയാണ് (2 രാജാ 23:29f; സക്ക. 12:11).

അദ്ധ്യാ. 18: ലോകത്തെ ദുഷിപ്പിച്ച് അതിനെക്കൊണ്ട് സാത്താനെ ആരാധിപ്പിക്കുകയായിരുന്നു പീഡകരുടെ ലക്ഷ്യം എന്നു വ്യക്തമാക്കുന്നു. തുടർന്ന് കാണുന്നത്, ബാബിലോൺ നിപതിച്ചതിലുള്ള ഒരു വിജയ ഗീതമാണ്. ഇവിടെ ബാബിലോൺ എന്നതുകൊണ്ട് റോമിനെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. റോമിൽ നിലവിലിരുന്ന രാജാരാധന തന്നെയാണ് സാത്താനുള്ള ആരാധന (1 പത്രോ. 5:13).

അദ്ധ്യാ. 19: സ്വർഗ്ഗത്തിലെ വിജയഗീതം; തുടർന്ന് മൃഗത്തിന്റെ നാശത്തെക്കുറിച്ച് രണ്ടാമതൊരു ദർശനം. പീഡനം നടത്തുന്ന റോമായുടെ പ്രതീകമാണ് മൃഗം. മൃഗത്തെ നശിപ്പിക്കുന്നതാകട്ടെ പ്രതാപവാനായ ക്രിസ്തുവും.

www.malankaralibrary.com

അദ്ധ്യാ. 20: സഭയ്ക്ക് ഐശ്വര്യപൂർണ്ണമായ ഒരു കാലഘട്ടത്തിന്റെ ആരംഭം. ശത്രുവിന്റെ പരിപൂർണ്ണനാശവും മരിച്ചവരുടെ പുനരുത്ഥാനവും.

അദ്ധ്യാ. 21–22: മരണത്തെ നിർമ്മാർജ്ജനം ചെയ്ത സാഹചര്യത്തിൽ സ്വർഗ്ഗത്തിൽ സൗഭാഗ്യപൂർണ്ണമായ സാമ്രാജ്യത്തിന്റെ സ്ഥാപനം. അന്തിമ ദർശനത്തിൽ ലോകം പൂർണ്ണത കൈവരിക്കുന്നതിനുള്ള ഒരു കാലഘട്ടവും പുതിയ ജറുസലെമിന്റെ സൗന്ദര്യവും വിവരിക്കുന്നു. ജറുസലെം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഭൂമിയിലെ സഭയെയാണ്.

വെളിപാടു പുസ്തകത്തിന്റെ പ്രസക്തി ചരിത്രപരമായ വിശദീകരണത്തിൽ നിന്നു സിദ്ധിക്കുന്ന അടിസ്ഥാനപരമായ ഈ അർത്ഥ തലങ്ങളെക്കാൾ വളരെയധികം വ്യാപകമാണ്. മാറ്റമില്ലാത്ത യാഥാർത്ഥ്യങ്ങളിലാണ് ഗ്രന്ഥകാരന്റെ പ്രത്യേക ശ്രദ്ധയും. ചരിത്രത്തിന്റെ ഏതു ഘട്ടത്തിലായാലും അത്തരം യാഥാർത്ഥ്യങ്ങളെ ക്രൈസ്തവ വിശ്വാസികൾ സസന്തോഷം സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ഈ ഗ്രന്ഥം എല്ലാവരെയും അനുസ്മരിപ്പിക്കുന്നു.

www.malankaralibrary.com

# മാതൃകാ ചോദ്യങ്ങൾ

## A. ഉപന്യാസങ്ങൾ

1. രക്ഷാകര ചരിത്രം ചുരുക്കി എഴുതുക.
2. വി. ഗ്രന്ഥം വ്യാഖ്യാനിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട തത്വങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുക.
3. വിശ്വാസികളുടെ പ്രാർത്ഥനാ പുസ്തകമാണ് വി. ഗ്രന്ഥം എന്ന് വ്യക്തമാക്കുക.
4. വി. ഗ്രന്ഥം തെറ്റുള്ളതും അർത്ഥരഹിതവുമാണെന്ന് ആരോപിക്കുന്നവർക്ക് നമുക്കു നല്കാവുന്ന ഉത്തരമെന്ത്?
5. പഴയ നിയമത്തിലും പുതിയ നിയമത്തിലും ഉപയോഗിച്ചിരിക്കുന്ന സാഹിത്യരൂപങ്ങളെ ഉദാഹരണസഹിതം വ്യക്തമാക്കുക.
6. വി. ഗ്രന്ഥത്തിലെ ഓരോ വചനവും സത്യവും ആധികാരികതയുള്ളതുമാണ്. വിശദീകരിക്കുക.
7. വി. ഗ്രന്ഥത്തിന്റെ ഉദ്ഭവ ചരിത്രവും വളർച്ചയും വിവരിക്കുക.
8. വ്യത്യസ്ത സഭാവിഭാഗങ്ങൾ എപ്രകാരമാണ് വി. ഗ്രന്ഥപുസ്തകങ്ങളെ വിഭജിച്ചിരിക്കുന്നത്?
9. വി. ഗ്രന്ഥത്തെ അദ്ധ്യായങ്ങളും വാക്യങ്ങളുമായി വിഭജിച്ച ചരിത്രം വിവരിക്കുക.
10. കൈയെഴുത്തു പ്രതികളുടെ ഉദ്ഭവവും അതിനുപയോഗിച്ച ഉപകരണങ്ങളെയും വിവരിക്കുക.
11. താഴെ കൊടുത്തിരിക്കുന്നവയെക്കുറിച്ച് ഓരോ ഖണ്ഡികവീതം എഴുതുക.

    1. ഖുമറാൻ
    2. വി. ഗ്രന്ഥത്തിന്റെ മൂലഭാഷകൾ
    3. തർഗും
    4. സപ്തതി
    5. ദിയാത്തെസറോൺ
    6. ഹെക്സാപ്ല
    7. പ്ശീത്ത
    8. വുൾഗാത്ത

12. പഴയനിയമവും പുതിയ നിമയവും ദൈവ നിവേശിതങ്ങളാണെന്നതിനുള്ള തെളിവുകൾ എന്തെല്ലാം?
13. വി. ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വ്യാഖ്യാനിച്ച് അവയുടെ സന്ദേശം മനസ്സിലാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഏവ?
14. വി. ഗ്രന്ഥത്തിന്റെ അപ്രമാദിത്വത്തെക്കുറിച്ച് ചുരുക്കി എഴുതുക.
15. പഴയ നിയമ പുസ്തകങ്ങളുടെ കാനോനികത്വം സംബന്ധിച്ച ചരിത്രം വിവരിക്കുക.
16. പുതിയ നിയമ പുസ്തകങ്ങളുടെ കാനോനികത്വത്തിന്റെ ചരിത്രം വിവരിക്കുക.

www.malankaralibrary.com

17. **താഴെ പറയുന്നവയെക്കുറിച്ച് ചുരുക്കി എഴുതുക:**
    a) ഉത്തര കാനോനിക ഗ്രന്ഥങ്ങൾ
    b) അപ്രാമാണിക ഗ്രന്ഥങ്ങൾ
18. വി. ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന ചരിത്രാതീത ചരിത്രത്തിന്റെ സ്വഭാവവും ഉദ്ദേശ്യവും സന്ദേശവുമെന്തെന്ന് വിശദീകരിക്കുക.
19. ഗോത്രപിതാക്കന്മാരുടെ ചരിത്രത്തിന്റെ സ്വഭാവവും ചരിത്രപരതയും വിശദമാക്കുക.
20. പുറപ്പാട് പുസ്തകത്തിന്റെ പ്രാധാന്യവും ചരിത്ര പ്രസക്തിയും വ്യക്തമാക്കുക.
21. **താഴെക്കൊടുത്തിരിക്കുന്നവയെക്കുറിച്ച് ഒരു പേജിൽ കവിയാതെ എഴുതുക:**
    1. പഞ്ചഗ്രന്ഥത്തിന്റെ രൂപവല്ക്കരണം.
    2. ദൈവവും അബ്രാഹവും തമ്മിലുള്ള ഉടമ്പടി.
    3. ഇസഹാക്കിന്റെ ബലി.
    4. യാക്കോബിന്റെ വഞ്ചന.
    5. യാക്കോബിന്റെ മൽപ്പിടിത്തം.
    6. ജോസഫിന്റെ കഥ.
    7. യഹൂദരുടെ പെസഹാ.
    8. സീനായ്മലയിലെ ഉടമ്പടി.
    9. ലേവ്യരുടെ പുസ്തകത്തിന്റെ പ്രത്യേകതകൾ
    10. സീനായ് മുതൽ മൊവാബ് വരെയുള്ള മരുഭൂമിയിലെ യാത്രാനുഭങ്ങൾ.
    11. നിയമാവർത്തന പുസ്തകത്തിന്റെ ദൈവശാസ്ത്ര സ്വഭാവം.
22. **താഴെക്കൊടുത്തിരിക്കുന്നവയെക്കുറിച്ച് ചുരുക്കി എഴുതുക:**
    1. വാഗ്ദാന ഭൂമി കീഴടക്കലും വിഭജനവും
    2. പഴയ നിയമത്തിലെ ന്യായാധിപന്മാരുടെ ഉദ്ഭവവും പ്രത്യേകതകളും.
    3. ഇസ്രയേലിൽ രാജഭരണത്തിന്റെ ഉദ്ഭവം.
    4. ദാവീദിന്റെ രാജ്യഭരണം.
    5. സോളമന്റെ രാജ്യഭരണം.
    6. ദിനവൃത്താന്ത പുസ്തകങ്ങളുടെ സവിശേഷതകൾ.
    7. റൂത്തിന്റെ പുസ്തകത്തിന്റെ പ്രത്യേകതകൾ.
    8. യൂദിത്തിന്റെ പുസ്തകത്തിന്റെ സവിശേഷതകൾ
    9. എസ്തേറിന്റെ പുസ്തകത്തിന്റെ പ്രത്യേകതകൾ.
    10. മക്കബായക്കാരുടെ പുസ്തകത്തിന്റെ സവിശേഷതകൾ.
23. ഇസ്രയേലിലെ പ്രവാചകന്മാരുടെ ഉദ്ഭവ ചരിത്രം എപ്രകാരമെന്ന് വിവരിക്കുക. ഇസ്രയേലിലെ പ്രവാചക സംഘങ്ങളും ബൈബിളിൽ പറഞ്ഞിരിക്കുന്ന പ്രവാചകന്മാരും തമ്മിലുള്ള വ്യത്യാസങ്ങളേവ?

www.malankaralibrary.com

24. പ്രവാചകന്മാരുടെ കൃതികളിലെ പ്രധാന പ്രബോധനങ്ങൾ എന്തെല്ലാം?
25. വിജ്ഞാന സാഹിത്യത്തിന്റെ ഉദ്ഭവവും പ്രത്യേകതകളും വിവരിക്കുക.
26. ജോബിന്റെ പുസ്കതത്തിലെ സന്ദേശം വ്യക്തമാക്കുക.
27. സങ്കീർത്തനങ്ങളുടെ രൂപവല്ക്കരണം എങ്ങനെയായിരുന്നെന്നും അവയുടെ ആരാധനാപരവും ആദ്ധ്യാത്മികപരവുമായ പ്രാധാന്യം എന്തെന്നും വിശദീകരിക്കുക.
28. പുതിയ നിയമ പുസ്തകങ്ങളെ അവയുടെ കാലഘട്ടത്തിനനുസരിച്ച് ക്രമമായി എഴുതുക.
29. സമാന്തര സുവിശേഷങ്ങളെ സംബന്ധിച്ച പ്രശ്നങ്ങളും അവയുടെ പൊതു സ്രോതസ്സും സംബന്ധിച്ച് എന്തറിയാം?
30. മത്തായിയുടെ സുവിശേഷത്തിലെ പ്രധാനപ്പെട്ട ദൈവശാസ്ത്ര പ്രബോധനങ്ങൾ ഏവ?
31. മർക്കോസിന്റെ സുവിശേഷത്തിന്റെ പ്രത്യേകതകളും അതിന്റെ ഘടനയും തത്വസംഹിതയും വിശദമാക്കുക.
32. ലൂക്കായുടെ സുവിശേഷത്തിന്റെ രചന എപ്രകാരമായിരുന്നെന്നും അതിന്റെ സവിശേഷതകളെന്തെന്നും വിശദീകരിക്കുക.
33. യേശുവിന്റെ ബാല്യകാല വിവരണങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം? മത്തായിയുടെയും ലൂക്കായുടെയും ബാല്യകാല സുവിശേഷത്തെ താരതമ്യപ്പെടുത്തുക.
34. യോഹന്നാന്റെ സുവിശേഷത്തിന്റെ ശൈലിയും ഘടനയും സ്വഭാവവും വ്യക്തമാക്കുക.
35. സുവിശേഷകനായ യോഹന്നാന്റെ പ്രധാനപ്പെട്ട ദൈവശാസ്ത്ര പഠനങ്ങൾ ഏവ?
36. 'അപ്പസ്തോല പ്രവർത്തനങ്ങ'ളുടെ പ്രാധാന്യം എന്ത്? അതിന്റെ സ്വഭാവവും വ്യാപ്തിയും വിവരിക്കുക.
37. 'അപ്പസ്തോല പ്രവർത്തനങ്ങ'ളിലെ ഏറ്റവും പ്രധാനപ്പെട്ട പ്രബോധനങ്ങളെന്തെല്ലാം?
38. വി. പൗലോസിന്റെ ലേഖനങ്ങളുടെ സ്വഭാവമെന്ത്?
39. റോമാക്കാർക്കുള്ള ലേഖനത്തിന്റെ പ്രത്യേകതകളും പ്രാധാന്യവും വ്യക്തമാക്കുക.
40. വി. പൗലോസ് കോറിന്തോസുകാർക്ക് ലേഖനമെഴുതാനുണ്ടായ പശ്ചാത്തലവും അതിന്റെ ലക്ഷ്യവും വിശദമാക്കുക.
41. ഹെബ്രായർക്കുള്ള ലേഖനത്തിന്റെ രൂപവത്കരണവും ലക്ഷ്യവും വിവരിക്കുക.

www.malankaralibrary.com

42. **താഴെക്കൊടുത്തിരിക്കുന്നവയെപ്പറ്റി ഓരോ പേജ് എഴുതുക:**

1. റോമാക്കാർക്കുള്ള ലേഖനത്തിലെ ദൈവശാസ്ത്ര പ്രബോധനങ്ങൾ
2. എഫേസൂസുകാർക്കുള്ള ലേഖനം
3. ഫിലിപ്പിയർക്കുള്ള ലേഖനം
4. വി. യാക്കോബിന്റെ ലേഖനം
5. വി. പത്രോസിന്റെ ലേഖനങ്ങൾ
6. വി. യോഹന്നാന്റെ ലേഖനങ്ങൾ
7. വെളിപാട് പുസ്തകം
9. തെസലോണിയർക്കുള്ള ലേഖനങ്ങൾ.
10. വി. യൂദാസിന്റെ ലേഖനം

## B. ബൈബിൾ ക്വിസ്

I. **താഴെക്കൊടുത്തിരിക്കുന്ന വാക്കുകളുടെ വാച്യാർത്ഥം എഴുതുക:**

1. ബൈബിൾ 2. വുൾഗാത്ത 3. ബെറിത് 4. കെഫാലെയോൻ 5. സാമുവേൽ 6. മലാക്കി 7. മത്തായി 8. യോഹന്നാൻ 9. തിമോത്തി 10. ഹെക്സാപ്ല 11. പ്ശീത്ത 12. പെസഹ 13. കാനോൻ 14. യാം സൂഫ് 15 ദിയാത്തെസറോൺ

II. **അർത്ഥം വിശദമാക്കുക:**

1. എസ്സീനികൾ 2 മസ്സോറെറ്റ്സ് 3. തുർഗെമൻ 4. ഓങ്കെലോസ് 5. തോറ 6. ദിയാസ്പോറ 7. എവൻഗേലിയോൻ 8. കെനോസിസ് 9. ധ്വനി 10. അർമഗെദ്ദോൻ

III **പേര് എഴുതുക:**

1. വി. ഗ്രന്ഥത്തിൽ ഏറ്റവും ആദ്യം എഴുതപ്പെട്ട പുസ്തകമേത്?
2. പഴയ നിയമത്തിലെ ഏറ്റവും ചെറിയ പുസ്തകമേത്?
3. പഞ്ചഗ്രന്ഥത്തിലെ പുസ്തകങ്ങളേവ?
4. ആദ്യമായി വി. ഗ്രന്ഥം അച്ചടിപ്പിച്ചതാര്?
5. വി. മത്തായി ആദ്യം അറമായ ഭാഷയിലാണ് സുവിശേഷം രചിച്ചതെന്ന് ഭിപ്രായപ്പെട്ട അപ്പസ്തോലിക പിതാവാര്?
6. 'വി. ഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്.' എന്നു പറഞ്ഞ വിശുദ്ധനാര്?
7. പുതിയ നിയമം സുറിയാനി ഭാഷയിലേക്ക് ആദ്യമായി വിവർത്തനം ചെയ്തതരാണ് ?
8. ഗ്രീക്കുഭാഷയിൽ രണ്ടാം നൂറ്റാണ്ടിൽ നിലവിരുന്ന പഴയ നിയമത്തിന്റെ രചയിതാക്കൾ ആരെല്ലാം?
9. 'വുൾഗാത്താ'യുടെ രചയിതാവാര്?

www.malankaralibrary.com

10. വി. ഗ്രന്ഥത്തിലെ 73 പുസ്തകങ്ങളും ദൈവനിവേശിതമെന്നും കാനോനികമെന്നും പ്രഖ്യാപിച്ച എക്യുമെനിക്കൽ കൗൺസിൽ ഏത്?
11. ബൈബിൾ സാഹിത്യത്തിൽ ആദ്യമായി 'കാനോൻ' എന്ന പദം ഉപയോഗിച്ചതാര്?
12. സമരിയാക്കാരുടെ ആരാധനാകേന്ദ്രം ഏത്?
13. 'തോമായുടെ നടപടികൾ' എഴുതപ്പെട്ട ഭാഷയേത്?
14. പഞ്ചഗ്രന്ഥത്തിന്റെ പരമ്പരാഗതമായ നാല് പ്രധാനപ്പെട്ട പാരമ്പര്യങ്ങൾ ഏതെല്ലാം?
15. ജോസഫിന്റെ ഈജിപ്ത് ഭാഷയിലെ പേര്?
16. ഹെബ്രായരെ നിർബന്ധിച്ച് വേല ചെയ്യിപ്പിച്ച് ഫറവോ പണിതുയർത്തിയ തലസ്ഥാന നഗരമേത്?
17. ജോസഫിന്റെ ഭാര്യയുടെ പേരെന്ത്?
18. മോശ ഈജിപ്തിൽനിന്നും ഒളിച്ചോടിപ്പോയിപ്പാർത്ത രാജ്യമേത്?
19. ജോസഫിന്റെ കുടുംബം ഈജിപ്തിൽ ഏതു സ്ഥലത്താണ് താമസിച്ചിരുന്നത്?
20. ഇസ്രയേലിലെ അവസാനത്തെ ന്യായാധിപനാരായിരുന്നു?
21. ഇസ്രയേലിലെ ആദ്യത്തെ രാജാവ് ആര്?
22. യൂദായിലെ അവസാനത്തെ രാജാവ് ആര്?
23. ഇസ്രയേലിലെ രാജാവിന്റെ തലസ്ഥാനം ഏത്?
24. ജറുസലെം ദേവാലയം പണി കഴിപ്പിച്ചതാര്?
25. കാലഘട്ടമനുസരിച്ച് ഏറ്റവും ആദ്യത്തെ കാനോനിക പ്രവാചകനാര്?
26. കാലഘട്ടമനുസരിച്ച് ഏറ്റവും അവസാനത്തെ കാനോനിക പ്രവാചകനാര്?
27. 'മിശിഹാ'യെക്കുറിച്ച് പ്രവചനങ്ങൾ നടത്തിയ പ്രധാനപ്പെട്ട പ്രവാചകന്മാരാരെല്ലാം?
28. ജെറെമിയ ജനിച്ച ഗ്രാമമേത്?
29. പുരോഹിത കുടുംബത്തിൽനിന്നും ഉണ്ടായിരുന്ന ഏക പ്രവാചകനാര്?
30. മൂന്നു ഭാഷകളിൽ ആദ്യമായി രചിക്കപ്പെട്ട പുസ്തകമേത്?
31. ആട്ടിടയനായിരുന്ന പ്രവേചകനാര്?
32. ദൈവത്തിന്റെ നാമം ആദ്യം ഉച്ചരിച്ചത് ആര്?
33. വി. ഗ്രന്ഥത്തിലെ ഏറ്റവും ചെറിയ പുസ്തകങ്ങളേവ?
34. ഹീബ്രു അക്ഷരമാല ക്രമത്തിൽ രചിക്കപ്പെട്ട പുസ്തകമേത്?
35. നാല് സുവിശേഷങ്ങളുടെയും പ്രതീകങ്ങളേവ?
36. റോമിൽവച്ച് എഴുതപ്പെട്ട സുവിശേഷമേത്?
37. പരിശുദ്ധ കന്യകാ മറിയത്തിന്റെ ഛായാചിത്രം വരച്ച സുവിശേഷകനാര്?
38. 'പാവങ്ങളുടെ സുവിശേഷം' എന്നറിയപ്പെടുന്ന സുവിശേഷമേത്?

www.malankaralibrary.com

39. ആരംഭത്തിലും അവസാനത്തിലും ജറുസലെമിനെക്കുറിച്ചുള്ള പരാമർശം ഉള്ള സുവിശേഷമേത്?
40. നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുള്ള ഏക അത്ഭുതമേത്?
41. 'അപ്പസ്തോല പ്രവർത്തനങ്ങ'ളിൽ ആകെ എത്ര പ്രസംഗങ്ങളുണ്ട്?
42. യൂദാസിനു പകരം വിശ്വാസികളുടെ സമൂഹം അപ്പസ്തോലനായി തെരഞ്ഞെടുത്തത് ആരെയാണ്?
43. വി. പൗലോസിന്റെ ശിഷ്യൻ എഴുതിയതായി പറയപ്പെടുന്ന ലേഖനമേത്?
44. വി. പൗലോസിന്റെ നഷ്ടപ്പെട്ടുപോയ ലേഖനങ്ങളേവ?
45. കൊളോസ്സയിൽ സുവിശേഷം പ്രസംഗിച്ചതാര്?
46. വി. പൗലോസിന്റെ ലേഖനം കൊളോസ്സായിൽ എത്തിച്ചതാര്?
47. കാലക്രമമനുസരിച്ച് വി. പൗലോസിന്റെ ആദ്യത്തെ ലേഖനമേത്?
48. മാസിഡോണിയൻ പ്രവിശ്യയുടെ തലസ്ഥാനമേത്?
49. തിമോത്തിയുടെ അമ്മയുടെ പേരെന്ത്?
50. കാതോലിക ലേഖനങ്ങളേതെല്ലാം?
51. വിപരീതാർത്ഥ പ്രയോഗങ്ങളെ ഇഷ്ടപ്പെട്ടിരുന്ന സുവിശേഷകനാര്?

IV. താഴെക്കൊടുത്തിരിക്കുന്ന സംഭവങ്ങൾ നടന്ന വർഷം കുറിക്കുക:

1. വി. യോഹന്നാന്റെ രക്തസാക്ഷിത്വം.
2. ദെബോറയുടെ ഗാനം
3. പുതിയ നിയമത്തെ അദ്ധ്യായങ്ങളായി തിരിച്ചത്.
4. പുതിയ നിയമം വാക്യങ്ങളായി ആദ്യം പ്രസിദ്ധീകരിച്ചത്.
5. അച്ചടിവിദ്യയുടെ കണ്ടുപിടുത്തം.
6. മെസപ്പെട്ടോമിയയിൽ ലിഖിത രൂപം നിലനിന്നിരുന്നതെന്ന്?
7. വി. ഗ്രന്ഥം അച്ചടിക്കപ്പെട്ടതെന്ന്?
8. 'നാഷ് പീപ്പീറസ്' എഴുതപ്പെട്ട കാലം.
9. 'പഞ്ചഗ്രന്ഥം' ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത്.
10. വി. ഗ്രന്ഥം ഇംഗ്ലീഷ് ഭാഷയിൽ ആദ്യമായി പ്രസിദ്ധീകരിച്ചത്.
11. മലയാളത്തിൽ വി. ഗ്രന്ഥം ആദ്യമായി അച്ചടിക്കപ്പെട്ടതെന്ന്?
12. പാലസ്തീനിയൻ കാനോൻ പ്രഖ്യാപിക്കപ്പെട്ടതെന്ന്?
13. മുറാത്തോറിയൻ കാനോൻ നിലനിന്നിരുന്നതെന്ന്?
14. അബ്രഹാം കാനാൻ ദേശത്ത് പ്രവേശിച്ചത്.
15. ഈജിപ്തിൽനിന്നും ഇസ്രയേൽ ജനം പുറപ്പെട്ടത്.
16. ഇസ്രയേലിലെ ആദ്യത്തെ രാജാവ് അഭിഷേകം ചെയ്യപ്പെട്ടത്.
17. ഏശയ്യാ പ്രവാചകന്റെ ജനനം.

www.malankaralibrary.com

18. ജറെമിയാ പ്രവാചകനെ ദൈവം വിളിച്ചത്.
19. യേശു മരിക്കുമ്പോൾ പൗലോസിന് എത്ര വയസ്സുണ്ടായിരുന്നു?
20. ജറുസലെം കൺസിൽ ആദ്യമായി സമ്മേളിച്ചത്.
21. വി. പൗലോസിന്റെ രക്തസാക്ഷിത്വം.
22. വി. യാക്കോബിന്റെ രക്തസാക്ഷിത്വം.
23. ബാബിലോൺ പ്രവാസകാലഘട്ടം.

V. പൂരിപ്പിക്കുക.

1. വി. ഗ്രന്ഥം ...... അദ്ധ്യായങ്ങളും .... വാക്യങ്ങളും.... വാക്കുകളും.... അക്ഷരങ്ങളും ഉൾപ്പെട്ടതാണ്.
2. 'പേപ്പർ' എന്ന വാക്കിന്റെ ഉദ്ഭവം .....ൽ നിന്നാണ്.
3. ഏഷ്യയിൽ വി. ഗ്രന്ഥം ആദ്യമായി അച്ചടിക്കപ്പെട്ടത് ....... ഭാഷയിൽ .... വർഷമാണ്.
4. ...... ഈ മൂന്നു ദൈവശാസ്ത്ര തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് ഉത്പത്തി പുസ്തകത്തിലെ ചരിത്രാതീത ചരിത്ര കഥകൾക്ക് രൂപം നല്കിയിരിക്കുന്നത്.
5. ..... മുതൽ ..... വരെയുള്ള പുസ്തകങ്ങളാണ് പൊതുവെ ചരിത്ര പുസ്തകങ്ങൾ എന്നറിയപ്പെടുന്നത്.
6. പൂർവ്വയൌസേപ്പ് തന്റെ സഹോദരന്മാരോട് തനിക്കുണ്ടായ സ്വപ്നത്തെക്കുറിച്ച് വിവരിക്കുമ്പോൾ അദ്ദേഹത്തിന് .... വയസ്സു പ്രായമുണ്ടായിരുന്നു.
7. സുവിശേഷങ്ങളിൽ ആകെ .... ഉപമകളും .... അത്ഭുതങ്ങളും ഉണ്ട്.
8. ..... ടെ സുവിശേഷത്തിന്റെ തുടർച്ചയാണ് അപ്പസ്തോല പ്രവർത്തനങ്ങൾ.
9. .... വാക്കുകളുള്ള റോമാർക്കുള്ള ലേഖനം എഴുതാൻ ..... ദിവസങ്ങൾ പൗലോസ് ഉപയോഗിച്ചിട്ടുണ്ടാകണം.
10. തിമോത്തി .....ലെ മെത്രാനായിരുന്നു.
11. തീത്തോസ് ......ലെ മെത്രാനായിരുന്നു.
12. ..... ആണ് ..... വർഷത്തിൽ ആദ്യമായി ഹെബ്രായ ലേഖനത്തിന്റെ കർത്താവ് പൗലോസാണെന്ന് അഭിപ്രായപ്പെട്ടത്.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ബൈബിൾ
# ഒരു പ്രാരംഭപഠനം

## ഡോ. ജോസഫ് കോട്ടയ്ക്കൽ

ബൈബിളിനെ സംബന്ധിച്ച എല്ലാക്കാര്യങ്ങളുടെയും
ഒരു കൊച്ചു വിജ്ഞാനകോശം!

നൊവിഷ്യേറ്റുകൾക്കും മതബോധന സ്ഥാപനങ്ങൾക്കും
പ്രയോജനപ്രദമായ ഒരു ടെക്സ്റ്റ്ബുക്ക്!

കരിസ്മാറ്റിക് ധ്യാനത്തിൽ സംബന്ധിച്ചിട്ടുള്ളവർക്കും
കോളേജ് വിദ്യാർത്ഥികൾക്കും പറ്റിയ ഒരുത്തമ പഠനസഹായി!

**ഡോ. ജോസഫ് കോട്ടയ്ക്കൽ** വടവാതൂർ സെമിനാരിയിലെ
പൗരസ്ത്യ വിദ്യാപീഠത്തിൽ കാൽ ശതാബ്ദക്കാലമായി
ബൈബിൾ പഠിപ്പിക്കുന്ന പ്രൊഫസറാണ്.
അദ്ദേഹത്തിന്റെ An Introduction to Bible എന്ന
ടെക്സ്റ്റ്ബുക്കിന്റെ സ്വതന്ത്ര വിവർത്തനമാണ് ഈ ഗ്രന്ഥം.

"മൈനർ സെമിനാരി വിദ്യാർത്ഥികൾക്കും സന്യാസിനീ
സന്യാസാർത്ഥികൾക്കും ഈ ഗ്രന്ഥം തീർച്ചയായും
വളരെ ഉപകാരപ്രദമായിരിക്കും"

**ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ.**
KCBC ബിബ്ളിക്കൽ കമ്മീഷൻ ചെയർമാൻ

"അവികലമായ ബൈബിൾ വിജ്ഞാനം കുത്തിനിറച്ചിരിക്കുന്ന
ഈ ഗ്രന്ഥം തുച്ഛവിലക്ക് നമുക്ക് ലഭ്യമായത് ഒരു ഭാഗ്യം തന്നെ."

**പ്രൊഫസർ. പി.എം. മീഗർ എസ്.ജെ.**
വിദ്യാജ്യോതി, ഡൽഹി.

"ഇങ്ങനെയൊരു പുസ്തകം ഞാൻ സെമിനാരിയിൽ
പഠിച്ചിരുന്നകാലത്ത് ഉണ്ടായിരുന്നെങ്കിൽ എന്നു ചിന്തിച്ചുപോയി"

**മോൺസിഞ്ഞോർ മാത്യു മങ്കുഴിക്കരി,**
വടവാതൂർ സെമിനാരി.

"സന്യാസാർത്ഥിനികൾക്കും അദ്ധ്യാപകർക്കും ഈ പുസ്തകം ഏറെ
ആകർഷകവും പ്രയോജനകരവുമായിരിക്കും എന്നതിൽ സംശയമില്ല"

**റവ. സിസ്റ്റർ. ക്ലാരിസ്, എസ്.എച്ച്.**
മദർജനറൽ, കോട്ടയം.

www.malankaralibrary.com